മഗധോദ്ഭവ=തിപ്പലി
മംഘവ=ഉന്നമൻ
മംഗല=മഞ്ഞൾ; വെങ്കറുക; കരിങ്കുറുക
മംഗലം=ഭൂഖാ
മംഗലച്ഛായാ=ഇത്തിയാലു°
മംഗലപ്രദ=മഞ്ഞൾ
മംഗലപ്രദം=ശംഖു°
മംഗലാഗ്രജ=മുല്ലപ്പൂനാറി; അകിൽ
മംഗല്യ=ശതകുപ്പ; കരിങ്കറുക; ശംഖപുഷ്പി; കൊഴുക്ക; ഓരില; താമര; ത്രായമാണ; ഞാഴൽ; ഗോരോചന; വയമ്പു°; വെൾവയമ്പു°; മഞ്ഞൾ; കാട്ടിഴഞ്ഞു°; ഭൂഖാ; വൃദ്ധി; ചെറിയ ആടലോടകം; മുല്ലപ്പൂനാറി; അകിൽ; നീർക്കടമ്പു°; ചീഡാദേവതാരം; കുങ്കുമച്ചണംപയറു°
മംഗല്യം=നീരിറിപ്പു; ജീരകം; ഉറിഞ്ഞി; ചെറുപയറു°; ചന്ദനം; സ്വർണ്ണം; സിന്ദൂരം; മുല്ലപ്പൂനാറിയകിൽ; കുവളം; തെരു°; തെങ്ങ്°; ത്രായമാണ; അരയാലു°; വൾഗാരം; കുങ്കുമച്ചണമ്പയറു°
മംഗല്യകം=കുങ്കുമച്ചണമ്പയറു°
മംഗലകുസുമ=ശംഖപുഷ്പി
മംഗല്യനാമധേയ=ചെറിയ ആടലോടകം
മംഗല്യനാമധേയം=ജീവകം
മച്ഛം=മത്സ്യം
മച്ഛഗന്ധ=നീർതിപ്പലി
മച്ഛാദനി=നീർതിപ്പലി
മഞ്ജരം=മഞ്ജരം
മഞ്ജുഫലം=മായാക്കു°
മഞ്ജുളം=ശീമയുത്തി
മഞ്ജു=വെണ്ണാടു°
മഞ്ജരം=മനയിലെള്ളു°; മുത്തു°
മഞ്ജരി=മയിലെള്ളു°; മുത്തു°; തുളസി
മഞ്ജാജം=ഭൂമിഗുഗ്ഗുലു
മഞ്ജാസാരം=ജാതിക്ക
മഞ്ജരീനമം=ആറുവഞ്ചി; വഞ്ചി
മഞ്ജിഫല=വാഴ
മഞ്ജിഷ്ക=മഞ്ചെട്ടി
മഞ്ജുഘോഷം=മാടപ്രാവു°
മഞ്ജുചൂഡ=മഞ്ചെട്ടി
മഞ്ജുവാകം=തത്ത
മഞ്ജുള=മഞ്ചെട്ടി
മഞ്ജുളം=നീർകാക്ക; കരിമ്പനയത്തി
മഞ്ജുഷ=മഞ്ചെട്ടി
മണികണ്ഠകം=കോഴി

മണിച്ചുമ്പം=ഏഴിലമ്പാല
മണിച്ചുമ്പിൾ=മേദ, ഇടവകം
മണിത്താരകാ=വണ്ടാരാകോഴി
മണിബന്ധം=ഇത്തുപ്പു്
മണിബീ(വീ)ജം=താളിമാതളം
മണിമന്ഥം=ഇത്തുപ്പു്
മണിരാഗം=നന്നാ ചുവന്ന ചായി
മണിവരം=വൈരം
മണീചകം=നീക്കാക്ക; ചന്ദ്രകാന്തം
മണ്ഡപി=ചെറിയ വശളച്ചീര
മണ്ഡം=മദ്യം; നെല്ലി
മണ്ഡാ=തവള; തൈർവെള്ളം; വെള്ളത്താവണക്കു്
മണ്ഡകം=മാധവി
മണ്ഡപാരോഹം=വെട്ടിച്ചേമ്പു്
മണ്ഡപി=അവര
മണ്ഡലം=നായു്; തവള
മണ്ഡലച്ഛദം=വെട്ടിയ തഴുതാമ
മണ്ഡലപത്രകം=ചുവന്ന തഴുതാമ
മണ്ഡലപത്രികം=കുത്ത ഇരുവേലം മരം; ചുവന്ന തഴുതാമ
മണ്ഡലി=സർപ്പം; പേരാലു്; കരികുക; നായു്; പൂച്ച; പുലിച്ചുവടി; വലിയ പടവലം; ചിറമുട്ടു്
മണ്ഡൂകം=തവള; പലകപ്പച്ചാനി
മണ്ഡൂകപർണ്ണം=മഞ്ചട്ടി
മണ്ഡൂകപർണ്ണം=പലകപ്പച്ചാനി
മണ്ഡൂകപർണ്ണി=മഞ്ചട്ടി; കൊഴുപ്പ; ബ്രഹ്മി; ചെറിയബ്രഹ്മി; തൊഴുകണ്ണി
മണ്ഡൂകപർണ്ണിക=മഞ്ചട്ടി; തൊഴുകണ്ണി; ബ്രഹ്മി
മണ്ഡൂകി=മുന്തിരി; ബ്രഹ്മി; തൊഴുകണ്ണി; മഞ്ചട്ടി
മണ്ഡൂരം=പഴകിയ ഇരുമ്പിൻകിട്ടം
മതംഗജം=ആന
മതിമ=ചെറുപ്പുന്ന; ശിഗ്രുഡി
മതു്കണം=തെങ്ങു്
മത്ത=കയിൽപോട; മദ്യം
മത്തം=പോത്തു്; കയിൽ
മത്തകീശം=ആന
മത്സം=മത്സ്യം
മത്സ്യ=കടുരോഹിണി
മത്സ്യം=മത്സ്യം
മത്സ്യകാലി=വലിയ വശളച്ചീര
മത്സ്യഗന്ധ=മീനങ്ങാണി; മീൻകണ്ണികൂക; നീർതിപ്പലി; ചെറിയ രാടക്കാമണിയൻ
മത്സ്യഗന്ധിനി=രാടക്കാമണിയൻ
മത്സ്യണ്ഡി=പഞ്ചസാര; മുകിയ പാനി; കല്ക്കണ്ടു്
മത്സ്യണ്ഡിക=പഞ്ചസാര; മീൻകണ്ണികൂക
മത്സ്യനാശനം=കട്ടികുത്തി
മത്സ്യപിത്ത=കടുരോഹിണി
മത്സ്യഭേദിനി=കടുരോഹിണി
മത്സ്യരംഗം=നീക്കാക്ക
മത്സ്യരാജം=ചെങ്കവരിമത്സ്യം
മത്സ്യവിന്ന=കടുരോഹിണി
മത്സ്യവേധനം=നീക്കാക്ക
മത്സ്യശകുല=കടുരോഹിണി
മത്സ്യാക്ഷി=സോമപുള്ളി; നീർതിപ്പലി; മീനങ്ങാണി; ബ്രഹ്മി; മണിത്തക്കാളി; മീൻകണ്ണിക്കൂക
മത്സ്യാക്ഷിക=മീൻകണ്ണിക്കൂക
മത്സ്യാദനി-മീൻകണ്ണിക്കൂക; മീനങ്ങാണി; മണിത്തക്കാളി; നീർതിപ്പലി
മത്സ്യാശന=നീക്കാക്ക
മഥം=മുഞ്ഞ
മഥനം=മുഞ്ഞ
മഥിതം=പാടനീക്കിയതും വെള്ളം ചേക്കാത്തതുമായ മോരു്; മോര
മദാ=താതിരി
മദം=ഹസ്തിമദം; കസ്തൂരി; മദ്യം
മദഗന്ധ=അഗശി; മദ്യം
മദഗന്ധം=ഏഴിലംപാല
മദഗന്ധി=ഏഴിലംപാല

മദ്ധ്വി=വലിയ വശളച്ചീര; നാഗദ
മദ്നേ=മദ്യം [ന്തി
മദനോ=ചതുരം; കാശ്മീ; കുരുട്ടുമാവു്; കരിങ്ങാലി, ഒഴുക്കു്: ഉഴിഞ്ഞ; മദ്ധകാരം; ഇലഞ്ഞി; ഉമ്മം; മക്ഷിപ്പൂവു്: ആങ്കോലം
മദനകം=ഒഴുക്കു്; മക്ഷിപ്പൂവു്
മദനകാകുരവം=മാടപ്രാവു്
മദനപക്ഷി=കരിങ്കുരികിൽ
മദനപാകാ=കുയിൽ
മദനമോഹനവാഗ്വിലാസി=മാടപ്രാവു്
മദനശലാക=പഞ്ചവർണ്ണക്കിളി; കുയിൽപേട
മദനസാരിക=കുയിൽപേട
മദനാഗ്രകാ=വരകു്
മദനാധ്യക്ഷം=കാമവൃദ്ധി
മദനാഭരണ=മലങ്കാര
മദനി=താതിരി; അരേണുകം; അതിമുക്തം; കുടുരി; മദ്യം
മദനോജ്ജീവനഫലം=തേൻമാവു്
മദഭേജിനി=ശതാവരി
മദമത്തം=വലിയ ഉഞ്ഞു്
മദയന്തി=വള്ളിമുല്ല
മദയന്തിക=വള്ളിമുല്ല
മദയിത്നു=മദ്യം
മദശാകാ=വലിയ വശളച്ചീര
മദശൌണ്ഡകാ=ജാതിക്ക
മദഹസ്തിനി=വലിയ ഉഞ്ഞു്
മദഹേതു=താതിരി
മദാലസ്യ=ചെങ്കരിഞ്ഞി
മദാന്ധ്യം=കരിമ്പന; മാവു്;കടമ്പു്
മദായന്തി=വള്ളിമുല്ല
മദാരം=പന്നി; ആന
മദാലാവി=കുയിൽ
മദാഢ്യം=കസ്തൂരി
മദിര=മദ്യം
മദിരം=ചെങ്കരിങ്ങാലി
മദിരാസവം=മാവു്

മദിഷ്ക=മദ്യം
മദോൽകാ=ഞാഗശി; മദ്യം
മദോൽക്കടം=മാടപ്രാവു്
മദോദ്രാവി=കുയിൽ
മദ്ഗു=നീർക്കാക്ക; പെരുങ്കയൽമ
മദ്ഗുരാ=പെരുങ്കയൽമത്സ്യം [ത്സ്യം
മദ്യം=മദ്യം
മദ്യഗന്ധാ=ഇലഞ്ഞി
മദ്യഗർഭം=വൃങ്ങപ്പന
മദ്യപുഷ്പ=താതിരി
മദ്യവാസിനി=താതിരി
മദ്യാമോദം=ഇലഞ്ഞി
മധു=മദ്യം; തേൻ; വെള്ളം; പാൽ; എരുട്ടിമധുരം; അശോകം; ചെറിയ അടവതിയൻ
മധുക=ചിറാമുട്ടു്
മധുകം=ഇരിപ്പ; വള്ളി എരുട്ടിമധുരം; വെള്ളത്തിയം; എരുട്ടിമധുരം
മധുകച്ഛദ=മയിലോശിക
മധുകണ്ടം=കുയിൽ
മധുകരാ=ജീവകം; കയ്യോന്നി
മധുകരപ്രിയം=മാവു്
മധുകക്കടി=മധുരമാതളനാരകം; തേനീത്ത
മധുകക്കടിക=മധുരമാതളനാരകം; തേനീത്ത
മധുകാഷ്ഠം=ഇരിപ്പ
മധുക്ഷീരം=ഈത്ത
മധുക്ഷീരകം=ഈത്ത
മധുഖർജ്ജൂരി=തേനീത്ത
മധുഖർജ്ജൂരിക=തേനീത്ത
മധുഗന്ധം=കുയിൽ
മധുഗായനം=കുയിൽ
മധുഗ്രഞ്ജനം=മഞ്ഞത്തൂവ്വുള്ള മൂരിങ്ങ
മധുഘോഷം=കുയിൽ
മധുച്ഛദ=മയിലോശിക
മധുജ=തേൻകൊണ്ടുണ്ടാക്കുന്ന പഞ്ച
മധുജം=ഒഴുക്കു് [സാര
മധുജംബീരം=മധുരനാരകം

മധുജംബുകാ=മധുരനാരകാ
മധുജംഭാ മധുരനാരക
മധുണ്ണാ=കരിമ്പു്
മധുദ്രു-പൊൻകൊന്ന
മധുദ്രുമ-മാവു്
മധുദ്രുതകം കായിൽ
മധുദ്രുതി പാതിരി
മധുദ്രവം=പെരുമ്മരിപ്പാ; കരിമ്പു്
മധുദ്രുമ=ഇരിപ്പ
മധുധാതു-പൊൻനിറമുള്ള മാക്ഷീര
മധുധൂളി=കല്ലുപ്പു് [ക്കല്ലു്
മധുനാളികേരകം=തേൻതെങ്ങു്
മധുപണ്ണി=കിണികിണിപ്പാല; ചിറാട്ടു്; മധുരമാതളനാരകം; വള്ളിഎരട്ടിമധുരാ; പന്നിക്കിഴങ്ങു്; കുമിഴു്; ആമരി
മധുപണ്ണിക-കുമിഴു്; ചിറാമുട്ടു്; അ
മധുപാക-വരിയൻ കക്കരി [മരി
മധുപാലിക=കുമിഴു്
മധുപീലു=വലിയ ചുകമരം
മധുപുഷ്പ=നാഗദന്തി; ചെറിയദന്തി
മധുപുഷ്പം=അശോകം; നീരിരിപ്പു; ഇലഞ്ഞി; ഇരിപ്പു; നന്മേനിവാക
മധുപുഷ്പി=സോമവള്ളി; ശംഖുപുഷ്പി
മധുപ്രിയം=നിലഞാവൽ
മധുഫല=വരിയൻകക്കരി; തേനീത്ത; വലിയ മുന്തിരി
മധുഫലം=മാവു്; തേൻതെങ്ങു്; വഴമുൺപാല; ദ്വീപാന്തരത്തിലുള്ള ഈന്തപ്പഴം
മധുഫലിക=തേനീത്ത
മധുബല്ലല=വെളുത്ത വലിയ പിച്ച
മധുബിംബി=നല്ലകോവ [കം
മധുബീ(വീ)ജം=താന്നി; താളിമാതളം
മധുബീ(വീ)ജപൂരം= മധുരമാതളനാ
മധുമജ്ജ=മലയുകമരം [രകം
മധുമതി=മധുമതിനദി; പെരുങ്കുരുമ്പ; കുമിഴു്

മധുമക്കടി-തേൻകൊണ്ടോക്കുന്ന പഞ്ചസാര
മധുമല്ലി=പിച്ചകം
മധുമല്ലിക-മാധവി
മധുമാക്ഷീരം-പൊൻനിറമുള്ള ക്ഷീരക്കല്ലു്
മധുമൂലം=വാകരുമ്പു്
മധുയഷ്ടി=എരട്ടിമധുരം; കരിമ്പു്
മധുയഷ്ടിക=എരട്ടിമധുരം
മധുയാനി=വലിയമുന്തിരി
മധുര=വലിയ അരുവതിയുൻ; കാട്ടുകുപ്പ; പെഞ്ചീര; തേനീത്ത; എരട്ടിമധുരാ; വള്ളി എരട്ടിമധുരം; കാകോളി; ശതാവരി; മേദ; വൃദ്ധി; ശതകുപ്പ
മധുരാ-മധുരരസാ; കാരീയം; വെള്ളത്തീയം; നീരിരിപ്പു; തണ്ടൻചീര; മധുരനാരകം; ഇടരി; വലിയല; ചെറിയ ആവര; പെരുമ്പയറു്; ഇരിപ്പു; ജീവികം; പ്ലാവു്; ശർക്കര; ചെമ്മുരിങ്ങ; ചുവന്ന കരിമ്പു്; ഞെട്ടിക്കഴിയുൻമാവു്
മധുരകകർക്കടി-മധുരമാതളനാരകം
മധുരഖർജൂരി=തേനീത്ത
മധുരജംബീരം=മധുരനാരകം
മധുരജംഭളം=മധുരനാരകം
മധുരതാപം=ഞമ
മധുരപടോലി=വലിയ പടവലം
മധുരഫല=മധുരമാതളനാരകം; വയൽ വെള്ളരി
മധുരഫലം=വലിയ ലന്ത; തണ്ണിമത്ത
മധുരബിംബി=കോവ
മധുരബീജപൂരം=മധുരമാതളനാരക

(മധുരമാതളനാരകത്തിന്റെ പഴുത്ത കായു് മധുരരസത്തോടും ശീതവീര്യത്തോടും ഗുരുത്വത്തോടും കൂടിയതാകുന്നു. രുചിയെ ഉണ്ടാക്കും. ജ്വരത്തെവല്ലിപ്പിക്കും. വേഗത്തിൽ ദഹിക്കുകയില്ല. മൂന്നു ദോഷങ്ങളേ

യും വിരേചിച്ചു പിത്തത്തെയും, സർവ്വാംഗാനുഭവത്തോടുകൂടിയ രക്തദോഷത്തെയും സ്ത്രീരതാവബന്ധത്തെയും, രക്തപിത്തത്തെയും ക്ഷയത്തെയും ഹൃദ്രോഗത്തെയും ശമിപ്പിക്കും. ഘടവസ്തുവിൽ ചേർന്നും മാതളനാരങ്ങയേക്കാൾ വലിച്ചുകൂടുതലും ഗുണങ്ങൾകൊണ്ടു മികവാർന്നും ഓതിരുന്നാലുമുള്ളുവുള്ളതാകുന്നു.)

മധുരരസം=മധുരരസം

(മധുരരസം രസങ്ങളിൽവച്ചു് ശ്രേഷ്ഠമായിട്ടുള്ളതും വാതം, പിത്തം, ചൂടു്, നീർ, തണ്ണീർദാഹം, മൂഴൽച, രക്തവികാരം, വിഷം ഇവയെ ശമിപ്പിക്കുന്നതും അതുകൊണ്ടു. കഫത്തെയും ബലത്തെയും എല്ലാ ധാതുക്കളേയും വിശേഷിച്ചു് ശുക്ലത്തെയും വർദ്ധിപ്പിക്കും. പഞ്ചേന്ദ്രിയങ്ങൾക്കു് ഓരോ വിഷയങ്ങളെ ഗ്രഹിക്കുന്നതിനുള്ള ശക്തിയും സന്തോഷവും ഉണ്ടാക്കും. മെലിഞ്ഞവരെ തടിപ്പിക്കും. ബാലന്മാർക്കും വൃദ്ധന്മാർക്കും മുറിവു്, ചതവു് മുതലായവയുണ്ടായി ക്ഷീണിച്ചവർക്കും ഹിതമാകുന്നു. മലത്തേയും കൃമിദോഷത്തേയും മുലപ്പാലിനേയും വർദ്ധിപ്പിക്കും. ദേഹത്തിനു കാന്തിയുണ്ടാക്കും. അവയവങ്ങൾക്കു് ഉറപ്പുവരുത്തും. ആയുസ്സിനെ വർദ്ധിപ്പിക്കും. കണ്ണിനു ഹിതമാകുന്നു. തലമുടിയെ വർദ്ധിപ്പിക്കും. ശീതവീര്യത്തോടുകൂടിയതാകുന്നു. ഓജസ്സിനെ വർദ്ധിപ്പിക്കും. മനസ്സിനു തൃപ്തിയെ ഉണ്ടാക്കും. കഫത്തെ കോപിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും ക്ഷതത്തേയും പാണ്ഡുരോഗത്തേയും നേത്രരോഗത്തേയും ശമിപ്പിക്കും. മധുരരസം അധികമായി ഉപയോഗിച്ചാൽ പ്രമേഹം, അഗ്നിമാന്ദ്യം, ജ്വരം, ശ്വാസം, ഗളഗണ്ഡം, അതിസ്ഥൗല്യം, ആർബുദം, കൃമി, ശിരോരോഗം, ശ്ലീപദം, മദ്യോദ്ഭവം മുതലായി അനേകരോഗങ്ങളുണ്ടാകും. മധുരരസം കുമ്പുച്ചകാരം ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളേയും ശ്രമാധികമായി ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷങ്ങളേയും വാഗ്ഭടൻ രാജവല്ലഭനോടു ഇപ്രകാരമാകുന്നു പറഞ്ഞതു—

"സ്വാദുഃ സ്നിഗ്ധരസസ്തുസ്യാ ച
ദ്വീപ്തിപ്രദസ്തുച്ഛിദഃ ശ്ലേഷ്മപ്രകോപപ്രദഃ;
പിത്താന്നാം ദമനഃ ശ്രമോപശമനോ
വൃഷ്യോ നരാണാം ഹിതഃ [നോ
ക്ഷീണാനാം ക്ഷതപാണ്ഡുനേത്രവിഹന്താ ഭവേന്മാധുരം" [രജാം

"മധുരഃ പിച്ഛിലഃ ശീതോ
ധാതുസ്നിഗ്ധബലപ്രദഃ
ചക്ഷുഷ്യോ വാതപിത്തഘ്നഃ
കൃമിൻ സ്ഥൗല്യമലക്രിമീൻ
മധുരസ്തു രസശ്ചിനോതി കേശാൻ
വപുഷശ്ച സ്ഥൗല്യബലോജവീര്യ
കരഃ
അതിസേവനതഃ പ്രമേഹജൈത്യം
ജഡതാമാന്ദ്യമുഖാൻ കരോതി രോ
സോതിയുക്തോ ജ്വരശ്വാസ [ഷാൻ
ഗളകണ്ഡാദിദോഷകൃൽ"

സംഗ്രഹത്തിൽ മധുരദ്രവ്യങ്ങളെ ഇങ്ങനെ വിവരിച്ചിരിക്കുന്നു.—

"ഘൃതമധുരതൈല ക്ഷീരമേദോ
മജ്ജേക്ഷുവികൃതി ശാകശാക്ഷാഖർജ്ജൂരമോചചോചപനസസി
ഞ്ചിതികാപ്രിയാളരാജാടനെ ഖജ്ജൂരീ
താലമസ്തകകാശ്മര്യ മധുകപനസ്രക്ഷകാ
മലകീ ക്ഷീരാവിദാരീ ശതമൂരീ
നവക്ഷീരീ ക്ഷീരഷ്ഠീ ക്ഷീരജീവ്യാ
മധുലികാത്മഗുപ്താ ബലാതിബലാ
വിശ്വദേവാ സഹദേവീ ശാലിപ

ണ്ണി ചൂരാനിവണ്ണീ മഹാസഹാക്ഷ
ണ്ണി ചൂരാനിവണ്ണീ മഹാ
ശ്രാവണീ ചൂരാതിച്ചുതുഷ്യഷ്ടാപ്രാ
ക്തുഷ്യഗന്ധാശ്ലഗന്ധാശ്ല മാംഷ്ടാ
ളനാഴികാ പുഷ്യരണ്ഡീ ശ്രംഗാടക
സന്നകതകകനകണ്ഡിരവീ രുചൈവ
ണ്ഡരീകപുത്രീനി ജീവനീയഗണ
ന്നുണപഞ്ചമൂലഞ്ച.")

മധുരവല്ലി മധുരമാതളനാരകം

മധുരസ=വള്ളി എരട്ടിമധുരാ;കിണി
കിണിപ്പാവ; രേതകപ്പു; കുമിഴ്; ചെ
ങ്കുരുന്പു; മുന്തിരി.

മധുരസാ കരിമ്പാന; ഇരിപ്പു; കരി

മധുരാപ്പുകാ=നാരകാ; നാമ്പഴം [മ്പു

മധുരാമ്ലഫലാ=മുരിങ്ങമരാ

മധുരാലാവ=പഞ്ചവണ്ണക്കിളി; കു
യിൽപ്പേട

മധുരാലാവിനീ=കുയിൽപ്പേട

മധുരിക=കാട്ടിശതകുപ്പ

മധുരേണു=കുത്തകടലി

മധുവഗ്നാ=ചെമ്മുരിങ്ങ

മധുവല്ലിക=ചെങ്കടുകു

മധുവല്ലി=വലിയ മുന്തിരി; എരട്ടി
മധുരാ; വള്ളിഎരട്ടിമധുരം; മധുര
മാതളനാരകാ

മധുവാസിനി=താതിരി

മധുവിട=മെഴുകു

മധുവൃക്ഷം=ഇരിപ്പ

മധുശക്കര=തേൻകൊണ്ടുണ്ടാക്കുന്ന
പഞ്ചസാര

മധുശാഖം=ഇരിപ്പ

മധുശിഗ്രു=ചെമ്മുരിങ്ങ

മധുശിഗ്രുകം=വെൺമുരിങ്ങ; ചെമ്മു
രിങ്ങ

മധുശീത=ചെറിയ അവര

മധുശേഷം=മെഴുകു

മധുശ്രവാ=ഇരിപ്പു; പാല്മുരുന്പ

മധുശ്രേണി=ചെങ്കുരുന്പ

മധുഷ്ഠാലം=ഇരിപ്പ

മധുഷ്ഠീലം=ഇരിപ്പ

മധുസംഭവ=മെഴുകു

മധുസൂദനീ=ചെഞ്ചീര

മധുസ്രവ=പേരീത്ത;ശതാവരി; ചെ
റിയ അടവതിയൻ; എരട്ടിമധു
രാ; ചെങ്കുരുന്പ; മുവന്ന ചെ
റുപ്പുള്ളടി

മധുകാ=ഇരിപ്പ

മധുകതൈലം=ഇരിപ്പുഎണ്ണ

മധുകഘാണിതം=ഇരിപ്പുപ്പാനി

മധുച്ഛിഷ്ടം=മെഴുകു

മധുജ്ഝിതം=മെഴുകു

മധുത്രാ=മെഴുകു

മധുൽപ്പന്ന=തേൻകൊണ്ടു ഉണ്ടാക്കു
ന്ന പഞ്ചസാര

മധുദ്രവപ്രസവം=ചെങ്കുറുഞ്ഞി

മധുന്നദ=കുയിൽപ്പേട

മധുല(ക)ം=നീരിരിപ്പു

മധുലഗ്നാ=ചെമ്മുരിങ്ങ

മധുലി=മാവു; ചെറിയ കോതമ്പു;
വലിയ മുന്തിരി; വള്ളിഎരട്ടിമ
ധുരം; മധുരമാതളനാരകം

മധുലിക=മദ്യം; ചെങ്കടുകു; വള്ളി
എരട്ടിമധുരം; ചെങ്കുരുന്പ; എ
രട്ടിമധുരം

മധൂഷിതം=മെഴുകു

മധ്യകേസരം=മാതളനാരകം

മധ്യഗന്ധം=മാവു

മധ്യാലു=വാകച്ചുണ്ണു

മധ്യാലുകം=വാകച്ചുണ്ണു

മധ്യാസവം=ഇരിപ്പുപൂവുകൊണ്ടു ഉ
ണ്ടാക്കുന്ന മദ്യം; മദ്യം

മനയോല=മനയോല

(മനയോല, വിഷം, വായുമുട്ടൽ, ചുമ, ഭൂതപീഡ, കഫദോഷം, രക്ത
ദോഷം, വാതം, ക്ഷയം, ഉന്മാദം, ചൊറി, അഗ്നിമാന്ദ്യം മുതലായവ
യെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. അധിമാംസത്തെ ഉരുച്ചു
കളയും. ബലത്തെ ഉണ്ടാക്കും. ഗുരു

തേജസ്വിനീ ച നിർദ്ദിഷ്ടാ
താമ്രാഭാകൃഷ്ണവീരകാ;
ചൂർണ്ണിതാതിരക്താംഗീ
സ്വരാ ഖണ്ഡാഖ്യവീകാ;
ഉത്തരോകൃഷ്ണവർണ്ണാ ശ്ലക്ഷ്ണാ
ദ്വരിസ്ഥാ രൂക്ഷാത്മികാ.”
എന്ന രസരത്നസമുച്ചയത്തിലുണ്ട്.

ശോധനം:—

“അഗസ്ത്യപത്രമൂതോയേന
ഭാവിതാ സപ്തവാരകം;
ദ്രംഗവേരരസൈർവ്വാപി
സംശുദ്ധ്യതി മനശ്ശിലാ.”

മറ്റൊരുപ്രകാരം ശോധനം —

“പചേത്ക്ഷീരമജാമൂത്രേ
ദോലായന്ത്രേ മനശ്ശിലാം;
ഭാവയേത് സപ്തധാപിത്ഥ
രജായാസ്സാ വിശുദ്ധ്യതി.”

വേറൊരുപ്രകാരം ശോധനം —

“ചൂർണ്ണതോഽന്യൈർമ്മനോഹ്വാ
സപ്തകൃത്വോ വിഭാവിതാ;
ശുദ്ധിമായാതി നിതരാം
തത്ര കർമ്മണിയുജ്യതേ.”

മനശ്ശില=മനയോല
മനശ്ശിലം=മനയോല
മനസ്സ്—മാഞ്ചി; മനയോല
മനസ്വി=എട്ടടിമാൻ
മനസ്വിനി=കുരുട്ടുപാവൽ
മനാക്=പിടിയാന
മനാക്കര=മുള്ളുള്ളനാറിയകിൽ
മനീകം=സൌവീരാഞ്ജനം
മന്ന=ചോനകുപ്പുല്ല്
മനുഷ്യമൂത്രം=മനുഷ്യമൂത്രം

(മനുഷ്യമൂത്രം ക്ഷാരം, എരിവ്, മധുരം — ഈ രസങ്ങളോടും ലഘുത്വത്തോടും കൂടിയതാകുന്നു. നേത്രരോഗത്തെയും കഫത്തെയും രക്തദോഷത്തെയും കൃമിവിഷത്തെയും വാതം, ദോഷം, ഭൂതാവേശം, കൃമി

രക്തത്തോടും ഉണ്ണുവീർപ്പിനോടും കയ്പുരസത്തോടും സ്നിഗ്ദ്ധതയോടും കൂടിയതാകുന്നു. ശരീരകാന്തിയെ ഉണ്ടാക്കും. ഭയത്തെ ശമിപ്പിക്കും. രസായനമണ്ഡനവൃത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. “മധുരരസം” കൂടി ഉണ്ടെന്നു ‘ഭാഷാഗുണപാഠത്തി’ലും. “കടുരസം” കൂടി ഉണ്ടെന്നു ‘ശാലിഗ്രാമനിഘണ്ടു ദൃഷണ’ത്തിലും കാണുന്നു. മനയോല അരിതാരത്തിൻറെവകഭേദമാകുന്നു. എങ്ങനെയെന്നാൽ —

“താലകന്യൈവ ഭേദോസ്തി
മനാഗേവ തദന്തരാ;
താലകഞ്ചാതിപീതം സ്യാൽ
ഭവേദ്ഭിന്നാ മനശ്ശിലാ”

എന്നുള്ള പ്രമാണമനുസരിച്ചു് അരിതാരം നല്ല മഞ്ഞനിറമുള്ളതും മനയോല ചുമപ്പുനിറമുള്ളതും എന്നുള്ള അല്പഭേദം മാത്രമേയുള്ളൂ എന്നു ഗ്രാഹ്യമാകുന്നു. ശുദ്ധിചെയ്യാത്ത മനയോല ഉപയോഗിച്ചാൽ:—“മനശ്ശിലാ മന്ദബലം കരോതി ജന്തൂൻധ്രുവം ശോധനമന്തരേണ, മലാനുബന്ധം കിലമൂത്രരോധമശക്കരം കുഷ്ഠഗദം ച കുർയ്യാത്” എന്നുള്ളതുകൊണ്ടു് മലബന്ധം, മൂത്രദോഷം മുതലായ രോഗങ്ങളെ ഉണ്ടാക്കും. മനയോല ശ്യാമാംഗി എന്നും കണവീരക എന്നും ഖണ്ഡാഖ്യ എന്നും മൂന്നുതരത്തിലുണ്ടു്. ഓരോന്നും ഗുണഭേദംകൊണ്ടു് ഉത്തരോത്തരം ശ്രേഷ്ഠങ്ങളും പ്രഭാവാതിശയത്തോടുകൂടിയവയുമാകുന്നു.

“മനശ്ശിലാ ത്രിധാ പ്രോക്താ
ശ്യാമാംഗീ കണവീരകാ;
ഖണ്ഡാഖ്യാചേതിതത്ത്വേവം
വിവിച്യ പരികഥ്യതേ;
ശ്യാമാ രക്താ സഗൌരാ ച
ഭാരാഢ്യാ ശ്യാമികാ മതാ;

ദോഷം, വ്രണം എന്നിവയേയും വിശേഷാൽ ശമിപ്പിക്കും. ബല ത്തെ ഉണ്ടാക്കും. ജംരാഗ്നിയെ ദീപി പ്പിക്കും.)

"മാനുഷം ക്ഷാരകടുകം
മുഷ്ണം ലഘു ചോച്യതേ;
ചക്ഷുരോഗഹരാ ബല്യാം
ദീപനം കഫനാശനം;
ജാസ്യതായാ ഛനം മൂത്രം
പ്ലാസ്യതായാ ദവേലേ ച;
ന കിം ഗുണവിശേഷാ വ്യാ-
സമതാപാകവീര്യയോശ്ച;
ഗോജാവിമഹിഷീണാമ്പ
സ്ത്രീണാം മൂത്രം പ്രശസ്യതേ;
ഖരോഷ്ട്രനരാശ്വാനാം
പുംസാമൂത്രം ഹിതം മതം"

എന്ന് ശാലിഗ്രാമം.

മനോഹ്ലച്ച=മനയോല
മനോജ്ഞവല്ലി=കാമവല്ലി
മനോജ്ഞ=ചടച്ചി; കുറുത്ത കടഭി; കുറുട്ടിപാവൽ; മദ്യം; മനയോല; കാട്ടുപാവൽ; പിച്ചകം; കരിഞ്ജീരകം; വെളുത്തജീരകം
മനോജ്ഞം=മാവു്; കുരുക്കുത്തിമുല്ല; ചരളം; വെളുത്തജീരകം
മനോരമ=ഗോരോചന
മനോരമം=കുരുക്കുത്തിമുല്ല
മനോഹര=പിച്ചകം; മഞ്ഞക്കുറുമുഴി
മനോഹരാ=സ്വർണ്ണം; കുരുക്കുത്തിമുല്ല
മനോഹാ=മനയോല
മനോഹാരിക=മനയോല
മന്താരം=മന്ദാരം

(മന്താരം എരിവും കൈപ്പും അകന്ന രസങ്ങളോടും ഉഷ്ണവീര്യത്തോടുംകൂടിയതാകുന്നു. കഫം, മേദസ്സ്, വിഷം, വാതം, കൃമി, വ്രണം, നീർക്കെട്ട്, ചൊറി, വിസർപ്പം ഇവയെ ശമിപ്പിക്കും.

"രാജാക്ഷം കടുതിക്തോഷ്ണ
കഫമേദോവിഷാപഹാ;
വാതകൃമിവ്രണാൻ ഹന്തി
ശോഭകണ്ഡൂവിസർപ്പനുൽ."

എന്ന "ശാലിഗ്രാമ"നിഘണ്ടു. ഇതിന്റെ പൂവു് തണുപ്പും ഗുരുത്വവും ഉള്ളതും കഫപിത്തങ്ങളെ ശമിപ്പിക്കുന്നതുമാകുന്നു. നാലുതരം എരിക്കുള്ളതിൽ ഒന്നാണു് രാജാക്ഷം അതിനെയാണത്രെ മന്താരമെന്നു പറയുന്നതു്.)

മാഹജം=വെണ്ണ
മാഹാനം=വലിയകൊന്ന
മാദ്രഗമന=എരുമ; അന്നട്ടേട
മാദടം=മുരുക്കു്
മാന്ദരം=മുരുക്കു്
മാന്ദാകിനി=ഗംഗാനദി
മാന്ദാരം=മുരിക്കു്; ചുവന്നപൂവുള്ള എരിക്കു്; ചുവന്നപൂവുള്ള മന്താരം; വെള്ളെരിക്കു്
മാന്ദാരി=മുരുക്കു്
മന്മഥം=വിളാർമരം; മാവു്
മന്മഥാനന്ദം=തേന്മാവു്
മന്മഥാലയം=മാവു്
മന്മഥാവാസം=വലിയ ഞെട്ടിക്കുഴിയന്മാവു്
മഷ്കം=മങ്കുട്ടപ്പയറു്
മഷം=മങ്കുട്ടപ്പയറു്
മഷ(ക)ം=മങ്കുട്ടപ്പയറു്
മഷ(ക)ം=മങ്കുട്ടപ്പയറു്
മയം=ഒട്ടകം; വെട്ടിക്കുതിര
മയണം=മലകാര
മയഷ്കം=മങ്കുട്ടപ്പയറു്
മയഷ്കം=മങ്കുട്ടപ്പയറു്
മയഷ്കം=മങ്കുട്ടപ്പയറു്
മയിനാപക്ഷി=മയിനാപക്ഷി.

(മയിനാപക്ഷിയുടെ മാംസം ഉണങ്ങാംകെണ്ടു് പഞ്ചവർണ്ണക്കിളിയുടെ മാംസത്തിനു തുല്യമാകുന്നു;

മയിനാ പഞ്ചസണ്ണക്കിളിയിൽ ഒരു വ്യത്യാസമുണ്ടെന്നു പറയുന്നു. ഈതു് പ്രസ്തുതവ്യത്തിൽപ്പെട്ട ജാംഗലമാംസമാകുന്നു.)

മയിൽ=മയിൽ

(മയിൽമാംസം വിഷ്ടൂരിവ്യത്തിൽചേർന്ന ജാംഗലമാംസമാകുന്നു. വാതത്തേയും പിത്തകഫങ്ങളേയും ശമിപ്പിക്കും. ബലത്തെ ഉണ്ടാക്കും. മാംസത്തേയും ഇന്ദ്രിയത്തേയും വർദ്ധിപ്പിക്കും. സ്വരത്തേയും തലമുടിയേയും ശരീരകാന്തിയേയും നന്നാക്കും. യൌവനത്തെ നിലനിറുത്തും. കണ്ണുരോഗം, നയനരോഗം, ശിരോരോഗം, ക്ഷയരോഗം ഇവയെ നശിപ്പിക്കും. മലബന്ധത്തേയും ശരീരത്തിനു പുഷ്ടിയേയും ഉണ്ടാക്കും; മനസ്സിനു ശ്രദ്ധിയുണ്ടാക്കും; ബുദ്ധിയെ നന്നാക്കും. "ഹേമന്തകാലേ ശിശിരേ വസന്തേ സേവ്യാന്ഹി മാംസമുശന്തി മാംസം; ഉഷ്ണാന്ഹി ബർഹി വിഷഭോജനാച്ച വർഷാശരദ്ഗ്രീഷ്മ മുഷേഷപഥ്യാ." എന്നുള്ള രാജവല്ലഭമതം അനുസരിച്ചു് ഹേമന്തം, ശിശിരം, വസന്തം ഈ മൂന്നു ഋതുക്കളിൽ ഇതിന്റെ മാംസം നിർദ്ദോഷമാകുന്നു. ഗ്രീഷ്മം, വർഷം, ശരത്തു് ഈ മൂന്നു ഋതുക്കളിൽ ഇതു് സുഖത്തെ ഭക്ഷിക്കുന്നതുകൊണ്ടു് ഇതിന്റെ മാംസം ഉഷ്ണാധിക്യത്തോടുകൂടിയതായി തീരുന്നതിനാൽ ആകാലങ്ങളിൽ ഉപയോഗിക്കുവാൻ നല്ലതല്ലെന്നു അറിഞ്ഞുകൊള്ളണം.)

മയിൽപീലി=മയിൽപീലി

മയിലെള്ളു്=മയിലെള്ളു്

(മയിലെള്ളു് ഉത്തമസ്വഭാവത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, വൃണരോഗം, കൃമിരോഗം, കുഷ്ഠം, കഫദോഷം, മുഖരോഗം, ദന്തരോഗം, വിഷം മുതലായവയെ ശമിപ്പിക്കും. ശരീരത്തിനു ബലത്തേയും പുഷ്ടിയേയും മേദസ്സിനേയും വർദ്ധിപ്പിക്കും. ഹൃദയത്തെ പ്രസാദിപ്പിക്കും. ഇതു് ഒരു രസായനമാകുന്നു. ഇതിന്റെ തൊലി രക്തദൂഷ്യത്തേയും കൃമിദോഷത്തേയും വ്രണത്തേയും വീക്കത്തേയും ശമിപ്പിക്കും. ഇന്ദ്രിയത്തെ ഉണ്ടാക്കും. എല്ലാ മന്ത്രരോഗങ്ങളേയും ശമിപ്പിക്കും. തൊലികൊണ്ടുണ്ടാക്കിയ ക്ഷാരം ഗുല്മത്തേയും ശൂലത്തേയും മഹോദരത്തേയും ശമിപ്പിക്കും.)

മയിലോശിക=മയിലോശിക

(മയിലോശികചൂർണ്ണിതത്തോടു മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു. പിത്തത്തേയും കഫത്തേയും അതിസാരത്തേയും ബാലഗ്രഹപീഡയേയും മൂത്രകൃച്ഛ്രത്തേയും ശമിപ്പിക്കും. ഒരു വശീകരണൌഷധമാകുന്നു.

"നീലകണ്ഠശിഖാചൂർണ്ണ
പിത്തശ്ലേഷ്മാതിസാരജിൽ"

എന്ന ഭാവപ്രകാശത്തിലും

"ബർഹിചൂഡാ രസേ സാദ്ധ്യ-
മ്മൂത്രകൃച്ഛ്രവിനാശിനീ;
ബാലഗ്രഹാദിദോഷഘ്നീ
വശ്യകർമ്മണി ശസ്യതേ"

എന്ന തന്ത്രാന്തരവുംഉണ്ടു്. കൂടാതെ

"മയൂരാഹ്വാ ശിഖാ ശീതാ
കഷായാമ്ലാമ്ലപാകിനീ
ലഘ്വീ പിത്തകഫം പിത്ത-
മതിസാരം വിനാശയേൽ"

എന്ന കൈയദേവത്തിൽ ഉള്ളതുകൊണ്ടു് മയിലോശിക കഷായാമ്ലരസങ്ങളോടു കൂടിയതും വിപാകത്തിൽ അമ്ലരസത്തോടുകൂടിയതും ആകുന്നു എന്നുംകൂടി അറിഞ്ഞു കൊള്ളണം.)

മയു=മാൻ
മയുകം=മയിൽ
മയൂഷ്കം=മങ്കുട്ടപ്പയൂ
മയൂരാ=മയിൽ
മയൂരാ=വലിയകടലാടി; മയിലാശിക; മയിൽ
മയൂരകാ=ത്രുത്രാജ്ജനാ; വലിയകടലാടി; കുപ്പരീത്രുത്രാ
മയൂരഗ്രീവാ=ത്രുത്രാജ്ജനാ
മയൂരചടകാ=കോഴി
മയൂരചൂഡാ=മയിലോശിക; തുണിയാ
മയൂരജാഘലം=പലകപ്പയ്യാനി [ങ്കം
മയൂരത്രുത്രാ=ത്രുത്രാജ്ജനാ
മയൂരപത്രാം=വട്ടച്ചുവൽ
മയൂരവിദല=ആംബാഡി
മയൂരശിഖ=മയിലോശിക
മയൂരികാ=ആംബാഡി
മരകതാം=മരകതാ

(മരകതാ രസായനമണ്ഡനവ്യത്തിൽചേന്ന മഹാരത്നമാകുന്നു. നിക്കലവും തൂക്കത്തിൽ ഭാരംകൂടിയതും നല്ല പ്രഭയും മിനുപ്പും തുടുപ്പും ഉള്ളതും പൊട്ടലില്ലാത്തതും നല്ല അഴകുള്ളതുമായ മരകതം ശ്രേഷ്ഠമാകുന്നു. മരകതത്തിന്റെ ഉത്തമാധമത്വത്തെക്കുറിച്ചു് നിഘണ്ടുരത്നാകരത്തിൽ ഇങ്ങനെ പറയുന്നു:—

"ഹരിദ്വർണ്ണം ഗുരു സ്നിഗ്ധം
സ്ഫുടരശ്മിരയം ശുഭം;
ഭാസുരം ഭാസനം താർക്ഷ്യം
സമഗാത്രം സുസമ്മതം;
കപിലം കർക്കശം നീലം
പാണ്ഡു-കൃഷ്ണം ച ലാഘവം;
ചിപിടം വികൃതം കൃഷ്ണം
രൂക്ഷം താർക്ഷ്യം ന ശസ്യതേ."

കൂടാതെ

"സച്ഛം ഗുരു സ്നിഗ്ധഗാത്രം
മാർഗ്ഗവമസ്യംഗബഹുരംഗം"

ഏംഗംരീമരകതം ബിഭ്രയാൽ

"ശർക്കരിലം രൂക്ഷം മലിനം
ലഘ്വഹീനകാന്തി കല്മഷാ; ത്രാസ
വികൃതാംഗം മരകത- [യുതം
മമരോപി നോപയുഞ്ജീത"

എന്ന ശാലിഗ്രാമനിഘണ്ടുഭൂഷണത്തിലും,

"ശുകവംശപതൃകളേ
ശിരീഷകുസുമപ്രഭം ഗുണോ പേ
സുരപിപ്പികാരീ മരകത- [തം;
മതീവ ശ്രേഷ്ഠം വിധാത്തേ."

എന്ന ബൃഹത്സാഹിതയിലും ഉണ്ടു്. മരകതം മൂന്നു ദോഷങ്ങളേയും വിശേഷിച്ചു് പിത്തത്തെയും ജ്വരം, ഛർദ്ദി, വായുമുട്ടൽ, വിഷം, ആമദോഷം, ത്രുതപീഡ, നേത്രരോഗം, അശ്മരി, അഗ്നിമാന്ദ്യം, പാണ്ഡു, വീക്കം ഇവയേയും ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. അരുചിയെ മാറ്റും. അധിമാംസം മുതലായവയെ ഉരച്ചുകളയും. ശരീരത്തിന്നു പുഷ്ടിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും.

"പാചികാ ശീതളാരുച്യാ
രസകാലേ മധുഃ സ്മൃതാ;
പുഷ്ടികൃദ്വിഷഹാ വൃഷ്യാ
ഭ്രതബാധാമപിത്തഹാ."

എന്നും

"ജ്വരച്ഛർദ്ദിവിഷശ്വാസ
സന്താപാഗ്നേയമാന്ദ്യനുത്;
ദുർനാമപാണ്ഡുശോഥഘ്നം
താർക്ഷ്യമോജോ വിവർദ്ധനം."

(എന്നിങ്ങനേയും ശാലിഗ്രാമനിഘണ്ടുഭൂഷണത്തിൽ കാണുന്നു. ശോധനമാരണങ്ങൾ വൈരത്തിനുള്ളതുപോലെയാകുന്നു. മരകതത്തിനു മരതകമെന്നും പറയും.)

മരകതപത്രി=പച്ചില
മരക്കലഉപ്പ്=മരക്കലഉപ്പ്

(മരക്കലുപ്പ്, ഉപ്പുവെള്ളത്തിൽ സഞ്ചരിക്കുന്ന വള്ളം മുതലായവകളിൽ ഉണ്ടാകുന്നു. വാതകഫങ്ങളേയും കൃമിയേയും ഉദരവേദനയേയും ശമിപ്പിക്കും. ജ്വരാഗ്നിയേയും പിത്തത്തേയും അല്പമായി വർദ്ധിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആധ്മാനം മുതലായവയെ ഉദരരോഗങ്ങളേയും. വിദാഹിയാകുന്നു. പണ്യവർഗ്ഗത്തിൽ ചേർന്ന ലവണദ്രവ്യമാകുന്നു. ഇതിനെ തോണിയുപ്പെന്നും പറയാറുണ്ട്.)

മരക്കലനാവ=മരക്കലനാവ

(ഇതു് ശാഖിചരവർഗ്ഗത്തിൽ ചേർന്ന ജാന്തവപ്രാണിമാംസമാകുന്നു. പ്ലവവർഗ്ഗത്തിലെന്നും പക്ഷിയാകാം. ഗുണദോഷങ്ങൾ കൊണ്ടു മീൻകുഞ്ഞിന്റെ മാംസത്തിനു തുല്യമാകുന്നു.)

മരങ്കൊത്തി=മരംകൊത്തി

(ഇതു് വലുതും ചെറുതും രണ്ടുതരമുണ്ടു്. ഗുണഭേദംകൊണ്ടു് വലുതിനെ വിഷ്കിരവർഗ്ഗത്തിലും ചെറുതിനെ പ്രതുദവർഗ്ഗത്തിലും ചേർക്കാമെന്നു ശ്രീനന്ദനൻ. ഇതിന്റെ മാംസം വേഴാമ്പൽപക്ഷിയുടെ മാംസത്തിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടു കൂടിയതാകുന്നു ഇതിനെ വാശവനെന്നും ചില ദേശങ്ങളിൽ പറഞ്ഞുകേട്ടിട്ടുണ്ടു്.)

മരണം=വത്സനാഭം

മരപ്പട്ടി=മരപ്പട്ടി

(മരപ്പട്ടി. ഇതു് ബിലേശയവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. പണ്ണഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷാന്തരമുണ്ടു്. വാതത്തേയും ചുമയേയും വായുമുട്ടലിനേയും രാജയക്ഷ്മാവിനേയും ശമിപ്പിക്കും. കണ്ണിനു നല്ലതാകുന്നു. മലശോധനയെ ഉണ്ടാക്കും. ശ്ലേഷ്മത്തെ വർദ്ധിപ്പിക്കും. ഇതിനെ മരങ്കൊത്തിയെന്നും മരനായയെന്നും ചിലേടങ്ങളിൽപറയാറുണ്ടു്.)

മരപ്പുളി=മരപ്പുളി

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന അമ്ലഫലമാകുന്നു. ഈ വൃക്ഷം മഞ്ഞുകാലത്തിൽ പൂക്കുകയും വസന്തകാലത്തിൽ കായ്ക്കുകയും ചെയ്യുന്നു. കായ് പഴുത്തു് കുരുകളഞ്ഞുണക്കി ഔഷധങ്ങടിക്കും മേറും ഉപയോഗിക്കുന്നു. ഇതിനെ ചില സ്ഥലങ്ങളിൽ തോട്ടുപുളിയെന്നും വടക്കും പുളിയെന്നും പിണറായിൻ പുളിയെന്നും പറയാറുണ്ടു്. പുളിങ്കഴമ്പു് മുതലായ ഭാഷാവൈദ്യപ്രയോഗങ്ങളിൽ ചേർത്തുവരുന്ന പുളിഇതുതന്നെയാകുന്നു. കായ് മിക്കവാറും നാരങ്ങപോലെ തന്നെയായിരിക്കും. പച്ചക്കായ് വാതത്തെ ശമിപ്പിക്കയും പിത്തത്തെ വർദ്ധിപ്പിക്കുകയും കഫത്തെ ശ്രവിപ്പിക്കുകയുംചെയ്യും. പഴുത്തകായ് ജാഠരാഗ്നിയെവർദ്ധിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. രുചിപ്രദമാകുന്നു. മഹോദരം, അർശ്സ്സ്, ഗുഥണി, ഗുല്മം, ഉദരശൂലം, ഹൃദ്രോഗം, കൃമി, വാതം, വെള്ളദാഹം മുതലായവയെ ശമിപ്പിക്കും.

"വൃക്ഷാമ്ലമാമ്ലമല്പോഷ്ണം
വാതധ്വംസകപിത്തളം,
പക്വന്തു ഗുരുസംഗ്രാഹി
കടുകം ത്വവരം ലഘു,
അമ്ലോഷ്ണം രോചനം രുക്ഷം
ദീപനം കഫവാതകൃൽ,
ത്വക്ഷ്വാശ്രോഗ്രഹണീഗുല്മ
ശൂലഭഗ്നാഗജന്ത്വജിൽ"

എന്നു് ശാലിഗ്രാമം.)

മരമഞ്ഞൾ=മരമഞ്ഞൾ

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന സ്വദോപശമനീദ്രവ്യമാകുന്നു.

വ്രണം, പ്രമേഹം, ചൊറി, വിസ്ഫോടം, തൃഗ്ദോഷം, വിഷം, കൺരോഗം, നേത്രരോഗം, വീക്കം, കഫം, പിത്തം, ഇവയെ ശമിപ്പിക്കും. മിക്കവാറും മഞ്ഞളിന്റെ ഗുണത്തോടുകൂടിയതാകുന്നു.

"തിക്താ ദാരു ഹരിദ്രാ തു
കട്വീക്ഷ്ണാ വ്രണമേഹനുൽ,
കണ്ഡു വിസ്ഫോടതൃഗ്ദോഷ
വിഷകൃന്നാക്ഷി ദോഷഹാ"

എന്നു് രാജനിഘണ്ടുവിലും,

"ദാർവീതദ്വദ്വിശേഷേണ
കഫാഭിഷ്യന്ദനാശിനീ"

എന്നു് രാജവല്ലഭത്തിലും,

"ദാർവീനിശാഗുണം കിംതു
നേത്രകൃന്നാസ്യരോഗനുൽ"

എന്നു് ഭാവപ്രകാശത്തിലും മരമഞ്ഞളിന്റെ ഗുണങ്ങളേപ്പറ്റി വിവരിച്ചിട്ടുണ്ടു്.)

മുരമാൻ=മരമാൻ

(മരമാൻ മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷാന്തരം. ശരീരം ചെമ്പുപോലെ ചുവന്നും പുഷ്ടണം മാത്രം കറുത്തുമിരിക്കുന്ന ഒരുതരം മാനാകുന്നു.

"ലുഷ്യോ നീലാണ്ഡകോ ലോകേ
സരോരു ഇതി കീർത്ത്യതേ"

എന്നു് ഭാവപ്രകാശത്തിൽ വിവരിച്ചുകാണുന്നു. ഇതിന്റെ മാംസം വാതപിത്തങ്ങളെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ ഉണ്ടാക്കും. മൂത്രാശയശുദ്ധിയെ ചെയ്യും.)

മുരവാഴ=മരവാഴ

(മരവാഴ—ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ വഴുത്തകായു് പിത്തത്തെയും ദുഷ്ടരക്തത്തെയും ശമിപ്പിക്കും. അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. ദുർജ്ജരമായിരിക്കും. രുചിയെ ഉണ്ടാക്കും. പ്രായേണ വാഴയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.)

മരാകിളി=തേക്കിട

മരാളം=ചുണ്ടും കാലും ചുവന്ന അന്നം; ആരണ്യന്നം; കുതിര; കുളക്കോ

മരാളി=അന്നപ്പേട [ഴി

മരിചം=മുളകു്; തക്കോലം

മരിചപത്രകം=ചരളം

മരിചപത്രികം=ചരളാ

മരീചം=കർപ്പൂരതുളസി; തക്കോലം; മുളകു്

മരീചപത്രകം=ചരളം

മരു=കർപ്പൂരതുളസി

മരുകം=മയിൽ; മാൻ

മരുജ=വെളുത്ത ചെറിയ വെള്ളരി

മരുജം=പിന്നാറി; നാഗണം

മരുജന്മം=കുതിര

മരുതു്=മരുതു്

(മരുതു്—ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. ഇതു് രണ്ടു തരത്തിലുണ്ടു്. പായിൻ എന്ന വൃക്ഷം ഇതിന്റെ വകഭേദമാകുന്നു. ഇതുകൾ രണ്ടിനും തമ്മിൽ ഗുണസാമ്യമുണ്ടെന്നു ചില ആചാര്യന്മാരുടെ അഭിപ്രായമുണ്ടു്. മരുതു് ഒരു വലിയ വൃക്ഷമാകുന്നു. ചെഞ്ചല്യം ഇതിന്റെ നിര്യാസമെന്നു പറയപ്പെടുന്നു. പയനിന്റെ നിര്യാസം വെളുത്തതും മരുതിന്റെ നിര്യാസം കറുത്തതും എന്നുള്ള ഭേദമുണ്ടു്. മരുതിനു പുമരുതെന്നും കരിമരുതെന്നുംകൂടി പേരു പറഞ്ഞുവരുന്നുണ്ടു്. വ്രണം, വിയർപ്പു്, കഫം കൃമി, വൃദ്ധ

വിഷമി, ബധിരത, യോനിരോഗം, കണ്ണുരോഗം, രക്തപിത്തം, ചൊറി, ശിരോരോഗം. രക്തകോപം, പാണ്ഡു, മേഹം, കുഷ്ഠം, ഉരക്ഷതം. വിഷദോഷം, വാതം ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. ഇതിന്റെ കായു് മധുരവും രൂക്ഷവും ശീതവും ആകുന്നു. ഉദരസ്തംഭത്തെ ഉണ്ടാക്കും. മലബന്ധകരമാകുന്നു. കഫത്തെ ഉരുക്കുകളയും. വയറു വീർപ്പും വയറുവേദനയും ഉണ്ടാക്കും. പിത്തം, രക്തദോഷം, വെള്ളടാഹം, ചൂട്ടുനീരൽ, ക്ഷതം, ക്ഷയം ഇവയെ ശമിപ്പിക്കും.

"ആശ്വകർണ്ണം കഷായം സ്യാദ്
വ്രണം സേചകമുഷ്ണം കൃമിം.
ബുധ്നവിഷദിബാധിര്യ്യ
യോനികർണ്ണഗദാൻ ഹരേൽ"

എന്നു ഭാവപ്രകാശവും

"ആശ്വകർണ്ണം കടുസ്തിക്തം
സ്നിഗ്ധം പിത്താസ്രനാശനം,
ഉരോവിസർപ്പോടകണ്ഡൂല്ല-
ശിരോദോഷാർത്തികൃന്തനം"

എന്നു രാജനിഘണ്ടുവും

"ആശ്വകർണ്ണം കടുസ്തിക്തോ
രൂക്ഷകാന്തികരോ മതം,
സ്നിഗ്ധോഷ്ണകഫവാണ്ഡുഘ്നി
പിത്തകർണ്ണരുജാഹരം,
രക്തരുങ്മേഹകുഷ്ഠഘ്നോ
വ്രണോരക്ഷതകണ്ഡുഹാ,
വിഷ്ടംഭോഷ്ണം വാതരോഗം
ശിരോരോഗഞ്ചനാശയേൽ,
ഫലഞ്ച മധുരം രൂക്ഷം
ശീതം സ്തംഭനകൃദ്ഗുരു
മലാവിഷ്ടംഭനകരം
ബൃഹണം ലേഖനം മതം,
ബുധ്നമാനശ്ലീപദാതാനാം
കാരകം പിത്തനാശകം,
രക്തദോഷകൃഷ്ണാരോഗ
ക്ഷതക്ഷയവിനാശനം."

എന്നും നിഘണ്ടുരത്നാകരത്തിലും ഉണ്ടു്.)

മരുൾ=കുപ്പുരുളസി; തുണിയാങ്കാ; ചോനകപ്പുല്ലു്
മരുത്ക്കടം=വലിയ ഉഴുന്നു്
മരുത്തകദ്രു=കർപ്പൂരതുളസി
മരുത്സഖം=കൊട്ടവേലി
മരുദിഷ്ടം=ഗുഗ്ഗുലു
മരുദ്ഭവ=വലിയ കാട്ടുവെള്ളരി; ചെങ്കൊടിത്തുവ
മരുദ്രോഗം=കുതിര
മരുദ്രുമം=പീനാറി
മരുദ്വാരം=കൊട്ടവേലി
മരുന്മാല=ചോനകപ്പുല്ലു്
മരുപ്രിയം=ഒട്ടകം
മരുഭ്രുരുഹം=കരീരം
മരുലം=കളക്കോഴി
മരുവം=കുളക്കോഴി; കർപ്പൂരതുളസി
മരുവകം=മലങ്കാര; കടുവ; കർപ്പൂരതുളസി
മരുസംഭവ=ചെറിയ കൊടിത്തുവ; വലിയ കാട്ടുവെള്ളരി
മരുസംഭവം=വലിയ മുള്ളങ്കി
മരുകം=മാൻ; തവള; മയിൽ
മരുത്ഥ=ചെറിയ കൊടിത്തുവ
മരുദ്ഭവ=കുരുപ്പുരുത്തി
മരുദ്ഭവം=വെങ്കൊടിത്തുവ
മക്കട(ക)ം=കുരങ്ങു്
മക്കടതിന്ദുകം=കാഞ്ഞിരം
മക്കടപിപ്പലി=വലിയ കടലാടി
മക്കടപ്രിയം=കല്ലുമ്മം
മക്കടശീർഷം=ചായില്യം
മക്കടി=നായ്ക്കാരുണ; അയമോദകം; വലിയ കടലാടി; വലിയ ഉഞ്ഞി
മക്കടിക=വലിയ കടലാടി
മക്കരം=കയ്യോന്നി
മത്സ്യഗന്ധമാതാവു്=ചെറിയ കണ്ണകാരിച്ചുണ്ട

മള്കം=തകര
മള്ളരി=മരമഞ്ഞൾ
മള്ളരാളം=പുഷ്പം
മള്ശിലാ=മനയോല
മലം=കർപ്പൂരം
മലഎരുമ=മലഎരുമ

(മലഎരുമ—ഇതു് ക്ഷുദ്രകേശോപയുക്തത്തിൽ ചേർന്ന വിരേചനീയുഷ്യമാകുന്നു.

"ഹേമവർണ്ണാ രസസ്സസ്യാ
ഹിമവദ്ഭൂമിസംഭവാ;
സ നാഗജിഹ്വികാകാരാ
തന്മൂലം വാണിജൌഷധം"

എന്നുള്ളപ്രമാണമനുസരിച്ചു് മലഎരുമയുടെ നീരു സുവർണ്ണനിറമായിരിക്കുമെന്നും, മലഎരുമ ഹിമവൽപ്രിന്തങ്ങളിൽ ഉണ്ടാകുന്നു എന്നും, സിദ്ധമാകുന്നു. കഫം, പിത്തം, ജ്വരം, ചുട്ടനീറൽ, വാതരക്തം, കാമല, കൃമി, ചൊറി, രക്തദോഷം, കുഷ്ഠം ഇവയെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ഇതിനു ഏരുമക്കള്ളിയെന്നും പേർ പറയാറുണ്ടു്.)
മലങ്കടല=മലങ്കടല

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. കഫം, പിത്തം, രക്തദോഷം, ചുട്ടനീറൽ . ഇവയെ ശമിപ്പിക്കും? മലബന്ധത്തെ ഉണ്ടാക്കും. പുഷ്ടിയേയും രുചിയേയും വർദ്ധിപ്പിക്കും. മഥനക്കുറവിനെ ഉണ്ടാക്കും. ഇതിന്റെ ശാകം മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും.)
മലങ്കാര=മലങ്കാര

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന ഉത്തമമായ വമനദ്രവ്യമാകുന്നു. പീനസം, വ്രണം, കുഷ്ഠം, വിദ്രധി, ആനാഹം, ചുമ, ജ്വരം, കീഴ്പ്പോട്ടുഗതിയുള്ള രക്തപിത്തം, പ്ലീഹം, ഗുല്മം, കഫം, വാതം ഇവയെ ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ഛർദ്ദിയെ ഉണ്ടാക്കും. അധികം മാംസത്തെ ഉരച്ചുകളയും. മലത്തെ ബന്ധിക്കും.)
മലഞ്ഞ്=ശാല്മലീകന്ദം
മലഞ്ഞി=നാഗമേനി
മലന്തിപ്പുലി=മലന്തിപ്പുലി

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന കാസ്സ്യദ്രവ്യമാകുന്നു. കഫം, വാതം, മുട്ടൽ, വാതരോഗം, കൃമിദോഷം ഇവയെ ഉണ്ടാക്കും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും.)
മലമ്പാവി=നീർവ്വാളം
മലമ്പു=കാട്ടത്തി
മലമ്പുള്ളു്=മലമ്പുള്ളു്

(ഇതു് പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു പക്ഷാന്തരം. വാതം, ക്ഷയം, ഗ്രഹണി, പഴകിയ അർശസ്സു് ഇവയെ ശമിപ്പിക്കും. കഫപിത്തങ്ങളെ കുറഞ്ഞൊന്നു വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. വാതത്തെ കോപിപ്പിക്കുമെന്നും ചിത്തഭ്രമത്തെ ഉണ്ടാക്കുമെന്നും "മദനപാല" മതം. ഇതിന്റെ മിക്ക നാമങ്ങൾകൊണ്ടും നരിച്ചീറിന്റെ ഒരു വർഗ്ഗഭേദമാണെന്നു തോന്നുന്നു.)
മലയ=തിരുകോല്ലക്കൊന്ന
മലയകത്തി=മലയകത്തി

(മലയകത്തി ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്പന്നദ്രവ്യമാകുന്നു. ശാകവർഗ്ഗത്തിൽ ചേർന്നതാണെന്നും അഭിപ്രായാന്തരവുമുണ്ടു്. പൂവിന്റെ നിറഭേദത്തെ അപേക്ഷിച്ചു് ഇതു് രണ്ടുതരത്തിലുണ്ടു്. അതായതു് വെള്ളത്തപ്പൂവുള്ളതും മഞ്ഞത്തപ്പൂവുള്ളതും. മഞ്ഞത്തപ്പൂവുള്ളതിന്റെ ഇല വളരെ പരിമളമുള്ളതായിരിക്കും. കായ്കൾ നീണ്ടു് പരന്നതുമാണു്.

"കോവിദാരകലികാതികോമളാ
തക്രുസിദ്ധാതിലതൈലവാചിതാ;
ഹിഗ്ഗുവാസകസുധാസവാസിതാ
വേശവാരലുളിതാതിലോഭദോ"

എന്നിങ്ങനെ വേശവാരം—നണ്ണിറച്ചി—ക്കൂട്ടി നല്ലെണ്ണയിൽ പാകപ്പെടുത്തിയ മലയകത്തിയുടെ മൊട്ടിനെപ്പററി പാകശാസനത്തിൽ പറഞ്ഞിരിക്കുന്നു. മലയകത്തി വാതകഫങ്ങളേയും മൂത്രകൃച്ഛ്രത്തേയും കൃമിയേയും ഗണ്ഡമാലയേയും ഗുദഭ്രംശത്തേയും കുഷ്ഠത്തെയും ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ജാരാഗ്നിയെ വർദ്ധിപ്പിക്കും. വ്രണത്തെ ഉണക്കും. പൂവു് രക്തദോഷം, പിത്തം, ഛർദ്ദി, ക്ഷയം, ചുമ ഇവയെ ശമിപ്പിക്കും. കൊക്കുമന്താരം, കരിമന്താരം, കൊങ്ങു് ഇവയെല്ലാം മലയകത്തിയുടെ പേരുകളായി ചീലടങ്ങളിൽ നടപ്പുള്ളതാകുന്നു.)

മലയജം=ചന്ദനം

മലയമുക്കി=മലയമുക്കി.

(ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന ജന്തുജന്യമാകുന്നു. വെള്ളത്തും കൂത്തും പൂവുള്ളതായി രണ്ടു തരത്തിലുണ്ടു്. മലയമുക്കിക്കു സാധാരണ വെച്ചിത്ത ശംഖുപുഷ്പമെന്നാണു് പറയുന്നതു്. വാതം, പിത്തം, കഫം, വീക്കം, വിഷം, ചുമ, കണ്ണരോഗം, നയനരോഗം, ശിരോരോഗം, കുഷ്ഠം, ശൂലം, ആമദോഷം, കൃമിദോഷം, വ്രണം ഇവയെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും.)

മലയുകാട്ടത്തി

മലയുകഎണ്ണ=മലയുക എണ്ണ

(ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതും മലയുകമരത്തിന്റെ അരിയിൽ നിന്നും എടുക്കുന്നതും ആകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. മൂടിയെ നന്നാക്കും. മലമൂത്രങ്ങളെ വർദ്ധിപ്പിക്കും. ജാരാഗ്നിയെമന്ദിപ്പിക്കും. ഇതു് മലയുകമരത്തിന്റെ വിത്തിൽ നിന്നു എടുക്കുന്നതാകുന്നു.)

മലയുകമരം=മലയുകമരം

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കാമ്പൂകം മുതലായ സ്ഥലങ്ങളിലാണു് അധികമുണ്ടാകുന്നതു്. ഇലഅല്പം വലിയതും നീണ്ടും വൃത്താകൃതിയിലും ഇരിക്കും. പൂവു് വെള്ളത്തതാകുന്നു. കായു് ചെറുനാരങ്ങയേക്കാൾ അല്പം മുഴുപ്പുള്ളതും പുറത്തു വരികളോടുകൂടിയതും വൃത്താകാരമായിട്ടുള്ളതും ആകുന്നു. മലകളിൽ അധികമായിട്ടുണ്ടാകുന്നതുകൊണ്ടായിരിക്കണം ഇതിനെമലയുകമരമെന്നു പറയപ്പെടുന്നതു്. ഇതിന്റെ പഴുത്ത കായു് മധുരവും കുറഞ്ഞൊന്നു് അമൃതരസത്തോടും സ്നിഗ്ധതയോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഗുരുത്വത്തോടുകൂടിയതാകുന്നു. ബലത്തെ ഉണ്ടാക്കും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ഉഷ്ണവീര്യമെന്നും കൂടി പക്ഷാന്തരമുണ്ടു്. വാതം, പിത്തം, ക്ഷയം, ഹൃദ്രോഗം, രക്തദോഷം, രക്തവാതം, ചൂടിച്ചിൽ ഇവയെ ശമിപ്പിക്കും.

"അക്ഷോടോ മധുരഃ കിഞ്ചി-
ദമ്ലഃ സ്നിഗ്ധശ്ച ശീതളഃ;
വീര്യവൃദ്ധി കരശ്ചോക്ത-
രുചിദഃ കഫപിത്തകൃത്;
ഗുരുഃ പ്രീണയൊ ബലകരഃ
കഫകൃന്മലബന്ധകൃത്;
വാതപിത്തം ക്ഷയം വാതം
ഹൃദ്രോഗം രക്തദോഷകം;

രക്തവാതം ച ദാഹം ച
നാശയേദിതി കീർത്തിതം.”
എന്ന നിഘണ്ടുരത്നാകരം.)

മലയോദ്ഭവാ=ചന്ദനം
മലയോദ്ഭൂതം=ചന്ദനം
മലരി=മലരി

(മലരി രസവഗ്ഗത്തിൽ ചേർന്തതാകുന്നു. പിത്തം, തണ്ണീർദാഹം, കഫം, ജ്വരം, വ്രണം, ശോഷം, ക്ഷീണം ഇവയെശമിപ്പിക്കും. ബലത്തെയും രുചിയേയും ഉണ്ടാക്കും. അല്പം വിദാഹിയാകുന്നു. വൃഷ്കാലത്തിൽ മലരിവെള്ളത്തിനു ഗുണമേറിയിരിക്കും. ഭാവപ്രകാശത്തിൽ മലരിയെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

“വിദാഹ്യൂ ഭ്രമിം നിമ്നാം യ-
ന്മഹത്യാ ധാരയാ സ്രവേൽ,
തത്തോയമൈന്ദ്രഭിദം നാമ
വദന്തീതി മഹർഷയഃ”)

മലരു=മലരു

(മലരു ഭോജ്യവഗ്ഗത്തിൽ ചേർന്തതാകുന്നു. വെള്ളദാഹം, ഛർദ്ദി, മേഹം, അതിസാരം, കാസം, ആമദോഷം, മേദസ്സു, കഫം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ബലത്തെ ഉണ്ടാക്കും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. ലഘുത്വവും ശൈത്യവും ഉള്ളതാകുന്നു.

“ലാജാസ്തുഡഛർദ്ദിതീസാര-
മേഹമേദഃകഫാപഹാഃ,
കാസപിത്താപശമനാ
ദീപനാ ലഘവോ ഹിമാഃ”
എന്ന വാഗ്ഭടമതം.)

മലവിനാശനി=ശംഖപുഷ്പി
മലാഢ=ശാല്മലീകന്ദം
മലാക=പിടിയാന
മലാപാഢ=മലാപാഢാനദി; കലത്രാജ്ഞനം
മലാപാഢാനദി=മലാപാഢാനദി

(ഇതിലെ വെള്ളം രസവഗ്ഗത്തിൽ ചേർന്തതാകുന്നു. ശരീരകാന്തിയെ ഉണ്ടാക്കും. ഗുണങ്ങൾകൊണ്ടു കൃഷ്ണാനദിയിലെ വെള്ളത്തോടു സമാനമാകുന്നു. പഥ്യമായിരിക്കും.)

മലാരി=സർവക്ഷാരം
മലിനം=പാടനീക്കാതേയും വെള്ളം ചേർക്കാതേയും ഉണ്ടാക്കിയ മോരു; മുളകു; പൊൻകാരം; താമര
മലിനമുഖം=കുരങ്ങു; കരിങ്കുരങ്ങു; കൊട്ടവേലി
മല്ലീപുഷ്പം=കൊട്ടവേലി
മല്ലീമസാ=ഇരുമ്പു; പുഷ്പകാസീസം
മല്ലജം=മുളകു
മല്ലാരിഷ്ട=പാച്ചു
മല്ലി=വള്ളിമുല്ല
മല്ലിക=വള്ളിമുല്ല; കുടമുല്ല; ചുണ്ടും കാലും അല്പം വെളുത്തിരിക്കുന്ന അന്നം
മല്ലികാക്ഷാ=ചുണ്ടും കാലും അല്പം വെളുത്തിരിക്കുന്ന അന്നം
മല്ലികാഗന്ധ=മുല്ലപ്പൂനാറിയകിൽ
മല്ലികാപുഷ്പാ=കുടപ്പാല
മല്ലിപത്രം=ക്ലാനു
മശകി=അത്തിയാലു
മഷി=മാഞ്ചി
മഷീലേഖ്യലേപം=കുടപ്പന
മസര=കുത്ത ചണമ്പയറു
മസി=മാഞ്ചി
മസീനാ=അഗശി
മസുര=കുത്ത ചണമ്പയറു
മസുരം=കുത്ത ചണമ്പയറു
മസൂനം=പോത്തു
മസൂര=തുകോല്പക്കൊന്ന; കുത്ത ചണമ്പയറു
മസൂരം=കുത്ത ചണമ്പയറു
മസൂരകാ=കുത്ത ചണമ്പയറു
മസൂരവിടല=നാപ്പോല്പക്കൊന്ന

മസൂരി=തിരികൊല്ലുക്കൊന്ന;നാല്പ്പാ
ല്ലുക്കൊന്ന
മസൂരികം=കുറത്ത ചണമ്പയറ്
മസ്യണ=അഗ്രശി
മസ്സൂരാം=നെല്ലിമുള്ള്; മുള
മസ്സൂ=ഇരട്ടി വെള്ളംചേർത്ത മോര്;
തെർവെള്ളം
മഹം=പോത്ത്
മഹച്ഛ്രുകാം=മുക്ക്
മഹതീ=തക്കാരിവഴുതിന; ചെറുവ
ഴുതിന; വലിയ ശതാവരി
മഹത്ഫല=പേച്ചുര
മഹഷ്ഭി=നായ്ക്കുരണ
മഹാകച്ഛം=സമുദ്രം
മഹാകടഭി=വെളുത്തകടഭി
മഹാകണ്ടകിനി=ചതുരക്കള്ളി
മഹാകന്ദം=മുള്ളങ്കി; വെള്ളുള്ളി; വ
ലിയ മുള്ളങ്കി; വെട്ടുചേന്പ്; വ
ലിയ ചുവന്നുള്ളി; ചുവന്നുള്ളി
മഹാകപിത്ഥം=കൂവളം
മഹാകരഞ്ജം=വലിയ ഉങ്ങ്
മഹാകർണ്ണികാരം=വൻകൊന്ന
മഹാകായം=ആന
മഹാകാലം=കാഞ്ഞിരം
മഹാകാശ്യം=വെട്ടുചേന്പ്
മഹാകുമുദ=കുമിഴ
മഹാകുമുദിക=കുമിഴ്
മഹാകുംഭി=ചെറുകുമിഴ്
മഹാകോശാതകി=ആനപ്പീച്ചിൽ
മഹാകോഷ്ഠാതകി=ആനപ്പീച്ചിൽ
മഹാക്ഷവ്=പൂതച്ചുടയൻ
മഹാക്ഷാരം=സർജ്ജക്ഷാരം
മഹാക്ഷീര=എരുമ
മഹാഗന്ധ=വലിയ ഉഴുരകം; കേ
യിക
മഹാഗന്ധം=ആറുവഞ്ചി; ഹരിച
ന്ദനം; കടുകുപ്പാല; നറുംപശ
മഹാഗുല്മ=സോമവള്ളി
മഹാഗുഹ=ഓരില

മഹാഗ്രീവം=ഒട്ടകം
മഹാഘണ്ടാഫല=കക്കടകശൃംഗി; ഇഞ്ച
ന്തിൽ
മഹാഘംഗം=വലിയ ഞെരിഞ്ഞിൽ;
ചുവന്ന കൊടുവേലി; പെരുമ്മാ
ഴി; ഒട്ടകം
മഹാചഞ്ചു=വലിയ നീർച്ചീര
മഹാചൂതം=വലിയ ഞെട്ടിക്കഴിയ
ന്മാവ്
മഹാചർമ്മം=കപ്പച്ചേന്പ്;ദേവതാളി
മഹാചരായ=പേരാല്
മഹാചരിത്ര=മഹാമേരു
മഹാജംഘം=ഒട്ടകം
മഹാജട=തൂവ്വട
മഹാജംബു=പെരുഞാവൽ
മഹാജയം=മ്ലാവ്
മഹാജാതി=വെളുത്ത വലിയപിച്ചി
കം
മഹാജാലി=ചടച്ചി; വരിപ്പിച്ചിൽ
മഹാജാലിനിക=ചടച്ചി
മഹാജ്യോതിഷ്മതി=വലിയ വാലുഴ
മഹാഡ്യം=കടന്പ് [ഞ
മഹാതരു=ചതുരക്കള്ളി
മഹാതിക്ത=പാട; കീരിവള്ളി
മഹാതിക്തം=വലിയവേപ്പ്
മഹാതിക്ത=ചേരുമരം
മഹാതുംബി=പാൽച്ചുര
മഹാതേജ=കൊടുവേലി; രസം
മഹാദണ്ഡ=വലിയ ഉഴുരകം
മഹാദാരു=ദേവദാരം
മഹാദീർഘല്ലം=ചരളം
മഹാദേവി=വെളുത്ത ചെറിയ ഞെ
മഹാദ്രുമ=ഒട്ടകം [ള്ളരി
മഹാദ്രുമം=അരയാല്
മഹാദ്രുമം=കരിമ്പന
മഹാദ്രോണ=പെരുന്തുമ്പ
മഹാദ്രോണി=പെരുന്തുമ്പ
മഹായനം=സപ്താം; അറബിക്കട
മഹായാന=സപ്താം [ങ്ങം

മഹാൻ=വലിയ മലഞ്ചാര; ഒട്ടകം; പെരുനെല്ല്
മഹാനന്ദ=ആരാമശീതള; മദ്ദ്യം
മഹാനളാ=വലിയ വേഴൽ
മഹാനാഗം=പുന്ന
മഹാനാദം=സിംഹം; ആന; ഒട്ടകം
മഹാനിംബം=വലിയവേപ്പ്; കരിവേപ്പ്
മഹാനില=കുഞ്ഞ മലയമുക്കി; പെരുഞാഴൽ
മഹാനീല=നീലക്കയ്യോന്നി; ഇന്ദ്രനീലക്കല്ല്
മഹാനീലി=വലിയ അമരി
മഹാപത്ര=വലിയ ഉഴരകം; പെരുഞാഴൽ
മഹാപത്രം=കപ്പൂപ്പുന്ന; തേക്കുമരം
മഹാപദ്മം=വെളുത്ത താമര
മഹാപാരാവതം=ദ്വീപാന്തരത്തിലുള്ള വലിയ ഈന്തപ്പഴം
മഹാപാരേവതം=ദ്വീപാന്തരത്തിലുള്ള വലിയ ഈന്തപ്പഴം
മഹാപിണ്ഡീതകം=വലിയമലങ്കാര
മഹാപീലി=വലിയ ഉകമരം
മഹാപുരുഷദന്ത=വലിയശതാവരി
മഹാപുരുഷദന്തിക=വലിയ ശതാവരി
മഹാപുഷ്പ=വെളുത്തപൂവുള്ള മലയമുക്കി
മഹാപുഷ്പം=വലിയ മലയകത്തി
മഹാപൂഷ്യം=ഒട്ടകം
മഹാപ്രാണം=കായതിക്കാക്ക
മഹാഫല=വലിയ കാട്ടുവെള്ളരി; ആനപ്പുളിച്ചി; മധുരമാതളനാരകം; കാട്ടുമാതളനാരകം; അമരി; വലിയ ഉഴരകം; പെരുഞാഴൽ; പാൽച്ചുര; യാഴ; നരിപ്പുളിച്ചി; പെച്ചുര
മഹാഫലം=ഞെരിഞ്ഞി; പ്ലാവു; വലിയ ഉകമരം; ക്ലാവളം; ചുവന്ന കണ്ണൻ ചേമ്പു
മഹാബല=അമരി; പാതാള ഗരുഡക്കൊടി; മഞ്ഞക്കുറുന്തോട്ടി
മഹാബലം=മുതല. മുള; കാരീയം; കല്ലാലു; പാച്ചിലമരം; ധനച്ചനം; കരിമ്പന
മഹാഭോഗകമിഴ്
മഹാഭീത=മുക്കുറ്റി
മഹാഭൃംഗാ=നീലക്കയ്യോന്നി
മഹാമണ്ഡൂകം=മഞ്ഞനിറമുള്ള പെരുന്തയള
മഹാമന=എട്ടടിമാൻ
മഹാമാഷം=വലിയ ഉഴുന്ന്
മഹാമാംസി=അഴുകണ്ണി
മഹാമുണ്ഡം=നായ്പുശ
മഹാമുണ്ഡനികാ=മഹാശ്രാവണി
മഹാമുണ്ഡി=മഹാശ്രാവണി
മഹാമുനി=ധൂമ്രപർണി; രുദ്രാക്ഷം; ഉണങ്ങിയ കൊത്തമ്പാലരി; അകത്തി
മഹാമൂല=പാതാളഗരുഡക്കൊടി; വലിയ ചുവന്നുള്ളി
മഹാമൂല്യം=മാണിക്യം
മഹാമൂഷികാ=പെരുച്ചാഴി
മഹാമൃഗം=എട്ടടിമാൻ; ആന
മഹാമൃഗനിതംബിനി=പിടിയാന
മഹാമേദ=മഹാമേദ

(മഹാമേദാക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നവുഷ്യദ്രവ്യമാകുന്നു.)

"മഹാമേദാഭിധഃ കന്ദോ
മോരംഗാതോ പ്രജായതേ;
ഋഷഭർഷകനിഭഃ കന്ദോ
ലതാജാതസ്സുപാണ്ഡുരഃ"

എന്നുള്ള പ്രമാണംകൊണ്ടു മഹാമേദ മോരംഗ—മോൾ—മുതലായ ദേശങ്ങളിൽ ഉണ്ടാകുന്നതും നല്ല ഋഷഭർഷകോലെ ഇരിക്കുന്നതും വെള്ള

ത്ത നിറത്തോടുകൂടിയതുമായ ഒരു വക ലതാകന്ദമാണെന്നു ഗ്രഹിച്ചു കൊള്ളണം.

"മേദോയുഗ്മം വരാ സ്നിഗ്ധാം
ക്ഷീരകമേദുപ്രവർദ്ധനം;
മധുരാ രസവീര്യാഭ്യാം
ജീവനഃ വാതപിത്തജിൽ"

എന്ന പ്രമാണമുള്ളതുകൊണ്ടു മേദയും മഹാമേദയും ഗുണങ്ങൾകൊണ്ടു തുല്യങ്ങളാകുന്നു. എങ്കിലും

"മഹാമേദോ ഹിമാ രുച്യാ
കഫക്ഷയകൃപ്രവൃദ്ധികൃൽ;
രക്തപിത്താപഹാസ്രുപിത്താനി
ക്ഷയം വാതം ജ്വരം ച സാ"

എന്നുള്ള രാജനിഘണ്ടു അനുസരിച്ചു് മഹാമേദതണുപ്പോടുകൂടിയതും രുചിയെ ഉണ്ടാക്കുന്നതും കഫക്ഷയങ്ങളെ അതിശയേന വർദ്ധിപ്പിക്കുന്നതുമാകുന്നു. അതു സർവ്വാംഗസന്താപം, രക്തപിത്തം, ക്ഷയം, വാതം, ജ്വരം ഇവയെ ശമിപ്പിക്കും.)

മഹാമോദം=കുരുക്കുത്തിമുല്ല
മഹാമോഹി=ഉമ്മം
മഹാമ്ലിട=കോല്ലുളി
മഹായോഗി=കോഴി
മഹായോഗേശ്വരി=നാഗദമനി
മഹാരജതം=ഉമ്മം; സ്വർണ്ണം
മഹാരജനം=സ്വർണ്ണം
മഹാരംഭം=മേരുപ്പു
മഹാരവം=മഞ്ഞനിറമുള്ള പെരുന്തുമ്പ
മഹാരസ=ആമരി; പെരുംഞാവൽ
മഹാരസം=ഇരുത്ത; രസം; കാടി; കരിമ്പു; നീർമുത്തങ്ങ
മഹാരാജച്ഛത്രം=വല്യഞെട്ടിക്കുഴിയൻ മാവു്
മഹാരാജദ്രുമം=വൻകൊന്ന
മഹാരാജഫലം=വലിയ ഞെട്ടിക്കുഴിയന്മാവു്
മഹാരുജാടകം=വലിയ ഞെട്ടിക്കുഴിയന്മാവു്
മഹാരാഷ്ട്രീ=നീർത്തിപ്പുലി
മഹാരിഷ്ടം=കരിവേപ്പു്
മഹാഋക്ഷം=ചീവൽപക്ഷി
മഹാർഘം=ചന്ദനം
മഹാലോധ്രം=വെളുത്തപാച്ചോ
മഹാലോലം=കാക്ക [റി
മഹാലോഹം=ഇരുമ്പുസ്ഥാനം
മഹാവര=കരിങ്കുറുക
മഹാവരോഹം=ഇത്തിയാലു്
മഹാവക്ഷോരുഹ=വെളുത്തതഴുതാമ
മഹാവല്ലി=പാൽച്ചുര; മാധവി; കരിവള്ളി
മഹാവാത്താകിനി=ചെറുവഴുതിന
മഹാവീര=ക്ഷീരകാകോളി
മഹാവീരാ=ചെവരം; സിംഹം; ഏകവീരം; കണവീരം; കയിൽ
മഹാവീര്യ=വലിയ ശതാവരി; കാട്ടുപരുത്തി
മഹാവൃക്ഷം=പന്നിക്കിഴങ്ങു്
മഹാവൃക്ഷം=ധന്വനം; ചതുരക്കള്ളി; തെങ്ങു്; വലിയ ഉകമരം
മഹാവൃഷ്യ=നിലപ്പന
മഹാവൃഹതി=തക്കാരിവഴുതിന
മഹാവ്രീഹി=പെരുനെല്ലു്
മഹാശംഖം=പേരുമ്മം
മഹാശണം=കിലുകിലുപ്പ
മഹാശണപുഷ്പി=വലിയ കിലുകിലുപ്പ
മഹാശണപുഷ്പിക=വലിയ കിലുകിലുപ്പ
മഹാശത=വലിയ ശതാവരി
മഹാശതാവരി=വലിയ ശതാവരി
മഹാശയാ=സമുദ്രം
മഹാശാഖ=വലിയ ഈശ്വരകം
മഹാശാലം=വേങ്ങ
മഹാശാലി=പെരുഞ്ഞെന്നെല്ലു്
മഹാശിംബി=പെരുഞ്ഞണ്ടിപ്പയറു്

മഹാശീത=ശതാവരി
മഹാശ്വേത=മുത്തുച്ചിപ്പി
മഹാശ്വേതി=ഹസ്തിശുണ്ഡി
മഹാശ്വേതം=വെള്ളി
മഹാശൃംഗം=കടമാൻ
മഹാശ്വേതാ=വെളുത്ത കടലി
മഹാശ്യാമ=കൂവള ഇരുവുംമരം; മറിങ്ങനി
മഹാശ്രാവണി=മഹാശ്രാവണി

(ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. കടമ്പിന്റെ പൂവുപോലെയുള്ള പൂവും ഗോളാകൃതിയിലുള്ള കായും ഉള്ളതും നിലത്തു പടരുന്നതും ആകുന്നു.

"മഹാമുണ്ഡീ തു മധുരാ തിക്താ
ചോണ്ണാ രസായനീ;
രുച്യാ സച്ഛ്യാ ത്രിദോഷഘ്നീ
ബാധനാശകരീ മതാ;
അന്യേ ഗുണാസ്തു മുണ്ഡീവ
ജ്ഞേയാ വൈദ്യൈശ്ച സൂരിഭിഃ"

എന്നു് നിഘണ്ടുരത്നാകരത്തിൽ കാണുന്നതുകൊണ്ടു മഹാശ്രാവണി മധുരം കൈപ്പു് എന്നീ രസങ്ങളോടും ഉഷ്ണവീര്യത്തോടും കൂടിയ ഒരു രസായനദ്രവ്യമാകുന്നു എന്നു മഹിക്കേണ്ടതാകുന്നു. അതു രുചിയെ ഉണ്ടാക്കും. സ്വരത്തെ നന്നാക്കും. ത്രിദോഷത്തേയും വാതത്തേയുംശമിപ്പിക്കും കൂടാതെ ശ്രാവണിയെപ്പോലെ ഗളഗണ്ഡം, ഗണ്ഡമാല, അപചി, കഫദോഷം, പ്ലീഹ, ഉന്മാദം, ശ്ലീപദം, പാണ്ഡു, അരുചി, യോനിശൂലം, കാസം, അർശസ്, മൂത്രകൃഛ്രം, പിത്തം, അപസ്മാരം, കൃമി, ശ്വാസം, കഷ്ടം, വിഷ്ടദോഷം, അതിസാരം, ക്ഷയി, എന്നിങ്ങനെയുള്ള രോഗങ്ങളേയും ശമിപ്പിക്കുന്നതുകൊണ്ടു മഹാശ്രാവണിയും ശ്രാവണിയും ഗുണങ്ങളിൽകൊണ്ടു പ്രായേണ സമാനങ്ങളാണെന്നുകൂടി അറിഞ്ഞുകൊള്ളണം.)

മഹാശ്രാവണീക=മഹാശ്രാവണി
മഹാശ്ലക്ഷ്ണ=മണൽ
മഹാശ്വേത=വെളുത്ത കുടഭി; പാൽമുതക്കു്
മഹാശ്വേതഘണ്ടി=വലിയ കിലുകിലുപ്പ
മഹാസമംഗ=വലിയ കൂവളത്തോട്ടി
മഹാസജ്ജു=പ്ലാവു്; വേങ്ങ
മഹാസത്ത്വനേത്ര=ചിറ്റരത്ത
മഹാസഹ=വൻകുറുഞ്ഞി; കാട്ടിഴ
മഹാസഹം=മുള്ളുചേമന്തി [ന്നു്
മഹാസാരം=പീനാറി
മഹാസിത=വലിയ കിലുകിലുപ്പ
മഹാസിംഹം=എട്ടടിമാൻ
മഹാസുഗന്ധ=പേരരത്ത
മഹാസ്കന്ധ=ഞാവൽ
മഹാഹിംസ്ര=പേരരത്ത
മഹിള അരേണുകം
മഹിഷം=പോത്തു്
മഹിഷകന്ദം=എരുമക്കിഴങ്ങു്
മഹിഷവല്ലി=എരുമവള്ളി
മഹിഷാക്ഷ(ക)ം=ഗുഗ്ഗുലു
മഹിഷാഖ്യം=ഗുഗ്ഗുലു
മഹിഷാസുരസംഭവം=ഭൂമിഗുഗ്ഗുലു
മഹിഷി=എരുമ
മഹിഷീക്ഷീരം=എരുമപ്പാൽ
മഹിഷീഘൃതം=എരുമനെയ്യു്
മഹിഷീപ്രിയ=എരുമപ്പുല്ലു്
മഹിഷീമൂത്രം=എരുമമൂത്രം
മഹിള=ഞാഴൽ
മഹിളാഹ്വയം=ഞാഴൽ
മഹീജം=ഇഞ്ചി
മഹീപ്രാചീരം=സമുദ്രം
മഹീരുഹം=മരപ്പുളി; തേക്കുമരം
മഹീസഹം=തേക്കുമരം
മഹേന്ദ്രകദളി=ഏഴ്ത്തവാഴ
മഹേന്ദ്രവാരുണി=വലിയ കാട്ടിത്തുള്ളരി
മഹേരണ=ഈന്തിൽ

മഹരുണ=ഇന്ദ്രനീൽ
മഹേശ്വാസു=ഹ്രുവളം
മഹേശ്വരി=നല്ല പിച്ചള
മഹൈരണ്ഡം=വെരിയാവണക്ക്
മഹൈലം=വേരേലാ
മഹൗഷധി=ചെറുവഴുതിന
മഹൗഷധിക=തക്കാരിവഴുതിന; ചെറുവഴുതിന
മഹൗത്പലാ=വണ്ടാരങ്കോഴി; താമര
മഹൗദധി=സമുദ്രം
മഹൗദയ=വലിയ ഉന്നകാ
മഹൗഷധി=വലിയ ശതാവരി
മഹൗന്നതം=കരിമ്പന
മഹൗരഗം=പിണ്ഡതകരം
മഹൗശജസീ=വലിയ വാലുഴവം
മഹൗഷധി=ശതാവരി
മഹൗക്ഷധം=ചുക്ക്; ഇഞ്ചി; നിലയവര; അതിവിടയം; പന്നിക്കിഴങ്ങ്; തിപ്പലി; വെള്ളുള്ളി; വത്സനാഭം
മഹൗക്ഷധി=ചെറിയ ബ്രഹ്മി; കരിങ്കുക; ചുക്ക്; ബ്രഹ്മി; അതിവിടയം; കടുരോഹിണി; പന്നിക്കിഴങ്ങ്; മുക്കുറാറി; വെട്ടിത്ത കണ്ടകാരിച്ചുണ്ട
മഴമുല്ല=മഴമുല്ല

(മഴമുല്ല ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും ഇതു വർഷകാലത്തിൽ പൂക്കുന്നു. പൂവിനു നല്ല ഗന്ധമുണ്ടായിരിക്കും. നീണ്ട പൂവുള്ളതും ഉരുണ്ട പൂവുള്ളതും ഇങ്ങനെ പലതരത്തിലുണ്ട്. വള്ളിമുല്ല, കുടമുല്ല, മഴമുല്ല, മുൽഗരമുല്ല ഇതുകളെല്ലാം മല്ലികാഭേദങ്ങളാകുന്നു. മഴമുല്ല ശീതവീര്യത്തോടും ലഘുത്വത്തോടും കഷായരസത്തോടും കൂടിയതാകുന്നു. ത്രിദോഷകോപം, കണ്ണുരോഗം, നേത്രരോഗം, മുഖരോഗം മുതലായവയെ ശമിപ്പിക്കും. മഴമുല്ലപ്പൂകൊണ്ടുള്ള തൈലത്തിന്റെയും ഗുണങ്ങൾ മഴമുല്ലയുടെ ഗുണങ്ങൾ തന്നെയായിരിക്കും.

"വാഷ്പികീ ശീതളാ ലഘ്വീ
തിക്താ ദോഷത്രയാപഹാ,
കണ്ഠാക്ഷിമുഖരോഗഘ്നീ
തദ്തൈലം തദ്ഗുണം സ്മൃതം."

എന്ന പ്രമാണവും ഉണ്ട്.)

മഴവെള്ളം=മഴവെള്ളം

(മഴവെള്ളം രാജവർഗ്ഗത്തിൽ ചേർന്നതാകുന്നു. വർഷമുള്ളപ്പോൾ ഒരു നല്ല പാത്രത്തിന്റെ മുഖത്തു് ജ്വലമായ തുണിവിരിച്ചു വക്കിൽ കെട്ടി പാത്രം ഉയരെവച്ചു് ആകാശത്തുനിന്നും വീഴുന്ന ജലം അതിലാക്കി എടുക്കുന്നതാണു് ഇവിടെ മഴവെള്ളമെന്നു പറഞ്ഞിരിക്കുന്നതു്.

"ധൌതാ ജ്വലം സിതം വസ്ത്രം
ചതുർഹസ്തപ്രമാണകം,
ബദ്ധാസ്യവിഹസ്തായതവാര-
ശ്ചതുഷ്കോണേഷു ബന്ധയേൽ,
തസ്മാൽ പരീക്ഷ്യ തത്തോയം
ജ്വലം രൂപ്യമയേ ഘടേ,
കാംസ്യപാത്രേ സമുദ്ധൃത്യ
പരിരക്ഷേദ് ഭിഷഗ്വരഃ"

എന്ന ഹാരീതസംഹിതയിലും

"യാരാഭിപതിതം തോയം
ഗൃഹീതം സ്ഫടികാസനാ,
ശിലായാം വസുധായാം വാ
ധൌതായാം പതിതം ച തൽ,
സൌവർണ്ണേ രാജതേ താമ്രേ
സ്ഫാടികേ കാചനിർമ്മിതേ,
ഭാജനേ മൃൺമയേ വ്യാപി
സ്ഥാപിതം യാരമുച്യതേ."

എന്ന ഭാവപ്രകാശത്തിലും മഴവെള്ളത്തെ സംഭരിക്കേണ്ട വിധം നിർദ്ദേശിച്ചിരിക്കുന്നു.

"ജലേഷു ദിവ്യം ഉദകേഷു
ഗവ്യമാജ്യേഷു ഗോഘൃതം,

തൈലേഷു തിലജം തൈല-
മൈക്ഷവേഷു സിതാ ഹിതാ.”

എന്നുള്ള വചനമനുസരിച്ചു ജലങ്ങളിൽവെച്ചു ദിവ്യജലവും. പാലിൽ വെച്ചു് പശുവിൻപാലും, നെയ്യിൽ വെച്ചു് പശുവിൻനെയ്യും, എണ്ണയിൽ വെച്ചു് എള്ളെണ്ണയും, കരിമ്പിൽ നിന്നുണ്ടാക്കുന്ന ദ്രവ്യങ്ങളിൽവെച്ചു പഞ്ചസാരയും ശ്രേഷ്ഠമാണെന്നു ഗ്രഹിക്കേണ്ടതാകുന്നു. മഴവെള്ളം മുന്നു ദോഷങ്ങളേയും ശമിപ്പിക്കും. അസ്സുഖങ്ങളായ സകല രസങ്ങളോടുകൂടിയതാകുന്നു. ബലത്തേയും രുചിയേയും ഉണ്ടാക്കും. മനസ്സിനെ സന്തോഷിപ്പിക്കും. ആയുസ്സിനെ വർദ്ധിപ്പിക്കും. വാർദ്ധക്യത്തെ നശിപ്പിക്കും. ബുദ്ധിയും സൌമ്യവും ആകുന്നു. അമൃതെത്ത പചിക്കും. ബുദ്ധിയെ നന്നാക്കും. മൂർച്ഛാ, തന്ദ്രീ, ദാഹം, ശ്രമം, ക്ലമം, തണ്ണീർദോഷം ഇവയെ നശിപ്പിക്കും. ഒരുള്ളത്തിനു പല വിഭാഗങ്ങളുണ്ടു്. ഓരോന്നിൽനിന്നുണ്ടാകുന്ന മുതലായവയെ സന്ദർഭം അനുസരിച്ചു വിവരിക്കുന്നതാണു് യുക്തമെന്നു വിചാരിക്കുന്നു.)

മറിക്കുന്നി=മറിക്കുന്നി

(മറിക്കുന്നി വീരുദ്വർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. ചെറുതും വലുതും എന്നു രണ്ടുതരത്തിലുണ്ടു്. രണ്ടിനും ഗുണങ്ങൾപോലെ സമാനങ്ങളാണു്. എങ്കിലും ചെറിയ മറിക്കുന്നിക്കു് അല്പം പ്രഭാവക്കുറവുണ്ടു്. വാതം, കഫം, കൃമി, അമൃതദോഷം ഇവയെ ശമിപ്പിക്കും. ബുദ്ധിയേയും സ്വരത്തേയും നന്നാക്കും. വിരേചനത്തെ ഉണ്ടാക്കും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. ശരീരകാന്തിയേയും ധാതുബലത്തേയും ഉണ്ടാക്കും. ബലത്തേയും രുചിയേയും വർദ്ധിപ്പിക്കും. ശരീരത്തിനു പുഷ്ടി ഉണ്ടാക്കും. ഉപദംശം, പാണ്ഡുരോഗം, ക്ഷയം, പ്രമേഹം, വാതരക്തം, ആമവാതം, ശോഫം ഇവയേയും ശമിപ്പിക്കും. മധുരം, എരിവു്, കയ്പു്, കവർപ്പു് ഈ രസങ്ങളോടും ലഘുത്വത്തോടും ഉഷ്ണവീര്യത്തോടും വിപാകത്തിൽ എരിവു രസത്തോടും കൂടിയതാകുന്നു.

“വൃഷ്യോരുദ്വയം ശൈത്യം
പിച്ഛിലം കഫവാതഹൃത്;
ബല്യം കാസാമദോഷഘ്നം
ദ്വിതീയം സപ്തപർണ്ണവീര്യദം”

എന്നു രാജനിഘണ്ടുവിലും;

“സാധാരണോ വൃഷ്യോരുഃ
കടുഃ സ്നിഗ്ധഃ കഷായകഃ;
രസായനോഽഗ്ര്യോ മധുരോ
മേധ്യഃ സപ്തഃ സരോഗ്നിദഃ;
കാന്തിധാതുകരോ ബല്യോ
രുച്യഃ പുഷ്ടികരോ ലഘുഃ;
ഉപദംശം പാണ്ഡുരോഗം
ക്ഷയം കാസം പ്രമോഹകം;
വാതരക്തഞ്ചാമവാതം
വാതം ശോഫം കഫം ജയേൽ”

എന്നു നിഘണ്ടുരത്നാകാരത്തിലും മറിക്കുന്നിയെപ്പറ്റി വിവരിച്ചു പറഞ്ഞിട്ടുണ്ടു്.)

മറിക്കുന്നിഎണ്ണ=മറിക്കുന്നിഎണ്ണ

(ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മറിക്കുന്നിയുടെ അരിയിൽനിന്നും എടുക്കുന്നു. കഫം, കൃമി, വാതം, കൃമി, ദുഷ്ടവ്രണം ഇവയെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും.)

മറിമാൻ=മറിമാൻ

(മറിമാൻ മൃഗവർഗ്ഗത്തിൽ ചേർന്നതാകയാൽ ഇതിന്റെ മാംസം ജാംഗലമാംസമാകുന്നു. മലബന്ധത്തെ ഉണ്ടാക്കും. ശീതവും ലഘുവും ആകു-

ന്നു. അധികമായ പിത്തകോപത്തോടും ആതിൽ കുറഞ്ഞ വാതകോപത്തോടും ആതിൽക്കുറഞ്ഞ കഫകോപത്തോടും കൂടിയ സന്നിപാതരോഗത്തിൽ ഹിതമാകുന്നു. മാനിന്റെ മാംസത്തിനുള്ള ഗുണങ്ങളെല്ലാം സാമാന്യേന ഇതിനും ഉണ്ടായിരിക്കും. മറിമാനിന്റെ ചില സ്ഥലങ്ങളിൽ കൂമാൻഎന്നും പറയാറുണ്ട്.)

മരുളുടരി=മരുളുടരി

(മരുളുടരി വിശദമായിട്ട് ചേർന്നതാകുന്നു. ഇതു് ഒരുജാതി പേലിപ്പുരുത്തിയെന്നാണു് നൂസിഫാചായ്യുന്റെ അഭിപ്രായം. ഇതിന്റെ ഇലവൃത്താകൃതിയിലായിരിക്കും. ധാതുക്കളെ വർദ്ധിപ്പിക്കും ശുക്ലബലത്തെ ഉണ്ടാക്കും. ഗർഭസന്താനത്തെ ചെയ്യും. മലശോധനയെ ഉണ്ടാക്കും. വാതത്തെ കോപിപ്പിക്കും. കഫം, പിത്തം, രക്തദോഷം, ചൂട, ദുഃഖം, അരുചി, മൂത്രകൃച്ഛ്രം, വിഷം ഇവയെ ശമിപ്പിക്കും. കയ്പ്, കവപ്പ്, എരിവു്, മധുരം ഈ രസങ്ങളോടുംലഘുത്വത്തോടും ശീതവീര്യത്തോടും വിപാകത്തിൽ എരിവുരസത്തോടും കൂടിയതാകുന്നു. ഇതിനെ മരുകുടരി എന്നും പറയാറുണ്ട്.)

മാ

മാംസാ=മാംസാ

(മാംസം സാമാന്യേന വാതത്തെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. ശരീരത്തെ തടിപ്പിക്കും. രുചിയെ ഉണ്ടാക്കും. മനസ്സിനു സന്തോഷത്തേയും പ്രസാദത്തേയും വരുത്തും. ഷഡ്രസങ്ങളിൽ വെച്ചു് ഉത്തമം ആകുന്നു. ഇപ്പോൾ കൊന്നടുത്ത യൌവനമുള്ള ജന്തുവിന്റെ ഇഷ്ടമായ മാംസംഉപയോഗിക്കുവാൻ നല്ലതാകുന്നു. വധയോഗ്യമരിച്ചതിന്റേയും ദോഷം മെലിഞ്ഞതിന്റേയും ദുർമ്മേദസ്സോടുകൂടിയതിന്റേയും രോഗം ഹേതുവായിട്ടോ വെള്ളത്തിലോ വീണോ വിഷമേറ്റോ മരിച്ചതിന്റേയും മാംസം ഉപയോഗിക്കരുതു്.

"മാംസം സദ്യോഹതം ഗ്രാഹ്യം
വയസ്ഥഞ്ച ഭജേൽ ത്യജേത്;
സ്വയം മൃതം കൃശം ദോഷ്യം
വ്യാധിവാരിവിഷൈർഹതം"

എന്നാണു വാഗ്ഭടവചനം. ദേശഭേദം മുതലായവയെ അനുസരിച്ചു് മാംസം വിലയിരുത്തിലുണ്ടു്. അവയെ സന്ദർഭം നോക്കിയറിഞ്ഞു് വിവരിക്കുന്നതായതുകൊണ്ടു് ഓരോന്നിന്റേയും ഗുണങ്ങളെ പ്രത്യേകം എടുത്തുപറയുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല.)

മാംസരോഹിണി= മാംസരോഹിണി

(ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്ന വൃക്ഷവർഗ്ഗമാകുന്നു. ഇതു് രണ്ടുതരമുണ്ടു്. ഈ വൃക്ഷം അധികവും ജാംഗലഭൂമിയിലാണു് ഉണ്ടാകുന്നതു്. ഇല കൊന്നയുടെ ഇലപോലെയിരിക്കും. കായു് നല്ല ഗന്ധത്തോടും പിച്ചിലതയുടേതോടുകൂടിയതായിരിക്കും. ഇതു് മൂന്നു ദോഷങ്ങളേയും, രക്തപിത്തത്തേയും ഗ്രഹണീരോഗത്തേയും ശമിപ്പിക്കും. വീര്യത്തെ വർദ്ധിപ്പിക്കും. വിരേചനത്തെ ഉണ്ടാക്കും. ഉഷ്ണവീര്യത്തോടുകൂടിയതാകുന്നു.

"സ്യാന്മാംസരോഹിണീ വൃഷ്യാ
സരാ ദോഷത്രയാപഹാ"

എന്നു് ഭാവപ്രകാശത്തിലും,

"മാംസരോഹിണികാ വൃഷ്യാ
ചോഷ്ണാ ച രക്തപിത്തജിത്;

ചുവ്വാ നടക്കുന്നീ ഹന്ത!
നന്ദകാര്യം വിചാരണം”
എന്ന് നിഘണ്ടുരത്നാകരത്തിലും
കാണുന്നു.
മാനുച്ചട=മാനുരാവിണി
മാനുഭാവം=നെരിഞ്ഞിൽ
മാനുപുഷ്പിക=ദ്രോണപുഷ്പി
മാനുഫല=തക്കാരിവട്ടുതിനാ
മാനുഷീകൃത=പാണ്ഡു
മാനുഷ്യക=കാടിനാൻ
മാനുഷ്യക=മാനുരോഹിണി
മാനുഷ്യാഹ=മാനുരോഹിണി;
ദ്വിതീയ മാനുരോഹിണി
മാനുഷ്യാഹി=മാനുരോഹിണി
മാനുഷ്യാഹികി=ദ്വിതീയമാനുരോ
മാനുഷ്യാ-ഴിനി ഹിണി
മാനുഷ്യാ=തണ്ണിമത്ത
മാനുഷ്യാഫല=തക്കാരിവട്ടുതിനാ
മാനുഷ്യാഫലാ തണ്ണിമത്ത
മാനുഷ്യാന്തര=തണ്ണിമത്ത
മാനുഷി-രാജ്ഞി; ദ്വിതീയ മാനുരോ
മാനുഷിനി=രാജ്ഞി ഹിണി
മാനോഷ്ണ=മുലപ്പാൽ
മാകന്ദം=മാവ് ല്ലി
മാകന്ദി=മാകന്ദി.പീതചന്ദനം; നെ

(മാകന്ദി ശാകവഗ്ഗത്തിൽചേർന്ന മൂലഗാകാകുന്നു. ഇതു് രണ്ടുവിധമുണ്ടു്. വെളുത്തതു് കറുത്തും രണ്ടുതരമുണ്ടു്. വെളുത്തതു് ഗുണാധിക്യത്തോടു കൂടിയതാകുന്നു. ത്രിദോഷത്തെ അല്പമായി കോപിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കുമെന്നും കാണുന്നു. ബലത്തെയുണ്ടാക്കും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. ഉദരരോഗത്തെ ശമിപ്പിക്കും. മധുരം, കൈപ്പു്, എരിവു് ഈ രസങ്ങളോടും തീക്ഷ്ണതയോടും പാകത്തിൽ മധുരരസത്തോടും കൂടിയതാകുന്നു. പ്ലീഹ, ഗുല്മം, ഉദരം, ആനാഹം, ശീത ഛർദ്ദി, പാണ്ഡു, ശോഫം, കൃമി, ഗുൽമം, ഗ്രഹണി ഇവയേയും ശമിപ്പിക്കും.)

“മായിനാ തിക്തകാ തീക്ഷ്ണാ
മധുരാഗ്നി പ്രദീപനീ;
രുച്യാബലകരീ ചൈവ
പ്ലീഹവാതകഫാന്തകൃത്;
സ്വല്പോദരാനാഹശീത
ജ്വരനാശകരീ സ്മൃതാ;
കന്ദസ്ത്വകേമധുരോ
വികാശീ പാണ്ഡുശോഫജിത്;
കൃമിപ്ലീഹാപാണ്ഡു ഗുല്മ
ഗ്രഹണ്യർശോജിത്”

എന്നും നിഘണ്ടുരത്നാകരവും

“മാകന്ദീ മധുരാ തിക്താ
കടുകാ ദീപനീവര;
രുച്യാബല്യവാതകൃത്പിത്താ
ഗ്നിമാന്ദ്യനാശിനീ.”

എന്ന ശാലിഗ്രാമനിഘണ്ടുവിലുമുള്ള ഗുണത്തിലും കാണുന്നു.)

മാക്കീരക്കല്ല്=മാക്കീരക്കല്ല്

(മാക്കീരക്കല്ല രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതു വ്യാമകുന്നു. ഇതു സ്വർണ്ണമാക്ഷികരസമെന്നും താരമാക്ഷികരസമെന്നും രണ്ടുവിധമുണ്ടു്. രണ്ടും ഗുണങ്ങൾകൊണ്ടു് അന്യോന്യം ഭിന്നങ്ങളുമാണു്. മാക്കീരക്കല്ല് മധുരം, കയ്പു് ഈ രസങ്ങളോടുകൂടിയതും ശുക്ലത്തെ വർദ്ധിപ്പിക്കുന്നതും ജ്വരത്തെ നശിപ്പിക്കുന്നതും കണ്ണിനു് ഹിതമായിട്ടുള്ളതും ആകുന്നു. വസ്തിരോഗം, ഹൃദ്രോഗം, കണ്ണുരോഗം, പാണ്ഡുരോഗം, പ്രമേഹം, വിഷം, ഉദരരോഗം, അർശസ്സു്, നീരു്, ചൊറി, ത്രിദോഷകോപം ഇവയെ ശമിപ്പിക്കും.

“സുവർണ്ണമാക്ഷികം സ്വാദു
തിക്തം വൃഷ്യം രസായനം,

"ഭാട്ടുലാം മാക്ഷികം കഫ്യാ
മാന്ദ്യം കഫ്യം കുരയം ക്രമീൻ,
ദരോദരീഭം ഗുദയോനിരോഗം
തസ്യാൻ കനകമാക്ഷികം"

എന്ന നിഘണ്ടുരണാകരം. താരമാക്ഷികഗുണം.-താരമാക്ഷികം രൂക്ഷം, കഫ്യം, ക്രമി, ശോഫം പാണ്ഡുരോഗം. ഭാവപ്രകാശം. ധന്വന്തരി ഇവയെ രമിച്ചിരിക്കുന്നു.

"മാക്ഷികോ രജതവർണകപ്രഭേ
ശോധിതോതിഗുണദഃസുരേവിതഃ,
മോഹകുഷ്ഠ കൃമിശോഫപാണ്ഡുതാ
പസ്മൃതിം ഹരതി സോശ്മരീം
ജയേൽ"

എന്ന് ശാലിഗ്രാമനിഘണ്ടുവിലും താരമാക്ഷികഗുണങ്ങൾ ഏകദേശം പറഞ്ഞിട്ടുണ്ട്.)

മാക്ഷികം—മാക്ഷികമെന്ന പേരുള്ള തേൻ; പൊൻനിറമുള്ളമാക്ഷീരക്കല്ല്; വെള്ളത്തമാക്ഷീരക്കല്ല്; മാക്ഷികമെന്ന തേൻ

(മാക്ഷികമെന്ന തേൻ രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു തേനിന്റെ കൂട്ടത്തിൽ ശ്രേഷ്ഠവും നല്ലണ്ണയുടെ നിറവും എല്ലാ പുഷ്പരസങ്ങളേയും കുടിക്കുന്ന മക്ഷികകൾ എന്നു പറയപ്പെടുന്നപിംഗലവർണ്ണമുള്ള ഈച്ചകളാൽ ഉണ്ടാക്കപ്പെടുന്നതും ആകുന്നു.

"നാനാപുഷ്പരസാഹാരാഃ
കപിലാ വനമാക്ഷികാഃ,
യാ സ്ഥൂലാസ്താഭിരുൽപ്പന്നം
മധുമാക്ഷികമുച്യതേ."

എന്നു മാക്ഷികത്തെപ്പറ്റി രാജനിഘണ്ടുവിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ

"മാക്ഷികാഃ പിംഗവർണ്ണാഃ സ്യു
ർമ്മക്ഷികാ മധുമാക്ഷികാഃ,
താഭിഃ കൃതം തൈലവർണ്ണം
മാക്ഷികം പരികീർത്തിതം"

സക്ഷൗദ്രം വാസ്തികഫ്യന്നം
പിത്തരക്തവിനാശനം.
ഗാഢസ്നായുവിശുഷ്കഘ്നം
തുരുമ്പാചി നാശനമ്"

എന്ന ധന്വന്തരിയും പറയുന്നു.

"മാക്ഷികം മധുരാ രൂക്ഷ
മുഷ്ണം ക്ഷാ കഫാപഹം.
ത്രിദോഷഘ്നം കൃമിഹരം
ശ്വാസകാസവിഷാപഹം"

എന്നും

"മാക്ഷികം ഉവരം വൃഷ്യാ
സപ്തഘ്നം പുഷ്പ രസായനാം,
മക്ഷുഷ്യം കഫ്യശോഫാർശോ
മേഹവസ്ത്രപ്രിപാണ്ഡുതാം,
വ്യന്മായി കടുകം ഹന്തി
കഫ്യോദിരവിഷക്ഷയം."

എന്ന ശാലിഗ്രാമനിഘണ്ടുഭൂഷണത്തിലും കാണുന്നു. മാക്ഷികഭേദാദി-

"മാക്ഷികസ്യ ത്രയോഭാഗാ
ഭാഗൈകം സൈന്ധവസ്യ ച,
മാതുളുംഗരസൈർവ്വാഥ
ജംബീരസ്യ ദ്രവൈഃ പചേൽ,
ചാലയേല്ലോഹജേ പാത്രേ
യാവൽപാത്രം സുലോഹിതം,
ഭവേത്തദസ്യ സംജ്ഞാച
സപർണ്ണമാക്ഷികമിച്ഛതി"

മാരണം:—

കുലത്ഥസ്യ കഷായേണ
പ്ലുഷ്ട്വാതൈലേന വാ പുടേൽ,
തക്രേണ വാജമൂത്രേണ
ക്രിയതേ സപർണ്ണമാക്ഷികം"

അശുദ്ധമാക്ഷികദോഷം:—

"മന്ദാനലത്വംബലഹാനിമുഗ്രാം
വിഷ്ടംഭിതാംനേത്രഗദാൻ സകൃ
ഷ്ടാൻ,
മലാം തഥൈവവ്രണപൂയികാശ്ച
കുര്യാദശുദ്ധം ഖലു മാക്ഷികം ച"

എന്ന ഭാവഭാവപ്രകാശം.

എന്ന രാവുച്ചകാശത്തിലും കാണുന്നു. ഹൈച്ഛികം, ദ്യൂതരം, ക്ഷൗദ്രം, മാക്ഷികം എന്നിങ്ങനെ നാലുവിധം തേൻ എന്നിങ്ങനെ എട്ടിപ്രകാരത്തിലുള്ള തേനിനും മാക്ഷികം ശ്രേഷ്ഠമാകുന്നു. മാക്ഷികം നയനരോഗം കാഫം, ഛർദ്ദി, ഉദരക്ഷതം കാസം എന്നിവയെ ശമിപ്പിക്കും.)

മാക്ഷികജം=മെഴുക്

മാക്ഷികധാതു=വൈരാറാമുള്ള മാക്ഷീരക്കല്ല്

മാക്ഷികഘൃതം=തേനെയ്യ്

മാക്ഷികശർക്കര=തേൻകൊണ്ടുണ്ടാക്കുന്ന ശർക്കര

മാക്ഷീകം=തേൻ; വൈരാറാമുള്ള മാക്ഷീരക്കല്ല്; വെള്ള മാക്ഷീരക്കല്ല്

മാക്ഷീകശർക്കര=തേൻകൊണ്ടുണ്ടാക്കുന്ന ശർക്കര

മാഗധം=കാരുപ്പ്; ജീരകം; വെള്ള ജീരകം; തിപ്പലിമൂലം

മാഗധി=പഞ്ചസാര; തിപ്പലി; കുരുമുഴി ചിറ്റേലം; പന്നിക്കിഴങ്ങ്

മാഗധിക=തിപ്പലി

മാല്യ=കുരുക്കുത്തിമുല്ല

മാംഗല്യം=ഉറുഞ്ഞി

മാംഗല്യാഹ്വ=ത്രായമാണ

മാങ്ങാഎണ്ണ=മാങ്ങാഎണ്ണ

(ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മാങ്ങയണ്ടിയുടെമജ്ജയിൽനിന്നു് എടുക്കുന്നു. ഈ തൈലം മധുരവും നല്ല ഗന്ധത്തോടുകൂടിയതും രൂക്ഷവും ആകുന്നു. കഫവാതങ്ങളെ ശമിപ്പിക്കും. കുറഞ്ഞോന്നു പിത്തത്തെ വർദ്ധിപ്പിക്കും.

"അമ്ലബീജഭവം തൈലം
സുഗന്ധി മധുരം മതം,
രൂക്ഷം കിഞ്ചിൽ പിത്തളം ച
തിക്തം ച വിദാഹം നാമ
കൃഛവാതഹരം ചൈവ
മുനിഭിഃ പരികീർത്തിതം"

എന്നു ശാലിനാഥനുദ്ധരിച്ചിരിക്കുന്നു.)

മാങ്ങാനാറി-മാങ്ങാനാറി

(മാങ്ങാനാറി പൂർവ്വപ്രയോഗത്തിൽചേർന്ന ഔഷധമാകുന്നു. ഇതു് കുരുപ്പുകൊണ്ടു സ്ഥലജം, ജലജം എന്നിങ്ങനെ രണ്ടുതരമായിട്ടു വിഭാഗിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ സ്ഥലജം ശാകങ്ങളുടെ കൂട്ടത്തിലും, ജലജം ഔഷധങ്ങളുടെ കൂട്ടത്തിലും, ഉപയോഗിച്ചുവരുന്നു. ഇതുകൊണ്ടു ഇലയ്ക്കു മാങ്ങയുടെ ഗന്ധവും കായുകുരുക്കു് ഓല്പം വരവനുപ്പും ഉണ്ടു്. ഇതു വാതം, വായുമൂട്ടിൽ, വിഷം, ഭൂതം, ഗുദാ, കഫം, ചുമ എന്നിവയെ ശമിപ്പിക്കും. ജാരാഗ്നിയെ വർദ്ധിപ്പിക്കും. മുഖത്തിനു ശ്ലക്ഷ്ണിയേയും വർണ്ണത്തിനു പ്രസാദത്തേയും വായ്ക്കു രുചിയേയും ഉണ്ടാക്കും.)

മാങ്ങാമഞ്ഞൾ=മാങ്ങാമഞ്ഞൾ

(ഇതു പണ്യവർഗ്ഗത്തിൽചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. വാതത്തെ അധികമായി വർദ്ധിപ്പിക്കും. പിത്തത്തേയും എല്ലാവിധത്തിലുള്ള ചൊറിയേയും ശമിപ്പിക്കും. മധുരം, കയ്പ് ഈ രസങ്ങളോടും ശീതവീര്യത്തോടും ലഘുത്വത്തോടും കൂടിയതാകുന്നു. അമ്ലരസത്തോടും കൂടിയതാണെന്നും പക്ഷാന്തരം. രുചിയെ ഉണ്ടാക്കും. ജാരാഗ്നിയെ ദീപിപ്പിക്കും. വിരേചനത്തെ ഉണ്ടാക്കും. കുഷ്ഠം, വലിയ വ്രണം, കാസം, ശ്വാസം, ഇക്കിൾ, ജ്വരം ഇവയേയും അരച്ചു ലേപനം ചെയ്താൽ അഭിഘാതംകൊണ്ടുണ്ടായ ശോഫത്തേയും ശമിപ്പിക്കും.

"സുരഭിസ്സ ഗോമാംസീ
കഷ്ടായാ കടുശീതളാ;
കാടപ്രിയാ ത്രിദോഷഘ്നീ
പിത്തഘ്നീ ദാഹകാന്തികൃത്"

എന്ന രാജനിഘണ്ടുവിലും

"ഗാനലോഭവന ജ്വരാ-
ന്ത്രക്ഷതാഗൈവ നാശയേത്"

എന്ന രാജവല്ലഭത്തിലും മാഞ്ചിയുടെ ഗുണങ്ങളെപ്പറ്റി പറഞ്ഞു കാണുന്നു.)

മാടപ്രാവ്= വടപ്രാവ്

(മാടപ്രാവ് പ്രത്യേകവർഗ്ഗത്തിൽ ചേർന്ന ഗാർഹപക്ഷിയാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കും. ബലബന്ധത്തെ ഉണ്ടാക്കും. ബലത്തെയും ആയുസ്സിനെയും വർദ്ധിപ്പിക്കും. ശരീരത്തിന് പുഷ്ടിയെ ഉണ്ടാക്കും. വീടുകളിൽ വളർത്താറുള്ള പ്രാവിനെയാണല്ലോ മാടപ്രാവ് എന്ന പറയുന്നതു്.)

മാഡാ= പുണ്ടരീക
മാഡ്ഡുകാ= പുണ്ടരീക
മാണകം=കുപ്പച്ചീര
മാണിക്യം=മാണിക്യം

(മാണിക്യം രസായനബന്ധനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. ഇതു് ഉത്ഭവസ്ഥലഭേദമനുസരിച്ചു് പദ്മരാഗം, കുരുവിന്ദകം, സൌഗന്ധികം, നീലഗന്ധികം ഇങ്ങനെ നാലുതരത്തിലുണ്ടു്. മാണിക്യത്തെക്കുറിച്ചു് രാജനിഘണ്ടുവിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:—

"തദ്രക്തം യദി പദ്മരാഗമഥതൽ
പീതാതിരക്തം ഭവേ-
ജ്ജാനീയാൽ കുരുവിന്ദകംയദരുണം
സ്യാദ്ദേഷുസൌഗന്ധികം
തന്നീലം യദി നീലഗന്ധികമിതി
ജ്ഞേയംചതുർഭാ ബുധൈ-

"അത്രമാസ്വി തരിതാ വാ
ഗദാ ഗിത്ത വാതാളാ മരാ
വിത്ത പ്രമുഖാ തിക്താ
സർവ്വകഫപ്രവിനാശിനി"

എന്ന രാജവല്ലഭത്തിലും

"മാഞ്ചീ രുചിപ്രദാ ലഘ്വീ
ദീപനീ മ വരാ സ്മരാ;
കഫാ ചോഷ്ണവ്രണം കാസം
ശ്വാസം ഹിക്കാം ജ്വരാജയേൽ;
ഓളിഷ്ടിലോതുവം ദാഹം
ലേപാച്ഛർദ്ദിം വിനാശയേൽ"

എന്ന ശ്ലോകത്തിലും ഉണ്ടു്.)

മാഛലം=ചീമീൻ
മാഛികം=തുമ്പയാഡി
മാഛീകം=കൊത്തമ്പാലരി
മാഞ്ചിം=മാഞ്ചി

(മാഞ്ചി രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. നാടൻമാഞ്ചി, മുരാമാഞ്ചി, ആകാശമാഞ്ചി, നന്മാഞ്ചിഇങ്ങനെ ഇതു നാലുതരത്തിൽ കാണപ്പെടുന്നുണ്ടു്. ഇവയുടെ ഗുണങ്ങൾക്കു തമ്മിൽ വ്യത്യാസമുണ്ടു്.നാടൻമാഞ്ചി—മാഞ്ചി—കൈപ്പു്, കവർപ്പു്, മധുരം ഈ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ഏരിവുരസത്തോടുകൂടിയതെന്നു വ്യക്ഷാന്തരം. ബുദ്ധിയേയുംശരീരകാന്തിയേയുംബലത്തേയും ഉണ്ടാക്കും. ത്രിദോഷം, രക്തദോഷം മുട്ടിനീർ, വിസർപ്പം, കൃമി, കഫം, ഭ്രതോപദ്രവം, പിത്തം ഇവയേയും ലേപനംകൊണ്ടു ജ്വരത്തെയും ശരീരത്തിന്റെ രൂക്ഷതയേയും ശമിപ്പിക്കും. മനസ്സിനെ സന്തോഷിപ്പിക്കും. സൌരഭ്യമുള്ളതാകുന്നു.)

"മാംസീ തിക്താ കഷായാ ച
മേധ്യാ കാന്തിബലപ്രദാ;
സാദ്രീ ഹിമാ ത്രിദോഷാസ്ര
ദാഹകൃഷ്ണവിസർപ്പനുൽ."

എന്ന ഭാവപ്രകാശത്തിലും

മാണിക്യാഹ്വാനമാലക്ഷ്യതേനൈവ്യവഹാരേണ ഇത്യാ ഇള്ളേ" [ഖം

ചിലതാതെ

"സിംഹളേ തു ഭവേത്കാന്തം
പദ്മരാഗമനുത്തമം;
പീതം കാണപുരോദ്ഭൂതം
കുരുവിന്ദമിതി സ്മൃതം;
ആശോകവല്ലിവച്ഛായ
മുമം സൌഗന്ധികാ വിട്ടേ;
തുണ്ഡുരു ഛായയാ നീലം
നീലഗന്ധിപ്രകീർത്തിതം;
ഉത്തമം സിംഹളോദ്ഭൂതം;
നികൃഷ്ടം തുണ്ഡുരോദ്ഭവം
മദ്ധ്യമം മദ്ധ്യജം ജ്ഞേയം
രാണിക്യാ ക്ഷേത്രഭേദേന"

എന്ന യുക്തികല്പതരുവിലും കാണുന്നു.

"ദ്വിച്ഛായമഭ്രപിഹിതാ
കക്കശശക്കരിലഭിന്നപൂയം ച;
രാഗവികലം വിരൂപം
ലഘുമാണിക്യം ന ധാരയേദ്ധീമാൻ"

എന്നിങ്ങനെ അപകൃഷ്ടമായ മാണിക്യത്തേപ്പറ്റിരാജനിഘണ്ടുവിലും,

"ബാലാർക്കകരസംസ്പർശാ-
ദ്യസ്യശിഖാം ലോഹിതാം വമേൽ;
രഞ്ജയേദാശ്രയം വ്യാപി
സ മഹാഗുണ ഉച്യതേ"

എന്നും,

"ദൂരേ ശതഗുണേക്ഷിപ്തോ
രഞ്ജയേദ്യസ്സമന്തതഃ;
വമേച്ഛിഖാം ലോഹിതാം വാ
പദ്മരാഗസ്സ ഉത്തമഃ"

എന്നും,

"അന്ധകാരേ മഹാഘോരേ
യോ ന്യസ്തസ്തന്മഹാമണിഃ;
പ്രകാശയതി സൂര്യാഭഃ
സ ശ്രേഷ്ഠഃ പദ്മരാഗകഃ"

എന്നും,

"പദ്മകോശേഷ്വ യോ ന്യസ്തഃ
പ്രകാശയതി തൽക്ഷണാൽ;
പദ്മരാഗവരോ ഹ്യേഷോ
ദേവാനാമപി ദുർല്ലഭഃ"

എന്നും മാണിക്യത്തിന്റെ ഉൽകൃഷ്ടതയെപ്പറ്റി ഇതരതന്ത്രങ്ങളിലും പ്രതിപാദിച്ചിരിക്കുന്നു.

"പദ്മരാഗേന്ദ്രനീലാഖ്യൌ
തഥാ മരകതോത്തമഃ;
പുഷ്പരാഗഃ സവജ്രാഖ്യഃ
പഞ്ചരത്നവരാഃ സ്മൃതാഃ"

എന്നിങ്ങനെ പഞ്ചമഹാരത്നങ്ങളേയും,

"മാണിക്യമുക്താഫലവിദ്രുമാണി
താർക്ഷ്യംചാപുഷ്പാഭിധരഞ്ചനീലം;
ഗോമേദകം ചാഥ വിദൂരകഞ്ച
ക്രമേണരത്നാനി നവഗ്രഹാണാം"

എന്നിങ്ങനെ നവരത്നങ്ങളേയും രസരത്നസമുച്ചയത്തിൽ വിവരിച്ചു പറഞ്ഞിട്ടുണ്ട്. രത്നശബ്ദത്തിന്റെ അനവദ്യതയെപ്പറ്റി ഭാവപ്രകാശത്തിൽ ഇങ്ങനെ പറയുന്നു.

"ധനാർത്ഥിനോ ജനാസ്സർവേ
രമന്തേസുന്നതീവ യൽ;
തതോ രത്നമിതി പ്രോക്തം
ശബ്ദശാസ്ത്രവിചാരകൈഃ"

മാണിക്യത്തിന്റെ ഗുണാതിശയത്തെപ്പറ്റി രത്നശാസ്ത്രത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:—

"സപത്നമധ്യേപി കൃതാധി വാസം
പ്രമാദവൃത്താവപി വർത്തമാനം
ന പദ്മരാഗസ്യ മഹാഗുണസ്യ
ഭർത്താരമാപൽസമുപൈതി
കാചിൽ"

മാണിക്യം മധുരരസത്തോടും സ്നിഗ്ദ്ധതയോടും കൂടിയതാകുന്നു. വാതം, പിത്തം, വ്രണം, കഫം, ഭൂതോപദ്രവം, ക്ഷയം ഇവയെ ശമിപ്പിക്കും, ജ്വരാഗ്നിയെ ദീപിപ്പിക്കും. ഇക്കണ്ടത്ത

വർദ്ധിപ്പിക്കും. നേത്രവ്യാധിയെ നശിപ്പിക്കും ഉത്തമമായ രസായനമാകുന്നു. തൃദോഷം, ഓജസ്സ്, സന്തോഷം, ബുദ്ധിശക്തി മുതലായവയെയും വർദ്ധിപ്പിക്കും.

"മാണിക്യം മധുരം സ്നിഗ്ദ്ധം
വാതശ്ലേഷ്മരസായനം;
കഫപിത്തം ദീപനം വൃഷ്യം
ശ്രുതശ്ലേഷ്മക്ഷയാർത്തിനുൽ"

എന്നും,

"മാണിക്യം മധുരം സ്നിഗ്ദ്ധം
വാതപിത്തഹരണാശനം;
രത്നാനാമുത്തമം പ്രാഹുരോജസാം
രസായനകരം പരം"

എന്നും,

"മാണിക്യം മധുരം സ്നിഗ്ദ്ധം
വാതശ്ലേഷ്മ രസായനം;
പിത്തം വ്രണം നാശയതി
പൂർവ്വൈരിതി നിവേദിതം"

എന്നും ശാലിഗ്രാമനിഘണ്ടുവിലും മാണിക്യത്തിന്റെ ഗുണങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്.

മാണിബന്ധം=ഇന്തുപ്പ്
മാണിമന്ഥം=ഇന്തുപ്പ്
മാണിമന്ഥം=ഇന്തുപ്പ്
മാണ്ഡൂകി=ചെറിയബ്രഹ്മി
മാതംഗം=ആന
മാതംഗി=പിടിയാന
മാതളനാരകം=മാതളനാരകം

(മാതളനാരകം ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ കായ് മധുരം അമ്ലം ഈ രസങ്ങളോടും ഉഷ്ണവീര്യത്തോടും ലഘുത്വത്തോടും ക്ലേടിയതാകുന്നു. ജംരാഗനിയെ ദീപിപ്പിക്കും. രക്തപിത്തത്തെ ശമിപ്പിക്കും. കണ്ണിനും നാവിനും ഹൃദയത്തിനും ശക്തിയെ ഉണ്ടാക്കും. ശ്വാസം, കാസം, അരുചി ഇവയെ ശമിപ്പിക്കും. ഹൃദയപ്രിയമായിട്ടുള്ളതാകുന്നു. തണ്ണീർദാഹത്തെ ശമിപ്പിക്കും. രുചിയെയുണ്ടാക്കും. പിത്തം വാതം, കഫം, ഇക്കിൾ ഇവയെ ശമിപ്പിക്കും. ഇളയകായ് പിത്തത്തേയും വാതത്തേയും കഫത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. പക്വതി വിളഞ്ഞതിനേക്കാളും ഗുണം കേൽപ്രകാരം തന്നെ. പഴുത്ത കായ് ദേഹത്തിനു നല്ല നിറത്തേയും മനസ്സിനു സന്തോഷത്തേയും ബലത്തേയും പുഷ്ടിയേയുമുണ്ടാക്കും. ഉദരശൂലം, അജീർണ്ണം, മലബന്ധം, വാതം, ശ്വാസം, കഫം, അഗ്നിമാന്ദ്യം, ശോഷം, കാസം, അരോചകം ഇവയെ ശമിപ്പിക്കും. കായുടെ തൊലി വേഗത്തിൽ ദഹിക്കുകയില്ല. കയ്പുരസത്തോടും തീക്ഷ്ണതയോടും ഉഷ്ണവീര്യത്തോടും സ്നിഗ്ദ്ധതയോടും ഗുരുത്വത്തോടും കൂടിയതാകുന്നു. കൃമി, വാതം, കഫം ഇവയെ ശമിപ്പിക്കും. ഇവ നല്ല തണ്ടോടും ഗുരുത്വത്തോടും കൂടിയതാകുന്നു. ധാതുവൃദ്ധിയെ ഉണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. ഇത് പിഴിഞ്ഞെടുത്ത നീരു് വാതം, ഉദരശൂലം, കഫം, ചർദ്ദി, അരുചി ഇവയെ ശമിപ്പിക്കും. അല്ലിജംരാഗനിയെ ദീപിപ്പിക്കും. ബുദ്ധിയെ നന്നാക്കുന്നു. ലഘുത്വത്തോടുകൂടിയതാകുന്നു. മലത്തെ ബന്ധിക്കും. രുചിയെ ഉണ്ടാക്കും. ശൂലം, ഉദരം, ശ്വാസം, കാസം ഇക്കിൾ, വാതം, മദാത്യയം, മദം, ശോഷം, മലബന്ധം, അശ്മരി, ചർദ്ദി ഇവയെശമിപ്പിക്കും. ഇതിന്റെഅരിഗർഭസന്ധാനത്തെച്ചെയ്യും. വേഗത്തിൽ ദഹിക്കുകയില്ല. ഗുരുത്വത്തോടും ഉഷ്ണവീര്യത്തോടും തിക്തരസത്തോടുംകൂടിയതാകുന്നു. ജംരാഗനി

ന്നു ദീപിപ്പിക്കും. ബലത്തെ ഉണ്ടാക്കും. ആഗ്നി, വാതം, പിത്തം, ശോഫം, കൃമി ഇവയെ ശമിപ്പിക്കും. അരിയുടെ മധുരത്തോടും ശീതവീര്യത്തോടും മധുരരസത്തോടും സ്നിഗ്ദ്ധാതയോടും കൂടിയതാകുന്നു. ബലത്തെ ഉണ്ടാക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. വേരു്—ആർത്തു്, കൃമി, വിഷൂചിക, ലൈംഗികം, ഉദരശൂലം ഇവയെ ശമിപ്പിക്കും. പൂവു്—ജ്വരാഗ്നിയെ ദീപിപ്പിക്കും. മലത്തെ ബന്ധിക്കും. തണ്ടിന്റെയും ലഘുത്വത്തോടും കൂടിയതാകുന്നു. വാതത്തെയും രക്തപിത്തത്തെയും ശമിപ്പിക്കും.

"ബീജപൂരഫലം സ്വാദു
രസേല്യം ദീപനം ലഘു;
രക്തപിത്തഹരംകണ്ഠ
ജിഹ്വാഹൃദ്യശോധകം;
ശ്വാസകാസാരുചിഹരം
വാത്യം തൃഷ്ണാഹരം സ്മൃതം"

എന്ന ഭാവപ്രകാശത്തിലും

"മാതുളംഗഫലം ചാമ്ല
മുഷ്ണംകണ്ഠവിശോധകം"

എന്നാദിയായി-ഗ്രന്ഥാന്തരങ്ങളിലും മാതളനാരങ്ങയുടെ ഗുണങ്ങളെപ്പറ്റി വിസ്തരമായി വിവരിച്ചു കാണുന്നു. ഗ്രന്ഥവിസ്തരഭയം കൊണ്ടു് അവയെ സമഗ്രമായി ഇവിടെ ഉല്ലേഖിക്കുന്നില്ല. മാതളനാരകത്തിനു് ഗണപതിനാരകം, വള്ളിനാരകം എന്നിങ്ങനെയും ചിലസ്ഥലങ്ങളിൽ പേർ പറയാറുണ്ടു്.)

മാതാവു്=എലിച്ചെവി; മഹാശ്രാവണി; മാഞ്ചി; കാറുവാഴ; ചെറിയ കാട്ടുവെള്ളരി

മാതുലം=ഉമ്മം; മലങ്കാര

മാതുലകം=ഉമ്മം

മാതുലാനി=കുഞ്ഞാവു്; ചണയരി

മാതുലിംഗകം=മാതളനാരകം

മാതുലുംഗ=മാതളനാരകം

മാതുലുംഗകം=മാതളനാരകം

മാതുലുംഗി=മധുരമാതളനാരകം

മാതുലുംഗികം=കാട്ടുമാതളനാരകം

മാതുലുംഗം=മാതളനാരകം

മാതൃനന്ദനം=അടവിമരം

മാതൃനന്ദി=ഇലഞ്ഞി

മാതൃവാഹിനി=ചെമ്പുള്ളു്

മാതൃസിംഹി=ആടലോടകം

മാദികം=നാഞ്ഞു്

മാദനം=ചക്കാര; ഇലവംഗപ്പൂവു്

മാദ്നി=ചടയൻ കഞ്ഞാവു്; കഞ്ഞാവു്: ഗാകുന്ദി

മാദ്രി=ആതിവിടയം

മാധവം=കൂത്തു ചെടുപയറു്; ഇരിപ്പു; തേന്മദ്യം

മാധവകം=ഇരിപ്പപ്പൂകൊണ്ടുണ്ടാക്കുന്ന മദ്യം; മദ്യം

മാധവഗുഡം=മാവു്

മാധവപാദപം=മാവു്

മാധവപ്രിയം=പീതചന്ദനം

മാധവി=ശതകുപ്പ; മദ്യം; വെള്ളത്തവ്വലിയ പിച്ചകം; പന്നിക്കിഴങ്ങു്; അതിമുക്ത; മധുരനാരകം; തേൻകൊണ്ടുണ്ടാക്കുന്ന പഞ്ചസാര; മാധവി

(മാധവി ഉത്തംസവർഗ്ഗത്തിൽ ചേർന്ന ലതാവിശേഷമാകുന്നു. ഇതു് കുരുക്കുത്തിമുല്ലയിൽ ഒരു വകഭേദമെന്നാണു് തോന്നുന്നതു്. മുല്ലകം അധികം ചൈത്രമാസത്തിലാണു് പൂത്തുകാണാറുള്ളതു്. അക്കൂട്ടത്തിൽ മാധവിയും പൂക്കുന്നുണ്ടു്. ഇതു് ഏഴരിവു്, കയ്പു്, കവർപ്പു് ഈ രസങ്ങളോടും ശീതവീര്യത്തോടും ലഘുത്വത്തോടും കൂടിയതാകുന്നു. മധുരരസത്തോടും കൂടിയതാണെന്നു പക്ഷാന്ത

രം. മുന്നു ദോഷങ്ങളേയും വിശേഷിച്ചു് പിത്തം, കാഫം, വ്രണം, ചൂട്ടുനീർ. ഇവയെയും ശമിപ്പിക്കും. പൂവിനു കസ്തൂരിയുടെ ഗന്ധമുണ്ടായിരിക്കും. ഇതിനെച്ചില സ്ഥലങ്ങളിൽ കസ്തൂരിമുല്ലയെന്നും പറയാറുണ്ടു്

"മാധവീ കടുകാ തിക്താ
കഷായാ മദഗന്ധികാ;
പിത്തകാസവ്രണാൻ ഹന്തി
മോഹദോഷവിനാശിനീ"

എന്നു് നിഘണ്ടുരത്നാകരത്തിലും

"മാധവീമധുരാശീതാ
ലഘ്വീദോഷത്രയാപഹാ"

എന്ന ഭാവപ്രകാശത്തിലും മാധവീലതയെക്കുറിച്ചു് പറഞ്ഞിട്ടുണ്ടു്.)

മാധവീലത=മാധവി

മാധവേക്ഷു=പന്നിക്കിഴങ്ങു്

മാധവോചിതം=തക്കോലം

മാധവോദ്ഭവം=മുരടിമരം

മാധുരി=മദ്യം

മാധൂകി=ഇലിപ്പപ്പൂകൊണ്ടുണ്ടാക്കുന്ന മദ്യം

മാധ്യന്ദിനം=ഉച്ചമലരി

മാധ്യാഹ്നികം=ഉച്ചമലരി

മാധ്വി=തേൻ മുതലായവകൊണ്ടുണ്ടാക്കുന്ന മദ്യം; തേനീത്ത

മാധ്വീകം=ചെറിയ അവര

മാധ്വീകാ=ഇലിപ്പപ്പൂവു കൊണ്ടുണ്ടാക്കുന്ന മദ്യം; സാധാരണമദ്യം

മാധ്വീകഫലം=തേൻതെങ്ങു്

മാനകം=കുപ്പമ്പൂവു്

മാനകന്ദം=കുപ്പമ്പൂവു്

മാനചൂഡ=ചുവന്നകുന്നി

മാനസമന്ദിരം=അരയന്നം

മാനസാലയം=അരയന്നം

മാനസി=ബ്രഹ്മി

മാനി=സിംഹം

മാനിനീ=ഞാഴൽ,

മാനുഷീദേഹി=മുലപ്പാൽ

മാന്യഃ=ചന്ദനമരപ്പൂവു്

മാൻ=മാൻ

(മാൻമാംസവർഗ്ഗത്തിൽചേർന്നതെന്നും ഗോളാലവർഗ്ഗത്തിൽ ചേർന്നതെന്നും രണ്ടു പക്ഷമുണ്ടു്. ഇതിന്റെ മാംസം ദോഷകരമാകുന്നു. വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. ശരീരത്തിനു ബലത്തെ ഉണ്ടാക്കും വസ്തിക്കു ഹിതമായുള്ളതും. ഹൃദയത്തെ സന്തോഷിപ്പിക്കും.)

മാൻപാലു്=മാൻപാൽ

(ഇതു് പേയവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതുകൊണ്ടാണു് ആട്ടിൻപാലിനോടു് സാമ്യമുള്ളതുകൊണ്ടു് ശരീരശോഷജ്വരം, രക്തപിത്തം, ഛർദ്ദി, അതിസാരം മുതലായവയെ ശമിപ്പിക്കും.

"മൃഗീണാം ജാംഗലസ്ഥാനാം-
രക്ഷീരഗ്രഹണം പയു"

എന്ന ഭാവപ്രകാശത്തിൽ മൃഗിദുഗ്ധത്തെപ്പറ്റി പറഞ്ഞിട്ടുണ്ടു

മാന്താമാൻ=മാന്താമാൻ

(ഇതു് മൃഗവർഗ്ഗത്തിൽ ചേർന്നതെന്നും ജാംഗലവർഗ്ഗത്തിൽ ചേർന്നതെന്നും രണ്ടു പക്ഷമുണ്ടു്. ഇതിന്റെ ശരീരം ചെറിയതും വയറു വലുതും ആകുന്നു.

"യോ മൃഗഃ ശൃംഗഹീനഃ സ്യാൽ
സ മുണ്ഡീതി നിഗദ്യതേ"

എന്ന പ്രമാണമുള്ളതുകൊണ്ടു മുണ്ഡീമൃഗം--മാന്താമാൻ— കൊമ്പില്ലാത്ത ഒരു മൃഗമാകുന്നു എന്നു തോന്നുന്നു. ഇതിന്റെ മാംസം പിത്തം, രക്തദോഷം, ജ്വരം ചുമ, ക്ഷയം, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. മൃഗവർഗ്ഗത്തിൽപ്പെട്ട എല്ലാ ജന്തുക്കളുടേയും മാംസങ്ങൾ ജാംഗല മാംസങ്ങളാകയാൽ അതുകൾ മലബന്ധത്തെ ഉണ്ടാക്കും. ശീതങ്ങളായിട്ടും ലഘുക്ക

ളായിട്ടും ഭവിക്കുന്നു. സന്നിപാതത്തിലും ഹിതങ്ങളാകുന്നു.

"തത്ര ഖദിരമലാദ് ശീതാ
ലഘവോ ദാംഗലാ ഹിതാദ,
പിത്തോത്തരേ വാതമേഘ്യേ
സന്നിപാതേ കഫാനുഗേ"

എന്നാണു ജാംഗലമാംസഗുണങ്ങളെപ്പറ്റി വാഗ്ഭടൻ പറഞ്ഞിട്ടുള്ളതു്.

മായാക്കു്=മായാക്കു്

(മായാക്കു പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ചില സ്ഥലങ്ങളിൽ മായാക്കിനു മാശിക്ക എന്നും പേർ പറയാറുണ്ടു്. ഇതു കഫം, പിത്തം, രക്തസ്രാവം, അസ്ഥിസ്രാവം, യോനികന്ദം, ത്വഗ്രോഗം, ഛർദ്ദി, അതിസാരം, ഗ്രഹണി, പ്രവാഹിക, വിസൂചി ഇവയെ ശമിപ്പിക്കും. ജാരാഗ്നിയെ ദീപിപ്പിക്കും. ശരീരശൈഥില്യത്തെ മാറ്റും. വാതത്തെ ശമിപ്പിക്കും. തലമുടിക്കു കൂപ്പുനിറമുണ്ടാക്കും. തണുപ്പും രൂക്ഷതയും ലഘുത്വവും ഉള്ളതും, കവപ്പു്, വിപാകത്തിങ്കൽ എരിവു് ഈ രസങ്ങളോടുകൂടിയതുംആകുന്നു. ഉഷ്ണമെന്നും, തീക്ഷ്ണമെന്നും പക്ഷാന്തരം.

"മായുകാ ശീതളം രൂക്ഷം
കഷായം ലഘു ദീപനം,
വിപാകേ കടുകം ഗ്രാഹി
കഫപിത്തഹരം പരം"

എന്നു് ആത്രേയസംഹിതയിലും,

ഉഷ്ണം മായാഫലം പ്രോക്തം
തീക്ഷ്ണം ശൈഥില്യനാശകം,
പ്രശസ്തം വാതാർത്തൽ പ്രോക്തം
പൂവൈന്നാലണ്ടുകാരകൈ"

എന്നു നിഘണ്ടുരത്നാകരത്തിലും

"മായാഫലം വാതഹരം കടുഷ്ണകം
ശൈഥില്യസങ്കോചകകേശകാർ
ഷ്ണ്യപ്രദം"

എന്നു രാജനിഘണ്ടുവിലും മായാക്കിനെപ്പറ്റി വിവരിച്ചുകാണുന്നു.)

മായാഫലം=മായാക്കു്

മായാവി=പൂച്ച

മർമ്മുരി=നായ്മോടകം

മാരാ=ഉമ്മാ; കാള

മാരകാ=നന്നാറ്റുവന്നചായില്യാ;വ

മാരീഷാ=ചെറുചെഞ്ചീര [രുന്നു്

മാരീചം=തക്കോലം; കടല

മാരീചവല്ലകം ചരളം

മാരുതാ=കപ്പൂരതുളസി; കാറ്റു്

മാരുതാപഹ=അരത്ത

മാരുതാവഹം=നീർമാതളം

മാർക്കണ്ഡി=മാർക്കണ്ഡിക

മാർക്കണ്ഡിക=മാർക്കണ്ഡിക

(മാർക്കണ്ഡിക ഗുഹ്യാദിവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ഇതിന്റെ ഇല പടവലത്തിന്റെ ഇലപോലെയിരിക്കും. പൂവു് മഞ്ഞനിറമായിരിക്കും. നിലത്തു പടരുന്ന ഒരുതരം വല്ലിയാകുന്നു. കൃഷ്ണം, വിഷം, ദുർഗ്ഗന്ധം, കാസം, ഗുല്മം, ഉദരം ഇവയെ ശമിപ്പിക്കും. ഛർദ്ദിയേയും വിരേചനത്തേയും ഉണ്ടാക്കും.

"മാർക്കണ്ഡികാ കൃഷ്ണഹരീ
ഊർദ്ധ്വാധഃകായശോധിനീ,
വിഷദുർഗ്ഗന്ധകാസഘ്നീ
ഗുല്മോദരവിനാശിനീ"

എന്നു ഭാവപ്രകാശത്തിൽ കാണുന്നു.

മാർക്വം=കയ്യോന്നി

മാർഗ്ഗം=കസ്തൂരി

മാർജ്ജനം=പുവന്ന പാമ്പിന്റെറി

മാർജ്ജാരം=പൂച്ച; പുവന്ന കൊടുവേലി; വെരുകു്; ഓടമരം

മാർജ്ജാരകം=മയിൽ

മാർജ്ജാരകണ്ണം=മയിൽ

മാർജ്ജാരഗന്ധ=കാട്ടുപയറു്

മാർജ്ജാരഗന്ധിക=കാട്ടുപയറു്

മാഞ്ജാരി=കസ്തൂരി; പച്ചപ്പുഴുവു്
മാഞ്ജാരീയം=പൂമ്പു
മാഞ്ജാലാ=പൂമ്പു; പുവ്വന്ന കൊട്ടവേലി; വെരികു്
മാഞ്ജാലീയം=പൂമ്പു
മാത്ഞ്ഡം=എരിക്കു്; പന്നി
മാത്ഞ്ഡവല്ലഭ=തൊഴുകണ്ണി
മാർദ്ദീകാ=മുന്തിരിങ്ങകൊണ്ടുണ്ടാക്കിയ മദ്യം
മാഷം=ചെറുചെമ്പീര
മാഷകാ=ചെറുചെമ്പീര
മാല=ചോനകപ്പുല്ലു്
മാലകം=ഓരിലത്താമര; വേപ്പു്
മാലക്കിഴങ്ങു്=മാലക്കിഴങ്ങു്

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്താകുന്നു. ഇതിന്റെ വള്ളി അധികം പടരുന്നതും ഇല മൂന്നു മലങ്ങളോടു കൂടിയതും ആകുന്നു. മാലക്കിഴങ്ങു് അധികം തീക്ഷ്ണമായിട്ടുള്ളതാകുന്നു. ഗണ്ഡമാല, ശ്ലീപദം, വാതം, കഫം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ ദീപിപ്പിക്കും.

"മാലാകന്ദസ്തീക്ഷ്ണ സ്സ്യാദ്
ഗണ്ഡമാലാവിനാശകൃ,
ദീപനോ ശ്ലീപഹാരീ ച
വാതശ്ലേഷ്മാപകർഷകൃത്"

എന്നു മാലാകന്ദഗുണങ്ങളെപ്പറ്റി ശാലിഗ്രാമനിഘണ്ടുവിൽ വിവരിച്ചിട്ടുണ്ടു്.)

മാലതി=മണിത്തക്കാളി; പിച്ചകം
മാലതീജാതം=പൊൻകാരാ
മാലതീതീരജം=പൊൻകാരാ
മാലതീതീരഭവം=പൊൻകാരം
മാലതീതീരസംഭവം=വെങ്കാരം
മാലതീപത്രി=ജാതിപത്തിരി
മാലതീപത്രിക=ജാതിപത്തിരി
മാലതീഫലം=ജാതിക്ക
മാലതീസുതം=ജാതിക്ക
മാലതി=വലിയ വൾഗുച്ചീര
മാലവി=പാച
മാലവികാ=തൃകോല്പൂക്കാന്ന
മാലാകണ്ഠം വലിയ കടലാടി
മാലാകന്ദം=മാലക്കിഴങ്ങു്
മാലാഗ്രന്ഥി=വള്ളിക്കൂക
മാലാഗുണം=പുതണക്കപ്പുല്ലു്
മാലാഗുണകം=പുതണക്കപ്പുല്ലു്
മാലാദ്യവ=വള്ളിക്കൂക
മാലാരിഷ്ട=പച്ച
മാലാലി=ചോനകപ്പുല്ലു്
മാലാലികാ=ചോനകപ്പുല്ലു്
മാലിക=മദ്യം; തുശിമുല്ല; അഗശി
മാലിനി=ഗംഗാനദി; മേത്തോന്നി; ചെമ്പൊടിത്തുവ; ആട്ടിനാറിവേള
മാലുകാ=കൂവ ചെറുതുളസി
മാലൂര=വിളാർമരം; കുവളം
മാലേയ=പേരേലം
മാല്യപുഷ്പാ=ചണ
മാല്യപുഷ്പി=കിലുകിലുപ്പ
മാല്യപുഷ്പിക=കിലുകിലുപ്പ
മാവു്=മാവു്

(മാവു് ഫലവർഗ്ഗത്തിൽ ചേർന്താകുന്നു. വരിക്കമാവു്, നാട്ടുമാവു്, തേന്മാവു്, കപ്പൽമാവു് ഇങ്ങനെയെല്ലാം പേരുകളുള്ള പലജാതി മാവുകളും ഉണ്ടു്. ഗുണങ്ങൾകൊണ്ടു ഇവയെല്ലാം പരസ്പരം ഈഷൽ ഭേദമുള്ളവയാണെന്നേ ഉള്ളു. മാവിന്റെ പൂവു്—അതിസാരം, കഫം, പിത്തം, പ്രമേഹം, രക്തദോഷം ഇവയെ ശമിപ്പിക്കും. ശീതവീര്യത്തോടുകൂടിയതാകുന്നു. രുചിയെയുണ്ടാക്കും. മലത്തെ ബന്ധിപ്പിക്കും. വാതത്തെ നല്ലവണ്ണം കോപിപ്പിക്കും. ജംരാഗ്നിയെ ദീപിപ്പിക്കും. പ്രദരത്തെയും അതിസാരത്തെയും ശമിപ്പിക്കും.

"ആമപുഷ്പമതിസാര-
കഫപിത്തപ്രമേഹനുൽ,

ഗ്രാഹി രുക്ഷശ്ച കാന്തിദഃ;
പിത്തവാതകഫാൻ രക്ത-
ദോഷാംശ്ചൈവ കരോതി സഃ;
കണ്ഠരുഗ്വാതമേഹം ച
യോനിദോഷം വ്രണം തഥാ;
അതിസാരം പ്രമേഹം ച
നാശയേദിതി കീർത്തിതം."

എന്നു നിഘണ്ടുരത്നാകരത്തിലും,

"വാതപിത്താസ്രകൃദ് ബാലം
ബഹ്വാഗ്നി കഫപിത്തകൃത്"

എന്നു അഷ്ടാംഗഹൃദയത്തിലും ഉണ്ണിമാങ്ങയുടേയും വിളഞ്ഞമാങ്ങയുടേയും ഗുണങ്ങളെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. വിളഞ്ഞമാങ്ങാ തൊലികളഞ്ഞു് നുറുക്കി വെയിലിലുണക്കിയാൽ പുളിയും മധുരവും കവർപ്പും ഉള്ളതും മലത്തെ ഇളക്കുന്നതും കഫവാതങ്ങളെ ശമിപ്പിക്കുന്നതും ആകുന്നു.

"അമ്ലമാമം ത്വചാ ഹീന-
മാതപേതിവിശോഷിതം;
അല്പം സ്വാദു കഷായം സ്യാദ്
ഭേദനം കഫവാതജിൽ"

എന്നിങ്ങനെ ഭാവപ്രകാശത്തിലും പച്ചമാങ്ങാ തൊലികളഞ്ഞു് ഉണക്കിയാലുള്ള ഗുണത്തെപ്പറ്റി പറഞ്ഞിരിക്കുന്നു. പഴുത്തമാങ്ങാ മധുരരസത്തോടുകൂടിയതും ജ്ലീവ്വഹിയെ ഉണ്ടാക്കുന്നതും സ്നിഗ്ധവും ദേഹത്തിന ബലവും സുഖവും വരുത്തുന്നതും ആകുന്നു. വാതത്തെ ശമിപ്പിക്കും. പിത്തത്തിനു പ്രിയത്തെയും ദേഹത്തിനു നിറത്തെയും ഉണ്ടാക്കും.

"പക്വം തു മധുരം വൃഷ്യം
സ്നിഗ്ധം ബലസുഖപ്രദം"

ഇത്യാദിയായിഭാവപ്രകാശത്തിലും,

"പക്വം താമ്രഫലം സുഗന്ധിമധു
സ്നിഗ്ധം പരം ശ്ലംഹണം [രം

ആസ്യഗ്രുച്ഛ്വിഹരം ശീതം
രുചികൃദ് ഗ്രാഹി വാതളം."

എന്നു ഭാവപ്രകാശത്തിലും,

"ആമ്രപുഷ്പം ശീതളം സ്യാ-
ദ്വാതളം ഗ്രാഹികം മതം;
അഗ്നിദീപ്തികരം രുച്യം
കഫപിത്തപ്രമേഹനുൽ;
പ്രതിരശ്ചാതിസാരശ്ച
നാശയേദിതി മേ മതം."

എന്നു നിഘണ്ടുരത്നാകരത്തിലും മാമ്പൂവിന്റെ ഗുണങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ഉണ്ണിമാങ്ങാ—ഗന്ധവാകണ്ണിമാങ്ങാ—കവർപ്പും പുളിയും ഉള്ളതാകുന്നു. രുചിയെ ഉണ്ടാക്കും. വാതത്തെയും പിത്തത്തെയും രക്തപിത്തത്തെയും വർദ്ധിപ്പിക്കും. ഉണ്ണിവീഞ്ഞിനോടും നല്ല ഗന്ധത്തോടുംകൂടിയതാകുന്നു. വിളഞ്ഞമാങ്ങാ മോരികം പുളിയോടുകൂടിയതും, രുക്ഷവും മൂന്നു ദോഷങ്ങളേയും രക്തത്തെയും കോപിപ്പിക്കുന്നതും, ഉപ്പു് മുളകു് മതലായ ക്ഷാരദ്രവ്യങ്ങളും കൂട്ടി ഭക്ഷിച്ചാൽ രുചിയേയും കാന്തിയേയും ഉണ്ടാക്കുന്നതും ആകുന്നു. മലത്തെ ബന്ധിപ്പിക്കും. കണ്ണുരോഗം, വാതമേഹം, യോനിദോഷം, വ്രണം, അതിസാരം, പ്രമേഹം ഇവയെ നശിപ്പിക്കയും ചെയ്യും.

"ബാലാമ്രകം കഷായാമ്ലം
രുച്യം മാരുതപിത്തകൃൽ;
തരുണം തു തദേവാമ്ലം
രുക്ഷം ദോഷത്രയാസ്രകൃത്"

എന്നു ഭാവപ്രകാശത്തിലും,

"ബാലാമ്രകം രക്തപിത്ത-
കരം മധ്യം തു പിത്തളം"

എന്നു രാജവല്ലഭത്തിലും,

"ബാലാമ്രസ്തുവരശ്ചോഷ്ണഃ
സുഗന്ധിശ്ചാമ്ലകഃ സ്മൃതഃ;
ക്ഷാരാന്ന്യായോഗാദുചിദോ

രുച്യാ വാതഹരാ ഹരഞ്ച ത്രിദ്രുമ
ഗ്രാഹിപ്രമേഹവ്രണങ്ങൾ; [ലഘു
ശീതാ വർണ്ണ്യമപിത്തളം വ്രണ-
ശ്ലേഷ്മാസൃരോഗാപഹം, [ഹരാ
യദ്ഭുക്ത്വാ മന ഉല്ലസത്യുവി മുനേ
കിം വർണ്ണനാ ത്തദ്രവ്യ"

എന്ന് തദ്ഗ്രാന്ഥരത്തിലും,

"പകവാത്തോമധുരം ഗ്രുരു-
വൃഷ്യം ബൃംഹണകം സ്മൃതം;
ഗുരു കാന്തിസ്മൃച്ഛുക്രകരം
കിഞ്ചിദാമ്ലം രുചിപ്രദം;
ഹൃദ്യം മാംസബലാനാഞ്ച
വൃഷ്യം കഫകാരകം;
ദുഷ്ടവ്രണ ത്രിദോഷാവാത-
ശ്രമാണാം നാശകം സ്മൃതം"

എന്ന നിഘണ്ടുരത്നാകരത്തിലും പഴത്തമാങ്ങയുടെ ഗുണങ്ങളെ ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്. മാവിൽ നിന്നുപഴുത്ത മാങ്ങയുടെ ഗുണങ്ങളം:—

"തദേവ വൃക്ഷസംപക്വം
ഗുരുവ്വാതഹരം പരം;
മധുരാമ്ലരസം കിഞ്ചിദ്
ഭവേൽ പിത്തപ്രകോപനം"

എന്ന ഭാവപ്രകാശം. സാരം മിക്കവാറും സ്പഷ്ടമാകയാൽ വിവരിക്കുന്നില്ല. പറിച്ചിട്ടു പഴുപ്പിച്ച മാങ്ങയുടെ ഗുണങ്ങളം:—

"ആമ്രം കൃത്രിമപക്വഞ്ച
തദ്ഭവേൽ പിത്തനാശനം;
രസസ്യാമ്ലസ്യ ഹീനത്വ
മാധുര്യം ച വിശേഷതഃ;
ഉഷ്ണിതം തൽപ്പുരം രുച്യം
ബലവീര്യകരം ലഘു;
ശീതളം ശീഘ്രപാകി സ്യാ-
ദ്വാതപിത്തഹരം സരം" എന്ന ഭാവപ്രകാശം. പഴുത്തമാങ്ങാ പിഴിഞ്ഞ രസത്തിന്റെ ഗുണം:—

"രുക്ഷോഷ്ണോ ഗ്രാഹിതാ ബല്യോ
ഗുരുർവ്വാതഹരഃ സരഃ;
ആർദ്രപ്രസ്രാവിണോതീവ
ക്ലോമനഃ കഫവർദ്ധനഃ" എന്നു ഗാവിഗ്രാമം. കഷ്ണങ്ങളാക്കി വെച്ചിരുന്ന പഴുത്തമാങ്ങായുടെ ഗുണങ്ങടം —

"പകമ്പ സ്യാച്ഛുക്രഹരിണാമ്പോ
ഗുരുമാധുര്യശീതകരഃ;
രുചികൃച്ഛുരഭോഗശ്ച
ധാതുവൃദ്ധിം കരോതി സഃ;
ബലകൃത്താ വാതപിത്ത
നാശനഃ പരികീർത്തിതഃ" എന്നു നിഘണ്ടുരത്നാകരം. പഴുത്തമാങ്ങാ പിഴിഞ്ഞു പനമ്പിലോ നല്ല ഓലപ്പായിലോ ഒഴിച്ചു പരത്തി നല്ല വെയിലിൽവെച്ചുണക്കി ഇളക്കിയെടുക്കുന്നതിനു സാധാരണ മാങ്ങാത്തിര എന്നു പറയും. അതു തണ്ണീർദാഹത്തേയും ഛർദ്ദിയേയും വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ലഘുവാകുന്നു. മലത്തെ ശോധിക്കും.

"ആമ്രാവർത്തഭുഷ്ടാഛർദ്ദി
വാതപിത്താഹരഃ സരഃ;
രുച്യഃ സൂര്യാംശുഭിഃ പാകാ-
ല്ലഘുശ്ച സ ഹി കീർത്തിതഃ"

എന്നു ആമ്രാവർത്തത്തെ—മാങ്ങാത്തിരയെ—പറഞ്ഞു ഭാവപ്രകാശത്തിൽ വിവരിച്ചിട്ടുണ്ട്. മാങ്ങ അധികമായി ഭക്ഷിച്ചാൽ അഗ്നിമാന്ദ്യവും വിഷമജ്വരവും രക്തവികാരവും ബദ്ധഗുദവും മഹോദരവും നയനരോഗവും ഉണ്ടാകും. ഈ നിയമം പുളി അധികമുള്ള മാങ്ങയെപ്പറ്റിയാണു്. മധുരവും പുളിയുംഉള്ള മാങ്ങയുടെ ഉപയോഗത്തെപ്പറ്റിയല്ല. മധുരരസത്തിനു നയനാനുകൂല്യം മുതലായ പല ഗുണങ്ങടം ഉണ്ടു്.

ഹിക്കുന്നതുകൊണ്ടു് ഇവിടെ വിവരിക്കുന്നില്ല. മാവിന്റെ തൊലി കഷായരസത്തോടു കൂടിയതാകുന്നു. രുചിയെ ഉണ്ടാക്കും. മലത്തെ ബന്ധിക്കും. വേരിലെത്തൊലി മലത്തെ ബന്ധിക്കും. കഷായരസത്തോടുകൂടിയതാകുന്നു. മൂടിച്ചിലിനെ ഉണ്ടാക്കും. പിത്തം, പ്രമേഹം, കൃമി ഇവയെ നശിപ്പിക്കും. യോനിരോഗത്തെയും ശമിപ്പിക്കും. ശീതവീര്യത്തോടും നല്ല ഗന്ധത്തോടും കൂടിയതാകുന്നു. വാതത്തെയും ശമിപ്പിക്കും. മാവിന്റെ ഉളിശ് കവർപ്പുരസത്തോടുകൂടിയതാകുന്നു. മലത്തെ ബന്ധിക്കും. രുചിയെ ഉണ്ടാക്കും. വാതത്തെയും പിത്തത്തെയും കൃമിയെയും ശമിപ്പിക്കും.

"ആത്രച്ഛദസ്തു ത്രുവരോ
ഗ്രാഹകോ രുചികാരകഃ,
വാതപിത്ത കൃമീൻ ഹന്തീ
ത്ര്യവഞ്ച പരികീർത്തിതം"

എന്നു നിഘണ്ടു രത്നാകരം.

മാഷം=ഉഴുന്നു്
മാഷപത്രിക=കാട്ടുഴുന്നു്
മാഷപർണ്ണി=കാട്ടുഴുന്നു്
മാഷമണ്ഡകം പട്ടുനൂൽ
മാഷാശി=കുതിര
മാഹ=പന്നി
മാഹിഷം=രക്തചന്ദനം
മാഹിഷദധി=എരുമത്തൈര്
മാഹേന്ദ്രി=വലിയ കാട്ടുവെള്ളരി
മാഹേയി=പന്നി
മാഹേശ്വരീ=കീരിവള്ളി
മാളവിക=ശിങ്കോലുങ്കൊന്ന; നാല്പാമരാദിയിലുള്ള കൊന്ന
മാറാമ്പു്=മാറാമ്പു്

(ഇതു കന്ദശാകവർഗ്ഗത്തിൽചേർന്നതാകുന്നു. കഫം, വാതം, രക്തദോഷം, കൃമി, വിസർപ്പം, വിഷം, നീർക്കെട്ടു്, തൃക്ദോഷം ഇവയെ ശമിപ്പിക്കും. എരിവുരസത്തോടും ഉഷ്ണവീര്യത്തോടുംകൂടിയതാകുന്നു. മധുരരസത്തോടും ഗുരുത്വത്തോടും കൂടിയതെന്നു പക്ഷാന്തരം.

"ഫലസ്ഥികന്ദഃ കടുകഃ സ്യാൽ
കഫവ്യാതാമയാപഹഃ,
തൃഗ്ദോഷഘ്നോ മഹാകൃമി
വിഷവൈസർപ്പനാശകഃ"

എന്നു രണ്ടിനങ്ങളുണ്ടു്. മാരാന്ത്രി
ന്നെപ്പറയുന്നു.

മി

മിരുഗമാംസം=മാൻ
മിരുഗത്വക്=മാൻതോൽ
മിരുദ്രുമം=വട്ടിപ്പാല
മിരുപ്രിയം=പുലിയുടെ രൂപം
മിരം=വെള്ളാരങ്കല്ലു
മിരി=ശതകൂപ്പു; കാട്ടിശതകൂപ്പു; മാഞ്ഞി; ചെറിയ കുരുവിക്കരിമ്പു്
മിശ്രം=വലിയ മുള്ളങ്കി
മിശ്രകം=ചുവന്നുള്ളി
മിശ്രങ്കം=വെട്ടിക്കുതിര
മിശ്രപുഷ്പം=ഉലുവ
മിശ്രവർണ്ണം—പുണ്ഡരീകക്കരിമ്പു്; കാരുകിൽ
മിശ്രവർണ്ണഫല=തക്കാരിവഴുതിന
മിശ്രേയ=കാട്ടിശതകൂപ്പ
മിഷി=മാഞ്ഞി; ശതകൂപ്പു; കാട്ടിശതകൂപ്പ
മിഷിക=മാഞ്ഞി
മിഷ്ട=വരിപ്പുഞ്ഞിൽ
മിഷ്ടാം=മധുരരസം
മിഷ്ടതുംബി=പാൽച്ചുര
മിസി=നെയ്മോടകം; ശതകൂപ്പു; കാട്ടിശതകൂപ്പു; മാഞ്ഞി
മിഹിക=അഞ്ജീർ; വടാമ; കർപ്പൂരം
മിഹിരാ=മുയൽച്ചെവിപോലുള്ള ഏരിക്കു്

മീ

മീൻ=മീൻ

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. മത്സ്യങ്ങൾ എല്ലാം കഫത്തെ അധികമായി വർദ്ധിപ്പിക്കുന്നവയാണെങ്കിലും അവയുടെ സ്ഥലഭേദമനുസരിച്ചു ഗുണങ്ങൾക്കു വ്യത്യാസമുണ്ടു്. എങ്ങനെയെന്നാൽ:—നദികളിലെ മത്സ്യങ്ങൾക്കു മധുരരസവും ഉരുചവും ചൂടും സ്നിഗ്ധതയും അധികമായിരിക്കും. അതുകൊണ്ടു വാതരോഗത്തെ ശമിപ്പിക്കയും പിത്തത്തെയും കഫത്തെയും ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കയും ശരീരത്തിനു പുഷ്ടിയെ ഉണ്ടാക്കുകയും ചെയ്യും. രക്തത്തെ ദുഷിപ്പിക്കും. പൊയ്കകളിലുള്ള മത്സ്യങ്ങൾക്കു മധുരരസവുമെന്നതിനെക്കാൾ അധികമായിരിക്കും. ശരീരത്തിനു ബലത്തെ വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. തടാകങ്ങളിലെ മത്സ്യങ്ങൾക്കു ഗുരുത്വവും തണുപ്പും അധികമായിരിക്കും ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. മൂത്രത്തെ അധികമാക്കും. ഉറവുകഴികളിലെ മത്സ്യങ്ങൾക്കു തടാകങ്ങളിലെ മത്സ്യങ്ങളുടെ ഗുണമാണു് അധികവും ഉള്ളതു്. വിശേഷിച്ചു് ബുദ്ധിശക്തിയേയും ആയുസ്സിനേയും വർദ്ധിപ്പിക്കും. കണ്ണിനും ഹിതമാകുന്നു. ആഴമുള്ളടത്തെ മത്സ്യം ബലത്തെ അധികമായി വർദ്ധിപ്പിക്കും. വെള്ളം കുറഞ്ഞ സ്ഥലത്തുള്ള മത്സ്യം ബലത്തെ വർദ്ധിപ്പിക്കയില്ല. കിണറിലെ മത്സ്യം കഫത്തേയും ശുക്ലത്തേയും മൂത്രത്തേയും വർദ്ധിപ്പിക്കും. മലബന്ധത്തേയും അശുദ്ധിയേയും കൃശത്തേയും ഉണ്ടാക്കും. ഓരുവെള്ളത്തിലെ മത്സ്യങ്ങൾ പിത്തത്തെ വർദ്ധിപ്പിക്കും. ചൂട്ടനീറലിനേയും വയറുനോവിനേയും മലബന്ധത്തേയും ഉണ്ടാക്കും. 'കണ്ണകൾക്കു' അനുകൂലമല്ല. കാലഭേദംകൊണ്ടും മത്സ്യങ്ങൾക്കു ഗുണഭേദമുണ്ടാകും. വർഷകാലത്തിങ്കൽ ആറിലെ മത്സ്യം ഗുണക്കുറവുള്ളതാകുന്നു. ഹേമന്തകാലത്തിങ്കൽ കിണറിലെ മത്സ്യങ്ങളും ശിശിരകാലത്തിങ്കൽ പൊയ്കയിലെ മത്സ്യങ്ങളും വസന്തകാലത്തിങ്കൽ ആറിലെ മത്സ്യങ്ങ

ടുത്ത ശ്രീഷ്മകാലത്തിങ്കൽ കുറഞ്ഞൊട്ടിയ തിനാൽ മാസ്യത്തിനും വർഷകാലത്തിൽ വർദ്ധകമായതിനാൽ മാസ്യത്തിനും ശരത്കാലത്തിങ്കൽ പുനർഗ്രഹിയിനാൽ മാസ്യത്തിനും നല്ലതാകുന്നു. വാവാകട്ടിലുണ്ടായ ഭവവിപ്ലവത്തിനാൽ മാസ്യങ്ങളും നല്ലതാകുന്നു. വാതത്തെ വർദ്ധിപ്പിക്കുന്നതും രോഗത്തെയും ഉണ്ടാക്കും. ഉണങ്ങിയ മാസ്യം ദുർജ്ജരവും മലബന്ധത്തെ ഉണ്ടാക്കുന്നതും ആപത്തുമാകുന്നു. പുഴുക്കുത്തുള്ള മാസ്യം ഗുണാധിക്യത്തോടുകൂടിയതും ശരീരപുഷ്ടിയേയും വീര്യത്തേയും ബലത്തെയും ഉണ്ടാക്കുന്നതും ആകുന്നു.

മീൻകണ്ണിക്കുക=മീൻകണ്ണിക്കുക

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന വിത്തുദ്ഭവ്യമാകുന്നു. പ്രായേണ ജലസമീപത്തിലോ ജലത്തിലോ ഉണ്ടാകും. ഇലകൂടെ അഗ്രം സൂചിപോലെയിരിക്കും. കുശപോലെ മേല്പോട്ടു വളഞ്ഞുയും പൂവും ഉള്ളതായിരിക്കും. ഇതു കഫവിത്തങ്ങളേയും രക്തദോഷം, ചുടിച്ചിൽ, വെള്ളദോഷം, കൃഷ്ണം, മുഴൽച്ച, ജ്വരം ഇവയേയും ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. വാതത്തെ ശമിപ്പിക്കും. ലോഹത്തെ ഭേദിപ്പിക്കും.)

മീനം=മത്സ്യം

മീനക്കൊടീ=കൊക്കു്

മീനങ്ങാണി=മീനങ്ങാണി

(മീനങ്ങാണി ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതു തിരുമ്പിമണത്താൽ മത്സ്യത്തിന്റെ ഗന്ധമുള്ളതുകൊണ്ടായിരിക്കാം ഇതിനെ മീനങ്ങാണിയെന്നു പറയുന്നതു്. പൂവു് വെളുത്തു് അല്പം മഞ്ഞനിറമുള്ളതും ഇല ഉഴുണിന്റെ ഇലപോലെ ചെറുതും ആകുന്നു. കായ്. കാഫം. വിത്താം തണ്ണീർദാഹം, ജ്വരം. ക്ഷയം. രക്തദോഷം. കൃഷ്ണം, വ്രണം കൂമി ഇവയെ ശമിപ്പിക്കും. മലത്തെ ബന്ധിക്കും. രുചിയെ ഉണ്ടാക്കും. വാതത്തെ വർദ്ധിപ്പിക്കും. ലോഹത്തെ ഭേദിപ്പിക്കും.)

മീനനേത്രം=മീൻകണ്ണിക്കുക

മീനാക്ഷി=മീനങ്ങാണി; മീൻകണ്ണിക്കുക

മീനാഖ്യം=പഞ്ചസാര

മീനാവ്വിണം=കരിങ്കുരുകിൽ

മീരം=സമുദ്രം

മു

മുകുരം=രസം; കണ്ണാടി

മുകുന്ദകം=വലിയവെള്ളുള്ളി

മുകുരം=ഇലഞ്ഞി; താന്നി; ലന്തമരം; വള്ളിമുല്ല

മുകുഷ്കകം=മങ്ങട്ടപ്പയറു്

മുകുഷ്കം=മങ്ങട്ടപ്പയറു്

മുകുഷ്കകം=മങ്ങട്ടപ്പയറു്

മുക്കുലകം=ചെറിയഉന്തി

മുക്കുറ്റി=മുക്കുറ്റി

(മുക്കുറ്റി ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതു രണ്ടുതരമുണ്ടു്. സംസ്കൃതത്തിൽ ഇവയെ ലജ്ജാലുവെന്നും വിപരീതലജ്ജാലുവെന്നും പറയും. ഇവയിൽ ഒന്നു ചെറിയ മുള്ളുള്ളതും മറ്റതു് മുള്ളില്ലാത്തതും ആകുന്നു. ഇവയിൽ തൊട്ടാൽ ഇല വാടിയമാതിരി മടങ്ങുന്നതു കൊണ്ടാണല്ലോ ഇതിനെ തൊട്ടാവാടിയെന്നു പറയുന്നതു്. എന്നാൽ ഈ രണ്ടുതരത്തിന്റെ ഇല തൊട്ടാൽ മടങ്ങുന്നതിൽ അല്പം വ്യത്യാസമുണ്ടു്. അതായതു് മുള്ളുള്ളതിന്റെ ഇല മുമ്പോട്ടു മടങ്ങും. മുള്ളില്ലാത്തതിന്റെ ഇല പിറകോട്ടുമടങ്ങും. മുള്ളില്ലാത്തതിന്റെ പൂവു് മഞ്ഞു

നിറവും മറാതിന്റെ പൂവ് വെള്ള നിറവും ആകുന്നു. മറാളള ലക്ഷണങ്ങൾ രണ്ടിനും തുല്യങ്ങളത്രെന്നെ. വിപരീതലക്ഷണമെന്നു പറയുന്നത് വെള്ളപ്പൂവുള്ളതിനേപ്പററി ആയിരിക്കണമെന്നു തോന്നുന്നു. ഇതുകളിൽ മുവന്നപൂവുള്ള ലക്ഷണം—മുക്കുററി—ശീതവീര്യത്തോടും കയ്പ്, കവർപ്പ് ഈ രസങ്ങളോടും കൂടിയതാകുന്നു. എരിവുരസത്തോടുകൂടിയതെന്നു പക്ഷാന്തരം. കഫത്തേയും പിത്തത്തേയും രക്തത്തേയും രോഗങ്ങളേയും വിശേഷിച്ച് പിത്താതിസാരത്തേയുംനീക്കുന്നു, മുടിച്ചിൽ, തളർച്ച, ഏുക്കം, വ്രണം, കുഷ്ഠം, കഫം, രക്തദോഷം ഇവയേയും ശമിപ്പിക്കും.

"രക്തപാദീകടുശ്ലീതാ
പിത്താതീസാരനാശിനീ;
ശോഫഭോഹശ്രമശ്വാസ-
വ്രണകുഷ്ഠകഫാസ്രനുൽ" എന്നു രാജനിഘണ്ടു. വിപരീതലക്ഷണം—രണ്ടാമതു മുക്കുററി—എരിവുരസത്തോടും ഉഷ്ണവീര്യത്തോടുംകൂടിയതാകുന്നു. അതു മുറിവിനേയും കഫത്തേയും ശമിപ്പിക്കും. രസത്തെ ബന്ധിക്കും. പ്രയോഗവൈശിഷ്ട്യംകൊണ്ട് തൽസംബന്ധമായി പലതരത്തിലുള്ള വിശേഷസംഗതികളും അറിയുവാൻ കഴിയും. മുക്കുററിക്കു തീണ്ടാനാഴി, തൊട്ടാവാടി, കുററി തൊട്ടാവാടി എന്നെല്ലാം ചില സ്ഥലങ്ങളിൽ പറയാറുള്ളതായിട്ടറിയാം.)

മുക്ത=അരത്ത; മുത്തു്
മുക്തബന്ധന=വള്ളിമുല്ല; മഴമുല്ല
മുക്താപുഷ്പം=കരുക്കുത്തിമുല്ല
മുക്താപ്രസു=മുത്തുച്ചിപ്പി
മുക്താഫലം=ലവലിക്കായു്; കപ്പൽനാ:
മുക്താഭ=കടമുല്ല [ഴുതു്
മുക്താശുക്തി=മുത്തുച്ചിപ്പി
മുക്താസ്ഥാരം=മുത്തുച്ചിപ്പി
മുക്തികാ=മുത്തു്
മുക്തിമുക്തം=ആറബിക്കറ്റുതകാ:
മുഖം=വായിനി
മുഖഗന്ധകം=വലിയവെള്ളുള്ളി
മുഖദൂഷികാ=വലിയവെള്ളുള്ളി
മുഖദൂഷണം=വലിയവെള്ളുള്ളി
മുഖധൌതം=വെറുതേക്കു
മുഖപ്രിയം=നാരകം;ഇലവംഗപ്പൂവു്
മുഖപ്രക്ഷണം=വെളുത്തീയം
മുഖമണ്ഡനം=മയിലെള്ളു്
മുഖമർദ്ദനകം=മയിലെള്ളു്
മുഖമോദം=കരിമുരിങ്ങ
മുഖരം=ശംഖു്. കാ.
മുഖവാദ്യം=പന്നി
മുഖവിസ്തരം=താളിമാതളം
മുഖവാചിക=ആംബാഡി
മുഖവാസം=ഗന്ധദ്രവ്യം
മുഖവിഷ്ണു=നരിച്ചീറു്
മുഖശ്രാംഗം=വ്യാഘ്രമാൻ
മുഖശോധനം=ഏലവംഗം; കരിവേ
മുഖശോധി=ജോനനാരകം [ലം
മുഖാമൃതം=സുറ്റ്പം
മുഖമോദ=ഇഞ്ചിതിൽ
മുഖാഞ്ജകം=ചെറുതുളസി
മുഖാലു=വെട്ടിച്ചേമ്പു്
മുഖാസ്രാം=ഞണ്ടു്
മുചുകുന്ദം=മുചുകുന്ദം

(മുചുകുന്ദം ഉത്തംസവൃക്ഷത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഇലത്തുശിമുല്ലയുടെ ഇലപോലെയിരിക്കും. പൂവു് വലിപ്പവും മുവന്നനിറവും സുഗന്ധമുള്ളതും ആകുന്നു. ഈ വൃക്ഷം ചെമ്പകംപോലെതന്നിരിക്കും. എരിവു്, കയ്പ്, ഈ രസങ്ങളോടും ഉഷ്ണ

വീര്യത്തെയും ക്ലേദിയതാകുന്നു. കഫം, കാസം, കണ്ഠദോഷം, തൃക്ദോഷം, ഛർദ്ദി, വ്രണം, വാമ, ശിരോരോഗം, രക്തവിസർപ്പം, വിഷം ഇവയെ ശമിപ്പിക്കും. സ്വരത്തെ നന്നാക്കും.)

"മുഞ്ജാതകസ്യ കടുതിക്തസ
കഷായാനുരസകഫാസ്രപിത്തഹൃത്;
തൃഡ്ദാഹവിഷരോഗശമനോ
വ്രണവാമവിനാശനശ്ചൈവ"

എന്ന രാജനിഘണ്ടു.

മുഞ്ജനകം=മുഞ്ഞപ്പുല്ല്

മുഞ്ഞപ്പുല്ല്=മുഞ്ജപ്പുല്ല്

മുഞ്ഞപ്പുല്ല് ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. ഇതു് വലുതും ചെറുതും രണ്ടു തരമുണ്ടു്. ഇവനമ്മിൽകൊണ്ടു് രണ്ടും ഒന്നുതന്നെയാകുന്നു. കാഴ്ചയിൽ മികവാറും മുഴുത്തപുല്ലുപോലെയിരിക്കും. ഇതിന്റെ തണ്ടിനു പുറത്തുള്ള പോള ഉണങ്ങിയാൽ സ്വർണ്ണനിറമായിരിക്കും. പൂവു് വെള്ളയും നീലമുള്ളതും ആയിരിക്കും. ഇതു് കഫം, പിത്തം, രക്തദോഷം, ചുട്ടനീർ, വിസർപ്പം, തണ്ണീർദാഹം, മൂത്രകൃച്ഛ്രം, നേത്രരോഗം, ആസ്യരോഗം, ഭ്രമോപദംശം, ഗ്രഹപീഡ ഇവയേയും മറ്റു ദോഷങ്ങളേയും ശമിപ്പിക്കും. ഇക്കൂട്ടത്തെ വർദ്ധിപ്പിക്കും.)

മുഞ്ജിരാ=താമരക്കിഴങ്ങു്

മുഞ്ജാതകം=മുഞ്ഞപ്പുല്ലു്

മുടിയഞ്ചീര=മുടിയഞ്ചീര

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഇല നീണ്ടു് നീർച്ചീരപ്പോലെയിരിക്കും. കഫം, ചുമ, വായുമുട്ടൽ, പിത്തം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലശോധനത്തെ ഉണ്ടാക്കും.)

മുണ്ഡ=മഹാശ്രാവണി

മുണ്ഡം=ഇരിമ്പു്; നാൽപാമരം

മുണ്ഡചമകം=മലകടല

മുണ്ഡജം=ഉരുക്കു്

മുണ്ഡനിക=ശ്രാവണി

മുണ്ഡനികാ=കാക്കനെല്ലു്

മുണ്ഡഫലം=ഓരിങ്ങു്

മുണ്ഡശാലി=കാക്കനെല്ലു്

മുണ്ഡാഖ്യ=മഹാശ്രാവണി

മുണ്ഡായസം=ഇരുമ്പു്

മുണ്ഡി=ശ്രാവണി

മുണ്ഡിരിക=ശ്രാവണി

മുതക്കു്=മുതക്കു്

(മുതക്കു് കന്ദശാകവർഗ്ഗത്തിൽചേർന്ന ഔഷധദ്രവ്യമാകുന്നു. ഇതു് പാൽമുതക്കു് എന്നും കരിമുതക്കു് എന്നും രണ്ടുതരത്തിലുണ്ടു്. കരിമുതക്കിനെയാണു് ഇവിടെ സാധാരണമുതക്കു് എന്നു പറയുന്നതു് എന്നു തോന്നുന്നു. മുതക്കു മധുരരസത്തോടും ഗുരുത്വത്തോടും ശീതവീര്യത്തോടും സ്നിഗ്ധതയോടും കൂടിയതാകുന്നു. രക്തപിത്തത്തെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. ദോഷത്തിനു പുഷ്ടിയേയും ബലത്തേയും ഉണ്ടാക്കും. ശുക്രത്തെ വർദ്ധിപ്പിക്കും.

"വിദാരീ മധുരാ ശീതാ
ഗുരുസ്നിഗ്ധാസ്രപിത്തജിൽ,
ജ്ഞേയാ ച കഫകൃൽ പുഷ്ടി
ബല്യാ വീര്യവിവർദ്ധിനീ"

എന്ന പ്രമാണമുണ്ടു്. പാൽമുതക്കിന്റെ ഗുണങ്ങളെ മുൻപു വിവരിച്ചു കഴിഞ്ഞു.)

മുതല=മുതല

(ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഖാദി വർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ചീങ്കണ്ണിയും മുതലയുടെ ഒരു വകഭേദമായിട്ടാണു് വിചാരിക്കപ്പെട്ടുവരുന്നതു്. മുതലയോളം വലിപ്പമില്ലെങ്കി

ളും ആകൃതിയിൽ വലിയ വ്യത്യാസമില്ല. ചീകണ്ണിയുടേയും മുതലയുടേയും മാംസങ്ങൾ ഗുണങ്ങൾകൊണ്ടു തുല്യങ്ങളാണ്. വാതത്തെ ശമിപ്പിക്കും. കഫം, ബലം, വീര്യം ഇവയെ വർദ്ധിപ്പിക്കും. ദേഹത്തെ പുഷ്ടിപ്പെടുത്തും. മലബന്ധത്തെ ഉണ്ടാക്കും.)

മുതിര=മുതിര

(മുതിര ഭോജ്യവർഗ്ഗത്തിൽചേർന്ന ശിംബീധാന്യമാകുന്നു. അല്പാല്പം നിറവ്യത്യാസത്തിൽ രണ്ടുമൂന്നു തരമുണ്ട്. ഗുണങ്ങൾകൊണ്ടു് എല്ലാം സമാനങ്ങളാകുന്നു. ശുക്രം, ആശ്മരി, വായുമൂത്രൽ. പീനസം, ചുമ, അർശസ്, കഫം. വാതം ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. അഥവാ രക്തപിത്തത്തെ ഉണ്ടാക്കും. ഉഷ്ണവീര്യത്തോടും പാകത്തിൽ അമ്ലരസത്തോടും കൂടിയതാകുന്നു. പാകത്തിൽ എരിവുരസമെന്നു "ശുശ്രുത"ത്തിലും പുഷ്ടികരമെന്നു "രാജവല്ലഭ"ത്തിലും അമ്ലപിത്തത്തെ വർദ്ധിപ്പിക്കുന്നവയെന്നു "സംഗ്രഹ"ത്തിലും പറഞ്ഞുകാണുന്നു.

ഉഷ്ണാ കുലത്ഥാ പാകേമ്ലാ
ശുക്രാശ്മരീവാതപീനസാൻ,
കാസാർശ കഫവാതാംശ്ച
ഘ്നന്തി പിത്താസൃജോ പരം"

എന്നു ധാഗ്ഭടമതം.)

മുത്തങ്ങ=മുത്തങ്ങ

(മുത്തങ്ങാ പണ്യവർഗ്ഗത്തിൽചേർന്ന ഗന്ധദ്രവ്യമാകുന്നു. ഇതു പെരുമുത്തങ്ങയെന്നും നീർമുത്തങ്ങയെന്നും രണ്ടുതരത്തിലുണ്ട്. കസേരു എന്ന സംസ്കൃതനാമത്തിനാണു നീർമുത്തങ്ങയെന്നു പറയുന്നതു്. അതിനു കഴി മുത്തങ്ങ എന്നും പറയാറുണ്ട്.

"കസേരു ദ്വിവിധം തത്തു
മഹാഭദ്രകസേരുകം,
മുസ്താകൃതിർലഘു സ്യാദ്യ-
ത്കാച്ചിചോഡമിതിസ്മൃതം"

എന്ന പ്രമാണമനുസരിച്ചു നീർമുത്തങ്ങതന്നെ രണ്ടുതരത്തിലുണ്ടെന്നു സിദ്ധമാകുന്നു. മുത്തങ്ങ എരിവു്, കയ്പു് എന്നീ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ബുദ്ധിയെ നന്നാക്കും. ദേഹകാന്തിയെ ഉണ്ടാക്കും. നല്ല ഗന്ധത്തോടുകൂടിയതാകുന്നു. രക്തദോഷത്തേയും, കഫത്തേയും, പിത്തത്തേയും. ജ്വരത്തേയും. കൃമിയേയും. വാതത്തേയും, അതിസാരത്തേയും, വ്രണത്തേയും. ചുട്ടുനീറലിനേയും, ചൊറിയേയും. അമൂലത്തേയും, വിയർപ്പിനേയും ശമിപ്പിക്കും. "ക്ഷുദ്രമുസ്താ" എന്നു പറയപ്പെടുന്ന ചെറിയ മുത്തങ്ങയെയാണു് ഇവിടെ മുത്തങ്ങയെന്നു സാമാന്യേന പറഞ്ഞിരിക്കുന്നതു്.

മുത്തു്=മുത്തു്

(മുത്തു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു.)

"ശുക്തിഃ ശംഖോഗജഃ ക്രോഡഃ
ഫണീമത്സ്യശ്ച ദുർദ്ദുരഃ,
വേണുശ്ചാഷ്ടൌ സമാഖ്യാതാ
ശുക്തൈമ്മൌക്തികയോനയഃ"

എന്നും

"മാതംഗോരഗമീനപോത്രി ശിരസ
സ്ഫോകസ്സാരശംഖാം ബുദാ
ശുക്തീനാമുദരാച്ച മൌക്തികമണി
സ്സ്യാദ്ഭം ഭവത്യഷ്ടധാ"

എന്നുള്ള പ്രമാണങ്ങളെ അനുസരിച്ചു് ശുക്തിമൌക്തികം, ശംഖമൌക്തികം, ഗജമൌക്തികം, വരാഹമൌക്തികം, സർപ്പമൌക്തികം, മത്സ്യമൌക്തികം, ദർദ്ദുരമൌക്തികം, വേ

ണ്ടാമെഴുക്കികാം ഇങ്ങനെ മുത്തു് എട്ടു ജാതി ഉണ്ടു്.

"നക്ഷത്രാഭം വൃത്തമത്യന്തമുത്തമം
സ്നിഗ്ദ്ധം സ്ഥൂലം നിർമ്മലം നിർവ്വണം ച,
ന്യൂനാധിക്യേ ഗൌരവംയത്തുലായാം
തന്നിർമ്മുക്ത്യാ മൌക്തികം സൌഖ്യദായി"

എന്നുള്ളതിനാൽ നക്ഷത്രംപോലെ തിളങ്ങിക്കൊണ്ടിരിക്കുന്നതും വൃത്താകാരമായും മസൃണമായും സ്ഥൂലമായും നിർമ്മലമായും കേടില്ലാത്തതായും ത്രാസിൽവച്ചു തൂക്കി നോക്കിയാൽ തൂക്കത്തിൽ ഘനം ഏറുന്നതായും അമൂല്യമായും ഇരിക്കുന്ന മുത്തു ശ്രേഷ്ഠവും സുഖപ്രദവുമാണെന്നും,

"യദ്വിച്ഛായം മൌക്തികംവ്യംഗകായം
ക്ഷിസ്ഥം രക്തതാം ചാപിധത്തേ,
മത്സ്യാക്ഷാംഗം രൂക്ഷമുത്താനനിമ്നം
നൈതച്ഛായ്യം ധീമതാ ദോഷമേയു"

എന്നുള്ളതിനാൽ നിറക്കുറവു് പൊട്ടൽ മുതലായവയുള്ള മുത്തു് ദോഷപ്രദമാകയാൽ അതു് ധരിക്കുവാൻ അയോഗ്യവും അധമവും ആണെന്നും ധരിച്ചുകൊള്ളണം. മുത്തു്, മധുരം, കവർപ്പു് എന്നീ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ദുഷ്ടി രോഗം, വിഷം, രാജയക്ഷ്മാവു്, കഫം, പിത്തം, ക്ഷയം, കാസം, ശ്വാസം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും. ബലം, ശരീരപുഷ്ടി, വീര്യം, ആയുസ്സു് ഇവയെ വർദ്ധിപ്പിക്കും. സ്ത്രീകൾ ധരിച്ചാൽ ഗ്രഹപീഡ മുതലായവ മാറുകയും ശരീരകാന്തി വർദ്ധിക്കുകയും ചെയ്യും. അയിമാംസം മുതലായവയെ ഉരച്ചുകളയും. ലഘുത്വം, സ്നിഗ്ദ്ധത്വം, ചുടിച്ചു ലിനെ മാറും. മുത്തു മാലയാക്കി ധരിച്ചാൽ ശരീരസന്താപത്തേയും പിത്തരോഗത്തേയും ശമിപ്പിക്കും. മനസ്സിനെ സന്തോഷിപ്പിക്കും. കണ്ണിനു സുഖത്തെ ഉണ്ടാക്കും. ശുക്തിമൌക്തികം മുതലായ എട്ടു മൌക്തികങ്ങളെപ്പറ്റി ഇവിടെ സംക്ഷിപ്തമായി വിവരിക്കുന്നു—ചിപ്പി എന്നാ ഒരു വസ്തു സമുദ്രത്തിൽ ഉണ്ടാകുന്നുണ്ടു്. അതിന്റെ ഉള്ളിൽനിന്നുമാണു ശുക്തിമൌക്തികം ഉണ്ടാകുന്നതു്. ഈ പ്രകാരമുണ്ടാകുന്ന മുത്തു കുങ്കുമത്തിന്റെ നിറത്തോടും ജാതിക്കായുടെ ആകൃതിയിൽ മുഴപ്പോടും സ്നിഗ്ധതയോടുകൂടിയും നിർമ്മലമായുമിരിക്കും. അങ്ങിനെയുള്ള മുത്താണു് നാം ഇന്നു സാധാരണമായി കണ്ടുവരാറുള്ളതു്.

ശംഖമൌക്തികം, ശംഖിൽനിന്നുണ്ടാകുന്നതാകുന്നു. അതു വെള്ളിനക്ഷത്രംപോലെ ശോഭയുള്ളതും മാടപ്രാവിന്റെ മുട്ടയുടെ ആകൃതിയിൽ വൃത്താകാരമായും വളരെ അഴകുള്ളതായും ലഘുവായും ഇരിക്കും. അതു് മനുഷ്യർക്കു സുലഭമല്ല.

ഗജമൌക്തികം ആനയുടെ മസ്തകത്തിൽനിന്നും ഉണ്ടാകുന്നതാകുന്നു. അതു മഞ്ഞയും ചുവപ്പും കൂടിയ നിറത്തോടും മങ്ങിയ പ്രകാശത്തോടും കൂടിയിരിക്കും. അതു മറ്റുള്ളവയെപ്പോലെ ഉത്തമമല്ല.

വരാഹമൌക്തികം പന്നിയുടെ മൂർദ്ധാവിൽനിന്നും ലഭിക്കുന്നതാകുന്നു. അതു് അങ്കോലക്കായുടെ ആകൃതിയിൽ ചന്ദ്രനേപ്പോലെ സുപ്രസന്നമായിരിക്കും. അതു ലഭിക്കുക സാധാരണമല്ല. അഥവാ ദൈവവശാൽ ലഭിക്കുന്നപക്ഷം അതിനെ ധരിച്ചാൽ വൈശ്രവണനേപ്പോലെ ധനാഢ്യനായിരിക്കും.

സുപ്പുമെരുക്കതികം—ഉത്തമസുപ്പുങ്ങളുടെ ഫണങ്ങളിൽ ഉണ്ടാകുന്നതാകുന്നു. ആതു് വൃത്തവും, നിർമ്മലവും ചന്ദ്രനെപ്പോലെ പ്രകാശമുള്ളതും ആയ രത്നമനിരയോടുകൂടിയതും, ആ പോലക്കായുടെ പ്രകൃതിയിലുള്ളതും ആകുന്നു. ആതു് അസംഖ്യം സുകൃതകൃത്യങ്ങടം ചെയ്തിട്ടുള്ള പുണ്യവാന്മാർക്കു ലഭിക്കുന്നുള്ളു. അങ്ങനെ ലഭിക്കുന്നവൻ രാജാവായിരുന്നാലും ചക്രവർത്തിമനായി ഭവിക്കും.

മാസ്യമെരുക്തികം കൂർമ്മസ്യന്തിൽ നിന്നും ലഭിക്കുന്നതാകുന്നു. ആതു് താമരപ്പൂവിന്റെ നിറത്തിലും പാതിരിപ്പൂവിന്റെ കാന്തിയോടുകൂടിയതുമിരിക്കും. "ന ന ലക്ഷ്യതേ ഭുവി ഭൈരസ്യിൻ കലൌ പാപചിത്ത" എന്നുള്ള പ്രമാണമനുസരിച്ചു് കലികാലത്തിങ്കൽ മനുഷ്യർ പാപികളായതുകൊണ്ടു് അവർക്കു മാസ്യമെരുക്തികം ഭക്ഷിക്കു വിഷയമാവുകയില്ല.

ദർദ്ദുരമെരുക്തികം വർഷകാലത്തു മേഘത്തിൽനിന്നുണ്ടാകുന്ന മുത്താകുന്നു. ആതു് സൂര്യനെപ്പോലെ ദുർനിരീക്ഷ്യമായ പ്രകാശത്തോടുകൂടിയതും മിന്നലേപ്പോലെ തിളക്കമുള്ളതുമായിരിക്കും. ദേവന്മാർക്കുപോലും ദുർല്ലഭമായിരിക്കെ മനുഷ്യർക്കു പിന്നെ അതിനെപ്പറ്റി പറയേണ്ടതില്ലല്ലോ.

വേണുമെരുക്തികം ഹിമവാൻ മുതലായ കുലപർവ്വതങ്ങളിലുള്ള മുളകളിൽനിന്നും ഉണ്ടാകുന്നതും അലിപ്പഴത്തിന്റെ പിറത്തിലും ലന്തക്കായുടെ മുഴപ്പിലും ഉള്ളതാകുന്നു. അതു മഹാത്മവതികളായ സ്ത്രീകൾ കണ്ണാലങ്കാരമായി ധരിക്കുന്നു. ഇപ്രകാരങ്ങളെല്ലാം പ്രമാണമനുസരിച്ചു വിവരിച്ചിട്ടുള്ളതാകുന്നു. ഗ്രന്ഥവൈപുല്യത്തെ ഭയന്നാണു് പ്രമാണങ്ങളെ ഇവിടെ ഉദ്ധരിക്കാതെയിരിക്കുന്നതു്. മുൻനിന്നാരോധനമാരണങ്ങളെപ്പറ്റിനാ പറഞ്ഞിട്ടുള്ളതുപോലെയാണെന്നു ഗ്രഹിച്ചുകൊള്ളണം.

മുത്തുച്ചിപ്പി=മുത്തുച്ചിപ്പി

(മുത്തുച്ചിപ്പി മത്സ്യവർഗ്ഗത്തിൽ ചേർന്ന അത്യപമാംസമാകുന്നു. കോശസ്ഥവർഗ്ഗത്തിൽ ചേർന്ന ആത്മപമാംസമെന്നു ശ്രുതമതം. രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നതെന്നു നരസിംഹമതം. ഇതിന്റെ മാംസം ഭുജിക്കുകൊണ്ടു ശംഖമാംസത്തോടു തുല്യമാകുന്നു. അസ്ഥി, ഹൃദ്രോഗം, വായുകുട്ടു്, ചുമ, ശൂലരോഗം ഇവയെ ശമിപ്പിക്കും. മുത്തുച്ചിപ്പി ചെറുനാരങ്ങാനീരിൽ സേവനയുക്തമാക്കിക്കൊണ്ടു പചിച്ചു് ചൂടുവെള്ളത്തിൽ കഴുകിയെടുത്താൽ ഭക്ഷ്യമാകും.)

മുട—വൃദ്ധി

മുടിരം=മുണ്ഡ; തവള

മുടിരഫലം=വികങ്കതകം

മുടഗം=നീർക്കാക്ക; ചെറുപയറു്

മുടഗപണ്ണി=കാട്ടുപയറു്

മുടഗമട്ടകം=കുതിര

മുടഗഭോജി=കുതിര

മുടഗരം=വൈരപ്പുള്ളി; മുടഗരം

(മുടഗരം ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പൂവു് മുല്ലപ്പൂവിനേക്കാൾ അല്പം ഉരുണ്ടതും മങ്ങിയ വെളുത്ത നിറമുള്ളതും സൌരഭ്യമേറിയതുമാകുന്നു. മുടഗരം മുല്ലയുടെ ഒരുവകഭേദമത്രെ. പിത്തത്തെ ശമിപ്പിക്കും. കാമത്തെ വർദ്ധിപ്പിക്കും. സുഖത്തെ ഉണ്ടാക്കും. കാഴ്ചയ്ക്കു മനോഹരമായിരിക്കും.)

മുന്തിരി=മുന്തിരി

(മുന്തിരി ഫലവർഗ്ഗത്തിൽചേർന്

ശ്രേഷ്ഠാ നിഷ്ഠാന്തി രുധിരാമയദാഹ
ദോഷ
മർശോഷ്ണ ശൂല ശ്വസനകാസവിനാശ
കാരീ.”

എന്ന ശാഖിഗ്രാമനിഘണ്ടു.

മുന്തിരിമട്ട്യം=മുന്തിരിങ്ങാമട്ട്യം

(ഇതു രസവർഗ്ഗത്തിൽ ചേർന്താകുന്നു. കഫത്തെയും വാതത്തെയും പിത്തത്തെയും വർദ്ധിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ഹൃദയത്തെ പ്രസാദിപ്പിക്കും. ബലത്തെയും പുഷ്ടിയെയും ഉണ്ടാക്കും. ജാരാഗ്നിയെ ദീപിപ്പിക്കും. രക്തദോഷം, പാണ്ഡു, പ്രമേഹം. അർശസ്സ്, വിഷമജ്വരം ഇവയെ ശമിപ്പിക്കും.)

മുനി=മുരിങ്ങമരം; ആകൃതി; മക്ഷി
മുനിക=ചൊറിയ ബ്രഹ്മി [ഈച്ച
മുനിഖർജ്ജൂരി കാട്ടീത്തപ്പഴം
മുനിഖർജ്ജൂരിക=കാട്ടീത്തപ്പഴം
മുനിച്ഛദ=ഏഴിലംപാല
മുനിതരു=ആകൃതി
മുനിദ്രുമ=വലിയ വലകുപ്പയാനി; ആകൃതി
മുനിധ്യാനം=വരിനെല്ല്
മുനിനിർമ്മിതം=കരുട്ടിവെള്ളരി
മുനിപുത്രക=കരിങ്കുരികിൽ; മക്ഷി ഈച്ച
മുനിപ്രിയം=വരിനെല്ല്; മുരിങ്ങമരം
മുനിഭേഷജം=ആകൃതി; കടുക്ക
മുനിവല്ലഭം=മുരിങ്ങമരം
മുനിശ്രീഹി=വരിനെല്ല്
മുനിശ്രേഷ്ഠ=ചുണ്ടി
മുനിസുതം=മക്ഷിപ്പൂവ്

മുപ്പരപ്പൻപുല്ല്=മുപ്പരപ്പൻപുല്ല്

(ഇതു ആരണ്യവർഗ്ഗത്തിൽ ചേർന്താകുന്നു. രണ്ടുമൂന്നുതരത്തിലുണ്ട്. അവയിൽ നീണ്ടയിനം ഗുണമേറിയതാകുന്നു. വെള്ളത്തിലും വെള്ളത്തി

താകുന്നു. ഇതു പലതരത്തിലുണ്ട്. ഇവറ്റിന്റെ പത്തു കാര്യം വിരേചനത്തിനുണ്ടാക്കും. ശീതവീര്യത്തോടുകൂടിയിരിക്കുന്നതാകുന്നു. ശരീരത്തെ തടിപ്പിക്കും. കണ്ണിനു ഹിതമായിട്ടുള്ളതാകുന്നു. ഗുരുതരമായിട്ടുള്ള പാകത്തിൽ മധുരരസത്തോടുകൂടിയിരിക്കുന്നതും നല്ലരസത്തോടും കൂടിയതാകുന്നു. രക്തപിത്തത്തെ ഉണ്ടാക്കും. എല്ലാതരത്തിലുള്ള മുന്തിരിങ്ങകളും ഒരുപോലെ ഗുണങ്ങളുള്ളവയാകുന്നു. ഇളയ മുന്തിരിങ്ങ എരിവുരസത്തോടും ഇല്ലുവീണ്ടുമായിരിക്കുന്നതും രക്തപിത്തത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു.

“ദ്രാക്ഷാബാലഫലം കട്വമ്ലവിശദം
പിത്താസൃഗ്ദോഷപ്രദം
മജ്ജ്യഞ്ചാമ്ലരസം രസാന്തരഗദം
രുച്യാതി വഹ്നിപ്രദം,
പക്വം ചേന്മധുരം തദാമ്ല സഹിതം
തുണ്ണാസ്രപിത്താപഹം
പക്വം ജ്ഞേയസമം ശ്രമാർത്തിശമനം
സന്തർപ്പണം പുഷ്ടിദം.”

“ദ്രാക്ഷാഫലം മധുരമല്പകഷായ
യുക്തം
ക്ഷാരേണപിത്തമരുതാം കഫഹാരി
ശീലം

ന്റെ സമീപപ്രദേശങ്ങളിലും ഉണ്ടാകും. വട്ടപ്പുല്ല് എന്നു പറയുന്നതും ഇതിൽതന്നെ ഒരുതരമാണെന്നു തോന്നുന്നു. കഫം, പിത്തം, അതിസാരം, ഛർദ്ദി, രക്തസ്രാവം, രക്തദുഷ്ടി ഇവയെ ശമിപ്പിക്കും. മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു.

"ഗ്രണ്ഡനസ്തുമധുരഃ ശീതഃ
കഫ പിത്താതിസാരഹാ,
ദാഹരക്തരുധിരസ്തന്യ
ഗ്രഹ്യോഽഫലാന്ത്രാധി...ാ"

എന്നു ശാലിഗ്രാമനിഘണ്ടു.)

മുയൽ=മുയൽ.

(മുയൽ മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. വിലേശയ വർഗ്ഗത്തിൽ ചേർന്നതെന്നു ശ്രുതമതാം. സന്നിപാതം, രക്തദോഷം, ജ്വരം, വായുമുട്ടൽ, മെലിവു്, രാജയക്ഷ്മാവു്, ചുമ ഇവയെ ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. പാകത്തിൽ മധുരരസത്തോടും രൂക്ഷഗുണത്തോടും ശീതവീര്യത്തോടുംകൂടിയതാകുന്നു. പാകത്തിൽ മധുരമെന്നു ശ്രുതമതം.

"പ്രദീപ്തം കടുകം പാകേ
ഗ്രാഹീ രൂക്ഷോ ഹിമഃ ശശഃ."

എന്നു വാഗ്ഭടൻ.

മുയലിനു ചില സ്ഥലങ്ങളിൽ ചെവിയൻ എന്നുകൂടി പറയാറുണ്ടു്. മുയലിൽതന്നെ നെറ്റിയിൽ വെളുത്ത ചുട്ടിയുള്ളതായി ഒരുവകയുണ്ടു്. അതിനെ ചുട്ടിമുയലെന്നു പറയുന്നു.)

മുര=മുരാമാഞ്ചി

മുരങ്ങാഫലം=പ്ലാവു്

മുരങ്ങള്ള=മുരള്ള

(മുരളെണ്ണ തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് മുരിങ്ങമരത്തിന്റെ കായുടെ പരിപ്പിൽ നിന്നെടുക്കുന്നു. മധുരരസത്തോടും ഗുരുത്വത്തോടും കൂടിയതാണു് ഉണ്ണുവീര്യത്തോടും കൂടിയതാകുന്നു. കഫത്തെ വർദ്ധിപ്പിക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. അഗ്നിയെ മന്ദിപ്പിക്കും.

"....രുതൈലം മധുരംഗുരു;
കിഞ്ചിച്ഛ്ലേഷ്മകരം
പിത്തവാതവിനാശനം"

എന്നു് നിഘണ്ടുരത്നാകരം.)

മുരിങ്ങമരം=മുരിങ്ങമരം

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഇല ചെറുതും പരുപരുപ്പുള്ളതും ആകുന്നു. കായ്ക്കുലന്തക്കായോളം വലിപ്പവും കനവും നീളവും ആകുന്നു പരിപ്പും ഉള്ളതുമാകുന്നു. ഈ പരിപ്പിനു് ചാരൽപരിപ്പെന്നു പേർ പറയാറുണ്ടു്. ഈ വൃക്ഷം കൊങ്കണം മുതലായ സ്ഥലങ്ങളിൽ അധികം ഉണ്ടാകുന്നു. ഇതിന്റെ പഴുത്തകായു് മധുരം, പുളി ഈ രസങ്ങളോടും സ്നിഗ്ധതയോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ഇക്കുത്തെ വർദ്ധിപ്പിക്കും. ഗുരുത്വത്തോടുകൂടിയതാകുന്നു. വിരേചനത്തെ ഉണ്ടാക്കും. ധാതുവൃദ്ധിയെ ചെയ്യും. മലത്തെ സ്തംഭിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. ഉഷ്ണമാകുന്നു. ബലത്തെ ഉണ്ടാക്കും. പ്ലീഹയെപ്രീയമായിട്ടുള്ളതാകുന്നു. വാതത്തേയും പിത്തത്തേയും ചുട്ടനീറൽ, ജ്വരം, തണ്ണീർദാഹം, ക്ഷതം, രക്തദോഷം, ക്ഷയം ഇവയേയും ശമിപ്പിക്കും. കായുടെ പരിപ്പു് മധുരരസത്തോടുകൂടിയതാകുന്നു. ഇക്കുത്തെ വർദ്ധിപ്പിക്കും. ചുട്ടനീറലിനേയും, പിത്ത

തെയും ശമിപ്പിക്കും. ഇതിന്റെ വേങ്ങ് കവപ്പു രസത്തോടുകൂടിയതാകുന്നു. രക്തദോഷം, കൃമി, പിത്തം ഇവയെ ശമിപ്പിക്കും.

"ചാദരാളീ മധുരാ വൃഷ്യാ
ചാക്ഷു ഷ്യാ സരാ മതാ
മലസ്തംഭകരീ സ്നിഗ്ധാ
ശീതളാധാതുവർദ്ധിനീ;
കൃമികുഷ്ഠാസ്രരാ ബല്യാ
പ്രിയാ വാതവിനാശിനീ;
പിത്തദാഹജ്വരശ്രമാ
ക്ഷതരക്തദോഷനുത്;
ക്ഷതക്ഷയം നാശയതി
തന്മാത്രാ മധുരാമൃതാ;
വൃഷ്യാ ച ദാഹപിത്താസ്രനീ
... ."

എന്നു നിഘണ്ടുരത്നാകരം)

മുരാമാഞ്ചി=മുരാമാഞ്ചി

മുരാമാഞ്ചി മാഞ്ചിയിൽ ഒരു ജാതിയും ഗന്ധവസ്തുക്കളിൽ ചേർന്നതും ആകുന്നു. ഇതു് ഉഷ്ണദേശത്തു് മുരാ എന്ന പേരിൽ പറയപ്പെട്ടിവരുന്നു. ദ്രവ്യപരീക്ഷയിൽ

"കിഞ്ചിൽ പീതാ മുരാമാംസീ"

എന്നു കാണുന്നതുകൊണ്ടു് സാധാരണ മാഞ്ചിയേക്കാൾ അല്പം പീതവർണ്ണമായിട്ടുള്ളതാണെന്നു കാണുന്നു. വാതം, പിത്തം, കൃമി, കാസം, ജ്വരം, രക്തദോഷം, ഭൂതോപദ്രവം, രാക്ഷസഗ്രഹപീഡ മുതലായവയെ ശമിപ്പിക്കും. കയ്പും മധുരവും ആകുന്ന രസങ്ങളോടും ശീതവീര്യത്തോടും ലഘുത്വത്തോടും കൂടിയതാകുന്നു.

"മുരാ തിക്താ ഹിമാ സാദ്രീ
ലഘ്വീ പിത്താനിലാപഹാ;
ജ്വരാസൃഗ്ഭൂതരക്ഷോഘ്നീ
കൃമികാസവിനാശനീ"

എന്നു ഭാവപ്രകാശം.)

മുരിങ്ങ=മുരിങ്ങ

(മുരിങ്ങ ആരണ്യകവർഗ്ഗത്തിൽ ചേർന്ന ഔഷധദ്രവ്യമാകുന്നു. മൂപ്പു് ചുവന്നിരിക്കും. കഫം, വാതം, പിത്തം. കണ്ണരോഗം, കൃമി, അശ്മരി, വിഷം, കൃമി, കുഷ്ഠം, പ്രമേഹം, ശരപ്പു, ഉദരശൂലം ഇവയെ ശമിപ്പിക്കും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. മുള്ളുള്ള ഒരു വൃക്ഷമാകുന്നു.)

മുരിങ്ങ=മുരിങ്ങ

(മുരിങ്ങ പത്രശാകവർഗ്ഗത്തിൽ ചേർന്ന ഔഷധദ്രവ്യമാകുന്നു. ഫല ശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. മൂപ്പെത്താത്ത വെള്ളയ്ക്കപ്പൂവും ഉള്ളതായിട്ടു് ഇതു് രണ്ടു തരത്തിലുണ്ടു്. എരിവുരസത്തോടും തീക്ഷ്ണവീര്യത്തോടും മധുരരാഗത്തോടും ലഘുത്വത്തോടും വിപാകത്തിൽ എരിവുരസത്തോടും ശ്രക്ഷ്ണത്വത്തോടുംകൂടി ക്ഷാരം, കൂടു് ഈ രസങ്ങളോടും കൂടിയതാകുന്നു. ജ്വരാഗ്നിയെ ദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഭേദിപ്പിക്കും. ശുക്രത്തെ വർദ്ധിപ്പിക്കും. ഹൃദ്യമായിട്ടുള്ളതാകുന്നു. പിത്തത്തേയും രക്തത്തേയും കോപിപ്പിക്കും. കണ്ണിനു ഹിതമായിട്ടുള്ളതാകുന്നു. വയാകൂകൽപ്പലിനെ ഉണ്ടാക്കും. വിഷം, ശോഫം, കൃമി, ദുർമ്മേദസ്സു്, ഭൂതബാധ, വിഷം, പ്ലീഹ, ഗുല്മം, ഗന്ധർവ്വഗ്രഹം ഇവയേയും കഫവാതങ്ങളേയും ശമിപ്പിക്കും.

"ശിഗ്രുഃ കടുഃ കടുഃ പാകേ
തീക്ഷ്ണോഷ്ണോമധുരോലഘുഃ;
ദീപനോരോചനോ രൂക്ഷഃ
ക്ഷാരസ്തിക്തോവിദാഹകൃൽ;
സംഗ്രാഹീ ശുക്രലോ ഹൃദ്യഃ
പിത്തരക്ത പ്രകോപനഃ;
ചക്ഷുഷ്യഃ കഫവാതാർശോ
വിദ്രധിശ്വയഥുകൃമീൻ;

മേദോപചീവിഷപ്പീഹ
ഗുല്മാഗ്നിസാദവ്രണനാൻ ഹദരേ"
എന്ന രാവുച്ചകാശം.

"ശോഫാങ്ഗനാസ്ഥീക്ഷ്ണകടു
സ്വാദുഘ്നം പിച്ഛിലസ്ഥിരാ;
ഉഷ്ണവീര്യാതിതുല്യഗു-
ശുക്ഷ്യാ രോചനാ വരാ."

എന്നാണ്ടുനിഘണ്ടു. മുരിങ്ങയില ശീതവീര്യത്തോടും മധുരരസത്തോടും കൂടിയതാകുന്നു. വാതപിത്തങ്ങളേയും മൂത്രാഘാതവും കൃമിയേയും വ്രണത്തേയുംശമിപ്പിക്കും. കണ്ണിനു ഹിതമാകുന്നു. ശരീരത്തെ തടിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. സ്നിഗ്ദ്ധതയോടു കൂടിയതാകുന്നു. രുചിയെ ഉണ്ടാക്കും.

"ശിഗ്രുശാകം ഹിമം സ്വാദു
ചക്ഷുഷ്യം വാതപിത്തഹൃൽ;
ഗ്രാഹണം ശുക്രകൃൽ സ്നിഗ്ദ്ധാം
രുച്യം മരുക്രമിപ്രണുൽ."

മുരിങ്ങപ്പൂവ് എരിവുരസത്തോടും തീക്ഷ്ണതയോടും ഉഷ്ണവീര്യത്തോടും കൂടിയതാകുന്നു. സ്നായുരോഗത്തെയും നീർക്കെട്ടിനേയും കൃമിയേയും കഫവാതങ്ങളേയും വിദ്രധി, പ്ലീഹ, ഗുല്മം ഇവയേയും ശമിപ്പിക്കും. മുരിങ്ങക്കായ് മധുരം, കയ്പ് ഈ രസങ്ങളോടുകൂടിയതാകുന്നു. കഫപിത്തങ്ങളേയും സ്ഥൂലം, കൃശം, ക്ഷയം, കാസം, ഗുല്മം ഇവയേയും ശമിപ്പിക്കും. ജ്വരാഗ്നിയെ നല്ലപോലെ ദീപിപ്പിക്കും. മുരിങ്ങയരിതീക്ഷ്ണവും ഉഷ്ണവും ആകുന്നു. വിഷത്തെ ശമിപ്പിക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. കഫവാതങ്ങളെ ശമിപ്പിക്കും. കണ്ണിനഹിതമാകുന്നു. അരച്ചുനസ്യംചെയ്താൽതലവേദന മുതലായവയെ ശമിപ്പിക്കും.

"ചക്ഷുഷ്യം ശിഗ്രുബീജം ച
തീക്ഷ്ണോഷ്ണം വിഷനാശനം
അവൃഷ്യം കഫവാതഘ്നം
തന്നാമ്പ്രാണ ശിരോർത്തിനുത്."

എന്നാ ശാലിഗ്രാമനിഘണ്ടു).

മുരിങ്ങയെണ്ണ=മുരിങ്ങയെണ്ണ.

(മുരിങ്ങയെണ്ണ തൈലവർഗ്ഗത്തിൽ ചന്ദനം മുരിങ്ങയുടെ ഇലയിൽ നിന്നും എടുക്കുന്നതും ആകുന്നു. ആ വണക്കെണ്ണ മുതലായവയെപ്പോലെ പിച്ഛിലമായിരിക്കും. പിത്തരക്തങ്ങളെ വർദ്ധിപ്പിക്കും. വാതം, കഫം, ശിരോരോഗം, തൃഗ്ദോഷം, വ്രണം, ചൊറി, വിക്കം, കൃമി, മേഹം ഇവയെ ശമിപ്പിക്കും.)

മുലപ്പാൽ=മുലപ്പാൽ.

(മുലപ്പാൽ പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, രക്തദോഷം, അഭിഘാതം, മൂർഛ, ഭ്രമം, തണ്ണീർദാഹം, ജ്വരം, പ്രലാപം ഇവയെ ശമിപ്പിക്കും.

"നാത്യുഷ്ണാ ലഘു പയഃശീതം
ദീപനം വാതപിത്തജിൽ
ചക്ഷുഃശൂലാഭിഘാതഘ്നം
നസ്യാശ്ച്യോതനയോർഹിതം
പ്രലാപമൂർഛാഭ്രമദാഹയുക്തേ
ഷ്വാനന്ദിതേ ദോഷസമൂഹ
മൂത്തേഷു
പയോംഗനാനാം പിബതാം
നരാണാം
പ്രായേണ ജന്തോഃ പ്രശമം
പ്രയാതി" എന്നും
"സഞ്ജീവനംബൃംഹണമേവസാത്മ്യം
സന്തർപ്പണം നേത്രരുജാപഹഞ്ച
പിത്തസ്യ രക്തസ്യ ച നാശനഞ്ച
നാരീപയഃ സ്നേഹനമേവശസ്തം"

എന്നും മുലപ്പാലിന്റെ ഗുണങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്).

മുലപ്പാലുകൊണ്ടുള്ളതൈരു്=മുലപ്പാലുകൊണ്ടുള്ള തൈരു്.

(ഇതു് ദോഷവർദ്ധനത്തിൽപ്പെട്ടതാകുന്നു. ശരീരത്തിനെയും ധാതുക്കളെയും ബലത്തെയും വർദ്ധിപ്പിക്കും. ശുക്ലോപദ്രവത്തെയും ത്രിദോഷങ്ങളെയും നശിപ്പിക്കും. കണ്ണിനു് വളരെ നല്ലതാകുന്നു).

മുച്ചുപ്പാലിൻ നെയ്യു് = മുലപ്പാലിൻ നെയ്യു്.

(മുലപ്പാലിൻനെയ്യു് ദോഷവർദ്ധനത്തിനു് ചേർന്നതാകുന്നു. രുചിയെ ഉണ്ടാക്കും. കണ്ണിനു വളരെ നല്ലതാകുന്നു. ശരീരത്തിനെ വർദ്ധിപ്പിക്കും. വിഷത്തെ ശമിപ്പിക്കും.

"സ്തന്യം നവനീതം ഗു
പാകേ ലഘു രുചിപ്രദം
ചക്ഷുഷ്യം ദീപനം ചൈവ
സർവരോഗാൻ വിഷം ഹരേൽ".

എന്ന ശാലിഗ്രാമം).

മുല്ലപ്പൂനാറിയുകിൽ = മുല്ലപ്പൂനാറിയകിൽ.

(ഇതു് ഗന്ധവർദ്ധനത്തിൽ ചേർന്നതാകുന്നു. ഇതിന്റെ സൌരഭ്യം മുല്ലപ്പൂവിന്റെ സൌരഭ്യത്തോടു തുല്യമായതുകൊണ്ടായിരിക്കണം ഇതിനെ മുല്ലപ്പൂനാറിയകിൽ എന്നു പറയുന്നതു്. ഇതിനു മിക്കവാറും അകിലിന്റെ ഗുണങ്ങളും ഉണ്ടു്. ശീതവീര്യത്തോടുകൂടിയതാകുന്നു.

"മംഗല്യാ ഗുരുശിശിരാ
ഗന്ധാഢ്യാ യോഗവാഹികാ"

എന്ന രാജനിഘണ്ടു).

മുശടി=വെളുത്തതിന

മുശലി=നിലപ്പന

മുഷലി=നിലപ്പന

മുഷകാ=എലി

മുഷ്ക്കം=മുഷ്ക്കകവൃക്ഷം; വെൺപാതിരി

മുഷ്ക്കകവൃക്ഷം=മുഷ്ക്കവൃക്ഷം

(മുഷ്കകവൃക്ഷം ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാധാരണമായി ഇതു് മലയിലാണു് ഉണ്ടാകാറുള്ളതു്. എരിക്കിന്റെ പൂവിന്റെ മാതിരിയിൽ കൂത്ത പൂവുള്ളതും, വെട്ടത്തപൂവുള്ളതും ഇങ്ങനെ രണ്ടുതരത്തിലുണ്ടു്. കായു് ഉരുണ്ടു് വൃത്താകൃതിയിലിരിക്കും. മുഷ്ക്കകം എരിവു്, പുളി ഈ രസങ്ങളോടുകൂടിയതാകുന്നു. കായു് പുരസ്സോടുകൂടിയതിനും പക്ഷാന്തരം. രുചിയെ ഉണ്ടാക്കും. അഗ്നിയെ പചിപ്പിക്കും. പ്ലീഹ, ഗുല്മം, ഉദരം ഇവയെ ശമിപ്പിക്കും. മലത്തെ ബന്ധിക്കും. ഉഷ്ണവീര്യത്തോടുകൂടിയതാകുന്നു. കഫം, വാതം, വിഷം, കൃമ്മേദസ്സു്, ചൊറി, വസ്തിരോഗം, കൃമി ഇവയെയും ശമിപ്പിക്കും. ശുക്രത്തെ വർദ്ധിപ്പിക്കും. ഇതിന്റെ പശ ശുക്രത്തെ ഏറ്റാവും വർദ്ധിപ്പിക്കും. ശോഷം, പിത്തം, വായു ഇവയെ ശമിപ്പിക്കും.

"മോക്ഷകഃ കടുകസ്തിക്തോ
ഗ്രാഹ്യുഷ്ണഃ കഫവാതനുൽ,
വിഷഭേദോ ഗുല്മകണ്ഡൂ
വസ്തിരുക്കൃമിശുക്രനുൽ"

എന്ന ശാലിഗ്രാമനിഘണ്ടു.

"മുഷ്ക്കകഃ കടുകശ്ചോഷ്ണോ
രുചികൃൽ പാചനഃ സ്മൃതഃ,
ഗ്രാഹകോഽഗ്നേഃ പടുസ്തിക്തഃ
പ്ലീഹഗുല്മോദരാപഹഃ
വിഷദോഷം കഫം വാതം
മേദരുഗ്വസ്തിശൂലഹാ
ശുക്രദോഷം കൃമിം രുജം
പിത്തം കണ്ഡൂം കൃമിം ജയേൽ
പുഷ്ടം കൃഷ്ണഹരം ജ്ഞേയം
വാതപിത്തകഫപ്രണുൽ
ഫലമഗ്നിദീപ്തികരം
ഭേദകം രോചകം മതം

മേഹാരോഗ്ലപാണ്ഡുഘ്നം
ജ്വരഗുല്മോദരാ ജയേൽ"
എന്ന നിഘണ്ടുരത്നാകരം).
മുച്ചി=മുഷ്ടിവൃക്ഷം
മുസല്വി=നിലപ്പന; എലിച്ചെവി
മുസ്ത=മുത്തങ്ങ
മുസ്തം=മുത്തങ്ങ
മുസ്തകം=മുത്തങ്ങ
മുസ്തകാളം=കുഴിമുത്തങ്ങ
മുസ്താളം=കുഴിമുത്തങ്ങ
മുരിക്കുഞ്ഞി=മുരിക്കുർഞ്ഞി.

(മുരിക്കുഞ്ഞി ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് അധികവും വനങ്ങളിലാണു് ഉണ്ടാകുന്നതു്. പൂവിന്റെ നിറഭേദത്തെ ആശ്രയിച്ചു് ഇതു നാലു തരത്തിലുണ്ടു്. പൂവു് അല്പസൌരഭ്യമുള്ളതും ചെറുതുമാകുന്നു. മുരിക്കുഞ്ഞി, മഞ്ഞക്കുരുഞ്ഞി, കരിങ്കുഞ്ഞി, ചെങ്കുഞ്ഞി ഇങ്ങനെയാണു് കുഞ്ഞികൾ നാലുതരത്തിലുള്ളതു്. ക്ലാടാതെ വട്ടക്കുഞ്ഞി എന്ന പേരിൽ വേറെ ഒന്നു ചിലസ്ഥലങ്ങളിൽ പറയാറുണ്ടു്.

"രക്തപുഷ്പം കുരവകം
പീതപുഷ്പം കുരണ്ടകം,
നീലപുഷ്പമാത്മഗുപ്തം
സൈരേയം ശ്വേതപുഷ്പകം"

എന്നുള്ള പ്രമാണമനുസരിച്ചു് ചുവന്നപൂവുള്ളതു് ചെങ്കുഞ്ഞിയും മഞ്ഞപ്പൂവുള്ളതു് മഞ്ഞക്കുരുഞ്ഞിയും കുറുത്തപൂവുള്ളതു് കരിങ്കുഞ്ഞിയും വെളുത്തപൂവുള്ളതു മുരിക്കുഞ്ഞിയുമാണെന്നു സിദ്ധമാകുന്നു. മുരിക്കുഞ്ഞി കൃമി, വാതം, രക്തദോഷം, കഫദോഷം, ചൊറി, വിഷം, ജരാനരകം ഇവയെ ശമിപ്പിക്കും. തലമുടിയെ നന്നാക്കും. നേത്രത്തിനു ഹിതമാകുന്നു. കയ്പു്, മധുരം എന്നീ രസങ്ങളോടും സ്നിഗ്ദ്ധതയോടും ഉഷ്ണവീര്യത്തോടുംകൂടിയതാകുന്നു. എരിവുരസത്തോടുകൂടിയതെന്നും പക്ഷാന്തരം).
മുള=മുള

(മുള ശാകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. ഇതു് പലതരത്തിലുണ്ടു്. മുള പുക്കുന്നതു് വളരെക്കാലം കൂടിയിരിക്കുമ്പോഴാണു്. പൂവു് മങ്ങിയ വെള്ളനിറമായിരിക്കും. ഞാറിലുണ്ടാകുന്ന ഞാറ്റുകാളയാണു് മുളയരി അഥവാ മുളനെല്ലു എന്നു പറയുന്നതു്. മുളയരിയുടെ ഗുണം മറ്റൊരിടത്തു വിവരിക്കും. മുള പുളി, കയ്പു്, കൃഷ്ണ് എന്നീ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. അതു വസ്തിശുദ്ധികരിയെചെയ്യും. മധുരരസത്തോടുംകൂടിയതാകുന്നു. ദുഷ്ടാംസങ്ങളെ ഛേദിച്ചുകളയും. മലശോധനയുണ്ടാക്കും. കഫം, രക്തദോഷം, പിത്തം. കൃഷ്ണം, വ്രണം, ശോഫം, മൂത്രകൃച്ഛ്രം, പ്രമേഹം, അർശ്ശസ്സു്, ചുട്ടനീറൽ ഇവയെ നശിപ്പിക്കും.

"വംശോമ്ലസ്വാദുരസ്തിക്തഃ
ശീതളസ്സാരകോ മതഃ;
വസ്തിശുദ്ധികരഃ സ്വാദു-
ച്ഛേദനോ ഭേദകോ മതഃ;
കഫം രക്തദുഷ്ടം പിത്തം
കൃഷ്ണം ശോഫം വ്രണം തഥാ;
മൂത്രകൃച്ഛ്രപ്രമേഹാർശോ
ദാഹം ചൈവ വിനാശയേൽ"

എന്ന നിഘണ്ടുരത്നാകരം. മുളയ്ക്കു ചിലസ്ഥലങ്ങളിൽ ഇല്ലി എന്നും പറയാറുണ്ടു്).

മുളകു=മുളകു

(മുളകു പണ്യവർഗ്ഗത്തിൽ ചേർന്ന കടുഷ്ണദ്രവ്യമാകുന്നു. നല്ലമുളകു, കുരു

മുളകു, കൊടിമുളകു എന്നെല്ലാം ഇതിനു പേരുകൾ പറയും. കപ്പൽ മുളക. കാന്താരി മുതലായി ഇവ നെയും പലതരത്തിൽ മുളകുകളുണ്ടു്. ഇവയെല്ലാം ഏറെക്കുറെ ഗുണസാമ്യമുള്ളവയാണു്. സന്ദർഭമനുസരിച്ചു് ഇവയുടെ ഗുണങ്ങളെ വിവരിക്കും. ഇവിടെ മുളക എന്നു വിവക്ഷിച്ചിരിക്കുന്നതു തിരുടുവിൽ ഉല്പാദിപ്പിക്കുന്ന മുളകിനെയാണു്. ഇതു് കഫം, വാതം, ഹൃദ്രോഗം. വായുമുട്ടു്, ഉദരശൂലം, കൃമി, ഗുൽമ്മം, പ്ലീഹ ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. അധിമാംസത്തെ മുറിച്ചുകളയും. ശരീരത്തെ ക്ഷീണിപ്പിക്കും.

"മരിചം കടുകം തിക്തം
ലഘു ചോഷ്ണം രുചിപ്രദം;
അഗ്നിദീപ്തികരം തീക്ഷ്ണ-
മവൃഷ്യം ഛേദി ശോഷകം;
രൂക്ഷം പിത്തകരഞ്ചൈവ
കഫവാതകൃമീൻ ജയേൽ;
ശ്വാസം കാസഞ്ച ഹൃദ്രോഗം
പ്ലീഹഞ്ചൈവ വിനാശയേൽ;
പ്രമേഹഞ്ചൊശ്രോരോഗഞ്ച
വഹ്നിം പ്രോക്തം പുരാവിദ്ഭിഃ"

എന്നു് നിഘണ്ടു രത്നാകരം).

മുളിഞ്ചു=മുളകു്

(മുളംകുമ്പു് ശാകവർഗ്ഗത്തിൽ ചേർന്ന ഉദ്ഭിദശാകദ്രവ്യമാകുന്നു. ഇതിനു മുളയുടെ ആണ്ടൽ എന്നും ചില്വടങ്ങളിൽ പറയാറുണ്ടു്. ഇതു് മുളയുടെ ചുവട്ടിൽനിന്നും മുളച്ചുവരുന്ന മുളയാകുന്നു. മലശോധനത്തെ ഉണ്ടാക്കും. പാകത്തിങ്കൽ എരിവു രസത്തോടും രൂക്ഷതയോടും ഗുരുത്വത്തോടും കഷായരസത്തോടും കൂടിയതാകുന്നു. കഫത്തെ ഉണ്ടാക്കും. മധുരരസത്തോടുകൂടിയതാകുന്നു. ക്ഷയറാതിൽ എരിച്ചിലിനെ ഉണ്ടാക്കും. വാതപിത്തങ്ങളെ അധികമായി വർദ്ധിപ്പിക്കും. അസ്ഥിരസത്തോടുകൂടിയതെന്നും ലഘുവെന്നും പക്ഷാന്തരം. രക്തപിത്തത്തെ ഉണ്ടാക്കും. മൂത്രകൃച്ഛ്രത്തെ ശമിപ്പിക്കും. രുചിപ്രദമാകുന്നു.

"കരീരം കടുതിക്തോഷ്ണം
കഷായം ലഘുശീതളം;
പിത്താസ്രദാഹകൃച്ഛ്രഘ്നം
രുചികൃൽ പവനാർശ്ശണം"

എന്നു് രാജനിഘണ്ടു.

"കരീരം കടുകം പാകേ
രസേരൂക്ഷം ഗുരു സ്മൃതം;
കഷായം കഫകൃൽസ്വാദു-
വിദാഹി വാതപിത്തളം"

എന്നു രാജനിഘണ്ടു)

മുളയരി=മുളയരി

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ശൂകധാന്യമാകുന്നു. ശുണധാന്യവും പക്ഷാ: ദോഷപുഷ്ടിയേയും ശുക്ലവൃദ്ധിയേയും ബലാധിക്യത്തേയും ഉണ്ടാക്കും. കഫം, പിത്തം, പ്രമേഹം, വിഷം ഇവയെ ശമിപ്പിക്കും. വിരേചനത്തെ ഉണ്ടാക്കും. മൂത്രത്തെ തടുക്കും. കവർപ്പു്, മധുരം ഈ രസങ്ങളോടും രൂക്ഷഗുണങ്ങളോടും ഉഷ്ണവീര്യത്തോടും പാകത്തിൽ എരിവു രസത്തോടും കൂടിയതാകുന്നു. പിത്തത്തെ വർദ്ധിപ്പിക്കുമെന്നു പക്ഷാന്തരം.

"തദ്ധ്യാന്യം സരം രൂക്ഷം
കഷായം കടുപാകിനം;
വാതപിത്തകരം ഉഷ്ണം
ബദ്ധമൂത്രം കഫാപഹം"

എന്നു് ഭാവപ്രകാശം.

"വേദണാപ്വവസ്ല സ്ഥവരാ
ത്തുകടമ്പേ ഗുരുരാ മതു;
വൃഷ്ടിപ്രാ പ്രീപ്രകൃത് ബല്യം
കഫപിത്ത ഹരരാ മതു;
വിഷ്ടുരമനാശമനാ
മുനിദി വരികീത്തിതു"

എന്നു് നിഘണ്ടുരത്നാകരം. മുള്ളരി യെ മുളന്നെല്ലെന്നും പറയാറുണ്ടു്).

മുളംപ്ലാള്ള്-മുളംപ്ലാള്ള്

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതിന്റെ ഇല മലയകുന്നിയുടെ ഇലപോലെയിരിക്കും. ഇലയ്ക്കു പുളിരസം ഉണ്ടു്. മുളംപ്ലാ ള്ള വാതം, കഫം, രക്തദോഷം, ഗണ്ഡമാല, ഗളഗണ്ഡം, കണ്ണുരോഗം, വ്രണം, ചൂട്ടുനീറൽ, വിഷമജ്വരം, വിഷം, ഛർദ്ദി, പ്രമേഹം, നെഞ്ചുകലിപ്പു, ശ്വേതപ്രദരം, പിത്തം ഇവയെ ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ഇതിന്റെ പഴുത്ത കായ് മലബന്ധത്തെയും വയറുനോവിനേയും ഉണ്ടാക്കും. സ്നിഗ്ധനമായിരിക്കും. അധിമാംസത്തെ മുറിച്ചുകളയും. കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും).

മുള്ളങ്കി=മുള്ളങ്കി

(മുള്ളങ്കി മൂലശാകവർഗ്ഗത്തിൽപെട്ടതാകുന്നു. വട്ടമുള്ളങ്കി, ചണ്ണമുള്ളങ്കി മുതലായി ഇതു രണ്ടു തരത്തിലുണ്ടു്. കടുകുംചെടിയോടു കാഴ്ചയിൽ മിക്കവാറും സാമ്യമുണ്ടു്. തീക്ഷ്ണതയോടും ഉഷ്ണവീര്യത്തോടും ഏരിവുരസത്തോടുംകൂടിയതാകുന്നു. മലബന്ധത്തെയുണ്ടാക്കും. ജഠരാഗ്നിയെ ദീപിപ്പിക്കും. രുചിപ്രദമാകുന്നു. അർശ്സ്സു, ഗുല്മം, ഹൃദ്രോഗം, വാതം ഇവയെ ശമിപ്പിക്കും. ഗുരുതത്തോടുകൂടിയതാകുന്നു.

"മൂലകം തീക്ഷ്ണമൂലഞ്ച
കടുകം ശ്വാഹി ദീപനം
ദുർനാമഗുല്മശൂലാർശോ-
വാതഘ്നം രുചിദം ഗുരു"

എന്നു് ശാലിഗ്രാമം.

മുള്ളങ്കിയുടെ പൂവു് കഫത്തേയും പിത്തത്തേയും ശമിപ്പിക്കും. മുള്ളങ്കിയുടെ കായു് കഫത്തേയും വാതത്തേയും ശമിപ്പിക്കും.

"മൂലകം ഗുരു വിഷ്ടംഭി
തീക്ഷ്ണമാമം ത്രിദോഷകൃത്;
തദേവ സ്നേഹപകവം ചേത്
കഫകൃദ്വാതപിത്തജിത്;
ശുഷ്കം ത്രിദോഷശമനം
ശോഫഘ്നം ഗരജില്ലഘു;
തൽപുഷ്പം കഫപിത്തഘ്നം
തൽഫലം കഫവാതജിത്"

എന്നു രാജവല്ലഭം. മുള്ളങ്കിക്കു് മൂലെരി എന്നും പേരുപറയാറുണ്ടു്.)

മുള്ളങ്കിയെണ്ണ=മുള്ളങ്കിയെണ്ണ

(മുള്ളങ്കിയെണ്ണ തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് മുള്ളങ്കിയുടെ അരിയിൽനിന്നാണു് എടുക്കുന്നതു്. മലശോധനയെ ഉണ്ടാക്കും. ശുക്രത്തിനേയും മേദസ്സിനേയും ക്ഷയിപ്പിക്കും. വാതം, കഫം, അർശ്സ്സു്, കൃമി, കുഷ്ഠം, ശിരോരോഗം, പ്രമേഹം ഇവയെ ശമിപ്പിക്കും).

മുള്ളങ്കൊഴിഞ്ഞിൽ=മുള്ളങ്കൊഴിഞ്ഞിൽ

(ഇതു് പൂഗുക്ഷുപവർഗ്ഗത്തിൽ ചേർന്ന കൃമിഘ്നദ്രവ്യമാകുന്നു. കൃമിയേയും ഉദരശൂലത്തേയും ശമിപ്പിക്കും. ഗുണങ്ങൾകൊണ്ടു് കൊഴിഞ്ഞിലിനോടു തുല്യമാകുന്നു. മുള്ളങ്കൊഴിഞ്ഞിലിനു മുള്ളങ്കൊഴുവയെന്നും പറയാറുണ്ടു്).

മുള്ളൻപന്നി=മുള്ളൻപന്നി

(മുള്ളൻപന്നിയുടെ മാംസം വിലേശയവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. വിലേശയവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷാന്തരം. ത്രിദോഷം, ശ്വാസം, കാസം, രക്തദോഷം, മൂലിച്ചിൽ ഇവയെയും ശമിപ്പിക്കും. വളരെ ബലപ്രദമായിട്ടുള്ളതാകുന്നു.

"ശല്യകഃ ശ്വാസകാസാസ്ര-
ദോഷദോഷത്രയാപഹഃ"

എന്നു പ്രമാണം).

മുള്ളുചേമന്തി=മുള്ളുചേമന്തി

(മുള്ളുചേമന്തി പുഷ്പവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പൂവു് വൃത്തമായിട്ടുള്ളതും വളരെ കേസരങ്ങളും ഉള്ളതുമാകുന്നു. സൌരഭ്യം അധികമുണ്ടായിരിക്കും. ത്രിദോഷത്തെ ശമിപ്പിക്കും. ജ്വരത്തെ വർദ്ധിപ്പിക്കും. രക്തപിത്തത്തെയും പിത്തത്തെയും, കഫത്തെയും ശമിപ്പിക്കും. വളരെ തണുപ്പുകൂടിയതാകുന്നു. നിറത്തെയുണ്ടാക്കും. മൂട്ടിനീരിനെ ശമിപ്പിക്കും.

"കുബ്ജകഃ സുരഭിഃ ശീതോ
രക്തപിത്തകഫാപഹഃ;
പുഷ്പന്തു ശീതളം വർണ്യം
മോഹനം വാതപിത്തജിൽ."

എന്ന രാജനിഘണ്ടു.)

മുകിയ പാനി=മുകിയ പാനി

(ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ബലത്തെ ഉണ്ടാക്കും. മലശോധനയെ ചെയ്യും. ലഘുത്വത്തോടും മധുരരസത്തോടും കൂടിയതാകുന്നു. ശരീരത്തെ തടിപ്പിക്കും. ജ്വരത്തെ വർദ്ധിപ്പിക്കും. വാതപിത്തങ്ങളെയും രക്തദോഷത്തെയും ശമിപ്പിക്കും. ഇതിന്റെ ലക്ഷണം

"ജ്ഞേയാ രസോയഃ സമ്പക്വോ
ഘനഃ കിഞ്ചിദ്ഗുരുർനാതിഃ;
മന്ദം യത്സ്യന്ദതേതസ്മാ
ത്സാംമത്സ്യസ്യേതി ഗദ്യതേ."

എന്ന ഭാവപ്രകാശം.

"മത്സ്യണ്ഡീ ഭേദിനീബല്യാ
ലഘ്വീപിത്താനിലാപഹാ;
മധുരാ ജ്വംഹണീ വൃഷ്യാ
രക്തദോഷാപഹാമതാ."

മൃകം=മത്സ്യം

മുഞ്ഞ=മുഞ്ഞ; മുഞ്ഞ

(മുഞ്ഞ വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കുറ്റിച്ചെടിയുമാകുന്നു. പത്രശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതു് പലതരത്തിൽ കാണുന്നുണ്ടു്. ഇവിടെ വിവക്ഷിതമായിരിക്കുന്ന മുഞ്ഞ ചെറിയതരം വൃക്ഷമാകുന്നു. ഇതിന്റെ ഇല ആല്പം പരുപരുപ്പുള്ളതും അഗ്രം കൂർത്തു നീണ്ടതും അരികിൽ ചെറിയ ചെറിയ കൊത്തുകഠം ഉള്ളതായും പൂവു് വെളുത്തതായും കായു് തുടരിയുടെ കായു് പോലെയും ഇരിക്കും. മുഞ്ഞ ഗുരുത്വത്തോടും ഉഷ്ണവീര്യത്തോടും എരിവു്, കയ്പു്, ഇവ രസങ്ങളോടും കൂടിയതാകുന്നു. വാതം, പാണ്ഡു, ശോഫം, കഫം, അഗ്നിമാന്ദ്യം, അർശ്സു്, മലബന്ധം, ആമദോഷം ഇവയെ ശമിപ്പിക്കും.

"തക്കാരീ കടുകാ തിക്താ
തതോല്പാനിലപാണ്ഡുജിൽ;
ശോഫശ്ലേഷ്മാഗ്നിമാന്ദ്യാർശോ-
വിഡ്ബന്ധാമവിനാശിനീ."

എന്ന ധന്വന്തരിനിഘണ്ടു)

മൃഗകുഷ്മാണ്ഡ=വലിയ കുമ്പളം

മൃഗഫല=കക്കരി; പച്ചനിറമുള്ള കക്കരി

മൃഗല=കക്കരി

മൂന്നൂളമുള്ളുകടല=മൂന്നൂളമുള്ളുകടല

(ഇതു് ഭോജ്യവ്യത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ഇതിന്റെ പരിപ്പു് മൂന്നു ദിവസമായിട്ടുള്ളതായതുകൊണ്ടു് മലയാളഭാഷയിൽ ഇതിനെ മൂന്നു ദിവസമുള്ള കടലയെന്നാം സംസ്കൃതഭാഷയിൽ ത്രിപുടയെന്നാം പറയുന്നു. കഫത്തേയും പിത്തത്തേയും ശമിപ്പിക്കും. വാതത്തെ അതിശയേന കോപിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ബന്ധിക്കും. മധുരം, കയ്പു്, കവർപ്പു് ഈ രസങ്ങളോടും രൂക്ഷഗുണത്തോടും അധികമായ ശീതവീര്യത്തോടും കൂടിയതാകുന്നു.

"ത്രിപുടോ മധുരസ്തിക്ത
സ്തുവരോ രൂക്ഷണോഽഭിശം;
കഫപിത്തഹരോ രുച്യോ
ഗ്രാഹകഃ ശീതളസ്സ്മൃതാ;
കിന്തുകാജ്ജതപഥ്യതാ
കരോവ്യാതാതികോപനഃ."

എന്ന ഭാവപ്രകാശം)

മൂന്നുദിവസം കഴിഞ്ഞതരിക്കാടി= മൂന്നു ദിവസം കഴിഞ്ഞതരിക്കടി

(ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു ചുട്ടനീറലിനെ ശമിപ്പിക്കും. ധാതുക്കളെ വർദ്ധിപ്പിക്കും. ജംരാഗിനെ ദീപിപ്പിക്കും.

മൂന്നുവരിപ്പുള്ള കക്കരി=മൂന്നുവരിപ്പുള്ള കക്കരി

(ഇതു് ആരണ്യവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. രസബന്ധത്തെ ചെയ്യും. ഗുണങ്ങൾകൊണ്ടു് ചതുരക്കള്ളിക്കു തുല്യമാകുന്നു.)

മൂലംപൂശും=നെന്മേനിവാക
മൂവ്=പെരുംകുരുമ്പ
മൂവ്വി=പെരുംകുരുമ്പ
മൂല=ശതാവരി
മൂലം=പുഷ്കരമൂലം; തിപ്പലിമൂലം;
മൂലകം=മുള്ളങ്കി [ചേന
മൂലകപല്ലവം=മഞ്ഞപ്പൂവുള്ള മുരിങ്ങ
മൂലജം=ഇഞ്ചി
മൂലപർണ്ണി=ചെറിയ ബ്രഹ്മി
മൂലപുഷ്കരം=പുഷ്കരമൂലം
മൂലപോതി=തോട്ടവാശള
മൂലഫലകം=പ്ലാവു്
മൂലരസം=പാൽക്കുരുമ്പ
മൂലസാധനം=വീരപുണ്ഡരി
മൂലാഢ്യം=മുള്ളങ്കി
മൂവില=മൂവില

ലോഹകഷ്കം=അയസ്സ്ഥാനം
ലോഹകാന്ത(ക)ം=അയസ്സ്ഥാനം
ലോഹകിട്ടാ=പഴകിയ ഇരുമ്പിൻ
കിട്ടം
ലോഹചൂണ്ണം=പഴകിയ ഇരുമ്പിൻ
കിട്ടം
ലോഹജം=പഴകിയ ഇരുമ്പിൻകി
ട്ടം, പഞ്ചലോഹം; വെള്ളോടു്
ലോഹദ്രാവി=പൊൻകാരം
ലോഹപക്ഷം=കങ്കപക്ഷി
ലോഹമലം=പഴകിയ ഇരുമ്പി
കിട്ടം
ലോഹവരം=സ്വർണ്ണം
ലോഹവിഡ്ഭാടം=പൊൻകാരം
ലോഹശുദ്ധികരം=വെൺകാരം
ലോഹശ്ലക്ഷ്ണം=പൊൻകാരം
ലോഹസംകരം=പഞ്ചലോഹം
ലോഹിത=പന്നിക്കിഴങ്ങു്; മുയൽ
തഴുതാമ
ലോഹിതം=വാകച്ചുനു്; കുങ്കു
മണം=പയറു്; മുവന്നകരിമ്പു്
കമ്പിപ്പാല; ചെങ്കവരിമത്സ്യ
രക്തചന്ദനം; ചെന്നെല്ലു്; പത്ര
ങ്കം; ഹരിചന്ദനം; കുങ്കുമം; പു
ക്കുങ്കുമം
ലോഹിതകം=മാണിക്യം; പിച്ചള
ലോഹിതചന്ദനം=കുങ്കുമം; രക്ത
ന്ദനം
ലോഹിതപുഷ്പകം=തഴുതാമാതളം
ലോഹിതപുഷ്പി=ഒട്ടകക്കച്ചുടി
ലോഹിതമൃത്തിക=കാവിമണ്ണു്
ലോഹിതാക്ഷം=കയ്യിൽ
ലോഹിതാംഗാ=കമ്പിപ്പാല
ലോഹിതാനനം=കീരി
ലോഹിതായ(സ)ം=ചെമ്പു്
ലോഹിതാലു=വാകച്ചുനു്; ചു
ന്ന കണ്ണൻചേമ്പു്
ലോഹിതേക്ഷു=മുവന്ന കരിമ്പു്
ലോഹോദ്ഭം=രസം
ലോഹോത്തമം=സ്വർണ്ണം

ലൌ

ലൌഹം=ഇരിമ്പു്
ലൌഹജം=പഴകിയഇരുമ്പിൻ കിട്ടം
ലൌഹമലം=പഴകിയഇരുമ്പിൻ
കിട്ടം
ലൌഹതകാ=മാണിക്യം; പിച്ചള

വ

വ-വെള്ളാ
വംശം=നാമരക്കിഴങ്ങ്; സമൂഹം; കട്ടവാ
വംശം=മരുത്; മുള; കരിമ്പ്
വംശകം=ആകിൽ
വംശകർപ്പൂരാദിരാചന=ക്ലേവന്തു
വംശക്ഷീരി=ക്ലേവന്തു
വംശജം=ക്ലേവന്തു
വംശജം=മുളനെല്ല്
വംശതണ്ഡുല - മുളയരി
വംശദല=വംശപത്രീതൃണം
വംശധാന്യാ=മുളനെല്ല്
വംശപത്രാ=വേഴൽ
വംശപത്രകാ=ആരിതാരം
വംശപത്രി=വംശപത്രീതൃണം; സോമനാദികായം
വംശപുഷ്പ=മംഞ്ഞക്കുമുഴി
വംശയവാ=മുളനെല്ല്
വംശരോചന=ക്ലേവന്തു
വംശലോചന=ക്ലേവന്തു
വംശശർക്കര=ക്ലേവന്തു
വംശശലാക=ാമച്ചം
വംശാഗ്രം=മുളംകുമ്പ്
വംശാങ്കുരം=മുളംകുമ്പ്
വംശാന്തരം=വേഴൽ
വംശാഹ്വം=മുളനെല്ല്
വംശികം=ആകിൽ
വംശ്യ=ചണ്ടിപ്പുയ്യു
വകം=കൊക്ക്; കൊക്കുമന്താരം
വകപുഷ്പം=തിരുവട്ടപ്പൂശ
വകപുഷ്പാ -കൊക്കുമന്താരം
വകുള=കടുരോഹിണി
വകുളം=ഇലഞ്ഞി
വകുളി=കാകോളി
വക്കുളം=ഇലഞ്ഞി
വകേരുക=വെള്ളിപ്പക്ഷി
വക്രോഷ്ണം=വലിയ വെള്ളുള്ളി
വക്രോവാസം=നാരകാ
വക്രോശോധനാം=ഭവ്യം
വക്രോശോധി - ജോന്നകനാരകം
വക്ര=കക്കടകശൃംഗി
വക്രം=തകരം
വക്രകണ്ടം=കരിങ്ങാലി
വക്രകണ്ടകം=ലന്തമരം
വക്രഗം=സപ്പ്
വക്രഗാമിനി=നദി
വക്രഗ്രീവം=ഒട്ടകാ
വക്രജുണ്ഡം=കഴുവൻ
വക്രദംഷ്ട്രാ=പന്നി
വക്രദന്തി=ചെറിയദന്തി
വക്രനക്രം=തത്ത
വക്രപുച്ഛം=നായു
വക്രപുഷ്പ(ക)ം=കൊക്കുമന്താരം; പ്ലാ
വക്രലാംഗ്രലം=നായു
വക്രവാലധി=നായു
വക്രശല്യ=കുടുംബിനി
വക്രാംഗം=അരയന്നം
വക്രാഹ്വം=തകരം
വംഗം=കയിൽ;കുരുപ്പുരുത്തി; തക്കാരിവഴുതിന;വെളുത്തീയം;കാരീയം
വംഗജം=സിന്ദൂരം
വംഗജീവനം=വെള്ളി
വംഗനം=തക്കാരിവഴുതിന
വംഗഫുല്ബീജം=വെള്ളോട്ടു
വംഗസേനം=അകത്തി
വംഗസേനാഹ്വം=അകത്തി
വംഗാരി=അരിതാരം
വച=വയനു; പഞ്ചവർണ്ണക്കിളി
വചം=തത്ത
വചനം=ചുക്കു
വചരം=കോഴി
വച്ചുനേ=ചിറാമുട്ടു
വച്ചു=ചതുരക്കള്ളി; ചിറാമുട്ടു
വജ്രം=വെളുത്തടീ; ചതുരക്കള്ളി; വൈരം; വയൽചുള്ളി; ഇരുവേലി; നെല്ലിക്ക

വജ്രകം=വജ്രക്ഷാരം
വജ്രകക്ഷാരം=വജ്രക്ഷാരം
വജ്രകന്ദം=വയൽച്ചുള്ളി; ചതുരക്ക
ഖജ്രകന്ദം=വലിയ ചേന [ള്ളി
വജ്രക്ഷാരം=വജ്രക്ഷാരം

(വജ്രക്ഷാരം പണ്യവസ്തുത്തിൽ ചേർന്ന ക്ഷാരവ്യൂമാകുന്നു. ഇതു് അകൃത്രിമമായിട്ടും കൃത്രിമമായിട്ടും രണ്ടു ജാതിയുണ്ടു്.)

"ഒഷ്ടം വാ മാഹിഷം ഗവ്യം
പുരീഷാംഭസ്യുതാം ഗതം;
ക്ഷാരപാകവിധാനേന
നൂസാരഃ സിദ്ധ ഉച്യതേ"

എന്നുഭാവപ്രകാശംനിഘണ്ടു.

ഇതു് ശോഫം യകൃത്തിലുള്ള രോഗം, ജ്വരം, പ്ലീഹ, തലവേദനാ അർബുദം, സ്തനരോഗം, രക്തപിത്തം, കാസം, ഭഗരോഗം, യോനിരോഗം, ഗുല്മം, മലബന്ധം, ഉദരം, ശൂലം ഇവയെ ശമിപ്പിക്കും. ക്ലേദനത്തെ ഉണ്ടാക്കും. ശീതവീര്യത്തോടും തീക്ഷ്ണഗുണത്തോടും കൂടിയതാകുന്നു. വ്രണത്തെപ്പിളർക്കും. രസജാരണത്തെ ചെയ്യും.

"നരസാരശകസ്തീക്ഷ്ണഃ
സരോ വ്രണവിദാരണഃ;
രസജാരണകാരീ:സ്യാ-
ദതി ചോഷ്ണശ്ച ഗുല്മനുത്;
മലസ്തംഭം ചോദരം ച
ശൂലം പ്ലീഹാം ച നാശയേത്."

എന്ന ശാലിഗ്രാമനിഘണ്ടു.

വജ്രചർമ്മം=വാർമ്മാൻ
വജ്രതുണ്ഡം=കഴുവൻ; ചതുരക്കള്ളി
വജ്രദന്തം=ഏലി; പന്നി
വജ്രദശനം=ഏലി; പന്നി
വജ്രദ്രു(മം)=ചതുരക്കള്ളി
വജ്രനാമകം=വൈരം
വജ്രപര്യായനാമ=വൈരം
വജ്രപുഷ്പ=ശതകുപ്പ
വജ്രലോക്ത=ചങ്ങലംപരണ്ട
വജ്രബീജകം=കഴഞ്ചി
വജ്രമൂലി=കാട്ടിഴന്നം
വജ്രവല്ലരി=ചങ്ങലംപരണ്ട
വജ്രവല്ലി=ചങ്ങലംപരണ്ട
വജ്രവൃക്ഷം=ചതുരക്കള്ളി
വജ്രശില്പിക=ലന്തമരം
വജ്രാംഗി=ചങ്ങലംപരണ്ട
വജ്രാസ്ഥിശൃംഖല=വയൽച്ചുള്ളി
വജ്രി=ഉഴമൻ; ചതുരക്കള്ളി; ചങ്ങലം പരണ്ട
വഞ്ചകം=വളത്തുന്നകീരി; കുറുക്കൻ
വഞ്ചി=വഞ്ചി

(വഞ്ചി വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന പിത്തശ്ലേഷ്മഘ്നമാകുന്നു. ചുട്ടുനീറൽ, ശോഫം, അർശ്ശസ്സു്, യോനിരോഗം, വ്രണം, വിസർപ്പം, മൂത്രകൃച്ഛ്രം, രക്തപിത്തം, അശ്മരി, കഫം, വാതം, കൃമി, അതിസാരം, രക്തവികാരം, തണ്ണീർദോഷം, മേഹം, വിഷം ഇവയെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കുമെന്നു് രാജനിഘണ്ടു. ശീതവീര്യത്തോടും കയ്പ്പു്, കൃമി, എരിവു് ഈ രസങ്ങളോടും ലഘുതപത്തോടും കൂടിയതാകുന്നു. ഇതിന്റെ തളിരു് വിരേചനത്തെ ഉണ്ടാക്കും. വാതത്തെ കോപിപ്പിക്കും. ലഘുതപത്തോടും കയ്പ്പു്, കൃമി, എരിവു് ഈ രസങ്ങളോടും കൂടിയതാകുന്നു.)

വഞ്ചകം=കുറുക്കൻ
വഞ്ജുളം=വഞ്ചി; അശോകം; തൊടികാര; ഓരിലത്താമര
വഞ്ജുളദ്രുമം=അശോകം
വഞ്ജുളപ്രിയം=വഞ്ചി
വടം=പേരാലു്; ഗന്ധകം; കയർ
വടകം=അറുപേരാലു്

വടക്കൻകാറു്=വടക്കൻകാറു്

(ഇതു് സ്നിഗ്ധതയോടും മൃദുത്വത്തോടും മാധുര്യത്തോടും കയർപ്പോടും തണുപ്പോടും കൂടിയതാകുന്നു. സർവ്വദോഷങ്ങളേയും കോപിപ്പിക്കും. ക്ഷീണത്തെ ക്കും ക്ഷതം ഏറുവയ്ക്കും വിഷപീഡ ഉണ്ടായുവയ്ക്കും അനുകൂലമാകുന്നു. ചുട്ടനീറൽ, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. കഫത്തെ കോപിപ്പിക്കുമെന്നു് ഥാരീതസിദ്ധാന്തം.

"സപാണ്ഡുകഷായശ്ച കഫപ്രകോപീ
വായുഃ കുബേരസ്യ ദിശം പ്രവൃത്തഃ;
കരോതി മേഘാഗമനം ജലസ്യ
ശീതോ നചോഷ്ണോ ന ച
നിന്ദ്യ ഏഷഃ"

എന്നു ഭാവപ്രകാശനിഘണ്ടു.

വടപത്രം=കൂടമുല്ല
വടപത്രം=വെള്ളത്ത ചെറുതുളസി
വടപത്രകം=വെള്ളത്ത ചെറുതുളസി
വടപത്രി=ആലിലക്കല്ലൂർവഞ്ചീ
വടപത്രിക=കൂടമുല്ല
വടരം=കോഴി
വടി=ആറുപേരാലു്; ഇത്തിയാലു്
വടുകപ്പുളിനാരകം= വടുകപ്പുളിനാരകം.

(ഇതു് അല്പാല്പം വ്യത്യസ്തങ്ങളായി പല സ്ഥലങ്ങളിലും കാണുന്നുണ്ടു്. ഗുണങ്ങൾകൊണ്ടു് അവയെല്ലാം പ്രായേണ സമാനങ്ങൾതന്നെ. വടുകപ്പുളിനാരകം ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തെ ശമിപ്പിക്കും. അമ്ലരസത്തോടും ലഘുത്വത്തോടും കൂടിയതാകുന്നു. കൃമിയെ നശിപ്പിക്കും. തീക്ഷ്ണതയോടുകൂടിയതാകുന്നു ഉദരരോഗത്തേയും ശ്രമത്തേയും പിത്തം, കഫം, ഉദരശൂലം, ത്രിദോഷം, കോപം, ജ്വരം, മലബന്ധം, വിഷ്ടംഭിക ഇവയേയും ശമിപ്പിക്കും. ജംഗരാഗ്നിയെ ദീപിപ്പിക്കും. ആമത്തെ പചിക്കും. രുചിയെ ഉണ്ടാക്കും.

"നിംബൃഫലംരോചനമഗ്നിവൃദ്ധികരോതിപിത്തഞ്ചസവാതരക്തം;
അചാക്ഷുഷ്യംശ്ലേഷ്മകരംവിശേഷാദ്
ഭുക്തസ്യ പാകംകുരുതേ ച സദ്യഃ"

എന്നു സുഷേണം.

"നിംബൃഷ്ണം പാചനംചാമ്ലം
ദീപനം നേത്രയോർഹിതം;
അതിരുച്യഞ്ച കടുകം
ത്രുവരഞ്ച മദം ലഘു;
കഫഘാതം വമിം കാസം
കണ്ഠരോഗം ക്ഷയം തഥാ
പിത്തം ശൂലം ത്രിദോഷഞ്ച
മലസ്തംഭം വിഷ്ടംഭികാം;
ബദ്ധോദരഞ്ചാമവാതം
ഗുല്മഞ്ചൈവകൃമിം ജയേൽ;
തൽപകപഞ്ച ഗുണൈഃ ശ്രേഷ്ഠം
പ്രോക്തം വൈദ്യവിശാരദൈഃ."

എന്നു നിഘണ്ടുരത്നാകരം. ചില സ്ഥലങ്ങളിൽ കടുകപ്പുളിനാരകം എന്നും പറയാറുണ്ടു്.

വട്ടച്ചുവൽ=വട്ടച്ചുവൽ.

(ഇതിന്റെ മാംസം വാതത്തെ അല്പമായി വർദ്ധിപ്പിക്കും. കഫത്തേയും പിത്തത്തേയും ശമിപ്പിക്കും. മൂത്രത്തെ ബന്ധിക്കും ഇതു് പ്രാഥതവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. അധികം പിത്തകോപത്തോടും അതിൽ കുറഞ്ഞ വാതകോപത്തോടും, അതിൽകുറഞ്ഞ കഫകോപത്തോടും കൂടിയ സന്നിപാതത്തിൽ ഹിതമാകുന്നു. ഈ ഗുണം എല്ലാ ജാംഗലമാംസത്തിനും സാധാരണമത്രെ.

"തത്ര ബദ്ധമലാശ്ലീതം
ലംഘയോ ജ്ഞാഗലാ ഹിതാഃ;
പിത്തോത്തരേ വാതമേധ്യേ
സന്നിപാതേകഫാന്വഗേ."

എന്ന വാഗ്ഭടൻ. വട്ടച്ചൂവലിനു് വെൾവട്ടച്ചൂവൽ എന്നു പറയും.)

വട്ടച്ചൂര=വട്ടച്ചൂര.

(ഇതു് ശാകവഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. പാൽച്ചൂരയുടെ ഒരു വകഭേദമാകുന്നു. പാൽച്ചൂരയ്ക്കുള്ള ഗുണങ്ങളെല്ലാം ഇതിനും ഉണ്ടായിരിക്കും. ധാതുപുഷ്ടിയെ ചെയ്യും. ഗർഭത്തെ അഭിവൃദ്ധിപ്പെടുത്തും. ബലത്തെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. വീര്യത്തെ വർദ്ധിപ്പിക്കും.)

വട്ടപ്പുല്ല്=വട്ടപ്പുല്ല്.

(വട്ടപ്പുല്ല് നീളംകൂടിയതും നീളം കുറഞ്ഞതുമായി രണ്ടു വിധത്തിലുണ്ടു്. അവയിൽ നീളംകൂടിയതിനാണു് ഗുണാധിക്യമുള്ളതു്. മുപ്പിരപ്പുൻപുല്ലിന്റെ ഗുണങ്ങളെല്ലാം ഇതിനുമുണ്ടു്. ഇതു് ആരണ്യകവഗ്ഗത്തിൽ ചേർന്നതാകുന്നു.)

വട്ടമുള്ളങ്കി=വട്ടമുള്ളങ്കി.

(വട്ടമുള്ളങ്കി ശാകവഗ്ഗത്തിൽചേർന്ന മൂലശാകമാകുന്നു. ഇതിന്റെ കിഴങ്ങു ഉരുണ്ടു് മിക്കവാറും ചേനപോലെയിരിക്കും. ഗുണം മിക്കവാറും മുള്ളങ്കിയുടേതുതന്നെ. എരിവുരസത്തോടും ഉഷ്ണവീര്യത്തോടും കൂടിയതാകുന്നു. ഗുന്മം, വാതം മുതലായവയെ ശമിപ്പിക്കും.)

"പിണ്ഡമൂലം കടുഷ്ണം ച
ഗുല്മവാതാദി: ദോഷജിൽ."

ഇന്നു ശാലിഗ്രാമനിഘണ്ടു.

വട്ടലോഹകം=പഞ്ചലോഹം
വഡവ=കുടപ്പായൽ
വഡ്രയില-പേരേലം
വണ്ടാരങ്കോഴി=വണ്ടാരങ്കോഴി.

(ഇതിന്റെ മാംസം അപ്ചരവഗ്ഗത്തിൽ ചേർന്ന അന്യപമാംസമാകുന്നു. പ്ലവവഗ്ഗത്തിൽ ചേർന്ന അന്യപമാംസമെന്നും പക്ഷം ഗ്രഹണങ്ങൾകൊണ്ടു മിക്കവാറും കൊക്കിൻ മാംസത്തോടു തുല്യമാകുന്നു. ശ്രമഹം, ഗ്രഹണി, അർശ്സ്, അതിസാരം ഇവയെ വിശേഷിച്ചും ശമിപ്പിക്കും. അല്പം, കവർപ്പ് ഈ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ഉഷ്ണവീര്യമെന്നു വാഗ്ഭടമതം. ഇതിന്റെ തലയും കണ്ണും ചുവന്നിരിക്കും.

വതണ്ഡ=പഞ്ചവർണ്ണക്കിളി
വത്സം=കുടകപ്പാല
വത്സകം=കുടകപ്പാല; പുഷ്പകാസീസം; കാള
വത്സകബീജം=കുടകപ്പാലയരി
വത്സനാഭം=വത്സനാഭം

(വത്സനാഭം പണ്യവഗ്ഗത്തിൽചേർന്ന വിഷദ്രവ്യമാകുന്നു. ഇതു് കാളകൂടം, വത്സനാഭം, ശൃംഗകം, പ്രദീപനം, ഹാലാഹലം, ബ്രഹ്മപുത്രം, ഹാരിദ്രം, സകൗതുകം, സൌരാഷ്ട്രികം എന്നിങ്ങനെ ഒമ്പതുതരത്തിലുണ്ടു്. ഇതുകൾ അല്പാല്പം വ്യത്യാസമുള്ളവയാണു്. ഇവയിൽ ഓരോന്നും കറുപ്പു്, വെളുപ്പു്, ചുവപ്പു്, മഞ്ഞ എന്ന നാലുതരം നിറത്തിലും ഉള്ളതുകൊണ്ടു് ഓരോന്നും നാലുതരമാകുന്നു. അവയിൽ വെളുത്തതു് ബ്രാഹ്മണനും, ചുവന്നതു് ക്ഷത്രിയനും, മഞ്ഞനിറമുള്ളതു് വൈശ്യനും, കറുത്തതു് ശൂദ്രനുമാകുന്നു. ബ്രാഹ്മണ

വത്സനാഭിരസായനത്തിനും, ക്ഷത്രിയവത്സനാഭി ശരീരപുഷ്ടിക്കും, ശൈവശ്വേതവത്സനാഭി കുഷ്ഠരോഗത്തിനും, ശ്വേതവത്സനാഭി ധാതുരോധനത്തിനും ഉപയോഗിക്കേണ്ടതാകുന്നു. ഇത് വിഷവൈദ്യകയാൽ ശുദ്ധിചെയ്തു ഉപയോഗിക്കണം. ശുദ്ധിചെയ്യാതെയും അമിതമായും ഉപയോഗിച്ചാൽ ജീവനെ നശിപ്പിക്കും. ശുദ്ധിചെയ്തു നിയമപ്രകാരം ഉപയോഗിച്ചാൽ ജീവനെ രക്ഷിക്കും. ഒരു രസായനമാകുന്നു. കഫം, വാതം, കണ്ഠരോഗം, സന്നിപാതം ഇവയെയും. യോഗവാഹിത്വം ഉണ്ടാകയാൽ മറ്റു ദോഷങ്ങളേയും ശമിപ്പിക്കും. പിത്തത്തേയും ചൂടുനീരിനേയും ഉണ്ടാക്കുമെന്നു രാജനിഘണ്ടു. വിഷം ജന്യനിവാരണം. ശ്വാസം, കാസം, പീനസാദിരോഗം. ഭഗന്ദരം, കുഷ്ഠം, രക്തവാതം. ഗ്രന്ഥം, പാണ്ഡു, ഗുൽമം, വ്രണം ഇവയേയും ശമിപ്പിക്കും. ബലത്തേയും മേധയേയും സുഖത്തേയും ഉണ്ടാക്കും. എരിവു്, കയ്പു്, കവർപ്പു് ഈ രസങ്ങളോടുകൂടിയതാകുന്നു. കാളക്കൂടാദി ഒൻപതുവിധത്തിലുള്ള വത്സനാഭിയുടെ സ്വരൂപത്തെ അടിയിൽ പ്രത്യേകം വിവരിക്കുന്നു.

കാളക്കൂടം:—

"ദേവാസുരരണേ ദേവൈ-
ർഹതസ്യ പുരുമാലിനഃ
ദൈത്യസ്യ രുധിരാജ്ജാത-
സ്തരുരശ്രത്വസന്നിഭഃ
നിഷ്പാദഃ കാളകൂടോഽസൗ
മുനിഭിഃ പരികീർത്തിതഃ;
ഹിമാദ്രിപൃഷ്ഠേ ശൃംഗാഗ്രേ
കോങ്കണേ മലയേ ഭവേൽ."

വത്സനാഭം:—

"സിന്ദുവാരസദൃക്പത്രോ
വത്സനാഭ്യാകൃതിസ്ഥിരാ;
യശ്ച പാർശ്വേ ന തരോർവ്വൃദ്ധി
വത്സനാഭഃ സ ഭാഷിതഃ."

ശൃംഗകം:—

"യസ്മിൻ ഗോശൃംഗകേ ബഹ്വ്യോ
ദ്രേഖാഃ ഭവേതി ലോഹിതം;
സശൃംഗക ഇതി പ്രോക്തോ
ദ്വ്യൂതതത്ത്വവിശാരദൈഃ."

പ്രദീപനം:—

"വർണ്ണതോ രോഹിതോ യസ്യാ-
ർദ്ദീപ്തിമാൻ ഭേഷജപ്രദഃ,
മഹാഭൈരവകൃച്ചൈവ
കഥിതസ്തു പ്രദീപനഃ."

ഹാലാഹലം —

"ശ്വേതസ്നായുഫലോ വൃക്ഷ-
സ്താലവത്തുച്ചസംസ്ഥിതഃ;
തജ്ജന്യസ്തു മഹാഭീമ
സമീപസ്ഥാ തുരാശയഃ.
ഹാലാഹലോ ലോ ജ്ഞേയഃ
കിഞ്ചിദ്ധ്യായാ ഹിമാലയേ;
ദക്ഷിണാർണ്ണവിതടേ ദേശേ
കോങ്കണേഷ്വപി ച ജായതേ."

ബ്രഹ്മപുത്രം —

"വർണ്ണതഃ കപിലോ യഃ പ്ര-
തരോ ഭവതി സാരകഃ;
ബ്രഹ്മപുത്രഃ സ വിജ്ഞേയോ
ജായതേ മലയാചലേ."

ഹാരിദ്രം —

"ഹരിദ്രോത്പലമൂലോ യോ
ഹാരിദ്രഃ സ ഉദാഹൃതഃ."

സകുങ്കുകം —

"യദ്ഗ്രന്ഥിനകുങ്കുകേനൈവ
പൂർണ്ണമദ്ധ്യഃ സ സകുങ്കുകഃ."

സൌരാഷ്ട്രികം —

"സുരാഃ വിഷയേ യഃ സ്യാൽ
സ സൌരാഷ്ട്രിക ഉച്യതേ."

ഈ പദ്യങ്ങളെല്ലാം ഒരുവിധം സുഗ്രഹങ്ങളായതുകൊണ്ടു് അവയുടെ അർത്ഥം വിവരിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

സ്ത്രീണാം സുഷ്യം ച ബല്യം ച
ബൈദ്യികാ കഫകാരി ച;
വാതചിത്താപഹാ ഗുരു.
രക്തപിത്താപഹാരണഃ.”

ഇതു നിഷ്ഫലമാകരുതു. ഇതിന്റെ ഗുണദോഷവിചാരത്തെ ഉണ്ടാക്കും. ഇതിനെത്തവണ്ടിപ്പിച്ചുക്കാം. ശിരോരോഗത്തെയും ചിത്തദോഷത്തെയും വാതത്തെയും ചുടുനീറലിനെയും നശിപ്പിക്കും ബുദ്ധിയുണ്ടാകുന്നു. യൌവനത്തെ സ്ഥിരമാക്കുന്നു. മേധാശക്തി ഉണ്ടാക്കുന്നു. നാഡീവ്യൂഹത്തെ ബലപ്പെടുത്തുന്നു.

“വാതപിത്തഹരം ക്ഷീരം പ്രാതർഭക്ഷണമുത്തമം;
പിത്തരക്തനിവൃത്ത്യർത്ഥം ലഘു ഭോജനമിഷ്യതേ;
വാതശ്ലേഷ്മനിവൃത്ത്യർത്ഥം ഗുരു ഭോജനമുച്യതേ.”
(ഭാവപ്രകാശം പൂർവ്വഖണ്ഡം.)

വനം=വെള്ളം
വനം=ആയിരം വല്ലുള്ള മത്സ്യം
വനം=ആയിരംപല്ലുള്ള മത്സ്യം
വനം=ചന്ദനം; പുഴു; വെള്ളം; നീരു; നീണ്ടി
വസ്ത്രം=വെള്ളത്തുണി
വനം=വെള്ളം
വനകണ=കാട്ടുതിപ്പലി
വനകദളി=കാട്ടുവാഴ
വനകന്ദം=വെളുത്ത ചേന; നിലക്കിഴങ്ങു
വനകണ്ടകി=ഇഞ്ചി
വനകാർപ്പാസിക=കാട്ടുപരുത്തി
വനകോശാതം=കാട്ടുവരകു
വനകോലി=കാട്ടിലന്ത
വനഗജം=തുമ്പിമാൻ
വനഗജം=തുമ്പിമാൻ
വനചന്ദനം=ദേവതാരം; ഞകിൽ
വനചന്ദ്രിക=വള്ളിമുല്ല
വനചമ്പകം=കാട്ടുചെമ്പകം
വനച്ഛാഗം=വന്നി

വനജ=അമുക്കിരം; കാട്ടുശതകുപ്പ; കാട്ടുപയറു്; കാട്ടുപരുത്തി. കാട്ടുവശള; നാഗമഞ്ഞൾ
വനജം=താമര; വെളുത്തചേന; കാടുമാതളനാരകം; ആന; തുമ്പൂണി; മുത്തങ്ങ
വനജാഢ്യ=കാട്ടുവശള
വനജീരം=കാട്ടുജീരകം
വനതിക്ത=പാട
വനതിക്തക=മുണ്ട
വനതിക്തിക=പാട
വനദമനം=കാട്ടുമുക്കുറ്റിപ്പൂവു്
വനദീപം=നാഗചെമ്പകം
വനധേനു=തുമ്പുമാൻപേട
വനന്തപം=നായു്
വനപല്ലവം=മഞ്ഞൾപ്പൂവള്ളിമുരിങ്ങ
വനപിപ്പലി=കാട്ടുതിപ്പലി
വനപുഷ്പ=ശതകുപ്പ
വനപുഷ്പാസവം=മാവു്
വനപൂരകം=കാട്ടുമാതളനാരകം
വനപ്രിയ=കുയിൽപേട
വനപ്രിയം=കുയിൽ; ഏലവംഗം; കടമാൻ; താന്നി
വനബർബരാ=കൂത്ത ചെറുതുളസി
വനബർബരിക=കാട്ടു ചെറുതുളസി
വനബീജം=കാട്ടുമാതളനാരകം
വനബീജപൂരകം=കാട്ടുമാതളനാര
വനഭൂക്=ഇടവകം; കാള [കം
വനമല്ലി=കാട്ടുമുല്ല
വനമല്ലിക=കാട്ടുമുല്ല; തുരുമുല്ല
വനമാലി പന്നിക്കിഴങ്ങു്
വനമാലിക=പന്നിക്കിഴങ്ങു്
വനമാലിനി=പന്നിക്കിഴങ്ങു്
വനമുദ്ഗ=കാട്ടുപയറു്
വനമുദ്ഗം=മങ്ങട്ടുപയറു്; അല്പംവെളുത്തചെറുപയറു്
വനമൂർദ്ധജ=കക്കടകശൃംഗി
വനമേഥിക=കാട്ടുലുവ
വനമോച=മരവാഴ
വനരംഭ=കാട്ടുവാഴ
വനരാജം=പിണ്ഡം
വനലക്ഷ്മി=വാഴ
വനവയ=കൂത്ത ചെറുതുളസി
വനവാസി=പന്നിക്കിഴങ്ങു്; ഇടവകം; ശാല്മലീകന്ദം; എരുമക്കിഴങ്ങു്; മുഷ്കകവൃക്ഷം; കാവതികാക്ക
വനവിലാസിനി=ശംഖുപുഷ്പി
വനവീജം=കാട്ടുമാതളനാരകം
വനവൃന്താകി=ചെറുവഴുതിന
വനവ്രീഹി=വരിനെല്ലു്
വനശാലി=വരിനെല്ലു്
വനശുകരി=നായിക്കൊരുണ
വനശൃംഗാടക=വലിയഞെരിഞ്ഞിൽ; ചെറിയഞെരിഞ്ഞിൽ
വനശൃംഗാടകം=ചെറിയ ഞെരിഞ്ഞിൽ
വനശോഭനം=താമര
വനശ്വ=വെരുകു്
വനസഖം=കുയിൽ
വനസംകടം=കൂത്ത ചണംപയറു്
വനസരോജിനി=കാട്ടുപരുത്തി
വനസൂകരി=നായിക്കൊരുണ
വനസ്ഥ=ചിറ്റാരയാലു്; വെറ്റിലപ്പുളി
വനസ്പതി ചിറ്റാരയാലു്; പേരാലു്
വനഹരിദ്ര=കാട്ടുമഞ്ഞൾ
വനഹാസം=കുരുക്കുത്തിമുല്ല; കുരുവിക്കരിമ്പു്
വനഹാസകം=കുരുവിക്കരിമ്പു്
വനാഖു=മുയൽ
വനാഖുകം=ചെറുപയറു്
വനാമലം=പെരുക്കാവു്
വനാമ്രം=കുരുട്ടുമാവു്
വനായുസ്സു്=മാൻ
വനാരിഷ്ട=കാട്ടുമഞ്ഞൾ
വനാലിക=അഗസ്തി; ഉണ്ണി
വനാശ്രയം=കാവതികാക്ക
വനി=കൊടുവേലി

വനേക്ഷുര=ചൂരൽ
വനേജ=തേന്മാവു്
വനേതമാ=കിഴങ്ങു്
വനോത്ഭവ=ഏലം
വനോദ്ഭവ കാട്ടുപരുത്തി; കാട്ടുമാതളനാരകം; കാട്ടുപന്നു്; കാവുവാഴ
വന്ദ=ഇരട്ടിക്കണ്ണി
വന്ദാക=ചെറുതേക്കു്
വന്ദനീയ=ഗോരോചന
വന്ദാകീയം=മഞ്ഞക്കയ്യോന്നി
വന്ദാക=ഇരട്ടിക്കണ്ണി
വന്ദ്യ=ഇരട്ടിക്കണ്ണി; ഗോരോചന
വന്ധ്യ കാട്ടുപാവൽ
വന്ധ്യാകർക്കോടകി=കാട്ടുപാവൽ
വന്ന്യ=നാടമഞ്ഞൾ; മുത്തങ്ങാ; കാട്ടുപേരീത്ത; കാട്ടുപയറു്; ചുവന്നകുന്നി; ചെറിയവെള്ളരി; കാട്ടുശതകുപ്പ
വന്ന്യം=കുഴിമുത്തങ്ങ; വെൺചന്ദനം; കിരാതചന്ദനം; വലിയ വേഴൽ; പന്നിക്കിഴങ്ങു്; ഇലവങ്ഗം
വന്ന്യഭമനം=കാട്ടുമുക്കുറ്റിപ്പൂവു്
വന്ന്യസഞ്ചരി=മഞ്ഞപ്പൂവള്ള മുക്കുറുഞ്ഞി
വൻകുറുഞ്ഞി വൻകുറുഞ്ഞി

(വൻ കുറുഞ്ഞി ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പൂവു് അല്പം മഞ്ഞനിറത്തിലായിരിക്കും. ഇതു് സൌരഭ്യമുള്ളതും ദേഹപ്രീതിയെ ഉണ്ടാക്കുന്നതുമാകുന്നു. വിഷത്തെ ശമിപ്പിക്കും. സന്തോഷത്തെയും ഹൃദയപ്രസാദത്തെയുമുണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കും. മലബന്ധത്തെയുണ്ടാക്കും കണ്ണിനു് വളരെ നല്ലതാകുന്നു. വൻകുറുഞ്ഞിക്കു ചില സ്ഥലങ്ങളിൽ വാടാക്കുറുഞ്ഞി എന്നും പറയാറുണ്ടു്.)

വൻകൊട്ട=വൻകൊട്ട

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷാന്തരമുണ്ടു്. വെള്ളത്തിന്റെ മുകളിലാണു് ഇതു പടർന്നുണ്ടാകുന്നതു്. ഇതിന്റെ കിഴങ്ങിൽ മുള്ളിന്റെ മാതിരിയിൽ വേരുകൾ ഉണ്ടായിരിക്കും. ഇലയ്ക്കു മൂന്നു കോണുള്ളതും ഇലയുടെ അരുവു ചിരവയുടെ പല്ലുപോലെ രേഖയുള്ളതുമായിരിക്കും. വൻകൊട്ട രക്തപിത്തത്തെയും ത്രിദോഷകോപത്തെയും ചുട്ടുനീറലിനെയും ശ്രമത്തെയും നീർക്കെട്ടിനെയും രക്തദോഷത്തെയുംഭ്രമത്തെയും ശമിപ്പിക്കും. മധുരം, കവർപ്പു് എന്നീ രസങ്ങളോടും ഗുരുതത്തോടും തണുപ്പോടും കൂടിയതാകുന്നു. ശുക്ലത്തെവർദ്ധിപ്പിക്കും. മലത്തെ ബന്ധിക്കും. കഫത്തെവർദ്ധിപ്പിക്കും. ലഘുവെന്നു രാജനിഘണ്ടു.

"ശ്വേതാടകശ്ചാതിവൃഷ്യോ
ലഘു ഗ്രാഹീ രുചിപ്രദഃ;
ജീർണ്ണോ വാതകഫകരഃ
ഗുരുർമ്മേഹനദോർഷ്ണ്യകൃത്;
തുവരോ മധുരഃ ശീത-
സ്തുണ്ണഃ സ്വാദുപിത്തജിത്;
ദാഹത്രിദോഷമേഹഘ്നോ
രക്തദോഷഭ്രമാപഹഃ;
ശോഫസന്നാപഹാ പ്രോക്തഃ
പൂർവ്വവൈദ്യമഹർഷിഭിഃ."

എന്നു നിഘണ്ടുരത്നാകരം)

വൻകൊന്ന=വൻകൊന്ന

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ജ്വരം, ഹൃദ്രോഗം, പിത്തം, രക്തദോഷം, രക്തപിത്തം, വാതം, ഉദാവർത്തം, ഉദരശൂലം, ചൊറി, കുഷ്ഠം, പ്രമേഹം, വിഷ്ടംഭം ഇവയെ ശമിപ്പിക്കും. ഗുരുത്വത്തോടും മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകു

ന്നു. അല്പമായിവിരേചനത്തെഉണ്ടാക്കും. മൃദുവിരേചനങ്ങളിൽ ശ്രേഷ്ഠമെന്ന സംഗ്രഹവചനം. ഇതിന്റെ കായ് മലശോധനയെ ഉണ്ടാക്കും. രുചിപ്രദമാകുന്നു. കൃമി, പിത്തം, കഫം, ജ്വരം ഇവയെ ശമിപ്പിക്കും. കോഷ്ഠശുദ്ധിയെ ഉണ്ടാക്കും. ഇതിന്റെ ഇല കഫം, മേദസ് ഇവയെ ശമിപ്പിക്കും. ജ്വരത്തിങ്കൽ പഥ്യമായിട്ടുള്ളതാകുന്നു. ഇതിന്റെ പൂവ് മധുരം, കയ്പ് ഈ രസങ്ങളോടുംശീതവീര്യത്തോടും കൂടിയതാകുന്നു. വാതത്തെ കോപിപ്പിക്കും കഫത്തെയും പിത്തത്തെയും ശമിപ്പിക്കും. ഇതിന്റെ കായുടെ മജ്ജ പാകത്തിങ്കൽ മധുരരസത്തോടും സ്നിഗ്ദ്ധതയോടും കൂടിയതാകുന്നു. ജംഘാഗ്നിയെ വർദ്ധിപ്പിക്കും. വിരേചനത്തെയുണ്ടാക്കും. പിത്തത്തെയും വാതത്തെയും ശമിപ്പിക്കും. ഇതിന്റെ വേരു പാൽചേർത്തു കഷായമുണ്ടാക്കി സേവിച്ചാൽവാതരക്തവും ഭഗ്നവും മസ്തിഷ്കകൃച്ഛ്രവും വളരെ വേഗത്തിൽ ശമിക്കും.

"ത്രുരഗ്രഥോ ത്രുരു സ്വാദ്വീ
രീതരോ മൃദുരേചനഃ;
ജ്വരഹൃദ്രോഗപിത്താസ്ര
വാതാദാവത്തശൂലനുൽ;
തൽഫലം സ്രംസനം രുച്യം
കൃമ്യുപിത്തകഫാപഹം;
ഈഷദേ തൽസ്വതം പഥ്യം
കോഷ്ഠശുദ്ധികരം പരം;
പത്രമാരഗ്രധസ്യാപി
കഫമേദോ വിശോഷണം;
ഈഷച്ച സ്വതം പഥ്യം
മലദോഷസമനുചിതേ;
പുഷ്പാണിസ്വാദു ശീതാനി
തിക്താനിഗ്രാഹകാണി ച;
തുവരാണി വാതളാനി
കഫപിത്തഹരാണി ച;
മജ്ജാ തു മധുരാ പാകേ
സ്നിഗ്ധാ ചാഗ്നിവിവർദ്ധിനി;
രേചികാപിത്തവാതാനാം
നാശികാസമുദാഹൃതാ;
കൃതമാലസ്യ മൂലം തു
ദുർന്നാമ വഹ പാണ്ഡുരോൽ;
വാതരക്താം നിഹന്ത്യാശു
ദുർമണ്ഡലകാന്യപി."

എന്ന ഭാവപ്രകാശം നിഘണ്ടു.)

വന്നി=വന്നി.

(ഇതു് ആരണ്യവൃക്ഷത്തിൽചേർന്ന കാസഷ്ണ്ഡവ്യമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷമുണ്ടു്, ഇതിന്റെ തടിയിൽ മുള്ളുണ്ടു്. ഇല ചെറിയതാകുന്നു. കായു് നീണ്ടിരിക്കും. കഫം, പിത്തം, രക്തപിത്തം. അതിസാരം, കാസം, ഭ്രമം, ശ്വാസം കൃച്ഛ്രം, അർശസ്സു്, കൃമി ഇവയെ ശമിപ്പിക്കും കായു്, എരിവു്, കവർപ്പു് ഈ രസങ്ങളോടും ശീതവീര്യത്തോടും രൂക്ഷഗുണത്തോടും സ്നിഗ്ദ്ധതയോടും കൂടിയതാകുന്നു. ഇതിന്റെ കായു് പിത്തത്തെ വർദ്ധിപ്പിക്കും. രൂക്ഷതയോടുകൂടിയതാകുന്നു. അഗ്നിയെ നന്നാക്കും. തലമുടിയെ വർദ്ധിപ്പിക്കും.

"ശമീ തു ത്രുവരാ രൂക്ഷാ
ശീതാ ലഘ്വീ ച തിക്തകാ;
കടുകാ രേചനീ ചൈവ
രൂക്ഷപിത്താതിസാരനുൽ;
കൃച്ഛ്രാർശഃശ്വാസകാസഘ്നീ
കഫഭ്രമകൃമീൻ ഹരേൽ;
കമ്പശ്രമാണാം ശമനീ
ഫലം തീക്ഷ്ണാ ച പിത്തളം;
മേധ്യം ത്രുരു സ്വാദു രൂക്ഷ
മുഷ്ണം കേശഹരംപരം."

എന്ന ഭാവപ്രകാശം)

വംഫുഷ=അടയ്ക്കാമണിയൻ

വകുളമ=ഒരിലത്താമ

വപ്ര=മഞ്ഞട്ടി

വപ്രം=കാരീയം

വപ്രി=കടന്നൽ

വമനം=ഛർദ്ദന

വമനീപത്രം=എരിക്കില

വംശപത്രീ=വംശപത്രീയുണം

(ഇതു മധുരരസകഷായത്തിൽ ചേർന്നതാകുന്നു. പിത്തം, രക്തദോഷം ഇവയെശമിപ്പിക്കും. മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു. രുചിയെ ഉണ്ടാക്കും. പഞ്ചകർമ്മത്തിൽ കൊടുത്താൽ മർമ്മവും പാലുധാരാളമുണ്ടായിരിക്കും

"വംശപത്രീ സുധാരാ
ശീതാ പിത്തരക്തദോഷനുത്;
രക്തദോഷഹരാ രുച്യാ
വൃന്നാനാം ദുഗ്ധദായിനീ"

എന്നു ശാലിഗ്രാമം നിഘണ്ടു.)

വയസ്യു=വയസ്യു.

(വയസ്യു പണ്യവർഗ്ഗത്തിൽ ചേർന്ന കാസസ്സുദ്രവ്യമാകുന്നു.

"അത്യുഷ്ണാ ച സരാഗാ ച
ഗ്രന്ഥിലാ ച വയസ്യാ ഭവേൽ;
അന്തർമ്മലാപഹാരിത്വമാത്രേണ
വചാ കർമ്മണി ഗർഹിതാ"

എന്നിങ്ങനെ വയസ്യുവിന്റെ ഉത്തമാധമഗുണങ്ങളെപ്പറ്റി വിവരിച്ചുകാണുന്നുണ്ട്.

"അർഭീവാ വയസാജ്യേന
മാസമേകം തു സേവിതാ;
വചാ കുര്യാന്നരം പ്രാജ്ഞം
ശ്രുതിധാരണസംയുതം;
ചന്ദ്രസൂര്യഗ്രഹേ പീതം
പലമേകം പയോന്വിതം;
വചായാസ്സൽക്ഷണം കുര്യു
ന്മഹാപ്രജ്ഞാനവിതം നരം"

എന്നിങ്ങനെ വയസ്യുവിന്റെ അത്ഭുതഗുണങ്ങളെപ്പറ്റിഭാവപ്രകാശത്തിൽ വിവരിച്ചിട്ടുണ്ട്. വയസ്യു ഉഗ്രമായ ഗന്ധത്തോടും, എരിവു്, കയ്പ് എന്നീ രസങ്ങളോടും, ഉഷ്ണവീര്യത്തോടും, തീക്ഷ്ണഗുണത്തോടും കൂടിയതാകുന്നു. പിത്തത്തെ ഉണ്ടാക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. ജംരാഗ്നീക്കു ദീപനശക്തിയുണ്ടാക്കും. വാക്കിനും കണ്ണിനും ശക്തിയെച്ചെയ്യും. മലമൂത്രങ്ങളെ ഇളക്കും. ശ്രോതോബന്ധം, വായുവിഷ്ടബ്ധം, ഉദരശൂലം, ശോഫം, വാതജ്വരം, അപസ്മാരം, കൃമിരോഗം, ഉന്മാദം. ഭൂതപീഡ, കൃമിദോഷം, വാതവികാരം, അതിസാരം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. ഓർമ്മശക്തിയെ ഉണ്ടാക്കും. ആയുസ്സിനെ വർദ്ധിപ്പിക്കും രുചിയെ ഉണ്ടാക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. ഗർഭസ്ഥാനത്തെച്ചെയ്യും. ഇതു വെളുത്തും കുവന്നും രണ്ടുതരത്തിലുണ്ട്. വെളുത്തതു അധികമായി ഉണ്ടാകുന്നതു ഔഷധയിലാകുന്നു

"വചോഗ്രഗന്ധാ കടുകാ
തിക്തോഷ്ണാ വാന്തിവഹ്നികൃൽ;
ദീപനീ വാക്പ്രദാ കണ്ഠ്യാ
ശുക്രന്മൃത്യുവിശോധിനീ;
വിബന്ധാധ്മാനശൂലാ-
ശോഥവാതജ്വരാപഹാ;
അപസ്മാരകൃമിഹരാ
ഭൂതജന്തുനിലാൻ ഹരേൽ."

എന്നു ഗണനിഘണ്ടു.

"വചാ ശ്വേതാ മതിർമ്മേധാ-
ചാഗ്നിദീപ്തികരീ തഥാ;
ആയുഷ്യാ ഗുണാഢ്യാ ച
വൃഷ്യാ കഫവിനാശിനീ;
വാതഭൂതകൃമിഹരാ
തദിതരേ പൂർവ്വവദ്ഗുണാഃ."

എന്നു രാജവല്ലഭനിഘണ്ടു.)

വയൽച്ചുള്ളി=വയൽച്ചുള്ളി.

(വയൽച്ചുള്ളി പൂഥക്ഷുപവർഗ്ഗത്തിൽ

ചേന്ന വൃഷ്യരുചിയുമാകുന്നു. ഇതിന്റെ മൂട്ടകളിൽ ചെറിയതരത്തിലുള്ള മുള്ളുള്ളതും മുള്ളിന്റെ രീതിയിലുള്ള ഫലങ്ങളുള്ളതും ഇവ രണ്ടും ഇല്ലാത്തതുമായി വയൽച്ചുള്ളി പല വിധത്തിൽ കാണുന്നുണ്ട്. ഇതിന്റെ താരി ഏട്ടിക്കുന്നതു മുള്ളുപോലെ കാണപ്പെടുന്ന കായ്കളിൽനിന്നാണ്. ഇതിനാൽ മുള്ളുള്ളതും മുള്ളില്ലാത്തതുമായി കാണപ്പെടുന്ന വയൽച്ചുള്ളി ശരിയായ വയൽച്ചുള്ളിയല്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജലസമീപസ്ഥലങ്ങളിലാണ് ഇതു് അധികമായി ഉണ്ടാകുന്നതു്. ഇതു് മധുരം, അമ്ലം, തിക്തം എന്നീ രസങ്ങളോടും ശീതവീര്യത്തോടും ഗുരുത്വത്തോടും സ്നിഗ്ദ്ധതയോടും കൂടിയതാകുന്നു. രുചിയെയും ബലത്തെയും ഉണ്ടാക്കുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. മനസ്സിനു തൃപ്തിയെ ഉണ്ടാക്കും. മിനുപ്പോടുകൂടിയതായിരിക്കും. ആമവാതം, ആമദോഷം, വാതം, അതിസാരം, തണ്ണീർദാഹം, അശ്മരി, വാതരക്തം. മേഹരോഗം, ശോഫം, പിത്തം. നയനരോഗം ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല മധുരം, കയ്പു ഈ രസങ്ങളോടുകൂടിയതാകുന്നു. ശോഫം, ശൂലം, വിഷം, ആനാഹം, വാതം, ഉദരരോഗം, പാണ്ഡു ഇവയെ നശിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ഇതിന്റെ വിത്തു് തണുപ്പും മധുരം, കവർപ്പു, കയ്പു ഈ രസങ്ങളോടും ഗുരുത്വത്തോടും കൂടിയതാകുന്നു. ശുക്ലവൃദ്ധിയെച്ചെയ്യും. ബലത്തെയുണ്ടാക്കും. മലത്തെ ബന്ധിക്കും. ഗർഭസ്ഥാപനത്തെച്ചെയ്യും കഫവാതങ്ങളെ വർദ്ധിപ്പിക്കും. മലത്തെ സ്തംഭിപ്പിക്കും. രക്തദോഷം, സർവ്വാംഗസന്താപം, പിത്തം ഇവയെ ശമിപ്പിക്കുകയും ചെയ്യും.)

വയൽവെള്ളരി=വയൽവെള്ളരി.

(വയൽവെള്ളരിവാതനാശിയുണ്ട്. ഓവയിൽ ഇതു് ചെറിയവെള്ളരിയുടെതുല്യമാണെന്നുതോന്നുന്നു.

[illegible]

എന്നാണ്

"[illegible]

ദോഷകർത്രീ

ഹേമന്താജാതു ഖലു പിത്തഹരാച

രുച്യാ;

[illegible]

വകുപാ

വകുപാ തദ്വദിവമധുരാകഫകാ

രിണീച."

എന്നാണ് വയൽവള്ളരിയുടെ ഗുണവിശേഷങ്ങൾ. ഇതു് പിത്തം, രക്തദോഷം. ശരീരക്ഷീണം ഇവയെ ശമിപ്പിക്കും മല ശോധനയെചെയ്യും. രുചിയെ ഉണ്ടാക്കും. വയറിനെ സ്തംഭിപ്പിക്കും. പീനസവും ചുമയും ഉണ്ടാക്കും. ഇതിന്റെ വഴുത്തകായു് ലഘുവും ഉഷ്ണവും ആകുന്നു. അതു് ജാഠരാഗ്നിയെ വർദ്ധിപ്പിക്കും.)

വയ്യങ്കത=വയ്യങ്കത

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ വേരു്, തൊലി മുതലായവ പിത്തം, കഫം, നീരു്. രക്തവികാരം, കാമല, മൂട്ടനീർ, മെലിച്ചിൽ ഇവയെ ശമിപ്പിക്കും ജാഠരാഗ്നിയെ ദീപിപ്പിക്കും. വ്രണം, ചിലന്തിവിഷം. അർശ്സ്സു് ഇവയേയും ശമിപ്പിക്കും. ഇതിന്റെ പഴുത്തകായു് മധുരരസത്തോടു കൂടിയതാകുന്നു. സർവ്വദോഷങ്ങളേയും ശമിപ്പിക്കും.

"വികൃതഫലം വകുപാം
മധുരാ വവ്ദോഷജിത്."
എന്നഭാവപ്രകാശം)

വയസ്ഥ=ചിറാമുള്ള്; കടുക്ക; മീനങ്ങാണ്ണി; ക്ഷീരകാകോളി; കാകോളി; നെല്ലി; സോമവള്ളി; ചിറാമരം; ഇലവു്, ബ്രഹ്മി, ലന്തമരം; വെറാലിലക്കൊടി

വയോരംഗം=കാരീയം

വര=പാട; കാട്ടുപാവൽ, മഞ്ഞൾ; വിഴാൽ; മേദ; ചിറാമുള്ള്: താരേങ്ങകാ; കാർകോകിൽ

വരം=ഇലവംഗം; കുങ്കുമം; സ്രോതോഞ്ജനം; ഇല്ലു; വെഞ്ചല്യാ; ഇഞ്ചി; മരുതക്കുന്നു

വരകു=വരകു

(വരകു് ഭോജ്യവസ്തുത്തിൽചേർന്നു ധാന്യമാകുന്നു.

"ച ദേശവിശേഷേണ
നാനാഭേദം പ്രകീർത്തിതം."

എന്നു് രാജനിഘണ്ടുവിൽ കാണുന്നതു കൊണ്ടു ദേശവിശേഷമനുസരിച്ചു് നിറം, വലിപ്പം മുതലായവയിൽ പല വ്യത്യാസങ്ങളും ഉണ്ടായിരിക്കുമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഇതു് വാതത്തെ അധികമായി വർദ്ധിപ്പിക്കും. മലബന്ധത്തെയുണ്ടാക്കും. തണുപ്പുടുത്തുടിയതാകുന്നു. പിത്തകഫങ്ങളെ ശമിപ്പിക്കും. മധുരം, കഷ്ടു് എന്നീ രസങ്ങളോടും രൂക്ഷതയോടും കൂടിയതാകുന്നു.

"കോദ്രവോ വാതളോ ഗ്രാഹീ
രൂക്ഷഃ പിത്തകഫാപഹഃ"

എന്നു (ഭാവപ്രകാശം)

വരകം=മങ്കുട്ടപ്പയറു്; പുള്ളുകടപ്പുല്ലു്; കരിങ്കുരുക്ക; നെല്ലു്

വരകണ്ടക=ശതാവരി

വരചന്ദനം=ദേവതാരു; പീതചന്ദനം

വരട=അന്നപ്പുട

വരടം=ഞാന്തപ്പുഴം; കൊക്കുത്തിമുല്ല; മാംസയുന്നം

വരടി=നെന്നപ്പുട

വരണം=ഓട്ടകം; നീർമാതളം

വരണ്ട=വരണ്ട

(ഇതിന്റെ മാംസം അംപ്രചരവസ്തുത്തിൽ ചേർന്ന അന്നുപമാംസമാകുന്നു. പ്ലവവസ്തുത്തിൽ ചേർന്ന അനുപമാംസമെന്നു പക്ഷാന്തരം. മിക്കവാറും ഗുണങ്ങൾകൊണ്ടു് കൊക്കിന്റെ മാംസത്തോടു തുല്യമാകുന്നു. അതിനാൽ വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. കഫത്തെയും ശുക്രത്തെയും ബലത്തെയും വർദ്ധിപ്പിക്കും മലമൂത്രശോധനയെയുണ്ടാക്കും ഇതിനെ ചില സ്ഥലങ്ങളിൽ ഇരണ്ടയെന്നു പറയാറുണ്ടു്.)

വരന്ധ=പഞ്ചവർണ്ണക്കിളി

വരന്ധാലു=വെള്ളത്താവണക്കു്

വരതിക്ത=പാട

വരതിക്തം=പുള്ളുകടപ്പുല്ലു്; കടുകപ്പുല; വേപ്പു്

വരതിക്തകം=വേപ്പു്

വരതിക്തിക=പാട

വരത്വക്=വേപ്പു്

വരഥം=കയിൽ

വരട=പന്നിക്കിഴങ്ങു്; അമുക്കിരം; തൊഴുകണ്ണി

വരദാരു=തേക്കുമരം

വരപീതകം=ശർക്കരം

വരഫലം=തെങ്ങു്

വരമുഖി=അരേങ്ങകാ

വരല=അന്നപ്പുട

വരലി=നെന്നപ്പുട

വരവർണ്ണിനി=അരക്കു്; ഗോരോചന; മഞ്ഞൾ; ഞാഴൽ

വരവാഹാളീകം=കുങ്കുമം

വരാംഗം=ആന; ഏലവംഗം

വരാംഗകം=ഏലവംഗം

വരാംഗി=മഞ്ഞൾ; ഞെരിഞ്ഞാംപു[ളി
വരാടം=കവടി
വരാടകം=കവടി
വരാടകരുജ=നാകമരം
വരാടിക=കവടി
വരാടിനം=മുരിങ്ങമരം
വരാട്ടം=വെരുകിന്റെ
വരാരകം=വെരുക്
വരാരോഹം=ആന
വരാസനം=ചെമ്പരുത്തിപ്പൂവു്
വരാഹം=മുഞ്ഞ; പന്നിക്കിഴങ്ങു്; ചീങ്കണ്ണി; പന്നി
വരാഹകം=പന്നി
വരാഹകന്ദം=പന്നിക്കിഴങ്ങു്
വരാഹകർണ്ണി=അമുക്കിരം
വരാഹകാന്ത=പന്നിക്കിഴങ്ങു്
വരാഹക്രാന്ത=മുക്കുറ്റി; പന്നിക്കിഴങ്ങു്
വരാഹവല്ലി=അമുക്കിരം
വരാഹാംഗി=ചെറിയശതാവരി
വരാഹി=മുഞ്ഞ; പന്നിക്കിഴങ്ങു്
വരാഹിക നാരായിക്കൊരുണ; അമുക്കിരം
വരി=വലിയശതാവരി; ശതാവരി
വരിനെല്ലു്=വരിനെല്ലു്

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. വലുതുംചെറുതും ഇങ്ങനെ രണ്ടുതരത്തിൽ കാണുന്നുണ്ടു് വളരെ ഭംഗിയും പത്ഥ്യവുമായിട്ടുള്ളതാകുന്നു. മലബന്ധത്തെ ഉണ്ടാക്കും. വാതകഫങ്ങളെ വർദ്ധിപ്പിക്കും.)

വരിപ്പീച്ചിൽ=വരിപ്പീച്ചിൽ

(വരിപ്പീച്ചിൽ ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതിന്റെ കായിൽ വരിപ്പു് ഉള്ളതുകൊണ്ടാണു് ഇതിനെ വരിപ്പീച്ചിൽ എന്നു പറയുന്നതു്. പൂവു് മഞ്ഞനിറമായിരിക്കും. പിത്തം, ജ്വരം, ശ്വാസം, കാസം, കൃമി ഇവയെ ശമിപ്പിക്കും. തണുപ്പോടും മധുരരസത്തോടും കൂടിയതാകുന്നു. കഫവാതങ്ങളെ വർദ്ധിപ്പിക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. സ്നിഗ്ദ്ധതയോടുകൂടിയതാകുന്നു. അല്പമായി വാതത്തെ കോപിപ്പിക്കും. രുചിയേയും ബലത്തേയും വീര്യത്തേയും വർദ്ധിപ്പിക്കും.

"ധാരാ കോശാതകീ ശീതാ
മധുരാ കഫവാതളാ;
പിത്തഘ്നീ ദീപനീ ശ്വാസ-
ജ്വരകാസകൃമിപ്രണുത്."
എന്നുഭാവപ്രകാശം.)

വരിമാൻ=വരിമാൻ

(ഇതിന്റെ മാംസം മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ചെറുമൃഗവർഗ്ഗത്തിൽ ചേർന്ന അനുപമാംസമെന്നും പക്ഷമുണ്ടു്. ഇതു ചെറുവരിമാന്റെ മാംസത്തോടു് ഗുണങ്ങൾകൊണ്ടു സാമ്യമുണ്ടാകയാൽ വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തേയും രക്തത്തേയും വർദ്ധിപ്പിക്കും. രുചിയേയും ബലത്തേയും വർദ്ധിപ്പിക്കും.)

വരിമീൻ=വരിമീൻ.

(ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. സമുദ്രത്തിലുണ്ടാകുന്ന മത്സ്യമെന്നാണു് ഇതിനു മതം. മിക്കവാറും മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകയാൽ വാതത്തെ ശമിപ്പിക്കും. കഫത്തേയും പിത്തത്തേയും രക്തത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മലരോധനയെ ഉണ്ടാക്കും. മൂത്രത്തെ അധികമാക്കും. ശരീരത്തെ തടിപ്പിക്കും. രുചിയെ ഉണ്ടാക്കും).

വരിയൻകക്കരി=വരിയൻകക്കരി.

(ഇതു് ഫലശാകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ കായും പുറ

ത്തുവരിപ്പുകളോടുകൂടിയതും വൃത്താകാരമായിട്ടുള്ളതുമാകുന്നു. ഇതു് പലമാതിരിയിലും കാണപ്പെടുന്നുണ്ടു്. പല കാലങ്ങളിലും ഉണ്ടാകുമെന്നിരുന്നാലും ഗ്രീഷ്മകാലത്തിങ്കലാണു് ധാരാളമായിട്ടുണ്ടാകുന്നതു്. ഗുണാധിക്യമുള്ളതും അതിനാണു്.

"തിക്തം ബാല്യേ തനോ മധുരം
കിഞ്ചിദമ്ലം പാകേ
നിഷ്കടം ചേത്തദ്ദോതസമാ
തപ്പ്ണം പുഷ്ടിദായി;
വൃഷ്യം രോഹത്രമവിശമനം
മൂത്രവൃദ്ധിം വിധത്തേ
പിത്താന്മാദാപഹരകഫദം
ഷഡ്ഭേജം വീര്യകാരി"

എന്ന രാജനിഘണ്ടുവിലും,

"കർബൂജം ഫലരാജമുത്തമഗുണം
പക്വം രസം ബ്രംഹണം
ബല്യം സ്വാദുതരം ഹിമം
ഗുരു മഹത്
പിത്താനിലാർത്തിം ഹരേൽ;
സ്നിഗ്ദ്ധാം മൂത്രളമൌരോമയഹരം
സൌഗന്ധിമത്യാദരാ
ന്നീതം പാണിയുഗേ ദശാംഗുല
മതോ
നാമ്നാകൃതം വിഷ്ണുനാ."

എന്ന സുഷേണത്തിലും,

"കർബൂജം മൂത്രളം ബല്യം
കോഷ്ണജ്വരവികാരം ഗുരു;
സ്നിഗ്ദ്ധാം സ്വാദുതരം ശീതം
വൃഷ്യം പിത്താനിലാപഹം;
തേഷു യച്ചാല്പമധുരം
സക്ഷാരം ച രോചിഃ ഭവേൽ;
രക്തപിത്തകരം തത്തു
മൂത്രശുക്രകരം പരം."

എന്ന ഭാവപ്രകാശത്തിലും;

വരിയൻകക്കരിയുടെ—അഥവാ മത്തങ്ങയുടെ—ഗുണങ്ങളെപ്പറ്റി യിത്രയുമറിഞ്ഞിട്ടുണ്ടു്. വരിയൻകക്കരിയുടെ വിളഞ്ഞ കായു് പിത്തത്തേയും രക്താദോഷത്തേയും മൂത്രകൃച്ഛ്രത്തേയും ഉണ്ടാക്കും. നന്നാ പഴുത്തകായു് മൂത്രത്തെ വർദ്ധിപ്പിക്കും. ബലത്തെ ഉണ്ടാക്കും. കോഷ്ഠശുദ്ധിയെ ചെയ്യും. ഗുരുവാകുന്നു. ഇക്കണ്ടതെവർദ്ധിപ്പിക്കും വാതപിത്തങ്ങളെ ശമിപ്പിക്കും ചില സ്ഥലങ്ങളിൽ വരിയൻകക്കരിക്കായ്ക്കു് മത്തങ്ങയെന്നും പൂവണിക്കയെന്നും മറ്റും പറയാറുണ്ടു്.)

വരിഷ്ഠ=താഴുകണ്ണി
വരിഷ്ഠം=തിത്തിരിപ്പുല്ലു്; മുള്ളകു്; ചെമ്പു്; ഇരുവേലി
വരീവല്ലം=കാള
വരുണം=വെള്ളം; നീർമാതളം
വരുണാത്മജ=മദ്യം
വരേണ്യം=കുങ്കുമം
വൽക്കരം=ആട്ടു
വൽഭം=കുയിൽ
വർച്ചൂരം=വലിയഞെരിഞ്ഞിൽ
വർണ്ണ=തുവരപ്പയറു്
വർണ്ണം=സ്വർണ്ണം; കുങ്കുമം
വർണ്ണകം=ചന്ദനം; അരിതാരം
വർണ്ണകൃമിമം=പീതചന്ദനം
വർണ്ണദം=പീതചന്ദനം
വർണ്ണദാത്രി=മഞ്ഞൾ
വർണ്ണപ്രസാദജനനം=പീതചന്ദനം
വർണ്ണപ്രസാദനം=കാഷ്ഠാഗരു
വർണ്ണരേഖ=എഴുത്തുകല്ലു്
വർണ്ണവതി=മഞ്ഞൾ
വർണ്ണവിലാസിനി=മഞ്ഞൾ
വർണ്ണാംക=എഴുത്തുകല്ലു്
വർണ്ണാഢ്യം=ചെറുപയറു്
വർണ്ണിക=എഴുത്തുകല്ലു്
വർണ്ണിനി=മഞ്ഞൾ
വർണ്ണ്യം=കുങ്കുമം
വർത്തകം=കാടപ്പക്ഷി; പഞ്ചലോഹം
വർത്തകി=ചക്കുലന്ത
വർത്തതീക്ഷ്ണം=പഞ്ചലോഹം

വത്സലോഹം=പഞ്ചലോഹം
വത്സിക=കാടയടിൻ;ആട്ടിൻകുട്ടപ്പാ
വത്സുലം=മലങ്കടല
വത്സുളം=പൊൻകാരം; ചണ്ണാമ്പുള്ളകി
വത്സുളാക്ഷം=കടുവാ
വത്സുളി=അത്തിത്തിപ്പലി
വദ്രം=കാരീയം; ചെറുതേക്ക്.
വദ്രകം=ചെറുതേക്ക്
വദ്രമാന=മധുരമാതളനാരകം
വദ്രമാന(ക)ം=വെള്ളത്താവനക്ക്
വർദ്ധ്രം=കാരീയം
വൻകകണ്ടകം=വാൾപ്പുടകപ്പുല്ല്
വൻകകഷ=വൻമല്ലന്ത
വൻമി=ആരൽമീൻ
വയ്യ=ഉവരപ്പയറ്
വയ്യം=കവടി
വവ്=ചെറുതുളസി
വവ്വര=ചെറുതുളസി
വവ്വര=പീതചന്ദനം; ചായയില്ല്യാ; നറുംപശ; കറുത്ത ചെറുതുളസി
വവ്വര=ചെറുതുളസി
വവ്വരിക=ചെറുതുളസി
വവ്വരീകാ=അട്ടിനാറിവേള; ചെറുതേക്ക്
വവ്വുരം=വെട്ടിവേലം
വഷ്=വഷ്ട്ടു; കരിഞ്ചീരകം
വഷ്ട്ടുത=വഷ്ട്ടുത.

(വഷ്ട്ടുത വാതത്തെ വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. ഇതു് കർക്കടകം ചിങ്ങം ഇരണ്ടുമാസങ്ങൾ കൂടുന്ന കാലമാകുന്നു.

"ഭവേദ്വഷ്ടുസു വപുഷ്കി
ക്ലിന്നതാ യദ് വിശേഷതഃ
തൽക്ലേദശാന്തയേ സേവ്യം
അപി കടാദയസ്സുയുഃ"

വഷ്കാലത്തിൽ ശരീരത്തിനു നല്ല വു വരുന്നതാകയാൽ ആ ക്ലേദത്തെ നശിപ്പിക്കുവാൻവേണ്ടി എരിവു്, കയ്പു്, കവർപ്പു് എന്ന രസങ്ങളെ ശീലിക്കണം.

"സേവനം മലനം സേവ്യം
ദ്ധ്യുഷ്ണം ജാംഗലാമിഷം;
ഗോധൂമാ ശാലയോ മാഷാ
ജലം കൌപം ദിവശ്ച്യുതം"

എന്നു് ചുണ്ടാകയാൽ വഷ്കാലത്തു് ശരീരം വിയപ്പിക്കുക, മെയ്തിരുമ്മിക്കുളിക്കുക, തെരു് ഉപയോഗിക്കുക, ഉഷ്ണമായ വസ്തുക്കളെ ശീലിക്കുക ജാംഗലമാംസം, കോതമ്പു്, ശാലിയരി, ഉഴുന്നു്, കിണറിലെ വെള്ളം, മഴവെള്ളം മുതലായവയെ ഉപയോഗിക്കുക എന്നിതുകൾ നന്നാകുന്നു.)

വഷ്ടകേയു=മുഴുത്ത തഴുതാമ; വെളുത്ത തഴുതാമ
വഷ്പാകി=ആമ്പഴം
വഷ്പപുഷ്പ=മഞ്ഞക്കുറുന്തോട്ടി
വഷ്പപ്രിയാ=വേഴാമ്പൽപക്ഷി
വഷ്പശ്ലോഷ്മം=മഞ്ഞനിറമുള്ള പെരുന്തവള
വഷ്പാംഗി=വെളുത്ത തഴുതാമ
വഷ്പാഭയ=മുഴുത്തതഴുതാമ
വഷ്പാഭ്ര=തവള; വെളുത്തതഴുതാമ
വഷ്പാമദം=മയിൽ
വഷ്പോപകം=ആലിപ്പഴം
വഹ്നി=കരിഞ്ചീരകം; പച്ചില
വഹ്നി=മയിൽ; വെട്ടുത്തടി; കൊട്ടവേലി
വഹ്നികുസുമം=കരിഞ്ചീരകം
വഹ്നിപുഷ്പാ=കരിഞ്ചീരകം
വഹ്നിഷ്ഠം=ഇരുവേലി
വഹ്നിണം=മയിൽ
വല=എരുമ; കുറുന്തോട്ടി
വലനെല്ല്=വലനെല്ല്.

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. ഗുണങ്ങൾ കൊണ്ടു് മിക്കവാറും നവരയോടു തുല്യമാകുന്നു. വാതം, പിത്തം, ജ്വരം

കഫം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇത്രയേയും ബലത്തെയും ദീപ്താഗ്നിയെയും വർദ്ധിപ്പിക്കും. മലമൂത്രബന്ധത്തെ നല്ല പോലെ ഉണ്ടാക്കും. കഫത്തെ സ്രവിപ്പിക്കും.)

വലാക=പെരുമ്പുള്ളി

വലാടക=പെരുവഴുതിന

വലാഢകാ=മുരിങ്ങ

വലിതം=ചുളിവ്

വലിമുഖ=കരടി

വലിയ പാടപതിയൻ = വലിയപാടപതിയൻ.

(ഇതു് വിരേചനദ്രവ്യവർഗ്ഗത്തിൽ ചേർന്ന വിരേചനദ്രവ്യമാകുന്നു. പാടപതിയന്റെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും

"മഹാനീലീ ഗുരുർവ്യായ സ്യാ-
ദംഹശ്ശ്രേഷ്ഠാ സുവീര്യതഃ;
പൂർവ്വോക്തനീലികാദോഷാ
സാധ്യാ സർവ്വകർമ്മസു."

എന്ന ശാലിഗ്രാമം.)

വലിയ അമ്പൊട്ടൻ=വലിയ അമ്പൊട്ടൻ.

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. അമരിയുടെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. കഫം, പിത്തം, ജ്വരം, ക്ഷയം, മദം, ഭ്രമം, മുട്ടുനീർ എന്നിവയെ ശമിപ്പിക്കും. ബലത്തെയും ദീപ്താഗ്നിയെയും കൊണ്ടുതന്നെ വാതത്തെയും വർദ്ധിപ്പിക്കും.)

വലിയ ഉകമരം=വലിയ ഉകമരം.

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതും ഉകമരത്തിന്റെ മിക്ക ഗുണങ്ങളും ഇതിനുണ്ടു്. ഇതിന്റെ പഴുത്ത കായ് ജ്വരാഗ്നിയെയും ദീപ്താഗ്നിയെയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ത്രിദോഷത്തെയും വിഷത്തെയും ശമിപ്പിക്കും.)

"ബ്രഹൽപീലുസ്തു മധുരോ
വൃഷ്യഃ പിത്തവിഷാപഹഃ;
ആമവാതാഗ്നിരുചിര
സ്തൈലം ചാസ്യഫലസ്മൃതം;
കഫവാതഗുണഃഹന്തി
ചേതി പൂർവ്വമുദ്ധൈ സ്മൃതം."

എന്ന നിഘണ്ടുരത്നാകരം.

ഇതിന്റെ അരിയുടെ മജ്ജയിൽ നിന്നെടുക്കുന്ന എണ്ണ വാതഘ്നമാകുന്നു. ഇതു് കഫവാതങ്ങളെ ശമിപ്പിക്കും.

വലിയചുങ്ങ്=വലിയചുങ്ങ്.

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഷായദ്രവ്യമാകുന്നു. തീക്ഷ്ണഗുണത്തോടും ഉഷ്ണവീര്യത്തോടും കൂടിയതാകുന്നു. ചൊറി, വിചർച്ചിക, കുഷ്ഠം, ത്വക്രോഗം, വ്രണം മുതലായവയെ ശമിപ്പിക്കും.

"ഉദാകരഞ്ജകസ്തീക്ഷ്ണ
കടൂഷ്ണോഷ്ണഗുണ തിക്തകഃ
കണ്ഡൂവിചർച്ചികാകുഷ്ഠ-
ത്വഗ്രോഗവിഷവ്രണാപഹഃ.")

വലിയഉഴുന്ന് വലിയ ഉഴുന്ന്

(വലിയ ഉഴുന്ന് ശിംബിധാന്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ഇതു്

വെളുത്തും ചുവന്നും കറുത്തും മൂന്നു വിധത്തിലുണ്ട്. അവയിൽ വലിയതു് ഗുണമേറിയതാകുന്നു. വാതത്തെ വർദ്ധിപ്പിക്കും. രൂക്ഷഗുണത്തോടും ഉഷ്ണവീര്യത്തോടും മധുര, കവർപ്പു് എന്നീ രസങ്ങളോടും കൂടിയതാകുന്നു. പൈത്തിയത്തിനു തൃപ്തിയേയും വിരേചനത്തേയും ഉണ്ടാക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കും. ശരീരത്തിനു് അധികമായി ബലത്തെ ഉണ്ടാക്കും.

"രാജമാഷോ ഗുരുഃ സ്വാദു
സ്നിഗ്ധരസ്സ്തുണ്ണഃ സരഃ;
രൂക്ഷോ വാതകരോ രുച്യഃ
സ്നേഹോ ഭൂരിബലപ്രദഃ;
ശ്വേതോ രക്ത സ്തഥാ കൃഷ്ണഃ
സ്ത്രിവിധഃ സംപ്രകീർത്തിതഃ;
തേഷാമാദ്യാംസ്തേഷു ഭവേത്
സ ഏവോക്തോ ഗുണാധികഃ."

എന്ന ഭാവപ്രകാശം.)

വലിയ ഉഴുതകം=വലിയ ഉഴുതകം

(ഇതു് പൃഥക്ശുപവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. കറുത്തതൊട്ടിയുടെ എല്ലാ ഗുണങ്ങളും ഇതിനും ഉണ്ടായിരിക്കും. വ്രണം, വാതം, പിത്തം, കൃമി, ചൊറി, മൂത്രകൃച്ഛ്രം, ക്ഷതം, ക്ഷീണം ഇവയേയും ശമിപ്പിക്കും. മധുരം, കവർപ്പു് എരിവു്, അമ്ലം ഈ രസങ്ങളോടും ഗുരുത്വത്തോടും ഉഷ്ണവീര്യത്തോടും കൂടിയതാകുന്നു.

"മധുരാമ്ലാ നാഗബലാ
കഷായോഷ്ണാ ഗുരുസ്ഥിരാ;
കടുഷ്ണാ കൃമിവാതഘ്നീ
വ്രണപിത്തവിനാശിനീ."

എന്നുഗുണനിഘണ്ടു.

"ജ്ഞേയാ നാഗബലാ ചാമ്ലാ
മധുരാ ഗുരവരാ ഗുരുഃ;
കടുത്രുഷ്ണാ വ്രണം വാതം
പിത്തം കൃഷ്ണം ച നാശയേൽ;
കണ്ഡൂം ച നാശയത്യേവം

മുനിഭിഃ പരികീർത്തിതാ."

(എന്നു നിഘണ്ടുരത്നാകരം.

വലിയ ഉഴുതകത്തിന്റെ കായ് മധുരരസത്തോടും ഗുരുത്വത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു. അതു പിത്തത്തേയും രക്തദോഷത്തേയും ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. അതിമാംസം മുതലായവയെ ഉരച്ചുകളയും. വയറുപ്പിനെ ഉണ്ടാക്കും.

"ഗാംഭേരുകീഫലം രൂക്ഷം
കഷായം സ്വാദുവാതളം,
ലേഖനം സ്തംഭനം ശീതം
വിബന്ധായ്മാന കൃദ്ഗുരു."

എന്നുസോഢലനിഘണ്ടു.)

വലിയകടമ്പു്=വലിയ കടമ്പു്

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. വിഷം, കൃമിവികാരം, പിത്തം, കഫം ഇവയെ ശമിപ്പിക്കും. അമ്ലം, കവർപ്പു്, മധുരം ഈ രസങ്ങളോടും ശീതവീര്യത്തോടും കൂടിയതാകുന്നു. കടമ്പിന്റെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. ഇതിന്റെ കായ് മധുരരസത്തോടും തണുപ്പോടും കൂടിയതാകുന്നു. പിത്തത്തേയും രക്തദോഷത്തേയും ശമിപ്പിക്കും ഗുരുത്വത്തോടും കൂടിയതാകുന്നു.

"ഫലം തു മധുരഞ്ചാസ്യ
ശീതലം ഗുരു പിത്തഹൃൽ;
രക്തദോഷഹരം പ്രോക്ത-
മൃഷിഭിഃ സ്തവദർശിഭിഃ."

എന്നു ശാലിഗ്രാമനിഘണ്ടു.
വലിയക്കമ്പി എന്നും അമഴക്കാമ്പെന്നും പേരുപറയാറുണ്ടു്.)

വലിയകടലാടി=വലിയകടലാടി

(ഇതു് പൃഥക്ശുപവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഇതിന്റെ ഇലയിൽ കുരങ്ങിന്റെചെവിയുടെമ

ങ്ങൾ രോഗങ്ങളും ചെറ്റു നാശങ്ങൾ ഉണ്ടായിരിക്കും. പെട്ടുകാണ്ടാണ് ഇതിനു് 'കിരവണ്ണി' എന്നപേരുള്ളതെന്നു ധന്വന്തരം. ഇതു് വിരേചനത്തെ ഉണ്ടാക്കും. തീക്ഷ്ണതയോടും കയ്പു്, എരിവു്, ഈ രണ്ടുരസങ്ങളോടും, ഉഷ്ണവീര്യത്തോടും തീക്ഷ്ണഗുണത്തോടും കൂടിയതാകുന്നു. ജഠരാഗ്നിയെ ദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിക്കും. ചർദ്ദി, കഫം, മേദസ്സു്. വാതം. ഹൃദ്രോഗം, വയറുവീർപ്പു്. ശ്വാസം, ചൊറി, ശൂലം, ഉദരം, ഗുല്മം ഇവയെ ശമിപ്പിക്കും. ചർദ്ദിയെ ഉണ്ടാക്കും. മലത്തെ ബന്ധിക്കും. വ്രണത്തെ അടക്കുടിപ്പിക്കും. കൃമിയെയും രക്തദോഷത്തെയും ശമിപ്പിക്കും)

വലിയകാക്കത്തൊണ്ടി - വലിയ കാക്കത്തൊണ്ടി

(ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഇല പനിനീർച്ചെടിയുടെ ഇലപോലെ ചെറുതായിരിക്കും. പൂവു് കറുത്തിരിക്കും. കായു് കാകതുണ്ഡംപോലെയും അരിവലിയ ഉഴുന്നുപോലെയും ഇരിക്കും. ഇതു് അധികവും ഉണ്ടാകുന്നതു് ഉറപ്പുള്ള കാനൽ പ്രദേശങ്ങളിലായിരിക്കും.പിത്തത്തെശമിപ്പിക്കും. ജരാനരകളെ വിശേഷേണ ശമിപ്പിക്കും. ശരീരത്തിനു ഉറപ്പിനെ ഉണ്ടാക്കും. മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു.

"കാകനാസാ തു മധുരാ
ശിശിരാ പിത്തഹാരിണീ
രസായനീ ദാർഢ്യകരീ
വിശേഷാൽ പലിതാപഹാ"

എന്നു രാജനിഘണ്ടു.)

വലിയകാട്ടുവെള്ളരി=വലിയകാട്ടുവെള്ളരി.

(ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഇല വിരേചനദ്രവ്യമാകുന്നു. കണ്ണാരോഗത്തെയും, പ്ലീഹദോഷത്തെയും ശമിപ്പിക്കും. ചെറിയ കാട്ടുവെള്ളരിയുടെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും.

"അന്യാന്യുവാരുണീ കണ്ണാ-
രുജം ച പ്ലീഹദം തഥാ;
നാശയേദിതി സംപ്രോക്താ
ഗുണാശ്ചാന്യേതു പൂർവവൽ;
രസേ വീര്യേ ച പാകേ ചാ-
ധികാ ചോക്താ ഗുണൈരിയം"

എന്ന നിഘണ്ടു രത്നാകരം.)

വലിയ കിലുകിലുപ്പ - വലിയ കിലുകിലുപ്പ.

(ഇതു് പുഷ്പവർഗ്ഗത്തിൽ ചേർന്നവമനോപയോഗദ്രവ്യമാകുന്നു. ഇതിന്റെ ഇല വൃത്തവും കിലുകിലുപ്പത്തിന്റെ ഇലയേക്കാൾ അല്പം വലുതും പൂവു് വെളുത്തതും ഇരിക്കും. കിലുകിലുപ്പത്തിന്റെ എല്ലാ ഗുണങ്ങളോടും കൂടിയതാകുന്നു. മോഹനം, വശീകരണം, സ്തംഭനം മുതലായവകളിൽ ഇതു് വളരെ ഉപയോഗമുള്ളതാകുന്നു. രസത്തെ ബന്ധിക്കും.)

വലിയകുമ്പളം - വലിയകുമ്പളം.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതു് നാലുജാതിയുണ്ടു്. ഗുണങ്ങൾകൊണ്ടു് എല്ലാം മിക്കവാറും സമാനങ്ങളാകുന്നു. വലിയ കുമ്പളത്തിന്റെ ഇളയകായു് പിത്തത്തെ അതിശയേന ശമിപ്പിക്കും. വിളഞ്ഞകായു് മൂത്രാഘാതം, പ്രമേഹം, മൂത്രകൃച്ഛ്രം, അശ്മരി, മലബന്ധം, തണ്ണീർദാഹം, ചുട്ടുനീറൽ, അരുചി ഇവയെ ശമിപ്പിക്കും. ശരീരത്തെ പുഷ്ടിപ്പെടുത്തും. ഇളകുപ്പ ഭിയേയും ബലത്തേയും ഉണ്ടാക്കും. അരുചിയേയും പിത്തത്തേയും ശമി

ച്ചിക്കും. വല്ലീഫലങ്ങളിൽവെച്ച് ഇതു് ശ്രേഷ്ഠമാകുന്നു. ഇതിൻറമജ്ജ മധുരമായിരിക്കും. പിത്തത്തെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും.

"മൂത്രാഘാതഹരം പ്രമേഹശമനം
കൃച്ഛ്രാശ്മരീ ഛേദനം
വിൺമൂത്രവ്രണനാശനം ശ്വാസത്തിശമനം
ജീർണ്ണാംഗപുഷ്ടിപ്രദം:
പുഷ്യാ സ്വാദുതരാ തദ്വരാമകുഠരാ
ബല്യഞ്ചപിത്താപഹാ
കൃഷ്ണാണ്ഡാ പ്രവരംവദന്തിഭിഷജാം
വല്ലീഫലാനാം പുനഃ."

എന്ന രാജനിഘണ്ടുവിലും)

"മൂത്രാഘാതരോഗശമനം
ബല്യപിത്തഹാനി
കൃച്ഛ്രാശ്മരീപ്രശമനം
വിനിഹന്തിപിത്തം:
പാത്ര്യാ ഗുരുശ്ലേഷ്മകരീ [illegible]
ബണപിത്തഭരാപഹാ
തൃഷ്ണാപഹാ തൃപ്തി സമാതുടാ
ഹരന്തി."

എന്ന ധന്വന്തരീയത്തിലും

"കൃഷ്ണാണ്ഡാ ഭേദ്യഭിഷ്യന്തി
വിഷ്ണാഭി വാതപിത്തജിത്;
വാസ്തി ജിത്കഫകരാ വൃഷ്യാ
സ്വാദു പാകരസം ഗുരു;
വിശേഷാൽ പിത്തരക്തബാലം
മജ്ജഞ്ചേവകഫാപഹം;
പക്വാ ലഘ്വീ തൃഷ്ണാ സക്ഷാരാ
ദീപനാ പാചനാ തഥാ;
സർവ്വദോഷഹരം ഹ്യേഷാം
വിഷ്ണാം ചേതോവികാരനുത്."

എന്ന ധന്വന്തരീനിഘണ്ടുവിലും പറഞ്ഞുകാണുന്നു.)

വലിയകൂവേന്തോട്ടി=വലിയകൂവേന്തോട്ടി.

(ഇതു് വൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു് കൂവേന്തോട്ടിയോടു തുല്യമാകുന്നു. വിശേഷാൽ ശരീരശോഷം, ശരീരത്തിലുള്ള ചൂടു്, ജ്വരം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും. ഉരുക്ഷതമാകൊണ്ടു് ക്ഷീണിച്ചുവരുന്ന വളരെ ഹിതകരമാകുന്നു.

"മഹാബലാ തു മധുരാ
ധാതുവൃദ്ധികരീ മതാ;
ബല്യാ വൃഷ്യാ ത്രിദോഷഘ്നീ
ജ്വരഹൃദ്രോഗദാഹനുൽ;
വാതാർശഃ ശോഷവിഷമ-
ജ്വരാൻ മേഹഗണം തഥാ;
ബാഹ്യമൂത്രം നാശയതീ-
ത്യേവമാചാര്യഭാഷിതം."

എന്ന ശാലിഗ്രാമനിഘണ്ടു.)

വലിയകൊമ്പുള്ള ആട്=വലിയ കൊമ്പുള്ള ആട്

(ഇതിൻറ മാംസം ഗ്രാമ്യവർഗ്ഗത്തിൽചേർന്നജാംഗലമാംസമാകുന്നു.

"ഛാഗമേഷവൃഷാശ്വാദ്യാ
ഗ്രാമ്യാഃ പ്രോക്താ മഹർഷിഭിഃ"

എന്നുള്ള പ്രമാണവുമുണ്ടു്. ഇതു് ഗുണങ്ങൾകൊണ്ടു് കൂറിയാടിൻറമാംസത്തോടു തുല്യമാകുന്നു. അതിനാൽ ഗുരുത്വത്തോടും സ്നിഗ്ധതയോടും കൂടിയതും ബലകരവും മേദസ്സിനെ പുഷ്ടിപ്പെടുത്തുന്നതും ആകുന്നു. അമദോഷത്തെ ഉണ്ടാക്കും. ഇതിനെയും കഫപിത്തങ്ങളേയും വർദ്ധിപ്പിക്കും.

"മേഷമാംസം ഗുരു സ്നിഗ്ധം
ബല്യം പിത്തകഫപ്രദം;
മേദഃപുഷ്ടികരം വൃഷ്യം
കഫപിത്തപ്രകോപനം."

എന്ന പ്രമാണവുമുണ്ടു്. വലിയകൊമ്പുള്ള ആടിനു ചെമ്മരിയാടെന്നു ചിലടങ്ങളിൽ പറയാറുണ്ടു്).

വലിയ ഗോളിച്ചീര=വലിയ ഗോളിച്ചീര.

(വലിയ ഗോളിച്ചീര ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു.

ഇതു ഉണ്ടാകുന്നതു് തോട്ടങ്ങളിലാണു്. വാതത്തെ ഉണ്ടാക്കും. വാതത്തെ ശമിപ്പിക്കുമെന്നു് പക്ഷാന്തരം. കൃമി, പിത്തം, തൃഗ്ദോഷം, വ്രണം, ഗുന്മം, ശ്വാസം, കാസം, പ്രമേഹം, ഗ്രഹണി, അർശ്സ്സു്, കൃഷ്ണം, അസ്രിഗ്ദരം, നീരക്കെട്ടു്, വിഷം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കുമെന്നു പക്ഷാന്തരം. ശുക്ലത്തെ ക്ഷയിപ്പിക്കും.

"ഖോളികാപ്യുരാ ചോക്താ
വാതകൃൽ കഫപിത്തഹൃൽ:
തൃഗ്ദോഷവ്രണഗുല്മഘ്നീ
ശ്വാസകാസപ്രമേഹനുൽ;
പിത്തളാപ്യുഷ്ണഗുണ്യർശ-
കൃഷ്ണാതീസാരനാശിനീ."

എന്നും,

"ഖോളികാ രുചിദാ പടുപീ
പിത്തളാ ചാമ്ലികാ മതാ;
സരാ കഫകരാ ചോക്താ
വാതതൃഗ്ദോഷനാശിനീ;
ഗുല്മവ്രണശ്വാസകാസ-
നേത്രരുങ്മേഹശോഥഹാ."

എന്നും മേൽപ്പറഞ്ഞിട്ടുള്ള ഉഭയപക്ഷങ്ങൾക്കും അനുകൂലങ്ങളായി പ്രമാണങ്ങൾ ഉണ്ടു്.)

വലിയചുവന്നുള്ളി= വലിയചുവന്നുള്ളി.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. പിത്തം, കഫം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. ഉറക്കത്തെ അധികമാക്കും. ശീതവീര്യത്തോടുകൂടിയതാകുന്നു.

"വക്ഷ്യതേ ഗുപവലാണ്ഡുലക്ഷണം
ക്ഷാരതീക്ഷ്ണമധുരോ രുചിപ്രദഃ:
കണ്ഠരോഷശമനോതിദീപനഃ
ശ്ലേഷ്മപിത്തശമനോതിശുംഖണഃ."

എന്നു് വലിയ ചുവന്നുള്ളിയെപ്പറ്റി വിവരിച്ചുകാണുന്നു.)

വലിയചേന=വലിയചേന.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. കാട്ടുചേനയിൽനിന്നു നിർദ്ദേശിച്ചുവരുന്നതും ഇതുതന്നെയാണെന്നു തോന്നുന്നു. ഇതു് ശുദ്ധിചെയ്യാതെ ഉപയോഗിച്ചാൽ വളരെ ചൊറിച്ചിലുണ്ടാക്കും. ചേനയുടെ ഗുണങ്ങളെല്ലാം ഇതിനും ഉണ്ടായിരിക്കും. കഫത്തേയും വിശേഷിച്ചു് ശ്വാസ്സിനേയും ശമിപ്പിക്കും.

"വൃന്താരുണകോ രുച്യഃ
കടുരുഷ്ണോ കൃമിനാശനഃ;
ഗുല്മഗുല്മാതിരോഷഘ്നഃ
സ ച്വാരുരോചകഹാരകഃ"

എന്നു രാജനിഘണ്ടു.)

വലിയ ഞെട്ടിക്കുഴിയന്നാറ്=വലിയഞെട്ടിക്കുഴിയന്നാറ്

(ഞെട്ടിക്കുഴിയന്നാറ് പലതരത്തിലുണ്ടു്. അവയെല്ലാം രാജാമ്ലവർഗ്ഗത്തിൽ ഉൾപ്പെട്ടവയാണു്. രാജാമ്ലങ്ങളും അനേകജാതിയായി കാണുന്നുണ്ടു്. മുഴപ്പും മിനുപ്പും ഉള്ളതായി പലതരത്തിൽ കാണുന്ന ആമ്ലഫലങ്ങളോക്കെയും രാജാമ്ലങ്ങളുടെ വകഭേദങ്ങൾതന്നെയാണു്. പുഴത്തതു് കഫം, പിത്തം തണ്ണീർദാഹം മുതലായവയെ ശമിപ്പിക്കും. ഇതുതന്നെയും കഫത്തേയും വർദ്ധിപ്പിക്കും.

"ബാലം രാജഫലം കഫാസ്രപവനം
ശ്വാസാതി പിത്തപ്രദം
മദ്ധ്യം താദ്ഗുണമേവദോഷബഹുലം
ഭൂയഃ കഷായാമ്ലകം;
പക്വംചോന്മധുരം ത്രിദോഷശമനം
ഗുണ്ഡാവിദാഹാശ്രമ
ശ്വാസാരോചകമോചകഃ ഗുരുഹി
വൃഷ്ട്യാതിഭ്രപാഹ്വയം." [മേ

എന്നു് പ്രമാണവും ഉണ്ടു്).

വലിയ ഞെരിഞ്ഞിൽ=വലിയഞെരിഞ്ഞിൽ.

(ഇതു് പൃഥക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ചെറുതും വലുതുമായി രണ്ടുതരത്തിൽ ഇതു് കാണുന്നുണ്ടു്. രണ്ടിന്റേയും ഗുണങ്ങൾ സമാനങ്ങൾ തന്നെ മൂത്രകൃച്ഛ്രം, അശ്മരി, ചൂടുനീർപ്രമേഹം, രക്തപിത്തം, കാസം, ഹൃദ്രോഗം, അർശ്ശസ്സു്, വസ്തിസംബന്ധമായ വാതം, ത്രിദോഷം. കൃമി, ശൂലം, വയറുകുത്തൽ ഇവയെ ശമിപ്പിക്കും. ബലത്തെ ഉണ്ടാക്കും. ശീതവീര്യത്തോടും മധുരരസത്തോടുംകൂടിയതാകുന്നു. ശരീരത്തെ തടിപ്പിക്കും. ജ്വരവ്യാധിയെ നശിപ്പിക്കും. ജ്വരാഗ്നിക്കു ദീപനശക്തിയെ ഉണ്ടാക്കും.

"ന്യഗ്രോധാമുഭയേഗോക്ഷുരകൌ സുശീതളൌ
ബലപ്രദൌതൌമധുരൌരുച്യൌ ബൃംഹണൌമതൌ;
കൃച്ഛ്രാശ്മരീമേഹവിബന്ധനാശനൌ
രസായനൌതത്രബൃഹദ്ഗുണോത്തരഃ."

എന്നു രാജനിഘണ്ടുവിൽ രണ്ടു വകഞെരിഞ്ഞിലിന്റേയും ഗുണദോഷങ്ങളെ സമാനീകരിച്ചു പറഞ്ഞിട്ടുണ്ടു്.

"ഗോക്ഷുരഃ ശീതളോ ബല്യോ
മധുരോ ബൃംഹണോ മതഃ;
വസ്തിശുദ്ധികരോ വൃഷ്യഃ
പൌഷ്ടികശ്ച രസായനഃ;
അഗ്നിദീപ്തികരഃ സ്വാദു-
ർമ്മൂത്രകൃച്ഛ്രാശ്മരീഹരഃ;
ദാഹമേഹശ്വാസകാസ-
ഹൃദ്രോഗാശ്രോവിനാശനഃ;

വസ്തിവാതം ത്രിദോഷം ച
കൃഷ്ണം ശൂലം ച നാശയേൽ."

എന്നും പ്രമാണാന്തരവുമുണ്ടു്. ഞെരിഞ്ഞിലിന്റെ ശാകം കഫപ്രധാനത്തോടുകൂടിയതാകുന്നു. ഇതിനെ വർദ്ധിപ്പിക്കും. സ്രോതസ്സുകൾക്കു ശുദ്ധിയെ ഉണ്ടാക്കും.

"തിക്തഃ ഗോക്ഷുരകഃ വൃഷ്യഃ
ശാകഃ സ്രോതോവിശോധനഃ."

എന്നു രാജവല്ലഭം. ഞെരിഞ്ഞിലിന്റെ ശീതവീര്യത്തോടുകൂടിയതാകുന്നു. മൂത്രത്തെ വർദ്ധിപ്പിക്കും. നീർക്കെട്ടിനെ ശമിപ്പിക്കും. ശുക്രത്തെയും ആയുസ്സിനേയും വർദ്ധിപ്പിക്കും. ശുക്രമേഹം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും.

"ബീജഃ ഗോക്ഷുരകഃ ശീതഃ
മൂത്രളഃ ശോഫവാരണഃ;
വൃഷ്യോ വയസ്യഃ ശുക്രാ-
മേഹഘ്നൻ കൃച്ഛ്രനാശനഃ."

എന്നു ഭാവപ്രകാശവും. ഞെരിഞ്ഞിൽ കഷായരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു. സ്രോതസ്സുകൾക്കു ശുദ്ധിയെ ഉണ്ടാക്കും. വാതത്തെ ശമിപ്പിക്കും. ശുക്രത്തെ വർദ്ധിപ്പിക്കും.

"ക്ഷാരസ്സു ഗോക്ഷുരാണാം തു
മധുരഃ ശീതളോ മതഃ;
സ്രോതോവിശോധനശ്ചൈവ
വാതഘ്നോ വൃഷ്യ ഏവച."

എന്നു നിഘണ്ടുരത്നാകരം.)

വലിയദന്തി=വലിയ ദന്തി

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. രാജനിഘണ്ടുവിൽ ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർത്തുപറഞ്ഞിരിക്കുന്നു. ഗുണങ്ങൾകൊണ്ടു ചെറിയ ദന്തിയോടു തുല്യമാകുന്നു. അമദോഷം, വീക്കം, ചൊറി, ശൂലം, വിഭാഗം, കൃമി, മേഹാ

ദീപനം, പാചനം, കഫം, പിത്തം, രക്തദോഷം, അശ്മരി, പ്ലീഹ; ആനാഹം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ ദീപിപ്പിക്കും. മലരോധനമുണ്ടാക്കും. നീക്കിട്ടുനെ ശമിപ്പിക്കും.)

വലിയ നാഗകപ്പുല്ല്=വലിയ നാഗകപ്പുല്ല്.

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾ കൊണ്ടു നാഗകപ്പുല്ലിനു തുല്യമാകുന്നു. വിശേഷാൽ ത്രിദോഷപീഡയേയും കൃമിരോഗങ്ങളേയും, വിഷത്തേയും, വ്രണത്തേയും, ക്ഷതത്തേയും ശമിപ്പിക്കും.

"ദീപനം പാചനം തിക്തം
കഫപിത്തം കൃമിപ്രണം
ത്രിദോഷവിഷവ്രണം ച
വ്രണക്ഷതവിരോപണം."

എന്ന ശാലിഗ്രാമനിഘണ്ടു.)

വലിയ നീർപ്പീര=വലിയനീർപ്പീര

(ഇതു് വൃക്ഷകുപവർഗ്ഗത്തിൽ ചേർന്ന വല്ലരിശാകമാകുന്നു. ജരാവ്യാധിയെ ശമിപ്പിക്കും. മലബന്ധത്തെ ഉണ്ടാക്കും. ഗുന്മം, ശൂലം, മഹോദരം, ആഗ്നാദ്, വിഷം ഇവയെ ശമിപ്പിക്കും.)

വലിയ നീർമുത്തങ്ങ=വലിയനീർമുത്തങ്ങ

(ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. ഗുണങ്ങൾ കൊണ്ടു നീർമുത്തങ്ങയ്ക്കു തുല്യമാകുന്നു.

"പ്രമേഹകുടപ്രയം ശീതം
മധുരം തുവരം ഗുരു;
പിത്തശോണിതദാഹഘ്നം
നയനാമയനാശനം;
ഗ്രാഹിഗുക്രാനിലശ്ലേഷ്മ
രുചിസ്തന്യകരം സ്മൃതം."

എന്ന ഭാവപ്രകാശം.)

വലിയ വടവലം=വലിയ വടവലം

(ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതിന്റെ കായ് കടുക്ക് വളരെ നീളമുണ്ടായിരിക്കും. ഇതു് അധികവും താണഭൂമികളിലാണു കൃഷിചെയ്യാറുള്ളതു്. കറി സാമാനങ്ങൾക്കു് സാധാരണ ഉപയോഗിക്കുന്ന വടവലത്തിന്റെ കായ് ഇതുതന്നെയാണു്. ഫലശാകങ്ങളിൽവെച്ചു് ഏറ്റവും പത്ഥ്യമായിട്ടുള്ളതാകുന്നു.

"പാടോലാ ഫലശാകേഷ്വം
പത്ഥ്യം"

എന്നു പ്രമാണമുണ്ടു്. വാതപിത്തങ്ങളേയും ജ്വരത്തേയും കൃമിയേയും ശമിപ്പിക്കും. ബലത്തേയും ജംരാഗ്നിയേയും വർദ്ധിപ്പിക്കും. ഹൃദയത്തിനു പ്രസാദത്തേയുംവായ്ക്കു് രുചിയേയും ശരീരത്തിനു പുഷ്ടിയേയുംഉണ്ടാക്കും. ക്ഷയരോഗികൾക്കു വളരെ നല്ലതാകുന്നു.

"വാതനം പാചനം ഹൃദ്യം
വൃഷ്യം വഹ്നികരം ലഘു
ദീപനം സ്നിഗ്ദ്ധാമുഷ്ണം ച
കാസരക്തത്രിദോഷഹം;
കൃമിജിന്മധുരം പ്രോക്തം
വൈദ്യൈർദ്ധീമദ്ഭിർവിചക്ഷണൈഃ."

എന്ന നിഘണ്ടുരത്നാകരം. വലിയ വടവലത്തിനു കറിപ്പടവലം, പാണ്ടിപ്പടവലം എന്നെല്ലാം പേരുപറയും.)

വലിയ പലകപ്പയ്യാനി=വലിയപലകപ്പയ്യാനി.

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. പലകപ്പയ്യാനിയുടെ എല്ലാ ഗുണങ്ങളും ഇതിനും ഉണ്ടായിരിക്കും.

"ശോണാകയുഗളം തിക്തം
ശീതളം ച ത്രിദോഷജിൽ;

പിത്തശ്ലേഷ്മാതിസാരഘ്നം
സന്നിപാതജ്വരാപഹം."

എന്ന രാജനിഘണ്ടു.)

വലിയ മലങ്കാര=വലിയ മലങ്കാര

(വലിയ മലങ്കാര ആരണ്യകവർഗ്ഗത്തിൽ ചേർന്ന ഔഷധദ്രവ്യമാകുന്നു. ഇതു് മുള്ളുള്ളൊരുമാതിരിവൃക്ഷമാകുന്നു. കറുത്തും വെളുത്തും മഞ്ഞനിറത്തിലും കായുള്ളതായിട്ടു് രണ്ടു മൂന്നു തരമുണ്ടു്. ഗുണങ്ങൾകൊണ്ടു മലങ്കാരയ്ക്കു തുല്യമാകുന്നു. കഫദോഷത്തെയും പൈത്തദോഷത്തെയും ശമിപ്പിക്കും. ആമാശയത്തിലും പക്വാശയത്തിലും ഉള്ള ദോഷങ്ങളെ ബഹിഷ്കരിച്ചു് ഇളക്കിപ്പുറത്താക്കും. ശീതവീര്യത്തോടുകൂടിയതാകുന്നു.

വലിയ മലയകത്തി=വലിയ മലയകത്തി.

(വലിയ മലയകത്തി ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്പദ്രവ്യമാകുന്നു. മലയകത്തിയുടെ കൂടിയ ഗുണങ്ങളോടുകൂടിയതായിരിക്കും. ഇതിന്റെ പൂവു് ചുവപ്പോടും സൌരഭ്യത്തോടും ഓടിയിൽ അല്പം വെള്ളനിറത്തോടുകൂടിയതും മലയകത്തിയുടെ പൂവിനേക്കാൾ അല്പം വലിപ്പം ഉള്ളതും ആകുന്നു.

"കാഞ്ചനാരോ ഹിമോ ഗ്രാഹീ
ത്രയരാ ശ്ലേഷ്മപിത്തനുൽ;
കൃമികുഷ്ഠഗുദഭ്രംശ
ഗണ്ഡമാലാവ്രണാപഹഃ"

എന്ന ഭാവപ്രകാശനിഘണ്ടു.)

വലിയമുന്തിരി=വലിയമുന്തിരി.

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വലുതും, ചെറുതും, അരി ഇല്ലാത്തതും ഇങ്ങനെ മുന്തിരി പലജാതിയിലുണ്ടു്. വലിയമുന്തിരിയുടെ പഴത്തകായ് വാതം, പിത്തം, വാതരക്തം, രക്തദോഷം, ജ്വരം, കാസം, ശ്വാസം, ക്ഷതം, ക്ഷയം, തണ്ണീർദാഹം, ചുട്ടനീറൽ, മൂർച്ഛ, ശരീരശോഷം, മദാത്യയം, കാമല മുതലായവയെ ശമിപ്പിക്കും. കണ്ണിനു് വളരെ നല്ലതാകുന്നു. മലബന്ധത്തെയും മൂത്രബന്ധത്തെയുമുണ്ടാക്കും. ധാതുപുഷ്ടിയെയുണ്ടാക്കുന്നു. സ്വരത്തെ നന്നാക്കും. ഹൃദയപ്രസാദത്തെ ഉണ്ടാക്കും. കോഷ്ഠത്തിങ്കൽ വായുവിന്റെ ഗതിയെ വർദ്ധിപ്പിക്കും. ഇളയ കായ് പിത്തരക്തങ്ങളെ കോപിപ്പിക്കും. പക്വതി വിളഞ്ഞ കായ് വിശേഷിച്ചു പിത്തത്തെയും രക്തദോഷത്തെയും ഉണ്ടാക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. മലത്തെ ഇളക്കും.

"ദ്രാക്ഷാ തു മധുരാസ്നിഗ്ധാ
വൃഷ്യാ ശീതാനുലോമനീ;
വാതാനുലോമനിസ്സൃഷ്ടാ
വാതഘ്നീ ശ്രമനാശിനീ;
ദാഹമൂർഛാരോചകാസ-
കഫപിത്തജ്വരാപഹാ;
രക്തദോഷം ത്വജാം വാതാ
പിത്തം ചൈവ വിനാശയേത്;
തിക്താകാഞ്ച മുഖന്യാപി
നാശയേദിതി കീർത്തിതാ."

എന്ന ശാലിഗ്രാമനിഘണ്ടു.

"ദ്രാക്ഷാ തു മധുരാസ്നിഗ്ധാ
വൃഷ്യാ ശീതാനുലോമനീ,
ബല്യാ വൃഷ്യാ ക്ഷതക്ഷീണ-
ത്വഷ്ണാവാതാസ്രപിത്തജിത്."

എന്ന രാജവല്ലഭം.)

വലിയമുള്ളങ്കി=വലിയമുള്ളങ്കി.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. ഇതിന്റെകിഴങ്ങു വെളുത്ത നിറവും നീളവും വണ്ണവുമുള്ളതാകുന്നു. ഇതു് ഗുണങ്ങൾകൊണ്ടു് മുള്ളങ്കിക്കു സമമാകുന്നു ജാരാഗ്നിയെ വർദ്ധിപ്പിക്കും. വാതകഫങ്ങളേയും കൃമിയേയും ഗുന്മത്തെയും

ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ബന്ധിക്കും.

"ചണകൃമികഫ ശോഷ്ണം
കടുകം രുച്യഗ്നിപവനം;
കഫവാതകൃമിൻ ഹന്യാ
ന്നാരയേത് ഗ്രാഹകം ഹരേ."

എന്ന രാജനിഘണ്ടു.)

വലിയ രാജഗിര=വലിയ രാജഗിര.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. രാജഗിരയുടെ ഗുണങ്ങളെല്ലാം ഇതിനുമുണ്ടായിരിക്കും. പിത്തത്തെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തിനു് കായാവൃത്തത്തും. ഉറക്കത്തെയും ആലസ്യത്തെയും ഉണ്ടാക്കും. പഥ്യമായിരിക്കും.)

വലിയ ലന്ത=വലിയ ലന്ത.

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിനു് ലന്തയുടെ ഗുണങ്ങളെല്ലാമുണ്ടായിരിക്കും. ഇതിന്റെ പഴുത്ത കായു് കഫത്തെയും ശുക്രത്തെയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. മലശോധനമെ ഉണ്ടാക്കും. വാതം. പിത്തം, ക്ഷതം, ക്ഷയം, ശ്രമം, രക്തദോഷം, ചുട്ടനീർ, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും പച്ചക്കായു് പഴുത്ത കായെക്കാൾ ഗുണം കുറഞ്ഞും മധുരരസത്തോടുകൂടിയതുമാകുന്നു.

"രാജബദര സുമധുരശീതലോ
ദാഹഹൃത്തി പിത്തവാതഹരഃ;
വൃഷ്യശ്ച വീര്യവർദ്ധനഃ
കുരുതേശോഷം ശ്രമം ഹരതേ"

എന്ന ശാലിഗ്രാമനിഘണ്ടു.)

വലിയ മാൻ=വലിയവയും കൂത്തമുൻകാലുകളുമുള്ള മാൻ

ഇതിന്റെ മാംസം വിലേശയവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഗുണങ്ങൾകൊണ്ടു് പുള്ളിയും പിടരിയിൽ ചാരനിറവുമുള്ള കളക്കിഴുത്തിന്റെ മാംസത്തോടു തുല്യമാകുന്നു)

വലിയ വശളച്ചീര=വലിയ വശളച്ചീര.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. വശളവേറെയും ഒന്നരണ്ടു തരമുണ്ടു്. മിക്കവാറും ഗുണങ്ങൾകൊണ്ടു് എല്ലാം തുല്യംതന്നെ. ഇതു കഫത്തേയും ശുക്രത്തേയും മുലപ്പാലിനേയും ബലത്തേയും വർദ്ധിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ദോഷത്തെ കോപിപ്പിക്കുകയില്ല. ശരീരത്തെ തടിപ്പിക്കും. ഉറക്കത്തേയും ആലസ്യത്തേയും ഉണ്ടാക്കും. വാതം, പിത്തം, പ്രമേഹം, രക്തപിത്തം. തീപ്പൊള്ളൽ, വിഷം ഇവയെ ശമിപ്പിക്കും. വിഷ്ടംഭിയായിരിക്കും.

"പോടകീ ശീതളാ സ്നിഗ്ധാ
ശ്ലേഷ്മളാ വാതപിത്തനുൽ;
അകണ്ഠ്യാ പിച്ഛിലാ നിദ്രാ
ശുക്രദാ രക്തപിത്തനുൽ;
ബലദാ രുചികൃൽ പഥ്യാ
ബ്രാഹ്മണീ ഉപ്ചികാരിണീ."

എന്ന ഭാവപ്രകാശനിഘണ്ടു).

വലിയവാലുഴവം=വലിയവാലുഴവം

(ഇതു് പീരുടവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. ഇതിന്റെ ഇല വൃത്തവും അഗ്രം അല്പം നീണ്ടതും അരുകിൽ അറ്റപ്പുഴുവാളിന്റെ പല്ലുകൾപോലെ കൊത്തുള്ളതുമാകുന്നു. ഇതിന്റെ ഓരോ കുലകളിലും ചെറിയചെറിയ വളരെ കായുകൾ ഉണ്ടാകും. അവ പച്ചയായിരിക്കുമ്പോൾ നീലനിറവും പഴുത്താൽ മഞ്ഞനിറവുമായിരിക്കും. അരി ചു

വന്നതും മഞ്ഞനിറമുള്ളതുമാകുന്നു. വാതം, കഫം, വ്രണം, പാണ്ഡു, വിസർപ്പം, ഉദരപീഡ ഇവയെ ശമിപ്പിക്കും. ഗുണങ്ങൾകൊണ്ട് ചെറുപുന്നയ്ക്കു തുല്യമാകുന്നു.

"ജ്യോതിഷ്മതീ തു കടുകാ
തിക്താ ചാഗ്നിപ്രദീപിനീ;
അത്യുഷ്ണാ ദാഹകാ മേദ്യാ
പ്രജ്ഞാപുഷ്ടികരീ മതാ;
വൃഷ്യാ വാന്തികരീ തീക്ഷ്ണാ
വർണ്ണ്യാ ച തുവരാ മതാ;
ഉദരപ്ലീഹരോൽ പീഡാം
വ്രണപാണ്ഡുവിസർപ്പഹാ"

എന്നു ഗുണനിഘണ്ടു.)

വലിയവേപ്പ്=വലിയവേപ്പ്.

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. ഈ വൃക്ഷം വേപ്പുപോലെതന്നെ കുറെക്കൂടിയുള്ളതുന്നതും ഇല അല്പം വലുതും പൂവു് അല്പം നീലനിറമുള്ളതും കായു് നീണ്ടതുമായിരിക്കും. കഫം, പിത്തം, കൃമി, ചൊറി, കുഷ്ഠം, നെഞ്ചുകലിപ്പു, രക്തവികാരം, വ്രണം, വിഷമജ്വരം, ഹൃദയവേദന, പ്രമേഹം, വിഷൂചിക, മൂഷികവിഷം, ഗുല്മം, ശീതപിത്തം, കോഷ്ഠരോഗം, അർശോരോഗം, ഏക്കം, ഇവയെ ശമിപ്പിക്കും. ശീതവീര്യത്തോടും രൂക്ഷഗുണത്തോടും കൈപ്പു, എരിവു, കവർപ്പു ഈ രസങ്ങളോടും കൂടിയതാകുന്നു. മലബന്ധത്തെ ഉണ്ടാക്കും.

"മഹാനിംബോ മഹിമോ രൂക്ഷ-
സ്തിക്തോ ഗ്രാഹീ കഷായകഃ
കഫപിത്തകൃമിച്ഛർദ്ദി-
കുഷ്ഠഹല്ലാസരക്തജിൽ"

എന്നു ധന്വന്തരിനിഘണ്ടു.)

വലിയവെള്ളരി=വലിയ വെള്ളരി

(ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. ഇതിന്റെ പഴുത്ത കായു് ദാഹാഗ്നിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. "പക്വാരുകംപിത്തകരം സുശീതളം
മൂത്രാമയഘ്നം മധുരം രുചിപ്രദം;
സന്താപമൂർച്ഛാപഹരം ച തുച്ഛിദം
വാതപ്രകോപായഫലന്ത്വദുസ-
മ്പന്നം."

എന്നു രാജനിഘണ്ടു.)

വലിയവെള്ളുള്ളി=വലിയവെളുത്തുള്ളി

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. അല്പം വെളുത്തും പച്ചനിറമായും രണ്ടു തരമുണ്ടു്. പിത്തം, കഫം, തൊണ്ടവേദന ഇവയെ ശമിപ്പിക്കും. ജാഠരാഗ്നിയെ ദീപിപ്പിക്കും. ഉറക്കത്തെ അധികമായുണ്ടാക്കും. രുചിപ്രദമാകുന്നു. ശരീരത്തെ അധികമായി തടിപ്പിക്കും. വെള്ളുള്ളിയുടെ മിക്കവാറുമുള്ള ഗുണങ്ങളോടു കൂടിയതാകുന്നു.

"വക്ഷ്യതേ ഗ്രപലാണ്ഡു ലക്ഷണം
ക്ഷാരതീക്ഷ്ണമധുരോരുചിപ്രദഃ;
കണ്ഠരോഷശമനോതിദീപനഃ
ശ്ലേഷ്മപിത്തശമനോതിമ്ലോഷ്ണഃ."

എന്നു നിഘണ്ടു രത്നാകരം.)

വലിയവേഴൽ=വലിയവേഴൽ.

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. വേഴലിനേക്കാൾഗുണം കൂടിയിരിക്കും. രസപ്രയോഗത്തി

ങ്ങു നടുന്നതാകുന്നു. ഇപ്രകാരത്തിലും ഈ രോഗത്തിനു വർദ്ധിപ്പിക്കാം. കഫം, പിത്തം, രക്തദോഷം, ചുട്ടുനീറൽ എന്നിവയെ ശമിപ്പിക്കുന്നു. യോനിരോഗം, ഗുഹ്യരോഗം, ഗുദരോഗം വിസർപ്പം ഇവയെ ശമിപ്പിക്കും.)

വലിയശതാവരി=വലിയ ശതാവരി

(ഇത് ചെടിക്കുപവർഗ്ഗത്തിൽ ചേർന്ന ഉപദ്രവമുണ്ടാകുന്ന ഇതിന്റെ തണ്ടിന്മേൽ മുള്ളിന്റെ മുന മേല്പോട്ടിരിക്കും. രോഗത്തിനുള്ള ഔഷധമാകുന്നു. ഇപ്രകാരത്തിലുള്ളതാകുന്നു. ഔഷധപ്രയോഗത്തെ വരുത്തുന്നു. ബുദ്ധിയെ വർദ്ധിപ്പിക്കും. ശതാവരിയുടെ ഗുണങ്ങളെപ്പറ്റി ധന്വന്തരീയനിഘണ്ടുവിൽ ഗ്രഹണി, മാന്ദ്യം ഇവയെ ശമിപ്പിക്കും.

"മഹാശതാവരീ ഗുർവ്വീ
മധുരാ ചാഗ്നിപിത്തവിനുത്;
ഗുരുഗ്രഹണീരോഗാ-
നന്തരോഗവിനാശിനീ;
ഗുണാന്യൂനാന്യധികേതരയോ-
ഃപയസാ സമാനി ഗുണൈഃ."

എന്നു നിഘണ്ടുകാരൻ.

വലിവാകം=കരുങ്ങ്

വലിവർദ്ദം=കാള

വല്ക്കം=മുയന്ന പാമ്പിൻതോൽ

വല്ക്കതരു=കുറുങ്ങ്

വല്ക്കദ്രുമം=ഇത്തിമരം

വല്ക്കപത്രം=ഇരുതപ്പന

വല്ക്കഫലം=താളിമാതളം

വല്ക്കലം=വലിയവാളുഴവം; വെളുത്ത കല്ലുർവഞ്ചി

വല്ക്കലം=ഇലവങ്ങം

വല്ക്കലോമ്പ്രം=മുയന്നപാമ്പിൻതോൽ

വല്ഗു=ആട്ട്

വല്ഗുകം=ചന്ദനം

വല്ഗുവൃതം=മഞ്ഞട്ടുപുയ്യു

വല്ഗുള-മലമുഴുഞ്ഞു; കാർകോകി

വല്ഗുലി=മലമുഴുഞ്ഞു

വല്ഭീകശീർഷം=സ്രോതോഞ്ജനം

വല്ഭീകസംഭവം=നിലച്ചുര

വല്ലം=ചെറിയ അമര

വല്ലകി=ഇരുതിൽ

വല്ലത്രം=തൊഴൽ

വല്ലരം=കാരകിൽ

വല്ലരി=ഉലുവ

വല്ലി=കൈവത്തികാവള്ളി; അയമോദകം; ചെവ്വിയം

വല്ലിഗൃഹം=മുളകു

വല്ലീകരിക്കുക=വള്ളിക്കുക

വല്ലിസുരണം=വെറ്റിലപ്പുളി

വല്ലുകം=മുളകു

വല്ലീകരിക്കുക=വള്ളിക്കുക

വല്ലീകണ്ടകാരികം=ചെറിയ കണ്ടകാരിച്ചുണ്ട

വല്ലീനടരി=ചെറിയ ലന്ത

വല്ലിമുദ്ഗം=മങ്കുട്ടപ്പയറു

വല്ലിവൃക്ഷം=മരുതു

വല്ലൂരം=പന്നി; മാംസം

വല്ലൂ=നെല്ലി

വല്ലൂവണം=ബല്ബജതൃണം

വല്ഹീകം=ചെരുകായം

വശം=പിടിയാന; പശു

വശി=കടലുപ്പു; ആത്തിത്തിപ്പലി

വശിരം=ചെറിയ കടലാടി; വലിയ കടലാടി; ചെവ്വിയം; കടലുപ്പു; ആത്തിത്തിപ്പലി

വശീരം=ആനതിത്തിപ്പലി

വശ്യം=വിഷ്ണുക്രാന്തി

വശ്യം=ഇലവങ്ങപ്പൂവു

വസ=മാഞ്ചി; മുരാമാഞ്ചി; മാംസരോഹിണി

വസം=താർത്താവൽ

വസതി=മഞ്ഞൾ
വസനം=പച്ചില
വസന്തം=വസന്തർതു
വസന്തർതു=വസന്തർതു

(ഇതു് കാളം. മീനം ഇവ മാസങ്ങൾ രണ്ടും ചേർന്ന കാലമാകുന്നു. വാതാദികോപം ഉണ്ടാകും. ബലത്തെ അല്പമായി വർദ്ധിപ്പിക്കും.)

വസന്തകം=പലകപ്പയ്യാനി; വലിയ പലകപ്പയ്യാനി
വസന്തകുസുമം=നാഗവരി
വസന്തജ=വെളുത്ത വലിയ പിച്ച
വസന്തദൂതം=മാവു്; കയിൽ [കാ
വസന്തദൂതി=മാതകി; ഗണികാരി; കയിൽപ്പൂച്ച; പാതിരി; വെളുത്ത വലിയ പിച്ചകം
വസന്തർതു=മാവു്
വസന്തപാദപം=മാവു്
വസന്തപുഷ്പം=പൊടിക്കടമ്പു്
വസന്തമണ്ഡനം=സിന്ദൂരം
വസന്തവൃക്ഷം=മാവു്
വസന്തശ്യാം=ചീനക്കുന്നി
വസി=നീർച്ചല
വസിരാ=മാത്തിരുത്തിപ്പൂച്ചി
വസു=ചപ്പിലിമരം; കൊങ്ങിണിമരം; മഹാമേദ; താർത്താപ്പ; വൃദ്ധി; കൊടുവേലി; ചീനപ്പച്ച; സ്വർണ്ണം; പൊടിയുപ്പു്
വസുകം=കൊക്കുമന്താരം; കാരകിൽ; വെള്ളെരിക്കു്; കുവന്നപ്പൂവുള്ള എരിക്കു്; കുവന്നപ്പൂവുള്ള മന്താരം
വസുച്ഛദ=മഹാമേദ
വസുധാഖർജ്ജൂരിക=ചെറിയ ഈത്ത
വസുരത്നം=മാണിക്യം
വസുവൃക്ഷം=അത്തിയാലു്
വസുശ്രേഷ്ഠം=വെള്ളി
വസുഹട്ടം=കൊക്കുമന്താരം

വസുകം=പൊടിയുപ്പു്
വസുജം=വെള്ളി
വസ്തം=തുട്ടു്
വസ്തകം=പൊടിയുപ്പു്
വസ്ത്രകർണ്ണ=പുരുത്തു്
വസ്ത്രഗന്ധ=അട്ടിനാറിവേള
വസ്ത്രമാല=നായ്മാടികം
വസ്ത്രകം=ചീര
വസ്ത്രകി=ചുവന്ന ചൊറിയവാസ്തുകം
വസ്ത്രപുഷ്പി=ചപ്പിലി
വസ്ത്രശ്രേണം=ചുലി
വസ്ത്രവർദ്ധനം=പൂടകുരുക്കം
വസ്ത്രാഞ്ജന=മഞ്ഞട്ടി
വസ്ത്രാഞ്ജനം=നാകരുണ്ടം
വസ്ത്രാരാഗ=നൈകവത്തികാവള്ളി
വസ്ത്രാരുണി=മഞ്ഞട്ടി
വസ്ത്രാരുഷ്കർ=പുഷ്പകാസീസം
വസ്ത്രാഹ്വ=പച്ചില
വഹ=നദി
വഹത്ര=കാള
വഹനി=പള്ള
വഹല=ശതകുപ്പ; പേരേലം
വഹാലഗന്ധ=കിരാതച്ചന്ദനം
വഹാലചക്ഷു=അട്ടിക്കൊട്ടപ്പാല
വഹാലതാലം=മുയൽനപാച്ചൊറി
വഹിത്ര=കാള
വഹൈഡകം=താന്നി
വഹ്നി=കൊടുവേലി; ചേരുമരം; വടുകപ്പാളിനാരകം
വഹ്നികരി=താതിരി
വഹ്നികാഷ്ഠം=എണ്ണയകിൽ
വഹ്നിഗർഭ=യന്നി
വഹ്നിഗർഭം=മുള
വഹ്നിജ്വാല=താതിരി; മേൽത്തൊന്നി
വഹ്നിമേനി=ചെറിയ കണ്ടകോവിപ്പു
വഹ്നിശിഖിക=ആനമോടകം [ണ്ട
വഹ്നിനാമ=കൊടുവേലി
വഹ്നിനി=മാഞ്ചി
വഹ്നിപുഷ്പി=താതിരി

വഹ്നിഫല=ഇലിയവാലുഴവം
വഹ്നിബീജം=വട്ടകപ്പൂളിനാരകം; സപ്ലാം
വഹ്നിഭോജ്യം=നെയ്യ്
വഹ്നിമന്ഥം=മുഞ്ഞ
വഹ്നിമുഖി=മേതോന്നി
വഹ്നിരുചി=ചെറുചുന്ന
വഹ്നിരേതസ്സ്=സപ്ലാം
വഹ്നിലോഥകം=വെള്ളോട്ട്
വഹ്നിവക്ത്രം=മേതോന്നി
വഹ്നിവല്ലം=ചുവന്ന ആമ്പൽ
വഹ്നിവല്ലഭം=ചെഞ്ചല്യം
വഹ്നിവീജം=വട്ടകപ്പൂളിനാരകം; ജീരകം
വഹ്നിശിഖ=ഞാഴൽ; ഓത്തിത്തിപ്പലി; താതിരി; മേതോന്നി
വഹ്നിശിഖം=കുങ്കുമം
വഹ്നിസഖം=ജീരകം
വഹ്നിസംജ്ഞകം=കൊടുവേലി
വളരെകായുള്ള ചെറുവഴുതിന=വളരെകായുള്ള ചെറുവഴുതിന.

(ഇതു് പൃഥക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫാല്പദ്രവ്യമാകുന്നു. ചെറുവഴുതിന പലതരത്തിലുണ്ടു്. ഇതു് അവയിൽ ഉൾപ്പെട്ടതു തന്നെ. ഇതിനു് കായ്കഠം ധാരാളമുണ്ടായിരിക്കും. ഗുണങ്ങളും മിക്കവാറും ചെറുവഴുതിനയുടേതു് തന്നെ.

"അന്യാ ബൃഹതികാ തിക്താ
കടപീ ചോല്ലാ ച പിത്തളാ;
രൂക്ഷാ രുച്യാ ഭേദികാ ച
പാചിന്യഗ്നിപ്രദീപനീ;
കഫവാതഹരാ പ്രോക്താ
പൂയക്രൈമ്യനിഷ്പിഡിനീ"

എന്ന നിഘണ്ടുരത്നാകരം.)

വളഷ്ടം=മുത്തു്
വള്ളിഎരട്ടിമധുരം=വള്ളിഎരട്ടിമധുരം.

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. വെള്ളത്തിലും കരയിലും ഉണ്ടാകുന്നതായി ഇതു രണ്ടുതരമുണ്ടു്. "സ്ഥലജാ ജലജാ ചേതി ദ്വിധാ വൃഷ്യാ" എന്നിങ്ങനെയുള്ള നൃസിംഹവചനം നോക്കുക. ഇതു് സാധാരണ എരട്ടിമധുരത്തെക്കാൾ കനം കുറഞ്ഞതാണു്. അതുകൊണ്ടാണിരിക്കാം ഇതു് വള്ളി എരട്ടിമധുരാ എന്നു് പറയുന്നതു്. എരട്ടിമധുരത്തിന്റെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. മധുരരസത്തോടും വളരെ തണുപ്പോടും കൂടിയതാകുന്നു. പിത്തത്തെയും ശോഷത്തെയും തണ്ണീർദാഹത്തെയും വ്രണത്തെയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു് നല്ലതാകുന്നു.

"മധുരം യഷ്ടിമധുകം
കിഞ്ചിത്തിക്തം ച ശീതളം,
ചക്ഷുഷ്യം പിത്തഹൃച്ചൈവ
ശോഷത്വഷ്ണവ്രണാപഹം"

എന്ന രാജനിഘണ്ടു).

വള്ളിക്കുക=വള്ളിക്കുക.

(ഇതു് അരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തഹല്പദ്രവ്യമാകുന്നു. കഫപിത്തങ്ങളേയും തണ്ണീർദാഹത്തേയും ഛർദ്ദിയേയും ശമിപ്പിക്കും.)

വള്ളിമുല്ല=വള്ളിമുല്ല.

(വള്ളിമുല്ല ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുല്ല പലതരത്തിലുണ്ടു്. വള്ളിമുല്ലയും അതിൽ ഉൾപ്പെട്ടതാകുന്നു. വാതം, പിത്തം, മുഖരോഗം, നേത്രരോഗം, കൃമി, കുഷ്ഠം, ഹൃദ്രോഗം, അരുചി, അശ്മരി, വ്രണം, ചൊറി, വിസ്ഫോടം, രക്തദോഷം, വിഷം ഇവയെ ശമിപ്പിക്കും. ജ്വരത്തെ വർദ്ധിപ്പിക്കും. മൂത്രവീര്യത്തേയും ലഘുത്വ

ത്തോടും, കഷ്യം, എരിവു ഈ രസങ്ങളോടും കൂടിയതാകുന്നു.

"മല്ലികോഷ്ണാ ലഘുർവ്വിഷ്യാ
തിക്താ ച കടുകാ ഹരേൽ;
വാതപിത്താസൃദ്ഗ്രാധി
കഷ്ണാരുചിവിഷപ്രണാൻ."

എന്നു ശാലിഗ്രാമനിഘണ്ടു.)

വാ

വാംഗി=ക്ലവന്തു

വാകച്ചിമ്പു=പാകച്ചിമ്പു.

(ഇതു് ശാകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. പിത്തത്തേയും സർവ്വാംഗസന്താപത്തേയും ശ്രമത്തേയും ശമിപ്പിക്കും. ഇക്രത്തേയും ബലത്തേയും വർദ്ധിപ്പിക്കും. ശരീരത്തിനു് പുഷ്ടിയെ ഉണ്ടാക്കും. ശീതവീര്യത്തോടും മധുരം, അമ്ലം എന്നീ രസങ്ങളോടും ഗുരുത്വത്തോടും കൂടിയതാകുന്നു.

"രക്തപിണ്ഡാലുകശ്ലീരോ
മധുരാമ്ലശ്രമാപഹാ
പിത്തദാഹാപഹോ വൃഷ്യോ
ബലപുഷ്ടികരോ ഗുരു"

എന്നു രാജനിഘണ്ടു.)

വാകുവി=കാർകോകിൽ

വാകുചി=കാർകോകിൽ

വാക്പ്രദ=സരസ്വതി

വാഗരം=ചെന്നായ്

വാഗ്ചി=കാർകോകിൽ

വാഗ്മി=തത്ത

വാജം=നെയ്യ്; വെള്ളം

വാജി=കുതിര; ആടലോടകം

വാജിഗന്ധ=അമുക്കിര,

വാജിദന്ത=ആടലോടകം

വാജിദന്തകം=ആടലോടകം

വാജിനി=പെൺകുതിര; അമുക്കിരം

വാജിപൃഷ്ഠം=വൻകുഞ്ഞി

വാജിപ്രിയ=മുതക്കു്

വാജിഭക്ഷ=കടല

വാജിഭോജന=ചെറുപയറു്

വാജിമന്ഥ=കടല

വാജികരി=അമുക്കിരം

വാടി=കുന്തോട്ടി

വാടിക=കറിക്കായം

വാട്യ=കുന്തോട്ടി; മഞ്ഞക്കുന്തോട്ടി

വാട്യപുഷ്പിക=ഉരകം

വാട്യായനി=മഞ്ഞക്കുന്തോട്ടി; ഉരകം

വാട്യാല(ക)=കുന്തോട്ടി

വാട്യാലി(ക)=കുന്തോട്ടി

വാടവേയം=കാള

വാണ=കുത്തചുവപ്പുള്ളമുരിങ്ങു; ഞ്ഞി

വാണം=കുത്തചുവപ്പുള്ളമുരിങ്ങു ഞ്ഞി; അമ്പോട്ടൽ

വാണനാമകാ=വിന്ധ്യൂരി

വാണി=സരസ്വതീനദി

വാണീരഥ=വഞ്ചി

വാതകി=തുവരപ്പയറു

വാതഘ്നി=മുരിങ്ങ; ശിഗ്രു; മുവ്വിള

വാതഘോഷ=പ്ലാശു

വാതപ്രമി=പെരുമാൻ

വാതഭഗ=പെരുമാൻ

വാതരക്തഘ്ന=കക്കരവള്ളി

വാതരംഗ=അയ്യാലു്

വാതരായണ=ചരളം

വാതവൈരി=വടാമ; മുവ്വിള

വാതഹരാ=പ്ലാശു

വാതളം=കടല

വാതാടം=പെരുമാൻ

വാതാദം=വടാമ

വാതാമോദ=കസ്തൂരി

വാതായനാ= കുതിര

വാതായുസ്സു=മാൻ

വാതാരി=കരിമരം; പൂതുമ്പായി; കറുശാണി; ചെറുതേക്കു്; ചേന; നൊച്ചി; വെളുത്തനൊച്ചി; ശതാവരി; വിഴാൽ; കരിങ്കോലം;

ചതുരക്കള്ളി; ചേരുമരം; ചൂയ
ന്നാവണക്കു്; വെളുത്താവണക്കു്
വാതി=കൂത്ത ചണാപയു്
വാതിംഗാ-രുക്കാരിവഴുതിന
വാതിങ്ഗണാ=തക്കാരിവഴുതിന
വാത്തുംകകോടി
വാതോദനകൊഴുപ്പ
വാദനീയം=തെല്ലിമ്മള
വാദിരകുരുപ്പുതത്തി
വാദിരാഗം=കാരയാലു്
വാദിലംകചിരട്ടിമുരുക്ക
വാദിമം=വടിമ
വാദ്യാച്ച-ത്തുയിരാപ്പുള്ള മസ്യം
വാദ്രീണനായാ=വാ മാൻ
വാന=കാട്ടുകിയാൻ
വാനപ്രസ്ഥം=പുള്ള; ഇരിപ്പ
വാനരാ=കരണ്ടു; കപ്പാലു
വാനരപുച്ചിയം=പുഴമൺപ്പാല
വാനരാലാതം=വാഴപ്പൂവാറ്റി
വാനരീ=നാവിക്കാരണ
വാനായുസ്സു=മാൻ
വാനിരാ വഞ്ചി; കൊട്ടം; തൊടുവ
വാനീരകാ-മുഞ്ഞപ്പുല്ല [ഞ്ചി
വാനീരു=കൊട്ടം
വാനേയം=കുഴിമുന്തിരി
വാന്തിപുത്=മലകാര
വാന്തിരോധനി=കരിഞ്ഞിനികം
വാപികം=കുളം
വാപീഫം=വെഴാമ്പൽപക്ഷി
വാപ്യാം=കൊട്ടം
വാപ്യുസംഭവകം=കൊട്ടാ
വാമം=ചീര
വാമനം=നാഴിഞ്ഞിൽ
വാമാപീഡന=ഉകമരാ
വാമാവർത്ത=ചുടപ്പു
വാമി=പെൺകുതിര
വായസാ=കാക്ക; കാരകിൽ; തിരു
വട്ടപ്പുശ

വായസാങ്ഗീകം=വലിയ കാക്ക
ത്തൊണ്ടി
വായസാനേി=ചെറിയ കാക്കത്തൊ
ണ്ടി; വലിയ വാലുഴവം
വായസാന്തകാ=ഉഴമൻ
വായസാരാതി=ഉഴമൻ
വായസാരി=മുള്ളു
വായസാഹ്വ=വലിയകാക്കത്തൊ
ണ്ടി; മണിത്തക്കാളി
വായസി=കാട്ടത്തി; വലിയ ഉഞ്ഞു്;
മണിത്തക്കാളി; കാകജംഘ; ചെ
റിയ കാക്കത്തൊണ്ടി; വലിയകാ
ക്കത്തൊണ്ടി; വലിയ വാലുഴവം
വായസേകക്ഷു(ക)ം= കുരുവിക്കരിമ്പു
വായസോളി=കാകോളി
വായസോളിക=കാകോളി
വായുഫലം=ആലിൻപഴം
വായുഭക്ഷം=പാമ്പു
വായുഭക്ഷ്യാ=പാമ്പു
വായുസഖം=കൊറ്റവാ
വാർ=വെള്ളം
വാരം=മുപ്പുചോമൻ
വാരകം=ഇരുവേലി
വാരിക=സമുദ്രം
വാരട=ഞൊന്നാപ്പുട
വാരണം=ആന
വാരണപുഷ=വാഴ
വാരണപുസ=വാഴ
വാരണവല്ലഭ=വാഴ
വാരണാശു=വാഴ
വാരല=ഞൊന്നാപ്പുട
വാരലീകം=ചെറുതുളസി
വാരവൃക്ഷം=വാഴ
വാരാന്നിധി=സമുദ്രം
വാരാഹം=വലിയ മലങ്കാര
വാരാഹകണ്ണി=അമുക്കുരം
വാരാഹപത്രി=അമുക്കുരം
വാരാഹവദന=മുതക്കു്

വാരാഹാംഗി=ചെറിയ ദന്തി
വാരാഹി=പന്നിക്കിഴങ്ങ്
വാരി=വെള്ളം; ഇരുവേലി
വാരികണ്ടകം=വൻകൊട്ട
വാരികണ്ണി=കടപ്പായൽ
വാരികർപ്പൂരം=വാളയെന്ന മത്സ്യം
വാരികുംഭം=വൻകൊട്ട
വാരികുംഭകം=വൻകൊട്ട
വാരിചതുരം=കടപ്പായൽ
വാരിചരം=മത്സ്യം
വാരിചാമരം=കരിമ്പായൽ
വാരിജം=കക്ക; താമര; ശംഖ്; മരക്കലയുപ്പ്; ഇലവങ്ഗപ്പൂവ്; ഔരസുവർണ്ണം
വാരിതസ്കരം=മുത്തങ്ങ
വാരിദം=മുത്തങ്ങ
വാരിദനാമകം=മുത്തങ്ങ
വാരിധരം=മുത്തങ്ങ
വാരിധി=സമുദ്രം
വാരിനിധി=സമുദ്രം
വാരിപർണ്ണികടപ്പായൽ
വാരിപാലികം=കടപ്പായൽ
വാരിപ്രഗ്നി=കടപ്പായൽ
വാരിപ്രസാദനം=തോരാമ്പരൽ
വാരിബദരം=നീർനെല്ലി
വാരിഭവം=സ്രോതോഞ്ജനം
വാരിമിസി=മുത്തങ്ങ
വാരിമൂലി=കടപ്പായൽ
വാരിരാശി=സമുദ്രം
വാരിരുഹം=താമര
വാരിവദനം=നീർനെല്ലി
വാരിവരം=പെരുക്കാവ്
വാരിവല്ലഭം=മുതക്കം
വാരിവല്ലി=വലിയ പാവൽ
വാരിവാട്=മുത്തങ്ങ
വാരിവാലകം=തയ്യ
വാരിവാഹം=മുത്തങ്ങ
വാരിശർക്കരം=ആലിപ്പഴം
വാരിശുക്തി=കക്ക
വാരിസംഭവം=താമര; കടൽപ്പുറ്റ്; ഇലവങ്ഗപ്പൂ; നീറുഗന്ധകം; സൌവീരാഞ്ജനം
വാരിസംഭൃതം=കടൽപ്പുറ്റ്
വാരീശം=സമുദ്രം
വാരുണം=വെള്ളം
വാരുണി=കരുണി; വാരുണിമത്സ്യം; മത്സ്യം; കരിങ്കുരുക; മീൻകണ്ണിക്കുക; ചെറിയ കാട്ടുവെള്ളരി
വാരുണീമത്സ്യം=വാരുണിമത്സ്യം.

(ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഉദരശൂലം, കഫം, ചർദ്ദി, സ്രോതോബന്ധം. ആധ്മാനം, പീനസം, ശ്വാസം, മൃത്യുക്ലേശം, ഹൃദ്രോഗം, ആർസ് ഇവയെ ശമിപ്പിക്കും. കഫത്തെ കോപിപ്പിക്കുമെന്ന പക്ഷാന്തരം. വിഷമജ്വരത്തെ ഉണ്ടാക്കും. ലഘുതരത്തായതിനാൽ ഗുണത്തോടുകൂടിയതാകുന്നു.

"പുനർന്നവാ ശിലാവിഷ്ണു-
വാരുണീ വിഹിതാ മതാ;
സംഹിതൈന്ദ്രാലഘുക്ഷീര-
രസൈസ്ത്ര്യാ സാപി വാരുണീ;
സുരാവച്ചാരുണീ ലഘ്വീ
പീനസാധ്മാനശൂലനുൽ."

എന്ന ശാലിഗ്രാമനിഘണ്ടു).
വാർഷ്ണം=താമര
വാർത്ത=തക്കാരിവഴുതിന
വാർത്തരം=വെള്ളം; അകിൽ
വാർത്താകം=തക്കാരിവഴുതിന
വാർത്താകി=തക്കാരിവഴുതിന; ചെറുവഴുതിന; കണ്ടകാരിച്ചുണ്ട
വാർത്താകു=തക്കാരിവഴുതിന
വാർത്തികം=കാട്ടുപുക്ഷി
വാർത്തികി=തക്കാരിവഴുതിന
വാർധി=സമുദ്രം

വാജ്രികഫാ=കടൽനുര
വാജ്രിഫേനം=കടൽനുര
വാതാരിഭവം=മരക്കലയുപ്പ്
വാതേയം=മരക്കലയുപ്പ്
വാർധ്രീണസം=വാർമാൻ
വാർധ്രീനസം=വാർമാൻ
വാർഭടം=മുതല
വാർമുകം=മുത്തങ്ങ
വാർവടീരം=വെള്ളാമ്പൽ
വാർശില=ആലിപ്പഴം
വാഷ്കികം=ത്രായമാണ
വാഷ്കികി=ത്രായമാണ; മഴമുല
വാലകം=ഇരുവേലി
വാലവായജം=വൈധൂപ്പ
വാലുകം=മാൻ
വാലില്ലാത്തമാൻ=വാലില്ലാത്തമാൻ

(ഇതിന്റെ മാംസം മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഗുണങ്ങൾകൊണ്ട് മാനിന്റെ മാംസത്തോടു തുല്യമാകുന്നു. വാലില്ലാത്തമാൻ വെളുത്തും കുറുത്തും നാനാവർണ്ണമായിട്ടും ഇങ്ങനെപലതരത്തിലുണ്ട്.
വാലു=വയൽവെള്ളരി
വാലുകം=മണൽ
വാലുകാ=വയൽവെള്ളരി; ഏലാവാ
വാലുകി=വയൽവെള്ളരി ലുകം
വാലുതടിച്ചുആട്ട്=വാലുതടിച്ചുആട്
(ഇതിന്റെ മാംസം ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. കോഴിയാട്ടിൻ മാംസത്തോടു തുല്യമെന്നു സുശ്രുതമതം. കഫത്തെയും പിത്തത്തെയും രക്തത്തെയും വർദ്ധിപ്പിക്കും. വാതത്തെ അല്പമായി ശമിപ്പിക്കും ഇതിനെ ആവിആട്ട് എന്നും പറയാറുണ്ട്.)
വാൽകോതമ്പു=വാൽകോതമ്പു.

(ഇതു ദോഷ്യവർഗ്ഗത്തിൽ ചേർന്ന ശുകധാന്യമാകുന്നു. ഗുണധാന്യവർഗ്ഗത്തിൽ ചേർന്നതെന്നു സുശ്രുതമതം. ഇതു് എല്ലാദേശങ്ങളിലുമുണ്ടാകുന്നു. കോതമ്പിനേക്കാൾ മാർഗ്ഗ്യം കുറഞ്ഞതും നീളമേറിയതും ഓമ്പില്ലാത്തതുമാകുന്നു.

"നിഷ്ത്തുകോ ദീഘ്രശോധ്യമ-
കച്ചിന്നാദ്രിമുഖാഭിധ"

എന്നു ഭാവപ്രകാശനിഘണ്ടു.

ഗുണങ്ങൾകൊണ്ടു് ചൊറിയ ഗോതമ്പിനോടു തുല്യമെന്നു മാത്രമല്ല, അതിനേക്കാൾ ലഘുവും പഥ്യവുമാകുന്നു.

"പഥ്യാ നാദ്രിമുഖീ ശീതാ
കഷായാ മധുരാ ലഘു"

എന്നു വാഗ്ഭടൻ.
നാദ്രിമുഖിശബ്ദത്താൽ വാൽകോതമ്പിനും പുറമേ നെരക്കാലി എന്നും ചില വ്യാഖ്യാനങ്ങളിൽ കാണുന്നു.)
വാൽഹ്രീകാ=കക്കിരി
വാവയ്യാ=ചെറുപ്പുളിയുസി
വാവൽ=വാവൽ.

(ഇതു പൃഥ്വവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. പിത്തകഫങ്ങളെ ശമിപ്പിക്കും. മൂത്രത്തടസ്സമുണ്ടാക്കും. മലത്തെ കുറയ്ക്കും.)
വാശ=ആടലോടകം
വാശകാ=ആടലോടകം
വാശികാ=ആടലോടകം
വാശിത=പിടിയാന
വാഷ്പം=ഇരുമ്പു
വാഷ്പകം=ചെറുചെഞ്ചീര
വാഷ്പി=കാറിക്കായും
വാഷ്പികാ=കാറിക്കായും
വാസ=ആടലോടകം
വാസം=ആടലോടകം; പച്ചില
വാസകാ=ആടലോടകം

വാസതേയി=മഞ്ഞൾ

വാസനി=പാതാളഗരുഡക്കൊടി

വാസന്തീയകം=കുങ്കുമം

വാസന്തം=ഒട്ടകം; മലകാര; മയിലെള്ള്; താന്നി; ചെറുപയറു; കുത്ത ചെറുപയറു; കയ്യൽ.

വാസന്തകം=താന്നി

വാസന്തി=തുശമുല്ല; കയ്യൽപേട; പാതിരി; കാട്ടൊഴി; ഗണികാരി; വെള്ളത്ത വലിയ പിച്ചകം; മാധവി

വാസവം=ഇലുപ്പ

വാസിക=ആടലോടകം

വാസിത=പിടിയാന

വാസിതി=പിടിയാന

വാസിനി=വെളുത്തചുവുള്ള കുഞ്ഞി

വാസുദേവം=കുതിര

വാസ്തോഷ്പതി=ശതാവരി

വാസ്തുര=പിടിയാന

വാസ്ത=ചീര

വാസ്തുകം=ചീര

വാസ്തുകാകാര=ചെഞ്ചീര

വാസ്തുകി=ചീര; മുഴുത്ത ചെറിയ വാസ്തുചീര

വാസ്തും=ഇരുമ്പ്

വാസ്പകം=ചെറുചെഞ്ചീര

വാസ്പി=കറിക്കായം

വാസ്പിക=കറിക്കായം

വാസ്പേയം=നാഗപ്പൂവ്

വാഹം=കാള; കുതിര

വാഹചിരം=പോത്ത്

വാഹശ്രേഷ്ഠം=കുതിര

വാഹവൈരി=പോത്ത്

വാഹസം=നീരാരൽ

വാഹിനി=നദി

വാഹിനീപതി=സമുദ്രം

വാഹ്യാരം=നായ്വരി

വാഹ്ലീ(ളീ)കം=പെരുങ്കായം; കുങ്കുമം

വാഹ്മാൻ=വാഹ്മാൻ.

(ഇതിന്റെ മാംസം മഹാമൃഗവർഗ്ഗത്തിൽചേർന്നതുപമാംസമാകുന്നു. കുലേചരവർഗ്ഗത്തിൽ ചേർന്ന അനുപമാംസമെന്നും പക്ഷാന്തരം. വാതത്തെ ശമിപ്പിക്കും. അല്പമായി കഫത്തേയും ശമിപ്പിക്കും. ആയുസ്സിനും ബലത്തിനും ശുക്രത്തിനും അഭിവൃദ്ധിയുണ്ടാക്കും. ശരീരത്തെ പുഷ്ടിപ്പെടുത്തും. മൂത്രത്തെ കുറയ്ക്കും. വാഹ്മാന കാണ്ടാമൃഗം എന്നും പേർ പറയാറുണ്ടെന്നു തോന്നുന്നു.)

വാളമീൻ=വാളമീൻ.

(ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്നാദേയ മത്സ്യമാകുന്നു. സാമുദ്രമായിട്ടും വാളമത്സ്യമുണ്ടു്. അതിനാൽ ഇതു് രണ്ടു ജാതിയിലുണ്ടെന്നു സിദ്ധമാകുന്നു. മത്സ്യസാമാന്യമായ ഗുണത്തോടുകൂടിയതുമാകുന്നു. മത്സ്യഗുണം നോക്കുക! ഇതിന്റെ ശുപാർശികളെപ്പറ്റി രാജനിഘണ്ടുവിൽ ഇപ്രകാരം പറയുന്നു:—

"നാതിസ്ഥൂലോ വൃത്തവക്ത്രോ
വിശല്ക്യോ.
ധനേഷ്ടനാൻശുക്ലശ്ലോടീഷ്ടകായഃ;
സന്ധ്യായാം വാ രാത്രിശേഷേ
ചരൻയട്ട
പ്രോക്തോ ബാലഃ പഥ്യബല്യഃ
സുവൃഷ്യഃ."

ഈ ലക്ഷണങ്ങൾ മുഴുവനും ആറു വാളയ്ക്കാണു് കാണുന്നതു്.)

വാഴ=വാഴ

(വാഴ ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് നാട്ടിൻ പുറങ്ങളിൽ പൂവൻ, കണ്ണൻ, ചിങ്ങൻ, പടറാറി, പാളയാൻ, തോടൻമുതലായ നാമങ്ങൾകൊണ്ടു പ്രസിദ്ധങ്ങളായിട്ടു പലതരത്തിൽ കാണുന്നുണ്ടു്. ഇവയെല്ലാം

ഗുണങ്ങളെ കൊടുക്കുന്നുവല്ലോ. ഇന്ന
ഇങ്ങനെ തന്നെയുള്ളവരെ ഉണ്ടാക്കുന്ന
ചിന്ന പോലെ വേണമെന്നു തന്നെ
ചിന്തിച്ചു. ഇതിനെ കൊണ്ടുള്ള ഗുണ
ങ്ങൾ പിന്നെയും മറ്റുള്ളവയെക്കാൾ
കൂടുതലായിരിക്കുന്നു.

"ചണ്ഡിപ്രമേഹാനിലകോപപിത്ത
കഫാമയാനാഹകൃമിപ്രണാശി
ബല്യം ച ദീപ്തിം ച കരോതി പക്വം
പിത്തം പ്രസാദ്യ മലനാശനേന
വിഷ്ടംഭി ഗുരു ദുർജ്ജരം ച
ഭിനത്തി ശുക്രം വിഷമാഹാരം
തൃഷ്ണാപഹം കാന്തിദം
ദീപ്താഗ്നേ സുഖദം കഫാമയകരം
സന്തർപ്പണം ദുർജ്ജരം."

എന്ന തന്ത്രാന്തരം.

പച്ചക്കായുടെ ഗുണങ്ങൾ —

സംഗ്രാഹ്യ പകം ച സുശീതളം ച
കാഷായകം വാതകഫം കരോതി;
വിഷ്ടംഭി ബല്യം ഗുരു ദുർജ്ജരം ച
തരുണ്യരം ഫലമേവമൈചേതൽ."

പകുതി വിളഞ്ഞ കായുടെ ഗുണ
ങ്ങൾ:—

"ഗുഡ്രുക്തപിത്താടിഗദപ്രമേഹാൻ
ഫലം കദല്യസ്യരുണം നിഹന്തി;
സംഗ്രാഹികം തിക്തകഷായരൂക്ഷം
രക്താതിസാരം ശമയേച്ചരാ ച."

വാഴപ്പിണ്ടി=വാഴപ്പിണ്ടി

(ഇതു ഭോജ്യവർഗ്ഗത്തിൽചേർന്നതാ
കുന്നു. ഗുണങ്ങൾ:—

"കദളീമോചകം ഹൃദ്യം
കഫഘ്നം കൃമിനാശനം;
ഗുഹ്യരോഗ്യഹരം ഹന്തി
ദീപനം വസ്തിശോധനം."

എന്ന രാജവല്ലഭം.)

വാഴപ്പൂവു=വാഴപ്പൂവു

ഗുണങ്ങൾ.—

"കദല്യാഃ കുസുമം സ്നിഗ്ധം
മധുരം തുവരം ഗുരു;
വാതപിത്താപഹരം ശീതം
രക്തപിത്താക്ഷയപ്രണുൽ."

വാഴക്കിഴങ്ങു=വാഴക്കിഴങ്ങു

വാഴക്കിഴങ്ങിന്റെ ഗുണങ്ങൾ:—

"ബല്യം കദല്യാഃ കന്ദം സ്യാൽ
കഫപിത്താഹരം ഗുരു:
വാതഘ്നം രക്തശമനം
കഷായം രൂക്ഷശീതളം;
കണ്ഡൂശ്ലരുജോദോഷം
സോമരോഗാനിയച്ഛതി."

വാഴയില വയറു വേദനയെ
ശമിപ്പിക്കും.)

വാർമാവിൻകായ്=വാർമാവിൻ
കായ്

(ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാ
കുന്നു. കഫം, പിത്തം, ശുക്രം, ബലം,
ഇവയെ വർദ്ധിപ്പിക്കും. രക്തത്തെ
ശുദ്ധിയാക്കും. ശരീരത്തെ പുഷ്ടിപ്പെ
ടുത്തും. മലശോധനയേയും വയാട
പ്പിനേയും ഉണ്ടാക്കും. ക്ഷയം, ക്ഷ
തം, വാതം, സർവ്വാംഗസന്താപം ഇവ

ണ്ണമായതിനാൽ ഇച്ഛ മാത്രമായിട്ടുള്ളതിന്റെ പേരാണ് ഇച്ഛാശക്തി എന്നത്. ഇത് ഒരുതരത്തിലുള്ള ഉത്സാഹത്തോടുകൂടിയുള്ള ഉദ്യോഗത്തിനെക്കാൾ അല്പം ചെറുതായിട്ടുള്ളതുമാകുന്നു.

വി

വികാകടാ=വലിയ ഞെരിഞ്ഞിൽ
വികാകതാ=വയ്യുകര
വികച=മഹാത്രാവണ്
വികടാ=സുകരാണ്ഡാ
വികണ്ടകാ=വികണ്ടകാ; വെരൊടിത്തുവ
(വികണ്ടകാ ഫലവർഗ്ഗത്തിൽപ്പെടുന്നതാകുന്നു. ഇതു് മുണ്ടിൽ വായംപിടിപ്പിക്കുന്നതിനു് ഉപയോഗിക്കപ്പെടുന്നു. ഇതിന്റെ പഴത്തകായു് ജാരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കഫത്തെ ശമിപ്പിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു മദനപാലമതം. പച്ചക്കായു് വാതത്തെ വർദ്ധിപ്പിക്കും. തൊലിമുതലായതു് പിത്തത്തേയും കഫത്തേയും വർദ്ധിപ്പിക്കും.)
വികത്തനാ=മുവന്നപൂവുള്ള ഏരി
വികശ=മാംസരോഹിണി [ക്കു
വികശചര=മുവന്നതഴുതാമ
വികക്ഷ=മഞ്ചട്ടി; മാംസരോഹിണി
വികസ=മഞ്ചട്ടി; മാംസരോഹിണി
വികസചര=മുവന്നതഴുതാമ
വികിരാ=മണൽ
വികിരണാ=മുവന്നപൂവുള്ളഏരിച്ചു്
വികീരണാ=മുവന്നപൂവുള്ളഏരി
വികുണ്ണാ=കരിഞ്ഞെണ്ണ [ക്കു
വികുണ്ണരാമ=ഇണ്ടിയാകാ
വികുണ്ണനാഗനാ=ഇണ്ടിയാകാ
വികുസുമാ=കപ്പൂരാ
വിക്രമി=സിംഹാ
വിക്രാന്ത=തൊഴുകണ്ണി; വിടർന്നുള്ളതി; മുവന്ന പൂവുള്ള ചെടിപ്പള്ളിടി; പുഴമുഞ്ഞ; പാതാളഗരുഡക്കൊടി
വിക്രാന്താ=സിംഹാ; വൈക്രാന്താ
വിക്ഷീരാ=മുവന്നപൂവുള്ളഏരിച്ചു്
വിഗന്ധാ=നാടയ്ക്കാമണിയൻ
വിഗന്ധകാ=ഓടമരാ
വിഗന്ധികാ=നാടയ്ക്കാമണിയൻ; ഒട്ടുനാറിവേള
വിഘ്നസാ=മെഴുകു്
വിഘ്നാ=ചെരുപ്പൊവു്
വിഘ്നേശ്വരാഹനാ=ചെരുപ്പൂഴി
വിഘ്നേശാനകാന്ത=വെരുകു
വിചകിലാ=നാഗദമനി
വിചകിലാ=വള്ളിമുല്ല; മക്ഷിപ്പൂവു്
വിചക്ഷണാ=നാഗദന്തി
വിചണ്ഡാ=പഞ്ചവർണ്ണക്കിളി; പശു
വിചിത്ര=വെളുത്തചെറിയവെള്ളരി
വിചിത്രാ=വെളുത്ത ചെറിയവെള്ളരി; മയിലെള്ളു; അശോകം
വിചിത്രകാ=ഭൃഷ്ടുമാം
വിചിത്രാംഗാ=പുലി; മയിൽ
വിജയാ=കടുക്ക; കരിങ്കുരുക; മുഞ്ഞ; വയമ്പു; ചെവറുന്നി; മഞ്ചട്ടി; വെളുത്തനൊച്ചി; പുഴമുഞ്ഞ; വെൺവയമ്പു; ചെറുമുഞ്ഞ; കഞ്ഞാവു്
വിജല=നീർച്ചീര
വിജ്ഞലാ=ശാല്മലീകന്ദാ

വിഞ്ജലം=എലവങ്ങ്
വിഞ്ജലിക=കരിങ്കുറിഞ്ഞി
വിജ്ഞാനദൈലഗർഭം= ഞാഴിഞ്ഞിൽ
വിട=വിളയുപ്പ്; കരിങ്ങാലി; എലി; നാരകം
വിടത്തൻ=വിടത്തൽ.

ഇതു് ആദ്യകവ്യക്തിൽ ചേർന്നതാണെന്നു് ഗ്രഹിക്കുവാനുണ്ടു്. വിടത്തലിന്റെ ലക്ഷണം ഭാവപ്രകാശത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു —

"വേല്പന്തരോ ഗുഗ്ഗുരു വ്രീതരുരു
പ്രസിദ്ധാഭൂ
ശ്വേതാ രിതാരുണയിലോഹിതപീ
തപുഷ്പ്പ
സ്വാന്തർജ്ജ്യോതിർയുക്തകുസുമശമി സൂക്ഷ്മ
പത്രാ
സ്യാൽ കണ്ടകീവിജ്ഞലദേശേ
ഷ്വേകവൃക്ഷഃ"

വിഷ്ണുകാന്തിയുടെ ഒരുമാതിരിയിൽ വെള്ളയും കറുപ്പും ചുവപ്പും മഞ്ഞനിറത്തിലുമുള്ള പുഷ്പങ്ങളോടുകൂടിയും, വന്നിയുടെ ഇലപോലെയുള്ള ഇലയോടുകൂടിയും, മുള്ളുള്ളതും, വെള്ളമില്ലാത്ത സ്ഥലത്തുണ്ടാകുന്നതുമായ ഒരു വൃക്ഷമാകുന്നു. വിടത്തൽ എന്നാണു് മേലെഴുതിയപദ്യത്തിന്റെ സാരം. ഇതു് മലബന്ധത്തെയുണ്ടാക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. വാതം, കഫം. തണ്ണീർദാഹം, മൂത്രബന്ധം, അശ്മരി, സന്ധിവേദന, യോനിരോഗം ഇവയെശമിപ്പിക്കും.
വിടപം=ചെറിയതൊഴുകണ്ണി
വിടപി=പേരാലു്
വിടപ്രിയ=മഞ്ഞൾ
വിടപ്രിയം=മുരിങ്ങ
വിടവല്ലഭ=പാതിരി
വിടി=പീതചന്ദനം
വിടഖദിരം=പീനാറി
വിടിചരം=നാട്ടിവന്നി
വിടിസാരിക=കവളങ്കാളി
വിഡം=വിളയുപ്പു
വിഡംഗ=വിഴാൽ
വിഡംഗം=വിഴാൽ
വിഡംഗതൈലം=വിഴാലെണ്ണ
വിഡാലം=പൂച്ച
വിഡാലകം=പൂച്ച; ഭാരിതാരം
വിഡാലി=മുതക്കു്
വിഡാലിക=മുതക്കു്
വിഡാലം=വഞ്ചി
വിഡ്ഗന്ധം=വിളയുപ്പു
വിഡ്ലവണം=വിളയുപ്പു
വിഡ്വരാഹം=നാട്ടുപന്നി
വിതണ്ഡ=മനയോല
വിതസ്ത=വിതസ്താനദി.

(ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈ നദി കാശ്മീരദേശത്തിലുള്ളതാകുന്നു. ഹിമാലയപ്രാന്തത്തിൽനിന്നും ഉത്ഭവിക്കുന്നു. പഞ്ചാബിൽ, കൂടുതലായി പ്രയാഹിക്കുന്നു. ഇതിലെ വെള്ളം ബുദ്ധിയെ നന്നാക്കും. ഓജ്ശക്തിയെ ഉണ്ടാക്കും. പഥ്യമായിട്ടുള്ളതാകുന്നു. വാതം, പിത്തംകഫം ഇവയേയും ജാള്യത്തേയും സർവ്വാംഗങ്ങളിലുമുള്ള ചൂടിനേയും ശമിപ്പിക്കും.)
വിതാനകം=പൂങ്കുപ്പന
വിതാനമൂലകം=രാമച്ചം
വിതുന്ന=കിഴുകാനെല്ലി
വിതുന്നം=നീരാരൽ; കരിമ്പായൽ; കഴിമുത്തങ്ങ
വിതുന്നകം=ഉണങ്ങിയകൊത്തമ്പാലയരി; ധൂത്രാജ്ഞനം; കിഴുകാനെല്ലി
വിതുന്നിക=കിഴുകാനെല്ലി
വിത്സനം=കാള

വിഭ്യ=കൊതുമ്പു
വിമദം=ചുവന്നകൊടി
വിമലം=തെളിഞ്ഞുകാണുന്ന
വിമാനകം വൃക്ഷഭേദം
വിമോക്ഷണം മോചനംകാണുന്ന
വിമോടി മുതക്കു; തുവിര
വിമോർക്ക=മുതക്ക
വിമോർക്കടം=മുയൽ
വിമോഹിനി കമ്പിളി
വിമോർക്കടം=മുയൽ
വിമ്മോളിക=മുരിക്ക്
വിയ്യല=വഞ്ചന
വിയ്യലം=വഞ്ചി; നാറുപുശു;ആറുവ
വിയ്യളം=വഞ്ചി; ആറുവഞ്ചി [ഞ്ചി
വിരൂക്ഷം=വൈരൂപ്യം
വിരൂപകണ്ണം-പാട
വിരൂപകണ്ണി=പാട
വിരൂപകണ്ണിക -പാട
വിരൂഢാടലം-ഉലുത്തമരം
വിരൂഢജ്ഞാല=മരത്തോന്നി
വിരൂൽപ്രിയം=വെള്ളിലോട്ട്
വിരുധിനാശനം=കരിമുരിങ്ങ
വിരേയരാതി=മഞ്ഞൾപ്പൂവുള്ള മുരിങ്ങ
വിരുമം=പവിഴം
വിരുമലത=പവിഴക്കൊടി
വിരുമലതിക=പവിഴക്കൊടി
വിരുമവല്ലി=പവിഴക്കൊടി
വിരൂത=മദ്യം
വിരൂതി=തിപ്പലി
വിരു=കുപ്പ്രം
വിരുനാം =തകരം
വിരുനാകം=തകരം
വിരുനയ = കുറുന്തോട്ടി
വിരുനാരുഹ=ഞാറൻകിഴങ്ങ്
വിരുനീതം=മക്ഷിപ്പൂവ്
വിരുവൃത്രം=ഭൂജ്ജമരം
വിരുപുഷ്പകം=ഉമ്മമലരി
വിരുഫലം=മുത്തു

വിസ്യ=ചിറ്റാലം; ലവല്
വിവന്നം=പാണ്ഡു
വിവാട=വിവാശാനടി
വിവാടി=പുവന്നപെരുപ്പുങ്ങടി
വിവാശ=വിവാശാനടി.

(ഇതിന്റെ വെള്ളം രസായനത്തിന് ചേർന്നതാകുന്നു. ഇതുകൊണ്ടുണ്ടാക്കുന്ന സുവർണ്ണനടിയിലെ ക്ഷാരത്തിന്റെ തുല്യം രസം. വിശാലാനടി പഞ്ചാബിലുള്ള ഇനമാണ്. ചിന്നാബുനടി മുതലായ പഞ്ചനടികളിൽ ഒന്നാകുന്നു. ഇതിന്റെ ഇരട്ടിഴവും ഔഷധപ്രയോഗത്തിനുണ്ട്.)
വിപുലാസ്രവ=കൊടുവേലി
വിപുഷ്പ=നാട്ടുമാതളം
വിപുഷ്പം = മാതളപ്പൂവ്
വിപ്ര=ബ്രാഹ്മണൻ; നാരദനെന്നർത്ഥം
വിപ്രകാഷ്ഠാ -കാട്ടരയാൽ
വിപ്രപ്രിയം=പ്ലാശ്
വിപ്രശ്രേഷ്ഠി=മഞ്ഞക്കാഞ്ഞിരം; ഔഷധം
വിഫല=പുങ്കൈത
വിബുധം=ദേവദാരു
വിഭാകരം=കൊടുവേലി; ചുവന്നപൂവള്ളഎരിക്ക്
വിഭാണ്ഡി=ചടച്ചി
വിഭാരി=മേട; മഞ്ഞൾ
വിഭാസു=ചുവന്നപൂവള്ളഎരിക്ക്; കൊടുവേലി
വിഭീത(ക)ം=താന്നി
വിഭീതകതൈലം=താന്നിച്ചെണ്ണ
വിഭീതകി=താന്നി
വിഭീഷണം=വേഴൽ
വിഭേദകം=താന്നി
വിമർദ്ദം=തകര
വിമർദ്ദകം=തകര
വിമല=ചക്കുലത്തി
വിമുകുതം=മായവി

വിണ്ഡ=നല്ലകോവ
വിണ്ഡം=നല്ലകോവക്കായ്
വിണ്ഡശ=നല്ലകോവ
വിണ്ഡാട=കുറുക്ക്
വിണ്ഡി=നല്ലകോവ
വിത്തഗവശ=ഗാംഗാനടി
വിത്തു=ഉരുമൻ
വിത്തോഗി=ചക്രവാകപ്പക്ഷി
വിദാഗം=കങ്കട്ടം
വിദഗ്ദ=കരിങ്കുരുക
വിദണം=രാമച്ചം
വിദളം=തെങ്ങ്
വിദാടജം=രാജാവൻതുമണി
വിദാലം=പൂച്ച
വിദിങ്ക=ചെന്നായ്
വിദ്രവ=ജാതിവിടയം; ചെങ്കൊടി
വിദ്രവം=തിപ്പലിമൂലം [വേര
വിദ്രുപകം=പനച്ചി
വിദേകി=കമ്പിപ്പാല
വിദേചകം=ഉകമരം
വിദേചനം=ഉകമരം
വിദേചനഫലം ഉകമരം
വിദേചി=ആഴിഞ്ഞിൽ
വിദോചനം=ചെമ്മരം; വ്യുതകരങ്ങം; വലിയ വലകുപ്പയാനി; മുവന്ന പൂവുള്ള എരിക്ക്
വിലകാരി=ഏലി
വിലാസകം=കയ്യിൽ; തവള
വിലാ ി=പാമ്പ്
വിലാളം=പൂച്ച
വിലോടയ=ഉഴുന്ന്
വിലോടയം=മുള്ളൻപന്നി; പാമ്പ്; ഏലി; കോകഡുഗം
വിലോഡിതം=മോരു
വിലോമം=പാമ്പ്; നായ്
വിലോമജിഹ്വം=ആന
വിലോമി=നെല്ലി
വിലോളിതം=മോരു

വിലുപം=ക്ലാവളം
വിലുഗന്ധം=ചെറുതുളസി
വിലുചി=കറിക്കായം
വിലുചിക=കറിക്കായം
വിലുപ്രാൻ=മുവന്നപൂവുള്ള എരി [ക്കു
വിവിക്ഷ=നിയേശി
വിവൃതാക്ഷം=കോഴി
വിശകണ്ണ=വെള്ളിപ്പക്ഷി
വിശല്യ=മേതോന്നി; ചെറിയ തന്തി; ഞാഴൽ; തിരുകോല്പക്കൊന്ന
വിശാഖ=വെളുത്ത തഴുതാമ
വിശാഖം=വെളുത്തതഴുതാമ
വിശാരദ=ചെറിയകൊടിത്തൂവ
വിശാരദം=ഇലഞ്ഞി
വിശാല=ചെറിയകാട്ടുവെള്ളരി; വലിയ കാട്ടുവെള്ളരി; ആനപ്പുളിച്ചിൽ; സരസ്വതീനടി; വലിയ വശപ്പുളി
വിശാലതൈലാഭ്രം=ആഴിഞ്ഞിൽ
വിശാലതുക്=ഏഴിലംപാല
വിശാലപത്രം=കണ്ണൻചേമ്പ്; കൂടവിശാലഫലിക=അവര [പ്പന
വിശാലാക്ഷി=നാഗദന്തി
വിശാലാഗ്ര=പാതിരി
വിശാലി=അയമോദകം
വിശിഖം=അമ്പൊട്ടൽ
വിശീർണ്ണപർണ്ണം=വേട്ടപ്പ്
വിശേഷകം=മയിലെള്ള്
വിശോകം=അശോകം; കോഴി
വിശോധനി=ചെറിയദന്തി; നാഗദന്തി; അമരി
വിശോധിനി=നാഗദന്തി; അമരി
വിശ്ര=അടയ്ക്കാമണിയൻ
വിശ്രം=മാംസം
വിശ്രഗന്ധ=അടയ്ക്കാമണിയൻ
വിശ്രഗന്ധിക=അടയ്ക്കാമണിയൻ
വിശ്ര=മുക്കു; തിപ്പലി; അതിവിടയം; ശതാവരി

വിഷമം=ചുക്ക്
വിഷനാശകം=നാഴൽ
വിഷനാശനം=നാവൽ; വയ വെള്ളുള്ളി
വിഷനിഗ്രഹം=നായ്ക്കുരുണി
വിഷപുഷ്പം=കിരികാനെല്ലി
വിഷപ്രദേഷ്ടകം=ചുക്ക്
വിഷപ്രയോഗകം=കാരകിൽ
വിഷപ്രസാദനം=തണ്ടൻചീര
വിഷപ്രസൂ=ശതാവരി
വിഷപ്രിയ=ശതാവരി
വിഷപ്രിയുപ്രിയം=രാസ്നം
വിഷപ്രവിഷം=നാതിവിടയം
വിഷപ്രശമം=നാതിവിടയം
വിഷപ്രശമനം=ചുക്ക്
വിഷം=നാതിവിടയം
വിഷം=വിഷനാശനം; വെള്ളം; നാഗപാശം; താമരയല്ലി; താമരവളയം
വിഷകണ്ടം=നാടമരം
വിഷകണ്ടകം=വെണ്കാടിത്തുവ
വിഷകണ്ടകിനി=കാട്ടുപാവൽ
വിഷകന്ദം=വെള്ളിട്ടുകഴി
വിഷകന്ദം=ഏഴിലമ്പാലക്കിഴങ്ങ്
വിഷഗന്ധം=മലങ്കാര
വിഷഘ്നം=ചിറ്റാടുതീണ്ടാപ്പാല
വിഷഘ്നാതി=രാമുവരി; നെന്മേനിവാക
വിഷഘ്നാതിനി=തേക്കിട
വിഷഘ്നം=നെന്മേനിവാക; രാസ്നി; ചെമ്പകം കാട്ടിചെറുതുളസി; വയ്യുണ്ണി; ചെറുചീര; വെണ്കാടിത്തുവ; നീലക്കടമ്പ്
വിഷഘ്നി=ചിറ്റാടുതീണ്ടാപ്പാല; തിരുകോല്ലക്കൊന്ന; ചെറിയ കാട്ടുവെള്ളരി; ചുവന്ന തഴുതാമ; മഞ്ഞത്തഴുതാമ; തേക്കിട; വലിയ ഉങ്ങ്; കിഴുകാനെല്ലി; ചെറിയ അടയ്ക്കാമണി

യൻ; വെളുത്തചൂണ്ടൽ മരയൂക്കി; ദേവതാളി
വിഷപ്പൂരിക=വെള്ളത്ത കടലി
വിഷഭിഷഗ്വരം=ദേവതാളി
വിഷഭുക്തരം=പോത്തു
വിഷമണ്ഡം=താമരയളയം
വിഷമതിന്ദുകം=കാഞ്ഞിരം
വിഷമദം=ചുവന്നുള്ളി
വിഷമം=പുഷ്കരമൂലം
വിഷമാക്ഷം=നാഗദന്തി
വിഷമാന്തകം=കാഞ്ഞിരം
വിഷമുഷ്ടി=പാമ്പു
വിഷമൂഷികാനകുലം=ചക്കോട്ടപുക്ഷി
വിഷമൂർദ്ധം=കാഞ്ഞിരം
വിഷധരം=പാമ്പു
വിഷധർമ്മം=ചെങ്കൊടിത്തുവ
വിഷധാത്രി=പെരുമുത്തങ്ങ
വിഷനാശനം=നെന്മേനിവാക; മലങ്കാര
വിഷനാശിനി=ചിറ്റാടുതീണ്ടാപ്പാല; കാട്ടുപാവൽ; നാഗദന്തി
വിഷാരി=പലകപ്പുയ്യാനി
വിഷപുഷ്പം=നീലത്താമര; മലങ്കാര
വിഷപുഷ്പകം=മലങ്കാര
വിഷഭീരുകം=ചക്കോരപ്പുക്ഷി
വിഷമച്ഛദം=ഏഴിലമ്പാല
വിഷമർദ്ദിനി=പേരരത്ത
വിഷമർദ്ദനിക=പേരരത്ത
വിഷമുഷ്ടി=വിഷമുഷ്ടി; കാഞ്ഞിരം; മലങ്കാര.

(വിഷമൂഷി ദൃഢക്ഷുപവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതു് വെള്ളത്ത കാക്കക്കൊടിയാണെന്നു ചില പണ്ഡിതന്മാർ സംശയപൂർവ്വം അഭിപ്രായപ്പെടുന്നു. "തിക്തകീവന്തി" എന്നു് ഇതിനുപര്യായശബ്ദം കാണുന്നു. കഫം, കൃമി, ഗുന്മം, അർശസ്സു്, വിഷം, കണ്ണരോഗം, അജീർണ്ണം, ജ്വരം, വാതം, രക്തപിത്തം, കുഷ്ഠം, ശ്വാസം,

ക്കുകഴുംഗി; ചങ്ങല്വന്ത; ആട്ടി കൊട്ടപ്പാല

വിഷ്ണുണികാ=വൻകൊന്ന

വിഷ്ണുണി-പ്രിയാഗി; മൈറ്റയകാട്ടു മ്പെള്ളരി

വിഷ്ണുഫണാനാഗദന്തി; നാഗദമ നി; ചെറിയ കാട്ടുവെള്ളരി; നി ഗ്രോധി

വിഷ്ണുഫലം=ആഴിഞ്ഞിൽ

വിഷ്ണുരാതം=പാമ്പ്

വിഷ്ണുരാതി=കാട്ടത്ത ഉമ്മം

വിഷ്ണുരി=ചെറുനീർപ്പീര; ഘൃതകര

വിഷ്ണുപ്രിയ ചേരുമരം [ഞ്ഞം

വിഷ്ണുപ്രിയ=തുളസി

വിഷ്ണുഭക്ത=മിശ്രകാര

വിഷ്ണുവല്ലഭി=നാഗദന്തി

വിഷ്ണുവാടം=നാട്ടുവന്നി

വിഷ്ണുശിരം=കോഴി; മയിൽ

വിഷ്ണുസഹ=ചെറുകൈത

വിഷ്ണുകന്ദം=വിഷ്ണുകന്ദം.

(ഇതു് ശാകവർഗ്ഗത്തിൽചേർന്ന മഹാകന്ദമാകുന്നു. പിത്തം, ചൂട്ടനീർ, നീർക്കടു് ഇവയെശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മധുരരസത്തോടും ശീതവീര്യത്തോടും കൂടിയതാകുന്നു. ശരീരത്തിനു പുഷ്ടിയെ ഉണ്ടാക്കും.

"വിഷ്ണുകന്ദസ്തു മധുരഃ
ശീതശ്ശിത്തനാശനഃ;
മഹാശ്ലേഷ്മഹരോ രുച്യഃ
സന്തർപ്പണകരഃ പരഃ"

എന്നു രാജനിഘണ്ടു.)

വിഷ്ണുക്രാന്ത=വിഷ്ണുക്രാന്തി

വിഷ്ണുക്രാന്തി=വിഷ്ണുക്രാന്തി.

(വിഷ്ണുക്രാന്തി ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് വെള്ളപ്പൂവുള്ളതും നീലപ്പൂവുള്ളതുമായി രണ്ടുതരത്തിലുണ്ടു്. രണ്ടും ഗുണങ്ങളും

വിഷ്ണുമുഷ്ടികം 282 വിഷ്ണുക്രാന്ത

ഗുണമേന്മം ഇവയെയുംപോലെ തന്നെ ചെയ്യുന്നു. ഫിലിപ്പിയേയും ശമിപ്പിക്കും. ദാഹത്തെയും മലത്തെയുംനശിപ്പിക്കും ഇതുകൊണ്ടു വാതിപ്പിക്കും. രുചിയുണ്ടാക്കും. ചൂട്ടുനീരിനെയുണ്ടാക്കും. കുഷ്ഠത്തിനു് ഇതു വിശേഷമുള്ളതാകുന്നു. മലബന്ധത്തെ ഉണ്ടാക്കുന്നു. മഹാസന്താപത്തെ ഉണ്ടാക്കും.

"നീലപുഷ്പാന്വിതാ ശ്വേത-
കന്ദാഖ്യാ ത്രിപദാപരാ;
ദ്വാദശാഖ്യാ വിഷ്ണുക്രാന്തീ ച
ദ്വയം പ്രോക്തം വിശേഷതഃ."
"വിഷ്ണുക്രാന്തികന്ദസ്തു
മധുരഃ ശീതവീര്യവാൻ;
ത്രിദോഷഹരണോ ബല്യോ
രുചിഗ്നിസ്സന്ധിസന്ധാനഃ."

എന്ന രാജനിഘണ്ടു.)

വിഷ്ണുക്രാന്തിക=വിഷ്ണുക്രാന്തി

വിഷ്ണുപ്രിയ=മരുകാരപ്പഴം

വിഷ്ണുപ്രിയകണ്ടകഫലാ=മരുകാരം

വിഷ്ണുപ്രിയ=അതിവിടയം

വിഷ്ണുവല്ലഭ ചെറിയ കാട്ടുവെള്ളരി

വിഷ്ണുവല്ലി=ചെറിയ കാട്ടുവെള്ളരി

വിഷ്ണുവാരിണി=നിലവേപ്പു

വിഷ്ണുവാസകാ താമരക്കിഴങ്ങു്

വിഷ്ണുവാസകാ=വടകോരപ്പച്ച

വിഷ്ണുവാസ=നെടുനീണ്ടിവാക

വിഷ്ണുവല്ലി=വെളുത്ത പൂവുള്ള മല യുമുക്കി; നിവേശി

വിഷ്ണുവാ=നിവേശി; മടയതാളി

വിഷ്ണുവാണം=കൊട്ടം

വിഷ്ണുവാണത്തു=കാള

വിഷ്ണുവാണി=പോത്തു്; ഇടവകം; തേക്കിട; ക്ഷീരകാകോളി; ആട്ടുകൊട്ടപ്പാല; വൻകൊട്ട; ആന; കോല്ലുളി; കാള

വിഷ്ണുവാണിക=ചടച്ചി, തേക്കിട; കാ

കൊണ്ട് മിക്കവാറും ഉദ്യോഗങ്ങളെ
ല്ലാം. ശിരസ്സ്, ഉന്നം, വജ്രം, ചിത്ത
ഭേദം; കുടി യതു കൊണ്ടു ഉണ്ടാവു
ന്നുപദ്രവങ്ങൾ. ചികിത്സ വടിച്ചു
ക്കൽ. ചിലപ്രയോഗങ്ങൾ, ഇവ
ശംഖദ്രാവകത്തിലും ചേരുന്നു)
വിഷ്ണുപ്രസംഭവം [സംജ്ഞ] വജ്രിയ എ
ള്ളുകി
വിഷ്ണുപ്രിയ=വച്ചുള്ളുകി
വിഷ്ണുപ്രിയാ=ഗോരോചന
വിഷ്ണുഭക്ത=ധർമ്മരാജ
വിഷ്ണുവടി ശംഖനാഭ
വിഷ്ണുവല്ലഭ മോരത്തിൽ; ഇളനീ
വിഷ്വക്സേനാ-പാഷാണ
വിഷ്വക്സേനാകാന്ത=പനിക്കി
ഴങ്ങ്
വിഷ്വക്സേനാന്ത=പനിക്കിഴ
ങ്ങ്; ശ്രീവാസം
വിഷാ രോഗരാജ
വിഷകണ്ഡ=മഹാപുന്നാ
വിഷകണ്ഡി=ചുവന്നുള്ളി
വിഷകണ്ഡിക=ചുവന്നുള്ളി
വിഷകന്ദ ഗോ
വിഷകന്ദാ: കരിമ
വിഷഗ്രന്ഥ കാട്ടുകരിമ
വിഷഘ്നി=കാട്ടുപാവൽ
വിഷച്ഛേദി=കാട്ടുപാവൽ
വിഷജിത് കാട്ടുപാവൽ
വിഷജിത്തു കാട്ടുപാവൽ
വിഷഞ്ജയ=കാട്ടുപാവൽ
വിഷതിന്ദുക=കാട്ടുതുമ്പ
വിഷതിന്ദുകാ=കാട്ടുതുമ്പ
വിഷതിന്ദുകാഖ്യ കാട്ടുതുമ്പ
വിഷദൂഷിണി=കാട്ടുപാവൽ
വിഷദ്രു=മരുന്നു
വിഷദ്രുമ=മരുന്നു
വിഷദ്രുമി=മരുന്നു
വിഷനാശിനി പാടക്കിഴങ്ങ്
വിഷനിഷൂദനീ കാട്ടുപാവൽ
വിഷനിഷൂദനീകാണ്ഡ കാട്ടുപാവൽ
വിഷപുഷ്പിക=കാട്ടുപാവൽ
വിഷപ്രദ=മരുന്നു
വിഷപ്രസൂന കാട്ടുപാവൽ
വിഷപ്രിയ=കാട്ടുപാവൽ
വിഷഭേദ=കാട്ടുപാവൽ

വിഷമജ്വരം
വിഷമാ വിഴാ
വിഷമാക്ഷി=വിഴാ.

(ഇതു പണ്യവസ്തുക്കളിൽ ഗണ
ക്കപ്പെടുന്നു. ഔഷധാർത്ഥം ഉപയോ
ഗിച്ചുവരുന്നതു ശുദ്ധി, ഗുണം, വീര്യം,
ഭാരം, കുടി, വാതം, മലബന്ധം, ദുർഗ്ഗ
ന്ധം, കൃമി, ചൂടിനെ, കഫപിത്തങ്ങൾ
ഇവയെ ശമിപ്പിക്കും. ഇതിന്റെ ഫലം
ഭക്ഷിച്ചാൽ ഉണ്ടാകുന്ന ഗുണങ്ങൾ
ഇവയാണ്.

"വിഷാഗാ കൃമിദോഷഘ്നീ
ത്രിദോഷ വമനീകരാ;
ഗുല്മപ്ലീഹാനനാഭ്രഘ്നീ-
കൃമിയാന്തവിനാശനീ."

എന്ന വചനപ്രമാണം)
വിഷാലക്ഷ്മ=വിഷാലക്ഷ്മ.

(ഇതു വിഷാലനാമവൃക്ഷത്തിന്റെ
ഫലം തിന്നുന്നതു എന്നർത്ഥമാകുന്നു. മല
ശോധനമായ ഗുണങ്ങൾ ഉണ്ടാക്കും. വാതം, കഫം, കൃമി, പ്ലീഹാരോഗം, കണ്ഡം, ശിരോരോഗം ഇവയെ ശമിപ്പിക്കും. ഇതു ചൈത്രവൃക്ഷത്തിന്റെ ചോന്നതാകുന്നു.)
വിഷുവുപ്പ്=വിളയുപ്പ്.

(ഇതു പണ്യവസ്തുക്കളിൽ ചേർന്ന
ലവണദ്രവ്യമാകുന്നു. ക്ഷാരണിയു
ടെ ക്ഷാരത്തിൽനിന്നും ഉണ്ടാക്കുന്നു.
ശ്വാസം, വാതം, മേഹം, ഗുന്മം, ആജീ
ർണ്ണം, മലബന്ധം, ആനാഹം, ഹൃദ്രോ
ഗം, ജാഡ്യം ഇവയെ ശമിപ്പിക്കും.
രുചിയെ ഉണ്ടാക്കും. ജഠരാഗ്നിയെ
ദീപിപ്പിക്കും. വായുവിന്റെ അനുലോ
മഗതിയെ ഉണ്ടാക്കുകയും ചെയ്യും. ഒടുവിൽ
ചെയ്യും ശമിപ്പിക്കും.

"വിഡാ കണ്ഡാരാ ലവണദ്രവ്യാണാം
രുച്യഗ്നിദീപ്ത്യാനിലവിപ്രണാശനഃ;
വാതാനുലോമനഃ ശ്രേഷ്ഠോ
ലവണഃ ശ്ലേഷ്മനാശനഃ;

വാതനാശകരോമേഹ—
ഗുല്മാജീർണ്ണവിനാശനം;
മലാവഷ്ടംഭകാന്വാഹ-
വാതഗ്രഹനാശനം;
ജ്വരഘ്നാ കഫപിത്തഘ്ന
നാഗായുഷിതി കീർത്തിതാ"

എന്നു നിഘണ്ടുരത്നാകരം.)

വിളവുനിലം=വിളവുനിലം.

(ഇതിലെ വെള്ളം രസവസ്തുത്തിൽ ചേർന്നാകുന്നു. മൂന്നുദോഷങ്ങളേയും വർദ്ധിപ്പിക്കും. വിശേഷാൽ കഫത്തെ ഇളക്കിപ്പിക്കും. പാകരസം എരുവാകുന്നുവെന്നുള്ളതു വല്ലഭമേതം. ഇതു് കെട്ടിനിറുത്തിയിട്ടില്ലാതാകയാൽ ഏറ്റവും ദോഷകോപത്തെ ചെയ്യുന്നതാകുന്നു.)

വീ

വീക്ഷ്യം=മയിൽ; കുതിര
വീഖ=നായികൊരുണ
വീചിമാലി കടൽ
വീടകം=മാതളനാരകം; വേങ്ങ
വീടഗർഭം=കൈച്ചുൻപ=വല്യം
വീടഗ്രന്ഥി=ചെറുപയ്യു്മുതലായവ
വീടനം=ചക്രയാകുപുക്കി വട്ടപ്പം
വീടപോടപോ=ചേരുമരം [വൽ
വീടപുഷ്പം=കർപ്പൂരത്തുളസി; മക്കിപ്പൂ
വീടപൂരം=മാതളനാരകം [വു്
വീടഫലകം=മാതളനാരകം
വീടമാതുകം=താമരക്കുരു
വീടരേതാ ചുഴറ്റു്
വീടരേചന നെവ്വാളം
വീടവൃക്ഷം=വേങ്ങ
വീടാഗ്നി- മരപ്പുളി
വീടോദകം ആലിപ്പഴം
വീതരോകം അശോകം
വീതി=കുതിര
വീതിരേഫത്തെ=കുതിര

വീരം=ജാതിവിടയം; കിണികിണിപ്പാല,കുത്തഇരുവേലം;മട്ടു്; വാഴ; കാവുവാഴ; ബ്രഹ്മി; കാകോളി;ക്ഷീരകാകോളി; കിഴുകാനെല്ലി; വലിയ ശതാവരി; വലിയകൂരന്തോട്ടി;കുമിഴ്; കാട്ടത്തി; പാൽമുതക്കു്; മുരാമാഞ്ചി;ചുള്ളാവാലുകം; മുതക്കു്; കടുകരോഹിണി
വീരം=മുളകു്; കാടി; രാമച്ചം; അശോകം;തകരം; പുഷ്കരമൂലം; കണവീരം; കഴഞ്ചി; ഏകവീരം;നീർമരുതു്; ചെറുചീര; പന്നിക്കിഴങ്ങു്; ഇടവകം
വീരകം=കണവീരം
വീരണം=രാമച്ചം
വീരണനാമകം=രാമച്ചം
വീരണമൂല(ക)ം=രാമച്ചം
വീരണാദ്യം=രാമച്ചം
വീരണീമൂലം=രാമച്ചം
വീരതം=രാമച്ചം
വീരതരം=രാമച്ചം; അമ്പോട്ടൽ
വീരതരു=നീർമരുതു്; അമ്പോട്ടൽ; ചേരുമരം; വിടത്തൽ
വീരദു=വിടത്തൽ; നീർമരുതു്
വീരനാമകം=പുഷ്കരമൂലം
വീരപത്രം=കഞ്ഞാവു്;ആറുഞാവൽ
വീരപത്രം=ഭൂജ്ജവൃക്ഷം
വീരപത്രി=നിലക്കിഴങ്ങു്
വീരപുണ്ഡരി=വീരപുണ്ഡരി.

(ഇതു് ഗന്ധവസ്തുത്തിൽ ചേർന്നതാകുന്നു.ശരീരകാന്തിയെഉണ്ടാക്കും. ശുക്രത്തെ വർദ്ധിപ്പിക്കും.കഫം, പിത്തം, രക്തദോഷം, ചുട്ടനീർ, ജ്വരം. വിഷം, വ്രണം ഇവയെ ശമിപ്പിക്കും. കണ്ണിനു് ഹിതമായിട്ടുള്ളതാകുന്നു.

"പ്രപൌണ്ഡരീകം ചക്ഷുഷ്യാ
മധുരം തിക്തശീതളം;

ചിന്തരക്തവ്രണാൻ മഹതി
കരിരോഹതുഷ്ടാവഹാ.”

എന്ന നിഘണ്ടുശ്ലോകം.

“പെരുന്ധുഷ്ടം മധുരാ തിക്തരാ
കഷായം ടിക്തലം ഹരിമ;
ചക്ഷുഷ്യം മധുരാ പാകേ
വൃഷ്ണ്യാ ചിന്തകഹാ സ്മൃത്.”

എന്ന ഭാവപ്രകാശം.

വീരപുഷ്പ=സിന്ദൂരി
വീരപുഷ്പാ=സിന്ദൂരി
വീരപുഷ്പി=മഞ്ഞക്കുറുന്തോട്ടി
വീരരജ=സിന്ദൂരം
വീരവനി=മഹാസരോഹിണി
വീരവൃക്ഷം=ചേരുമരം; നീർമരുത്; വിടത്തൽ
വീരശ്വേതസാ=ഞെരിഞ്ഞാമ്പുളി
വീരശോകം=ചീര
വീരസനം=ആരകം
വീരാഖു=കഴഞ്ചി
വീരാമ്ലം=ഞെരിഞ്ഞാമ്പുളി
വീരാരുകം=ആരുകം
വീരാവുഖം=കൊഴിഞ്ഞി

വു

വുകം=കൊക്കുമരാരം

വൃ

വൃകം=പാട
വൃകം=ചെന്നായ്; കാക്ക; എലി; കുറുക്കൻ; കൊക്കുമന്താരം; കടുവ; തിരുവട്ടപ്പുശ
വൃകയൂവം=തിരുവട്ടപ്പുശ
വൃകപുത്തം=കുറുക്കൻ
വൃകാക്ഷി=തൃകോല്പൂക്കൊന്ന
വൃകി=പാട
വൃക്ഷകം=കുടകപ്പാല
വൃക്ഷചരം=കുരങ്ങ്
വൃക്ഷയൂവം=തിരുവട്ടപുശ
വൃക്ഷയൂകം=തിരുവട്ടപുശ
വൃക്ഷനകുലം=കോകഡുഗം
വൃക്ഷനാഥം=പേരാൽ
വൃക്ഷപർണ്ണി=മുതക്ക്
വൃക്ഷപാകം=പേരാൽ
വൃക്ഷഭക്ഷ=ഇത്തിക്കണ്ണി
വൃക്ഷഭക്ഷ്യ=ഇത്തിക്കണ്ണി
വൃക്ഷമക്കടിക=മരപ്പട്ടി
വൃക്ഷമാർജ്ജാരം=കാട്ടുപുലി
വൃക്ഷമൃഗം=കുരങ്ങ്
വൃക്ഷരുഹം=ഞാറ
വൃക്ഷരോഹ=ഇത്തിക്കണ്ണി; കരിങ്കറ്റാലം; മഹാമേട; അമൃതവള്ളി
വൃക്ഷരോഹാഖ്യ=ആകാശവള്ളി
വൃക്ഷരോഹിണി=ആകാശവള്ളി
വൃക്ഷശായിക=മരപ്പട്ടി
വൃക്ഷസാരകം=ഈന്ത
വൃക്ഷാദനം=ആരയാൽ; മരവിമരം
വൃക്ഷാടനി=ഇത്തിക്കണ്ണി; മുതക്ക്
വൃക്ഷാമയം=ഞരക്ക്
വൃക്ഷാമ്ലം=മരപ്പുളി; ചാണപ്പുളി
വൃക്ഷാരുഹ=വലിയ കുറുന്തോട്ടി
വൃക്ഷാവ്ഹ=മഹാമേട
വൃക്ഷാശ്രയി=ചെറിയ മൂങ്ങ
വൃക്ഷികാലി(ളി)=തേക്കിട
വൃക്ഷിപത്രി=തേക്കിട
വൃക്ഷീരം=വെള്ളത്തഴുതാമ
വൃക്ഷോൽപലം=ചെറിയ കൊന്ന
വൃതിംകരം=വയ്യങ്കത
വൃത്ത=മാംസരോഹിണി; അരേണുകം; ഞാഴൽ; തക്കാരിവഴുതിന; സ്ഥിരസ്ഥിരീട; നാഗമോനി; ആനപ്പുളിമ്പിൽ; ചെറിയ അവര
വൃത്തം=ആമ; വട്ടപ്പുല്ല്
വൃത്തകക്കടി=വരിയൻകക്കരി
വൃത്തകോശ=ദേവതാളി
വൃത്തകോഷം=ദേവതാളി
വൃത്തഗ്രണ്ഡം=വട്ടപ്പുല്ല്
വൃത്തതണ്ഡുലം=മോളം

വൃത്താവിക്ഷുവികാ=കൊടി ചൂവര
വൃത്തവല്ല=പൂച്ചെടിവള്ളി
വൃത്തവാലുക=പൂച്ചെടിവള്ളി
വൃത്തവാലുക=പൂച്ചെടിവള്ളി; നാഗദന്തി
വൃന്താകുക്കുടം; നാഗദന്തി
വൃന്താകുക്കുടം=ചെമ്മുള്ളുചേമന്തി; നെന്മേനിവാക; ആറാംവഞ്ചി; മുടിഗന്ധം; കടന്നൂ
വൃന്താകുക്കുടം=കടന്നൂ
വൃന്താകുക=കാവതികാക്ക
വൃന്താകുക=കാവതികാക്ക
വൃന്താകുക=കാവതികാക്ക

(മുള് കുടുകുടുപവ ത്തിൽ ചേ
ന്നതാകാം. സംസ്കൃതത്തിൽ ശുക്ല യവ
യെ വൈദിക്കുന്നു. ഇതു സന്ദേഹാർ
ക്കിടവരുത്തുന്നു.

"ശ്യാമാകശ്ചിപ്പിലാഖ്യസ്ത-
ണ്ഡുലീയ പ്രകീർത്തിതഃ"

എന്നു രാജനിഘണ്ടു

വൃശ്ചികം=തൊട്ടാർ; മച്ചിങ്ങ

വൃശ്ചികാലി=ചിലവ്വെവി

വൃശ്ചിരം=ചുവപ്പുവി; നായിക്കൊരു
ണ; ഞാഴുക്കിര; വലിയമുന്തി;
ആടലോടകം; കാള; കുതിര

വൃഷാ=കാള; ഇടവകം; കുതിര

വൃഷകപർണ്ണി=ചിറ്റമൃത്; ആടലോടകം

വൃഷഗന്ധ=മുക്കുരി

വൃഷഗന്ധാദ്യ=മുക്കുരി

വൃഷഗർഭ=പുല്ല

വൃഷഗർഭകം=പുല്ല

വൃഷധ്വജാങ്കി=വെൺമുഞ്ഞ

വൃഷപർണ്ണി ഏലിച്ചെവി

വൃഷര=കാള; ഇടവകം

വൃഷരാജകം=ഇടവകം

വൃഷരാജി=ചെറിയ കാട്ടുവെള്ളരി

വൃഷല=കുതിര; മുഴുത്ത പുള്ളി

വൃഷലോചന=ഏലി

വൃഷാകപായി ചെറിയ ആടലോടകം;
യൻ; ശതാവരി

വൃഷാകര=ഉഴിഞ്ഞ

വൃഷാകാ=ചേരുമരം

വൃഷാദനി ചെറിയ കാട്ടുവെള്ളരി

വൃഷാഹാര=പുല്ല

വൃഷ്ടിജീവി=ചിറാലം

വൃഷ്ടിജീവനം=വേഴാമ്പൽപക്ഷി

വൃഷ്ടി=കാടിയാട്ടം

വൃഷ്യ=നെല്ലി; ശതാവരി; ഇടവകം;
മുയൽ; കിഴുകാനെല്ലി; മുതക്കം;
മേട

വൃഷ്യ=കരിമ്പു; ഉഴിഞ്ഞ

വൃഷ്ക=നിലപ്പന; മുയൽ

വൃഷ്യഗന്ധ=മുക്കുരി

വൃഷ്യഗന്ധിക=ചുരുക്കി

വൃഷ്യഗന്ധിനി=ചുരുക്കി

വൃഷ്യവാടിമുതക്കം

വൃഷ്യവാടിക=മുതക്കം

വൃഹച്ഛണ്ഡ=വലിയ നീർപ്പിര

വൃഹച്ഛിത്തം=മാതളനാരകം

വൃഹച്ഛില്പം=ചിതമത്സ്യം

വൃഹതി=കണ്ടകാരിച്ചുണ്ട; ചെറുമുള്ള

വൃഹത്കന്ദ=വിഷ്കന്ദ; മുയൽ

വൃഹത്താലം=ഇരുമ്പുന പ്പുള്ളി

വൃഹത്തിക=പാട

വൃഹത്പുണം=മുള

വൃഹത്പത്ര=ആനകിഴങ്ങ്

വൃഹത്പത്രം=മാവിന്

വൃഹത്പാടലി=പുത്തരി

വൃഹത്പാടം=പേരാൽ

വൃഹത്പാഡി=കാട്ടുകീരകം

വൃഹത്പീലു=വലിയ ഉങ്ങകം

വൃഹത്ഫല=വലിയകാട്ടുവെള്ളരി;
പച്ചിര; പൊങ്ങാവൻ; വലിയ
പടവളം

വൃഹദംഗ=ആന

വൃഹദിക്ഷു=കൊടുവേലി

വൃഹദ്ഗോല=വരിയൻകടുക്ക

വൃഹദ്ദലം=ഇരുമ്പുന പ്പുന; മുയൽചെവി
പ്പോറാടി

വൃഹദ്ഭൂനാ=കൊടുവേലി;

വൃഹദ്വായു=ചെറിയ മുണ്ട

വൃഹദ്വല്ക്കം=മുവന്ന പാൽപ്പോറാടി

വൃഹദ്വാരുണി=വലിയ കാട്ടുവെള്ള
രി

വൃഹദ്വീജം=അമ്പഴം

വൃഹന്നലം വലിയ വേഴൽ

വെ

വെങ്കടകം്=വെങ്കടകം്.

(ഇതു് ഭോജ്യവസ്തുത്തിൽ ചേർന്നു ശിംബിധാന്യമാകുന്ന വെങ്കടകം്, ചെങ്കടകം്, കരിങ്കടകം് ഇങ്ങനെ കടകം് പലതരത്തിലുണ്ടു്.

"യഥാ രക്തസ്തഥാ ശ്വേതഃ
കിന്തു ശ്വേതോ വരോ മതഃ."

ഇങ്ങനെ ഭാവപ്രകാശത്തിൽ കടകിന്റെ വിഭാഗത്തെപ്പറഞ്ഞിട്ടുണ്ടു്. വെങ്കടകം് കിട്ടാതെവരുമ്പോൾ പകരം സാധാരണ കടകം്—ചെങ്കടകം്—ചേക്കാമെന്നുള്ളതിനു്

"തസ്യാസിദ്ധാർത്ഥകാഭാവേ
സാമാന്യസ്സർഷപോമതഃ."

എന്നുള്ള പ്രമാണം സാക്ഷ്യം വഹിക്കുന്നുണ്ടു്. വെങ്കടകം് ഉഷ്ണവീര്യത്തോടും എരിവു്, കയ്പു് ഈ രസങ്ങളോടും കൂടിയതാകുന്നു. വാതകഫത്തെയുണ്ടാക്കും. ഗ്രഹപീഡ, ജ്വരം, വിഷം, വ്രണം മുതലായവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

"സിദ്ധാർത്ഥ കടുകസ്സിക്തോ
രുച്യോഷ്ണോ വാതരക്തകൃൽ;
തദ്വത്തോക്തഗ്രഹപീഡാശോ—
വ്രണശോഫവിഷാപഹഃ"

എന്ന ശാലിഗ്രാമനിഘണ്ടു.)

വെകരിങ്ങാലി=വെകരിങ്ങാലി.

(വെകരിങ്ങാലി ആരണ്യകവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിവ്യമാകുന്നു. ഇതു് കരിങ്ങാലിയുടെഗുണത്തെക്കാൾ കൂടുതൽ ഗുണങ്ങളോടുകൂടിയതാകുന്നു. മുഖരോഗം, കഫദോഷം, രക്തദോഷം, ചൊറി, വിഷം, കൃമി, കുഷ്ഠം, വ്രണം, ഗ്രഹദോഷം ഇവയെ ശമിപ്പിക്കും.

"ശ്വേതാ ഖദിരവത്തിക്താ
രുച്യാ ച ഗുരവോമതാ;
തിക്താതിശീതളാ യാന്തി-
വിസർപ്പൗട്കഫാപഹാ;
പിത്തദാഹാമതിസ്മൃതി-
രക്തപിത്തഹരീമതാ;
കാസം ച നാശയത്യേവം
പൂർവ്വവൈദ്യൈർന്നിരൂപിതാ."

എന്ന രാജനിഘണ്ടു.)

വെകാരാ വെകാരം.

(വെകാരം പണ്യവർഗ്ഗത്തിൽ ചേർന്ന ആത്തവൗഷധത്തകുവ്യമാകുന്നു ഇതു് വെള്ളത്തരത്തിലുള്ള പൊൻകാരംതന്നെ. പൊൻകാരത്തിനുപറഞ്ഞിട്ടുള്ള ഗുണങ്ങൾ സാമാന്യേന ഇതിനും ഉണ്ടു്. ഇതു് കഫം, സ്ഥാവരവിഷം, കാസം, ശ്വാസം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെവർദ്ധിപ്പിക്കും. വാതത്തേയും പിത്തത്തേയും കോപിപ്പിക്കും. ജ്വരം, ഗുല്മം, ശൂലം ഇവയേയും ശമിപ്പിക്കും.

...കുഷ്ഠത്തെ ...കുഷ്ഠം
കുഷ്ഠിനെ കുഷ്ഠിനം;
സ്ഫോടരുഗ്വിഷാപ്നിത്വേ
കാസശ്വാ...വാതാരകം"
എന്ന രാജനിഘണ്ടു)
വെങ്കൊടിച്ചുവ മധുരവാതകാരിയുമാണ്.

വെങ്കൊടിച്ചുവ വൃഷ്യഗുണവർഗ്ഗത്തിൽ ചേർന്ന ഔഷധമാകുന്നു. വെങ്കൊടിച്ചുവയും കൊടിച്ചുവയും എന്നിങ്ങനെ രണ്ടുതരത്തിലുണ്ട്. ഇവ കഫപിത്തരക്തങ്ങളിലുണ്ടാകുന്ന കഫം, കുഷ്ഠം, പിത്തം, വാതരക്തം, രക്തദോഷം, ജ്വരം, സർവ്വാംഗവാതം, ഭ്രമിവാതം, വെള്ളപോഹം, ശരീരത്തിലുണ്ടാകുന്ന ചൊറി, ചിരങ്ങ് ഇവയെ ശമിപ്പിക്കും. ജാരാഗ്നിയേയും ദോഷബലത്തേയും വർദ്ധിപ്പിക്കും. മൂത്രത്തെ പരിപ്പിക്കും. മലശോധനയെ ഉണ്ടാക്കും.)
വെട്ടിക്കുതിര=വെട്ടിക്കുതിര.

(ഇതു പുനർനവവർഗ്ഗത്തിൽ ചേർന്ന ജാരൗഷധമാണെന്നു സുശ്രുതമതം. ഇതു കുതിരയിൽ കുരുപ്പു കനിക്കുന്ന ഒരുതരം കുരുയാകുന്നു. ഇതിന്റെ മാംസം കുരുടെപ്പോലെതന്നെ ഗുണമുള്ളതാകുന്നു. കഫം, പിത്തം, ബലം, ധാതുബലം ഇവകളേയും ഇതിനെ വിശേഷിച്ചും വർദ്ധിപ്പിക്കും.)
വെട്ടിച്ചേമ്പ്=വെട്ടിച്ചേമ്പ്.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. വയറ്റിൽ സ്ഥംഭനത്തെ ഉണ്ടാക്കും. മൂലപ്രവാഹിനെ വർദ്ധിപ്പിക്കും. മലമൂത്രശോധനയെ ഉണ്ടാക്കും. പിത്തം, രക്തദോഷം, ചുട്ടുനീർ, വെള്ളപോഹം, ശരീരശോഷം ഇവയെ ശമിപ്പിക്കും. കഫം, വാതം, മേഹബലം, ക്ഷീണം ഇവയെ വർദ്ധിപ്പിക്കും. രക്തത്തെ ശുദ്ധിയുണ്ടാക്കും. ഗുണങ്ങൾകൊണ്ടു് വെൺപാതിരിക്കു് തുല്യമാകുന്നു. രക്തദോ

വെണ്ചന്ദനം-വെൺചന്ദനം

(ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചന്ദനങ്ങളിൽ പലതരത്തിലുണ്ടു്. രാസവിശ്ലേഷികകൊണ്ടു് മിക്കവാറും എല്ലാ സമാനങ്ങളോടൊക്കെയും ഗന്ധം കൊണ്ടു് വ്യത്യസ്തങ്ങളാണു്. മറ്റുള്ള ചന്ദനത്തെ അപേക്ഷിച്ചു് വെൺചന്ദനത്തിനു് കൂടുതൽ സൌരഭ്യമുണ്ടു്.

"ശ്വേതചന്ദനമത്യുഗ്രം
സുഗന്ധി ഗുരു പുഷ്പിതം."

ഇങ്ങനെ ഭാവപ്രകാശത്തിൽ ഉണ്ടു്. ഇതു് ത്രിദോഷം, രക്തദോഷം, ക്ഷയം, വ്രണം, ചൊറി, കഫം, മറ്റു വിഷം ഇവയെ ശമിപ്പിക്കും.

"പ്രീതശ്ച ചന്ദനഃ ശീത-
സ്തിക്തഃ കാന്തികരോ മതഃ;
വിഷച്ഛർദ്ദികാ കുഷ്ഠകണ്ഡൂ-
കൃമിദുർവിഷാപഹഃ."

എന്ന രാജനിഘണ്ടു രത്നാകരം.)
വെൺചെന്നെല്ലു്=വെൺചെന്നെല്ലു

(വെൺചെന്നെല്ലു് ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശാലിനെല്ലിന്റെ ഗുണങ്ങൾ സാമാന്യേന ഇതിനുമുണ്ടായിരിക്കും. കിളികാരിച്ചെന്നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു ഇതു്. കഫത്തെ വർദ്ധിപ്പിക്കും. അല്പമായി മലബന്ധമുണ്ടാക്കും. വിപാകത്തിങ്കൽ മധുരവും സ്നിഗ്ദ്ധവും ആകുന്നു.)
വെൺപാതിരി=വെൺപാതിരി.

(ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നകഫപിത്തഔഷധമാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും ശരീരത്തിനു പുഷ്ടിയുണ്ടാക്കും. ഗുണങ്ങൾകൊണ്ടു് വെൺപാതിരിക്കു് തുല്യമാകുന്നു. രക്തദോ

ഷം, നാക്കുപി, വ്രണം, രക്തദോഷം, വെള്ളപാണ്ടു, പാണ്ടു, രക്തപിത്തം, ഗുൽമം, ഇവയെ ശമിപ്പിക്കും.

[illegible]

എന്നു രാജനിഘണ്ടു.

വെൺമുരിങ്ങ=വെൺമുരിങ്ങ.

(ഇതു് വാകവർഗ്ഗത്തിൽ ചേർന്ന കാട്ടുവൃക്ഷമാകുന്നു. പലതരത്തിലുള്ള ഇലകളിൽ വെച്ചു് വെൺമുരിങ്ങയ്ക്കു് ഗുണാധിക്യമുണ്ടു്. വിഷത്തിനു പരിഹാരത്തെയും വരുത്തിക്കും. മുറിവിനെ ഉണക്കും. പുഴുവു, വ്രണം ഇവയെ ഉണ്ടാക്കും. പ്രമേഹത്തെയും ഉണ്ടാക്കും.

വിഷഘ്നോരാഹകുഷ്ഠഘ്നഃ;
പൂതിവ്രണവിഷപ്രണുത്
വ്രണ്യോ ഗുരുഃ പിത്തരക്തകൃത്."

എന്നു ഭാവപ്രകാശം.

വെണ്ണ=വെണ്ണ

വെണ്ണപ്പുഷ്പവർഗ്ഗത്തിൽചേർന്ന ഔഷധവൃക്ഷമാകുന്നു. ഇതിന്റെ എണ്ണയും വഴിപ്പിക്കും. പിച്ചിലിനെപ്പോലെയിരിക്കും. മലബന്ധത്തെ ഉണ്ടാക്കും. വാതം, ചൂടു, അഗ്നിമാന്ദ്യം, പീനസം ഈ രോഗങ്ങൾക്കു് ഹിതമല്ല.

വെണ്ണ=വെണ്ണ

(ഇതു് പേയവർഗ്ഗത്തിൽചേർന്നതാകുന്നു. വാതം, പിത്തം, രക്തദോഷം, തണ്ണീർദാഹം, ചുടുനീർ, ക്ഷയം, അർശസ്സു്, ചൂടു, പുക്കൾ, അരുചി, പ്ലീഹ, ഗ്രഹണി, രക്തപിത്തം, നേത്രരോഗം, ഉന്മാദം, ശരീരശോഷം, മാന്ദ്യം, ജ്വരം ഇത്യാദി വികാരങ്ങളെയും ശമിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. ഓരാഗിനെ നല്ലപോലെ വഴിപ്പിക്കും. ശീതവീര്യത്തോടുകൂടിയതാകുന്നു. ശരീരത്തെ തടിപ്പിക്കും. ജീവനെ രക്ഷിക്കും. ഇളപ്രായത്തെയും നപുംസകത്തെയും കൊഴുപ്പിനെയും മേദസ്സിനെയും വർദ്ധിപ്പിക്കും. വെണ്ണയ്ക്കു് ഒരുപോലെയിരിക്കുന്നതും കഴിയുന്നതും ഗുണങ്ങൾ കുറഞ്ഞിരിക്കും.)

"ഘൃതാഗ്രമാദ്യം ശിശിരം ത്വഗാമയ-
മൃത്തരോത്തരമഗ്നിദീപകം;
ബാല്യം സുവീരോഗ്യമായുഷ്യം
മധുരം തദ്ധി കൃതം നവോദ്ധൃതം."

എന്ന രാജനിഘണ്ടു.

"ശീതം വർണ്ണബലാവഹം സുമധുരം
വൃഷ്യം ച സംഗ്രാഹകം
വാതഘ്നം കഫകാരകം രുചികരം
സർവാഗ്നിബലാവഹം;
കാന്തിഘ്നം ശ്രമനാശനം സുഖകരം
കാന്തിപ്രദം പുഷ്ടിദം
മേധാബുദ്ധിനയസ്മൃതിപ്രദമിദം
നോ സർവരോഗാപഹം."

എന്ന രാജനിഘണ്ടു.

എരുമ വെണ്ണവാതത്തെയും കഫത്തെയും ഉണ്ടാക്കും. ഗുരുത്വത്തോടുകൂടിയതാകുന്നു. ചുട്ടനീരലിനേയും പിത്തത്തെയും ശ്രമത്തെയും ശമിപ്പിക്കും. മേദസ്സിനേയും ജ്ഞാനത്തെയും അതിശയേന വർദ്ധിപ്പിക്കും. പുതിയ എരുമവെണ്ണയും പഴുവിൻ വെണ്ണയും ഗുണങ്ങൾകൊണ്ടു തുല്യമാകുന്നു. ബാലന്മാർക്കും വൃദ്ധന്മാർക്കും ഒരുപോലെ അനുകൂലമാകുന്നു. ബലത്തെയും ധാതുപുഷ്ടിയെയും ഉണ്ടാക്കും.

ച്ചിക്കാവുന്നതാണ്. അധികം മധുരിപ്പിക്കരുത്. മധുരിപ്പിക്കുന്നതിനു മുമ്പ് ദഹിച്ചുപോകുന്നതാണ്.

ചതുർജാതപ്പൊടിയുടെ ഉപയോഗം ചുവടെ ചേർക്കുന്നു.

"ത്വഗേലാപത്രനാഗകേസരാണാം
ചൂർണ്ണത്രയം സകൃദിദം പ്രയച്ഛതേ"

ഗദനിഷ്ടാമപഹരതി. ഭാ. പ്ര.

ചുക്കുപൊടിയും പഞ്ചസാരയും ഇവയുടെ കാരത്തിൽ ഉപയോഗിക്കുന്നതും ചുവടെ ചേർക്കുന്നു.

"നാഗരാകേസരോപേതാ-
മിശ്രീ ദദ്യാൽ സുഖാരകം;
ദീപ്താഗ്നേ ശ്രമ നാശായ
നവനീതം ചിരന്തനം."

വൈദ്യവിലാസം

(ചിത്രകം, രക്തശോധനം, ഗുൽമം, മൂത്രകൃച്ഛ്രം, മൂത്രാഘാതം, വിസൂചി, നീരക്കേറ്റം, ശരീരക്ഷീണം ഇവയെ ഉണ്ടാക്കും. ദന്തശോധനത്തെയും നാഡീവ്രണത്തെയും ശമിപ്പിക്കും.)

വെൺകടുകുതൈലം.

(ഇതു വാതഹരൗഷധങ്ങളിൽ ചേർന്ന സ്നായുരോഗത്തിനു നല്ലതാകുന്നു. പച്ചിലഗവ്യത്തിൽ ചേർന്ന ഛാഗലമാംസമെന്നും പക്ഷിമാംസത്തിനു തുല്യം. ഇതിന്റെമാംസം പുളിയുടെ മാംസത്തിനു തുല്യമാകയാൽ കഫം, മൂക്ക് വായുമുട്ടൽ, മുതലായവയെ ശമിപ്പിക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. നിത്യവും ഉപയോഗിക്കാവുന്നതാകുന്നു. പുള്ള മാംസം സിംഹമാംസത്തിനു തുല്യമായതുകൊണ്ടു വാതം, നേത്രരോഗം, ഹൃദ്രോഗം, പ്രമേഹം, മഹോദരം. ക്ഷയം, ജാഡ്യം, ഗ്രഹണി, പഴകിയ അർശ്ശസ് ഇവയെ കൂടി ശമിപ്പിക്കുന്നതിനു പറ്റിയതാകുന്നു.

"ശ്വേതാ യാ മാരിണം വായു
നയതീതഃ; നവാന്നതഃ
ന ശ്ലീപദം പ്രപദ്യന്തേ
യത്ര ദ്വേ നകുലാഃ പ്രിയേ."

ചിത്രകം, കുടകോഷ്ഠം, ഇന്ദ്രവാരുണി, ചുക്ക്, ത്രിഫല, ത്രികടു, ഇരുവേലി, ചിറ്റമൃത്, ഇരട്ടിമധുരം, കടുക്കത്തോട്, ത്രിവൃത്, ചിറ്റരത്ത, ഇവയെ ഉണ്ടാക്കും. കുടകപ്പാലയുടെ തൊലി, ഇലവർഗ്ഗം, ഇവയെ ഉണ്ടാക്കും. കുമിൾ, പുഴുക്കടി, ചൊറി, ചിരങ്ങ്, മറുകു് ഇവയെ ശമിപ്പിക്കും.

ആനച്ചുണ്ട വേരിനെ ദീപിപ്പിക്കും. മലത്തെ തടഞ്ഞുനിർത്തും. കുമിളയും പിണർത്തിനെയും കൂടെത്തെയും ശമിപ്പിക്കും.

കുതിരവെണ്ണ കണ്ണിനു ഹിതമല്ല. കൂടെത്തെയും വാരുത്തെയും ശമിപ്പിക്കും.

കുതിരവെണ്ണ ബലത്തെ ഉണ്ടാക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. കഫവാതങ്ങളെയും മൂത്രാഘാതത്തെയും ശമിപ്പിക്കും.

ഒട്ടകവെണ്ണ പുളിയുള്ളതാകുന്നു. ജ്വരാഗ്നിയെ ദീപിപ്പിക്കും. വ്രണത്തെയും കൃമിയെയും നശിപ്പിക്കും.

മുലപ്പാൽവെണ്ണ രുചിയെ ഉണ്ടാക്കും.കണ്ണിനുഹിതമാകുന്ന ജ്വരാഗ്നിയെ ദീപിപ്പിക്കും. സർവ്വരോഗങ്ങളേയും വിഷത്തെയും ശമിപ്പിക്കും

പാലിൽ നിന്നെടുക്കുന്ന വെണ്ണ കണ്ണിനു് ഹിതമാകുന്നു. രക്തപിത്തത്തശമിപ്പിക്കും. ഇക്കൂട്ടത്തെ വെണ്ണ

മാണെന്നു ഓർമിച്ചു കൊള്ളണം. കഫം, ശ്ലേഷ്മം, പിത്തം, ബലം, മാംസം ഇവയെ വർദ്ധിപ്പിക്കുകയും ചെയ്യും.)

വെടിവയമ്പു്=വെടിവയമ്പു്.

(വെടിവയമ്പു് പണ്യവർഗ്ഗത്തിൽ ചേർന്ന കാസ്തുദ്രവ്യമാകുന്നു. ഇതു് പേഷ്യയിലാണു് അധികമായി ഉണ്ടാകുന്നതു്. പേഷ്യയ്ക്കു പാരസീകമെന്നു് പുരാതന നാമമുണ്ടു്. അതിനാൽ അവിടെ ഉണ്ടാകുന്നതായതുകൊണ്ടു് 'പാരസീകവചാ' എന്നും ഇതിനു പേരു പറയും. ഇതു വയമ്പിനെപ്പോലെ ദുർഗ്ഗന്ധമുള്ളതല്ല. ശ്ലേഷ്മത്തിനേയും അഗ്നിയേയും വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മാർഗ്ഗശക്തിയെ ഉണ്ടാക്കും.)

വെടിവാലിച്ചെന്നെല്ലു് = വെടിവാലിച്ചെന്നെല്ലു്

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാനമാകുന്നു. ശാലിയുടെ സാമാന്യഗുണങ്ങളൊക്കെ ഇതിനുമുണ്ടു്. വിപാകത്തിൽ മധുരരസമാകുന്നു. ശ്ലേഷ്മത്തെ വർദ്ധിപ്പിക്കും. അല്പമായി മലബന്ധമുണ്ടാക്കും.)

വെടിവേലാ=വെടിവേലാ.

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതിന്റെ തടിയിൽ സൂചിപോലെയുള്ള ഇരട്ട മുള്ളുകൾ ഉണ്ടു്. നെല്ലിയിലപോലെ ഇലയും മഞ്ഞനിറമുള്ള പൂവും പുളിഞ്ചിക്കായും ഉല്പന്നമായ കായ്ക്കും ആണു് ഇതിനുള്ളതു്. ഇതു് അധികവും ജലാശയപ്രാന്തങ്ങളിലുള്ള മരുൽപ്രദേശങ്ങളിലാണു് ഉണ്ടാകാറുള്ളതു്. കഫം, പിത്തം, ചുട്ടനീർ, അതിസാരം, അമാതിസാരം, രക്താതിസാരം, കാസം, ആർശസ്സു്, കൃമി, വിഷം, ക്രിമി ഇവയെ ശമിപ്പിക്കും. ഇതിന്റെ പശ വാതപിത്തങ്ങളേയും രക്തപിത്തത്തേയും അസൃഗ്ദരം, പ്രമേഹം, രക്താതിസാരം, ഇവയേയും ശമിപ്പിക്കും. മുറിവിനെ തമ്മിൽ യോജിപ്പിക്കും. ചതവു, മുറിവു മുതലായ സ്ഥലങ്ങളിൽ നിന്നും പുറപ്പെടുന്ന രക്തത്തെ തടഞ്ഞുനിറുത്തും. മലത്തെ ബന്ധിക്കും. ഇതിന്റെ ഇല കഫവാതങ്ങളേയും കൃമി, ആർശസ്സു് ഇവയേയും ശമിപ്പിക്കും. രുചിയുണ്ടാക്കും. മലബന്ധകരമാകുന്നു. ശ്ലീപദത്തെ ക്ഷയിപ്പിക്കും)

വെള്ളിച്ചെണ്ണ=വെള്ളിച്ചെണ്ണ.

(ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. പഴകിയ വെള്ളിച്ചെണ്ണയ്ക്കു വ്രണങ്ങളെ ശമിപ്പിക്കുന്നതിനു വളരെ ശക്തിയുണ്ടെന്നു് വൃദ്ധവൈദ്യാഭിപ്രായം. ശ്ലീപദത്തെയും ധാതുക്കളേയും കൃമിയേയും വർദ്ധിപ്പിക്കും. മുറിവിനെ തമ്മിൽ ചേർക്കും; ബുദ്ധിയെ തെളിയിക്കും. തലമുടിയെ നന്നാക്കും. ജാരാഗ്നിയെ മന്ദിപ്പിക്കും. മലമൂത്രങ്ങളെ ശോധിപ്പിക്കും. വാതം, പിത്തം, കാസം, ശ്വാസം, ക്ഷയം, പ്രമേഹം ഇവയെ ശമിപ്പിക്കും.)

വെള്ളത്ത അമ്പൽ=വെള്ളത്തഅമ്പൽ

(ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം. ചുട്ടനീർ, തളർച്ച ഇവയെ ശമിപ്പിക്കും. അമ്പലിന്റെ എല്ലാ ഗുണങ്ങളും ഇതിനു ഉണ്ടായിരിക്കും. അതിനാൽ ഛർദ്ദി. ചുഴൽച, കൃമി, നേത്രരോഗം, ജ്വരം എന്നിവയേയും ശമിപ്പിക്കും. അമ്പലിനു് താമരപ്പൂവിന്റെ എല്ലാ ഗുണങ്ങളും ഉണ്ടായിരിക്കുമെന്നു സംഗ്രഹത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ടു താമരപ്പൂവിന്റെ മറ്റു ഗുണങ്ങളും ഇതിനുണ്ടായിരി

ക്കും ഇതു രക്തപിത്തത്തെ അതിശയേന ശമിപ്പിക്കും ഇതിന്റെ ഗുണങ്ങൾ വിഷം, രക്തദോഷം, അതിസാരം, പ്രമേഹം, ചുട്ടുനീർ ഇവയെ ശമിപ്പിക്കും. വാതകഫങ്ങളെയും ഇല്ലാതാക്കുവാൻ വഹിപ്പിക്കും.)

വെള്ളത്ത ഇരുവേലിവേര=വെള്ളത്ത ഇരുവേലിവേര.

(ഇതു വൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. സാധാരണ ഇരുവേലിന്റെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. വിശേഷിച്ചു പിത്തത്തെയും ചുട്ടുനീരിനെയും ശമിപ്പിക്കും.

"രോചനാദീപനശ്വാസ
കാസശ്രീഹാ പിത്തമോഹനുത്."

എന്നു രാജനിഘണ്ടു.)

വെള്ളത്ത കടലി=വെള്ളത്ത കടലി.

(ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഇതിനു കറുത്ത കടലിയുടെ എല്ലാ ഗുണങ്ങളും ഉണ്ടായിരിക്കും. ഇവയിൽ ശ്രേഷ്ഠമായിട്ടുള്ളതു് വെള്ളത്ത കടലിയാകുന്നു. കഫം, വാതം, വിഷം, ഗുന്മം, വയറുവീർപ്പു്, അജീർണ്ണം, ശൂലം മുതലായവയെ ശമിപ്പിക്കും.)

വെള്ളത്ത കടല=വെള്ളത്ത കടല

(ഇതു ശിംബിവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യദ്രവ്യമാകുന്നു. ഇതിനു കടലയുടെ എല്ലാ ഗുണങ്ങളും ഉണ്ടായിരിക്കും. കഫം പിത്തം, രക്തദോഷം, കൃമി, ജ്വരം മുതലായവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. വാതത്തെ അധികമായി വർദ്ധിപ്പിക്കും.

വെള്ളത്ത കണകോരിച്ചുണ്ട=വെള്ളത്ത കണകോരിച്ചുണ്ട

(ഇതു വൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. വെള്ള ചെറുവഴുതിനയുടെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. വെള്ളത്ത ചെറുവഴുതിനയ്ക്കു തുല്യമായതുകൊണ്ടു വാതം, കഫം, രക്തപിത്തം, വായുമുട്ടൽ, ചുമ, ശർദ്ദി, ഹൃദ്രോഗം മുതലായവയെ ഇതു ശമിപ്പിക്കും. ഇതിന്റെ കായു് വെള്ളത്തചെറുവഴുതിനയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.)

വെള്ളത്ത കുപ്പർവഞ്ചി=വെള്ളത്ത കുപ്പർവഞ്ച

(ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. പിത്തം, പ്രമേഹം, ശൂലം, ക്ഷയം, മൂത്രാഘാതം, മൂത്രകൃച്ഛ്രം, അശ്മരി ഇവയെ ശമിപ്പിക്കും.)

വെള്ളത്തകുന്നി=വെള്ളത്തകുന്നി

(ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. ചുവന്ന കുന്നിയുടെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. വെള്ള കുന്നിവശ്യപ്രയോഗത്തിൽ വളരെനല്ലതാകുന്നു. വാതം, പിത്തം, ജ്വരം, വായ്പരിച്ചു, തണ്ണീർദാഹം, തലതിരിച്ചിൽ നേത്രരോഗം, ചൊറി, വ്രണം മുതലായവയെ ശമിപ്പിക്കും.)

വെള്ളത്ത കൊഴിഞ്ഞിൽ = വെള്ളത്ത കൊഴിഞ്ഞിൽ

(ഇതു ക്ഷുദ്രകുപവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. ഇതിന്റെ പൂവു വെളുത്തതായിരിക്കും. ഇല കൊഴിഞ്ഞിലിന്റെ ഇലയെക്കാൾ ചെറുതുമായിരിക്കും. വാതം, കഫം, കൃമി, വ്രണരോഗം, യകൃത്തു്, പ്ലീഹ, വായുമുട്ടൽ മുതലായവയെ ശമിപ്പിക്കും.)

വെളുത്തചെമ്പരത്തി=വെളുത്തചെ
മ്പരത്തി.

[illegible] വെളുത്തചെമ്പരത്തിപ്പൂവ് കുട്ടികൾക്കു
[illegible] കൊടുത്താൽ കുട്ടികൾക്കുണ്ടാകുന്ന
ചൊറിച്ചിൽ കുട്ടി.

(ഇതു് ഔഷധപ്രയോഗത്തിനു ചേർന്ന കഷണ്ടിയുണ്ടാകുന്നു. വെളുത്ത കടലാടിവേരു് ഉണങ്ങിപ്പൊടിച്ചതു് ഉണ്ടാകിയിരിക്കുന്ന കാടി, വിനാഗിരി, വിളക്കെണ്ണ ഇവയിൽ ചേർത്തു് ശിരോഭ്യംഗം ചെയ്യിക്കും.)

വെളുത്തചെമ്പരത്തിവാസ്തുക്ക്=വെളുത്തചെമ്പരത്തിവാസ്തുക്കീര.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഇതിന്റെ ഇലയുടെ തുമ്പത്തിന്റെ നിറവും രുചിയും ഉള്ള തണ്ടുകൾ നീക്കം ചെയ്തു ശുദ്ധിചെയ്തു് ഉപയോഗിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. വാതത്തെയും കഫത്തെയും ശമിപ്പിക്കുവാൻ പ്രത്യേകം കഴിവുള്ളതാണു്. മലബന്ധത്തെ ഉണ്ടാക്കും.

വെളുത്തചെമ്പരുത്തിവേരു്=വെളുത്തചെമ്പരുത്തിയുടെ വേരു്.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഇതു് പലതരത്തിലുണ്ടു്. വാതം, കഫം, വയറുവീർപ്പു്, ഗുൽമം, പീനസം ഇവയെ ശമിപ്പിക്കും പിത്തത്തെയും ജഠരാഗ്നിയേയും വർദ്ധിപ്പിക്കും. മലശോധനയെയുണ്ടാക്കും. ഹൃദയപ്രസാദത്തെയുണ്ടാക്കുന്നു. രുചിപ്രദമാകുന്നു.)

വെളുത്തവെള്ളരി=വെളുത്തവെള്ളരി.

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ശാകമാകുന്നു. ഇതു് പലതരത്തിലുണ്ടു്. വാതം, കഫം, വയറുവീർപ്പു്, ഗുൽമം, പീനസം ഇവയെ ശമിപ്പിക്കും പിത്തത്തെയും ജഠരാഗ്നിയേയും വർദ്ധിപ്പിക്കും. മലശോധനയെയുണ്ടാക്കും. ഹൃദയപ്രസാദത്തെയുണ്ടാക്കുന്നു. രുചിപ്രദമാകുന്നു.)

വെളുത്തവെള്ളുള്ളസി=വെളുത്തചെറുവെള്ളുള്ളസി.

(ഇതു് ഉഷ്ണവീര്യത്തിൽ ചേർന്ന കഫപ്രധാനവ്യാധികളെ നശിപ്പിക്കുന്നതിൽ ചേർന്നതിനു പ്രത്യേകം. ഗ്രഹിണിയെക്കൊണ്ടു ചെറുവെള്ളുള്ളസിയേയും ഒന്നിച്ചുകൂട്ടുന്നു. കഫം, വാതം, കൃമി, ചുമ, കുഷ്ഠം, വിഷം, ജ്വരം മുതലായവയെ ശമിപ്പിക്കും. തലമുടിയെ നശിപ്പിക്കും.)

വെളുത്തചെറുവഴുതിന=വെളുവഴുതിന.

(ഇതു് കടുകുവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷാന്തരം. വെളുവഴുതിനയുടെ ഗുണങ്ങളെല്ലാം ഇതിനുണ്ടായിരിക്കും. വാതം, കഫം, കൃമി, വായുക്കുറ്റം. ഇതുചിമുതലായവയെയും ശമിപ്പിക്കും.)

വെള്ളാമ്പോന=വെളുത്തചോന.

(ഇതു് ശാകവർഗ്ഗത്തിൽപ്പെട്ട കന്ദശാകമാകുന്നു. സാധാരണ ചോനയുടെ ഗുണങ്ങളെല്ലാം ഇതിനും ഉണ്ടായിരിക്കും. കഫം, പ്ലീഹ മുതലായവയെ ശമിപ്പിക്കും. ആമത്തെ വഷിപ്പിക്കും. ശ്വാസോപദ്രവത്തെ ശമിപ്പിക്കും. ഹൃദ്യസ്ഥിതിയെ വിശേഷിച്ചും നല്ലതാകുന്നു. വെളുത്തചോന ഇവിടെ കൂട്ടുചോനയായിട്ടാണു് സങ്കല്പിച്ചിരിക്കുന്നതു്.

വെളുത്തചോളം=വെളുത്തചോളം

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിപ്രദവും പഥ്യവും ആയിരിക്കും. തൃദോഷം, അർശ്ശസ്സു, ഗുന്മം, വ്രണം ഇവയെ ശമിപ്പിക്കും.)

വെളുത്തജീരകം=വെളുത്തജീരകം.

(ഇതു് പഞ്ചവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, രക്തദോഷം. നേത്രരോഗം. കൃമി, വയാടപ്പു, വിഷം, ചുട്ടി കുഷ്ഠം, ജ്വരം ഇവയെ ശമിപ്പിക്കും. ബലത്തെയും ബീജത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ആമത്തെ പചിക്കും. ബുദ്ധിയെ നന്നാക്കും. മലബന്ധത്തെ ഉണ്ടാക്കും. രുചിപ്രദമാകുന്നു. ഗർഭാശയത്തിലുള്ള ദോഷത്തെ തീക്കും. ഇതിന്റെ ഇല ഇക്കിട്ട, ചുമ, വായുമുട്ടൽ. വിഷം. കൃമി, ദുർഗന്ധം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലശോധനയെ ചെയ്യും. കണ്ണിന് ഹിതമല്ല. പുതിയപ്പുന്നാടന്റെ വരുത്തും.

"ഇട്ടിജീരം കടു ഗ്രാഹി
വാചനം ദീപനം ലഘു;
കിഞ്ചിദുഷ്ണം ച മധുരം
ചക്ഷുഷ്യം രുചികൃന്മതം;
ഗർഭാശയശുദ്ധികരം
രൂക്ഷം ബല്യം സുഗന്ധികം;
തിക്തം വമിക്ഷയാധ്മാന
വാതാൻ കൃഷ്ണം വിഷം ജ്വരം;
അരോചകം രക്തദോഷ
മതിസാരം കൃമീംസ്തഥാ
പിത്തം ച ഗുല്മരോഗം ച
നാശയേദിതി- കീർത്തിതം."

എന്നു നിഘണ്ടു രത്നാകരം.)

വെള്ളത്തകവിഴാമ = വെള്ളത്തകവിഴാമ.

(ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. അർശസ്സു, പാണ്ഡു, ശോഫം, പ്ലീഹരോഗം, കാസം. ശൂലം, രക്തവികാരം, ഗുദവികാരം, വിഷം, കഫദോഷം, വ്രണം, കൂടുവിഷം, ഉദരരോഗം, വ്രണം, കൂടുവിഷം, ഉരക്ഷതം ഇവയെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ജ്വരത്തെ നശിപ്പിക്കും. ജ്വരാഗ്നിയെ ദീപിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദ്യപ്രിയത്തെ വരുത്തും.)

വെള്ളത്താമര=വെള്ളത്താമര.

(ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, വെള്ളദോഷം, കഫം, പിത്തം, ശ്രമം, സർവ്വാംഗസന്താപം. ശോഫം, വ്രണം, ജ്വരം, വിസർപ്പരോഗം ഇവയെ ശമിപ്പിക്കും. ശീതവീര്യത്തോടും മധുരം, കയ്പ്പു്, കഷായപ്പു് ഈ രസങ്ങളോടും കൂടിയതാകുന്നു. നല്ല നിറത്തെ ഉണ്ടാക്കും. കണ്ണിനു് അനുകൂലമാകുന്നു.)

വെള്ളത്തിന=വെള്ളത്തിന.

(ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യദ്രവ്യമാകുന്നു. തിനയുടെ എല്ലാ ഗുണങ്ങളും ഇതിനുണ്ടായിരിക്കും. പിത്തം, ചുട്ടനീറ്റ് ഇവയെ ശമിപ്പിക്കും. വാതത്തെയും കഫത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും.)

വെള്ളത്തുളസി=വെള്ളത്തുളസി.

(ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. തുളസിയുടെ ഗുണങ്ങളെല്ലാം ഇതിനുണ്ടായിരിക്കും. രക്തദോഷം, വീക്കം, കൃമി, കൃഷ്ണകുഷ്ഠം, കൂടുവിഷം മുതലായവയെ ശമിപ്പിക്കും.)

വെള്ളത്തുളസി=വെള്ളത്തുളസി.

(ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. കുരുത്തും വെളുത്തും രണ്ടു തരത്തിലുണ്ടു്. രണ്ടും ഗുണങ്ങൾകൊണ്ടു് തുല്യങ്ങളാണെങ്കിലും അല്പം ഗുണാധിക്യം വെളുത്തതിനാണെന്നാണു് ആചാര്യസമ്മതം. വെളുത്തതിന്റെ അഭാവത്തിൽ കുരുത്തു് ചേർക്കുന്നതിനു വിരോധമില്ല.

അർശഃഗുല്മവിഷാപസ്മാരകൃമിരക്തപിത്തവിഷമജ്വരാൻ ശമയതി ശ്വേതകുരണ്ടോവൃഷ്യഃ സ്വാദുരുഷ്ണോ ബാലഗ്രഹാൻ ഭിനത്തി.”

എന്നിങ്ങനെ ഗുണമുണ്ട്. കഫം, പിത്തം, രക്തപിത്തം, വിഷം, വായുമുട്ട്. തണ്ണീർത്താഹം മൂത്രകൃച്ഛ്രം, വസൂരിയിലുള്ള വേദന, കാമല, പ്രമേഹം, വ്രണം, ചർദ്ദി, മൂർച്ഛ, ഭ്രാന്തു ഇവയെ ശമിപ്പിക്കും.)

വെളുത്ത മാൻ=വെളുത്ത നിറവും തടിച്ച കൊമ്പുമുള്ളമാൻ.

(ഇതിന്റെ മാംസത്തിനു് മാനിന്റെ മാംസത്തിനുള്ള ഗുണങ്ങളും ഉണ്ടായിരിക്കും. ഇതു ശ്വാവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും വസൂരിയുടെ വേദനയെയും. ഭയത്തെയുണ്ടാക്കുന്നു.)

വെളുത്ത നൊച്ചി=വെളുത്ത നൊച്ചി

(ഇതു് ചുക്ഷുപവർഗ്ഗത്തിൽചേർന്ന ജലജന്യദ്രവ്യമാകുന്നു. നൊച്ചിയുടെ ഗുണങ്ങളും എല്ലാം ഇതിനുണ്ടായിരിക്കും. വിശേഷിച്ചു സന്ധിവാതം, ഉദാവർത്തം മുതലായവയെ ശമിപ്പിക്കും.)

വെളുത്ത പാൽപ്പോറ്റി=വെളുത്ത പാൽപ്പോറ്റി.

(ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു് പാൽപ്പോറ്റിയോടു തുല്യമായതിനാൽ കഫം, പിത്തം, രക്തദോഷം മുതലായവയെശമിപ്പിക്കും. കണ്ണിനു ഹിതമാകുന്നു.)

വെളുത്തപൂവുള്ള ചെമ്മരം=വെളുത്തപൂവുള്ള ചെമ്മരം.

(ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന ജലജന്യദ്രവ്യമാകുന്നു: വാതം, കഫം, പ്ലീഹ, യകൃത്തു്, ആനാഹം, മഹോദരം, ഗുന്മം, കൃമി, വ്രണം മുതലായവയെ ശമിപ്പിക്കും. ഗുണങ്ങൾകൊണ്ടു ചെമ്മരത്തോടു തുല്യമാകുന്നു.)

വെളുത്ത മന്താരം=വെളുത്തമന്താരം

(ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം. വാതം, വിഷം, വ്രീക്കം, ചൊറി, കുഷ്ഠം, വ്രണം, വിസർപ്പം. ഉദാവർത്തം, പ്ലീഹ, ഗുന്മം ഇവയെ ശമിപ്പിക്കും)

വെളുത്തമാക്കീരക്കല്ലു് =വെളുത്തമാക്കീരക്കല്ലു്.

(ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതുദ്രവ്യമാകുന്നു. വെള്ളിയുടെ ഉപധാതുവായതുകൊണ്ടു് ഇതിനു് കുറഞ്ഞാനും വെള്ളിയുടെ ഗുണങ്ങളും ഉണ്ടായിരിക്കും. വെള്ളിമാക്കീരം എന്നും പേർ പറയാറുണ്ടു്. മിക്കവാറും മാക്കീരക്കല്ലിന്റെ ഗുണങ്ങളും ഉണ്ടായിരിക്കും.

“മാക്ഷികോ രജതവാടകപ്രഭഃ
ശോധിതോതിഗുണഃ സുസേവിതഃ;
മേഹകുഷ്ഠകൃമിശോഫപാണ്ഡുതാ-
പസ്മൃതിം ഹരതി സോശുരീം
ജയേൽ;
സപ്തമാക്ഷികവദ്ദോഷാ
വിജ്ഞേയാസ്താരമാക്ഷികേ;
താരമാക്ഷികമന്യാ ഉ
തദ്ഭവേ രജതോപമം
കിഞ്ചിദ്ഗുണസാഹിത്യാ-
ത്താരമാക്ഷികമീരിതം.”)

വെളുത്തമുളകു്=വെളുത്തമുളകു്.

(ഇതു് പണ്യവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. നേത്രരോഗം, വിഷം, ഭ്രാന്തുവേഗം, സന്നിപാതം

ഇവയെ ശമിപ്പിക്കും. ത്രിഫലയെ കഷായിപ്പിച്ചിക്കും.

"കഫപിത്തഹരീമാത്രാ
വിഷ്വദ്വാതാനുലോമനീ;
ദീപനീ ത്രിഫലാചൂർണ്ണം
ക്ഷൗദ്രാജ്യാഭ്യാം രസായനം."

എന്ന രാജനിഘണ്ടു)

വെളുത്തവലിയമാൻ=വെളുത്തനിറവും മൃദുകിരി ചാരനിറവും ഉള്ള വലിയമാൻ.

(ഇതു് ഉഗ്രഗന്ധർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിനു സാമാന്യം മാനിന്റെ മാംസത്തിനു പറഞ്ഞ ഗുണങ്ങളെല്ലാം ഉണ്ടായിരിക്കും.)

വെളുത്ത വച്ചിയപിച്ചകം=വെളുത്ത വലിയ പിച്ചകം

(ഇതു് ഗന്ധസുഗന്ധർഗ്ഗത്തിൽ ചേർന്നതാകുന്നു. കുഷ്ഠപ്പു്, പിത്തം, ചൂടുനീർ, തണ്ണീർദാഹം, വലമാതിരിയിലുള്ള രക്തരോഗം, വ്രണം, രക്തവികാരം, മുഖരോഗം, നേത്രരോഗം, നേത്രരോഗം, ശിരോരോഗം വിഷം ഇവയെ ശമിപ്പിക്കും. ശീതസ്പർശത്തോടുകൂടിയ കയ്പു്, മധുരം, കയ്പു് ഈ രസങ്ങളോടും വിപാകത്തിങ്കൽ മധുരരസത്തോടു കൂടിയതും ലഘുവുമാകുന്നു.

"വ്രണാസൃഗ്ദാഹപിത്തഘ്നം
കടു പാകരസം ലഘു
ഈഷന്മധുരകം രൂക്ഷം
പിത്തശ്ലേഷ്മകഫാപഹം;
വ്രണാസൃഗ്ദാഹനുത്തക്ഷി
ശിരോരോഗവിഷാപഹം."

എന്ന രാജനിഘണ്ടു.)

വെളുത്തവെള്ളരി=വെളുത്തവെള്ളരി

(ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പിത്തം, മൂത്രകൃച്ഛ്രം, അശ്മരി, ചൂടുനീർ, രക്തപിത്തം, ദാഹം, ഭ്രമം ഇവയെ ശമിപ്പിക്കും. ഇളയകായ് വാതത്തെ കോപിപ്പിക്കും. കഫപിത്തങ്ങളെ ശമിപ്പിക്കും. പഴുത്തകായ് ഉഷ്ണവീര്യമാകയാൽ പിത്തത്തെ കോപിപ്പിക്കും. എല്ലാ വെള്ളരിയും വാതകഫങ്ങളെ ഉണ്ടാക്കും. വെള്ളരിയുടെപൂവു് മുതലായതിനെയും വർദ്ധിപ്പിക്കും.

"ചിർഭടാ ശീതളാ ഗ്രാഹീ
രുക്ഷാ മധുരാ സ്മൃതാ;
മലസ്തംഭകരീ പിത്ത-
കൃച്ഛ്രക്ലാന്ത്യശ്മരീഹരാ;
ദാഹം ഭ്രമമേഹം ഖാരം ച
ശോഷം ചൈവ വിനാശയേൽ;
തൽകോമളഫലം വാത
കോപനം കഫപിത്തനുത്;
തൽപക്വം പിത്തളഞ്ചോഷ്ണം
മുനിഭിഃ പരികീർത്തിതം."

വെളുത്താവണക്കു്=വെളുത്തആവണക്കു്.

(ഇതു ഐരണ്ഡകവർഗ്ഗത്തിൽ ചേർന്നകഫഘ്നൗഷധിയുമാകുന്നു. വാതം, ഉദാവർത്തം, കഫം, ജ്വരം, കാസം, ഉദരം, ശോഫം, ശൂലം, ആമക്കെട്ടു്, വസ്തി, ശിരസ്സു് ഈ സ്ഥലങ്ങളിലുള്ള വേദന, വായുമുട്ടൽ, ആനാഹം, കൃഷ്ണം, വൃദ്ധി, ഗ്രന്ഥി, പ്ലീഹ പിത്തം, പ്രമേഹം, വാതരക്തം, മേഢസ്സു്, ആന്ത്രവൃദ്ധി ഇവയെ ശമിപ്പിക്കും. ഇതിന്റെ തളിരു് കഫം, വാതം, കൃമി, വൃദ്ധി, ഗ്രന്ഥി, വസ്തിശൂലം ഇവയെ ശമിപ്പിക്കും. ആരിയുടെ മജ്ജ വാതം, ഗ്രന്ഥി, യകൃത്തു്, പ്ലീഹ, പ്രമേഹരോ, അശ്മരി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും മലശോധനയെ ഉണ്ടാക്കും.)

വെളുത്തീയം=വെളുത്തീയം.

മുൻപറഞ്ഞ ഏതെങ്കിലും വിധിപ്രകാരം പുരുഷായുസ്സ് മുഴുവൻ കണ്ണടഞ്ഞാതെ യഥേഷ്ടം ജീവിച്ചു് അതിനെ അളന്തീകരണം ചെയ്യുന്നതാം. അളന്തീകരണമെന്നാൽ മരണപ്രാപ്തമാക്കുക എന്നു് താത്പര്യമാകുന്നു. രോഗിക്കു് പതിനാറു ഭാഗം കല്പിക്കപ്പെടുന്നു, അതുഭാഗം വല്ലവിധേനയും, പത്തുഭാഗം അഗ്നിസ്വാധീനത്തോടെ ചെന്നുവല്ലാൽ അഗ്നിസ്വാധീനം വന്നുണ്ടെങ്കിൽ നാലു വലം ശ്രേഷ്ഠമായ നാഴിവെള്ളത്തിൽ കഷായംവച്ചു് നാലുനാഴിയാക്കി വിശിഷ്ടമരിച്ചതായ നാലുനാഴിക്കഷായവും, ഒന്നരനാഴി നെയ്യുംകൂടെ ഒരു ഇരുമ്പുചട്ടിയിലാക്കി അടുപ്പത്തുവച്ചു കുറുക്കി കരിയാതെ ഇളക്കി കഷായം വറ്റിക്കണം. ഇതാണു ചെയ്യേണ്ടതു്. ഇതല്ലാതെ ഒരു പ്രയോഗവിധിപ്രകാരം മുഴുവൻ ചെയ്തു അഗ്നിം പിന്നെയും ചെയ്യേണ്ടതു്. എന്നാൽ അതിന്റെ വീര്യം നശിക്കുകയും വിപ

ഞാട്ടം ഗൗരീതേജസ്സുകൊണ്ടു. പണ്ടു് പാർവ്വതീസ്വയംവരം കഴിഞ്ഞശേഷം പരമേശ്വരനും പാർവ്വതിയുംകൂടി ക്രീഡിച്ചുകൊണ്ടിരിക്കുമ്പോൾ ദേവകീം നമ്രാരിയമൂർത്തിയെ കാണുവാനായ കൈലാസത്തിൽ മുന്നറിവുകൂടാതെ കടന്നുചെന്നു. ഇവർ ഇങ്ങനെ ചെയ്യുവാനുള്ള സംഗതി താരകാസുരനെക്കൊണ്ടുള്ള ദോഷം സഹിക്കുവാൻ വഹിയാതെ ഞെയാർത്ഥികളായി ചെന്നതുമാണു്. ക്രീഡാസമയത്തു് അന്യന്മാരുടെ ദർശനംനിമിത്തം ലജ്ജയോടുകൂടി ശ്രീപാർവ്വതി അവിടെനിന്നും വിജനസ്ഥലത്തേക്കു പോവുകയും ചെയ്തു. ആ സമയം ദേവിയുടെ തേജസ്സു് പർവ്വതശിഖരത്തിൽ പതിക്കുകയും അതു് അഭ്രമായിത്തീരുകയും ചെയ്തു എന്നു് സ്കന്ദപുരാണത്തിൽ പറയുന്നു. അതാണു് ഇങ്ങനെ "ഗൗരീതേജസ്സു്" എന്നു പറയുന്നതു്. ഇതു് ഉൽകൃഷ്ടമായ അമൃതിനോടുതുല്യവും വാതകോപം, പിത്തകോപം എന്നിവകളെ നശിപ്പിക്കുന്നതും പ്രജ്ഞയെ ഉണ്ടാക്കുന്നതും വാൽക്യലക്ഷണമായ ജരയെ ശമിപ്പിക്കുന്നതും വൃഷ്യവും ആയുസ്സിനെ വർദ്ധിപ്പിക്കുന്നതും, ഔഷധങ്ങളിൽവച്ചു് ശ്രേഷ്ഠവും, ശരീരബലത്തെ വർദ്ധിപ്പിക്കുന്നതും, സ്നിഗ്ധവും, ശീതവീര്യമായിട്ടുള്ളതാണെങ്കിലും കഫത്തെ വർദ്ധിപ്പിക്കാത്തതും, ദീപനവും ആകുന്നു. അതായതു യോഗങ്ങളിൽ ചേർന്നാൽ സകല രോഗങ്ങളേയും നശിപ്പിക്കുന്നതും രസത്തെ ബന്ധിക്കുവാൻകൂടെ ഉപയോഗിക്കാവുന്നതും ആകുന്നു.

"ക്ഷാരാമ്ലം ടിടിലം കോലം
കക്കടീകാരവെല്ലകം;
വൃന്താകം ച കരീരാ ച
തൈലം ചാഭ്ര വിയജ്ജയേൽ."

ഞാട്ടം ശീലിക്കുന്നവൻ കാരം, പുളി—പുളിരസമുള്ളവ, പരിപ്പാക്കാവുന്ന ചെറുപയറു്, പയറു്, ഉഴുന്നു്, തൊയര, കടലയ്ക്കു മുതലായതുകൾ വന്തക്കായും, കക്കരിക്ക—വെള്ളരിക്കാ എന്നു പകരം—കുപ്പയ്ക്കാ, തക്കാരിയഴുതനങ്ങാ, ആണ്ടൽഎന്ന എന്നിവകളെ വർജ്ജിക്കുകയും വേണം.

അഭ്രകാദ്യവാനാനി.

"അഭ്രകം ച നിശായുക്തം
പിപ്പലീ മധുനാ സഹ;
വിംശതിം ച പ്രമേഹാണാം
നാശയേന്നാത്ര സംശയഃ;
അഭ്രകം ഹേമസംയുക്തം
കുഷ്ഠരോഗവിനാശനം;
രൌപ്യ ഹേമാഭ്രകം ചൈവ
ധാതുവൃദ്ധികരം പരം;
അഭ്രകം ച ഹരീതക്യാ
ഗുളേന സഹയോജിതം;
ഏലാശർക്കരയാ യുക്തം
രക്തപിത്തവിനാശനം;
ത്രികട്ടു ത്രിഫലാം ചൈവ
ചാതുർജ്ജാതം സശർക്കരം;
മധുനാ ലേഹയേൽ പ്രാതഃ
ക്ഷയാശഃപാണ്ഡുനാശനം;
ഗുഡൂചീ സത്വഖണ്ഡാഭ്യാം
മിശ്രിതം മേഹനാശനം;
ഏലാഗോക്ഷുരഭൃദ്ധാത്രീ
സിതാഗവ്യേന മിശ്രിതം;
പ്രാതഃ സംസേവിതാന്നിത്യം
ദുർമ്മഹകൃച്ഛ്രനിവാരണം;
പിപ്പലീമധുസംയുക്തം
ഭുക്തജീർണ്ണജ്വരാപഹം;
മധുത്രിഫലയാ യുക്തം
ഭിക്ഷുപുഷ്ടികരം മതം;

മൂഷാനാതു ഘൃതാ രേഫാമ
ഭ്രുണാനാം ച വിനാശനാ.
ശൊക്ഷ്ണീക്ഷ്ണീകാദ്വാഭ്യാ
ണ്ഡവൃദ്ധികരാ പരാ;
ഭല്ലാതകസ്യാപി രേഫാമ
ദോഷാ മോഹനിവാരണാ;
നാഗരാ പൊഷ്കരാ ഭാർഗ്ഗീ
ഗുഗ്ഗുലാ മധുനാന്വിതാ;
ഭാവാഗന്ധയുതാ ഘോരാ-
ഭ്രുതവ്യാധിനിവാരണാ;
ചാതുർജ്ജാതാ സിതാചാർദ്ധാ
പിത്തരോഗനിവാരണാ;
കർഷലാ പ്പ്ലക്ഷകേക്ഷുശ്ച
രുക്ഷരോഗനിവാരണാ;
സർക്കരാഘൃതാ ചാർദ്ധ
മുന്മാദാപസ്മാകാപഹാ;
ലവംഗമധുസംയുക്താ
ധാത്രീവല്ലികരപ്രഭാ;
ഗോക്ഷീരാ രക്കരായുക്താ
പിത്തരോഗവിനാശനാ;
അർക്കാ വിധിസംയുക്താ
പത്ഥ്യയാഗേന സംയുതാ;
വല്മീകമൃത്തികാക്ഷീരാ സ്യാ-
ജ്ജീരാവേച്ച ശരദ്ഭാംശുതാ;
നാത പരതരാ കിഞ്ചി-
ജ്ജരാ മൃത്യുവിനാശനാ."

ഓരോ രോഗത്തിനാ അഭ്രസ്സും ഏതേതു മരുന്നുകൾ ചേർത്തു ശീലിക്കേണമെന്നും അങ്ങനെ ചെയ്താലുള്ള ഫലവും പറയുന്നു. വരട്ടുമഞ്ഞളും തിപ്പലിയും കൂടെ പൊടിച്ചു പൊടിയും തേനും അഭ്രസ്സുവും ചേർത്തു ശീലിച്ചാൽ ഇരുപത്തുതരാ പ്രമേഹവും നശിക്കും; സംശയമില്ല. തങ്കത്തിൽ ചേർത്തു കഴിച്ചാൽ ക്ഷയരോഗം ശമിക്കും. വെള്ളിയും, സ്വർണ്ണവും, അഭ്രവും കൂടി ഒന്നിച്ചു ചേർത്തു ശീലിച്ചാൽ യാതൊരുക്കാലും പുഷ്ടിയുണ്ടാകും. അഭ്രസ്സുവും, കടുക്കയും, ശുക്കരയും ചേർത്താ, ഏലത്തരിയും പഞ്ചസാരയും ചേർത്താ ശീലിച്ചാൽ രക്തപിത്തം ശമിക്കും. ചുക്ക് മുളകു്, തിപ്പലി, കടുക്ക, താന്നിക്ക, നെല്ലിക്കാ, ഏലത്തരി, ഇലവങ്ങ ഞ്ഞാലി, പച്ചില. നാഗപ്പൂവു് ഇവ സമം പൊടിച്ചു പൊടിയിൽ പഞ്ചസാരയും തേനും കൂട്ടികുഴച്ചുതിൽ അഭ്രസ്സും ചേർത്തു ലേഹ്യപാകമാക്കി രാവിലേ സേവിച്ചാൽ ക്ഷയം, മൂലക്കുരു, പാണ്ഡുരോഗം എന്നിവകൾ ശമിക്കും. ചിറാമ്പാലു് ഇടിച്ചു പിഴിഞ്ഞ നീരിൻറെ ഉള്ളാലുംകല്പാണ്ടവും ചേർത്തു സേവിച്ചാൽ പ്രമേഹം നശിക്കും. ഏലത്തരി, ഞെരിഞ്ഞിൽ, കിഴാനെല്ലി. ഇവ പൊടിച്ചു പൊടിയും പഞ്ചസാരയും പാലിൻ നെയ്യും ചേർത്തതിൽകൂട്ടി രാവിലേ സേവിച്ചാൽ പ്രമേഹവും മൂത്രകൃച്ഛ്രവും ശമിക്കും. തിപ്പലിയും തേനുംചേർത്തു കഴിച്ചാൽ തലതിരിച്ചിലും ജീർണ്ണജ്വരവും ശമിക്കും. തേനും തിപ്പലിയും കൂട്ടിചേർത്തതിൽ ചാലിച്ചു സേവിച്ചാൽ നേത്രരോഗം ശമിക്കുമെന്നു മാത്രമല്ല ദർശനശക്തി വർദ്ധിക്കുകയും ചെയ്യും. പെരുംകുരുമ്പയുടെ ഇലാൽ ചേർത്തു സേവിച്ചാൽ ഏതുതരം വ്രണവും ശമിക്കും. പാലിൻപാലും പാൽ മുതക്കിൻ കിഴങ്ങും ചേർത്തു സേവിച്ചാൽ ശരീരബലംവർദ്ധിക്കും. ചേക്കുരുപരിപ്പു് ചേർത്തു കഴിച്ചാൽ മൂലക്കുരു ശമിക്കും. ചുക്കു്, പുഷ്കരമൂലം, ചെറുതേക്കിൻവേരു്, അമുക്കുരം ഇവ സമം പൊടിച്ചു പൊടി തേനിൽ ചാലിച്ചുതിൽ അഭ്രസ്സും ചേർത്തു ശീലിച്ചാൽ യാതവ്യാധികളെല്ലാം ശമിക്കും. ചതുർജ്ജാതവും,

പഞ്ചസാരയും കൂട്ടി ശീലിച്ചാൽ പിത്തവ്യാധിയും, കുമിഴ് നീരോടു തിപ്പലിയും തേനും ചേർത്തു ലേഹ്യപ്രായമാക്കിയതിൽ അഭ്രഭസ്മം ചേർത്തു ശീലിച്ചാൽ കഫരോഗങ്ങളും ശമിക്കും. ചവർക്കാരം, തുവച്ചിലക്കാരം മുതലായ ക്ഷാരദ്രവ്യത്തിൽ ചേർത്തു സേവിച്ചാൽ ജംരാഗ്നിക്കു വചനശക്തിയുണ്ടാക്കും. അഭ്രം ശീലിക്കുന്നവർക്ക് ക്ഷാരം യഥ്യമാണെന്നു പറഞ്ഞിട്ടുണ്ടെങ്കിലും, അഗ്നിബലം കുറഞ്ഞവർക്ക് ക്ഷാരദ്രവ്യത്തിൽ ചേർത്തു കഴിക്കാം. പക്ഷേ അവക്കാരമെന്ന ക്ഷാരം ഉപയോഗിക്കുക നിഷിദ്ധമാണ്. അതേവിധം ക്ഷാരം ചേർത്തു ശീലിച്ചാൽ മൂത്രാഘാതം, മൂത്രകൃച്ഛ്രം, അശ്മരി എന്നു മൂത്രപ്രവൃത്തി ഇവ രോഗങ്ങളെക്കൂടി നശിക്കുകയും ചെയ്യും. കഞ്ഞാവിൻ നീരിൽ കഞ്ഞാവു് കഷായം വച്ചുനീരിൽ—ചേർത്തു ശീലിച്ചാൽ ജ്വരം ശ്വസിക്കാതെ സ്തംഭിച്ചു നില്ക്കും. ഇലവംഗപ്പൂവും, തേനും ചേർത്തു ശീലിച്ചാൽ പിത്തരോഗങ്ങളെല്ലാം നശിക്കും. അഭ്രഭസ്മം ശീലിക്കുന്നതു് അതിന്റെ മാത്രാവിധി തെറ്റാതെയായിരിക്കണം. അതു സേവിക്കുന്ന കാലത്തും അതിന്റെ നല്ലരിക്കാലത്തും നല്ലവണ്ണം പത്ഥ്യം ശീലിക്കുകയും വേണം; അങ്ങനെ അഭ്രം ശീലിച്ചാൽ അന്നപാനബലംകൊണ്ടു് ഇന്നിന്ന രോഗങ്ങളെ മാറുമെന്നു് പറഞ്ഞതിനും പുറമേ ജരാനരകളെ നശിക്കുകയും ചെയ്യും. ജരാനരാദി വ്യാജ്യക്യ ചിഹ്നങ്ങളെ ശമിക്കുവാനും അകാലമരണം സംഭവിക്കാതെ ദീർഘായുസ്സായി ജീവിക്കുവാനും അഭ്രത്തെക്കാൾ വിശിഷ്ടമായ യാതൊരൌഷധവുമില്ല. ഇതു് സർവ്വോൽകൃഷ്ടമെന്നു സാരം.

അമരി.

അമരി ഒരു വിരേചനീയ ദ്രവ്യമാകുന്നു. ഇതു് മുറിയെ നന്നാക്കും. മലത്തെ ഇളക്കും. ഭ്രമരപീഡ, ബോധക്കേടു്, ചുഴൽ ഇവയേയും, കഫം, വാതം, ജ്വരം, ചുമ, ഗുന്മം, കൃമി, വാതരക്തം, മഹോദരം, പ്ലീഹ, കൂട്ടവിഷം, വ്രണം, ആമവാതം, ഉദാവൃത്തം, മദം, ഉഗ്രമായ വിഷം ഇവയേയും ശമിപ്പിക്കും.

"ഉഷ്ണം കഫന്യൂരപ്പിത്ത-
വാതപിത്താമകഫാനിലാൻ"

എന്നിങ്ങനെ മദനപാലനിഘണ്ടുവിൽ കാണുന്നു. അതിനാൽ അമരി ഉഷ്ണവീര്യത്തോടുകൂടിയതും മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുന്നതുമാകുന്നു എന്നുകൂടി ഗ്രഹിക്കുന്നു.

അമരിഎണ്ണ.

ഇതു് മലത്തെ ഇളക്കിക്കളയും. വ്രണങ്ങൾക്കു് ശുദ്ധിയെയുണ്ടാക്കും. അമരിക്കുള്ള എല്ലാ ഗുണങ്ങളും പ്രായേണ ഇതിനും ഉണ്ടു്.

അമുക്കുരം.

അമുക്കുരം ഇളകുവാൻകരമായ ഒരു ദ്രവ്യമാകുന്നു. ബലത്തേയും വിശേഷിച്ചു ശുക്ലത്തേയും വർദ്ധിപ്പിക്കും. നിറത്തെ നന്നാക്കും. ജരാവ്യാധി, വാതം, കഫം, ശ്വിത്രം, വീക്കം, ക്ഷതം, ക്ഷയം, ചുമ, വായുമുട്ടൽ, ജ്വരം, ആമവാതം, വ്രണം, ചൊറി, വിഷം ഇവയെ ശമിപ്പിക്കും.

"ശ്വാശഗുല്മാനിലശ്ലേഷ്മ-
ശ്വേതകുഷ്ഠക്ഷതക്ഷയാപഹം
ബല്യം രസായനം മേധ്യം
കഷായമുഷ്ണവീര്യകം"

ഇങ്ങനെ മദനപാലനിഘണ്ടുവിൽ കാണുന്നു. അതിനാൽ അമുക്കുരം കുഷ്ഠം, ചൊറി ഈ രണ്ടുള്ളതും

ഉണ്ടുവ്വിച്ചുത്തോട്ടു കൂടിയുമുപയോഗിക്കുന്നതു കൂടി ഗുണകരമാകുന്നതാണ്. എരിവുരസത്തോടുകൂടിയുണ്ടാകുന്ന രസവിപാകസിദ്ധാന്തം.

അമൃതവള്ളി.

ഇതു് ഒരു രസായനദ്രവ്യമാകുന്നു. കഫം, വ്രണം, രക്തദോഷം, വിഷം, കൃമി, ത്വക്ക്, കുഷ്ഠം, വയോവാനി ഇവയെ ശമിപ്പിക്കും.

"ഉളിച്ചീ കടുകാ ലാലപീ
ചടാട്ട പാകാരസായനീ"

ഇങ്ങനെ മദനപാലനിഘണ്ടുവുണ്ടു്. അതിനാൽ ഇതിനു് എരിവുരസത്തോടുകൂടിയും വിപാകത്തിൽ മധുരരസത്തോടുകൂടിയും ലഘുവുമാകുന്ന പ്രയോഗങ്ങളിൽ ഗ്രഹിക്കണം.

അമ്പഴം.

ഇതിന്റെ തൊലി, പഴുത്ത കായു്, പച്ചക്കായു്, തളിരു് ഇവകളും ഔഷധങ്ങളാകുന്നു. തൊലി — ഗ്രഹണിയേയും, അതിസാരത്തേയും ശമിപ്പിക്കും. പഴുത്തകായു് — ദോഷത്തെ തടുപ്പിക്കും. അജീർണ്ണകരമാകുന്നതല്ല. വിഷ്ടംഭത്തെ ഉണ്ടാക്കും. രുചിപ്രദമാകുന്നു. ധാതുക്കൾക്കു് തികവിനെ ഉണ്ടാക്കും. കഫത്തേയും, ക്ഷീണത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. വാതപിത്തങ്ങളേയും, രക്തദോഷത്തേയും, ക്ഷതം, ക്ഷയം, ചുട്ടനീറൽ ഇവയേയും ശമിപ്പിക്കും. പച്ചക്കായു് — വാതത്തെ ശമിപ്പിക്കും. മലത്തിനു് അയവുണ്ടാക്കും. രുചിപ്രദമാകുന്നു. അമ്പഴക്കായു് മധുരിച്ചതും പുളിച്ചതും ഇങ്ങനെ രണ്ടുതരത്തിലുണ്ടു്. മേൽപ്പറയപ്പെട്ട ഗുണങ്ങൾ മധുരിച്ചതിൽനിന്നാകുന്നു. പുളിയുള്ള പഴുത്തകായു്: — അമ്ലമായും ഗുരുവായും മധുരമായും സ്നിഗ്ദ്ധമായും ഉഷ്ണമായും പിത്തകഫങ്ങളെ വർദ്ധിപ്പിക്കുന്നതായും ഇരിക്കും. ഇതിന്റെ പച്ചക്കായു് ഗുരുവായും, വിഷ്ടംഭകരമായും, ഗുരുവായും; ഉഷ്ണമായും ഇരിക്കും. അതു് നെഞ്ചിലും കണ്ണത്തിലും തരിപ്പിനെ ഉണ്ടാക്കും. തളിരു്:—വാതപിത്തങ്ങളെ ശമിപ്പിക്കും. രുചിയേയും അഗ്നിബലത്തേയും ഉണ്ടാക്കും. മലത്തെ ബന്ധിക്കും. ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു.

"ആമ്രാതമാമ്രവാതഘ്നം
ഗുരുഷ്ണം രുചികൃത്സരം;
പക്വം തച്ചാട്ടഹൃദ്യം വൃഷ്യം
മരുൽപിത്തകഫാസൃജ്ജിൽ."

എന്നു മദനപാലൻ.

അമ്പൊട്ടൻ.

ഇതു് തുണപഞ്ചമൂലത്തിൽപ്പെട്ട ഒരു ഔഷധമാകുന്നു. കഫം, ജ്വരം, ക്ഷയം, മദം, ചുട്ടനീറൽ, ഭ്രമം, ഇവയെ ശമിപ്പിക്കും. പിത്തത്തെ അതിശയേന ശമിപ്പിക്കും. മൂത്രത്തെ പുറത്തു കളയും. ശുക്ലത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. വാതത്തെ അല്പമായി കോപിപ്പിക്കും. ശീതവീര്യമാകുന്നു.

അമ്പൊട്ടൽവിത്തു്.

ഇതു് ഒരു ക്ഷുദ്രധാന്യമാകുന്നു. വാതത്തെ കോപിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ശീതവീര്യമാകുന്നു.

അയമോദകം.

അയമോദകം ഒരു ദീപനപാചനദ്രവ്യമാകുന്നു. ജഠരത്തേയും ജഠരാഗ്നിയേയും വർദ്ധിപ്പിക്കും. ആമദോഷത്തെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും എടയെപ്രസാദത്തെ വരുത്തും. വിദഗ്ദ്ധത്തെ ഉണ്ടാക്കും. കഫം,

ന്നോതാ, ആനാഹം, അരുചി, കൃമി, നേത്രരോഗം, പ്ലീഹാ, ഛർദ്ദി, വസ്തിനോവു്, ഗുല്മം ഇവയെ ശമിപ്പിക്കും. ഇതിനെ ഛർദ്ദിശമകങ്ങളുടെകൂട്ടത്തിൽ വിധിച്ചിരിക്കയാൽ ഇലകറിക്കു് ഉപയോഗിക്കാവുന്നതാണു്. ലഘുത്വമുണ്ടു്. ഉണ്ണുവിൻ്റെ തൊട്ടുകൂടിയതുമാകുന്നു.

"ഭാജമോദാ കടുസ്നീക്ഷാ
ദീപനീ കഫവാതനുത്;
ചക്ഷുഷ്യാ വിദാഹിനീ ഹൃദ്യാ
വൃഷ്യാ ബലാമലാ ലഘ്വീ;
നേത്രാമയകൃമിച്ഛർദ്ദി
സിധ്മവസ്തിരുജോ ജയേൽ."

എന്നു് മദനപാലൻ. അയമോദകത്തിനു ചിലേ ഇംഗ്ലീഷുകാർ കാമ്മരക്കു് എന്നുകൂടി പേരു പറയാറുണ്ടു്.

അയസ്കാന്തം.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഒരു ഉപരസദ്രവ്യമാകുന്നു.

"ഭ്രാമകം ചുംബകം ചൈവ
ശുഷ്കകം ശ്രാവകം തഥാ;
ഏവം ചതുർവിധം കാന്തം
രോമകാന്തം ച പഞ്ചമം;
ഏകദിത്രിചതുഷ്പഞ്ച
സന്തോമുഖ ഏവ തൽ;
പീതാ കൃഷ്ണം തഥാ രക്തം
ശ്വേതവർണ്ണാ സ്യാൽ പൃഥക് പൃഥക്
ക്രമേണ ദേവതാസ്തത്ര
ബ്രഹ്മവിഷ്ണുമഹേശ്വരാഃ;
സ്നിഗ്ധവേധി ഭവേൽ പീതം
കൃഷ്ണം ശ്രേഷ്ഠം രസായനേ;
രക്തവർണ്ണം തഥാ വാചി
രസബന്ധേ പ്രശസ്യതേ;
ഭ്രാമകം തു കനിഷ്ഠം സ്യാ-
ച്ചുംബകം മദ്ധ്യമം തഥാ;
ഉത്തമം കഷ്കകഞ്ചൈവ
ശ്രാവകം ചോത്തമോത്തമം"

ഇപ്രകാരമുള്ള രസരത്നസമുച്ചയമനുസരിച്ചു് കാന്തം, ഭ്രാമകം, ചുംബകം, കഷ്കം, ശ്രാവകം ഇങ്ങനെ നാലുവിധമുണ്ടെന്നു സ്പഷ്ടമാകുന്നു. രോമകാന്തം എന്നു് ഒന്നു് അഞ്ചാമതായിട്ടും ഉണ്ടെന്നു കാണുന്നു. മേൽ പറയപ്പെട്ട ഭ്രാമകാദി കാന്തങ്ങൾ ക്രമേണ ആതായയ്യു്, ഭ്രാമകം മഞ്ഞനിറമുള്ളതും, ചുംബകം കറുത്തതും, കഷ്കം ചുവന്നതും, ശ്രാവകം മഞ്ഞ, കറുപ്പു്, ചുവപ്പു് ഈ മൂന്നു നിറങ്ങളോടുകൂടിയതുമാകുന്നു. ഇവയിൽ കറുത്തനിറമായ ചുംബകമാകുന്നു രസായനത്തിനുൽ ശ്രേഷ്ഠമായിട്ടുള്ളതു്. ത്രിദോഷം, ജ്വരം, രക്തപിത്തം, ക്ഷയം, പ്രമേഹം, വിഷം, ആമദോഷം, ഉദരശൂലം, അർശ്സ്സു്, ഗുല്മം, യകൃത്തു്, പ്ലീഹ, പാണ്ഡു, മഹോദരം, നെഞ്ചിടിപ്പു്, ചുമ, കൃമിവിഷം, ശ്വിത്രദോഷം, രജോദോഷം, ഷണ്ഡത, വായുമുട്ടൽ, കൃഷ്ണം ഇതുകളെ ശമിപ്പിക്കും. യൌവനത്തെ സ്ഥിരപ്പെടുത്തും. നിറത്തെ നന്നാക്കും. ബലത്തേയും പുഷ്ടിയേയും ഉണ്ടാക്കും. ക്ഷയിച്ചുപോയരക്തത്തെ വീണ്ടും വർദ്ധിപ്പിക്കും. ആയുസ്സിനെ നിലനിറുത്തും. യോഗവിശേഷംകൊണ്ടു് അനേക രോഗങ്ങളെ ശമിപ്പിക്കുന്നതിനു ഇതിനു ശക്തിയുണ്ടു്. അഭ്രഭസ്മവും, കാന്തഭസ്മവുംകൂടി യോജിപ്പിച്ചാൽ അതുമൂലം കാന്തത്തിനുണ്ടാകുന്ന പ്രഭാവത്തെ പ്പററി കഴിഞ്ഞുപോയ അപ്പുഞ്ഞെട്ടൻ തൈക്കാട്ടു നാരായണൻ മൂസ്സതു് അവർകൾ ആലോഹത്തിൻറെ കൃതിയായസിന്ദൂരമഞ്ജരിയിൽ താഴെ

കാണുന്നവർക്കാർ പറഞ്ഞറിക്കുവാൻ
അസാദ്ധ്യം —

"കൊതിക്കും കായകാർശ്യം കെടുവതിനുമതം
ഗോപയോഭിഷഗ്വരന്മാർ
ത്രിഫലാചിത്രകത്തിനുമുടനിതിനു
നിംബനിംബാമൃതാഖ്യം ത്രിഫലാ-
യുക്തമേറ്റം പ്രയോഗത്തിനുമുരുതര-
കാന്തപ്രദാനത്തിനിഹം." ത്രിഫലാ
പിത്തഘ്നം പുനർനിംബമിങ്ങ
ഗ്രഹണിക്കും പ്രമേഹത്തിനാം;
കുഷ്ഠകണ്ഡൂവിനും ചിരോ
ത്കൃഷ്ടകണ്ഡൂവിയകറ്റുമേ;
വിസർപ്പത്തിനുമെന്നാലീ
നിംബപ്പട്ടയ്ക്കിൻറ വിശ്രുതിനാം;
നേനിഴച്ചേർത്തുപയോഗിക്കാം"

ഇത്രാദിയായി കൂടുതലായി വിവരിച്ചിട്ടുള്ളതായി കാണുന്നു.

"കാന്തം ത്രിദോഷശമനം കഷായ-
മായുഷ്കരം ധാതുവിവർദ്ധനം ച;
ഹന്ത്യാശ്വഗന്ധോഷ്ണജ്വരമേഹകുഷ്ഠ-
പ്ലീഹോദരഗ്രന്ഥിവിഷക്രിമീംശ്ച;
പാണ്ഡും പ്രണയത് ക്ഷയം ക്ഷയ
യതി
കാ നാശയതി ഭ്രമം ശമയതി
ശ്ലേഷ്മാമയാൻ ഖാദതി;
ശ്വാസം പ്ലീഹശൂലപീനസഗദാ-
ശ്മാനാഹപ്രമാഹരുചീ-
രുഗ്ണാന്മൂലയതി പ്രകമ്പനമഹോ
ലോഹം ഹിമം ചക്ഷുഷ്യം.
ശ്ലേഷ്മം പിത്തകഫാനിലമേഹം
ഹന്തിഹിതം ശിവശക്ത്യാലോഹം;
പാണ്ഡുഗദാമയശൂലക്രിനാശി
പ്രോക്തമശേഷം രോഗവികാസി;
യേ ഗുണമേതദുപൈത്യസൃ
ഷ്ടേ ഗുണാഃ കാന്തഭസ്മനഃ;

—24—

കാന്തമേവ പ്രതിതരാം
ശുഭ്രമിത്യാഹ ഭിഷഗ്വരഃ."

കാന്തം — രൗതിയിൽ മധുരരസം. കഷായാനുരസം. ആയുഷ്കരം രസാല് ധാതുക്കരിക്കു പുഷ്ടിയെ ചെയ്യുന്നതു് എന്ന ഗുണങ്ങളോടു കൂടിയതും ത്രിദോഷകോപങ്ങളായ ജ്വരം. പ്രമേഹം. കുഷ്ഠം. പ്ലീഹോദരം. ക്ഷീണം. ഭ്രമം. ശ്വാസം. കഫം. വാതം എന്നിവയെ നശിപ്പിക്കുകയും കണ്ണിനു നല്ലതാക്കുകയും ക്ഷീണത്തെ ഇല്ലാതാക്കുകയും കരളെ നന്നാക്കുകയും തലതിരിച്ചിലിനെ ശമിപ്പിക്കുകയും കഫകോപങ്ങളായ രോഗങ്ങളെ കുറയ്ക്കുകയും രക്തപിത്തം ഇല്ലാം. ശൂലരോഗം, പീനസം, ഛർദ്ദി, ശ്വാസംമുട്ടൽ, പ്രമേഹം, രുചികുറവു എന്നിവയെ ക്ഷണത്തിൽ ഉന്മൂലനാശനം വരുത്തുകയും യിരയലിനെ ഥരിക്കുകയും ചെയ്യും. ഇതു് നേത്രത്തിനു ഹിതപ്രദമാകുന്നു. ലോഹം ഇങ്ങിനെയുള്ളതായിരുന്നാൽ രണ്ടു് പിത്തം. കഫം. വാതം എന്ന രോഗങ്ങളും കോപിച്ചുണ്ടാകുന്ന രോഗങ്ങളെയും മോഹാലസ്യത്തെയും നശിപ്പിക്കും. ഇവിടെ "പിത്തകഫാനിലം" എന്നു പറയുകയാൽ പിത്തത്തിനു് അത്യന്തം ഉത്തമമെന്നു ആശയം. കാന്തിനുള്ള കാരണം സ്പഷ്ടമായി അതിൽ അന്തർഭവിച്ചു കിടക്കുന്നതും യോഗയുക്തവുമായ രസം ശുദ്ധമായിത്തീരുകയാലാണെന്നു ഗ്രഹിക്കണം. അതു് പാണ്ഡുരോഗം, കുഷ്ഠം. ശൂലം എന്നിവയെ തീരെ നശിപ്പിക്കുന്നതാണെന്നും പറയപ്പെട്ടിരിക്കുന്നു. ശുദ്ധിയുള്ളതല്ലെങ്കിൽ അതു് സകല രോഗങ്ങളേയും പുറ

പ്പെടുവിക്കുകയും ചെയ്യും. വെള്ളി ഭസ്മത്തിനു് എന്തെല്ലാം ഗുണങ്ങളും ഉണ്ടോ അതു തന്നെയാണു് കാന്ത ഭസ്മത്തിനുമുള്ളതു്. ഇപ്രകാരമിത്തം കാന്തഭസ്മം കിട്ടാതെവന്നാൽ വെള്ളിഭസ്മം ഉപയോഗിക്കുന്നതിനും വിരോധമില്ല എന്നാണു് ഭൈരവൻ എന്ന ആചാര്യൻ പറയുന്നതു്.

ഞായിനി.

ഇതിന്റെ പച്ചക്കായു്, പഴുത്തകായു്, തൊലി ഇതുകൾ ഗുണങ്ങളാകുന്നു. പച്ചക്കായു് — മൂന്നു ദോഷങ്ങളേയും വലിപ്പിക്കും. "ലികുചം സ്വദോഷകൃൽ" എന്നു് വാഗ്ഭടസിദ്ധാന്തം ഇതിനു് അനുകൂലവുമായിട്ടുണ്ടു്. രക്തദോഷത്തേയും വിഷൂചികയേയും ഉണ്ടാക്കും. അഗ്നിയേയും പുഷ്ടിയേയും നശിപ്പിക്കും. കണ്ണിനും ഹിതമല്ല. നല്ല വണ്ണം പഴുത്ത കായു് വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. കഫത്തേയും പുഷ്ടിയേയും അഗ്നിയേയും വലിപ്പിക്കും. രുചിയേയും, കുറഞ്ഞാനും വിഷൂചികയേയും ഉണ്ടാക്കും. പിത്തത്തെ വലിപ്പിക്കുമെന്നു് ശ്രുതാഭിപ്രായം. തൊലി മുതലായവ:—കയ്പും, ചവർപ്പും, ലഘുതാവും, രൂക്ഷതയും, ചൂടും ഉള്ളതാണും പാകത്തിൽ എരിവായും ഇരിക്കും. കഫത്തെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ചുട്ടുനീറലിനെ ഉണ്ടാക്കും. ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു.

അരക്കു്.

ഉരക്ഷതം, വിസർപ്പം, കൃമി, കുഷ്ഠം, വിഷം, ക്ഷയം, നേത്രരോഗം, ഉന്മാദം, രക്തപിത്തം, ഗ്രഹദോഷം, പിത്തം, രക്തദോഷം, അർശസ്സു്, ചുമ ഇവയെ ശമിപ്പിക്കും. കുണത്തിന്റെ വക്കിനെ കൂട്ടിപ്പിടിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. നിറത്തെ നന്നാക്കും.

"ലാക്ഷാ വർണ്ണ്യാ ഹിമാ ബല്യാ
സ്നിഗ്ധാ ശ്ലേഷ്മാസ്രപിത്തനുൽ;
വ്രണോരക്ഷതവിസർപ്പ
കൃമികുഷ്ഠ ഗ്രഹാപഹാ."

എന്നു മദനപാലൻ.

അരച്ചിപ്പുല്ലു്.

ഇതു് ഒരു തൃണധാന്യമാകുന്നു. വാതത്തെ വലിപ്പിക്കും കഫത്തെ ഉരസിക്കളയും. പിത്തത്തെ നശിപ്പിക്കും. തണുപ്പോടുകൂടിയതും ലഘുതാമുള്ളതും ആകുന്നു. ഗുണങ്ങൾകൊണ്ടു് പ്രായേണ "ചാമ" എന്ന ധാന്യത്തോടു തുല്യമാകുന്നു.

അരത്ത.

ഇതു് വാതത്തെ അതിശയേന നശിപ്പിക്കുന്ന ഒരു കഫഘ്നൌഷധമാകുന്നു. എൺപതുപ്രകാരമുള്ള വാതവികാരത്തേയും ഇതു് ശമിപ്പിക്കും. അഗ്നിയെ വലിപ്പിക്കും കഫം, വാതം, വായുമുട്ടൽ, വാതരക്തം, വാതശൂലം, വിഷം, വിഷമജ്വരം, വിറയൽ, വീക്കം, ഇക്കിൾ, മഹോദരം, ചുമ, ജ്വരം ഇവയേയും ശമിപ്പിക്കും.

അരയന്നം.

ഇതു് അപ്പു് ചരയ്ക്കുത്തിൽചേർന്ന അന്നുചമാംസം ആകുന്നു. ശ്രുതാഭിപ്രായം പൂവരയ്ക്കുത്തിൽചേർന്നതെന്നാകുന്നു. അരയന്നം ഒരുജാതിമാത്രമല്ല. എങ്കിലും എല്ലാ അരയന്നങ്ങളും വെളുത്തുതന്നെയിരിക്കും. ഇതിന്റെ മാംസം ദേഹത്തെതടിപ്പിക്കും. ഒച്ചയെ നന്നാക്കും. ശരീരകാന്തിയെ ഉണ്ടാക്കും. കഫത്തേയും, അഗ്നി

യുടെ. ശ്വിത്രത്തെയും, ബവഭേദ
ത്തെ, മാനസികത്തെയും വർദ്ധിപ്പിക്കും.
"ഹന്ത്യേഷ കുഷ്ഠകൃമി ബവഭേദ
രുചിമോഹ ശ്വിത്ര്യാ ഗ്രഹണീരോഗം"
എന്ന് ധന്വന്തരിവചനം.

ആരഗ്വധാദി.

ഇതിന് ആരഗ്വധം എന്നും പറ
ഞ്ഞുവരുന്നുണ്ട്. ഇതിന്റെ തൊലി
മുതലായവ —പിത്തം, കഫം. വ്ര
ണം, രക്തദോഷം ഇവയെ ശമി
പ്പിക്കും. മൂത്രാനിളഭ്രിയെപ്പെടുത്തും.
ദേഹകാന്തിയെ ചുണ്ടിക്കും. പഴുത്ത
കായ് —രക്തപിത്തം, ചുട്ടുനീറൽ,
അരുചി, ഛർദ്ദി. ശരീരശോഷം,
മൂത്രാതിസാരം, വിഷം ഇവയെ ശ
മിപ്പിക്കും. ചീര പാകമായിരിക്കും.
തളിര് —പിത്തത്തെയും അതിസാ
രത്തെയും ശമിപ്പിക്കും.

ആർക്കാദി.

ഇതു് പേയവഗ്ഗത്തിൽചേർന്നതാ
കുന്നു. വിഷം, ചുട്ടുനീറൽ, ഛർദ്ദി,
തണ്ണീർദാഹം ഇവയെ ശമിപ്പിക്കും.
മലത്തെ ബന്ധിക്കും

"ധാന്യാമ്ലം ഭേദി തീക്ഷ്ണോഷ്ണം
പിത്തകൃത്സ്യാച്ഛീതളം
ശുക്ലാർക്കാരാ രുചൃാ
ദീപനാ വസ്തിശൂലഘ്നൽ;
ശസ്തമാസ്ഥാപനേ ഹൃദ്യം
ശ്ലീപദ്വാതകഫാപഹം."

എന്ന വാഗ്ഭടൻ.

അരിതാരം.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ
ചേർന്ന ഉപരസദ്രവ്യമാകുന്നു. പത്ര
മെന്നും പിണ്ഡമെന്നും രണ്ടുതരമു
ണ്ടു്. അളകളിൽവെച്ചു് പത്രം ഗുണ
മേറിയതും. പിണ്ഡം ഗുണം കു
ഞ്ഞതുമാണു്. പത്രം അഭ്രകംപോ
ലെ അടുക്കും, സപ്തവർണ്ണവും ഗുരുവും
സ്നിഗ്ധവുമായിരിക്കും. ഇതു് ദോഷ
ത്തിനെ ശ്രേഷ്ഠമാക്കുന്നു. പിണ്ഡം
ഭിക്കയാകും പിണ്ഡാകാരമായിട്ടു
ള്ളതും അടുക്കും കനവുമില്ലാത്തതും
സത്തു് കുറഞ്ഞതുമായ അരിത്വത്തെ
നശിപ്പിക്കുന്നതുമാകുന്നു.

"ഹരിതാഖ്യാ ദ്വിധാ പ്രോക്താ
പത്രാഖ്യാ പിണ്ഡസംജ്ഞകാ;
തയോരാദ്യാ ഗുണൈഃ ശ്രേഷ്ഠാ
തതോ ഹീനഗുണാ പരാ;
സപ്തവർണ്ണാ ഗുരുഃ സ്നിഗ്ധാ
പത്രാഖ്യാ ദ്വിപുടത്വവൽ;
പത്രാഖ്യാ താലകാ ഭിദ്യാത്
ഗുണാഢ്യാ രസായനാ;
നിഷ്പത്രാ പിണ്ഡസദൃശാ
സത്വസത്വാ തഥാ ഗുരുഃ;
സ്നിഗ്ധപുഷ്പാരകാ സത്വ-
ഗുണാ തൽ പിണ്ഡതാലകാ."

എന്നുള്ള പ്രമാണം മേൽക്കാണിച്ചി
ട്ടുള്ള വിവരണത്തിന്റെ മൂലമാ
കുന്നു. കഫം, പിത്തം, രക്തദോഷം,
ജ്വരം, കുഷ്ഠം, ചൊറി, മുഖരോഗം,
ഭൂതബാധ, ഇരുലുച്ഛം, വിഷം,
വായുമുട്ടൽ, ഉന്മാദം ഇവയെ ശമി
പ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും.
മറ്റൊന്നിനോടു ചേർക്കാതെ ഉപ
യോഗിച്ചാൽ ആയുസ്സിനെ നശി
പ്പിക്കും. അരിതാരത്തിനു പര്യാ
യങ്ങൾ താലകമെന്നും പത്രമെന്നും പേ
രുള്ള അരിതാരത്തിനു പൊന്നരിതാ
രമെന്നും പറയാറുണ്ടു്.

"അഭ്രാഭം താലമായുർഹൽ
കഫമാശു തമോഽപഹൽ;
തപസ്സോടോംഗസങ്കോചാൻ
കുരുതേ തേന ശോഷയേൽ."

അരിതാരം ശുദ്ധിചെയ്യാതെ ഉപ
യോഗിച്ചാൽ ആയുസ്സിനെ ഹരിക്ക
യും—പ്രാണവായുവിനെക്കൂടെ വ
രുത്തുകയും കഫത്തെയും വായുവി

താളകമാരണം:—

"സലേം താളകം ഗ്ലാവം
പുനർന്നവ നസേന തു;
ഖലേ ച വിമർദ്ദയേദേകേ-
ദിനം പശ്ചാദ്വിശോഷയേൽ;
നഃരോഷ്യ ഗോളകം തസ്യ
കൃത്വാത്മ വിശോഷയേൽ;
തത പുനർന്നവാക്ഷാരൈ
സ്ഥാപ്യഭ്രം തു പ്രപൂരയേൽ;
തത്ര തദ്ഗോളകം ധൃത്വാ
പുനസ്തേനൈവ പൂരയേൽ;
അകണ്ടം പിഠരം തപ്ത-
വിധാനം ധാരയേന്മുഖേ;
സ്ഥാലീം ചുല്ലാം സമാരോപ
ക്രമാദ്വഹനിം വിവർദ്ധയേൽ;
ദിനാന്യന്തരശൂന്യാനി
പഞ്ചവഹനിം പ്രദീപയേൽ;
ഏവം തു ക്രിയതേ താലം
മാത്രാ തൈസ്യകരക്ഷികാ;
അനുപാനാന്യനേകാനി
യഥായോഗ്യം പ്രയോജയേൽ."

ശുദ്ധിചെയ്ത അരിതാരം തമിഴാമ ഇടിച്ചുപിഴിഞ്ഞ നീരിൽ ഒരു ദിവസം മുഴുവൻ അരച്ചുണക്കി ഒരു ഉരുളയാക്കി നല്ലവണ്ണം ഉണക്കി, ഒരു കലത്തിൽ അതിന്റെ പകുതിവരെ തമിഴാമ ചുട്ട ഭസ്മം ഇട്ട് അതിൽ മുൻപറഞ്ഞ താളകക്കുഴമ്പു വെച്ച് അതിന്റെ മീതേയും ആ കലം നിറയുന്നതുവരേയും തമിഴാമ ചുട്ട ഭസ്മം നിറച്ച് അടച്ച് ശീല മണ്ണചെയ്ത് അടുപ്പത്തുവെച്ച് ക്രമേണ തീ കത്തിക്കുക. ഇങ്ങനെ അഞ്ചു ദിവസം രാവും പകലും ഇടവിടാതെ തീ കത്തിച്ചാൽ ആറാംദിവസം വാങ്ങിയാൽ പരിശുദ്ധ താളകഭസ്മമാകും. ഒരു കുന്നിക്കുരുത്തൂക്കത്തിലധികം അത്ത് ഒരു ദിവസം ആൾക്കും ശീലി

താളകശോധകം —

"താളകം കണ്ഡരാ കൃത്വാ
തച്ചൂർണ്ണം കാടജിഹ്വികേ ക്ഷിപേൽ;
ജോളാന്ത്രാന്ത്രാന്ത്രാന്തരൈകം
തതഃ ക്ഷിപ്ത്വാണുകൃത്തൈവ;
തിലതൈലേ വിപേഷ്ടാ ച
യാമം ച ത്രിഫലാജലേ;
ചൂർണ്ണാകേ ച യാമൈകം
വകുചം ശുദ്ധ്യതി താളകം."

ഭരിതാരം ആറിച്ചുപൊടിച്ച് വെട്ടുകാടിയിൽ ഇട്ടുവെച്ച് ഒരു ദിവസം കഴിഞ്ഞതിൽ കുവളങ്ങാനീരിൽ ഒരു കടഞ്ഞിലാക്കി അതിൽ മഡാളായത്രം വിധിപ്രകാരം ഒരു യാമം വേണ്ടി ചൂടുപ്പിച്ച് കീഴി ഞാഴിച്ച് എണ്ണയിലും ത്രിഫല കഷായത്തിലും ശുദ്ധി ചെയ്ത ചുണ്ണാമ്പുകല്ലക്കിയ വെള്ളത്തിലും ഇട്ട് ക്രമേണ ഓരോ യാമനേരം പാകംചെയ്താൽ താളകത്തിന ശുദ്ധിവരും.

മഡാളായത്രം —

"ദ്വയോർദ്വയോർന്ന ഭാണ്ഡസ്യ
പൂരിതാദ്ഭിരസ്യ ച;
മുഖേന്യോന്യമുഭയതോ പ്രാഗ-
ടയം കൃത്വാ പ്രയത്നതഃ;
തയോസ്തു നിക്ഷിപേദ്ഭണ്ഡം
തന്മധ്യേ രസപോടളീം;
ബദ്ധ്വാ ച ദൃഢം സംപ്രഥ്യതേ-
ളോളായത്രമിതി കീർത്തിതം."

എന്നു രാജരത്നസമുച്ചയം.

ഇതിലേതിനെയാണ് ഉപയോഗിക്കേണ്ടത് എന്നുള്ളതിനെപ്പറ്റി ഉപദേശിക്കുന്നു. എന്നാൽ ഏതിനെ ഉപയോഗിച്ചാലും ശരീരത്തിന് ഒരു രോഗവും ബാധിക്കാതിരിക്കുകയും വേണം.

ഗ്രന്ഥകർത്താവ്—

"ഹരിതാനാം കടുരസോ
കഫഗദവിനിഗ്രഹം കരോതി;
കണ്ഡൂകുഷ്ഠാമയരോഗാന്ത-
ഹരിതകഷായസ്തു നാമതഃ;
താളകാ ഹരിതാ രേഫാൻ
കുഷ്ഠം കൃമിരുഗപചയം;
രോധിതം കുരുതേ വീര്യം
കാന്തിബുദ്ധിം തഥായുഷഃ."

ഈ പറഞ്ഞതിനെ വിധിക്കുകയാണ് ഇതിൽ ചെയ്തിരിക്കുന്നത്. പച്ചയായ കടുരസവും സ്നിഗ്ധവും കഫരോഗത്തിനെ ഇല്ലാതാക്കുന്നതുമായിരിക്കും. ഉണ്ടാക്കിയാൽ വിഷമജ്വരം, ചൊറി, കുഷ്ഠം, രക്തവാതം, പിത്തകോപം, വ്രണം, പൃഷ്ഠരോഗങ്ങളെ നശിപ്പിക്കും. ഇങ്ങനെ തന്നെ താളകം ഉപയോഗിച്ചാൽ ആയുസ്സ് അനേകശതം വരാഗങ്ങളേയും വിഷ്ണു കുഷ്ഠരോഗത്തെയും നശിക്കുമെന്ന മാത്രമല്ല, അകാലമരണത്തെയും വാല്പ്യലക്ഷണമായ കൃശതയെയുമെല്ലാതെ നശിപ്പിക്കുകയും ചെയ്യും. നാളീ ശരീരകാന്തിയേയും മാംസസ്നിഗ്ധതയും വർദ്ധിപ്പിക്കുന്നതുമാകുന്നുവെന്നും പറയുന്നു. ഇങ്ങിനെ പ്രസ്താവിച്ച ഓരിതാരം വീണ്ടും പ്രത്യേകം പറയുന്നു.

"ഹരതി ച ഹരിതാലാ
ച്ഛോഥതാം ദേഹജാതാം
സൃജതി ച സുഖിതാനാം
മാംസസ്നേഹപ്രീദ്ധാം;
വിതരതി കഫവാതരു
ക്ഷ്യരോഗം വിദഗ്ധാ-

ഓരിടോരിതാലികാ

മരിത്ര ചാവൃസ്വൃ.

ഇതിനെ ചെയ്യുന്നതായ താരിതാരം കഴിച്ചാൽ ശരീരശോഭ നാശിക്കുകയും ഹൃദനകരവും വേദനയോടുകൂടിയ ശൂലയിലിക്കുണ്ടാവുകയും കഫകോപം, വാതകോപം, കൃശം എന്നിവകളെ ഉണ്ടാവുകയുചെയ്യും. ഒപ്പം ശരീരത്തിന് ഭംഗിയുണ്ടാക്കുന്നതും ശരീരകാന്തിയെയും ആയുസ്സിനെയും വർദ്ധിപ്പിക്കുന്നതുമാണ്.

താരിപ്പുടി കൊണ്ടുണ്ടാക്കുന്ന മദ്യം

ഇത് രസഗുണത്തിൽ ചേർന്നതാകുന്നു. പലതരം ധാന്യങ്ങൾകൊണ്ടുണ്ടാക്കുന്നു. പിത്തശമനത്തിനും വാതത്തേയും കഫത്തേയും വർദ്ധിപ്പിക്കും.

ഏറാവും അഗ്നിയെ വർദ്ധിപ്പിക്കും. മറ്റു ഗുണങ്ങളും ഔഷധമദ്യത്തിനു പറഞ്ഞവ തന്നെ.

"കൃതാ ബല്ലവിധൈർദ്രവൈ
രപക്ഷീതി മദിരേച്യതേ."

എന്നു പ്രമാണവും കാണുന്നുണ്ട്.

അരിഷ്ടമല്യാ.

ഇതു് രസവർഗ്ഗത്തിൽചേർന്നതാകുന്നു. മദ്യത്തിനു പറഞ്ഞ എല്ലാ ഗുണങ്ങളും കൂടുതലായിട്ടുള്ളതും പിശേഷാൽ ചേരുന്ന ഔഷധങ്ങൾക്കു് തക്കവണ്ണമുള്ള ഗുണങ്ങളോടുകൂടിയതുമാകുന്നു. ഗ്രഹണി, അരുചി, പാണ്ഡു, ശൂലം, കൃമി. അർശസ്സു്, കഫം വീക്കാ മയോദരാ ഗുല്മം. കൃമി. പ്ലീഹാ ഇവ രോഗങ്ങളിൽ അരിഷ്ടങ്ങളിന്റെ ഉപയോഗം ഏറെ നല്ലതാകുന്നു. വാതത്തിങ്കൽ ഹിതമല്ല. അഗ്നിയെ വർദ്ധിപ്പിക്കും.

ആരേണുകം.

ഇതു് പണ്യവർഗ്ഗത്തിൽചേർന്ന ആത്മവപ്രവർത്തകദ്രവ്യമാകുന്നു. വാതം. കഫം തണ്ണീർദാഹം. ഛർദ്ദി വിഷം. സർവ്വാംഗസന്താപം. കൃമി കൈബ്ര്യം. ദൌർബല്യം, ഗുല്മം, കുഷ്ഠം ഇവയെ ശമിപ്പിക്കും. പിത്തത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ഗർഭത്തെ പതിപ്പിക്കും. ബുദ്ധിയെന്നന്നാക്കും. മുഖമുദ്രയിയെച്ചെയ്യും. ഉഷ്ണവീര്യവുമാകുന്നു.

അല്പം ചുവന്നുള്ള ചോളം.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. വാതത്തെ ശമിപ്പിക്കും. വീക്കത്തെയും വിദാഹത്തെയും ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ക്ലേദത്തെ വറ്റിക്കും.

അല്പം മഞ്ഞനിറമുള്ള ഇരുവ്വേലിമരാ.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കണ്ഡംപിത്തദ്രവ്യമാകുന്നു വാതം, പിത്തം, ജ്വരം, ഛർദ്ദി, ഇക്കിൾ, ശ്രമം ഇവയെ ശമിപ്പിക്കും. കറുത്ത ഇരുവ്വേലിന്റെ ഗുണങ്ങളോടുകൂടിയതുമാണെന്നതത്രെ. ശീതവീര്യവുമാകുന്നു.

അല്പം വെളുത്ത ചെറുപയറു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. സാമാന്യം ചെറുപയറിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വാതപിത്തങ്ങളെ വർദ്ധിപ്പിക്കും. മലത്തെ ബന്ധിക്കും. രുചിയെ ഉണ്ടാക്കും. ചുവന്ന ചെറുപയറിനേക്കാൾ ലഘുവായിരിക്കും.

അവര.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണുജ്യോതിയേയ്ക്കുന്നും. മലത്തിനു് അയവുവരുത്തും. മൂത്രത്തു് നന്നല്ല.

അശോകം.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ആത്മവസംഗ്രാഹി ദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, ചുട്ടുനീറൽ, തണ്ണീർദാഹം, കൃമി, വ്രണം. അതിസാരം, വിഷം, മെലിവു്. അപചി, ശ്രമം, ഗുല്മം, ശൂലം, ഉദരം, മഹോദരം, വയറുപ്പു് ഇവയെ ശമിപ്പിക്കും. ദേഹകാന്തിയെ വരുത്തും. മലത്തെ പിടിക്കുകയും മുറിഞ്ഞുപോയ സന്ധിയെ കൂട്ടിപ്പിടിപ്പിക്കുകയും ചെയ്യും.

ശിശിരേ ജലബിന്ദുനാം
സ്വയന്തു തിരുമന്ത്രികാ."
എന്നു് രാജനിഘണ്ടുവിൽ കാണുന്നു.

അഴുകരൽ.

ഇതു് പ്രസവവർഗ്ഗത്തിൽചേർന്ന സാധാരണ മാംസമാകുന്നു. പ്രസവവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്ന ഗുണതാരതമ്യം. ഈ പക്ഷിയുടെ മാംസം ചിക്കയാലും കാക്കയുടെ മാംസത്തോടാനാ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കാടഞ്ഞാണ്ടു പിത്തത്തെ ശമിപ്പിക്കും ചൊറിയ ജലാശയങ്ങളിൽ സഞ്ചരിക്കുകയും മത്സ്യത്തെ ഭക്ഷിക്കുകയും ചെയ്യുന്നതിനാൽ ജലപക്ഷികളുടെ ഗുണങ്ങളുമുണ്ടായിരിക്കും.

അംബഷ്ഠാരുക്കം.

ഇതു് ഗന്ധവർഗ്ഗത്തിൽചേർന്നതാകുന്നു. കഫം, പിത്തം ജ്വരം, ചുട്ടിനീർ, ഗ്രഹപീഡ, മൂത്രകൃച്ഛ്രം, ചൊറി, കഷ്ടം, ദുരവീഡ കോഠം, പ്ലീഹ, വാതരക്തം, സോപം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യും.

അ

അകാശമാഞ്ചി

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വ്രണം, വിഷം, ലൂതാദിവിഷം, നാഡീവ്രണം ഇവയെ ശമിപ്പിക്കും. മേഹകാന്തിയെച്ചെയ്യും.

അകാശവള്ളി.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. പിത്തം, കഫം, ആമദോഷം, നേത്രരോഗം ഇവയെ ശമിപ്പിക്കും. ശുക്ലത്തയും ബലത്തെയും ജംരാഗ്നിയേയും വർദ്ധി

അഴുക്കടകരുവി.

ഇതു് നാഡീവ്രണം മിക്കവാറും ഗുണപ്പെടുത്തുന്നു. മൂത്രത്തെ ശോധനചെയ്യുന്നു. ഇതു് പ്രസവത്തിനുശേഷം ചേർന്ന സാധാരണ മാംസമാകുന്നു. പ്രസവവർഗ്ഗത്തിൽ ചെട്ടി ജാംഗലമാംസമെന്നു് ഗ്രന്ഥാന്തരം.

അഴിഞ്ഞിൽ.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഷായദ്രവ്യമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും അണ്ടിയ്ക്കു. കഫം, പിത്തം, രക്തദോഷം. കൃമി, ഗുല്മം, ആമദോഷം, വിഷം, ഗ്രഹപീഡ, ഏലവിഷം, വിനപ്പു് പുഴുവിഷം, ഭൂഷ്ടിവിഷം പേപ്പട്ടികടിച്ചുണ്ടായ വിഷം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. ഛർദ്ദിയെ ഉണ്ടാക്കും. രസഗ്രന്ഥിയിങ്കൽ നല്ലതാകുന്നു. ഇതിന്റെ പഴുത്തകായ്:—കഫത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും വാതം പിത്തം. ചുട്ടിനീർ. ക്ഷതം ക്ഷയം രക്തകോപം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. മലത്തിനു അയവുയരുത്തും. വയറാടപ്പിനെ ഉണ്ടാക്കുമെന്നു സംഗ്രഹം. കായ് പഴുത്താൽ ചുവയുള്ളതുമാകുന്നു.

അഴുകണ്ണി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. ജരാവ്യാധിയെത്തടുക്കും. ജാരാഗ്നിയേയും ശുക്ലത്തെയും വർദ്ധിപ്പിക്കും. കൃമി രക്തപിത്തം, ക്ഷയം. കൃമി വായുമുട്ടൽ. പ്രമേഹം, കുഷ്ഠം. വിഷം. ഗുല്മം. ആപസ്മാരം. ശൂലം ഇവയെ ശമിപ്പിക്കും.

"ചണപത്രസമാ പത്രം
ക്ഷുപസ്യൈവ തദാകൃതിഃ;

ത്തിന്റെ കൂടുതൽ ഗുണവും ഉഷ്ണപ്രദേശത്തിൽ സഞ്ചരിക്കുന്നതിനാൽ ഉഷ്ണപ്രധാനമായ കൊഴുപ്പിന്റെ കുറവെന്നും ഗുണവുമുണ്ടെന്നു ഗ്രഹിക്കേണമെന്നു സാരം.—പല ദേശങ്ങളിലും പല തരമായിട്ടുണ്ട്. വെള്ളാട്ട്, പള്ളാട് എന്നുമിവറും പറഞ്ഞുവരുന്നു. ഇതു് ചെറിയ രോമമുള്ള ആടാകയാൽ എല്ലാത്തിനും മേൽപ്പറഞ്ഞ ഗുണങ്ങളെത്തന്നെ ഗ്രഹിക്കാം. വരിയുടച്ച ആടിന്റെ മാംസം എല്ലാവും ഗുരുവായും വാതപിത്തങ്ങളെ ശമിപ്പിക്കുന്നതായും കഫത്തെ വർദ്ധിപ്പിക്കുന്നതായും ഇരിക്കും. സ്രോതസ്സുകൾക്കു് ശ്ലഥിയെച്ചെയ്യും ബലത്തെയും, മാംസത്തെയും വർദ്ധിപ്പിക്കും. ആട്ടിന്റെ അണ്ഡം രുചിയെ ഉണ്ടാക്കും. ശിരോരോഗങ്ങളെ ശമിപ്പിക്കും. കിഡ്നികൾ—ശുക്രത്തെ വർദ്ധിപ്പിക്കും. കരൾ—നേത്രരോഗങ്ങളെ ശമിപ്പിക്കും. ഇതിന്റെ മാംസം—തേൻ, ശർക്കര എള്ളു്, പാലു്, ഉഴുന്നു്, മുള്ളങ്കി താമരവള്ളി, വിരുദ്ധശാകം ഇവ ഓരോന്നു് ഒന്നിനോടു ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധമാകുന്നു. ഇതിന്റെ മൂത്രം—കുരു, ശ്വാസംമുട്ടൽ, നീരു്, കാമില, പാണ്ഡുരോഗം എന്നിവകളെ ജയിക്കുമെന്നു മാത്രമല്ല, സ്വതേ രൂക്ഷവും ഉണ്ണുവും എരിവുമുള്ളതും വാതത്തെ കുറഞ്ഞൊന്നു കോപിപ്പിക്കുന്നതുമാകുന്നു.

ആട്ടിൻതൈര്.

ഇതു് പേയവർഗ്ഗത്തിൽചേർന്നതാകുന്നു. ത്രിദോഷത്തെയും, ക്ഷയം, വായുമുട്ടൽ, ചുമ, രക്തദോഷം, അർശ്സു്, നേത്രരോഗം ഇവയെ ശമിപ്പിക്കും. ശുക്രത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മല

ച്ചുണ്ടാം. നിരോധ്യധാതുവിനെ നശിപ്പിക്കും. രക്തവർദ്ധനത്തെ വരുത്തും. ഹൃദയത്തിനു പിടിപ്പുണ്ടാക്കും.

ഉടലോടകം.

ഇതു് രൂക്ഷഗുണവർഗ്ഗത്തിൽചേർന്നതാകുന്നു. ശാകവർഗ്ഗത്തിൽ ചേർന്നതെന്നു കാണുന്നു. കൃമി, പിത്തം, രക്തദോഷം, തണ്ണീർത്താപം, ചുഴൽവ്യ. വായുമുട്ടൽ, ചുമ. ജ്വരം, ചൊറി, ക്ഷയം, പ്രമേഹം. ഭോജനചി, കൃമി. കാമല ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. സ്വരത്തെ നന്നാക്കും എന്നു പ്രസ്താവത്തെവരുത്തും. വേല്പോടുകൂടി രക്തപിത്തത്തിങ്കൽ ഏറെ നല്ലതാകുന്നു. ഇതിന്റെ വേരു്.—വിരോഷത്തിൽ ക്ഷീണിയിക്കുന്നു, ചുണ്ടു്—ക്ഷയകാസത്തിങ്കലും ഹിതമാകുന്നു. രക്തപിത്തപ്രശമനങ്ങളിൽ വെച്ചു് ശ്രേഷ്ഠമെന്നു കാണുന്നു. ആടലോടകം വലുതും ചെറുതും രണ്ടുതരത്തിൽ കാണുന്നുണ്ടു്.

ആടു്.

ഇതിന്റെ മാംസം ത്രിദോഷത്തെയും, പീനസത്തെയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്രം, അഗ്നി, ബലം ഇവകളെ വർദ്ധിപ്പിക്കും. ദോഷത്തെ കൂടിപ്പിക്കും. താമസിയാതെ ദഹിക്കും. വിദാഹിയല്ല. കഫാദിയെ വർദ്ധിപ്പിക്കുകയുമില്ല. മുന്തിയ രാജവല്ലഭമതം. ഇതു് ഗ്രാമ്യവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നു ശ്രുതാഭിപ്രായം. ജാംഗലദേശത്തിലും അനൂപദേശത്തിലും സഞ്ചരിക്കുന്നതാകയാൽ ജാംഗലമെന്നോ അനൂപമെന്നോ നിശ്ചയിച്ചുകൂടാ എന്നു് ചിലർമതം. — ജാംഗലദേശത്തിൽ സഞ്ചരിക്കുന്നതിനു ജാംഗലമാംസ

ടാ ചിച്ചിക്കും. രുചിയെ ഉണ്ടാ
ക്കും. ചിന്തയിന്റെ ശക്തമാ
ക്കുന്നു.

"ഗുരുപ്രീതകരം ഗ്രാഹി
വിശദം രുചിരോചനം;
ഹൃദ്യമാഗ്നേയമാജ്യം തു
മേധാകാന്ത്യോജസ്കരം."

ആട്ടിൻനെയ്യ് രക്തപുഷ്ടിയും മലബന്ധവും ഗ്രഹണിയും ജീർണ്ണശക്തിയും ബുദ്ധിശക്തിയും ഓജസ്സും വർദ്ധിപ്പിക്കുന്നു. ത്രിദോഷത്തെ ശമിപ്പിക്കും. ഇതു് വാതരോഗം, കരപ്പു, മൂലക്കുരു, കുഷ്ഠം, തിമിരിപ്പു് എന്നീ രോഗമുള്ളവർക്ക് വിശേഷമായിട്ടുള്ളതും ഔഷധികളുടെ ദീപനശക്തി ഉണ്ടാക്കുന്നതുമായിരിക്കും.

ആട്ടിൻതൈര്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചുമ, വായുകുറ്റം, കഫം, അർശസ്സു് ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. കണ്ണിനു് ഹിതമല്ലതു്.

ആട്ടിൻപാല്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, രക്തദോഷം, ഛർദ്ദി, ജ്വരം, ക്ഷയം, ചുമ, ഉദരം, അർശസ്സു് അതിസാരം, ചുഴൽപ്പു, വായുകുറ്റം, ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും.

"ആജം ശമ്യുഷ്ണഗ്രാഹി
വിദാഹ്യർശോഘ്നമാരുതം
ഛർദ്യതിസാരക്ഷയകാസ-
ശ്വിത്രാർശോഽസൃഗ്വിനാശനം."

ആട്ടിൻപേടയുടെ മാംസം ഗുരുവും വിഷ്ടംഭകരവും ശുക്ലകരവും പിത്തരക്തങ്ങളെ വർദ്ധിപ്പിക്കുന്നതുമാകുന്നു. എന്നാൽ ആട്ടിൻപാലിനുള്ള ഗുണം ആട്ടിൻപാലിനും പറയാവുന്നതാകുന്നു. എന്നാൽ ആട്ടിൻപാൽ ശീതവീര്യത്തോടുകൂടിയതാണെന്നും ദീപനമുണ്ടാക്കുന്നതാണെന്നും ആട്ടിൻപാൽ ആതിസാരത്തിനു പ്രതിവിധിയാണെന്നും ചിലർ പറയുന്നു. എന്നാൽ ആട്ടിൻപാൽ ശീതവീര്യമാണെന്നു പറഞ്ഞതിന്റെ ന്യായം എന്തെന്നാൽ ഒരു ദിക്കിൽതന്നെ കെട്ടിയിടുകയും വിണ്ണാക്കും വൈക്കോലും ധാരാളം കൊടുക്കുകയും കുതിരക്കടലയില്ലാതെയുള്ള തീറ്റി കൊടുക്കുകയും ചെയ്യുന്ന ആട്ടിൻപാലിനു് ഈ പറഞ്ഞ ഗുണങ്ങളൊന്നും പൂർത്തിയായി ഉണ്ടാവുകയില്ല എന്ന തത്ത്വവും ഗ്രാഹ്യമാകുന്നു.

ആട്ടിൻപേട.

ഇതു് ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു് ഗ്രഹിക്കുന്നതാകുന്നു. ഇതിന്റെ മാംസം പിത്തനാശം, ശ്രേഷ്ഠകാന്തം, അരുചി, തെളിവു് എന്നിവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മറ്റുള്ള ഗുണങ്ങളൊക്കെ ആട്ടിൻമാംസത്തിനു പറഞ്ഞതുതന്നെ.

"ഛാഗായാ അപ്യജാതായാ
മാംസം പിത്തസമാശനം."

എന്നുള്ള പ്രമാണത്തിനനുസരിച്ചു് ആട്ടുകുട്ടിയുണ്ടാകുന്നതിനു മുമ്പുതന്നെ കൊന്നു കഴിച്ചുകൂട്ടിയിരിക്കുന്ന കാലം മുതലും ആട്ടിൻപേടയുടെ മാംസം

നിഷിദ്ധമാണെന്നു തോന്നുന്നു. ഒട്ടു ആട്ടിന്റെ മാംസത്തിന്റെ ഗുണങ്ങൾ:—മിക്കവാറും വരിട്ടു ആട്ടിന്റെ മാംസത്തിനു പറയപ്പെട്ടവ തന്നെ. അല്പം ലഘുവായിരിക്കും. ആട്ടിൻകുട്ടിയുടെ മാംസം പ്രമേഹത്തെയും ജ്വരത്തെയും ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. ഏടിയപ്രസാദത്തെ വരുത്തും. സുഖത്തെക്കൊടുക്കും. വൃഷ്യമായിരിക്കും. ആതാതാട്ടിന്റെ ഗുണങ്ങൾക്കു തക്കവണ്ണം ആതാതാട്ടിൻപേടയുടേയും കുട്ടിയുടേയും മാംസത്തിന്റെ ഗുണങ്ങളെ ഗ്രഹിക്കാം.

ആട്ടുകൊട്ടപ്പാല.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കാസഘ്നദ്രവ്യമാകുന്നു. കഫം, പിത്തം, ചൂടുനീർ, ചുമ, വായുമൂട്ടൽ, വ്രണം, അർശ്സ്സു്, കൃഷ്ണാ, കൃമി, നേത്രരോഗം, ഗുല്മം, വീക്കം, തണ്ണീർദോഹം, ഛർദ്ദി, ഹൃദ്രോഗം, വിഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. ഇതിന്റെ കായു്:—വാതം, കഫം, കൃഷ്ണാ, പ്രമേഹം, കാസം, കൃമി. വ്രണം, വിഷം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഏടിയപ്രസാദത്തെ വരുത്തും. മലത്തെ ഇളക്കും. രുചിയെ ഉണ്ടാക്കും.

ആട്ടിനാറിവേള.

വാതം, കഫം, കൃമി, ഗുല്മം, ശൂലം, മൂത്രാഘാതം, ആനാഹം, അസ്ഥിഭേദം, ചെവിക്കുത്തു്, ചെവിയിലെ വ്രണം, ജ്വരം ഇവയെ ശമിപ്പിക്കും. ദുഷ്ടത്തെ ഛർദ്ദിപ്പിക്കും. ഏടിയപ്രസാദത്തെ വരുത്തും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെത്തടുക്കും. കണ്ണിനു നന്നല്ല. ദോഷത്തെ ക്ലേശത്തെച്ചെയ്യും. വിദാഹിയായിരിക്കും. കറികളിൽ ചേർത്താൽ നല്ല ഗന്ധത്തെക്കൊടുക്കും. ഇതു് വൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഹരിതശാകമെന്നും പക്ഷം.

ആണ്ടുവിളച്ചെന്നെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന ശാലിയാകുന്നു. യവച്ചെന്നെല്ലിനേക്കാൾ ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു.

ആന.

ഇതു് മഹാമൃഗവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം വാതത്തോടുകൂടിയും കുറഞ്ഞൊന്നു കഫത്തേയും ശമിപ്പിക്കും. പിത്തത്തേയും രക്തത്തേയും ദുഷിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ശ്ലേഷ്മണമെന്നു പ്രസ്തുതമതം.

ആനക്കൊമ്പൻ വഴുതിന.

മിക്കവാറും ഗുണങ്ങൾകൊണ്ടു് തക്കാരിവഴുതിനയോടൊത്തതാകുന്നു. ഇതു് ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു.

ആനക്കൊമ്പൻ വെള്ളരി.

ഇതു് ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. വാതം, പിത്തം, രക്തദോഷം, ക്ഷയം, ജ്വരം, മൂത്രത്തടവു്, തണ്ണീർദാഹം, ഭ്രാന്തി, ശ്രമം ചൂടുനീർ ഇവയെ ശമിപ്പിക്കും. ദേഹത്തെത്തടിപ്പിക്കും. രുചിയെ ഉണ്ടാക്കും. പഴുത്ത കായു്—മധുരരസമേറിയതും കഫത്തെ വർദ്ധിപ്പിക്കുന്നതും, രക്തദോഷം, ചൂടുനീർ, തണ്ണീർദാഹം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു.

ആനക്കൊന്ന്.

ഇതു് രണ്ടുവിധത്തിൽ ചേർന്നതാകുന്നു. വിരേചനത്തിന് കഷായരൂപത്തിലും, ബലം, അഗ്നി ഇവയെ വർദ്ധിപ്പിക്കാനായിട്ട് വടിച്ചുചേർക്കാം. രുചിയെ ഉണ്ടാക്കാം വകതിരിവുണ്ടാക്കാനും ഉപയോഗിക്കാം.

ആനച്ചുണ്ട.

ഇതു് രണ്ടുവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിരേചനത്തിന് കഷായം, വിഷം കഫം, കൃമി ഇവയെ ശമിപ്പിക്കാം. അഗ്നിയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും.

ആനച്ചുവടി.

ഇതു് രണ്ടുവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിരേചനത്തിന് ദേഹത്തെ തടിപ്പിക്കാനും ഇതു്, ബലത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ആഹാരത്തിനു രുചിയുണ്ടാക്കും. കണ്ണിനു നല്ലതു്.

ആനച്ചുതിര.

ഇതു് ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. പിത്തം, വാതം, രക്തദോഷം ഇവയെ ശമിപ്പിക്കും കഫത്തെയും ഭേദത്തെയും വർദ്ധിപ്പിക്കും. കൃമിയെയും, വയറുപ്പിനെയും ഉണ്ടാക്കും. മലത്തിനു അയവു വരുത്തും വ്രണത്തെ വരട്ടും. ജ്വരരോഗികൾക്കു പഥ്യം. വാതത്തെ വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം.

ആനമൂത്രം.

ഇതു് രേചകവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, ഭൂതാവേശം, ഇക്കിൾ, വായുഗുൽമം, പ്ലീഹം, വിഷം, മണ്ഡലം, കണ്ണുനീർസ്രവം, ശ്വിത്രം, ഗ്രന്ഥി, കൃമി, മൂത്രാതിസാരം ഇവയെ ശമിപ്പിച്ചീടും. വിഷത്തെ തടുക്കുകയും ചെയ്യും. കണ്ണിനു ഹിതമായിരിക്കും. മൂത്രത്തെ പെരുപ്പിക്കും. ശീതമെന്നു ഭൂതാവതം.

ആമ

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന ജന്തുപ്രധാനമാകുന്നു. "ചാരിവർഗ്ഗത്തിൽചേർന്ന ജന്തുപ്രധാനമെന്നു ഭൂതാവിപ്രായം. ഇതിന്റെ മാംസം വാതത്തെയും, കഫത്തെയും പിത്തത്തെയും മെലിവിനേയും ശമിപ്പിക്കും. കഫത്തെയും ബലത്തെയും മേധയേയും സ്മൃതിയേയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ തടുക്കുകയും ചെയ്യും. കണ്ണിനു ഹിതമായിരിക്കും. മൂത്രത്തെ പെരുപ്പിക്കും. ശീതമെന്നു ഭൂതാവതം.

ആമ്പൽ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. പിത്തം, രക്തദോഷം, ചുട്ടനീർ, ശ്രമം, ക്ഷീണം, മുഴൽപ്പുകുമി. ജ്വരം, നേത്രരോഗം ഇവയെ ശമിപ്പിക്കും. വാതകഫങ്ങളെ കോപിപ്പിക്കും. താമരപ്പൂവിന്റെ ഗുണങ്ങളോടുകൂടിയതെന്നും, സംഗ്രഹണീയ രക്തപിത്തപ്രശമനങ്ങളിൽ

വെച്ച് ശ്ലേഷ്മത്തെ നശിപ്പിക്കുന്നതാകുന്നു. പിത്തത്തിലധികമായി ജ്വരത്തെ ഉണ്ടാക്കുന്നതുമാകുന്നു.

ആമ്പൽക്കിഴങ്ങ്.

ഇതു് ഉത്തമസ്വഭാവത്തിൽ ചേർന്നതാകുന്നു. മിക്കവാറും തമരകിഴങ്ങിനു് പറഞ്ഞ ഗുണങ്ങളോടുകൂടിയതും വിശേഷാൽ പിത്തത്തെ ശമിപ്പിക്കുന്നതും രക്തത്തെ കോപിപ്പിക്കുന്നതും ആകുന്നു.

ആമ്പാടി.

ഇതു് ഉത്തമസ്വഭാവത്തിൽ ചേർന്നതാകുന്നു. മിക്കവാറും ഗുണങ്ങൾ കൊണ്ടു് താമരപ്പൊയ്കയോടൊത്തതാകുന്നു.

ആമ്പാഡി.

ഇതു് ദൃഢക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫപിത്തം, രക്തദോഷം, പകപാതി, ശിരോരോഗം, കണ്ണരോഗം, വാതരോഗം ഇവയെ ശമിപ്പിക്കും. ജാഠരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. നല്ല ഗന്ധമുള്ളതായിരിക്കും.

ആയിരംവല്ലുള്ള മീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന മഹാമത്സ്യമാകുന്നു. ഇതു് സാമാന്യം മത്സ്യങ്ങൾക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കഫത്തെയും ഇക്കുത്തെയും വർദ്ധിപ്പിക്കും. അഗ്നിപിത്തത്തെയും കൃമിരോഗത്തെയും ഉണ്ടാക്കും. ഈ മത്സ്യത്തിന്റെ സ്വഭാവരിക്കാത്തതും മത്സ്യദോഷമില്ലായ്കയുള്ളതും കൂടുതൽ ശരീരത്തോടും വലിയ തലയോടും കൂടിയതാകുന്നു.

ആരൽമീൻ (ആരകൻ).

ഇതു് നാദേയപണ്ഡവർഗ്ഗത്തിൽ ചേർന്ന മാന്യമാംസമാകുന്നു. ഇതു് ദോഷങ്ങൾ വാതപിത്തങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രക്തത്തെ ദുഷിപ്പിക്കയില്ല. കഷായാനുരസത്തോടും ഗുരുവെന്നും രാജവല്ലഭമതം. സന്ധ്യാകൃതിയുള്ളതും നദിയിൽ സഞ്ചരിക്കുന്നതുമാകുന്നു.

ആരാമശീതള.

ഇതു് ഉത്തമസ്വഭാവത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം, ചുട്ടുനീർ, വ്രണം, മെലിവു്, വിസ്ഫോടം ഇവയെ ശമിപ്പിക്കും.

ആരുകം.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ വഴുത്ത കായ—വാതം, കഫം, രക്തദോഷം, അർശസ്സു്, രക്തമേഹം, ശൂലം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദാഹത്തെ തടുത്തുനിർത്തിപ്പിക്കും. തമസിയാതെ ദഹിക്കും. അഗ്നിയെ ശമിപ്പിക്കും! മുഖപ്രിയമായിരിക്കും. ഏറെ ദോഷളമില്ലെന്നു ചരകാഭിപ്രായം. ഇതിന്റെ പച്ചക്കായ—പിത്തകഫങ്ങളെ കോപിപ്പിക്കും. പുളിയും ചൂടും ഏറിയതാകുന്നു.

"ആരുകം വീരസേനാഖ്യ
വീരം വീരാരുകാ തഥാ;
തത്ര വിദ്യാദ്വയുഷ്ജാതീദ
ചതുഷ്പാടിഭേദതഃ."

എന്നു് രാജനിഘണ്ടുവിൽ കാണുകയാൽ പത്രപുഷ്പാദിഭേദംകൊണ്ടു് നാലുതരമുണ്ടെന്നു കാണാം. മധുരമേ

ദിയുള്ള പുളിയരിയിട്ടു ഇടങ്ങഴി
അരിയുടെ യാഗം ചെയ്തു. അ
യിൽ ചോറുണ്ണുന്ന ഗുണം മിക്കവാ
റും ഉണ്ടാകുന്നതിനെക്കൊണ്ടിച്ചുക
ളയുന്നു പുളിയരിയുടെ യാതൊരു ദോ
ഷവും കാണുന്നതല്ല. കൂടാതെയും കാണുന്ന
ദോഷത്തെയും വർദ്ധിപ്പിക്കും.

ആട്ടുകൊണ്ണ പോരുള്ള തേൻ.

ഇതു രണ്ടുവസ്തുത്തിൽ ചേർന്നതാ
കുന്നു. വിശേഷാൽ പിത്തകഫ
ങ്ങളെ ശമിപ്പിക്കും. ബലത്തെയും
പുഷ്ടിയെയും ചെയ്യും. കാണുന്നവാ
തത്തെ വർദ്ധിപ്പിക്കും. കണ്ണിനു
നന്നാകുന്നു.

ആട്ടുമാൻ.

ഇതു മഹാഗുണമുള്ള മാൻ ഇറച്ചി
യാകുന്നു. ഇതിന്റെ ഗുണം —വാതത്തെ ശമിപ്പിക്കും.
കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. മൂ
ലക്കുരുവിനെയും മൂത്രത്തെയും വർദ്ധി
പ്പിക്കും. ജീരകത്തെ വർദ്ധിപ്പിക്കയും
ഉറപ്പിക്കയും ചെയ്യും. ദോഷപുഷ്ടി
യെയും ദേഹസ്വരബലത്തെയും ചെയ്യും.
വൃവായുവിയായിരിക്കും. ദീപ്താഗ്നി
കർക്കു ഏറെ നലതായിരിക്കും.
ചൂടുള്ളവർക്കു നല്ലതു്. വിദാഹി
യായിരിക്കും. ബലത്തെ വർദ്ധിപ്പി
ക്കും. വിഷ്ടംഭിയായിരിക്കും. ശീത
മെന്ന പിത്തത്തെ ശമിപ്പിക്കുമെന്നു
സുശ്രുതാചാര്യന്റെ മതം.

ആട്ടുമാൻപേടമാൻ.

ഇതു് മഹാഗുണവസ്തുത്തിൽചേർന്ന
അനുപമാംസമാകുന്നു. ഇതിന്റെ
മാംസം ഉണങ്ങിക്കൊണ്ടു് ആട്ടുമാ
നിന്റെ മാംസത്തോടൊത്തതാകുന്നു.
വിശേഷാൽ ലഘുവായിരിക്കും.

ആഖുപ്പുഴം.

രസവസ്തുത്തിൽ ചേർന്നതാകുന്നു.
ഗുണമായിരിക്കും. പിത്തകഫ
ങ്ങളെ ശമിപ്പിക്കും. കൂടുതലായുള്ള വാ
തത്തെ വർദ്ധിപ്പിക്കും.

ആലിലക്കണ്ണർയമ്പഴി.

ഇതു് കടുരോഹിണിവസ്തുത്തിൽ ചേ
ർന്ന മൃദുവിരേചനീയൗഷധമാകുന്നു.
ഞാശൂരി. പ്രമേഹം, ഉദരരോഗം, മൂത്ര
തടവു്, യോനിരോഗം, വ്രണം,
രക്തസ്രുതി ഇവയെ ശമിപ്പിക്കും.
കണ്ണേവിട്ടുമന്ന മരുന്നാലുമതും.
ബലത്തെയും കാണുന്നാന്ന ഗുണ
ഗ്നിയേയും വർദ്ധിപ്പിക്കും. ഇതിൻറെ
കായു —ശീതവീര്യവും സ്നേഹനവു
മാകുന്നു. വാതത്തെ വർദ്ധിപ്പിക്കും.
കഫപിത്തങ്ങളെ ശമിപ്പിക്കും.

ആവണക്കണ്ണ.

ഇതു് തൈലവസ്തുത്തിൽ ഉൾപ്പെ
ട്ടതാകുന്നു. വാതം, കഫം, വിഷമ
ജ്വരം. പ്ലീഹോദരം, കോഷ്ഠശൂലം,
പക്വശൂലം, മഹോദരം, ഗ്രഹണി
ശൂലം. ആനാഹം, കൃമി, കുഷ്ഠ.
ഗുന്മം, ഷീലീല, പ്ലീഹ, ഗുദ
ഗ്രഹം, വീക്കം, വാതരക്തം, ശൂലം,
ഉദാവർത്തം, ജീർണ്ണജ്വരം, വൃദ്ധി,
ഗ്രന്ഥി, വിദ്രധി. ആമവാതം ഇവ
യെ ശമിപ്പിക്കും. പിത്തത്തെ കോ
പിപ്പിക്കും. അഗ്നിയേയും ബല
ത്തെയും ഇതുത്തെയും വർദ്ധിപ്പിക്കും.
ബുദ്ധിയെ നന്നാക്കും ദേഹകാന്തി
യെ വരുത്തും. യോനിശൂലാദിയെച്ചെ
യ്യും മലശോധനയെ ഉണ്ടാക്കും.
യൌവനത്തെ നിലനിറുത്തും. സ്ത്രീ
തസ്സുകൾക്കു് ശൂലാദിയെ വരുത്തും.
ഇതുദോഷത്തെ തീർക്കും. ഏറ്റവും
ചെറുതായ നാഡികളിൽക്കടന്നു ദോ
ഷങ്ങളെ ശമിപ്പിക്കും. കഫത്തെ
വർദ്ധിപ്പിക്കുമെന്നു രാജവല്ലഭമതം.
രസായനത്തിങ്കൽ ശ്രേഷ്ഠമാകുന്നു.

വർധ്മാദ്ധ്വാനിലശ്ലഥാഹരണങ്ങളിൽ ചെച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. ആവണക്കെണ്ണ ചുവന്നതും വെളുത്തതും രണ്ടുതരത്തിലുണ്ടു് ചുവന്ന ആവണക്കെണ്ണ വെളുത്തതിനേക്കാൾ കൊഴുത്തതും ആമഗന്ധമുള്ളതും തീക്ഷ്ണതയുള്ളതും ആകുന്നു. ഗുണങ്ങൾ മേൽപറഞ്ഞവതന്നെ.

"തൈലമേരണ്ഡജം ബല്യം
ഗുരുഷ്ണം മധുരം സരം:
തിക്താർശ്ശം പിത്തളം വസ്യം
രക്തൈരണ്ഡോദ്ഭവം ത്വിദം."

ആവണക്കെണ്ണ ബല്യവും ഗുരുതരമുള്ളതും ഉഷ്ണവും മധുരരസവും വയറിളക്കുന്നതുമാകുന്നു. ചുവന്ന ആവണക്കിന്റെ എണ്ണ തിക്തരസവും ഉഷ്ണവും പിത്തത്തെ വഷ്പിപ്പിക്കുന്നതും വെളുത്ത ആവണക്കെണ്ണയെക്കാൾ ഗുണവുമുണ്ടായിരിക്കും.

ഏരണ്ഡതൈലം കൃമിനാശനഞ്ച
സവ്യത്യശ്ശൂലഘ്നമരൽപ്രണാശം;
കുഷ്ഠപ്രഹം ചാപി രസായനം ച
പിത്തപ്രകോപാനിലശോധനം
വർധ്മാദ്ധ്വാനിലകഫാ- [ച;
നന്തരം വിഷമജ്വരം;
വാതശ്ശൂലഗജേന്ദ്രാണാ-
മേരണ്ഡസ്സോഹകേസരീ."

ആവണക്കെണ്ണ:— അതായതു് രണ്ടുതരം ആവണക്കുകളിൽ വെളുത്ത ആവണക്കിന്റെ എണ്ണ കൃമിഹരവും, ശരീരത്തിൽ എവിടെ വേദനയുണ്ടാകുന്നുവോ അവിടെ അവസ്ഥാനുസരണം ഉപയോഗിച്ചാൽ ആ വേദനയെ ശമിപ്പിക്കുന്നതും പുണ്ണിനെ ഉണക്കുന്നതും, കുഷ്ഠത്തെ നശിപ്പിക്കുന്നതും, രസായനവും, പിത്തകോപത്തേയും വാതകോപത്തേയും ശ്ലഥിവരുത്തുന്നതുമാകുന്നു. അതു് ആന്ത്രവൃദ്ധി, ഗ്രന്ഥി, വാതകോപം, കഫകോപം, മഹോദരം, വിഷമജ്വരം ഇവകളെ നശിപ്പിക്കുന്നതും വാതജമായ ശൂലവേദനയാകുന്ന ആനയെ നശിപ്പിക്കുന്ന സിംഹവുമാകുന്നു.

ആവര.

ഇതു് വൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, മുഖരോഗം, കുഷ്ഠം, ചൊറി, കൃമി, ശൂലം, വ്രണം, വീക്കം, അതിസാരം, ജ്വരം ഇവയെ ശമിപ്പിക്കുന്നതും കണ്ണിനു നല്ലതും ആകുന്നു.

ആവിമരം.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നമേയാകുന്നു. വാതം, വായു, മുട്ടൽ, വിഷം, ചൊറി, ചിരങ്ങു്, കുഷ്ഠം, വ്രണം ഇവയെ ശമിപ്പിക്കുന്നതാകുന്നു. ഇതിന്റെ കായു്—വിശേഷാൽ ജ്വരത്തെ ശമിപ്പിക്കും. ഇതിന്റെ ഇല—ലഘുവായും ഉഷ്ണവീര്യമായും പാകത്തിങ്കൽ എരിവുതായുമിരിക്കും. വാതം, കഫം, വീക്കം ഇവയെ ശമിപ്പിക്കും. അഗ്നിയെ വഷ്പിപ്പിക്കും. മലത്തെ ഇളക്കും.

ആസവമദ്യം.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും മദ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ സാധനദ്രവ്യങ്ങളുടെ ഗുണങ്ങളെ അനുസരിച്ചുമിരിക്കും.

ആറാമരം.

ഇതു് ഭോജ്യവർഗ്ഗത്തിൽചേർന്ന ശീഘ്രബിധാന്യമാകുന്നു. വിശേഷാൽ വാതത്തെ വഷ്പിപ്പിക്കും. കഫത്തേയും വിഷത്തേയും ശമിപ്പിക്കും. രക്തത്തെ വഷ്പിപ്പിക്കും.

ആറുനൊവ്വ്.

ഇതു് ഫലവൃക്ഷത്തിൽ ചേർന്നതാകുന്നു. സാധാരണ്യം ഞൊവലിന്റെ ഗുണങ്ങളോടുകൂടിയതും വിശേഷാൽ വെളുത്തതായും ഇരുത്തതായും വരുപ്പിക്കുന്നതും പുഴിയെ ചെല്ലുന്നതും, സന്താപത്തെ നശിപ്പിക്കുന്നതുമാകുന്നു.

ആറുപേരാലു്.

ഇതു് ഫലവൃക്ഷത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതിന്റെ തൊലി മുതലായവ മിക്കവാറും പേരാലിന്നു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ഇതിന്റെ പഴുത്ത കായു്:—പിത്തം, ചുട്ടനീർ, തണ്ണീർദാഹം, ശ്രമം, വായുമുട്ടൽ, ഛർദ്ദി ഇവയെ ശമിപ്പിക്കും.

ആറുവഞ്ചി.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, കൃമി, വ്രണം, നാക്ഷയസഫീഡ ഇവയെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. മലത്തെ പിടിപ്പിക്കും.

ഇ.

ഇഞ്ച.

ഇതു് ആരണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങളിതുകൊണ്ടു് പുളിഞ്ചിയോടൊത്തതാകുന്നു. വിശേഷാൽ ഉദരരോഗങ്ങൾക്കു നല്ലതു്. ഔഷധകാർയ്യത്തിങ്കൽ ഇഞ്ചയുടേയും തളിരു് എടുക്കണമെന്നാണു് വൃദ്ധസമ്മതം.

ഇടവകം.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. ജീവകത്തിനു് പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ഗർഭസ്രാവത്തെ തടുക്കും. അതിസാരത്തെ ശമിപ്പിക്കും.

ഇത്തിക്കണ്ണി. (ഇത്തിൾ).

ഇതു് കുമിഴുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം, പിത്തം, ശോഫം, രക്തദോഷം, വിഷം, വ്രണം, സന്നിപാതജ്വരം, ശ്രമം, അലകുടി, രക്തസ്രാവം, പീഡ, ജരാവ്യാധി ഇവയെ ശമിപ്പിക്കും. ബലത്തേയും ഇളക്കത്തേയും വരുപ്പിക്കും. മലത്തെ പിടിപ്പിക്കും. മംഗലപ്രദമായിരിക്കും.

ഇത്തിയാലു്.

ഇതു് ഫലവൃക്ഷത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതിന്റെ തൊലി മുതലായവ—കഫം, വ്രണം, ചുട്ടനീർ, പിത്തം, യോനിദോഷം, രക്തദോഷം, ആമശോഫം, പ്രമേഹം, അതിസാരം, പ്രദരം, വിസർപ്പം, മൂർഛ, ഭ്രമം ഇവയെ ശമിപ്പിക്കും. കയ്പുരസംകൂടെ ഉണ്ടെന്നും പക്ഷം. ഇതിന്റെ പഴുത്ത കായു്:—കഫം, പിത്തം, മൂർഛ, രക്തദോഷം, ഭ്രമം, പ്രലാപം മുതലായവയെ ശമിപ്പിക്കും. എല്ലാത്തരം ആലിന്റേയും പഴുത്ത കായു് കഫപിത്തങ്ങളെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. ദോഷങ്ങളെ സ്തംഭിപ്പിക്കും. വാതത്തെ വരുപ്പിക്കുമെന്നു് ചരകമതം.

ഇഞ്ചുപ്പ്.

ഇതു് പച്ചവൎഗ്ഗത്തിൽപ്പെട്ട ലവണമാകുന്നു. ത്രിദോഷം, ഉദരരോഗം, ഹൃദ്രോഗം ഇവയെ ശമിപ്പിക്കും. അഗ്നിയേയും ഇക്കുത്തേയും വൎദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഏതെയുച്ഛ്വാസത്തെ വരുത്തും. ചെറിയ നാഡികളിൽ പ്രവേശിച്ചു് ദോഷങ്ങളെ ശമിപ്പിക്കും. ദോഷങ്ങളുടെ തടവിനെ തീൎക്കും. കണ്ണിനു നല്ലതു്. വിദാഹിയല്ല. ആമത്തെ പചിപ്പിക്കും. പഥ്യമായിരിക്കും. "ലവണേഷു ച സൈന്ധവം" എന്ന പ്രമാണംകൊണ്ടു് ഇതു ഉപ്പുകളുടെ കൂട്ടത്തിൽ ശ്രേഷ്ഠമാകുന്നു. ഇതു് പൊടുത്തും, മുഴന്നും രണ്ടുതരം ഉണ്ടു്. വെളുത്തതു ശ്രേഷ്ഠമാകുന്നു

ഇന്ദ്രനീലക്കല്ലു്.

ഇതു് രസായനഗണ്ധനവൎഗ്ഗത്തിൽ ചേൎന്ന മഹാരത്നമാകുന്നു. ത്രിദോഷം, വിഷമജ്വരം, അൎശ്ശസ്സു്, വായുമൂട്ടൽ, ചുമ, പാപം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയേയും, ഇക്കുത്തേയും വൎദ്ധിപ്പിക്കും. ധരിച്ചാൽ ശനിപ്പിഴകൊണ്ടുള്ള ദോഷം നീങ്ങും. ശുക്ലപക്ഷത്തിലും മറ്റുള്ള രത്നങ്ങളുടെ ഗുണങ്ങളോടുകൂടിയതെന്നു ശ്രീതന്ത്രമെന്നും പക്ഷം. മുഴുപ്പിലാതെയും നിൎമ്മലമായും തുക്കത്തിൽ കനമുള്ളതായും ദീപ്തിയുള്ളതായും മിനുത്തതായും പല്ലുകൾ തൊടുവിച്ചാൽ പിടിക്കുന്നതായും മുട്ടുലമായും ഇരിക്കുന്നതു് നല്ലതാകുന്നു. ഈ മാതിരി ഇന്ദ്രനീലം ദുൎല്ലഭമാകുന്നു. മണലും ചരലും കോറിയിരിക്കുന്നതും ദീപ്തിയില്ലാത്തതും മലിനമായും കനമില്ലാത്തതായും മിനുസ്സു് ഇല്ലാത്തതായും പൊട്ടും സുഷിരവും ഉള്ളതായുമിരിക്കുന്ന ഇന്ദ്രനീലം ധരിച്ചാൽ ദോഷപ്രദമാകയാൽ ഉപേക്ഷിക്കണം.

ഇരട്ടി വെള്ളംചേൎത്ത മോരു്.

ഇതു് പേയവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. ക്ഷീണം, ക്ലമം, ശ്രമം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ഇരുപ്പ.

ഇതു് ഫലവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. ഇതിന്റെ പഴുത്തകായു്:— വാതം, ചുട്ടുനീറൽ, രക്തദോഷം, പിത്തം, കൃതം, വായുമുട്ടൽ, തണ്ണീർദാഹം, ഛൎദ്ദി, കഫം, കൃമി, ശ്രമം ഇവയെ ശമിപ്പിക്കും. കഫത്തെയും ഇക്കുത്തെയും വൎദ്ധിപ്പിക്കും, പുഷ്ടിയെ ചെയ്യും. അഗ്നിദീപ്തമായിരിക്കും. വയറുകടിപ്പിനെ ഉണ്ടാക്കും. ഇതിന്റെ കാതൽ:— ചവൎപ്പും കയ്പും, ചൂടും ഉള്ളതാകുന്നു. വാതകഫങ്ങളെ ശമിപ്പിക്കും. വ്രണത്തെ വരുട്ടും. ഇതിന്റെ പൂവു്:—പക്വഫലത്തിന്റെ രസാദികളോടുകൂടിയതാകുന്നു. വാതത്തെയും വിശേഷാൽ പിത്തത്തെയും തണ്ണീർദാഹത്തെയും ജ്വരത്തെയും ശമിപ്പിക്കും. ബലത്തെയും ഇക്കുത്തെയും വൎദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ലഘുവിനെ വരുത്തുന്നതാകയാൽ അഹൃദ്യമായിരിക്കും.

ഇരുപ്പഎണ്ണ.

ഇതു് തൈലവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വൎദ്ധിപ്പിക്കും. കഫത്തെ നശിപ്പിക്കും. സൎവ്വാംഗസന്ധിപത്തെ നശിപ്പിക്കും. കഫപിത്തങ്ങളെ നശിപ്പിക്കുമെന്നു സുശ്രുതാഭിപ്രായം.

ഇരുപ്പച്ചാനി.

ഇത് രസായനത്തിന് ചേർന്നതാകുന്നു. കഫത്തെ ശമിപ്പിക്കും. വാതത്തെയും, പിത്തത്തെയും വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെ ചെയ്യും. ഇരുപ്പ് നല്ല മധുരവർഗ്ഗത്തിൽ ചേർത്ത് ഏഴുനാഴിക കഴിഞ്ഞതിന് ഏടുക്കുന്നതാകുന്നു.

ഇരിപ്പച്ചൂടുകാണുണ്ടാക്കുന്ന വിധം.

ഇരുപ്പ് രസായനത്തിൽ ചേർന്നതാകുന്നു. പിരശ്ശാൽ കഫത്തെ ശമിപ്പിക്കും. പാരപിത്തങ്ങളെ കോപിപ്പിക്കും. അഗ്നിയെയും, ബലത്തെയും വർദ്ധിപ്പിക്കും. പുഷ്ടിയെ ചെയ്യും. കാമോദ്ദീപനത്തെ വരുത്തും. വിഷാഹത്തെയും ലഹരിയേയും ഉണ്ടാക്കും. ശർക്കര ചേർത്തിയും കരിമ്പിനീര ചേർത്തിയും ഉണ്ടാക്കാം.

ഇരുമ്പിൻകിട്ടം (പുരാണകിട്ടം).

ഇരുപ്പ് രസായന മന്ധനവർഗ്ഗത്തിൽ ചേർന്ന ധാതുശബ്ദമാകുന്നു. വാതം. പാണ്ഡു, കൃമി. ക്ഷേതശ്ശൂലം. വാതസ്തുലം, ഗുല്മം, വീക്കം ഇവയെ ശമിപ്പിക്കും. യോഗ ഇരുമ്പിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതുമാകുന്നു. എരുമയും ഉഷ്ട്രവിഷ്ടവും ചേർന്നതെന്നു ഗ്രഹിക്കുന്നതാകുന്നു.

ഇരുമ്പ്.

ഇരുപ്പ് രസായനമന്ധനവർഗ്ഗത്തിൽ ചേർന്ന ധാതുശബ്ദമാകുന്നതാകുന്നു. കഫം, പിത്തം, വീക്കം, തണ്ണീർദാഹം, പ്ലീഹ. ശൂലം, അശ്മരി, പാണ്ഡു, കൃമി, മേഹോദരം, പ്രമേഹം, കുഷ്ഠം, ക്ഷുദ്രവിഷം, ആമവാതം, ജരാവ്യാധി, കാമല, ഗുൽമശ്ലീ

ഹിച്ചിൽ, മെലിവു്. നേത്രരോഗം ഇവയെ ശമിപ്പിക്കും വാതത്തെ വർദ്ധിപ്പിക്കും. മേദസ്സിനെ കുറയ്പ്പിക്കും. ആമത്തെ വലിപ്പിക്കും. രക്തയാത്രയിലെയും ഗാഢഗതിയേയും വർദ്ധിപ്പിക്കും. മലത്തിനു് ആയവു വരുത്തും. കോഷ്ഠശുദ്ധിയെ ചെയ്യും. നെഞ്ചവനത്തെ ക്ഷയിപ്പിക്കാതെ നിലനിറുത്തും. ജാതിദോഷം മൂലമായതിനെ ശമിപ്പിക്കും. ഉഷ്ണമെന്നു മുന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു സൂചിതമാകുന്നു.

"മുണ്ഡം തീക്ഷ്ണം തഥാ കാന്ത-
മിതിലോഹം ത്രിധാ സ്മൃതം;
മുണ്ഡാച്ഛതാധികം തീക്ഷ്ണം
തീക്ഷ്ണാൽ കാന്തം ശതാധികം;
മുണ്ഡം യ വയ്യുള്ളാ ദ്രുമെന
പയ്യരേയ് മ ജായതേ;
ഗദ്യവല്യാദി തീക്ഷ്ണാഢ്യാൽ
കാന്തം മുണ്ഡകസംജ്ഞയാ;
യത്രാംഗം ദൃശ്യതേ ലോഹേ
തീക്ഷ്ണം ലോഹാന്തരാവൃതാത്;
കാന്തീ ഗുണൈകുറ്റാക്കേ
ലോഹേ സംഭൂത തേ മുണ്ഡം"

"യൽപാത്രേ ന പ്രസരതി ജലേ
തൈലബിന്ദു പ്രതപ്തേ
ഹിത്വാ പൂർവ്വസ്ഥാം സ്വൃജതി ച നിജം
തിക്ഷ്ണതാം നിംബകല്കേ;
തപ്തം ദൃഷ്ടാ ഭയതി ശിഖരാ-
കാരകം നൈതി ഭൂമിം
കൃഷ്ണാംഗഃ സ്യാൽ സജലചണകഃ
കാന്തലോഹം തടുക്കാം."

ഇരുമ്പ്, മുണ്ഡം. തീക്ഷ്ണം, കാന്തം എന്ന മൂന്നുതരമാകുന്നു. അതിൽ മുണ്ഡത്തേക്കാൾ നൂറിരട്ടി ഗുണമുള്ളതാണു്. തീക്ഷ്ണം അതിലും ശതാധികഗുണയുക്തമാണു് കാന്തം. മുണ്ഡമെന്ന ലോഹം കട്ടപിടിച്ചിരിക്കും. അതു് സാധാരണ ഭൂമിയിലും മലകു

മുൻപറഞ്ഞ മൂന്നതരം ഇരുമ്പും ശുദ്ധി ചെയ്യുന്നതിനുള്ള വിധിയെ വിവരിക്കുന്നു:—ഇരുമ്പു തകിടാക്കി അതിനേൽ മുയലിൻചോര പുരട്ടി അതു വലിഞ്ഞാൽ ഏരുക്കിൻപാലുംതേച്ചു ഉലയിലിട്ടു പഴുപ്പിച്ചു ത്രിഫലകഷായത്തിൽ മുക്കുക. ഇങ്ങനെ മൂന്നുപ്രാവശ്യം ചെയ്താൽ ആ ഇരുമ്പിനു ശോധനയവുന്നു.—അതിലുള്ള മലാദിപായി എന്നറിയണം. അതു:—

"കഷായമാഹൃതേനതോയേ
ത്രിഫലായാശ്ചൂർണം പലം;
തൽകഷായേ പാടയിത്വാ തു
ത്രിഫലായാ പലപഞ്ചകം;
കൃത്വാ പത്രാണി തപ്താനി
സപ്തവാരം നിഷേചയേൽ;
ഏവം പ്രലീയതേ ധാതുർ-
ഗ്ലിരിജോ ലോഹസംഭവഃ."

പതിനാറു പലം ത്രിഫല മുപ്പത്തിരണ്ടു നാഴി വെള്ളത്തിൽ കഷായം വച്ചു് എട്ടു നാഴിയാക്കി ചണ്ടിപിഴിഞ്ഞുകളയുക. അതിൽ അഞ്ചുപലം ഇരുമ്പു് കനംകുറഞ്ഞ തകിടാക്കി ഉലയിലിട്ടു പഴുപ്പിച്ചെടുത്തു മുക്കുക. ഇങ്ങനെ ഏഴു പ്രാവശ്യം കാച്ചി മുക്കിയാൽ ആ ലോഹത്തിലുള്ള അന്യധാതു സമ്പർക്കമാകുന്ന മലം നശിക്കുകയും ചെയ്യും.

ലോഹമാരണം:—

"ലോഹാനാം മാരണം ശ്രേഷ്ഠം
സർവ്വേഷാം രസഭസ്മനാ;
മദ്ധ്യമം മൂലികാഭിശ്ച
കനിഷ്ഠം ഗന്ധകാദിഭിഃ;
ജ്ഞാന്യസൂതരാജസ്യ
ഭംഗോ ഭാഗത്രയം ബലേ;
ദ്വയോഃ സമം സാരചൂർണ്ണം
മർദ്ദയേൽ കന്യകാംബുനാ;

ലിപ്ത്വാ പുടാന്തരം ചക്രം
തീക്ഷ്ണം തത്ര നിരുദ്ധയേൽ;
ഗജപുടേ പചേൽ പക്വം
ശീതം ചൂർണ്ണം സമുദ്ധരേൽ;
ഏവം സപ്തപുടൈഃ പക്വം
ഭവേൽ ലോഹം നിരുത്തമം;
ഏകം ത്രിഭാഗം കൃതേ ലോഹം
ജ്ഞേയമാത്രോത്തമം ബുധൈഃ."

കാന്തലോഹലക്ഷണം:—

"ശരരക്തേന സംലിപ്തം
കിംവാക്ഷപയസായസഃ;
ലോഹം ഹതാശനേ ധ്മാതം
സിക്തം തത്തൈലവാരിണാ;
ഏവം ത്രിശഃ കൃതേ ലോഹം
ജ്ഞേയമാത്രോത്തമം ബുധൈഃ."

ലോഹശോധനം:—

"ശരരക്തേന സംലിപ്തം
കിംവാക്ഷപയസായസഃ;
ലോഹം ഹുതാശനേ ധ്മാതം
സിക്തം തത്തൈലവാരിണാ;
ഏവം ത്രിശഃ കൃതേ ലോഹം
ജ്ഞേയമാത്രോത്തമം ബുധൈഃ."

ധാത്രീഫലം താപ്യ ദാഡിമം
നാഗരം ച, ശൊഭാഞ്ജനത്തൈകളിം;
ശുദ്ധ സൂത്ര ഗുഡാന്വിതം
ഘനചിതമത്ര ചൂർണ്ണിതം;
ഷൊഡശപ്രതിമം തു
ഗുഡം ദാപ്യാത്ര നക്ഷുനം;
ഗ്രഹിതം യാമ്യരാത്രിപ്രഥം
നവഭൂപ്യൈ ച ഭക്ഷയേത്;
ഭക്ഷ്യപ്രസ്യാഭിജനിതം
നൃണാം തത്രതി ഹംസയേത്;
സൊമാവൃതാഭിധമിദം
ലോഹഭസ്മപ്രകീർത്തിതം."

ലോഹമാരണപ്രകാരത്തെ വിവരിക്കുന്നു:—ലോഹമാരണം ശ്രേഷ്ഠം. മനുഷ്യനും, കന്നിപ്പാ എന്ന പക്ഷിയുമാണു. ഇതിൽ ശ്രേഷ്ഠമായിട്ടുള്ള മനുഷ്യരക്തം രസമായിട്ടുകൊണ്ടുള്ളതും. സ്ഥായുരാരോഗ്യങ്ങൾക്കുവേണ്ടി ചെയ്യുന്നതു് മനുഷ്യനും, ഗന്ധകാദി ഉപധാതു മുഖ്യമായും ചേർത്തു ചെയ്യുന്നതു് കന്നിപ്പക്ഷിയും ന്യൂനഗുണവുമാകുന്നു. അതുകൊണ്ടു് ശ്രേഷ്ഠവിധിയെ ആദ്യമായി വിവരിക്കുന്നു. അതിനു്—ശുദ്ധിചെയ്ത രസം ഒരു ഭാഗം, നാലിലൊരു ഇരട്ടി ശുദ്ധമായ ഗന്ധകം. ആ രണ്ടും കൂടിയതിനോളം തുക്കം ശോധനക്രിയചെയ്ത ലോഹച്ചൂർണ്ണം, ഇതുകളിലധികം കൂട്ടി കാടുവാഴത്തീരിൽ രണ്ടു യാമനേരം അരച്ചു് ഒരു ഉരുളയാക്കി ഉരുട്ടിണ്ടു് തുവനാക്കിലകൊണ്ടു് പൊതിഞ്ഞു് ഒരു ചെമ്പുകിണ്ണത്തിൽ വെച്ചു് ചരുട്ടികൊണ്ടു് മുകളിൽകെട്ടി മറ്റൊരു ചെമ്പുപാത്രംകൊണ്ടു് അടച്ചു മീതേ ശീലമൺചെയ്തു് ഉണക്കി നെല്ലിൽ കഴിച്ചിടുക. പിന്നെ മൂന്നുദിവസം കഴിഞ്ഞാൽ എടുത്തു് അയവരണങ്ങളെല്ലാം കളഞ്ഞു് ഉരുള നല്ലവണ്ണം പൊടിച്ചു് ശീലപൊടിച്ചു ചിരട്ട ചുണ്ണാമ്പു് ഇവ പാകത്തിനു് ചേർത്തു് ഒന്നിച്ചു് അരച്ചു് ഉരുളയാക്കി ഉണക്കി ചുട്ടു് ഉപയോഗിക്കുക. ഇങ്ങനെ ഏഴുപ്രാവശ്യം കഴിഞ്ഞാൽ ആ ഉരുള്ളപൊടി വെള്ളത്തിലിട്ടാൽ താഴത്തെയുള്ള പരിമളം ഭസ്മമാകും.

അപരാഹ:—

"ലോഹചൂർണ്ണം പലം ഖല്വേ
സോരകസ്യ പലം തഥാ;
അർക്കസ്യ പലം ചാപി
സർവ്വമേകത്ര മർദ്ദയേത്,
കുമ്പാളപുഷ്പിനീം പശ്ചാൽ
ഗോളകം ദ്വാദശാത്മകം;

[illegible]
[illegible]
[illegible]

ക്കും. ദോഷത്തെ തടിപ്പിക്കും. മലത്തെ പിടിപ്പിക്കും. രക്തദോഷം, രക്തപിത്തം, വിഷം, കൃമി, ചൊറി, ചിരങ്ങു, ഗുഹ്യരോഗം, ഇവയെ ശമിപ്പിക്കും. ഗ്രഹണിയെ ഉണ്ടാക്കും. ദഹനശക്തിയെ വർദ്ധിപ്പിക്കും. ഇതിന്റെ ചുവന്നകായ്—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. വിഷത്തെ ഛർദ്ദിപ്പിക്കും. ഇതിന്റെ പച്ചയായ കായ്—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. ഇതിന്റെ പഴുത്തകായ്—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. ഇതിന്റെ കുരു—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. ഇതിന്റെ തോൽ—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. ഇതിന്റെ വേര്—കഫപിത്തങ്ങളെ ശമിപ്പിക്കും. വിഷത്തെ വമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷദോഷത്തെ ഉണ്ടാക്കും. ഇതിന്റെ പൂവു

ങ്കിലാണ്—പ്രമേഹം, വിരകൾ, രക്തപിത്തം, ചർമ്മരോഗങ്ങൾ, ദാഹം, ക്ഷയം, ജ്വരം, ക്ഷതം, കൊഴുപ്പുകുറഞ്ഞ, രണ്ണീർദോഷം, ചൊറി, മുഖം, മദം, വിശപ്പ് വായുകുറയ്ക്കൽ, കൃമി. മുതലായുണ്ടായ വികാരം ഇവയെ ശമിപ്പിക്കും. കൊഴുപ്പുണ്ടാക്കുന്നതിനും ബലത്തെയും. ഇന്ദ്രിയത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയുണ്ടാക്കും, വിശപ്പുണ്ടാക്കുന്നതിനും പുഷ്ടിയേയും വരുത്തും. രുചിണമായിരിക്കും. ഇതിന്റെ വറുക്കായ്, ചവർപ്പുരസമുള്ളതായിരിക്കും. തടിയുടെ നീര്—പിത്തത്തെയും ലഹരിയേയും ഉണ്ടാക്കും. വാതകഫങ്ങളെ ശമിപ്പിക്കും. കാഠിന്യത്തെയും ഇന്ദ്രിയത്തെയും ബലത്തെയും വർദ്ധിപ്പിക്കും. രുചിയുള്ളതായിരിക്കും. തൂമ്പിലെ മജ്ജ—മധുരം, തുവരം സ്നിഗ്ധം ശീതം, വാകത്തിനു മധുരവും ആകുന്നു. ഇത് വാതം. പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. കൊഴുപ്പിനെയും ഇന്ദ്രിയത്തെയും വർദ്ധിപ്പിക്കും. ശോഷത്തെ തടുപ്പിക്കും. സ്വാമാന്യം ഇരത്ത എന്നു പറയുന്നതു് അല്പം ചവർപ്പുരസത്തോടെയുള്ളതെന്നു സൂചിപ്പിക്കുന്നു.

ഇരത്തച്ചുഴിംകൊണ്ടുണ്ടാക്കുന്ന മട്ടും.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മൂന്നിരണ്ടുമാത്തിന്റെ കറുത്ത ഗുണമുള്ളതിനോടുകൂടിയതും വിശേഷിച്ചു് യാതൊന്നിനെ വർദ്ധിപ്പിക്കുന്നതുമാകുന്നു. അതുപോലെ വിശുദ്ധമായിരുന്നാൽ കഫത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ ചെയ്യും. ദോഷത്തെ മെലിയിക്കും. ഇരുമ്പുണക്കുക ഉണ്ണുന്നതിനെ ഉത്തമം. നല്ല ഗന്ധമുള്ളതായിരിക്കും. ലഘുവുമായിരിക്കും.

ഇരത്തച്ചുഴിംകൊണ്ടുണ്ടാക്കുന്ന മട്ടും.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുന്നിരണ്ടുമാത്തിന്റെ കറുത്ത ഗുണമുള്ളതിനോടുകൂടിയതും വിശേഷിച്ചു് യാതൊന്നിനെ വർദ്ധിപ്പിക്കുന്നതുമാകുന്നു. അതുപോലെ വിശുദ്ധമായിരുന്നാൽ കഫത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ ചെയ്യും. ദോഷത്തെ മെലിയിക്കും. ഇരുമ്പുണക്കുക ഉണ്ണുന്നതിനെ ഉത്തമം. നല്ല ഗന്ധമുള്ളതായിരിക്കും. ലഘുവുമായിരിക്കും.

ഇരന്തപ്പന.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. പിത്തം, തണ്ണീർദ്ദാഹം. ചുട്ടനീറൽ ഭ്രമം ഇവയെ ശമിപ്പിക്കും. കഫത്തെയും വാതത്തേയും ഉണ്ടാക്കും.

ഇരന്തിൽ.

ഇതു് ഫലവർഗ്ഗത്തിൽചേർന്ന കണ്ഡഘ്നദ്രവ്യമാകുന്നു. കഫം, പിത്തം, വ്രണം രക്തദോഷം, ആതിസാരം ഇവയെ ശമിപ്പിക്കും. തൈലയോഗത്തിങ്കലും ധൂപയോഗത്തിങ്കലും നല്ലതു്. പുഴുവിനെയൊഴിയും. ഇതിന്റെ ചൂവു്:— വാതം. ആശ്മസ്സു്. കഫം കുഷ്ഠം ആതചി ഇവയെ ശമിപ്പിക്കും. ഈ വൃക്ഷം വളരെ യലുതായിരിക്കും. ഇതിന്റെ ഇല — വേപ്പിലപോലെയിരിക്കും. ഇതിന്റെ കായു് മുന്നു വരിപ്പുള്ളതായിരിക്കും. ഇതിന്റെ നിശ്വാസത്തെ കന്നുകാലി എന്നും പായുന്നു.

ഉ

ഉകമരം.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. പഴുത്ത കായു്:— വാതം, കഫം കൃമി മയോദരം. അർശ്മസ്സു് ഗുല്മം. പ്ലീഹാ, കല്ലടപ്പു്. ക്ഷീവിക്ഷം, ഇവയെ നശിപ്പിക്കും. രക്തപിത്തത്തെ ഉണ്ടാക്കും. മലത്തെ ഇളക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രസായനമായി ഭവിക്കും.

ഉകമരത്തിന്റെ എണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് വാതം, കഫം. കൃമി. അർശ്മസ്സു്. കുഷ്ഠം, പ്രമേഹം. ശിരോരോഗം ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തത്തേയും കോപിപ്പിക്കും. മലത്തെ ഇളക്കി പുറത്തുകളയും. ഇക്കൂത്തേയും മൈസ്സിനേയും ചെയ്യിപ്പിക്കും.

ഉങ്ങു്.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡഘ്നദ്രവ്യമാകുന്നു. വാതം കഫം, കൃമി കുഷ്ഠം ഓർശ്മസ്സു്, ഗുല്മം യോനിദോഷം വ്രണം ഇവയെ ശമിപ്പിക്കും. പ്ലീഹ ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. കണ്ണിനു നല്ലതാകുന്നു. ഇതിന്റെ കായു്:— വാതം കഫം പ്രമേഹം ശിരോരോഗം, ആർശ്മസ്സു്, കുഷ്ഠം കൃമി ഇവയെ ശമിപ്പിക്കും. വന്യാഗ്നിയെ ഉണ്ടാക്കും. പിത്തകഫങ്ങളെ കോപിപ്പിക്കയില്ലെന്നു സംശയം. ഇതിന്റെ ഇല — വാതം കഫം കൃമി, ആർശ്മസ്സു്, വ്രണം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും മലത്തെ ഇളക്കും. ഇതിന്റെ പൂവു്:— ഉഷ്ണവീര്യമാകുന്നു. വാതപിത്തകഫങ്ങളെ ശമിപ്പിക്കും. തളിരു്:— രസത്തിങ്കലും പാകത്തിങ്കലും എരിവുള്ളതാകുന്നു. കഫം. വാതം. കൃമി ആർശ്മസ്സു്, കുഷ്ഠം, വ്രണം വീക്കം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കി പുറന്തള്ളും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും.

ഉഞ്ഞെണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം. കഫം, വാതരോഗം നേത്രരോഗം, കുഷ്ഠം ചൊറി, കൃമി. അർശ്മസ്സു്. വ്രണം ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. ലേപനം ചെയ്താൽ പലപ്രകാരമുള്ള ത്വഗ്ദോഷത്തെ നശിപ്പിക്കും. മൈസ്സിനേയും. ഇക്കൂത്തിനേയും ചെയ്യി

ച്ചിങ്കാ ശരീരത്തെയെ ഉഷ്ണകാലം കൂടുവിപ്പിക്കുന്നതാകുന്നു.

ഉപ്പുമഴം

ഇത് ഉത്തരാഭാദ്രത്തിൽ ചേർന്ന ഭരണിയാകുന്നു. ഇതിനെ ഭക്ഷിച്ചാൽ ശുക്ലം ക്ഷയിച്ചുപോകുന്നതാകുന്നു.

ഉപ്പു്

ഇത് ധനിഷ്ഠയിൽ ചേർന്ന ഭരണിയാകുന്നു. ഇതിനെ ഭക്ഷിച്ചാൽ മാംസത്തെയും രക്തത്തെയും വർദ്ധിപ്പിക്കും. ഉപ്പുകൂടുതലായാൽ ദോഷത്തെ ഉണ്ടാക്കുകയും ചെയ്യും. ഇതിനെ ഭക്ഷിക്കുന്നതിനാൽ ഉണ്ടാകുന്ന ദോഷങ്ങളെ ശമിപ്പിക്കുന്നതിനായി ചെയ്യേണ്ടുന്ന ചികിത്സാവിധി ഉപ്പുരസം എന്നിടത്തു പറയുന്നുണ്ട്.

ഉപ്പുമുതലായവ.

ഇവയുടെ ഗുണദോഷങ്ങൾ അതാതിന്റെ പേരുകളിൽ പറയുന്നുണ്ട്. ഇവയുടെ ഗുണങ്ങളെ ഒരുമിച്ചു ചേർത്തു പറയുന്നതാകുന്നു. ഇവയെല്ലാം ഉപ്പിന്റെ ചേർന്നവയാണെന്നു് വച്ചു് ഉപ്പുരസം എന്നുതന്നെ പറയുന്നതാകുന്നു. സുശ്രുതത്തിൽ ഗോക്ഷുരം മുതലായവയെ ക്ഷാരവർഗ്ഗത്തിൽ ചേർത്തിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ ഇവയെല്ലാം വിഷ്ടംഭത്തെയും ഭേദത്തെയും ഉണ്ടാക്കുന്നതിനാൽ ക്ഷാരഗുണങ്ങളെയും ചെയ്യുന്നതാകുന്നു. ഇങ്ങനെ അഞ്ചു വർഗ്ഗങ്ങളും അനുപാനങ്ങളാകുന്നു.

ഉത്തരകിരിയാത്തു്.

ഇതു് ധനിഷ്ഠയിൽ ചേർന്ന ഭരണിയാകുന്നു. ഇതിനെ ഭക്ഷിച്ചാൽ ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. കഫത്തെ ഉണ്ടാക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ഇതു് വെള്ളത്തിൽ കലക്കിത്തെളിച്ചുരിച്ചു് അടുപ്പിൽവെച്ചു വറുത്തു പൊടിച്ചു വെച്ചുകൊണ്ടു് ഭക്ഷിക്കുന്നതാകുന്നു.

ഉപ്പുകാരം.

ഇതു് പണ്ടിയർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, ശൂലം, ഗുല്മം, മൂത്രാശയരോഗങ്ങൾ എന്നിവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ഇതു് വെള്ളത്തിൽ കലക്കിത്തെളിച്ചുരിച്ചു് അടുപ്പിൽവെച്ചു വറുത്തുപൊടിച്ചു വെച്ചുകൊണ്ടു് ഭക്ഷിക്കുന്നതാകുന്നു.

ഉപ്പുരസം.

പിത്തത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. കഫത്തെ ഉരുക്കിക്കളയും. ദഹനത്തെയും രുചിയെയും ഉണ്ടാക്കും. സ്രോതസ്സുകളിൽ അടഞ്ഞിരിക്കുന്ന മലങ്ങളെ ഭേദിപ്പിക്കും. ശൈഥില്യത്തെയും, മാർദ്ദവത്തെയും സ്രോതസ്സുകൾക്കു ജലമയത്തെയും ചെയ്യും. വ്യാപിയായും വികാസിയായും ഇരിക്കും. അന്നദ്രവ്യരുചികരങ്ങളിൽവച്ചു് ശ്രേഷ്ഠമാകുന്നു. യാതൊരു അടപ്പടിച്ചാൽ വായിൽനിന്നു വെള്ളം വരികയും ഭക്ഷണം കഴിച്ചാൽ നീരുകയും ഭക്ഷണത്തെ രുചിപ്പിക്കുകയും ചെയ്യുന്നുവോ അതു് ഉപ്പുരസമെന്നു

റിയുണം. ഇതു മേല്പറഞ്ഞഗുണങ്ങളോടുകൂടിയതെങ്കിലും ഗുരുതരമായ ഉപയോഗിച്ചാലുള്ള ദോഷത്തെ പറയുന്നു വിസ്താരം രക്തദോഷം സർവ്വാംഗ ത്തിനുമാവാ വിസ്തൃപ്തി വ്രാതരക്തം. വിക്കം രക്തം മൂർച്ഛ ചൊറി കുഷ്ഠം ആമക്ഷയം കഫങ്ങി വിഷം മദം പിത്തം തണ്ണീർദാഹം. ഇവയുണ്ടാം പനിപ്പിഴ. കുഷ്ഠം. ഉണ്ടാക്കുന്നു പുളിച്ചുതികട്ടൽ മുതലായ വികാരങ്ങളെ ഉണ്ടാക്കും. വായിലും കണ്ണിലും പഴുപ്പു വരുത്തും. ബലത്തെയും ഓജസ്സിനെയും ക്ഷയിപ്പിക്കും. ലവണസ്കന്ധത്തിൽ പറയുന്നു:—

'സൈന്ധവാദിനി ക്ഷാരാന്താന്നി
രുച്യഗ്നികൃത്തിനി ച'

ഇങ്ങനെ കാണുന്നു. ഇതു ജലതേജോഗുണബാഹുല്യത്തിൽനിന്നാകുന്നു. പുളിരസത്തേക്കാൾ ചുണ്ണുമാകുന്നു.

ഉഴിഞ്ഞ യവംകൊണ്ടു
ഉണ്ടാക്കിയ കാടി.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കഫം, വ്രണദോഷം. കൃമി ജ്വരവ്യാധി ഗ്രഹണി കഴപ്പു്. ശ്ലീപദം, ദാഹം. അർശ്ശസ്സു്, അസ്ഥിരോഗം. പാണ്ഡു, അനാഹം ഹൃദ്രോഗം, ശിരോരോഗം ഇവയെ ശമിപ്പിക്കും. മൂത്രകൃച്ഛ്രം ഇല്ലാതാക്കും. ആമത്തെ പചിപ്പിക്കും. ധാതുക്കളേയും അഗ്നിയേയും, ബലത്തെയും വർദ്ധിപ്പിക്കും. കാടിയുടെ ഗുണങ്ങളോടുകൂടിയതെങ്കിലും സംസ്കൃതം ഇതും എള്ളു കൊണ്ടുണ്ടാക്കിയ ചണ്ടേലിയും ഒരുമിച്ചു പ്രയോഗിച്ചാൽ വിശേഷം.

ഉമിക്കളയാത്ത യവംകൊണ്ടു്
ഉണ്ടാക്കിയ കാടി.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, കഫം, വ്രണദോഷം, ക്ഷീണം, ക്ഷയം, കൃമി, ജ്വരം, ചൊറി, വിഷം. കുത്തിനാവു് ഇവയെ ശമിപ്പിക്കും. മൂത്രത്തിലും തുണിയിലും ഉള്ള പോൻ മുതലായവയെ ശമിപ്പിക്കുപിത്തത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ഗുരുത്വത്തെയുണ്ടാക്കുന്നു. ഭാരം ഒടുവിൽ യവിച്ചാൽ പ്രാപ്തംകൊണ്ടു ജ്വരത്തെ ശമിപ്പിക്കും. മൂത്രത്തെ വാതം ചെയ്യാൻ ചുണ്ണാമ്പു വായുമുട്ടു ശമിക്കും. അരുചിയുണ്ടാക്കുന്നതിനെ ഉണ്ടാക്കും. ഇതു് വെളുത്തും, വിശദമായും, കുറുന്നും. കാണുന്നതിനെയുമാണു് ഗുണമുള്ളതു്. കുടിച്ചുകഴിഞ്ഞാൽ ഉള്ളിൽ തങ്ങിനിന്നു ചുടുണ്ടെന്നു കാണുന്നതു കൂടാത്ത പുറപ്പെടുന്നതു് ശ്രേഷ്ഠവും ആകുന്നു.

ഉരുക്കു്.

ഇതു് രസായനമാണ്ഡനവർഗ്ഗത്തിൽ ചേർന്ന ധാതുവ്യത്യാകുന്നു. പരിസ്രവിനവാതഗുണങ്ങളോടുകൂടിയതെങ്കിലും വിശേഷാൽ ശീതവീര്യമായും കാസിയായും ഏറ്റവും ഉത്തമം

മടയും യക്ഷ്മപീഡയെ നശിപ്പിക്കുന്നതുമാണ്.

ഉലുവാ (വൈദ്യം).

ഇത് പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. വാതം, കഫം ഛർദ്ദി, കഫം, ശ്വാസം, ചുമ, അരുചി, ഓർസ്സ് എന്നീ വ്യാധികളെ ശമിപ്പിക്കും. മലത്തെ തടുക്കും. രക്തപിത്തത്തെ ഉണ്ടാക്കും. നിറത്തെ നന്നാക്കും. ബലത്തെയും അഗ്നിദീപ്തിയും വർദ്ധിപ്പിക്കും. ഇതിനെ കഷായിപ്പിച്ചുകുടിക്കുമ്പോൾ പക്ഷാഘാതത്തെ ചെയ്യും. വറുത്തെടുക്കുന്നത് നല്ലതാകുന്നു.

ഉവരുപ്പ്.

ഇത് പണ്യവർഗ്ഗത്തിൽ ചേർന്ന ലവണദ്രവ്യമാകുന്നു. ഉവർ നിലത്തിലുണ്ടാകുന്നു. ഇത് വെള്ളത്തിൽ കലക്കി തെളിച്ചൂറ്റിച്ചു വാറ്റിച്ചു ധൂനത്താൽ ക്ഷാരമാകും. വാതകഫത്തെ ശമിപ്പിക്കും. തടഞ്ഞിരിക്കുന്ന വായുവിനെ നേരെയാക്കും. പിത്തത്തെയും രക്തദോഷങ്ങളെയും ഉത്പത്തിയെയും ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. മൂത്രത്തെ കറയ്ക്കും. സൂക്ഷ്മനാഡികളിൽ പ്രവേശിക്കും. വിരോഹിയായിരിക്കും.

ഉളിമുകത്തിപ്പൂ.

ഇത് ഔഷധവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. മിക്കവാറുമൊരുതരം തെറ്റണ്ടകളിലുണ്ടാകുന്നു. കാണുന്ന ഗുണമുള്ളതാകുന്നു.

ഉറുഞ്ചി.

ഇത് വന പുഷ്പവർഗ്ഗത്തിൽചേർന്ന ഔഷധപുഷ്പമാകുന്നു. വാതം കഫം ചുമ ശ്വാസം കഫജ്വരം ഛർദ്ദി, വിഷം, കൃമി, ശ്വേതകുഷ്ഠം, ഗുല്മം, പ്ലീഹ, ഉദരം, ഗുദരോഗം, മൂലക്കുരു, ഇവയെ ശമിപ്പിക്കും. ഉഷ്ണവീര്യമാകുന്നു.

ഉഴുന്ന്.

ഇത് ധാന്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. ഇതിന്റെ തോട് ഗുരുവും വിഷ്ടംഭവുമെന്നു പറയപ്പെടുന്നു. ഗർഭപ്രദമാണ്. ആമം മാംസം മുതലായതിനെയുരച്ചുകളയും. മൂത്രദോഷങ്ങളെയും ശമിപ്പിക്കുമെന്നു പറയപ്പെടുന്നു. ഉഴുന്നിയുടെ കായ് വസ്തുക്കളിൽനിന്നും നീക്കുന്നതിനാൽ നല്ലതു്. വിശേഷവിധിപ്രകാരമല്ലാതെ ഉള്ളിൽ ഉപയോഗിക്കരുതെന്നുമാത്രം.

ഉ

ഉരുമൻ.

ഇത് പ്രസാധവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും സൂശ്രുതമതം. ഇതിന്റെ മാംസം—വാതം ഗ്രഹണി, പഴകിയ ഓർസ്സ് ക്ഷയം മുതലായവയെ ശമിപ്പിച്ചു മലമൂത്രങ്ങളെ പുറപ്പെടുവിക്കും. വാതത്തെ കോപിപ്പിക്കുമെന്നും ശുക്ലത്തെ ഉണ്ടാക്കുമെന്നും മതഭേദമുണ്ട്. കാഞ്ഞിരാന്നകഫവാതങ്ങളെ വർദ്ധിപ്പിക്കും. മാംസത്തെയും ബലത്തെയും ജീർണ്ണത്തെയുംവർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറപ്പെടുവിക്കുകയും.

ഉരുകം.

ഇത് പ്രതുക്ഷുപവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്ന കുമ്പോട്ടിയുടെ ഗുണങ്ങളോടുകൂടിയതും, വിശേഷാൽ പ്രമേഹം വിഷം, കൃമി, തണ്ണീർത്താഹം ഓക്കി ഉറുഞ്ചി എന്നിവയെ ശമിപ്പിക്കുന്നതുമാകുന്നു.

ഉഴുങ്ങുകിൽ.

ഇത് പ്രത്യേകവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. നാട്ടിൽ സമൃദ്ധിയുള്ള വീടുകളിൽ കൂട്ടുവച്ചു വളർത്തുന്നതും വെളുപ്പുനിറമുള്ളതുമായ ഒരു തരം കുരുകിൽ ആകുന്നു. ഇതിന്റെ

മാംസം മിക്കവാറും ഗുണങ്ങൾകൊണ്ട് കോകിലിന്റെ മാംസത്തോടൊത്തതാകുന്നു. കുറുമ്പ ഇതിനെ വർഗ്ഗിച്ചിട്ടില്ല.

ഉണ്ണുകഴി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മാസത്തുണ്ടുകളിൽ കുറുനാമ്പുണ്ട്. തിരിമുള്ള വെള്ളം, വിശേഷാൽ കഫം, മേദോദോഷം, വിഷപ്പുഴുക്കൾ, ക്ഷയം, ഇവയെയും മൂന്നദോഷങ്ങളേയും ശമിപ്പിക്കും. മാരാഗ്നിയെ വർദ്ധിപ്പിക്കും. ഞാരിമാംസം രുചി വർദ്ധിപ്പിക്കും. ആരിമാംസം മൂത്രാശയദോഷത്തെ ഉണ്ടാക്കുകയും. രുചിയെ ചെയ്കയുമാം. നിലമായും പാമ്പുമായും ഇവർക്കും.

ഉ

ഉഴുവ.

ഇതു് ക്ഷുദ്രദ്വിദളവർഗ്ഗത്തിൽ ചേർന്ന വൃക്ഷമാകുന്നു. ത്രിദോഷം, കഫം, മുറിവു്, കൃമി, രക്തപിത്തം, ജ്വരം, തണ്ണീർദോഷം, ക്ഷയം, അരുചി ഇവയെ ശമിപ്പിക്കും. ഉഴിഞ്ഞപ്പുട്ട രക്തത്തെ ശുദ്ധമാക്കുന്നു. ദോഷബലത്തെയും പ്രാണബലത്തെയും ഇതിനെയും വർദ്ധിപ്പിക്കും. കുടസാമ്പ്രാണിയുടെ വേരുകൊണ്ടു്, സ്ത്രീശക്തിനെ കൊടുക്കാം.

ഏ

എട്ടിമധുരം.

ഇതു് കുറുവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. നീർവാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസത്തെ സൂചിപ്പിച്ചുവല്ലോ. ഇതിന്റെ മാംസം ജാംഗലമാംസത്തിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ഹൃദയപ്രസാദത്തെ വരുത്തും. വാതപിത്തങ്ങളെയും. യാതൊരുവിധങ്ങളെയും ശമിപ്പിക്കും. ചെന്നം ഭേദിപ്പിക്കുന്നതും മൂത്രാശയത്തിനുണർവ്വുണ്ടാക്കുന്നതുമായ ചെടിപ്പുണ്ടാകുന്നു. കൃമിക്കു തിക്തമായ ഔഷധമാകുന്നു.

എണ്ണപ്പകൽ.

ഇതു് ശബ്ദവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഉരച്ചു കുടിയ്ക്കുന്നതാകുന്നു. ഉരച്ചു കുടിച്ചാൽ കുറെനേരം നിൽക്കുന്നതാകയാൽ ഉടനടി യാകുന്നു. സാമാന്യം തടിച്ചിലിന്റെ ഗുണങ്ങളേടുകൂടിയതെങ്കിലും മലത്തെ വാലൻ. മൂടിപ്പുള്ള എല്ലും തോലുമുള്ള രീക്കുകയും വളർത്തുകയും ചെയ്യും. നിറത്തെ നന്നാക്കും. പാറുക്കുന്നതിലിലാക്കാം എണ്ണ കുടിയിരിക്കും.

എരട്ടിമധുരം.

ഇതു് പാഷാണവർഗ്ഗത്തിൽ ചേർന്ന വൃക്ഷദ്രവ്യമാകുന്നു. വാതം, പിത്തം, വീക്കം, രക്തദോഷം, കണ്ണുദോഷം, ശ്രമം, വിഷം, ക്ഷയം ഇവയെ ശമിപ്പിക്കും. ത്രിദോഷങ്ങളേയും ശമിപ്പിക്കുമെന്നുതന്നെ പറഞ്ഞിരിക്കുന്നു. ബലത്തെയും ഇന്ദ്രിയത്തെയും വർദ്ധിപ്പിയ്ക്കും. രുചിയുണ്ടാക്കുകയും ചെയ്യുന്നു. ഭോഗാഗ്നിയെ ചെയ്യും. സ്വരത്തെയും മുടിയേയും നന്നാക്കും.

എരിക്കു്.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ഇതിന്റെ പാവു്—യാതൊരു കഫം, കൃമി, വ്രണം, ചൊറി, വിഷം ഇവയെ പൂർണ്ണമായി നശിപ്പിക്കുന്നതാകുന്നു. ഈർസ്സു്. മഹോദരം, ഗുല്മം, പ്ലീഹ, രക്തപിത്തം, ഇവയെ ശമിപ്പിക്കും. മലത്തെ വർദ്ധിപ്പിക്കും. കഫപിത്ത

ഞരമ്പ് ശമിപ്പിക്കുമാറാകുന്നു. സൂത്രതമാം. മേഹിക്കുന്നതിനും ശുക്ലത്തിനും വർദ്ധനവിനെ ചെയ്യുന്നതും ഗുഹ്യരോഗങ്ങളെ പോക്കുന്നതുമാകുന്നു. ചൂടുകൊണ്ടുള്ള ഗുഹ്യരോഗങ്ങൾ, മൂത്രാശയത്തിലുണ്ടാകുന്ന കല്ല്, മൂത്രാഘാതം, മൂത്രതടസ്സം, മൂത്രത്തിൽ രക്തം പോകുന്നത് എന്നിവയെ ശമിപ്പിക്കും. ശീതോഷ്ണം, വാതം, മൂത്രാശയം കൊണ്ടുള്ള വ്യാധികളെയും ശമിപ്പിക്കും. ദഹനമുണ്ടാക്കും. വമനകാരിയായി പ്രവർത്തിക്കുന്നു. മധുരരസം ചേർന്നതുകൊണ്ട് രക്തപിത്തത്തെ ഉണ്ടാക്കുകയില്ല. നല്ല കാന്തിയെ ഉണ്ടാക്കുന്നു. മലത്തെ ചിട്ടപ്പെടുത്തുമെന്നു പറഞ്ഞ ഗുണവും മറ്റാരുന്നിനും ചേരികയില്ല.

എരിക്കെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കൃമി, കഫം, ഇവയെ ശമിപ്പിക്കും. ശിരോരോഗം, ഇവയെ നശിപ്പിക്കും. മലത്തിനെയുപയോഗിക്കും.

എരിരസം.

കഫം, നീര്, കൃമി, സ്ഥൂലത്വം, മേദസ്സ്, കൃമി, മുഖരോഗം, വായുരോഗം, ചൊറി, ഇവയെ ശമിപ്പിക്കും. വാതം, പിത്തം, ഇവയുടെ പ്രകോപത്തെ വർദ്ധിപ്പിക്കും. രക്തസ്തംഭനത്തിനും ഇന്ദ്രിയത്തിനും ബലത്തിനും മലത്തിനും ഉപയോഗിക്കും. മുലപ്പാലിനെയും മലമൂത്രങ്ങളെയും കാണും. നല്ലവണ്ണം വർദ്ധിപ്പിക്കും. രുചിയെയും ഇന്ദ്രിയത്തിന്റെ സ്വഭാവത്തെയും ഉണ്ടാക്കും. ഇതിനെ സേവിച്ചവർക്കു വേർപെടുത്തും. മുഖത്തെ നന്നാക്കും. സ്രോതസ്സുകളെ തുറപ്പിക്കും. ബുദ്ധിമാന്ദ്യം, മുതലായവയെ നശിപ്പിക്കുകയും. അസ്ഥിയെയും മജ്ജയെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. വ്രണത്തെ ഒരുമിപ്പിക്കും. യാതൊന്നെ ആവലിച്ചാൽ നാവിന്റെ അഗ്രത്തിനു പിടിയെ ചെയ്യുകയും ചുവപ്പും തലയിളക്കുകയും കവിളിനും, ഞണ്ണാക്കിനും കിടുകിടിപ്പുണ്ടാവുകയും വായിലും കണ്ണിലും മൂക്കിലുംനിന്നു വെള്ളം ഒഴുകുകയും ദേഹത്തിനു നനവുണ്ടാവുകയുംചെയ്യുന്നുവോ ആ എരിരസമെന്നു അറിയേണം. ഇതു മേല്പറഞ്ഞ ഗുണങ്ങളോടുകൂടിയതെങ്കിലും ക്രമത്തിലധികം ഉപയോഗിച്ചാലുള്ള ദോഷത്തെ പറയുന്നു — കൈയ്, കാടു് വാർത്തലും. വ്രണം മുതലായ സ്ഥാനങ്ങളിൽ വാതശൂലത്തെ ജനിപ്പിക്കും. രണ്ടീർഭാഗം മദം, മൂർച്ഛ മോഹാലസ്യം. ബോധക്കേടു് ഞണ്ണാക്കുവരൾച്ച വിറയൽ, ചുഴൽ, സർവ്വാംഗസന്താപം, നിറപ്പിഴ, മെലിവു, കണ്ണിനോവു. മുണ്ടവരൾച്ച. താലുശോഷം ഇവയെ ഉണ്ടാക്കും. ഇന്ദ്രിയത്തെയും ബലത്തെയും ക്ഷയിപ്പിക്കും.

എരിവള്ളി.

ഇതു് തീരുപച്ചത്തിൽ ചേർന്നതാകുന്നു. കഫം, വായുമുട്ടൽ, രാജയക്ഷ്മാവു്, വലുപ്പകാരമുള്ള ജ്വരം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും

എരുമ.

ഇതു് മഹാമൃഗവർഗ്ഗത്തിൽ ചേർന്ന ഗ്രാമ്യപശുമാംസമാകുന്നു. ഇതിന്റെ മാംസം—പോത്തിൻ മാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കന്നം കറ

ഞ്ഞിരിക്കും. ക്ലേമഹരവർഗ്ഗത്തിൽ ചേർന്ന ഔഷധമാണെന്നു സുശ്രുതപക്ഷം.

എരുമക്കിഴങ്ങ്.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, മൂത്രാഘാതം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇതു വെളുത്തും, കുമ്പും, രണ്ടുതരമുണ്ടു്. വെളുത്തതു കായസിദ്ധിയിലും കുമ്പുത്തതു രോഗകാഠിന്യത്തിലും ശ്രേഷ്ഠമാകുന്നു.

എരുമത്തെരു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽവാതത്തെയും പിത്തത്തെയും ശമിപ്പിക്കും കഫത്തെയും ഉഷ്ണത്തെയും വർദ്ധിപ്പിക്കും. ശ്രമത്തെ തീർക്കും. രക്തത്തെ ദുഷിപ്പിക്കും. പാകത്തിൽ മധുരമെന്നു സുശ്രുതമതം. രക്തപ്രസാദനമെന്നു രാജവല്ലഭമതം.

എരുമനെയ്യു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, പിത്തം, രക്തദോഷം, അർശ്ശസ്സു്, ഗ്രഹണി ഇവയെ ശമിപ്പിക്കും. കഫത്തെയും, ബലത്തെയും, ഉഷ്ണത്തെയും വർദ്ധിപ്പിക്കും. ദേഹകാന്തിയെ ചെയ്യും. കണ്ണിനു നല്ലതാകുന്നു. ഏറ്റവുമായിരിക്കും. വിഷ്ടംഭീ എന്നു ഹാരീതസംഹിത.

എരുമപ്പാലു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ പിത്തം, രക്തദോഷം, ചുട്ടനീറൽ, അത്യഗ്നി, ഇവയെ ശമിപ്പിക്കും. ബലത്തെയും പുഷ്ടിയെയും ഉഷ്ണത്തെയും വർദ്ധിപ്പിക്കും. ഏറ്റവും കഫത്തെ വർദ്ധിപ്പിയ്ക്കും. അഗ്നിമാന്ദ്യത്തെയുംഉറക്കമില്ലാത്തവക്കു് ഉറക്കത്തെയും വരുത്തും. മടിയെ ഉണ്ടാക്കും. സപ്തധാതുനങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സുശ്രുതം. സ്നേഹോപഗമെന്ന ചരകത്തിലും, ഔഷധഗുണമെന്ന ഗ്രന്ഥത്തിലും, ഗവ്യാൽ സ്നിഗ്ധതരമെന്നു് സുശ്രുതത്തിലും കാണുന്നു. എന്നാൽ പശുവിൻപാലിനേക്കാൾ എരുമപ്പാലിനു് നെയ്യു് കൂടുതലായി കണ്ടുവരികയാൽ സ്നേഹനകാര്യം പശുവിൻപാലിനേക്കാൾ കേമമെന്നായിരിക്കാം മേൽപ്പറഞ്ഞ ചരകാദികളുടെ മതം.

എരുമപ്പുല്ലു്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, ചുട്ടനീറൽ, ഇവകളെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിയ്ക്കും. രുചിയെ ഉണ്ടാക്കും. പശുക്കൾക്കു പാലിനെ പെരുപ്പിക്കും

എരുമമൂത്രം

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ ശ്രോത്രരോഗം, ആനാഹം, മഹോദരം, ശൂലം, വീക്കം, കൃമി, അർശ്സു്, ഗുല്മം, ചൊറി, വിഷൂചിക. പ്രമേഹം, പാണ്ഡു ഇവയെ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. സ്ത്രീയുടെ മൂത്രം നല്ലതാകുന്നു.

എരുമവള്ളി.

ഇതു് വീരുദ്വർഗ്ഗത്തിൽചേർന്ന രസായനദ്രവ്യമാകുന്നു. രസവീര്യവിപാകാദികൾകൊണ്ടു സോമവള്ളിയോടൊത്തതാകുന്നു. പാഷാണത്വവും, യജ്ഞസാധനത്വവും ഇല്ലെന്നു് ഭോന്നുന്നു. ഇല കുറവായിരിക്കും.

എലവങ്ങം.

ഇതു് പണ്യവർഗ്ഗത്തിൽചേർന്ന ഗന്ധദ്രവ്യമാകുന്നു. വാതം, കഫം,

ചൊറി, ചൂല, ത്വഗ്രോഗം, ഞാൾ സ്സ്, ഞാഴൽ, ഏഴുന്നാൾ, കുരു, വിനാശം, വസൂരിനാശം. നുക്കിയാ കുഷ്ഠം, വിഷം തുടങ്ങിയതിനെ ശമിപ്പിക്കും. വായിലെ വ്രണത്തിനെ കളഞ്ഞ് വെടിപ്പാക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ഇതിനെ ക്ഷയിപ്പിക്കും. കഫപ്രധാനമായതിനെയും. ശിരോരോഗത്തെ നശിപ്പിക്കും. ശീതവീര്യമാണ്. രജനിഘണ്ടുവിലും, ഗുണനിഘണ്ടുവിലും കാണുന്നു. ഇതിന് തക്കോലം, ഇന്ധതക്കം എന്നും രണ്ടു തരമായിട്ട് നിഘണ്ടുക്കളിൽ കാണുന്നു. ഔഷധകളിൽവച്ച് ഇതിന് മാധുര്യം, സൌരഭ്യം മുതലായ ഗുണങ്ങളും ഏറിയിരിക്കും. അതുകൊണ്ട് എലവങ്കമെന്ന് ഭാഷയോടുകൂടി മറ്റൊരു പേരുകൂടി പറയപ്പെട്ടിരിക്കുന്നു. ഇതിന് വഴന എന്നും, കൂവാ എന്നും രണ്ടുതരം വൃക്ഷത്തിന്റെ തൊലിയാകുന്നു. ഒരു വൃക്ഷത്തിന്റെതന്നെ പുറത്തും ഉള്ളിലുമുള്ള തൊലികളെന്നും ചിലർ പറയുന്നു.

എലി.

ഇത് പുണ്ഡരീകത്തിൽചേർന്ന സാധാരണ മാംസമാകുന്നു. വിശേഷിച്ച് യവനർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്ന് സുശ്രുതാഭിപ്രായം. ഇതിന്റെ മാംസം—വായുപിത്തം, ഗ്രഹണീരോഗം, ക്ഷയം, വ്രണം. ചൂട ഇവയെ ശമിപ്പിക്കും, കഫത്തേയും, ശുക്ലത്തേയും, ബലത്തേയും, കൊഴുപ്പാന്ന പിത്തത്തേയും വർദ്ധിപ്പിക്കും. അല്പം മലമൂത്രങ്ങളെത്തടുക്കും. പുഷ്ടിയെച്ചെയ്യും. ശരീരം മുഴുവൻ വ്യാപിച്ചിട്ട് പാകംവരുന്നതുമാകുന്നു. നിറംകൊണ്ടും, മുഴുപ്പുകൊണ്ടും പലതരത്തിലുണ്ട്. ഇതു കടിച്ചാലുള്ള വിഷവികാരത്തിങ്കൽ കൊഴുവ സമൂലം ചതച്ചുപിഴിഞ്ഞു നീര് ഒരു ഔൺസ് പാരിച്ചെടുത്തു പഞ്ചസാരചേർത്തു പ്രഭാതത്തിങ്കൽ കുടിക്കാം. ഇങ്ങനെ ഏഴു ദിവസം പഥ്യത്തോടുകൂടി സേവിക്കുക.

എലിച്ചെവി.

ഇതു വീടുപേർത്തിൽ ചേർന്ന കഫപ്രധാനമാകുന്നു. കഫം എല്ലാം പിത്തം. പാണ്ഡു കൃമി ഇവയെ കുഷ്ഠം. മൂത്രത്തടവ്. വിഷം. ഭഗന്ദരം ക്ഷതം ഇവയെ ശമിപ്പിക്കും. മലത്തിനെ അയവുണ്ടാക്കുന്നു. അഗ്നിയെ പചിപ്പിക്കും. മധുരരസത്തോടെ ഉണ്ടെന്ന് ഗുണനിഘണ്ടുവിലും ഇഷ്ടവീര്യമെന്ന രാജനിഘണ്ടുവിലും കാണുന്നു. വല്ലിയായിട്ടും, പൃഥുക്ഷുപമായിട്ടും ക്ഷുദ്രക്ഷുപമായിട്ടും മൂന്നു തരമുള്ളതിൽ വല്ലിയായിട്ടുള്ളതിനെ "എലിച്ചെവി" എന്നും പൃഥുക്ഷുപമായിട്ടുള്ളതിനെ "വലിയ എലിച്ചെവി" എന്നും ക്ഷുദ്രക്ഷുപമായിട്ടുള്ളതിനെ "ചെറിയ എലിച്ചെവി" എന്നും പറഞ്ഞുവരുന്നു. ഇതു മൂന്നിന്റേയും ഇല:—എലിച്ചെവിയുടെ ആകൃതിയോടുകൂടിയതും വിശേഷാൽ വല്ലിയായിട്ടുള്ളതു നിലത്തു പടരുന്നതും, സന്ധികൾതോറും വേരിറങ്ങി വളരെച്ചുവടുകളും വിലങ്ങത്തിലും മറുമായി ഉണ്ടാകുന്നതും ആകുന്നു. വലിയ എലിച്ചെവിയിലേതിൽ പൊട്ടിക്കിളിർത്തു വളരെച്ചുവടുകളും വിലങ്ങത്തിലും മറുമായി ഉണ്ടാകുന്നു. ചെറിയ എലിച്ചെവി ഇലകളുടെ അഗ്രത്തിങ്കൽ വേരിറങ്ങി വിലങ്ങത്തിലും മറുമായി വളരെ ചുവടുകൾ ഉണ്ടാകുന്നു. എന്നാൽ ഇതുകളും മൂന്നിനും ചിത്രാശ്രുവ്യാച്യുത ഇരിക്കുന്നതിനാൽ ഓരോന്നും വണ്ണം, പ്ര

മാണം. പൂഷ്പം ഫലം മുതലായവയുടെ നേരേകാണ്ട പലയവയായി വരാവുന്നതും തുകന്ന എന്ന തോന്നാം. വഷിയ്ക്ക എരിച്ചിലുവി രോഷാന് ചുരിച്ചിലുകാണാം. കണ്ണിനു നീരുള്ള് എരിവിഷം നേത്രരോഗം. വ്രണം ഇവയെ ശമിപ്പിക്കും. ചൊറിയ എരിച്ചിലുവി വിശേഷാൽ മധുരവും ശീതവീര്യവും തുകന്ന. ജ്വരം, ക്ഷയി, ഇവ ഇവയെ ശമിപ്പിക്കും. രസായനമായും രസവൈദ്യത്തിൽ ഉപയോഗപ്പെടുന്നതുമായിരിക്കും.

എള്ളിൻപിണ്ണാക്ക്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ദുഷ്ടിദോഷത്തെ ചെയ്യും. ധാതുപുഷ്ടിയെ ഇല്ലാതാക്കും. വയറുവേദനയെ ഉണ്ടാക്കും. വാതം, കഫം, പ്രമേഹം ഇവയെ ശമിപ്പിക്കും.

എള്ള്.

ഇതു് ഭോജ്യവർഗ്ഗത്തിൽചേർന്ന ശിംബിധാന്യമാകുന്നു. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. ബലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. മുടിയെയും ബുദ്ധിയേയും നന്നാക്കും. മലത്തെ പിടിപ്പിക്കും. വാതത്തെ ശമിപ്പിക്കും. മൂത്രത്തെ കുറയ്ക്കും. തൊലിനു് സ്നിഗ്ദ്ധതയെച്ചെയ്യും. പല്ലുകൾക്കാപ്പുവരുത്തും. സ്പർശത്തിങ്കൽ ശീതമായിരിക്കും. വ്രണലേപനത്തിങ്കൽ നല്ലതാകുന്നു. ഭക്ഷിച്ചാൽ മൂലപ്പാലിനെ കുറയിപ്പിക്കുകയും വ്രണത്തെ പഴപ്പിക്കുകയും ചെയ്യും. പാകത്തിങ്കൽ മധുരമെന്നു സുശ്രുതമതം. കറുത്തും വെളുത്തും ചുവന്നും മറ്റുമായി എള്ളു് പലതരത്തിലുണ്ടു്. അതുകളിൽ കറുത്തതു ഗുണമേറിയതും വെളുത്തതു മദ്ധ്യമവും മറ്റുള്ളവ ഹീനങ്ങളുമാകുന്നു.

എള്ളിൻപിണ്ണാക്ക്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ദുഷ്ടിദോഷത്തെ ചെയ്യും. ധാതുപുഷ്ടിയെ ഇല്ലാതാക്കും. വയറുവേദനയെ ഉണ്ടാക്കും. വാതം, കഫം, പ്രമേഹം ഇവയെ ശമിപ്പിക്കും.

എള്ള്.

ഇതു് ഭോജ്യവർഗ്ഗത്തിൽചേർന്ന ശിംബിധാന്യമാകുന്നു. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. ബലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. മുടിയെയും ബുദ്ധിയേയും നന്നാക്കും. മലത്തെ പിടിപ്പിക്കും. വാതത്തെ ശമിപ്പിക്കും. മൂത്രത്തെ കുറയ്ക്കും. തൊലിനു് സ്നിഗ്ദ്ധതയെച്ചെയ്യും. പല്ലുകൾക്കാപ്പുവരുത്തും. സ്പർശത്തിങ്കൽ ശീതമായിരിക്കും. വ്രണലേപനത്തിങ്കൽ നല്ലതാകുന്നു. ഭക്ഷിച്ചാൽ മൂലപ്പാലിനെ കുറയിപ്പിക്കുകയും വ്രണത്തെ പഴപ്പിക്കുകയും ചെയ്യും. പാകത്തിങ്കൽ മധുരമെന്നു സുശ്രുതമതം. കറുത്തും വെളുത്തും ചുവന്നും മറ്റുമായി എള്ളു് പലതരത്തിലുണ്ടു്. അതുകളിൽ കറുത്തതു ഗുണമേറിയതും വെളുത്തതു മദ്ധ്യമവും മറ്റുള്ളവ ഹീനങ്ങളുമാകുന്നു.

ഏ

ഏകവീരാ.

ഇതു് ആരണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. സന്നിപാതം, കുത്തിനോവു്, അരക്കെട്ടിലും പുറത്തും വാതം കൊണ്ടുണ്ടാക്കുന്ന വേദന, പക്ഷാഘാതം മുതലായവയെ ശമിപ്പിക്കും.

ഏത്തവാഴ.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ വൃത്ത കാണ്ഡം:— സാമാന്യം വാഴപ്പഴത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഉള്ളനെന്നും പക്ഷം.

ഏരംഗമെന്ന മത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം കഫവാതങ്ങളെ ശമിപ്പിക്കുമെന്നു് രാജവല്ലഭമതം. മീക്കവ്വാവും സമാനം മത്സ്യത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ശുക്ലത്തെ വർദ്ധിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും.

ഏരാപ്പുല്ല്.

ഇതു് ആരണ്യകവർഗ്ഗത്തിൽപ്പെട്ട മൂത്രവിരേചനീയ ദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, അശ്മരി മുതലായ രോഗങ്ങൾ ഇവയെ ശമിപ്പിക്കുന്നതിനായുള്ളതു്. വാതത്തെയും ഇതിനെയും വർദ്ധിപ്പിക്കും

ഏലാവാലുകം.

ഇതു് രൂക്ഷഗുപവർഗ്ഗത്തിൽ ചേർന്ന കാണുന്നൗഷധദ്രവ്യമാകുന്നു. കഫം, വാതം, കൃമി, രക്തപിത്തം, ചൊറി, ചൂടുനീർ, തണ്ണീർദാഹം, വിഷം, കൃമി, അരുചി വാതരക്തം എന്നിവ രോഗം. ജ്വരം, മൂർച്ഛ മൂത്രദോഷം ഛർദ്ദി ഇവയെ ശമിപ്പിക്കും. വ്രണത്തെ വരട്ടുകയും വെടിപ്പാക്കുകയും ചെയ്യും. കുന്തിരുസം കൂടെ ഉണ്ടെങ്കിൽ ധനവന്തരിമതം.

ഏഴിലംപാല.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. വാതം, പിത്തം കഫം ശൂലം, വ്രണം, കൃമി, കുഷ്ഠം ജീർണ്ണജ്വരം. യോനിമുട്ടൽ ഗുഹ്യം ഗ്രഹണി, വാതരക്തം, രക്തത്തോടുകൂടിയ പ്രവാഹിക ഇവയെ ശമിപ്പിക്കും. ജാരാഗ്നിയേയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തിനു അയവുണ്ടാക്കുന്നതുമാണു്.

ഏറാവും വാസനയുള്ള ചന്ദനം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം ചന്ദനത്തിനുവേറുള്ള ഗുണങ്ങളോടുകൂടിയതാകുന്നു.

ഐ

ഐവിരലിക്കോവ.

ഇതു് ഗുൽമവർഗ്ഗത്തിൽ ചേർന്നതാകുന്നു. സിധ്മത്തെനശിപ്പിക്കും. സപ്തസിദ്ധിയേയും വശ്യത്തേയും ചെയ്യും. ലോഹങ്ങളെസ്തംഭിപ്പിക്കും. രസത്തെ ബന്ധിക്കും. രസായനത്തികൾ ഏറ്റവും നല്ലതു്. ടർഗ്ഗന്ധിയായിരിക്കും. ഇതിന്റെ കായ്പച്ച നിറവും പുറത്തു് വെളുത്ത പുള്ളിയും പഴത്താൽ മൂവപ്പുനിറവും ഉള്ളതാകുന്നു.

ഒ

ഒട്ടകം.

ഇതു് പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം വാതം, നേത്രരോഗം ഇവയെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. പുഷ്ടിയെച്ചെയ്യും. ബലത്തേയും ശുക്ലത്തേയും പിത്തത്തേയും കുറഞ്ഞോന്നു കഫത്തേയും വർദ്ധിപ്പിക്കും. ലഘുവെന്നു മദനപാലൻ, ജാംഗലമാണെന്നു സുശ്രുതാഭിപ്രായം. ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഉപയോഗവിധി:— ഇതു് തേൻ, ശർക്കര, എള്ളു്, പാലു്, ഉഴുന്നു, മുള്ളങ്കി, താമരവളയം, തിരുധശാഖം ഇവ ഓരോന്നിനോടൊരുമിച്ചു് ഭക്ഷിച്ചാലുംവിരുദ്ധം.

ഒട്ടകച്ചൊടി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, ശ്രമേഹം, മൂത്രകൃച്ഛ്രം, വിസ്രോടം, ഛർദ്ദി ഗുൽമം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ശുക്ലത്തെ

വർദ്ധിപ്പിക്കും. ശുക്ലത്തെ ഉണ്ടാക്കും. ഇതിന്റെ വിശേഷാൽ ഗുണത്തെ വർദ്ധിപ്പിക്കും. പുഴുമുതലായതിനെ നശിപ്പിക്കും. ചെറിയ പുഴുക്കളെ ഉണ്ടാകുന്നതും ചെമന്തി ആകുന്നു.

ഒട്ടകത്തിൻനെയ്യ്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ജ്വരരോഗത്തിനെ വർദ്ധിപ്പിക്കും. വാതം, കഫം, വീക്കം, കൃമി, ഗുന്മം, മഹോദരം ഇവയെ ശമിപ്പിക്കും.

ഒട്ടകത്തിൻമൂത്രം.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, കഫം, വീക്കം, ആർസ്സു്, കൃമി, മഹോദരം, ഗുന്മം, പ്ലീഹാ, വായുമുട്ടൽ, ചുമ, വിരുത്തു്, കുഷ്ഠം, ഇവയെ ശമിപ്പിക്കും. പിത്തത്തിനായും ബലത്തിനായും വർദ്ധിപ്പിക്കും. പുരുഷന്റെ മൂത്രം നല്ലതാകുന്നു.

"ഔഷ്ട്രം കഫഹരോന്മാദ
ശോഫാർശഃകൃമിവാതനുൽ;
ഗരഗ്രഹവിഷാപസ്മാ
തീക്ഷ്ണം ജ്വരരോഗജിൽ."

ഒട്ടകത്തിൻമൂത്രം കുഷ്ഠം, ഉന്മാദം, വാതം, കൃമി, ഗുരുത്വം, നീരു്, മൂലക്കുരു, കൈവർണ്ണ്യം, ഭ്രാന്തു്, ജ്വരരോഗം എന്നിവകളെ നശിപ്പിക്കുന്നതും തീക്ഷ്ണവും ആകുന്നു.

ഒട്ടകത്തെരു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, കുഷ്ഠം, ആർസ്സു്, ശൂലം, കൃമി, മഹോദരം, വൃദ്ധി ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും.

ഒട്ടകപ്പാലു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, വീക്കം, കൃമി, വിഷം, കുഷ്ഠം, മഹോദരം, അനാഹം, വായുമുട്ടൽ, ഗുന്മം, വയറിലെ കടുകടുപ്പു്, ആർസ്സു് ഇവയെ ശമിപ്പിക്കും. മലത്തിനു് അയവുവരുത്തും. അഗ്നിയെ വർദ്ധിപ്പിക്കും. ഉരോരുഹയുഗ്മങ്ങളിൽവെച്ചു് ശ്രേഷ്ഠമെന്ന സംഗ്രഹം. എരിരസം. ക്ഷീണത്തിനുണ്ടാകുന്ന ഹാർദ്ദമായതു്. രൂക്ഷമെന്നും ലഘുവെന്നും പറയുന്നതു് വലിയവിൻ പാലിനെ അപേക്ഷിച്ചാകുന്നു.

൬൦

ഓടമരം.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന കണ്ഡൂന്നിവൃക്ഷമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നു് സംഗ്രഹം. കുഷ്ഠം, വ്രണം, വാതം, കഫം, വിഷം, ശ്വിത്രം, ഗുല്മം, ഗ്രഹണീ, ഭ്രമവീഡം, കൃമി ഇവയെ ശമിപ്പിക്കും. രസായനമായിരിക്കും. ഇതിന്റെ വഴുത്തകായു്.—വാതകഫങ്ങളെ ശമിപ്പിക്കും. ഇതിന്റെകായു് വഴുത്താൽമജ്ജലത്തിന്റെഗന്ധമുള്ളതാകുന്നു.

ഓടലെണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തരക്തങ്ങളെ ദുഷിപ്പിക്കും. വാതം, കഫം, കൃമി, കുഷ്ഠം, ആർസ്സു് ഇവയെ ശമിപ്പിക്കും. ജ്വരത്തെയും ബലത്തെയും, മേദസ്സിനെയും കുറയിപ്പിക്കും. ദുഷ്ടവ്രണത്തെ ചെയ്യും. രാജനിഘണ്ടുവിൽ ഇതിനു് വിചിത്രഗുണങ്ങളും കാണുന്നു. എങ്ങനെ എന്നാൽ:—

"സ്നിഗ്ധം സ്വാദ്വീഹദീതൈലം
മധുരം പിത്തനാശനം;
ശീതളം കാന്തിദം ബല്യം
ശ്ലേഷ്മളം കേശവർദ്ധനം" ഇതി.

ഓരില.

ഇതു് പൃഥക്ഷുപവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം,പിത്തം, വാതം, രക്താതിസാരം,ജ്വരം, തണ്ണീർദാഹം, വായുമുട്ടൽ, ചുട്ടുനീറൽ, ചുമ, ഗ്രഹണി വാതരോഗം, ഛർദ്ദി, ഗ്രന്ഥി, ഇക്കിൾ, വ്രണം,ഉന്മാദം, ശൂലാ ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ജഠരാഗ്നിയെയുംവർദ്ധിപ്പിക്കും. മലത്തിനു്അയവുവരുത്തുമലത്തെ തടുക്കുമെന്നു് രാജവല്ലഭമതം.ഏരിയുംപുളിയും കൂടെ ഉണ്ടെന്നു നൃസിംഹപക്ഷം. രക്തസംഗ്രഹണീയ ദീപനീയ പാചനീയ വാതഹരവൃഷ്യങ്ങളിൽവെച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം.

ഓരിലത്താമര.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. കഫം, വാതം. വായുമുട്ടൽ കല്ലടപ്പു്, ചുമ, വിഷം, വയറുനോവു്, പ്രമേഹം, ഛർദ്ദി, രക്തപിത്തം, മൂത്രത്തടവു്, അതിസാരം, അപസ്മാരം, ഭൂതാവേശം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും. കഷായോർദ്ധത്തെചെയ്യും. ഇതു് മിക്കവാറും താമരയുടെ ആകൃതിയുള്ളതും കർയിൽ ഉണ്ടാകുന്നതും ആകുന്നു. ഭേദമെന്തെന്നാൽ ഇലയും തണ്ടും പൂവും കായും താമരയേക്കാൾ ചെറുതും വേരു് സുഗന്ധമുള്ളതും ആകുന്നു.

ഒ

ഒളാലകം എന്നു പേരുള്ള തേൻ.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫത്തേയും വിഷത്തേയും ശമിപ്പിക്കും. വിശേഷാൽ പിത്തത്തെ വർദ്ധിപ്പിക്കും. സ്വരത്തെ നന്നാക്കും. രുചിയെ ഉണ്ടാക്കും. അഗ്നിസന്ധുക്ഷണം നല്ലതാകുന്നു. കപിലനിറമുള്ള ചെറിയ ഈച്ച കഠിനഭൂമിയെ പിളർന്നു് പുറുകളുടെ ഉള്ളിൽ പ്രവേശിക്കുന്നതിനാൽ ഉളാലകങ്ങൾ എന്നു പറയപ്പെടുന്നു. അതുകളാൽ ഉണ്ടാക്കപ്പെടുന്നതിനു് ഔളാലകമെന്നു പേർ പറയുന്നു. ഇതു തേൻ സ്വർണ്ണവർണ്ണമായിരിക്കും.

ക

കക്കരി (കത്തിരി).

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. കഫം, പിത്തം, അശ്മരി, മൂത്രത്തടവു്, ഛർദ്ദി, മൂത്രകൃച്ഛ്രം, ചുട്ടുനീറൽ ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂത്രത്തെ പെരുപ്പിക്കും. ലഘു എന്നു് നൃസിംഹമതം. ഇതിന്റെ പഴുത്ത കായു് പിത്തത്തേയും, രക്തദോഷത്തേയും ഉണ്ടാക്കുന്നു. കഫവാതങ്ങളേയും, ഛർദ്ദി തണ്ണീർദാഹം, ക്ലമം ഇവയേയും ശമിപ്പിക്കും.

കക്കരിഎണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കക്കരി എണ്ണയെന്നാൽ അതിന്റെ വിത്തിൽ നിന്നെടുക്കുന്നതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. മുടിയെ നന്നാക്കും. മലമൂത്രങ്ങളെ പുറത്തുകളയും, അഗ്നിമാന്ദ്യത്തെ വരുത്തും.

കക്കാ

ഇതു് രസായനബന്ധനവർഗ്ഗത്തിൽ ചേർന്നതെന്നു് നൃസിംഹമതം. വന്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കോശസ്ഥങ്ങളിൽ ചേർന്ന അനുപമാംസമെന്നു സുശ്രു

തപക്ഷാ. ജോനനാരങ്ങാ നീരിൽ സേ്വദനയന്ത്രത്തിൽ പചിച്ചു് ചൂടു വെള്ളത്തിൽ കുടിക്കുകയാൽ സിദ്ധമാകും. ഇതിന്റെ അസ്ഥി ഗ്രന്ഥി, ശ്ലേഷ്മാ, ശ്ലേഷ്മാ, വിസ്ഫോടം, വിഷം. നേത്രരോഗം ഇവയെ ശമിപ്പിക്കും, ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. ജഠരാഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. ഇതിന്റെ മാംസം ബലത്തേയും, ശുക്ലത്തേയും കഫത്തേയും വർദ്ധിപ്പിക്കും. മലത്തെ തടുക്കും. വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ഉഷ്ണവീര്യമെന്നു ചരകമതം.

കങ്കപക്ഷി

ഇതു് പ്രസഹ്യവർഗ്ഗത്തിൽപ്പെട്ട ജാംഗലമാംസമെന്നു് ധന്വന്തരിൽ പറയുന്നു. ആ പക്ഷത്തെ സ്വീകരിച്ചാൽ കുകൻ മാംസത്തോടൊത്ത ഗുണങ്ങളോടു തുല്യമാകുന്നു. ചില ഗ്രന്ഥങ്ങളിൽ പെരുംപരുന്തു് എന്നും കാണുന്നു. ഇതിന്റെ മാംസം ചരകത്തിലും സാഗ്രഹത്തിലും പ്ലവവർഗ്ഗത്തിൽ ചേർത്തു പറഞ്ഞിരിക്കുകയാൽ ജാംഗലമാംസത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. ചക്രവാകം മുതലായവയുടെ മാംസത്തോടു തുല്യമെന്നു മദനപാലൻ.

കാകട്ടം.

ഇതു് രസായനമണ്ഡലവർഗ്ഗത്തിൽ ചേർന്ന ഉപരസമാകുന്നു. വാതം, കഫം, കൃമി, മഹോദരം, വീക്കം, ആധ്മാനം, അർശസ്, ഗുല്മം, വിഷംഭം, പ്ലീഹ, ജ്വരം, വ്രണം, ഉദാവർത്തം, ശൂലം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. നിറത്തെ നന്നാക്കും. ഛർദ്ദി, പ്രമേഹം, മൂത്രകൃച്ഛ്രം ഇവയെ ഉണ്ടാക്കും. ഇതു് വെള്ളിയുടെ നിറമായും, സ്വർണ്ണത്തിന്റെ നിറമായും രണ്ടു തരമുണ്ടു്. അതിൽ സ്വർണ്ണനിറമുള്ളതു് ശ്രേഷ്ഠം. രണ്ടും കനവും മിനുപ്പും ഉള്ളതു നല്ലതാകുന്നു. കുത്ത നിറമുള്ളതും കനവും മിനുപ്പുമില്ലാത്തതും വീര്യമില്ലാത്തതാകയാൽ ഉപേക്ഷിക്കണം.

കമ്പിലം.

ഇതു് വണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. വാതം, കഫം, അർശസ്, കൃഷ്ണം, വ്രണം, സന്നിപാതജ്വരം, വായുമുട്ടൽ, കൃമി, ഗുല്മം, പ്ലീഹ, കൃമി, ഗളഗണ്ഡം, ഗണ്ഡമാല, അപചി, മുഖജാഡ്യം, ഇവയെ ശമിപ്പിക്കും. രക്തത്തെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശീതവീര്യമെന്നു ഭാഷാഗുണപാഠം.

കഞ്ചാവു്.

ഇതു് വൃഷ്യവർഗ്ഗത്തിൽ ചേർന്ന സമുത്തേജനീയദ്രവ്യമാകുന്നു. വിഷൂചി, മദാത്യയം, കഫം, ധനുസ്തംഭമെന്ന വാതരോഗം, രജസ്സിന്റെ അതിപ്രവൃത്തി, കൃഷ്ണം, വെപ്പട്ടിവിഷം ഇവയെ ശമിപ്പിക്കും. പിത്തത്തേയും അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. അനാഹാ, ബോധക്കേടു്, ഉറക്കം, സന്തോഷം ഇവയെയുരുത്തും. വാക്കിനെ പ്രസരിപ്പിക്കും. കാമോദ്ദീപനമായിരിക്കും. ബീജബലത്തെ ചെയ്യും.

"ഭംഗികാ പിത്തളാ തിക്താ
തീക്ഷ്ണോഷ്ണാ ഗ്രഹണീ ലഘു;
കൾഫനീ ദീപനീ രുച്യാ
മദകൃൽ കഫവാതഹൃൽ;
ബാഹ്യേ ലതാക്ഷയായേണ
ഭംഗാം സംസേവ്യ ശോഷ്യതേ

ഗൊട്ടശ്ചാവനാം ഭേഷാ
ജ്ഞാം സപ്ത്ര യോജയേൽ."

കഞ്ചാവു് പിത്തത്തെ വർദ്ധിപ്പിക്കുന്നതും, തിക്തരസവും, തീക്ഷ്ണവും, ഉഷ്ണവീര്യവും മലബന്ധത്തെ ഉണ്ടാക്കുന്നതും, ലഘുവും, ശരീരത്തെ മെലിപ്പിക്കുന്നതും ദീപനത്തെയും രുചിയെയും ഉണ്ടാക്കുന്നതും, തന്റേടത്തെ ഇല്ലാതാക്കുന്നതും കഫവാതഹരവും ആകുന്നു. ഇതു് വെർവേലത്തൊലി കഷായത്തിലിട്ടു് പുഴുങ്ങി ഉണക്കിയതിന്റെശേഷംപഞ്ചവിൻപാലിൽ ഭാവനചെയ്തുണക്കിയാൽ പരിശുദ്ധവും യോഗാഹ്വുമായിത്തീരുമെന്നും ഗ്രഹിക്കണം.

"ജയപാലാ ച ധത്തുര-
ബീജം ച വിഷതിന്ദുകം,
വിജയാലാംഗലീഗ്രന്ഥി-
കരവീരാഹിഫേനകം;
അക്കക്ഷീരം സ്നുഹീക്ഷീര-
മിത്യാദ്യുപവിഷം സ്മൃതം."

എന്നും വചനം കാണുകയാൽ ഇതും ഉപവിഷദ്രവ്യമാകുന്നു. ഇതിന്റെ പ്രഭാവത്തെ മറ്റൊരാചാര്യൻഇങ്ങനെ വിവരിക്കുന്നു:—

"ജാതാമന്ദരമന്ഥനാജ്ജലനിധൌ
പീയൂഷരൂപാ പുരാ
ത്രൈലോക്യേ വിജയപ്രദേതിവിജ
ശ്രീദേവരാജപ്രിയാ; [യാ
ലോകാനാം ഹിതകാമ്യയാ ക്ഷിതിത
പ്രാപ്താ നരൈഃ കാമദാ [ലെ
സർവ്വാതങ്കവിനാശഹർഷജനനീ
സാ സേവിതാ സർവ്വദാ."

ഇനി ഏതുതരം വിഷവീര്യമുള്ള ഔഷധവും ഇടിച്ചെയ്തു് ജന്തുക്കളിലെ വിഷവീര്യം വേണ്ടവിധം നശിക്കാതെ അകത്തുപെട്ടുപോയാൽത്തൽ പരിഹാരമായിട്ടു് ഉപയോഗിക്കേണ്ടതായ ഗരുഡമന്ത്രത്തെയും ഇടയ്ക്കു വിവരിക്കുന്നു:—

സർവ്വവിഷാപഹരഗരുഡമന്ത്രം:—
"ഓം നമഃ പ്രചണ്ഡഗരുഡായ
പക്ഷിരാജായ വിഷ്ണുവാഹനായ
വിനതാസുതായ ഹേ ഗരുഡ!
കശ്യപസുത! വൈനതേയ!
താർക്ഷ്യ! സുവർണ്ണപക്ഷ! വജ്രതുണ്ഡ
വജ്രതുണ്ഡവജ്രനഖപ്രഹരണായ
അനന്തവാസുകിതക്ഷകകാർക്കോടക
പദ്മമഹാപദ്മശംഖപാല-
ഗുളികജയവിജയാഷ്ട-
മഹാനാഗകുലോച്ചാടനീ
മൂഷകവിഷപ്രഹരണാവഹനന
ധ്വനനശീഘ്രുകമ്പ ശീഘ്രുകമ്പ
ആവേശാവേശഢണ്ഡരഢണ്ഡര
ഹേ ശ്രീ ഗരുഡായനമഃ."

കടമാൻ.

ഇതിന്റെ മാംസം മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. ഗുരുവെന്നു സംഗ്രഹത്തിലും, കഫത്തെ വർദ്ധിപ്പിക്കുമെന്നു സുശ്രുതത്തിലും, കാണുന്നു. ഇതു് മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കുലേചരവർഗ്ഗത്തിൽ ചേർന്നതുപമാംസമെന്നു് സുശ്രുതമതം.

കടംപു്.

ഇതു് വനവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്ന ഫലവർഗ്ഗത്തിൽ ചേർന്നതെന്നു സംഗ്രഹം. പുഷ്പവർഗ്ഗത്തിൽ ചേർന്നതെന്നു ഭാവപ്രകാശം. ഇതിന്റെ തൊലി.—കഫം. പിത്തം, വ്രണം, രക്തദോഷം, വിഷം, യോനിദോഷം, കൃമി ഇവയെ ശമിപ്പിക്കും. മലത്തെപിടിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. നിറത്തെ

നന്നാക്കും. ഇതിന്റെ പൂവ്:—പിത്തത്തെയും രക്തദോഷത്തെയുംശമിപ്പിക്കും. മലത്തെ ഇളക്കും. വാതം, കഫം. ശുക്രം, മുലപ്പാലു് ഇവയെ വർദ്ധിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. ഇതിന്റെ തളിര്:—രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രക്തപിത്തം, രക്താതിസാരം ഇവുകളെ ശമിപ്പിക്കും. ഇതിന്റെ പഴുത്ത കായു്.—ഉഷ്ണവീര്യമാകുന്നു. ത്രിദോഷത്തെയും കൂടിവിഷത്തെയും ശമിപ്പിക്കും. ഇതിന്റെ പൂവു് വൃത്തമായും സുഗന്ധിയായും ഇരിക്കും.

കടൽ.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ള വിശേഷാൽ പിത്തത്തെയും ത്രിദോഷത്തെയും കോപിപ്പിക്കും. ശുക്രത്തെയും ബലത്തെയുംനശിപ്പിക്കും. ദുഷ്ടിദൂഷണം, രക്തദോഷം, ചൂടുനീർ, വൈവർണ്ണ്യം, സംഭ്രമം ഇവയെ ഉണ്ടാക്കും. ആമഗന്ധിയായിരിക്കും

കടൽനുര.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം, പിത്തം. വിഷം, ചൊവികുത്തു, കണ്ണരോഗം. കണ്ണചാകാ, ഗുല്മം, പ്ലീഹ ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പുറത്തു കളയും. കണ്ണിനു നല്ലതു്. അധിമാംസം മുതലായവുകളെ ഉരച്ചു കളയും.

കടല.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു നിറത്തെ നന്നാക്കും. രുചിയുമായിരിക്കും. കുറഞ്ഞൊരു പിത്തത്തെ വഷ്ടിപ്പിക്കുമെന്നുസിംഹമതം. കഫപിത്തരക്തദോഷം, കൃമി, ജ്വരം, പീനസം, കണ്ണരോഗം, പ്രമേഹം ഇവയെശമിപ്പിക്കും. പുംസ്ത്വത്തെ നശിപ്പിക്കും. വയറടപ്പിനെയുണ്ടാക്കും. വാതം, ബലം ഇവുകളെ വർദ്ധിപ്പിക്കും. ഇതു തീക്കനലിൽ വറുത്താലും എണ്ണപുരട്ടി വറുത്താലും മെല്ലാറഞ്ഞ ഗുണങ്ങൾ ഉള്ളതാകുന്നു. പച്ചയായിരിക്കുമ്പോൾ തന്നെവറുത്താൽ വളരെ രുചിയുള്ളതും ബലത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഉണങ്ങിയതു് എണ്ണപുരട്ടാതെ വറുത്താൽ ഏറ്റവും രൂക്ഷമായും, വാതത്തെ കോപിപ്പിക്കുന്നതായും, പിത്തരോഗങ്ങളെ ഉണ്ടാക്കുന്നതായും ഇരിക്കും. പുഴുങ്ങി വറുത്താൽ ഏറെ ദോഷങ്ങൾ ഇല്ല. ഇതിന്റെ പരിപ്പുപിത്തകഫങ്ങളെ ശമിപ്പിക്കും. വീക്കത്തെ ഉണ്ടാക്കും.

കടുപ്പു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ലവണദ്രവ്യമാകുന്നു. വാതത്തെശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. പിത്തത്തെ അധികം വർദ്ധിപ്പിക്കയില്ല. ശൂലത്തെ നശിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വലിതത്തെയും രക്തദോഷത്തെയും ഉണ്ടാക്കും. ലഘുവെന്നും കഫത്തെ ശമിപ്പിക്കുമെന്നും സുസിംഹമതം.

കടിഞ്ഞൂൽപശുവിന്റെ പാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഗുണങ്ങൾ സാമാന്യം പശുവിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

കടുകിൻ കിഴങ്ങുകൊണ്ടുണ്ടാക്കുന്ന കറി.

ഇതു മിക്കവാറും കടുകിന്റെഗുണങ്ങളോടുകൂടിയതായിരിക്കും.

കടുക.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. [illegible]

കഫം, വാതം, കൃമി, പൊറി, കുഷ്ഠം കോഠം, ഗ്രഥവിഡ, രാക്ഷസവിഡ ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും.

കടുകെണ്ണ

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു പ്രമേഹം, അർശ്സ്സ്, കണ്ണരോഗം, ശിരോരോഗം, കുഷ്ഠം പൊറി, കൃമി, ശിത്രം കോഠം ദുഷ്ടവ്രണം വാതം, കഫം, മേദസ്സ് ഇവയെ ശമിപ്പിക്കും. രക്തപിത്തത്തെയുണ്ടാക്കും. ജ്വരത്തെ ക്ഷയിപ്പിക്കും കണ്ണിനു നല്ലതു്. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. ലേഖനമായിരിക്കും.

കടുക്ക.

ഇതു ഫലവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു വായുമുട്ട്, ത്രിദോഷം, സപ്തസാരം, ഗ്രഹണി, വൈവർണം, പ്ലീഹ, കഫപ്രസേകം, പ്രമേഹം, അർശ്സ്, കുഷ്ഠം, ക്ഷുദ്രവിഷം, മഹോദരം ഉദരസ്രാവം കൃമി അരുചി, വീക്കം, സ്രോതസ്സുകളുടെ തടവു, മലബന്ധം, വിഷമജ്വരം, വയറുവീർപ്പു്, പുരാണജ്വരം, ഗുല്മം, വ്രണം ശിരോരോഗം, ഇക്കിൾ, പൊറി, ഛർദ്ദി, ഹൃദ്രോഗം, പ്ലീഹ, ശൂലം, കാമല, യകൃത്തു്, പാണ്ഡു, അതിസാരം, മൂത്രകൃച്ഛ്രം, അശ്മരി, മൂത്രാഘാതം, പ്രമേഹക്കേടു്. ജ്വരാർശ്ശാധി ഇവയെ ശമിപ്പിക്കും. അഗ്നിയെയും, ഇളകുത്തേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും ഇന്ദ്രിയബലത്തെച്ചെയ്യും ബുദ്ധിയെ നന്നാക്കും. ദേഹത്തെത്തടിപ്പിക്കും. കുഞ്ഞിനു അതു സ്സിനും നല്ലതു്. തടഞ്ഞിരിക്കുന്ന വായുമുതലായതുകളെ നേരെയാക്കും. യൌവനത്തെ നിലനിർത്തും. കഫവാതങ്ങളായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കുമെന്നു സംഗ്രഹം. വിശേഷാൽ ചേരുന്ന ഔഷധങ്ങളുടെ ഗുണമുള്ളതുമാകുന്നു. ബീജം — മധുരം ഗുരു. വാതപിത്തങ്ങളേയും, നേത്രരോഗങ്ങളേയും ശമിപ്പിക്കും. പഥ്യങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

"ജീവന്തീ പൂതനാ പശ്ചാ-
ദ്ഭദ്രാ വിജയാഭയാ;
രോഹിണീ ചേതകീ സപ്ത
പ്രഭേദിന്യാ ഫലത്രികീ."

എന്നുള്ള പ്രമാണപ്രകാരം ജീവന്തി, പൂതന, ഭദ്രാ വിജയ, അഭയ, രോഹിണി, ചേതകി ഇങ്ങനെ ഏഴു ജാതി കടുക്കയുണ്ടെന്നുള്ളതു സ്പഷ്ടമാകുന്നു. ഈ ഏഴു നാമങ്ങളും അന്വർത്ഥങ്ങളാകുന്നു. അതിനു പ്രമാണം:—

"ജീവന്തീ ജീവനോദ്ഭാഗാൽ
വാചനാൽ പൂതനാ സ്മൃതാ;
സുധാവദ്ഭദ്രാ ജ്ഞേയാ
വിജയാ വിജയപ്രദാ;
നാമഭേയാദ ഭയാ
ഭേയാ തത്പ്രകീർത്തിതാ;
രോഹിണീ ഗുണരോഹാ-
ച്ചേതനാച്ചേതകീ മതാ."

എന്ന പ്രമാണമനുസരിച്ചു ജീവിതത്തെ നന്നാക്കുന്നതിനാൽ ജീവന്തി എന്നും, ഇളകിച്ചെയ്യുന്നതിനാൽ പൂതനയെന്നും, അമൃതംപോലെ ഹിതമായിട്ടുള്ളതാകയാൽ ഭദ്രാഎന്നും, വിജയത്തെ പ്രദാനംചെയ്യുന്നതുകൊണ്ടു വിജയാഎന്നും, ഭയത്തെ തീർക്കുന്നതിനാൽ അഭയാഎന്നും. മറ്റൊന്നിന്റെ ഗുണം തന്നിൽ വ്യാപിക്കുന്നതിനാൽ രോഹിണിഎന്നും, ചേതനയെ നന്നാക്കുന്നതിനാൽ ചേതകിഎന്നും പറയപ്പെട്ടുന്നു.

"ജീവന്തീ സപ്തവർണ്ണാഭാ
പൂതനാ സ്ഥിരതീ മതാ;
അമൃതാ ത്രിഫലാ പ്രോക്താ
വിജയാ ധൂമ്രപുഷ്പിണീ;
പശ്ചാംഗീ തപ്തയാ ജ്ഞേയാ-
മൃതാ പുഷ്പാ തു രോഹിണീ;
ശൃംഗീതു ചേതകീ ജ്ഞേയാ
കർമ്മതാ സാമഫ്രോച്യതേ;
സർവരോഗേഷു ജീവന്തീ
ലേപനേ പൂതനാ ഹിതാ;
ശ്ലക്ഷ്ണാത്മമൃതാ പ്രോക്താ
വിജയാ സർവരോഗഹൃത്;
അക്ഷിരോഗേഷ്വഭയാ ശസ്താ
രോഹിണീ വ്രണരോഹിണീ;
ചൂർണ്ണനേ ചേതകീ ശസ്താ
സപ്തധൈവ പ്രകീർത്തിതാ."

ജീവന്തി സപ്തവർണ്ണമുള്ളതായിരിക്കും. പൂതന ഭാരംകുറഞ്ഞ കുരുവിനധികം കനമുള്ളതായിരിക്കും. അമൃതാ മൂന്നു വരികളോടുകൂടിയതായിരിക്കും. വിജയാ ചുവപ്പുനിറത്തിയായിരിക്കും. അഭയാ അഞ്ചു വരികളോടുകൂടിയിരിക്കും. അമൃതാ വൃത്താകൃതിയിലിരിക്കും. രോഹിണി മൂന്നു വിഭാഗങ്ങളോടുകൂടിയിരിക്കും. ഇനി ഓരോന്നിന്റെയും പ്രവൃത്തികളെപ്പറ്റിപ്പറയുന്നു. ജീവന്തി—എല്ലാ രോഗങ്ങളിലും നല്ലതാകുന്നു. പൂതന—അരച്ചുതേയ്ക്കുന്നതിനുനല്ലതാകുന്നു. അമൃത—ശ്ലക്ഷ്ണിക്കായിക്കൊണ്ടു ഉപയോഗമുള്ളതാകുന്നു. വിജയാ - എല്ലാ രോഗങ്ങളേയും ശമിപ്പിക്കുന്നതാകുന്നു. അഭയാ—നേത്രരോഗത്തിങ്കലും, രോഹിണി—വ്രണരോഗത്തിങ്കലും, ചേതകി—ചൂർണ്ണത്തിങ്കലും പ്രത്യേകിച്ചു ഉപയോഗമുള്ളതാകുന്നു.

കടുക്കാഎണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു് കടുക്കായുടെ വിത്തിൽനിന്നു എടുക്കുന്ന എണ്ണയാകുന്നു. പഥ്യമായിരിക്കും. മൂന്നുദോഷങ്ങളേയും വലപ്രകാരത്തിലുള്ള രക്തദോഷത്തേയും ശമിപ്പിക്കും.

കടുകുരോഹിണി.

ഇതു് പണ്യവർഗ്ഗത്തിൽചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. കുടലയെപ്രാപിച്ചു സാദ്ധ്യത്തെ വരുത്തും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. കഫം, പിത്തം, വിഷമജ്വരം, അരുചി, വായുമുട്ടൽ, പ്രമേഹം, കൃമി, രക്തപിത്തം, സർവ്വാംഗസന്താപം, വിഷം, കുഷ്ഠം, കൃമി, കാമല ഇവയെ ശമിപ്പിക്കും. ഇതു കുറുത്തും. മഞ്ഞളിച്ചും രണ്ടുതരമുണ്ടു്. മഞ്ഞനിറമുള്ളതിനെ പീതരോഹിണി എന്നു പറഞ്ഞുവരുന്നു. നേത്രരോഗത്തിൽ ഇതു നല്ലതാകുന്നു.

കടുവാ.

ഇതു് പ്ലവവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഗ്രഹാശയത്തിൽചേർന്ന ജാംഗലമാംസമെന്നു സൂത്രകാരമതം. ഇതിന്റെ മാംസം-ഗുണങ്ങൾകൊണ്ടു സിംഹമാംസത്തോടൊത്തതാകുന്നു. വിശേഷാൽ സ്വരത്തെ നന്നാക്കും.

കടുകൊത്തി.

ഇതു് പ്ലവവർഗ്ഗത്തിൽ ചേർന്ന അന്നുപമാംസമാകുന്നു. ഇതിന്റെ മാംസം മീക്കവാറും ഗുണങ്ങൾകൊണ്ടു കൊക്കിന്റെ മാംസത്തോടൊത്തതാകുന്നു. ഇതു് നീണ്ട ചുണ്ടും ചാരനിറവും ഉള്ള വലിയതരം കൊക്കാകുന്നു.

കണഗുഗ്ഗുലു.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതംകഫം,

ശൂലം, ശ്വാസം, മഹോദരം, വയറടപ്പ് ഇവയെ ശമിപ്പിക്കും. രസായനമായിരിക്കും. ഇതു ഗുഗ്ഗുലുവിന്റെ കൂട്ടത്തിൽ സൌരഭ്യം ചേറിയതാകയാൽ ഗന്ധരാജഗുഗ്ഗുലുവെന്നും പറയുന്നു. ഇതു് സപ്പന്നനിറമുള്ളതായിരിക്കും.

കണയീരം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്പന്നദ്രവ്യമാകുന്നു. കണ്ണിനു നല്ലതു്. വാതം, ചൊറി, വ്രണം, കുഷ്ഠം, കൃമി, വിഷം, വിസ്ഫോടം, മേഹം, അർശ്ശസ്സു് ഇവയെ ശമിപ്പിക്കും. ഇതു് വെളുത്തും ചുവന്നും മഞ്ഞളിച്ചും കറുത്തും പൂവുള്ളതായി കാലുതരമുണ്ടു്. പാടലതരമായിട്ട ഒരുതരം കൂടിയുണ്ടെന്നും പക്ഷം. പൂന്തോട്ടങ്ങളിൽ വെച്ചുപിടിപ്പിക്കുന്നതും പാലുള്ളതും നീണ്ട ഇലകളോടുകൂടിയതുമായിരിക്കും. ഇതു് വെട്ടത്തു പൂവുള്ളതാകുന്നു. മറുള്ളവ വെവ്വേറെ പറയപ്പെടും. ഉഷ്ണദ്വിഷങ്ങളിൽ ചേർന്നതാകുന്നു. അശ്വമൃതിയെച്ചെയ്യും. മനുഷ്യർതന്നെയും വിശേഷവിധിക്കുടാതെ ഭക്ഷിച്ചാൽ വിഷമെന്നപോലെ വികാരത്തെയോ മരണത്തെയോ ചെയ്യും.

കഷ്ണൻപരൽ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന നാടേയമത്സ്യമാകുന്നു. ഇതിന്റെ മാംസം കഫം, പിത്തം, രക്തദോഷം ഇവയെശമിപ്പിക്കും. വാതത്തെ കോപിപ്പിക്കയില്ല. ഇക്കൂത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ഈ മീൻ ചെറിയതരമാകുന്നു. മറുള്ള പരലിനെപ്പോലെ പരപ്പുള്ളതല്ല. ഉരുണ്ടു നീണ്ടതായിരിക്കും.

കണ്ടകോരിച്ചുണ്ട.

ഇതു് പൃഥക്ഷുവ വർഗ്ഗത്തിൽ ചേർന്ന കഫപ്പിത്തദ്രവ്യമാകുന്നു. വാതം, കഫം, ചുമ, വായുമുട്ടൽ, പീനസം, ഹൃദ്രോഗം, പാർശ്വശൂലം, മൂത്രത്തടവു്, ജ്വരം ഇതുകളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തിനയവു വരുത്തും. കാസപ്പിണ്ണങ്ങളിൽവെച്ചുള്ളതുമെന്നു സംഗ്രഹം. ഇതിന്റെ കായു് ചെറുവഴുതിനക്കായുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

കണ്ടിലവു്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. വാതം, കഫം, പ്ലീഹ, യകൃത്തു്, ഗുല്മം, മഹോദരം, വിഷം, ഭ്രതാവേശം, ആനാഹം, രക്തദോഷം, ശൂലം ഇവയെ ശമിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. മലത്തെ ഇളക്കും.

കണ്ണൻ ചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. വിഷത്തെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മറുള്ള ചേമ്പുകൾപോലെ കഫത്തെ വർദ്ധിപ്പിക്കയില്ല. പഥ്യമായിരിക്കും. വെട്ടിച്ചേമ്പിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

കണ്ണൻപീച്ചി

ഇതു വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം —മിക്കവാറും ഗുണങ്ങൾകൊണ്ടു കാടയുടെ മാംസത്തോടൊത്ത ഗുണമുള്ളതാകുന്നു.

കണ്ണാമീൻ.

സാമാന്യം മത്സ്യത്തിനു പറഞ്ഞ

ഗുണങ്ങളോടു കൂടിയതാകുന്നു. ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അരുപ മാംസമാകുന്നു.

കണ്ണിമാങ്ങ.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഉപ്പിനോടു ചേർന്നാൽ രക്തദോഷത്തെ ഉണ്ടാക്കും. വാതപിത്തങ്ങളെ വർദ്ധിപ്പിക്കും. കഫത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

കല്ലുമ്മേ.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതുദ്രവ്യമാകുന്നു. കഫപ്രമേഹം, കൃഷ്ണം, കല്ലടപ്പു, മൂത്രകൃച്ഛ്രം, ക്ഷയം, വായുമുട്ടൽ, വീക്കം, ഗുൽമ്മം, പാണ്ഡു, വാതരക്തം, അപസ്മാരം, മദാത്യയം, ഛർദ്ദി, ഉന്മാദം, അഗ്നിമാന്ദ്യം, ജ്വരം, കൃമി ഇവയെ ശമിപ്പിക്കും. അധിമാംസം മുതലായതുകളെ മുറിച്ചുകളയും. യോഗവാഹിയാകയാൽ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. രസായനമായിരിക്കും. വേനൽക്കാലത്തിൽ വെയിൽകൊണ്ടു മലയിലുള്ള പാറകളെ തപിക്കുമ്പോൾ അതിൽനിന്നു അരക്കുപോലെയുള്ള ഒരു വസ്തു പുറപ്പെടും. അതിനെ കന്മദമെന്നു പേർ. അതു സൌവർണ്ണം, രാജതം, താമ്രം, ആയസം ഇങ്ങനെ നാലുതരമാകുന്നു. എന്നാൽ ഏതുതരം മലകളിൽ കന്മദമുണ്ടാകുന്നുവോ അതാതുമലകളിൽ പൊന്നോ, വെള്ളിയോ, ഇരുമ്പോ ചെമ്പോ ഏതു ലോഹമാണുള്ളതെന്നാൽ അതിനു തക്കവണ്ണം കന്മദത്തിന്റെ നിറം മുതലായവ ഭേദപ്പെടും. എങ്ങനെയെന്നാൽ പൊന്നു അധികം ഉള്ള മലകളിൽ ഉണ്ടാകുന്ന കന്മദം ചെമ്പരത്തിപൂവുപോലെ ചുവന്ന നിറമായിരിക്കും. അതിനു സൌവർണ്ണമെന്നു പേരുപറയുന്നു. അതു് മധുരം, ഉഷ്ണം, ശീതം പാകത്തിങ്കൽ മധുരം. ചെമ്പു് ഏറെയുള്ള മലയിലുണ്ടാകുന്ന കന്മദം മയിൽക്കഴുത്തിന്റെ നിറമാകുന്നു അതിനു താമ്രമെന്നു പേരു പറയുന്നു. അതു് തീക്ഷ്ണമായും ഉഷ്ണമായും ഇരിക്കും. വെള്ളി അധികം ഉള്ള മലയിലുണ്ടാകുന്ന കന്മദം വെളുത്ത നിറമായിരിക്കും. അതു് ഉഷ്ണം, ശീതം പാകത്തിങ്കൽ മധുരം. അതിനു രാജതം എന്നു പേർ പറയുന്നു. ഇരുമ്പു അധികമുള്ള മലയിലുണ്ടാകുന്ന കന്മദം ജടായുപക്ഷംപോലെ കറുത്ത നിറമായിരിക്കും. അതിനു് ആയസമെന്നു പേർ പറയുന്നു. അതു് തിക്തം, ലഘുവരം, പാകത്തിങ്കൽ ഉഷ്ണം. ലവണാദ്ധരസമായിട്ടും വരാം. ഇതു് എല്ലാറ്റിലും ശ്രേഷ്ഠമാകുന്നു.

"നിദാഘേ ഘർമ്മസന്തപ്താ
ധാതുസാരം ധരാധരാഃ;
നിശ്വാസയന്തി പ്രമുഞ്ചന്തി
തച്ഛിലാജതു കീർത്ത്യതേ."

നിദാഘകാലത്തിൽ അതികഠിനമായ വെയിൽകൊണ്ടു പഴുത്ത വവ്വത്തങ്ങളും അതിലെ ഉരുകിയ ധാതുക്കളുടെ സാരത്തെ മരത്തിൽനിന്നു് കറ ഒലിക്കുന്നതുപോലെ പുറത്തേയ്ക്കു പുറപ്പെട്ടിരിക്കും. അതേവിധം ഒലിക്കുന്ന ഒലിവിനെ കന്മദമെന്നുപേർ പറയുന്നു.

ശിലാജതുകരണം:—

"മുഖ്യാം ശിലാജതുശിലാം
സൂക്ഷ്മഖണ്ഡാം പ്രകല്പയേൽ;
നിക്ഷിപ്യാതൃപ്തപാനീയേ
യാമൈകം സ്ഥാപയേൽ സുധീഃ
മർദ്ദയിത്വാ തതോ നീരം
ഗ്രഹീയാദ്വസ്ത്രഗാളിതം;
സ്ഥാപയിത്വാ ച മൃത്പാത്രേ.
യാരയേദാതപേ ബുധഃ;

സ്ഥാൽ അതിൽനിന്നും കന്മദം കിട്ടും. അതും ശുദ്ധിചെയ്തു് എടുക്കാം. ഇതാണു് കന്മദം എടുത്തു സൂക്ഷിക്കുവാനുള്ള വിധി.

അന്യച്ച:—

"അഥോഷ്ണകാലേ രവിതാപയുക്തേ
വ്യഭ്രേ നിധാതേ മരുമിഭാഗേ;
ചതുരി പാത്രാണ്യുചിതായ
സാന്നി
ന്ധ്യസ്ഥാത്തദായത്തമനോ/വ
ധാന്യ;
ശിലാജതു ശ്രേഷ്ഠമവാപ്യപാത്രേ
പ്രക്ഷിപ്യ തോയം ചിഹ്നണം
തദസ്മാൽ;
ഉണ്ടാം തദ്ധാ ശ്രുതമത്ര ദത്വാ
വ ശോധയേത്തൻ മുദിതം യഥാ
വത്;
തതസ്തു യൽ കൃഷ്ണമുപൈരി
ചോല്പം
സന്താനികാവദവിശുദ്ധി യോ
ഗാൽ;
പാത്രാത്തദന്യത്ര തതോ നിധ
ത്സ്യാ-
ത്താന്യാന്തരേ ചോഷ്ണതലേ നി
ധായ;
തച്ച തസ്മാദപരത്ര പാത്രേ
തസ്മാച്ച പാത്രാപരത്ര തത്;
പുനസ്തതോ/ന്യച്ച നിധായകൃഷ്ണം
യൽ സംഹൃതം തൽപുനരാഹരേച്ച;
യദാവിശുദ്ധാം ജലമച്ഛമൃഷ്ടം
പ്രസന്നഭാവാന്മലമുത്സൃജസ്താൽ;
തദാ ത്യജേത്തച്ചവിലാ മലഞ്ച
ശിലാജതു സ്യാജ്ജലശുദ്ധമേവൽ."

മറ്റൊരു പ്രകാരം കന്മദശുദ്ധിയെ വിവരിക്കുന്നു—കന്മദം എടുത്തുവച്ചാൽ മേഘാവരണമില്ലാതെ നല്ല വെയിലുള്ള ദിവസം നാലും ഇരുമ്പുചട്ടികളിൽ ഒരോന്നിലും കന്മദ

ഉപരിസ്ഥം ഘനം യൽ സ്യാ-
ന്നിക്ഷിപേന്യപാത്രകേ;
ധാരയേദുതരേ രസ്യാ-
ദുപരിസ്ഥം ഘനം നയേൽ;
ഏവം പുനഃ പുനർന്നീത്വാ
ദ്വിമാസാഭ്യാം ശിലാജതു;
ഭ്രയാൽ കർമക്ഷമാ വഹ്നൌ
ക്ഷിപ്തം ലിംഗോപമം ഭവേൽ;
നിർധൂമം ച തതഃ ശുദ്ധം
സർവകാര്യേഷു യോജയേൽ;
അധഃസ്ഥിതം ച യച്ഛ്വേഷ്ടം
തസ്മാന്നീരേ വിനിക്ഷിപേൽ."

മുൻപറഞ്ഞ പ്രകാരം കരിങ്കൽപ്പാറയിൽ ഒലിച്ചുവരുന്ന കന്മദം 'എടുത്തു' അതിനെ ചെറിയ കഷണമാക്കി തിളച്ച വെള്ളത്തിലിട്ടു് ഒരു യാമനേരം സൂക്ഷിച്ചുവെച്ചു് അതു നല്ലവണ്ണം തിരുമ്മിയാൽ കന്മദത്തിലുള്ള അഴുക്കെല്ലാം ആ വെള്ളത്തിലലിഞ്ഞുചേരും. ചേരാതെ കിടക്കുന്നതിനെ എടുത്തു മാറ്റിക്കളയണം. അതു് അരിച്ചു് മണ്ണുചട്ടിയിലാക്കി വെയിലത്തു വെയ്ക്കുക അപ്പോൾ അതു് പതഞ്ഞുപൊന്തിവരും. ആ പൊങ്ങിവന്നതിനെ വടിച്ചെടുത്തു് വേറെ പാത്രത്തിലാക്കി വെയിലത്തു വെയ്ക്കുക. ഏറ്റവും അടിയിലും സാരാംശം പൊന്തിവരും ഇങ്ങനെ രണ്ടുമാസം ഇടവിടാതെ ദിവസേന വെയിലത്തു വെച്ചുകൊണ്ടിരുന്നാൽ അതു് പരിശുദ്ധ ശിലാജതു ആകും. അതു് ഏതുകാര്യത്തിനും ഉപയോഗിക്കാവുന്നതുമായിരിക്കും. അശുദ്ധമായി ശുദ്ധിചെയ്ത കന്മദം തീയിലിട്ടാൽ അഗ്നിക്കു നിറഭേദമോ പുകച്ചിലോ സംഭവിക്കയില്ല. ഇങ്ങനെ പതവടിച്ചെടുക്കുന്ന സമയം പാത്രത്തിന്റെ അടിയിൽ കട്ടിയായി കിടക്കുന്നതു് തിളപ്പിച്ച വെള്ളത്തിലിട്ടു് ശുദ്ധി മുതലായവ ചെ

ഞിന്റെ തൂക്കത്തിൽ ഇരട്ടി വെള്ള മൊഴിച്ചു വെയിലത്തുവച്ചു് അതിൽ ഒരു പാത്രത്തിൽ കന്മദം ഇട്ടു് ആതിൽ ഒഴിച്ചു വേള്ളത്തിൽ പകുതി ഭാഗം തിളപ്പിച്ചു വെള്ളവും ഒഴിക്കുക. പിന്നെ ആ കന്മദം അതിൽ നല്ല വണ്ണം തിരുമ്മിച്ചേർക്കുകയും അതിനു് മനസ്സിരുത്തുകയും വേണം. പിന്നെ അല്പസമയം കഴിയുമ്പോഴേക്കും കുമിഞ്ഞുകയിട്ടുണ്ടാകുന്നതു പോലെ സുദ്ധശ്ലീ സംയോഗം നിർമ്മിതം കന്മദം ആ പാത്രത്തിൻ മീതെ പാടകെട്ടും. ആ പാടകെട്ടു കഴിഞ്ഞാൽ അരെടുത്തു് മറ്റൊരു പാത്രത്തിലിടുക. ഭാതിലും തിളപ്പിച്ചവെള്ളം ഒഴിക്കുക. എന്നാൽ മേരിലും പാടകെട്ടും. ഇങ്ങനെ നാലു പാത്രത്തിലും ഇട്ടു മ്പോഴേക്കും ആതു പരിശുദ്ധമാകുന്നു. അപ്പോൾ പാത്രത്തിലെ വെള്ളത്തിൽ കലക്കുവാനും, ഭാടിയിൽ ഉണ്ടാലും ഇല്ലാതാകും. ചോട്ടിൽ ഉണ്ടാവുന്നതു ഭാതിന്റെ മലവുമാകുന്നു. ഇങ്ങനെ ചെയ്താൽ കന്മദത്തിലുള്ള മലവും കീടവും ജലവും നശിക്കയും കന്മദം പരിശുദ്ധമായിത്തീരുകയും ചെയ്യും.

"വഹ്നൗ ക്ഷിപ്തം തു നിർദ്ധൂമം
യത്തു ലിംഗാഘപാം ഭവേൽ
ത്രിണാദ്ഗുണാംഭസി ക്ഷിപ്ത-
മധോ ഗളതി തത്തുവത്;
ഗോമൂത്രഗന്ധി മലിനം
ഭ്രമഖാം ത്രിജലം ശിലാജതു."

പരിശുദ്ധമായ കന്മദത്തിന്റെ ലക്ഷണത്തെ വിവരിക്കുന്നു:—

തീയിലിട്ടാൽ പുകയുകയില്ല. കത്തുന്ന നാളത്തിനു നിറഭേദവും വരികയില്ല. ഒരു പുത്തൻകൊടമെടുത്തു് വച്ചുവെള്ളത്തിൽവീഴ്ത്തിയാൽ അതു ആ പാത്രത്തിന്റെ അടിയിലേയ്ക്കു ഉരുളുപോലെ ഇഴഞ്ഞുപോകുകയും ചെയ്യും. ഗോമൂത്രത്തിന്റെ ഗന്ധവും ഉണ്ടായിരിക്കും. നിറം മലിനവുമായിരിക്കും. ഈ ലക്ഷണങ്ങളൊത്തിരുന്നു കാണുന്ന കന്മദം പരിശുദ്ധമാകുന്നു.

"ഗോമൂത്രഗന്ധവൽ കൃഷ്ണം
സ്നിഗ്ദ്ധം ച തദാ ഗുരു;
രൂക്ഷം കഷായം ശീതം ച
സർവ്വശ്രേഷ്ഠം തദായസം."

എന്നും പറയുന്നു കാണുന്നു.

ശിലാജതു ഗുണം:—

"ശിലാജതു രസായനം
കടുകതിക്തമുഷ്ണം കൃമി
ക്ഷയോദരഗുദാർശ്മരീ
ഗരഗുല്മപാണ്ഡു കണ്ഡൂഹരം;
പ്രമേഹവാതികഫജിൽ
കഫസമീരജന്യാമയാ-
ബലീപലിതമാനസാ
നപി നരാ നകുച്ഛ്രപ്നുവൻ."

കന്മദം രസായനവും ഏറിയും കയ്പുള്ളതും ഉഷ്ണവീര്യവുമാകുന്നു. ഇതു ഗ്രഹിച്ചാൽ കൃമിരോഗം, ക്ഷയം, ഉദരരോഗം, ശ്മരി, നീരു്, പാണ്ഡുരോഗം, മൊറി പ്രമേഹം, ഗുൽമ്മം, കൃഷ്ണം, കഫകോപം, വാതകോപം, മൂലക്കുരു, ഈരാനരകം, കുരു, മൂത്രകൃച്ഛ്രം എന്നിവകളെ ശമിപ്പിക്കുന്നതുമാകുന്നു.

"അശ്മഭം ദാരമൂർച്ഛായ-
ഭ്രമപിത്താസ്രശോഷിതാ;
ശിലാജതു പ്രകുരുതേ
മാനുഷമഗോഷ്ഠ വിഗ്രഹം."

ഇങ്ങനെപ്പറയപ്പെട്ട കന്മദം ശിലിത്രുപോയത്, ചുടുനീരൽ മൂർച്ഛായ, തലതിരിച്ചിൽ, രക്തപിത്തം, മെലിച്ചിൽ, അഗ്നിമാന്ദ്യം, മലശ്ശ

ഹം എന്നിതുകളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും.

കപ്പക്കിഴങ്ങ്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നകന്ദശാകമാകുന്നു. പിത്തത്തെയും, കഫത്തെയും, രക്തദോഷത്തേയും ശമിപ്പിക്കും. ലഘുവെന്നു ഭാവപ്രകാശം. എരിരസംകൂടെ ഉണ്ടെന്നും ശോഥത്തെ ശമിപ്പിക്കുമെന്നും രാജവല്ലഭമതം.

കമ്പക്കരിമ്പ്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കൂടുതൽ വിദാഹിയായിരിക്കും വിശേഷാൽ വാതം, പിത്തം, ക്ഷയം രക്തദോഷം ഇവയെ ശമിപ്പിക്കും.

കമ്പവറ്റൽ.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്നധാന്യദ്രവ്യമാകുന്നു. ഇതു മിക്കവാറും ഗുണങ്ങൾകൊണ്ടു ചാമയോടൊത്തതായിരിക്കുന്നു.

കമ്പിപ്പാല.

ഇതു രസായനബന്ധനവർഗ്ഗത്തിൽ ചേർന്ന കുമിൾദ്രവ്യമാകുന്നു ഇതിന്റെ ശാകം:—ശീതവീര്യമായിരിക്കും. മലത്തെപ്പിടിക്കും. കഫം, പിത്തം രക്തദോഷം, കൃമി, ഗുല്മം, അർശ്ശസ്സ്, വീക്കം മഹോദരം, ശൂലം, പ്രമേഹം, ആനാഹം, വിഷം, അശ്മരി, ദുഷ്ടവ്രണം, ചുമ ഇവയെ ശമിപ്പിക്കും. അഗ്നിയെവർദ്ധിപ്പിക്കും. മലത്തെ ഇളക്കും. ആമത്തെ പചിപ്പിക്കും.

കമ്പിപ്പാലയെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, കൃമി, കൃഷ്ണം, പ്രമേഹം, ശിരോരോഗം ഇവയെ ശമിപ്പിക്കും, മലത്തെയിളക്കും.

കയം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ളം വാതം, കഫം ഇവയെ ശമിപ്പിക്കും ജഠരാഗ്നിയെ വർദ്ധിപ്പിക്കും. കറഞ്ഞാനുവിദാഹിയായിരിക്കും വഹ്യമെന്നും പക്ഷം. പിത്തത്തെ ശമിപ്പിക്കുമെന്നു മദനപാലമതം.

കയ്യാന്നി.

ഇതു വൃക്ഷുപവർഗ്ഗത്തിൽ ചേർന്ന രസായനമാകുന്നു. വാതം, കഫം കൃഷ്ണം, ശിരോരോഗം, നേത്രരോഗം, കൃമി, ഉന്തരോഗം, വായുമുട്ടൽ, വിഷം, ചുമ, ചൊറി, വീക്കം, ജ്വരം, പാണ്ഡു, ആമദോഷം ഇവയെ ശമിപ്പിക്കും. രസായനമായിരിക്കും. തോലിനേയും മുടിയേയും, ബുദ്ധിയേയും നന്നാക്കും. ഇതിന്റെ പൂവു് വെളുത്തതായിരിക്കും. നാമങ്ങളും ഗുണങ്ങളും സാമാന്യമായിട്ടും ഗ്രഹിക്കാം.

കരടി.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഗുഹാശയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും സുശ്രുതപക്ഷം. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു സിംഹമാംസത്തോടൊത്തതാകുന്നു.

കരിങ്കച്ചോലം.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. നിറത്തെ നന്നാക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഛർദ്ദി, തണ്ണീർദാഹം, ചൂട്ടുനീർ, വിഷം, വ്രണം, ചൊറി, കൃഷ്ണം, രക്തദോഷം പിത്തം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ ശാകം തേനിനോടൊപ്പാലിനോടൊ ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

കരിങ്കടുക്ക്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കും. ചൂടിച്ചിലിനേയും പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. വാതം, കഫം, ഗുല്മം, വ്രണം, കൃമി, കണ്ഡൂ, കോഠം ചൊറി, ഇവയെ ശമിപ്പിക്കും. കുത്തിനോവു തരിപ്പു മുതലായ വാതവികാരങ്ങളേയും ശമിപ്പിക്കും. ഏറാവും തീക്ഷ്ണമെന്നു പറഞ്ഞിരുന്നതു ചെങ്കടുകിനെ അപേക്ഷിച്ചാകുന്നു.

കരിങ്കടലാവാഴ.

ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴത്തകായ്. — വിശേഷാൽ തണ്ണീർദാഹം, പിത്തം, പ്രമേഹം, ഇവയെ ശമിപ്പിക്കും. വാതത്തേയും ധാതുക്കളേയും വർദ്ധിപ്പിക്കും.

കരിങ്കുക. (കുരു)

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്നപിത്തഘ്നദ്രവ്യമാകുന്നു. രുചിയെ ഉണ്ടാക്കും. ആയുസ്സിനു നല്ലതു്. ജ്വരം, അതിസാരം, രക്തദോഷം, സർവ്വാംഗസന്താപം, ഭ്രമവിഭ്രമം, ശ്രമം, ഛർദ്ദി, തണ്ണീർദാഹം, വിസർപ്പം, രക്തദോഷം, പിത്തം, ചൊറി, കഫം, ഇവകളെ ശമിപ്പിക്കും.

കരിങ്കുരങ്ങു്.

ഇതു പ്രസഹ്യവർഗ്ഗത്തിൽചേർന്ന സാധാരണീ മാംസമാകുന്നു. വണ്ണമ്പാവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം കുരങ്ങിൻ മാംസത്തിനു പാഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു.

കരിങ്കുരികിൽ.

ഇതു പ്ലവവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം പിത്തം, കഫം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളെക്കുറയ്ക്കും.

കരിങ്കുഞ്ഞി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. വാതം, വീക്കം, കഫം ത്രിദോഷം, ശൂലം, കണ്ഡൂ, ചൊറി, വ്രണം ഇവകളെ ശമിപ്പിക്കും.

കരിങ്കുവനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. നവരയോടുത്ത ഗുണമുള്ളതും പന്നിക്കുടൻ നെല്ലിനേക്കാൾ കുറഞ്ഞ ഗുണങ്ങളോടുകൂടിയതുമാകുന്നു.

കരിങ്ങാലി.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കഫം, പിത്തം, കൃമി, രക്തദോഷം, കൃമി, അരുചി, ചൊറി, ശ്വിത്രം, പ്രമേഹം, ജ്വരം, പാണ്ഡു, വീക്കം, ആമദോഷം, കണ്ഡൂ, വ്രണം, അഗ്നിമാന്ദ്യം, അതിസാരം, മേദസ്സു്, പ്രദരം ഇവയെ ശമിപ്പിക്കും. പല്ലിനു നല്ലതു്. ശുക്ലത്തെ ക്ഷയിപ്പിക്കും. കഷായങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഇതിന്റെ പാശ — മധുരരസമുള്ളതും ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കുന്നതുമാകുന്നു,

കരിഞ്ഞാറൽപ്പക്ഷി.

ഇതു അപ്പചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം — അന്നിൽ പക്ഷിയുടെ മാംസത്തോടൊത്ത ഗുണമുള്ളതാകുന്നു. ശീതവീര്യമെന്നു സുശ്രുതമതം.

കരിഞ്ചണ്ണ.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. രുചിയെ ഉണ്ടാക്കും. ജ്വരം

ഗ്നിയെ വർദ്ധിപ്പിക്കും. കഫം, ശ്വാസ്ഥ്യം, ചൊറി, രക്തസഞ്ചീഡ, വായുമുട്ടൽ, വാതം, അലക്കുട്ടി, ജ്വരം, വിഷം ഇവയെ ശമിപ്പിക്കും.

കരിഞ്ചാരമാൻ.

ഇതു ഭൂഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യമാനിന്റെ മാംസത്തോടൊത്ത ഗുണമുള്ളതാകുന്നു.

കരിഞ്ചാല്നെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. ഇതു മിക്കവാറും കളിക്കൊള്ളിച്ചെന്നെല്ലിനുപറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കരിഞ്ചീരകം.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന ഗന്ധദ്രവ്യമാകുന്നു. കഫം, വീക്കം, പുരാണജ്വരം, വാതം, നേത്രരോഗം, ശൂലം, രക്തപിത്തം ഇവയെ ശമിപ്പിക്കും. ഗർഭാശയശുദ്ധിയെച്ചെയ്യും. മലത്തെ ഏറ്റവും പിടിപ്പിക്കും. വെളുത്ത ജീരകത്തിനു പറഞ്ഞ ഗുണങ്ങളും ഉണ്ടെന്നു ഭാവപ്രകാശം കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു ഗണനിഘണ്ടുവിൽ കാണുന്നു. വയറ്റു ഏട്ടുക്കുന്നതു നന്ന്.

കരിഞ്ചെമ്പു.

ഇതു ശാകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. പിത്തം, ശ്രമം, ചുട്ടനീറൽ ഇവയെ ശമിപ്പിക്കും. വെട്ടുചേമ്പിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

കരിനൊച്ചി.

ഇതു പ്രഥമോപയോഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. സാമാന്യം നൊച്ചിയുടെഗുണങ്ങളോടുകൂടിയതും വിശേഷാൽ പ്രമേഹം, വയറ്റുപ്പു ഇവകളെ ശമിപ്പിക്കുന്നതുമാകുന്നു.

നൊച്ചികളുടെ കൂട്ടത്തിൽ ഗന്ധമേറിയതാകുന്നു.

കരിമരം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതരോഗം, പലതരമായ വീക്കം ഇവയെ ശമിപ്പിക്കും.

കരിമാൻ.

ഇതു ഭൂഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ ശരീരം മുഴുവൻ കറുത്തനിറമായിരിക്കും. കൃഷ്ണമൃഗത്തിന്റെ പൃഷ്ഠഭാഗം വിശേഷിച്ചും കറുത്ത നിറമായിരിക്കും. ഇതിന്റെ മാംസം— ബലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. വീര്യബുദ്ധിയെച്ചെയ്യും. ഏതേപ്രസാദത്തെ വർദ്ധിപ്പിക്കും. വാതം, പിത്തം, ജ്വരം ഇവയെ ശമിപ്പിക്കും.

കരിമീൻ.

ഇതു നാദേയമത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതു സാമാന്യം മത്സ്യത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കരിമുരിങ്ങ

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. സാമാന്യം മുരിങ്ങയുടെ ഗുണങ്ങളോടുകൂടിയതും വിശേഷാൽ കൃമി, വാതരോഗം, നേത്രരോഗം, ശൂലം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു. രുചിയെ ഉണ്ടാക്കും. പിച്ചിലമെന്നു നാടിഭാഷ.

കരിംപന.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. കായുള്ളതും കായില്ലാത്തതും ഇങ്ങനെ രണ്ടുതരമുണ്ട്.

കരിംപായൽ.

ഇതു് ആരണ്യകവൃക്ഷത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, സർവ്വാംഗസന്താപം, തണ്ണീർദാഹം, ജ്വരം, തീ പൊള്ളിയ വ്രണം ഇവയെ ശമിപ്പിക്കും.

കരിമ്പിൻനീരു കൊണ്ടുണ്ടാക്കുന്ന മദ്യം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു പാകരസമെന്നും ശീതരസമെന്നും രണ്ടുതരമുണ്ടു്. പാകരസമെന്നാൽ അഗ്നിയിൽ പാകംചെയ്യുന്നതും, ശീതരസമെന്നാൽ അഗ്നിയിൽ പാകംചെയ്യാത്തതുമാകുന്നു. രണ്ടിൽവെച്ചു പകരസം ശ്രേഷ്ഠമാകയാൽ അതിന്റെ ഗുണങ്ങൾ താഴെപ്പറയുന്നു. വിശേഷാൽ അർശ്സ്സു്, ഗ്രഹണി, വീക്കം, പ്രമേഹം വയറുവീർപ്പു്, മലമൂത്രങ്ങളുടെ തടവു ഇവയെ ശമിപ്പിക്കും. കഫജങ്ങളായ മറ്റു രോഗങ്ങളേയും ശമിപ്പിക്കും. വാതത്തേയും, പിത്തത്തേയും, അഗ്നിയേയും, ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഏയ്പ്പു സാദ്ധ്യത്തെ വരുത്തും. ഭാരത്തെ നന്നാക്കും. സ്നിഗ്ദ്ധാതയെച്ചെയ്യും. മേദസ്സിനെ ക്ഷയിപ്പിക്കും. സ്നേഹവ്യാപത്തിയെ തീർക്കും. മേഹകാന്തിയെ വരുത്തും. ശീതരസം—ബലത്തേയുംപുഷ്ടിയേയും ചെയ്യും. പാകരസത്തേക്കാൾ കുറഞ്ഞ ഗുണമുള്ളതും ലേഖനമായിട്ടുള്ളതുമാകുന്നു.

കരിമ്പു്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ നീരു പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. കൃമിയെ പെരുപ്പിക്കും. കഫം, മൂത്രം, ശുക്ലം, ബലം ഇവയെവർദ്ധിപ്പിക്കും. മേഹത്തെ തടിപ്പിക്കും. മലത്തിനു

ഇതിന്റെ പഴുത്ത കായു് കുറഞ്ഞൊന്നു വാതത്തെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയുമുണ്ടാക്കും. വയറുപ്പോടുകൂടി താമസിച്ചു മേഹിക്കും. മദ്യത്തെ വരുത്തും. മദത്തേയും പുഷ്ടിയേയും ചെയ്യും. അഗ്നിഷ്യന്ദിയായിരിക്കും. ബലം, ശുക്ലം, കഫം ഇതുകളെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കുമെന്നു സുശ്രുതം. കൃമിയേയും, കുഷ്ഠത്തേയും നശിപ്പിക്കുമെന്നു രാജവല്ലഭമതം. മൂത്രത്തെ പെരുപ്പിക്കും. പഴുത്തകായുടെ ഉള്ളിലെക്കുഴമ്പു—ശീതമായും, ഗുരുവായും, പാകത്തിൽ മധുരമായും ഇരിക്കും. ഇതു വാതപിത്തങ്ങളെ ശമിപ്പിക്കും. ദുർജ്ജരമായിരിക്കും. മൂത്രത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ഇളയ കായുടെ വെള്ളം—ഗുരുവായിരിക്കും. പിത്തത്തെ ശമിപ്പിക്കും. ശ്ലൈഷ്മങ്ങളെ വർദ്ധിപ്പിക്കും. ഏറ്റവും മദത്തെ ഉണ്ടാക്കും. എട്ടുമണിവെച്ചു താമസിച്ചാൽ പുളിക്കും. അതു വാതത്തെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. ഇളയകായുടെഉള്ളിലെ കുഴമ്പു—ലഘുവായിരിക്കും. വാതപിത്തങ്ങളെ നശിപ്പിക്കും. കഫത്തേയും, മൂത്രത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. കുറഞ്ഞൊന്നു മദത്തെ ഉണ്ടാക്കും. മണ്ടയിലെ മജ്ജ—വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മേഹത്തെ തടിപ്പിക്കും. ഇതിന്റെ വേരു—വാതം, പിത്തം, വ്രണം, ശ്രമം, സർവ്വാംഗസന്താപം, മെലിവു്, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. മലത്തിനായവുവരുത്തും. വസൂരിശ്ലേഷ്മത്തെച്ചെയ്യും.

യാവു വരുത്തും. ജീവനമായിരിക്കും. ധാതത്തെ ശമിപ്പിക്കുമെന്നു മദനപാലനീയം. മൂത്രജനനങ്ങളിൽ വെച്ചു പ്രയുക്തം ചെയ്യുന്ന സംഗ്രഹം. അട്ടി എട്ടു തരം വരും:—പിടാഠിയായും ഗുരുവായും വയറടപ്പിനെ ഉണ്ടാക്കുന്നതുമായിരിക്കും. കാലും തലയും കൊള്ളരുതു്. മേല്പറഞ്ഞ ഗുണം വിശേഷാൽ വെള്ളക്കരിമ്പിനു ചേരുന്നതാകുന്നു.

കരിവേങ്ങ.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു് വേങ്ങയോടൊത്തതാകുന്നു. വിശേഷാൽ ചൊറി, കുഷ്ഠം, ചിരങ്ങു്, മേദസ്സു് ഇവയെ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. തോലിനെ നന്നാക്കും.

കരിവേപ്പു്.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. രക്തദോഷം, കഫം, വാതം, കുഷ്ഠം, കൃമി, ഭൂതാവേശം, കൂട്ടുവിഷം, അർശ്സ്സു്, ഗ്രന്ഥി, ഗ്രഹണി, വീക്കം, കണ്ണുരോഗം, ജ്വരം, മേദസ്സു്, ശൂലം, സർവ്വാംഗസന്താപം, ശോഷം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബലത്തെയും, ദഹനാഗ്നിയെയും, ആയുസ്സിനെയും വർദ്ധിപ്പിക്കും. ബുദ്ധിയേ നന്നാക്കും. മലത്തിനയവു വരുത്തും. പരിശുദ്ധമായിട്ടുള്ളതും പിഴുതുപ്പുണത്തിങ്കൽ ഉപയോഗപ്പെട്ടതുമാകുന്നു. വാതത്തെ വർദ്ധിപ്പിക്കുമെന്നും ഏറെ പിഞ്ഞവുണ്ടാകുമല്ലെന്നും മദനപാലൻ. ഇതിന്റെ ഇല—വിശേഷാൽ നേത്രരോഗികൾക്കു് ഹിതമായിരിക്കും. ലഘുവെന്നും ശീതവീര്യമെന്നും രക്തപിത്തത്തെ ശമിപ്പിക്കുമെന്നും പക്ഷം. തൊലിയും തൈലിലും, ഇലയും എടുക്കാം. ഇല ഗുണോത്കൃഷ്ടമെന്നു് ഭൂരിപക്ഷം.

കരിവേലം.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. നേത്രരോഗം, മുഖരോഗം, കഫം, ചൊറി, രക്തദോഷം, വിഷം, കൃമി, കുഷ്ഠം, വ്രണം, വീക്കം, അതിസാരം, ചുമ, വിസൂചി, പ്രമേഹം, ഭൂതാവേശം, വിഷം നിമിത്തമുണ്ടായ വ്രണം ഇവയെ ശമിപ്പിക്കും.

കരീരം.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. വാതം, അർശ്സ്സു്, കഫം, ആമദോഷം, കൂട്ടുവിഷം, വീക്കം, വ്രണം, വായുമുട്ടൽ, അരുചി, ചൊറി, ശൂലം, കൃമി ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. വിയർപ്പിനെ ഉണ്ടാക്കും. ഇളയകായു്:—കഫം, പിത്തം, അർശ്സ്സു്, മേഹം ഇവയെശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. വായു് വെടിപ്പാക്കും. ഹൃദയപ്രദമാത്തെ ചെയ്യും. വഴുത്തകായു്:—ഗുരു, കിഞ്ചിത്തുവരം, ശീതം. പിത്തകഫങ്ങളെ ശമിപ്പിക്കും. മധുരതിക്തകടുഷ്ണമെന്നും, കഫവാതമെന്നും സുശ്രുതാഭിപ്രായം. പൂവു്:—പാകത്തിങ്കൽ എരിവുതുരയിരിക്കും. വാതത്തെ ശമിപ്പിക്കും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ഇലയില്ലാത്തതാകുന്നു.

കരുണി.

ഇതു് ഉത്താസവർഗ്ഗത്തിൽചേർന്ന പുഷ്പമാകുന്നു. കഫം, വാതം, വായുമുട്ടൽ, വയറുവീർപ്പു്, വിഷം, ഛർദ്ദി

ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവു ചുവന്നതായിരിക്കും.

കരുനെല്ല്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധ്വീഥിയാകുന്നു. നവരയുടെ ഗുണങ്ങളോടുകൂടിയതുംപെരുനെല്ലിനേക്കാൾ ഗുണം കുറഞ്ഞതും ആകുന്നു. അല്പം കഫാദിയെ ഭവിപ്പിക്കും.

കരുമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. സാമാന്യംമത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതുംവിശേഷാൽ വാതം, കഫം, മുഖരോഗം, കണ്ണരോഗം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു. രുചിയെഉണ്ടാക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. ഇതു് ഭക്ഷിക്കുന്നവക്കു് ഉന്മാദം ഉണ്ടാകുമെന്നു ചിലരുടെ പക്ഷം.

കക്കടകവൃക്ഷം.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായു്:— കഫപിത്തങ്ങളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു നല്ലതു്. ഈ വൃക്ഷം ഏറെയും പർവ്വതങ്ങളിലുണ്ടാകുന്നു. നെല്ലിക്കായുടെ ആകൃതിയിൽ വെളുത്ത നിറമുള്ള ചെറിയ ഫലങ്ങൾവളരെ ഉള്ളതായിരിക്കും.

കക്കടകശൃംഗി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. വാതം, കഫം, ക്ഷയം, വായുമുട്ടൽ, രക്തപിത്തം, ജ്വരം, അരുചി, തണ്ണീർദാഹം, ചുമ, ഇക്കിൾ, ഛർദ്ദി, അതിസാരം കൃമി ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. കുട്ടികളുടെ ജ്വരത്തിനു നന്നു്.

കുറ്റ്പരീയുത്ഥം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. കഫം, പിത്തം, വിഷം, അശ്മരി, കുഷ്ഠം, ചൊറി ഇവയെശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പുഷ്ടിയേയും, രുചിയേയും, ഛർദ്ദിയേയുംഉണ്ടാക്കും. അധിമാംസത്തെ ഉരച്ചുകളയും. കണ്ണിനു നല്ലതു്. രസായനമായിരിക്കും. മലത്തെ ഇളക്കും. കയ്പ്പുരസംക്കൂടെ ഉണ്ടെന്നു സുശ്രുതമതം. ഇതിനും ബുദ്ധ്യാജ്ഞനത്തിനും ഗുണസാമ്യമുണ്ടെന്നും വിശേഷാൽബുദ്ധ്യാജ്ഞനം കണ്ണിനു നല്ലതെന്നും മദനപാലമതം.

കർപ്പൂരം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, അതിസാരം, വിഷം, ചൂടുനീറൽ, തണ്ണീർദാഹം, അരുചി, ഛർദ്ദി, ഭ്രമം, പ്രമേഹം, ദൌർബ്ബല്യം, വായുരുചി, വൈരസ്യം, വീക്കം, ശിരോദാഹം, ഉമ്മൽ, മൂത്രകൃഛ്രം, മദം, മൂർഛ, സന്ന്യാസം, നേത്രരോഗം, മുഖപാകം, ശുക്ലമേഹം, കണ്ണരോഗം, പലപ്രകാരമുള്ള വേദന, കൈകാലുകൾ എടുത്തു എറിയുന്ന വികാരം ഇതുകളെ ശമിപ്പിക്കും. ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. അധിമാംസം മുതലായതിനെ മുറിച്ചുകളയും. മൂക്കിനു സുഖകരമായ ഗന്ധത്തോടുകൂടിയതാകുന്നു. കാമവികാരത്തെ തടുക്കും. മേദസ്സിനെ ക്ഷയിപ്പിക്കും ഉറക്കത്തെ വരുത്തും. വിയർപ്പിനെ ഉണ്ടാക്കും. പക്വമെന്നും,അപക്വമെന്നും കർപ്പൂരം രണ്ടുതരമുണ്ടു്. പക്വത്തെക്കാൾ അപക്വം ഗുണമേറിയതാകുന്നു. പക്വകർപ്പൂര

ത്തിനു ചൂടൻ എന്നും അവകുചകർപ്പൂരത്തിനു പച്ചുക്കർപ്പൂരമെന്നും നാട്ടുഭാഷയുണ്ടു്. ഇതു നാളികേരജലത്തോടു ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം. ഇതു അധികം ഭക്ഷിച്ചു ഉണ്ടാകുന്ന വികാരത്തിങ്കൽകൊത്തമ്പാലരി ചതച്ചിട്ടു വെന്തവെള്ളം തണുത്താൽ പഞ്ചസാരചേർത്തു കുടിക്കയും അല്ലെങ്കിൽ എരുമച്ചാണകം പിഴിഞ്ഞ നീരിൽപഞ്ചസാരചേർത്തു സേവിക്കയും നന്നു്.

കർപ്പൂരതുളസി.

ഇതു ഉത്തമസ്ത്രീവർഗ്ഗത്തിൽ ചേന്ന പദാർത്ഥമാകുന്നു. കഫം, വാതം, കൃമി, കുമി, ശൂലം, വായുമുട്ടൽ, ജ്വരം, അരുചി, ദുർഗന്ധശ്വാസം, വയറടപ്പു്, തേരിം മുതലായവയുടെ വിഷം ഇവയെ ശമിപ്പിക്കും. പിത്തത്തെ സ്വസ്ഥാനത്തിങ്കൽ നിന്നു ഇളക്കും. വിദാഹത്തെ ഉണ്ടാക്കും. ഏമ്പക്കപ്രസാദത്തെ വരുത്തും. ആമത്തെ പചിക്കും. കഫത്തെത്തടുക്കും. ദുഷ്ടിബലത്തേയും ശുക്ലത്തേയും നശിപ്പിക്കും. ഇതു ഏറ്റവും പരിമളമുള്ള ചെടിയാകുന്നു. ഇതു വെള്ളത്തും കറുത്തും രണ്ടു തരമുണ്ടു്. വെള്ളത്തതു ചികിത്സിതത്തിങ്കൽ നല്ലതു്.

കർപ്പൂരതൈലം.

ഇതു് തൈലവർഗ്ഗത്തിൽ ചേന്ന പദാർത്ഥമാകുന്നു. പല്ലിനു ഉറപ്പുവരുത്തും. വിയർപ്പിനെ ഉണ്ടാക്കും. പിത്തത്തെ വർദ്ധിപ്പിക്കും ചതവു്, മുറിവു്, ശൂലം, ശിരോരോഗം, വയറുവീർപ്പു്, ആമവാതം, അപസ്മാരം, ജ്വരം, വാതം, കഫം ഇവയെ ശമിപ്പിക്കും.

കലമാൻ

ഇതു് മൃഗവർഗ്ഗത്തിൽ ചേന്ന ജാംഗലമാംസമാകുന്നു. ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം സാമാന്യം മാനിന്റെ മാംസത്തിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടു കൂടിയതാകുന്നു.

കല്ലുണ്ടു്.

ഇതു് രസവർഗ്ഗത്തിൽ ചേന്നതാകുന്നു. വാതം, പിത്തം, രക്തദോഷം, കൃമി, വായുമുട്ടൽ, വ്രണം, ഇക്കിളി, മൂർഛ, ക്ഷതം, ക്ഷയം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. കഫം, ശ്ലേഷ്മം, ഇവയെ വർദ്ധിപ്പിക്കും. മേഹത്തെത്തടുപ്പിക്കും. വിഷൌഷധങ്ങളുടെ ശക്തിയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു നല്ലതു്. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു സുസിംഹമതം.

കൽതൊട്ടിയിലുള്ളവെള്ളം.

ഇതു് രസവർഗ്ഗത്തിൽ ചേന്നതാകുന്നു. പിത്തത്തെ ശമിപ്പിക്കും. അഗ്നിയെവർദ്ധിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കയില്ല. രുചിയെ ഉണ്ടാക്കും. വിശദമായിരിക്കും. ഗുരുവെന്നു രാജവല്ലഭമതം.

കല്ലാലു്.

ഇതു് ഫലവർഗ്ഗത്തിൽ ചേന്നതാകുന്നു. ഇതിന്റെ തൊലി മുതലായവ—കഫം, പിത്തം, രക്തദോഷം, വ്രണം, യോനിദോഷം, ക്ഷതം ഇവയെ ശമിപ്പിക്കും. പഴത്തകായു്—വാതം, പിത്തം, ഹൃദ്രോഗം, മൂട്ടനീർ, കണ്ണുരോഗം, ഇവയെ ശമിപ്പിക്കും ശുക്ലത്തെയും വർദ്ധിപ്പിക്കും. കൃമിപ്പെരുപ്പിക്കും. ദുർജ്ജരമായിരിക്കും. ഇതിന്റെ മജ്ജ—മധുരമായിരിക്കും. ഇതു് ഇത്തിയിൽവലിയതരമെന്നു രാജനിഘണ്ടുവിൽ കാണുന്നു.

കല്ലവഞ്ചി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. ത്രിദോഷം, അർശസ്, ഗുല്മം, മൂത്രകൃച്ഛ്രം, കല്ലടപ്പു, ചുട്ടനീറൽ, നെഞ്ചുനോവു, യോനിരോഗം, പ്ലീഹാമേഹം, പ്ലീഹാ, യകൃദുനോവു, വ്രണം, തണ്ണീർദോഹം ഇവയെ ശമിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. മലത്തെ ഇളക്കും. വസ്തിയിങ്കൽപ്പെട്ട ചതവു മുതലായവകളേയും ശമിപ്പിക്കും.

കവടി.

ഇതു മത്സ്യവർഗ്ഗത്തിൽ ചേന്ന അനുപമാംസമാകുന്നു. കോശസ്ഥവർഗ്ഗത്തിൽ ചേന്ന അനുപമാംസമെന്നും പക്ഷം. രസായനമണ്ഡനവർഗ്ഗത്തിൽ ചേന്നതെന്നു സുസിംഹമതം. ഇതിന്റെ അസ്ഥി വാതം, കഫം, ഗുല്മം, ക്ഷയം. ഗ്രഹണി, പരിണാമശൂലം, നേത്രരോഗം, വിസ്ഫോടം; ചെവിക്കുത്തു് ഇവയെശമിപ്പിക്കും ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. ശീതവീര്യമെന്നുമദനപാലമതം. മാംസം—ശംഖമാംസത്തിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതാകുന്നു.

കവയീമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം വാതത്തെ ശമിപ്പിക്കും. ബലത്തേയും കഫത്തോടൊന്നിച്ചുള്ള പിത്തത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

കവളംകാളി.

ഇതു് പ്രതുദവർഗ്ഗത്തിൽ ചേന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—കഫപിത്തങ്ങളെശമിപ്പിക്കും. കുറഞ്ഞൊന്നു വാതത്തെ വർദ്ധിപ്പിക്കും. മലത്തെക്കളയുക്കും. മൂത്രത്തെ തടുക്കും.

കവുങ്ങിൻപൂത്താഴം എന്ന നെല്ലു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേന്ന ധ്വീഹിയാകുന്നു. ഗുണങ്ങൾകൊണ്ടു് നവരയോടടുത്തും കരിങ്കുറുവ നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

കവുങ്ങു്.

ഇതു് ഫലവർഗ്ഗത്തിൽ ചേന്നതാകുന്നു. ഇതിന്റെ നിര്യാസം വാതത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. മോഹത്തെ ഉണ്ടാക്കും. പൂവു്—വാതം, കഫം, പിത്തം ഇതുകളെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. നിര്യാസമെന്നാൽ ഇതിന്റെ മൂക്കാത്ത കായു് അരിഞ്ഞു് പുഴുങ്ങുമ്പോൾ ഉണ്ടാകുന്ന ലേഹ്യംപോലെ ഇരിക്കുന്ന ഒരു വസ്തുവാകുന്നു.

കശകശ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഇതിന്റെ വിത്തു്—വാതപിത്തങ്ങളെ ശമിപ്പിക്കും കഫത്തേയും, ശുക്ലത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വീര്യത്തെ നന്നാക്കും. ഇതിന്റെ കായുടെ തൊണ്ടു്—കഫത്തേയും. മൂത്രത്തേയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. ഏഴു ധാതുക്കളേയും വിശേഷാൽ രക്തത്തേയും വരുട്ടും. ഭക്ഷിച്ചാൽ പുംസ്ത്വത്തെ നശിപ്പിക്കും. വളരെ സംസാരിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ലഹരിയേയും മോഹത്തേയും ഉണ്ടാക്കും. ഇത

ന്റെ കഷായംകൊണ്ടു വിയർപ്പിച്ചാൽ എല്ലാ വേദനകളും ശമിക്കും

കശകശ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തെ ശമിപ്പിക്കും. കഫത്തേയും, ശുക്ലത്തേയും, ബലത്തേയും വർദ്ധിപ്പിക്കും.

കസ്തൂരി.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, വിഷം, ശിരോരോഗം, ചൊറി, കൃമി, ശൈത്യം, ശോഷം, ദൌർഗ്ഗന്ധ്യം, ആക്ഷേപം, ഇക്കിൾ, പാമ്പു്, അലകുത്തു്, ജ്വരം, ഹൃദ്രോഗം, ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ബലത്തെയും മൂത്രത്തെയും വർദ്ധിപ്പിക്കും. വിയർപ്പിനെ ഉണ്ടാക്കും. കണ്ണിനു നല്ലതു്. കുറഞ്ഞൊന്നു മദത്തെ ചെയ്യും. ഹൃദയപ്രസാദത്തേയും, മുഖസൌരഭ്യത്തേയും വിരുത്തും. കാമോദ്ദീപനമായിരിക്കും. രക്തപിത്തത്തെ ശമിപ്പിക്കുമെന്നു രാജവല്ലഭമതം.

കസ്തൂരിപ്പച്ചവു്

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. നാഴഞ്ചെന്നല്ലിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

കസ്തൂരിമുല്ല

ഇതു ഉത്തംസവർഗ്ഗത്തിൽചേർന്ന പുഷ്പമാകുന്നു. ഗുണങ്ങൾകൊണ്ടു് വള്ളിമുല്ലയോടു ഒത്തതാകുന്നു. ഇതു കസ്തൂരിയുടെ വാസനയുള്ളതാകുന്നു.

കസ്തൂരിമൃഗം.

ഇതു് മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽചേർന്നജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:— വാതപിത്തങ്ങളെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെത്തടുക്കും. വസ്തിരോഗ്യത്തെയുണ്ടാക്കുകയും ചെയ്യും.

കളമപ്പാരിച്ചെന്നെല്ലു്.

ഇതു് സുഗന്ധശാലിയുടെ ഗുണങ്ങളോടുകൂടിയതും പെരിഞ്ഞെന്നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു. ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു.

കള്ളർകാണി.

ഇതു് പ്ലവഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം കുറഞ്ഞൊന്നു വാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെത്തടുക്കും. കഫപിത്തങ്ങളെ ശമിപ്പിക്കും. മലത്തെ കുറയ്ക്കും.

കഴഞ്ചി.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം, വയറടപ്പു്, രക്തഗ്രഹണി, വീക്കം, ശൂലം, വ്രണം, പ്രമേഹം, കുഷ്ഠം, ചൊറി, കൃമി ഇവയെ ശമിപ്പിക്കും. മേഹത്തെ മെലിയിക്കും. ഇതിന്റെ ഇല:—വാതം, കഫം, കൃമി, ആന്ത്രശൂലം ഇവയെ ശമിപ്പിക്കും. ബീജം:—ശൂലത്തേയും ഗുല്മത്തേയും ശമിപ്പിക്കും. ജംഘാഗ്നിയെ വർദ്ധിപ്പിക്കും. വാതഘ്നമായിരിക്കും.

കഴിമുത്തങ്ങ.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന കണ്ഡോല്പന്നദ്രവ്യമാകുന്നു ബുദ്ധിയേയും നിറത്തെയും നന്നാക്കും. ഉണ്ണിവീര്യമെന്നും കഫവാതങ്ങളെ ശമിപ്പിക്കുമെന്നും ഗുസിംഹമതം. കഫം, പിത്തം, രക്തദോഷം, വിസർപ്പം, കുഷ്ഠം, ചൊറി, വിഷം, വ്രണം, സർവ്വാംഗസന്താപം, ആന്ത്രശൂലം ഇവയെ ശമിപ്പിക്കും.

കഴുത.

ഇതു പ്രസവവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാസം മിക്കവാറും കുതിരമാംസത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. പാകത്തിങ്കൽ മധുരമെന്നു സുശ്രുതമതം. കാട്ടുകഴുതയുടെ മാംസം ഇതിനെക്കാൾ ശ്രേഷ്ഠമേറിയതാകുന്നു ഉപയോഗവിശേഷത:—ഇതു തേൻ ശർക്കര എള്ളു പാലു്, ഉഴുന്നു, മുള്ളങ്കി, താമരവളയം വിരുദ്ധശാകം ഇവ ഓരോന്നിനോടൊരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം:

കഴുതത്തൈരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതത്തെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. കുതിരത്തൈരിന്റെ ഗുണങ്ങളോടുകൂടിയതെന്നു മദനപാലമതം.

കഴുതനെയ്യു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കഫത്തെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മൂത്രദോഷത്തെ ഇല്ലാതെയാക്കും. കുതിരനെയ്യുടെ ഗുണങ്ങളോടുകൂടിയതെന്നു സുശ്രുതമതം.

കഴുതപ്പാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, വായുമൂട്ടൽ ഇവയെ ശമിപ്പിക്കും. ബലത്തേയും. അഗ്നിയേയും വർദ്ധിപ്പിക്കും. ബുദ്ധിയെ ക്ഷയിപ്പിക്കും. ശീതവീര്യമെന്നു ഭാഷാഗുണപാഠം. കുതിരപ്പാലിന്റെ ഗുണങ്ങളോടു കൂടിയതെന്നു സംഗ്രഹം.

കഴുതമൂത്രം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പുരുഷന്റെ മൂത്രം നല്ലതാകുന്നു. വിശേഷാൽ വാതം, കഫം, കൃമി, വ്രണം, ക്ലിന്നോഷ്ണം, ഉന്മാദം, ചിരങ്ങു്, കൃമി, ചൊറി, വിറയൽ, ഗ്രഹണി, പ്രമേഹം, അപസ്മാരം, ഗ്രഹപീഡ, ഭൂതാവേശം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും

"ദീപനം ഗർദ്ദഭം മൂത്രം
കൃമിവാതകഫാപഹം
കഷായയുതിക്തമേതേഷു
ഹിക്കാശ്വാസഹരം പരം."

കഴുതമൂത്രം ദീപനവും, കൃമിദോഷം, വാതരോഗം, കഫരോഗം ഇന്നിവകളെ നശിപ്പിക്കുന്നതും കഷായരസങ്ങളോടും കൂടിയതും ഹിക്കാശ്വാസങ്ങൾക്കു അത്യന്തം ഹിതവുമാകുന്നു. ഇതിനു മുൻപറഞ്ഞ മൂത്രാഷ്ടകത്തിന്റെ ഗുണവിഭാഗം. ഔഷധപ്രയോഗത്തിൽ ചില വിഷമങ്ങളിൽ മനുഷ്യമൂത്രം, തവളമൂത്രം മുതലായവ വലെ മൂത്രങ്ങളും ഉപയോഗിക്കുമാറുണ്ടു്. എന്നാൽ അതുകളുടെ പ്രയോഗം ഒറ്റക്കുമാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. ഇതുകൂടെ ഓർത്തുകൊണ്ടു ചേർത്തുപയോഗിക്കാം. അതാണു് ഇതുകളേ മൂത്രാഷ്ടകമെന്നു പറയുവാനുള്ള കാരണം.

കഴുവൻ.

ഇതു് പ്രസവവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—വാതം, പഴകിയ്ച്ചു് അർശ,

ഉന്മാദം, ക്ഷതം, ക്ഷയം, ഗ്രഹണി, ഭസ്മകാജീർണ്ണം മെലിവു്, ഗ്രഹ്യരോഗം, വിശേഷാൽ നേത്രരോഗം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. അഗ്നിയേയും, ബലത്തേയും, ആയുസ്സിനേയും, മാംസത്തേയും വർദ്ധിപ്പിക്കും

കറിക്കായം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. രുചിയെ ഉണ്ടാക്കും അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. അന്നത്തിന നല്ല ഗന്ധത്തെ ഉണ്ടാക്കും. വഠ്യമായിരിക്കും. കഫം, വാതം, ഗുല്മം, കൃമി, ഹൃദ്രോഗം, വസ്തിയിങ്കലെ നോവു്, മലമൂത്രബന്ധം, അർശ്സ്സു്, പ്ലീഹ, മേദസ്സു്, അപചി, വിഷം, വീക്കം ഇവയെ ശമിപ്പിക്കും.

കുത്ത അരക്കു്. (കോലരക്കു്)

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ആർത്തവസംഗ്രാഹിയേ ആകുന്നു. ഗുണങ്ങൾകൊണ്ടു് അരക്കിനു തുല്യമാകുന്നു. വിശേഷാൽ വാതം, വ്യംഗം, ക്ഷയം, പ്രദരം, രക്തപിത്തം, രക്താതിസാരം, കണ്ണുരോഗം, വ്രണം ഇവയെ ശമിപ്പിക്കും.

കുത്ത ആമ്പൽ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. വിശേഷാൽരക്തപിത്തത്തിങ്കലും തിമിരത്തിങ്കലും നല്ലതു്. വെളുത്ത ആമ്പലിന്റെ ഗുണങ്ങളോടുകൂടിയതെന്നു സുശ്രുതമതം. ഔഷധപ്രയോഗമുള്ളപ്പോൾ സുഖത്തെകൊടുക്കുന്നതും ആകുന്നു.

കുത്ത ഉമ്മത്തു്.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന സമൂത്തേജനീയ ദ്രവ്യമാകുന്നു. ഇതിന്റെ ഗുണങ്ങൾ ഉമ്മത്തിനു പറഞ്ഞിട്ടുള്ളവതന്നെ. വിശേഷാൽ ഉമ്മത്തിന്റെ കൂട്ടത്തിൽ ഗുണോൽകൃഷ്ടമാകുന്നു. ഇതിന്റെ പൂവു മുതലായതു കുത്ത നിറമായിരിക്കും

കുത്ത കടഭി.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫാസ്രദ്രവ്യമാകുന്നു. വാതം, കഫം ഗുല്മം, വിഷം, വയറുവീർപ്പു്, ശൂലം. അജീർണ്ണം, പ്രമേഹം, അർശ്സു്, നാഡീവ്രണം, കൃമി, കുഷ്ഠം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഇതിന്റെ കായു് —കഫത്തേയും, മേദസ്സിനേയും ക്ഷയിപ്പിക്കും. പാകം:—ഗുരുവായിരിക്കും. അതു വാതത്തെ ശമിപ്പിക്കും. അഗ്നിയേയും, ബലത്തേയും വർദ്ധിപ്പിക്കും.

കുത്ത കടല.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ധന്വന്തരീയവർഗ്ഗത്തിൽ ചേർന്നതെന്നു സുശ്രുതമതം. സാമാന്യം കടലയുടെ പറഞ്ഞ ഗുണങ്ങളോടു കൂടിയതും വിശേഷാൽ പിത്തം, ചുമ, അതിസാരം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. രസായനത്തിങ്കൽ നന്നു്.

കുത്ത കാട്ടുതുളസി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന പത്രമാകുന്നു. ക്രിമി, കിസുപ്പു്, വിഷം, ത്വഗ്ദോഷം ഇവയെ ശമിപ്പിക്കും. സുഗന്ധിയായിരിക്കും. കൃഷ്ണാദികളുടെ ഗുണങ്ങളും വരാമെന്നു തോന്നുന്നു.

കുത്ത ചണംപയറു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. കഫം, പിത്തം, രക്തദോഷം, മൂത്രകൃച്ഛ്രം

ഇവയെ ശമിപ്പിക്കും. വാതത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. പ്രലേപാദികൾകൊണ്ടു നിറത്തെ നന്നാക്കും. സുഖോപയോഗിയായിരിക്കും. ഇതുതന്നെ വെളുത്തനിറമുള്ളതു്:—മലമൂത്രങ്ങളെ തടുക്കും. പാകത്തിങ്കൽ മധുരമെന്നു മദനപാലനിഘണ്ടുവിലും സുശ്രുതത്തിലും ഭാവപ്രകാശത്തിലും കാണുന്നു.

കുത്ത ചെറുതുളസി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഹരിതകവർഗ്ഗത്തിൽ ചേർന്നതെന്നു സംഗ്രഹം. ചെറുതുളസിക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കുത്ത ചെറുപയറു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. സാമാന്യം ചെറുപയറിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ മധുരരസമേറിയിരിക്കും. വാതത്തെ കോപിപ്പിക്കും. ബലത്തെയും, ജ്വരത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. പച്ചനിറമുള്ള ചെറുപയറിനേക്കാൾ ലഘുവായിരിക്കും.

കുത്ത ചോളം.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. കുറഞ്ഞൊന്നു കഫത്തെയും, ബലത്തെയും, ജ്വരത്തെയും വർദ്ധിപ്പിക്കും പുഷ്ടിയെച്ചെയ്യും. പിച്ഛിലമായിരിക്കും.

കുത്ത ഞണ്ടു്.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അന്തരപമാംസമാകുന്നു പാദിവർഗ്ഗത്തിൽചേർന്ന അന്തരപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—സാമാന്യം ഞണ്ടിനുപറഞ്ഞ എല്ലാ ഗുണങ്ങളോടുകൂടിയതും വിശേഷാൽ വാതത്തെ ശമിപ്പിക്കുന്നതും, ബലത്തെ വർദ്ധിപ്പിക്കുന്നതും ജ്വരത്തിനുവയ്പു വരുത്തുന്നതും മലമൂത്രങ്ങളെ പുറത്തുകളയുന്നതുമാകുന്നു.

കുത്ത തഴുതാമ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. വാതം, കഫം, പാണ്ഡു, വീക്കം, ഹൃദ്രോഗം, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. വിശേഷാൽ രസായനത്തിങ്കൽ നല്ലതാകുന്നു. പൂവു കുത്തതായിരിക്കും. ഇതു ദുർല്ലഭമാകുന്നു.

കുത്ത തുളസി.

ഇതു ഉത്തംസവർഗ്ഗത്തിൽചേർന്ന പത്രമാകുന്നു. സാമാന്യം തുളസിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വെളുത്ത തുളസിയേക്കാൾ ഗുണോൽകൃഷ്ടമെന്നു വൃദ്ധസങ്കേതം.

കുത്ത പാച്ചോറ്റി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. സാമാന്യം പാച്ചോറ്റിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

കുത്തപൂവുള്ള അരൽച്ചി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു കണവീരത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

കുത്തപൂവുള്ള മുൾക്കുറുഞ്ഞി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുൾക്കുറുഞ്ഞിക്കു പറഞ്ഞ എല്ലാ ഗുണങ്ങളോടും കൂടിയതാകുന്നു.

കുത്ത മലയമുക്കി.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. മലയമുക്കി

യുടെ ഗുണങ്ങളോടുകൂടിയതും വിശേഷാൽ രക്താതിസാരം, ജ്വരം, ഛർദ്ദി, ഉന്മാദം, മൂഴൽപ്പു, വായുമുട്ടൽ, ചുമ ഇവയെ ശമിപ്പിക്കുന്നതുമാകുന്നു. മലത്തെയുക്കിയേക്കാം കൈപ്പു കുറഞ്ഞതെന്നു വാസിംഹമതം.

കൂത്തയ്വാലുള്ള മാൻ.

ഇതു് മൃഗവർഗ്ഗത്തിൽ ചേർന്നാം ഗലമാംസമാകുന്നു. കുലേചരവർഗ്ഗത്തിൽ ചേർന്നതാണുപമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം—വാതം, കഫം, പിത്തം, വായുമുട്ടൽ, ജ്വരം, രക്തദോഷം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ ഉണ്ടാക്കും.

കുറുപ്പു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കഫം, ചുമ, വായുമുട്ടൽ, അതിസാരം, പ്ലീഹ, കൃമി, മൂത്രാതിസാരം രക്തസ്രാവം, പാണ്ഡു, ക്ഷയം, ആക്ഷേപം, പലപ്രകാരമുള്ള വേദന ഇവയെ ശമിപ്പിക്കും. വാതപിത്തങ്ങളെ വർദ്ധിപ്പിക്കും ശുക്ലത്തിനു ഉറപ്പുവരുത്തും. മലത്തെപ്പിടിപ്പിക്കും നിദ്രയേയും വിയർപ്പിനേയും വരുത്തും. ലഘുവിനെ ഉണ്ടാക്കും. ദോഷത്തെ മെലിയിയ്ക്കും. ബലത്തെ വർദ്ധിപ്പിക്കും. കൂടുതലായി ഉപയോഗിച്ചാൽ ബോധക്കേടിനേയോ മരണത്തെയൊപ്പെയ്യും. സന്നിപാതത്തെ ശമിപ്പിക്കുമെന്നു് വാസിംഹമതം. ഇതു നാലുതരമുണ്ടു്. ജാരണം, മാരണം, ധാരണം, സാരണം, ഇങ്ങനെ നാലാകുന്നു ജാരണം വെളുത്ത നിറമായിരിക്കും. ഇതു സേവിച്ചാൽ അന്നത്തെ താമസിയാതെ ദഹിപ്പിക്കും. മാരണം കുത്ത നിറമായിരിക്കും. അതു സേവിച്ചാൽ മൃത്യുവിനെപ്പോലെയും. ധാരണം മഞ്ഞനിറമായിരിക്കും. അതു സേവിച്ചാൽ യൌവനത്തെ ക്ഷയിപ്പിക്കാതെയാക്കും. സാരണം കർബുരവർണ്ണമായിരിക്കും. അതു സേവിച്ചാൽ മലമിളകി പുറത്തുപോകും. അതു കശകശച്ചെടിയുടെ കായിൽ നിന്നു എടുക്കുന്ന കറയാകുന്നു. ഉപവിഷങ്ങളിൽ ചേർന്നതാകയാൽ ശുദ്ധിചെയ്തു ഉപയോഗിക്കണം. ഇതു കൂടുതലായി ഭക്ഷിച്ചുണ്ടാകുന്ന വികാരത്തിങ്കൽ കുരുത്തചുണ്ട ഇല പിഴിഞ്ഞ നീരും പശുവിൻ പാലും അരത്തുടം വീതം എടുത്തുസേവിക്കയും അല്ലെങ്കിൽ വയമ്പു, ഇന്തുപ്പു, തിപ്പലി മലങ്കാരയ്യ ഇവമുക്കാൽ ക്കഴഞ്ചു ഒന്നരത്തുടം ചൂടുവെള്ളത്തിൽ അരച്ചുകലക്കികുടിക്കയും നന്നു്. ഈ പ്രയോഗങ്ങൾ രണ്ടു കൊണ്ടും ശമിക്കാതെ വന്നാൽ പൊൻകാരവും തുരിശും കൂടെയ്യെ നെയ്യിൽ ചാലിച്ചുകൊടുത്താൽ ഉടനെ ഛർദ്ദി ഉണ്ടാകുകയും കുറുപ്പിന്റെ വിഷം തീരുകയുംചെയ്യും. കറുപ്പു് എന്നുംപറയാം.

കുറുപ്പും ചാരനിറവും കലന്നമാൻ.

ഇതു് മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കുലേചരവർഗ്ഗത്തിൽ ചേർന്ന അനുപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം വാതം പിത്തം ഇവയെ ശമിപ്പിക്കും. കഫം ഉത്തമം, ബലം, മൂത്രം ഇവയെ വർദ്ധിപ്പിക്കും

കറുപുലി.

ഇതു് പ്രസഹവർഗ്ഗത്തിൽ ചേർന്നസാധാരണമാംസമാകുന്നു. പന്നഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം:—ഇതിന്റെ മാംസം വാത

ത്തശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തു കളയും. കണ്ണിനു നല്ലതാകുന്നു.

കറുവാഴ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. വാതം കഫം, ജ്വരം, വിഷം, ഗുല്മം, പ്ലീഹ, വൃദ്ധി, യകൃത്പീഡ, നേത്രരോഗം, ഗ്രന്ഥി, കുഷ്ഠം, കൃമി അർശസ്, ശൂല, മഹോദരം, തീപൊള്ളിയവ്രണം, രക്തപിത്തം, ചൂര, വായുമുട്ടൽ, ത്വക്ദോഷം, നീർക്കോടം ഇവയെ ശമിപ്പിക്കും. മലത്തെയിളക്കും. ദേഹത്തെത്തടിപ്പിക്കും. ശുക്ലത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. മദത്തിന്റെ ഗന്ധത്തോടു കൂടിയതാകുന്നു. ഇതിന്റെ പൂവു്—ഉഷ്ണവും ശീതവീര്യമായുമിരിക്കും. അതു വാതത്തെയും, പിത്തത്തെയും, കൃമിയേയും ശമിപ്പിക്കും. ഇതിന്റെ നിശ്വാസം കൊണ്ടു ചെന്നിനായകം ഉണ്ടാക്കപ്പെടുന്നു.

കാ

കാകജംഘാ.

ഇതു് ക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫാധിക്യമാകുന്ന ഉഷ്ണവീര്യമെന്നു സുശ്രുതമതം. ചൊറി, കുഷ്ഠം, അംഗദീർണ്ണം, ബാധിര്യം, വ്രണം, കൃമി, വിഷം, ജീർണ്ണജ്വരം, വിഷമജ്വരം, രക്തദോഷം, പിത്തം കഫം ഇതുകളെ ശമിപ്പിക്കും. ഇതിന്റെ ഇല നീണ്ടതും പരന്നുള്ളതും ആകുന്നു. പൂവു ചെറുതും നീലവർണ്ണമുള്ളതും ആകുന്നു.

കാകോളി.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. ദേഹത്തെത്തടിപ്പിക്കും. ശുക്ലത്തെയും കഫത്തെയും വർദ്ധിപ്പിക്കും. ജ്വരം, തണ്ണീർദാഹം, ക്ഷയം, ചൂടുനീറൽ, രക്തദോഷം, പിത്തം, വാതം ഇതുകളെ ശമിപ്പിക്കും. ഇതു ഒരു തരം കിഴങ്ങാകുന്നു. മുറിച്ചാൽ പാലൊഴുകുന്നതും ക്ഷീരകാകോളിയെക്കാൾ കടുത്തതുമാകുന്നു.

കാക്ക.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നു പക്ഷം. ഇതിന്റെ മാംസം—ദഹിക്കാജീർണ്ണം. ഉന്മാദം, ഗ്രഹണി, അർശസ്, ക്ഷയം, ക്ഷതം, നേത്രരോഗം, വാതം ഇതുകളെ ശമിപ്പിക്കും. കറുത്തകാക്ക കഫപിത്തങ്ങളേയും, ശുക്ലത്തെയും, ബലത്തെയും, മാംസത്തെയും,ആയുസ്സിനേയും വർദ്ധിപ്പിക്കും മൂത്രത്തെ പെരുപ്പിക്കും. മലത്തെ പുറത്തുകളയും. അഗ്നിയെ വർദ്ധിപ്പിക്കും. മെലിഞ്ഞവർക്ക് ഏറ്റവും നല്ലതു്. തിക്താമ്ലരസമെന്നും പക്ഷം. ലഘുവെന്നു മദനപാലമതം.

കാക്കത്തമ്പുരാൻ.

ഇതു് വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. പ്രതുദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നുവെന്നും പക്ഷം. ഇതിന്റെ മാംസം കണ്ണൻ പീച്ചി എന്ന പക്ഷിയുടെ മാംസത്തിനെന്നപോലെ ഉള്ളതാകുന്നു. സുശ്രുതത്തിൽ പ്രതുദങ്ങളുടെ കൂട്ടത്തിൽ ചേർത്തു പറഞ്ഞിരിക്കകൊണ്ടു് പ്രതുദങ്ങളുടെ ഗുണങ്ങളും ഉണ്ടായിരിക്കും.

കാക്കപ്പനച്ചി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായ്—വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പി

ടിപ്പിക്കും. ലഘുവെന്നു ഗുസിദ്ധമതം. പഴുത്ത കായ്—കഫത്തെ വർദ്ധിപ്പിക്കും. വാതം, പിത്തവികാരം, ക്ഷയി ഇവയെ ശമിപ്പിക്കും. പനച്ചിയുടെ ഗുണങ്ങളോടു കൂടിയതെന്നും പക്ഷം. മുള്ളുള്ളവൃക്ഷമാകുന്നു. കായ് പനച്ചിയെക്കാൾ ചെറുതായിരിക്കും.

കാച്ചിൽ.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. കഫത്തെവർദ്ധിപ്പിക്കും. പിത്തത്തെ ദ്രവിപ്പിക്കും. ആമവാതത്തെ ഉണ്ടാക്കും. മലത്തെ ഇളക്കും. പിച്ഛിലമായിരിക്കും.

കാഞ്ചിമരം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു മയിലെള്ളിനു വെറുത്ത ഗുണങ്ങളോടു കൂടിയതാകുന്നു തതിന്റെ കായ് വളരെ ചെറുതായിരിക്കും.

കാഞ്ഞിരം.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന സമുത്തേജനീയവൃക്ഷമാകുന്നു. കഫം, രക്തദോഷം, കൃമി, വാതരോഗം, ചൊറി, അർശ്സു്, വ്രണം, ജ്വരം, കൃമി, ശിരോരോഗം, വീക്കം, ആമം ഇവയെ ശമിപ്പിക്കും. ലഘുവിയെ ഉണ്ടാക്കും. ശീതമെന്നു ഭാഷാഗുണപാഠം. ഇതിന്റെവച്ചുക്കായു്:- ചവർപ്പുള്ളതും, ശീതമായിട്ടുള്ളതും, ലഘുവായിട്ടുള്ളതുമാകുന്നു. അതു വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതിന്റെപഴുത്തകായു്:- കഫം, പിത്തം, പ്രമേഹം, രക്തദോഷം, വാതരക്തം, അശ്മരി, ഭഗന്ധിസ്രാവം, പാദദാഹം എന്നവാതരോഗം, ഭ്രമക്ലമം, പിടക ഇവയെ ശമിപ്പിക്കും. ഭക്ഷിച്ചാൽ മദത്തെച്ചെയ്യും. ബീജം—വിശേഷാൽ മൂത്രത്തടവു്, ശൂലം, അർശ്സു്, തവാതം, ശുക്ലമേഹം, ഗ്രഹണി, അപസ്മാരം, അതിസാരം, ഹൃദ്ഭ്രംശം, മദാത്യയം സർവ്വാംഗം വിറയൽ ഇവയെ ശമിപ്പിക്കും. കാമോദ്ദീപനമായിരിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. ഇതു ഉപവിഷങ്ങളിൽ ചേർന്നതാകയാൽ ശുദ്ധിയെ ചെയ്യണം. മരമായിട്ടും വള്ളിയായിട്ടും രണ്ടുതരമുണ്ടു്. മരമായിട്ടുള്ളതിന്റെ ബീജത്തെയാണു് എടുത്തുവരുന്നതു്.

കാടപ്പക്ഷി.

ഇതു വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—വാതം, പിത്തം, കഫം, ജ്വരം, ഇവയെ ശമിപ്പിക്കും. ബലം ശുക്ലം, അഗ്നി ഇതുകളെ വർദ്ധിപ്പിക്കും. ഏറ്റവും രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും. ശീതവീര്യമെന്നു മദനപാലമതം.

കാടയടിയാൻ.

ഇതു വിഷ്കിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. കാടപ്പക്ഷിയുടെ മാംസത്തിനു തുല്യമായ ഗുണത്തോടുകൂടിയതാകുന്നു. രൂക്ഷമെന്നു രാജവല്ലഭമതം.

കാടി.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. ഏടയെ പ്രസാദത്തെ വരുത്തും. ഒഴുക്കിയാൽ ചൂടുനീറലിനേയും, ജ്വരത്തേയും ശമിപ്പിക്കും. കുടിച്ചാൽ വാതം, കഫം, വീക്കം, മൂർച്ഛ, ശ്രമം, ശൂലം, അധ്മാനം ഇവയെ ശമിപ്പിക്കും.

ങ്ങനിയെ വല്പിപ്പിക്കും. വാതപി
ത്തങ്ങളെ ശമിപ്പിക്കുമെന്നു ഋസിം
ഹമതം. മാഷാദി വടകങ്ങളെക്കൊ
ണ്ടും കാടി ഉണ്ടാക്കാം. അതു ഗുണ
മേറിയതായിരിക്കും. വാതം, ശൂലം
അജീർണ്ണം, മലമൂത്രങ്ങളുടെ തടവു
ഇവയെ ശമിപ്പിക്കും. ഏറ്റവും അ
മത്തെ പചിപ്പിക്കും. രുചിയെ
ഉണ്ടാക്കും. വസ്തിശുദ്ധിയെച്ചെയ്യും.
പാണ്ഡുരോഗം, രാജയക്ഷ്മാവു്,
വീക്കം, ക്ഷതം, ക്ഷയം, ശ്രമം കൂ
ഞ്ഞ ജ്വരം ഇതുകളിൽ കാടിയുടെ
പ്രയോഗം നല്ലതാകുന്നു. കഫം
രക്തപിത്തം, മെലിവു്, മൂർഛ,
ചുഴൽവ്യു ലഹരി, ചൊറി ഇതുക
ളിൽ കാടിയുടെ പ്രയോഗം നന്നല്ല.
ഇതു പാലിനോടു ചേർത്തു കുടി
ച്ചാൽ വിരുദ്ധമാകുന്നു.

കാട്ടത്തി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്ന
മൃദുസംഗ്രഹണീയ ദ്രവ്യമാകുന്നു.
ഇതിന്റെ തൊലി മുതലായവ:—
കഫം, പിത്തം, വ്രണം, ശ്വിത്രം,
കൃഷ്ണം, പാണ്ഡു, അർശസ്സു്, കാമല
ഇവയെ ശമിപ്പിക്കും. ദോഷങ്ങളെ
സ്തംഭിപ്പിക്കും. അതിസാരത്തിനു ഏ
റ്റവും നല്ലതു്. അത്തിയുടെ കാ
ഞ്ഞ ഗുണങ്ങളോടുകൂടിയതെന്നാപ
ക്ഷം. പഴുത്തകായു്:—പിത്തം, രക്ത
ദോഷം, ചുട്ടുനീറൽ, ക്ഷതം, ക്ഷയം
ഇവയെ ശമിപ്പിക്കും. കഫത്തെയും
ശുക്ലത്തെയും വർദ്ധിപ്പിക്കും. ദേഹ
ത്തെ തടിപ്പിക്കും. വയറടപ്പിനെ
ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും.
ചവർപ്പുരസംകൂടെ ഉണ്ടെന്നും കഫ
ത്തെ ശമിപ്പിക്കുമെന്നും സുശ്രുത
മതം. പൂളിയും എരിയുംകൂടെ ഉണ്ടെ
ന്നു ഋസിംഹമതം.

കാട്ടരയാലു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേ
ർന്നതാകുന്നു. ഫലവർഗ്ഗത്തിൽ ചേ
ർന്നതെന്നും പക്ഷം. ഇതിന്റെ പച്ച
ക്കായു് :— പിത്തത്തെയും രക്ത
ദോഷത്തെയും ഉണ്ടാക്കും. മലത്തെ
ഇളക്കും. പഴുത്തകായു്.—വാതം,
പിത്തം, രക്തദോഷം, ചുട്ടുനീറൽ
ഇവയെ ശമിപ്പിക്കും. കഫത്തെയും
ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ
പിടിപ്പിക്കും. ഏറെ പിത്തത്തെ
വർദ്ധിപ്പിക്കയില്ലെന്നു സംഗ്രഹം.
ദേഹത്തെക്കാൾ കുറഞ്ഞൊന്നാ ഭി
ന്നമായിരിക്കുന്ന ഗുണങ്ങളൊക്കുടി
യതെന്നു ചരകമതം. പുറത്തു ചോള
ത്തിന്റെ അരിപോലെയുള്ള മുഴ
കളും രോമങ്ങളും ഉണ്ടായിരിക്കും.

കാട്ടിലന്ത.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന
താകുന്നു. വാതം, കൃഷ്ണം ചൊറി,
വ്രണം, രക്തദോഷം, വീക്കം ഇവ
യെ ശമിപ്പിക്കും.

കാട്ടിക്കാര.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന
സാധാരണ മാംസമാകുന്നു. പ്രസ
ഹവർഗ്ഗത്തിൽചേർന്ന ജാംഗലമാം
സമെന്നും പക്ഷം. ഇതിന്റെ മാംസം
മിക്കവാറും ഗുണങ്ങൾകൊണ്ടു കാ
ക്കമാംസത്തോടൊത്തതാകുന്നു.

കാട്ടികുയുമ്പ.

ഇതു പൃഥക്ഷുപവർഗ്ഗത്തിൽ ചേർന്ന
താകുന്നു. കഫത്തെ ശമിപ്പിക്കും.
അഗ്നിയെ വർദ്ധിപ്പിക്കും.

കാട്ടുകുരികിൽ.

ഇതു പ്രതുദവർഗ്ഗത്തിൽ ചേർന്ന
ജാംഗലമാംസമാകുന്നു. ഇതിന്റെ
മാംസം സാമാന്യം കുരികിൽ മാംസ

ത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. നാട്ടുകുരികിലിന്റെ മാംസത്തെക്കാൾ നല്ലതാകുന്നു.

കാട്ടുകോതമ്പു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. ഇതു ധാന്യങ്ങൾക്കു പറഞ്ഞ സാമാന്യഗുണങ്ങളോടുകൂടിയതാകുന്നു. ഇതിന്റെ ആഹാരം കൎശനിയങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. കാട്ടുകോതമ്പു് എന്നാണെങ്കിലും ഇതു കോതമ്പിന്റെ കൂട്ടത്തിൽ ഉൾപ്പെട്ടതല്ല.

കാട്ടുകോഴി.

ഇതു വിഷ്കിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാസം കോഴിമാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. രുക്ഷമെന്നു മദനപാലമതം. ശീതമെന്നു രാജവല്ലഭമതം.

കാട്ടുഗോളിച്ചീര.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രമാകുന്നു. ഗുണങ്ങൾകൊണ്ടു് ഗോളിച്ചീരയോടൊത്തതാകുന്നു.

കാട്ടുചമ്പകം.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. വാതം, കഫം, നേത്രരോഗം, വ്രണം ഇവയെ ശമിപ്പിക്കും. നിറത്തെനോക്കും. വേറെ ചില ഔഷധികളോടു ചേർന്നാൽ പ്രഭവംകൊണ്ടു അഗ്നിസ്തംഭനമായിരിക്കും. ഇതു പാലുള്ള ചെറിയ വൃക്ഷമാകുന്നു ശ്വേതചമ്പകമെന്നും, നാഗചമ്പകമെന്നും, സുലതാനചമ്പകമെന്നും, നീലചമ്പകമെന്നും, ഭൂമിചമ്പകമെന്നും അഞ്ചുതരമുണ്ടെന്നും പുഷ്പത്തിന്റെ വർണ്ണം മുതലായവകൊണ്ടു് അല്പാല്പം ഭിന്നങ്ങളെന്നും മിക്കവാറും ഗുണങ്ങൾകൊണ്ടു് തുല്യങ്ങളെന്നും കാണുന്നു.

കാട്ടുചീര.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. പിത്തത്തെ ശമിപ്പിക്കും. ധാതുക്കളേയും, ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ആമത്തെ പചിപ്പിക്കും. പഥ്യമായിരിക്കും. ഇതിന്റെ പൂവു വെളുത്തതാകുന്നു.

കാട്ടുതുളസി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന പത്രമാകുന്നു. ശ്വിത്രപീഡ, പിശാചുബാധ ഛർദ്ദി ഇവയെ ശമിപ്പിക്കും. സുരഭിയായിരിക്കും.. ചെറുതുളസിക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതെന്നു സംഗ്രഹം. ഹരിതകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതു അഞ്ജുകഭേദമാകുന്നു. ചെറുതുളസിയെക്കാൾ സുഗന്ധമുള്ളതും ചെറിയ ഇലയുള്ളതുമാകുന്നു.

കാട്ടുചെറുപയറു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. സാമാന്യം ചെറുപയറിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

കാട്ടുജീരകം.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. കൃമി, വയറുപ്പു്, ജീർണ്ണജ്വരം, വ്രണം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

കാട്ടുതിപ്പലി.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പച്ചയായിരിക്കുമ്പോൾ ഗുണം കൂടിയതും ഉണങ്ങിയതു ഗുണം കുറഞ്ഞതുമാകുന്നു.

കാട്ടുപയറു്.

ഇതു് വീര്യദ്രവ്യത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. വാതം, കഫം, പിത്തം, ഗ്രഹണി, അർശസ്, ക്ഷതം, വീക്കം, ജ്വരം, മൂട്ടനീർ, അതിസാരം, വാതരക്തം, ചുമ, തണ്ണീർദാഹം, വിഷം ഇവയെ ശമിപ്പിക്കും. ഇളക്കത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. കണ്ണിനു നല്ലതു്. ഇതു മിക്കവാറും ലക്ഷണങ്ങൾകൊണ്ടു് ചെറുപയറിനോടൊത്തതാകുന്നു. പൂവു് മഞ്ഞനിറമുള്ളതും ഇല ചെറുതുമായിരിക്കും.

കാട്ടുപരുത്തി.

ഇതു് വൃഷ്യദ്രവ്യവർഗ്ഗത്തിൽചേർന്നതാകുന്നു. വാതരക്തത്തെയും വ്രണത്തെയും ശമിപ്പിക്കും. ആയുധംകൊണ്ടുള്ള മുറിവിനെ വരട്ടും. രുചിയെ ഉണ്ടാക്കും

കാട്ടുപാവൽ.

ഇതു വീര്യദ്രവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഇതു കിഴങ്ങുള്ളതും ബീജമില്ലാത്ത കായുള്ളതും ആകുന്നു. കഫത്തെയും വിസർപ്പത്തെയും, വിഷത്തെയും ശമിപ്പിക്കും. വ്രണശുദ്ധിയെ വരുത്തും. ശിരോരോഗത്തേയും നേത്രരോഗത്തേയും ശമിപ്പിക്കും. സപ്തകോപത്തെ അടക്കും. രസായനത്തിങ്കൽ നല്ലതാകുന്നു.

കാട്ടുപീച്ചിൽ.

ഇതു വീര്യദ്രവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, വീക്കം, കാമല, കൃഷ്ണം, അർശസ്സ്, പാണ്ഡു, അഗ്നി, മഹോദരം, വയറുവീർപ്പു് ഇവയെ ശമിപ്പിക്കും. ആമാശയശുദ്ധിയെയും പക്വാശയശുദ്ധിയെയും ചെയ്യും. ഇതിന്റെ കായു്:—വാതപിത്തകഫങ്ങളേയും, പ്രമേഹം, വായുമുട്ടൽ, ചുമ, വിഷം ഇവയെയും ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. വിത്തു്:—ശിശോവിരേചനത്തെച്ചെയ്യും. മലങ്കാരയ്ക്കാപോലെ വമനത്തിങ്കലും ഉപയോഗിക്കാം. പൂവു മഞ്ഞനിറമായിരിക്കും.

കാട്ടുപീച്ചിലിന്റെ എണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം കഫം, കൃമി, കൃഷ്ണം പ്രമേഹം, ശിരോരോഗം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. കാട്ടുപീച്ചിലിന്റെ എണ്ണയെന്നാൽ അതിന്റെ വിത്തിൽനിന്നു എടുക്കുന്ന എണ്ണയാകുന്നു.

കാട്ടുപേരീത്ത.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. പേരീത്തയുടെ ഗുണങ്ങളോടുകൂടിയുതാകുന്നു. വിശേഷാൽ പിത്തം, രക്തദോഷം. മൂർഛ, ചുഴൽച, സർവ്വാംഗസന്താപം, ശ്രമം ഇവയെ ശമിപ്പിക്കും. പേരീത്തയേക്കാൾ സ്വാദുള്ളതാകുന്നു.

കാട്ടുപോത്തു്.

ഇതു് മഹാമൃഗവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം മിക്കവാറും ഗുണങ്ങൾകൊണ്ടു പോത്തിൻമാംസത്തോടു തുല്യമാകുന്നു. കാട്ടിലുള്ളതാകയാൽ അതിനേക്കാൾ രുചിയും ലാഘവവും ഉള്ളതായിരിക്കും.

കാട്ടുപൊന്നാവീരം.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഹൃദയപ്രസാദത്തെ ഉണ്ടാക്കും. അരുചി, വായുമുട്ടൽ, പ്രമേഹം, ചുമ, ജ്വരം, കൃഷ്ണം,

പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും.

കാട്ടുപ്രാവു്.

ഇതു് പ്ലവവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യം പ്രാവിൻമാംസത്തിന്റെ എല്ലാ ഗുണങ്ങളും കൂടിയതായിട്ടുള്ളതാകുന്നു. ഇതു് എല്ലാ പ്രാവിലും ശ്രേഷ്ഠം.

കാട്ടുമക്കിപ്പൂവു്.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ഗുന്ദ്രിദ്രവ്യമാകുന്നു. ശ്ലേഷ്മത്തെപ്പെരുക്കും. ബലത്തെ വർദ്ധിപ്പിക്കും. അഗ്നിയെ പചിപ്പിക്കും.

കാട്ടുമഞ്ഞൾ.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇക്കിൾ, കൃമി, വാതരക്തം. വായുമുട്ടൽ, വിഷം, കുഴുകം ഇവയെ ശമിപ്പിക്കും.

കാട്ടുമാതളനാരകം.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. രുചിയെ ഉണ്ടാക്കും പഴുത്തകായു്:—വായുമുട്ടൽ, കൃമി വാതം ആമദോഷം, കഫം ഇവയെ ശമിപ്പിക്കും. മറ്റുള്ള ഗുണങ്ങൾ മാതളനാരകത്തിനു പറഞ്ഞതുതന്നെ.

കാട്ടുമുതിര.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. ചൊറി, വ്രണം, നേത്രരോഗം, വിഷം, വയറുവീർപ്പു്, മലമൂത്രങ്ങളുടെ തടവു്, ശൂലം, അർശ്സു് ഇവയെ ശമിപ്പിക്കും. ബീജം:—മുതിരയോടൊത്ത ഗുണങ്ങളോടുകൂടിയതും ഔഷധകാലത്തിങ്കൽ ശ്രേഷ്ഠവുമാകുന്നു. ചെറുതും വലുതും രണ്ടുതരമുണ്ടു്.

കാട്ടുമുല്ല.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുല്ലയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കാട്ടുലുവാ.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. ഉലുവായുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കാട്ടുവരകു്.

ഇതു് ഭോജ്യവർഗ്ഗത്തിൽചേർന്ന ധാന്യമാകുന്നു. ഏറ്റവും മലത്തെ പിടിപ്പിക്കും. വിശേഷാൽ വാതത്തെ കോപിപ്പിക്കും. വരകിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കാട്ടുവാഴ.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായു്:—പിത്തം, മെലിവു്, തണ്ണീർദാഹം, ചുട്ടുനീറൽ ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. ദുർജ്ജരമായിരിക്കും. സാമാന്യം വാഴയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

കാട്ടുശതകുപ്പ.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. കഫം, യോനിശൂലം, വാതം, ശൂലം, ചുട്ടുനീറൽ, അഗ്നിമാന്ദ്യം, കൃമി, ചുമ, ഛർദ്ദി, പ്ലീഹ, അർശ്സു്, ക്ഷയം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. മലത്തെ തടുക്കും. ആമത്തെ പചിപ്പിക്കും. ശീതമെന്നും, രക്തദോഷത്തെയും, വാതപിത്തങ്ങളേയും ശമിപ്പിക്കുമെന്നും ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കുമെന്നും ധന്വന്തരിമതം.

കാട്ടിഴഞ്ഞ്.

ഇതു് വീരുടവർഗ്ഗത്തിൽ ചേന്ന വിഷഗ്വേമാകുന്നു. പിത്തം, രക്തദോഷം, വാതം, ക്ഷയം, ജ്വരം ചുട്ടനീറൽ ചുമ, വീക്കം ഇവയെ ശമിപ്പിക്കും. കഫത്തേയും ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. മലത്തെ തടുക്കും.

കാഞ്ഞ്.

ഇതു് ആരണ്യവർഗ്ഗത്തിൽ ചേന്നതാകുന്നു. കഫം, പിത്തം, വ്രണം, വിസർപ്പം, കണ്ണരോഗം മുഖരോഗം, പ്രമേഹം, കൃമി, കുഷ്ഠം, അസ്ഥിഗുല്മം അർശ്സ് ഇവയെ ശമിപ്പിക്കും. ദീപനമായിരിക്കും. രുചിയെ ഉണ്ടാക്കും. കഫവാതങ്ങളെ ശമിപ്പിക്കുമെന്നു് സുസിംഹാഭിപ്രായം.

കാടമ്പരീമജ്ജം.

ഇതു് രാസവർഗ്ഗത്തിൽ ചേന്നതാകുന്നു. വിശേഷാൽ പിത്തം, ശ്രമം ഇതുകളെ ശമിപ്പിക്കും.

കാനഫോഡി.

ഇതു് വീരുടവർഗ്ഗത്തിൽ ചേന്നതാകുന്നു. എല്ലാ വ്യാധിയേയും എല്ലാ വിഷങ്ങളേയും ഗ്രഹപീഡയേയും ഭൂതപീഡയേയുംശമിപ്പിക്കും.

കാന്താരക്കരിമ്പു്.

ഇതു് രസവർഗ്ഗത്തിൽ ചേന്നതാകുന്നു. വിശേഷാൽ കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ദോഷത്തെ തടുപ്പിക്കും.

കാമവർദ്ധി.

ഇതു് പൃഥക്ഷുപവർഗ്ഗത്തിൽചേന്നതാകുന്നു ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. കാമോദ്ദീപനമായിരിക്കും.

കായൽപ്പൂവു്.

ഇതു് ഫലവർഗ്ഗത്തിൽചേന്നതാകുന്നു. ഇതിന്റെ കായു്:—മിക്കവാറും താമരക്കുരുവിന്റെ ഗുണങ്ങളോടൊത്തതാകുന്നു.

കാര.

ഇതു് ആരണ്യകവർഗ്ഗത്തിൽചേന്നതാകുന്നു. മലത്തെ പിടിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കണ്ഠരുജയെച്ചെയ്യും. രുചിയെ ഉണ്ടാക്കും. ഇതിന്റെ പഴുത്ത കായു്:—മധുരവും, ചവർപ്പും, ഉപ്പുരസവും കൂടിയതാകുന്നു.

കാരകിൽ.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേന്നതാകുന്നു. കഫം, നേത്രരോഗം, കണ്ണരോഗം, വായുമുട്ടൽ, കുഷ്ഠം, ചുമ, ശ്രമം, ക്ലമം ഇവയെ ശമിപ്പിക്കും. തോലിനെ നന്നാക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ധൂപോപയോഗിയായും, സുഗന്ധിയായും, ലേപനത്തിങ്കലും ഉദ്വർത്തനത്തിങ്കലും യുക്തമായും മംഗലപ്രദമായും ഇരിക്കും.

കാരംചേർത്തുണ്ടാക്കിയ വറ്റൽ.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേന്നതാകുന്നു. ഏറ്റവും രുചിയെ ഉണ്ടാക്കും. ശേഷം ഗുണങ്ങളെ വ്യത്യാസം തക്കവണ്ണം ഊഹിച്ചുകൊൾകം.

കാരന്നാം.

ഇതു അപ്പചരവർഗ്ഗത്തിൽചേന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം: മിക്കവാറും ഗുണങ്ങൾകൊണ്ടു് അരയന്നത്തിന്റെ മാംസത്തോടു തുല്യമാകുന്നു. വിശേഷാൽ മലത്തെ പുറത്തുകളയും. ഉഷ്ണമെന്നു ചരകാഭിപ്രായം.

കാരിലവൂ.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേന്ന സാധാരണദ്രവ്യമാകുന്നു. യോനിരോഗം അതിസാരം, വാതം, കുഷ്ഠരോഗം, വ്രണം ഇവയെ ശമിപ്പിക്കും. തടിപ്പിക്കുന്നതെന്നും പക്ഷം.

കാരീയം.

ഇതു് രസായനബന്ധനവർഗ്ഗത്തിൽ ചേന്ന ധാതുവാകുന്നു. അശ്മരി, വാതം, കഫം, ആമവാതം, വ്രണം, നേത്രരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും ആയുസ്സിനേയും കാന്തിയേയും ശുക്ലവൃദ്ധിയേയും ചെയ്യും. അധിമാംസം മുതലായവയെ മുറിച്ചുകളയും. പ്രമേഹരോഗത്തിങ്കൽ വെള്ളത്തീയത്തെക്കാൾ ഏറ്റവും നല്ലതാകുന്നു. മധുരമെന്ന ഭാവപ്രകാശം. സ്നിഗ്ദ്ധമെന്നും അത്യുഷ്ണമെന്നും രസ്നരത്നസമുച്ചയം. വെള്ളത്തീയത്തിന്റെ ഗുണങ്ങളോടുകൂടിയതെന്നു മദനപാലമതം.

അഥ വംഗം (ഇയ്യം):—

"ഖുരകം മിശ്രകം ചേതി
ദ്വിവിധം വംഗമുച്യതേ;
ഖുരം തത്ര ഗ്രഹണേ ശ്രേഷ്ഠം
മിശ്രകം ന ഹിതം മതം;
ധവളം മൃദുളം സ്നിഗ്ദ്ധം
ഗുരുത്വം സഗൗരവം;
നിർഗ്ഗുണ്ഡം ഖുരവംഗം
സ്യാന്മിശ്രകം ശ്യാമശുഭ്രകം."

വംഗം ഖുരകം എന്നും മിശ്രകം എന്നും രണ്ടുതരമാകുന്നു. അതിൽ ഖുരകമെന്നതു ഗ്രഹണംകൊണ്ടു് അത്യുത്തമമാകുന്നു. കാരീയം ഔഷധത്തേന സ്വീകരിക്കുവാൻ തന്നെ നന്നല്ലെന്നാണു് പുരാതന ആചാര്യന്മാരുടെ അഭിപ്രായം. വെള്ളത്തീയം വെള്ളത്തും മാർദ്ദവമുള്ളതും സ്നിഗ്ദ്ധവും ഉരുക്കിയാൽ ക്ഷണത്തിൽ വെള്ളംപോലെ ഉരുകുന്നതും അല്പം ഗൌരവർണ്ണംകൂടെയുള്ളതും കൊട്ടിനോക്കിയാൽ സ്വർണ്ണാദി മറ്റു ധാതുക്കളെപ്പോലെ ശബ്ദം പുറപ്പെടാത്തതുമായിരിക്കും. മിശ്രകമെന്നതു കരിവാളിപ്പും വെളുപ്പും കൂടികലർന്ന നിറമായിരിക്കയും ചെയ്യും.

വംഗശോധനം:—

"ദ്രാവയിത്വാ നിശായുക്തേ
ക്ഷിപ്തം നിർഗ്ഗുണ്ഡികാരസേ;
വിശുദ്ധ്യതി ധ്രുവാരേണ
ഖുരവംഗം ന സംശയഃ"

വെള്ളത്തീയം ഉരുക്കി പച്ച മഞ്ഞളും കരുനൊച്ചിയിലയും കൂടെ ഇടിച്ചു പിഴിഞ്ഞ നീരൊഴിക്കുക. ഇങ്ങനെ മൂന്നുപ്രാവശ്യം ചെയ്താൽ ശുദ്ധമാകും. സംശയമില്ല.

വംഗമാരണം:—

"ശാണമാത്രം ഭവേദ്വംഗം
ഭുജംഗോ രക്ഷികാമിതഃ;
ഖർപ്പരേ ഗളിതം സർവ്വം
ലോഹദിവ്യാം വിഘട്ടയേൽ;
പ്രഹരാദ്ധ്യായതേ ഭസ്മ
ഭിന്നകജ്ജളസന്നിഭം;
ശുക്ലതാം യാതി തദ്ഭസ്മ
തീവ്രഖർപ്പരവഹ്നിനാ."

മുക്കാൽ കഴഞ്ചു ഈയ്യത്തിൽ കാൽപണത്തൂക്കം രസവും ചേർത്തു ഓട്ടിലിട്ടു ഇരുമ്പുചട്ടികംകൊണ്ടു ഇളക്കി ഒരു യാമം പാകംചെയ്താൽ അതു ആടചെളിപോലെയാകും. അപ്പോൾ വാങ്ങിവച്ചാൽ ആറുപോഴക്കം വെളുത്ത ഭസ്മവുമായിത്തീരും.

"പലാശദ്രവയുക്തേന
വംഗപത്രാണി ലേപയേൽ;

താലേന പുടിതം ഭസ്മ
ത്രിവാരം ജായതേ ധ്രുവം.”

വെള്ളത്തീയം അടിച്ചുനീട്ടി കനം കുറഞ്ഞ ചെറിയ തകിടാക്കി പ്ലാശിൻതൊലി കഷായംവച്ച് അരച്ച് അരിതാരം അതകിട്ടുകളിൽ പുരട്ടി പുടം വയ്ക്കുക. ഇങ്ങനെ മൂന്നു പുടം വച്ചാൽ ഈയ്യം ഭസ്മമാകുമെന്നും ചിലർ പറയുന്നു.

“ഭല്ലാതേ തൈലസംസിക്തം
വംഗം വസ്ത്രേണ വേഷ്ടിതം;
ചിഞ്ചാവിപ്പുലപാലാശ-
കാഷ്ഠാഗ്നൌ യാതി ഭസ്മതാം.”

ഈയം തകിടാക്കി അതിൽ ചേരെണ്ണ പുരട്ടി ഒരു ശീലയിൽ വച്ചു തിരിയാക്കി തെരച്ചുപുളിവിറകോ അരയാലിൻ വിറകോ പ്ലാശിൻ വിറകോ കത്തിച്ചു കനലിട്ടു കത്തിച്ചാൽ ശീല മുഴുവൻ കത്തിപ്പോകയും, ഈയ്യത്തകിട്ടു മലരിൻ മണിപൊലെ പ്രകാശിച്ചുകാണുകയും ചെയ്യും. അതെടുത്തു പൊടിച്ചാൽ പരിശുദ്ധഭസ്മമായിത്തീരുകയും ചെയ്യും.

ശാർങ്ഗധരസ്സു:—

“മൂൽപാത്രേ ദാവിതേ വംഗേ
ചഞ്ചാശതഥതാചോരജഃ,
ക്ഷിപ്ത്വാ ക്ഷിപ്ത്വാ ചതുർത്ഥാംശം
ലോഹദ്വയം വിചാലയേൽ;
തതോ ദ്വിയാമമാത്രേണ
വംഗം ഭസ്മം പ്രജായതേ;
അഥ ഭസ്മസമം താലം
ക്ഷിപ്ത്വാല്പേന പ്രമർദ്ദയേൽ;”
തതോ ഗജപുടേ പക്തവാ
പുനരല്പേന മർദ്ദയേൽ.
താലേന ദശമാംശേന
യാമമേകം തു താപുടേൽ;
ഏവം ദശപുടൈഃ പക്വം
വംഗം തു മൃതിയതേ ധ്രുവം.”

മണ്ണുകൊണ്ടുണ്ടാക്കിയ മൂശയിലാക്കി ഉലയിൽവച്ചുരുക്കിയ ഈയ്യത്തിൽ പുളിത്തൊലിയും പേരാലുംതൊലിയും പൊടിച്ചുപൊടി വംഗത്തിന്റെ നാലിൽ ഒരുഭാഗം ചേർത്തു ഇരുമ്പുചട്ടികൊണ്ടു രണ്ടുയാമം ഇടവിടാതെ ഇളക്കിക്കൊണ്ടിരുന്നാൽ ആ പൊടി മുഴുവൻ വംഗത്തിൽ ചേരുകയും അതു ഭസ്മമായിത്തീരുകയും ചെയ്യും. പിന്നെ മൂശവാങ്ങി ആറിയാൽ ആ ഭസ്മത്തിന്റെ തുക്കത്തോളം ശുദ്ധിചെയ്ത അരിതാരംചേർത്തു മാതളനാരങ്ങാനീരിൽ അരച്ചു യില്ലയാക്കി ശരാവത്തിൽവച്ചു ശീലമണ്ണംചെയ്തു ഗജപുടം ചെയ്തു എടുക്കുക. പിന്നെ ആ ഈയ്യത്തിന്റെ പത്തിലൊരുഭാഗം അരിതാരംചേർത്തു മാതളനാരങ്ങാരസത്തിൽ ഒരു യാമം അരച്ചു മുൻപ്രകാരം ഗജപുടം വയ്ക്കുക. ഇങ്ങനെ പത്തു പ്രാവശ്യം പുടംവച്ചാൽ ആ വംഗഭസ്മം പരിശുദ്ധമായിരിക്കും. ഇതിൽ ആദ്യത്തെ പുടത്തിനു വംഗത്തോടു സമവും പിന്നെ ഒൻപതു പുടത്തിനു ഭസ്മത്തിന്റെ പത്തിലൊന്നു താളകം ചേർക്കണമെന്നും ഗ്രഹിക്കണം.

“വംഗം തിക്തോഷ്ണകം രൂക്ഷ-
മീഷദ്വാതപ്രകോപനം;
മേഹശ്ലേഷ്മാമയഘ്നം ച
മേദോഘ്നം കൃമിനാശനം;
അശുദ്ധമമൃതം വംഗം
പ്രമേഹാദിഗദപ്രദം;
ഗുല്മപ്ലീഹോദരശ്ലാർശ്ശ-
കാസശ്വാസവമിപ്രദം.”

ഈ പറഞ്ഞവിധിപ്രകാരം ശോധനമാരണങ്ങൾ ചെയ്ത ഈയ്യം തിക്തരസവും ഉഷ്ണവീര്യവും രൂക്ഷവും വാതത്തെ അല്പമായി കോപിപ്പിക്കുന്നതുമായിരിക്കും. അതു ശീലി

ച്ചാൽ പ്രമേഹം, കഫകോപം, മേദോദോഷം, കൃമിരോഗം എന്നിതുകളും നശിക്കുകയും ചെയ്യും. ശോധനമാരണങ്ങളും ചെയ്യാത്തതായ വംഗം ശീലിച്ചാൽ മുൻപറഞ്ഞ പ്രമേഹശ്ലീപദരോഗാദിഭയങ്ങളും ഗുല്മൻ, പ്ലീഹരോഗം, ശൂലവേദന, മൂലക്കുരു, കുര, ശ്വാസംമുട്ടൽ, ഛർദ്ദി എന്നിതുകളേയും ഉണ്ടാക്കിത്തീർക്കയും ചെയ്യും.

കാരുപ്പ്.

ഗുരുപണ്യവർഗ്ഗത്തിൽചേർന്ന ലവണവർഗ്ഗമാകുന്നു. കഫം, വാതം, ശൂലം, ഗുല്മം, സ്രോതസ്സ് ഇതുകളുടെ തടവ് ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയേയും മുട്ടിനീറലിനേയും ഉണ്ടാക്കും.

കാർകോകിൽ.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഫലവർഗ്ഗമാകുന്നു. കഫം, രക്തദോഷം, കൃഷ്ണം, വായുമുട്ടൽ പിത്തം, വിഷ്ടംഭം പ്രമേഹം, ജ്വരം, കൃമി, ചൊറി, വിഷം ചിരങ്ങു് ഇവയെ ശമിപ്പിക്കും. വാതത്തേയും, ജാരാഗ്നിയേയും ഉണ്ടാക്കും. സന്തോഷത്തെ ഉണ്ടാക്കും. ബുദ്ധിയെ നന്നാക്കും. രുചിയേയും മൂലശോധനയേയും ഉണ്ടാക്കും. രസായനമായിരിക്കും. ത്രിദോഷശമനമെന്നു രാജവല്ലഭമതം. ഈ ഗുണം സാമാന്യേന എല്ലാ അംഗങ്ങൾക്കും വിശേഷാൽ പത്രത്തിനും ചേരുന്നതാകുന്നു. ഇതിന്റെ ബീജം—കൃഷ്ണം, കഫം, ഛർദ്ദി, വായുമുട്ടൽ, ചുമ, വീക്കം, ആമം പാണ്ഡു, വാതം, മേദസ്സ് ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. മൂടിക്കും, തോലിനും നന്നു്.

കാവതിക്കായ്ക്ക.

ഇതു് പ്രസഹ്യവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു എന്നാത്രേ. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു് കാക്കമാംസത്തോടൊത്തതാകുന്നു.

കാവിമണ്ണു്.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ഉപരസവേ്യമാകുന്നു. തീപൊള്ളിയ വ്രണം, ജ്വരം, കഫം, രക്തപിത്തം, മൂട്ടനീറൽ, നേത്രരോഗം, ഇക്കിൾ, വിഷം വ്രണം, വിസ്ഫോടം, മൂലക്കുരു ഇവയെ ശമിപ്പിക്കും. ബലത്തെ നന്നാക്കും.

കാവേരീനടി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ളം ചിരങ്ങു്, കൃഷ്ണം മുതലായവയെ ശമിപ്പിക്കും. ജാരാഗ്നിയെ വർദ്ധിപ്പിക്കും. ശ്രമത്തെ തീർക്കും. രുചിയെ ഉണ്ടാക്കും. ഓർമ്മയേയും ബുദ്ധിയേയും ചെയ്യും.

കാഷ്ടോരു.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഗുണങ്ങൾ ദേവതാരത്തിനു പറഞ്ഞതുതന്നെ. വിശേഷാൽ ഭൂതപീഡയെ ശമിപ്പിക്കും. അരച്ചുപൂശിയാൽ വ്യംഗരോഗത്തെ ശമിപ്പിക്കും.

കാഷ്ഠാഗരു.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. അരച്ചുതേച്ചാൽ രൂക്ഷമായിരിക്കും. കഫത്തെ ശമിപ്പിക്കും. സാമാന്യം അകിലിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

കാള.

ഇതു് പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണ മാംസമാകുന്നു. ഇതി

ന്റെ മാംസം ശുക്ലം, ബലം പിത്തം കഫം ഇവയെ വർദ്ധിപ്പിക്കും. വിഷ മജ്വരം, പീനസം വായുമുട്ടൽ മെലിവ്. അത്യഗ്നി ശുഷ്കകാസം, കേവലയാതം ശ്രമം, ഇവയെ ശമിപ്പിക്കും. ഹൃത്തിനെ പെരിപ്പിക്കും മേഹത്തെ തടിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. അപഥ്യമായിരിക്കും.

കാളാഞ്ജനി.

ഇത് പൃഥക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ആമദോഷത്തെയും കൃമിയേയും പുഴുക്കളെയും. ബഹുഗുദം ജംരരോഗം ഇവയെ ശമിപ്പിക്കും.

കിണ്വം.

ഇത് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ദേശഭേദം മുതലായവകൊണ്ട് ചില കിണ്വാരിലെ വെള്ളം മധുരരസമേറിയതും ചില കിണ്വാരിലെ വെള്ളം ക്ഷാരരസമേറിയതുമായിരിക്കും. മധുരരസമേറിയതും മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. പഥ്യമായിരിക്കും. ക്ഷാരരസമേറിയത് പിത്തത്തെയും, ജംരാഗ്നിയേയും ശമിപ്പിക്കും. വാതത്തെ ഏറെ വർദ്ധിപ്പിക്കയില്ല. കഫത്തെയും, വാതത്തെയും നശിപ്പിക്കുമെന്ന് രാജവല്ലഭമതം. കിണ്വാരിലെ വെള്ളം വസന്തഗ്രീഷ്മങ്ങളിൽ ഗുണമേറിയിരിക്കും.

കിണികിണിപ്പാല.

ഇത് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം, കൃമി, കുമി, പ്രമേഹം ഇവയെ ശമിപ്പിക്കും. വാതത്തെയും കുറഞ്ഞൊന്നു പിത്തത്തെയും വർദ്ധിപ്പിക്കും. ജീർണ്ണവർദ്ധിയെച്ചെയ്യും. ഹൃദയപ്രസാദത്തെ വരുത്തും. ധാതുക്കളെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. മലമൂത്രങ്ങളുടെ തംവിനെത്തീക്കുമെന്നു പക്ഷം. വയറ-പ്പോടുകൂടി ദഹിക്കും. ഗർഭസന്താനത്തെ ചെയ്യും. രസത്തെ ബന്ധിക്കും. ശീതമെന്നു സുസിംഹമതം.

കിരാതചന്ദനം.

ഇത് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം പിത്തം, കഫം, ശ്രമം, വിസ്ഫോടം, ചൊറി, തണ്ണീർദാഹം, പൂട്, ബോധക്കേട്, ലൂതാവിഷം ഇവയെ ശമിപ്പിക്കും.

കിരിപ്പാത്തെണ്ണ.

ഇത് തൈലവർഗ്ഗത്തിൽചേർന്നതാകുന്നു. ഗുണങ്ങൾ കൊണ്ട് കുമ്പളവിത്തിന്റെ എണ്ണയോടു തുല്യമാകുന്നു.

കിലുകിലുപ്പ.

ഇത് പൃഥക്ഷുപവർഗ്ഗത്തിൽചേർന്ന വമനോപയോഗദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം ജ്വരം, അജീർണ്ണം ഇവയെ ശമിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും.

കിളികാരിച്ചെന്നല്ല്.

ഇത് ഭോജ്യവർഗ്ഗത്തിൽചേർന്ന ശാലിയാകുന്നു. സാമാന്യം ശാലിയുടെ ഗുണങ്ങളോടുകൂടിയതും ഇടുഴിഞ്ഞെന്നല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

കിളികൊള്ളിച്ചെന്നെല്ല്.

ഇത് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. സാമാന്യം ശാലിയുടെ ഗുണങ്ങളോടുകൂടിയതും നവഞ്ചെന്നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

കിഴക്കൻകാറ്റ്.

വാതാധികന്മാർക്ക് നന്നല്ല. കഫത്തെ ദ്രവിപ്പിക്കും. പിത്തത്തെയും

രക്തത്തേയും ദുഷിപ്പിക്കും. വിഷം, കൃമി, ആമവാതം, വായുമുട്ടൽ, സന്നിപാതം, ജ്വരം, തൃഗ്ദോഷം, അൎശ്ശസ്സ് ഇവയെ വർദ്ധിപ്പിക്കും. ശ്രമത്തെത്തീക്കും. തൽക്കാലം ആശ്വാസകരമെങ്കിലും മുറിവും ചതവും മുറവക്കും വ്രണമുള്ളവക്കും പഴപ്പു്, വീക്കം മുതലായവയെ ഉണ്ടാക്കും. അഗ്നിമാന്ദ്യത്തെ വരുത്തും. ശീതമെന്നു് ധാരീതമതം.

കിഴകാനെല്ലി.

ഇതു് ക്ഷുദ്രക്ഷുപവൎഗ്ഗത്തിൽ ചേൎന്ന കാസഘ്നദ്രവ്യമാകുന്നു. കഫം, രക്തം, ചുമ, തണ്ണീർദാഹം ക്ഷതം, പാണ്ഡു, ചൊറി ഇക്കിൾ, കൃമി. ചട്ടനീറൽ, പ്രമേഹം മൂത്രത്തടവു്, കൺപുകച്ചൽ ഇവയെ ശമിപ്പിക്കും. വാതത്തെ വൎദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

കീരി.

ഇതു് പ്രസഹവൎഗ്ഗത്തിൽചേൎന്നതാകുന്നു. ഇതിന്റെ മാംസം വായുമുട്ടൽ, വാതം, മെലിവു്, ചുമ, പഴകിയ അൎശ്ശസ്സു്, ഗ്രഹണി വിഷം ഇവയെ ശമിപ്പിക്കും. കഫം, പിത്തം, ബലം, ശുക്ലം, മാംസം ഇവയെ വൎദ്ധിപ്പിക്കും. മലമൂത്രങ്ങളെ ഒഴിക്കും. നേത്രരോഗവും ഗ്രഹ്യരോഗവും ഉള്ളവൎക്കു് നിത്യവും ഉപയോഗിക്കാം. പിച്ഛിലമായിരിക്കും.

കീരിവള്ളി.

ഇതു് വീരുദ്വൎഗ്ഗത്തിൽ ചേൎന്ന ജ്വരഘ്നദ്രവ്യമാകുന്നു. വാതം, പിത്തം, കഫം രക്തദോഷം, വ്രണം, കൃമി, കുഷ്ഠം അനാഹം, വീക്കം, മഹോദരം, ആമം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയേയും ബലത്തേയും വൎദ്ധിപ്പിക്കും. കൃമി കുട്ടികൾക്കു മംഗല്യപ്രദമായിരിക്കും. മലത്തെ ഇളക്കും. ഇലയുടെ നീരു്:—ജ്വരാതിസാരത്തെ ശമിപ്പിക്കും.

കീരിവള്ളിയുടെ എണ്ണ.

ഇതു് തൈലവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. മിക്കവാറും ചെറുപ്പുന്ന അരിയുടെ പിണ്ണാക്കിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ജ്വര വ്യാധിയെ ശമിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ജംഘാഗ്നിയെ വൎദ്ധിപ്പിക്കും. മൂന്നു ദോഷങ്ങളേയും നശിപ്പിക്കും.

കു

കുക്കുടപ്പക്ഷി.

ഇതു് വിഷ്കിരവൎഗ്ഗത്തിൽ ചേൎന്ന സാധാരണ മാംസമാകുന്നു. ഇതിന്റെ മാംസം മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വൎദ്ധിപ്പിക്കും. വാതമായിരിക്കും.

കുക്കുരവൃക്ഷം.

ഇതു് വൃക്ഷുപവൎഗ്ഗത്തിൽ ചേൎന്നആൎത്തവസംഗ്രാഹിദ്രവ്യമാകുന്നു. അതിസാരം, മൂട്ടനീറൽ, ജ്വരം, രക്തദോഷം, കഫം, പിത്തം ഇവയെ ശമിപ്പിക്കും.

കുങ്കുമം.

ഇതു് ഗന്ധവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. ശിരോരോഗം, കഫം, പിത്തം, വാതം, വ്യംഗം, വ്രണം, കൃമി, ഛർദ്ദി. അരുചി, ക്ഷയം, കണ്ണുരോഗം, ചുമ, വിഷം, ഇക്കിൾ, മേഹമെന്നിവറ്റുടെയും വിശേഷാൽ സൂത്രാവൎത്തത്തേയും ശമിപ്പിക്കും. നിറത്തെ നന്നാക്കും. ബലത്തെ വൎദ്ധിപ്പിക്കു

സന്തോഷത്തെ വരുത്തുന്നു. വ്രണത്തെ വെടിപ്പാക്കും. ഭേദിയായും ഇരിക്കും.

കുഞ്ഞിശമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ബലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കുന്നു. വാതത്തെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

കുടകപ്പാല.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ജ്വരം, അതിസാരം, കൃമി, പിത്തം, രക്തദോഷം, അർശ്ശസ്സു്, കുഷ്ഠം, തൃഗ്ദോഷം, കൃമി, ആമദോഷം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഉഷ്ണവീര്യമെന്നു സുസിംഹമതം. ഇതിന്റെ പൂവു് —പിത്തം, അതിസാരം, കുഷ്ഠം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും.

കുടകപ്പാലയരി.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. സർവ്വാംഗസന്താപം, രക്തദോഷം, അതിസാരം, പല പ്രകാരേണയുള്ള ജ്വരാ, പ്രമാഹിക, രക്താർശ്ശസ്സു്, രക്തവാതം, കൃമി, വിസൂചിപ്പു്, കുഷ്ഠം, ഗുൽമം, ശൂലം, രക്താതിസാരം, വാതം, പിത്തം, കഫം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ശീതവീര്യമെന്നും കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നും സുസിംഹാഭിപ്രായം.

കുടപ്പന.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫത്തെയും കൃമിയെയും വാതത്തെയും വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും

കുടപ്പായൽ.

ഇതു് ആരണ്യവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. വ്രണം, ത്രിദോഷം, മൂർവ്വിൽനിന്നുംമറും സ്രവിക്കുന്ന രക്തം, വീക്കം, ജ്വരം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കി പുറത്തുകളയും.

കുടമുല്ല.

ഇതു് ഉത്തമസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. നേത്രരോഗം, മുഖരോഗം, വ്രണം ഇവയെ ശമിപ്പിക്കും. വല്ലിമുല്ലയേക്കാൾ ഗന്ധമേറിയിരിക്കും.

കുടുമച്ചാത്തൻ.

ഇതു് പുത്തുവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം മിക്കവാറും ഗുണങ്ങൾകൊണ്ടു് കുരികിൽമാംസത്തോടൊത്തതാകുന്നു

കുടുംബിനി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന കൃമിഘ്നദ്രവ്യമാകുന്നു. രക്തദോഷം, പിത്തം കഫം, വ്രണം, ചൊറി. കൃമി പ്രമേഹം, കുഷ്ഠം, ജ്വരം, വായുമുട്ടൽ, ചുമ. അരുചി ഇവയെ ശമിപ്പിക്കും. ജ്വാഗ്നിയെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. രസായനത്തിങ്കൽ നല്ലതു്.

കുതള

ഇതു് പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നുപക്ഷം. ഇതിന്റെ മാംസം — ക്ഷയം, ക്ഷതം, വാതം അർശ്ശസ്സു്, നേത്രരോഗം, ഗ്രഹണി. ഗുഹ്യരോഗം ഇവയെ ശമിപ്പിക്കും. ആയു

സ്സിനേയും ബലത്തേയും, ജംരാഗ്നി യേയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. മെലിഞ്ഞവയ്ക്ക് ഏറ്റവും നല്ലതു്. ഗുരു എന്നു് സുശ്രുത മതം.

കുതിര.

ഇതു് പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നംപക്ഷം. ഇതിന്റെ മാംസം:— നേത്രരോഗത്തേയും വാതത്തേയും ശമിപ്പിക്കും കഫപിത്തം, ശുക്ലം ബലം. അഗ്നി ഇവയെ വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. പുഷ്ടിയെച്ചെയ്യും.

കുതിരത്തെരു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. വിശേഷാൽ കഫത്തെ നശിപ്പിക്കും. കണ്ണിനു നന്നല്ല മൂത്രത്തെ കൂടുക്കും.

കുതിരനെയ്യു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. മൂർച്ഛ, വിഷം. വിശേഷാൽ കഫം, നേത്രരോഗം മുട്ടുനീര് ഇവയെ ശമിപ്പിക്കും. കുറഞ്ഞൊന്നു ധാതുക്കളേയും, അഗ്നിയേയും വാതത്തേയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. മൂത്രത്തെ തടുക്കും.

കുതിരപ്പാലു്.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, ശാഖാവാതം, മെലിവു് ഇവയെ ശമിപ്പിക്കും. ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. നിറത്തെ നന്നാക്കും. ജാഡ്യത്തെച്ചെയ്യും.

"ആശ്വമുഷ്ണം പയോ രൂക്ഷം
ബലൃം ശ്വാസാനിലാപഹം;
അമ്ലം പടു ലഘു സ്വാദു
സർവ്വമൈകശഫം തഥാ."

ഒറ്റക്കുളമ്പായ ജീവികളിൽവെച്ചു് കുതിരയുടെ പാൽ ഉഷ്ണവീര്യവും ബലവർദ്ധനവും ശ്വാസരോഗത്തെയും വാതരോഗത്തെയുംനശിപ്പിക്കുന്നതും അമ്ലലവണരസങ്ങളോടുകൂടിയതും ലഘുവും മധുരരസമുള്ളതുമാകുന്നു.

കുതിരമൂത്രം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പുരുഷന്റെ മൂത്രം നല്ലതു്. ക്ഷാരപാകത്തിങ്കൽ ശ്രേഷ്ഠം പിത്തത്തെയും ജംരാഗ്നിയെയും വർദ്ധിപ്പിക്കും മലത്തെ ഇളക്കും. ഛർദ്ദി, ശ്വിത്രം, ഉന്മാദം, ചിരങ്ങു്. വ്രണം, കൃമി, കഫം, കൃഷ്ണം, വിഷം, വാതം ഇതുകളെ ശമിപ്പിക്കും.

"ദീപനം കടുതീക്ഷ്ണോഷ്ണം
വാതരോഗവികാരനുൽ;
ആശ്വം കഫഹരം രൂക്ഷം
കൃമിദുഷ്ടവിനാശനം"

അശ്വമൂത്രംജംരാഗ്നിക്കു പാചനശക്തിയുണ്ടാക്കുന്നതും കടുരസവും തീക്ഷ്ണവും ഉഷ്ണവീര്യവും വാതരോഗം നിമിത്തമുള്ള വികാരങ്ങളെ നശിപ്പിക്കുന്നതും കഫഹരവും രൂക്ഷവും കൃമിരോഗത്തെയും ദുഷ്കൃഷ്ടത്തെയും നശിപ്പിക്കുന്നതുമാകുന്നു.

കുതിരവാലി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. അഗ്നിയെ ഏറ്റവും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും.

കുന്തുരുക്കം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. പാനത്തിങ്കലും ലേപന

ത്തിക്കലും ശീതമായിരിക്കും. പുക യ്ക്കുന്നതിനും തൈലമുണ്ടാക്കുന്നതി നും നല്ലതു്. നിറത്തെ നന്നാക്കും. യുകം, വ്രണം, മുട്ടുനീർ, പ്രദരം, മുഖരോഗം, അലക്ഷ്മി, രാക്ഷസ പീഡ, ഗ്രഹപീഡ, സ്വേദം, ജ്വരം, കഫം, വാതം ഇവയെ ശമിപ്പിക്കും.

കന്ദരം.

ഇതു അരുന്ധുകവൃക്ഷത്തിൽ ചേർന്ന താകുന്നു. പിത്തത്തെയും അതിസാ രത്തെയും ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. പുഷ്ടിയെ വരുത്തും. പശുക്കൾക്കു ഏറ്റവും നല്ലതാകു ന്നു. ഇല നീളവും പരപ്പുള്ളതും ധാന്യാദികൾ വിളയുന്ന നിലത്തി ലുണ്ടാകുന്നതുമായ ഒരുതരം പുല്ലാ കുന്നു.

കുമിഴിൻകായെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാ കുന്ന പിത്തത്തെയും, കഫത്തെയും ശമിപ്പിക്കും.

കുമിഴ്.

ഇതു വന്യസുക്ഷവർഗ്ഗത്തിൽ ചേ ർന്ന കഫഘ്നദ്രവ്യമാകുന്നു. ഫലവർഗ്ഗ ത്തിൽ ചേർന്നതെന്നും ദ്രവ്യത്തെ ക്കാൾ അല്പാന്തരഗുണമെന്നും ചില, കുമിഴ്. വാതം, കഫം, പിത്തം ക്ഷയം, വീക്കം, തണ്ണീർദാഹം, ഭ്രമം, ശ്രമം, വാതരോഗം, ആമശൂ ലം, മുട്ടുനീർ, അർശ്സ്, ശുക്രദോ ഷം. വിഷം, ജ്വരം, രക്തദോഷം ഇതുകളേയും വിശേഷാൽ കഫത്തേ യും ശമിപ്പിക്കും. അഗ്നിയെ വർദ്ധി പ്പിക്കും മലത്തെ ഇളക്കും, ബുദ്ധി യെ നന്നാക്കും. ശ്രേമൂലത്തിൽ ചേരു ന്നതെന്നു മദനപാലമതം. പഴുത്ത കായ്: കഫത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പി ക്കും. ബുദ്ധിയേയും മുടിയേയും നന്നാക്കും. രസായനമായിരിക്കും. വാതം, പിത്തം, രക്തപിത്തം, ത ണ്ണീർദാഹം, ക്ഷയം, മൂത്രത്തടവു്, വാരരക്തം, മലബന്ധം, ദാഹം, കൃതം ഇവയെ ശമിപ്പിക്കും. രക്ത സംഗ്രഹണീയ രക്തപിത്തപ്രശമന ങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സദഗ്ര ഹം. പൂവുവാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രക്തപിത്ത ത്തെയും അസൃഗ്ദരത്തെയും ശമിപ്പി ക്കും.

കയിൽ.

ഇതു പ്രതുദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—പിത്തം കഫം, നേത്ര രോഗം, ചൂട, രാജയക്ഷ്മാവു് ഇവ യെ ശമിപ്പിക്കും. കറഞ്ഞോന്ന വാതത്തെയും ജംഘാഗ്നിയേയും വർദ്ധി പ്പിക്കും. മലത്തെ പിടിപ്പിക്കും. മൂത്ര ത്തെ കുറയ്ക്കും.

കയിൽപ്പേട.

ഇതു പ്രതുദവർഗ്ഗത്തിൽചേർന്ന ജാം ഗലമാ സമാകുന്നു. ഇതിന്റെമാംസം ഗുണങ്ങൾകൊണ്ടു കയിൽമാംസ ത്തോടൊത്തതാകുന്നു വിശേഷാൽ പൂവിനേക്കാൾ അല്പം കനമുള്ളതാ യിരിക്കും.

കയ്യംപ.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. അഗത്തിയു ടെ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ വിഷത്തെ ശമിപ്പി ക്കും. വിദാഹിയായിരിക്കും. ഇതു ചുണ്ടപോലെ ഇലയും മുള്ളുമുള്ളതാ കുന്നു. ഇതിന്റെ പൂവു വളരെ ചുവ ന്നതും ചായത്തിൻ ഉപയോഗപ്പെ ടുത്തുന്നതുമാകുന്നു. ഇതിന്റെ ബീജ ത്തിൽനിന്നു എണ്ണ എടുത്തുവരുന്നു.

കയ്യംപിൻശാകം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. മലത്തിനെയവുവരുത്തും. വിഷ്ടംഭിയായിരിക്കും. ലഘു എന്നു മദനപാലമതം.

കയ്യംപെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ത്രിദോഷത്തെ കോപിപ്പിക്കുമെന്നു സുസിംഹമതം. കേവലവാതത്തെ ശമിപ്പിക്കും. കഫത്തെയും പിത്തത്തെയും ബലത്തെയും വർദ്ധിപ്പിക്കും. രക്തത്തെ ദൂഷിപ്പിക്കും. മലത്തെത്തടുക്കും. കണ്ണിനു നല്ലതല്ല. ത്രിദോഷത്തെയും വിദാഹത്തെയും ഉണ്ടാക്കും.

കരങ്കു.

ഇതു ക്ഷുദ്രധാന്യവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. പണ്ണഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാസം കഫത്തെയും, ശുക്രത്തെയും പിത്തത്തെയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. നേത്രരോഗം, ചുമ, ക്ഷയം, കൃമി, പാണ്ഡു, അർശ്ശസ്സ്, വായുമുട്ടൽ, വാതം ഇവയെ ശമിപ്പിക്കും.

കരാൽനെല്ലു.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. നവരയോടടുത്ത ഗുണമുള്ളതും നുമ്പാണ്ടിനെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

കരാൽമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—മാംസത്തെയും ബലത്തെയും കുറഞ്ഞൊന്നു കഫത്തെയും വർദ്ധിപ്പിക്കും. ദോഷത്തെത്തടിപ്പിക്കും. മലത്തെപ്പിടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. വാതത്തെയും പിത്തത്തെയും ശമിപ്പിക്കും. ഗുരുവെന്നു ഭാവപ്രകാശം ഹരിണമാംസത്തിന്റെ ഗുണങ്ങളോടുകൂടിയതെന്നുപക്ഷം. ഇതിന്റെ കണ്ണകഠം വളരെ ഭംഗിയുള്ളതാകുന്നു.

കരികിൽ.

ഇതു പ്ലവദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ത്രിദോഷത്തെയും വിശേഷാൽ വാതത്തെയും ശമിപ്പിക്കും. ശുക്രത്തെയും ബലത്തെയും വർദ്ധിപ്പിക്കും. വായുവായിയായിരിക്കും. വിഷമേററവുക്കു് ഏററവും നല്ലതു്. കഫത്തെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. ഈ പക്ഷി വലുതും ചെറുതും കാട്ടിൽസഞ്ചരിക്കുന്നതും നാട്ടിൽ സഞ്ചരിക്കുന്നതും കറുത്തതും മഞ്ഞനിറമുള്ളതും തലചുവന്നതും ഇങ്ങനെ പലതരമുണ്ടു്.

കരുകിൽപ്പേട.

ഇതിന്റെ മാംസം മിക്കവാറും ഗുണങ്ങൾകൊണ്ടു് കരികിൽമാംസത്തോടൊത്തതാകുന്നു. വിശേഷാൽ കുറഞ്ഞൊന്നു ഗുരുവായിരിക്കും.

കരീധാന്യം.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. കഫരക്തങ്ങൾ ഏറെ നല്ലതു്.

കരുകരുപക്ഷി.

ഇതു വിഷ്കിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിനെയും

ബലത്തേയും വർദ്ധിപ്പിക്കും. ത്രിദോഷങ്ങളെ ശമിപ്പിക്കും. പഥ്യമായിരിക്കും.

കുരുക്കുത്തിമുല്ല.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പൂവു്:—കഫം, പിത്തം, രക്തദോഷം, വീക്കം, വിഷം, ശിരോരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തിനെയുവർത്തും. മുടിയെ നന്നാക്കും. ഇതിന്റെ പൂവു് വളരെ വെളുത്തതും വൃത്തമായിട്ടുള്ളതുമാകുന്നു.

കുരുട്ടുപാവൽ.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പാവലിന്റെയുടെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം. ഉഷ്ണവീര്യമെന്നു സുസിംഹമതം. വിശേഷാൽ അഗ്നിയെ വർദ്ധിപ്പിക്കും. പിത്തത്തേയും വിശേഷാൽ കഫത്തേയും, കൃമി, രക്തം, കുഷ്ഠം, അരുചി ഇവയേയും ശമിപ്പിക്കും.

കുരുട്ടുപ്രാവു്.

ഇതു് പ്രാവുവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ത്രിദോഷങ്ങളെ വർദ്ധിപ്പിക്കും. പാണ്ഡുവർണ്ണമായിട്ടും അരുണവർണ്ണമായിട്ടും രണ്ടുതരമുണ്ടു്. ഇതു കാട്ടിൽ സഞ്ചരിക്കുന്നതാകുന്നു.

കുരുട്ടുമാങ്ങായെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കുരുട്ടുമാങ്ങായെണ്ണ അതിന്റെ ബീജത്തിൽനിന്നു എടുക്കുന്ന എണ്ണയാകുന്നു. ദുഷ്ടവ്രണങ്ങളെ പെടിപ്പാക്കും. മലശോധനയെച്ചെയ്യും. കൃമി, കുഷ്ഠം, കഫം, വാതം ഇവയെ ശമിപ്പിക്കും.

കുരുട്ടുമാവു്.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കുരുട്ടുമാവെന്നാൽ കാടുമാങ്ങായുള്ള മാവാകുന്നു. ഇതിനെറ പച്ചക്കായു്:—കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. ഉപ്പിനോടുചേർന്നു രുചിയെ ഉണ്ടാക്കും. വിദാഹിയായിരിക്കും. മലത്തെ പിടിപ്പിക്കും. വാതത്തെ ശമിപ്പിക്കും. പഴുത്തകായു്:—ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. വാതത്തേയും കഫത്തേയും ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. രുചിയെ ഉണ്ടാക്കും. സ്നിഗ്ധമെന്നും പക്ഷം. ഇതിന്റെ മജ്ജ:— മധുരരസമുള്ളതും വാതത്തേയും പിത്തത്തേയും ശമിപ്പിക്കുന്നതും ജംരാഗ്നി, ബലം ഇതുകളെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഇതിന്റെ കായു് പാലിനോടൊരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

കുരുട്ടുവെള്ളരി.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതിന്റെ ഇളയകായു്:—വാതത്തെ വർദ്ധിപ്പിക്കും. കഫപിത്തങ്ങളെ ശമിപ്പിക്കും. അശ്മരിയെ ഇല്ലാതാക്കും. മൂത്രത്തെ പെരുപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ഇതുതന്നെ ഉണങ്ങിയാൽ കഫത്തെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂത്തകായു്:—എരിയും പുളിയും ഉള്ളതാകുന്നു. കഫത്തെ വർദ്ധിപ്പിക്കും. പഴുത്തകായു്:—മധുരവും പുളിയുമുള്ളതും വിദാഹത്തെ ഉണ്ടാക്കുന്നതുമാകുന്നു.

കുരുപ്പുരുത്തി.

ഇതു് വൃക്ഷവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. തണ്ണീർദാഹം, കഫം, പിത്തം, പുണ്ണു്

റൽ, അരതി, ശ്രമം, മൂർഛ, മുഴൽജ്വ രഭയേ ശമിപ്പിക്കും. ഇതിന്റെ വിത്ത്:—ഛർദ്ദിയേയും വാതത്തേയും ശമിപ്പിക്കും. മൂലപ്പാലിനേയും, ശുക്ലത്തേയും, ബലത്തേയും, കുറഞ്ഞാന്ന കഫത്തേയും വർദ്ധിപ്പിക്കും. ഇല:—ചെവിയിലെ കൃമികളേയും, മൂളിച്ചയേയും, ചലം ഒലിക്കുന്നതിനേയും, വാതത്തേയും ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. രക്തദോഷത്തെ ഉണ്ടാക്കും.

കുരുവിക്കരുമ്പിൽ നിന്നെടുക്കുന്ന പഞ്ചസാര.

ഇത് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, പിത്തം ഇവയെ ശമിപ്പിക്കും. മറുള്ള ഗുണങ്ങൾ സാമാന്യം പഞ്ചസാരയ്ക്കു പറഞ്ഞവതന്നെ.

കുരുവിക്കരുമ്പ്.

ഇത് ആരണ്യകവർഗ്ഗത്തിൽചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. പിത്തം, വാതം, രക്തദോഷം, മൂത്രകൃച്ഛ്രം, കല്ലടപ്പ്, ചുട്ടനീറൽ, ക്ഷയം, മെലിവ്, ശ്രമം, തണ്ണീർടാഹം, ആമദോഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തിനയവുവരുത്തും. രുചിയെ ഉണ്ടാക്കും. തടിപ്പുണമായിരിക്കും.

കുലത്ഥാഞ്ജനം.

ഇത് രസായനവർഗ്ഗത്തിൽചേർന്നതാകുന്നു. സ്ഥാവരവിഷം; ജംഗമവിഷം. വിസ്ഫോടം, വ്രണം, ചൊറി, നേത്രരോഗം, പ്രലാപം ഇവയെ ശമിപ്പിക്കും.

കുളം.

ഇതിലെ വെള്ളം രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം:—ക്ഷാരരസമുള്ളതും, മധുരരസമുള്ളതും ഇങ്ങനെ രണ്ടുതരമുണ്ട്. മധുരരസമുള്ളത്:—വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. ക്ഷാരരസമുള്ളത്:—കഫപിത്തങ്ങളെ ശമിപ്പിക്കും പിത്തത്തെ വർദ്ധിപ്പിക്കും. ഏതിരഭിപ്രായക്കാരുണ്ടെന്നു സുശ്രുതമതം. ഗ്രന്ഥാന്തരമതം.

കുളക്കോഴി.

ഇത് ജലവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അനൂപമാംസമെന്നുപക്ഷം. ഇതിന്റെ മാംസം:—പിത്തം, വാതം, രക്തദോഷം ഇവയെ ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം.

കുറാശാണി.

ഇത് പണ്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. കോഷ്ഠശൂലം, കഫം, വാതം, മഹോദരം, ഛർദ്ദി, ഗുല്മം, ആനാഹം, പ്ലീഹ, കൃമി, അർശ്സ്, ഉന്തരോഗം, ശുക്ലദോഷം ഇവയെ ശമിപ്പിക്കും. പിത്തത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഹൃദ്യമായിരിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു നന്നല്ല.

കുറിയാട്ട്.

ഇത് ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം കുറഞ്ഞാന്ന വാതത്തെ ശമിപ്പിക്കും. പിത്തകഫങ്ങളേയും ബലത്തേയും വർദ്ധിപ്പിക്കും. സ്രോതസ്സുകൾക്ക് ക്ലേദത്തെ വരുത്തും. ഏറാവും പുഷ്ടിയെച്ചെയ്യും. ദുർജ്ജ

രമായിരിക്കും. ആട്ടിൻമാംസത്തെക്കാൾ ഗുണം കുറഞ്ഞതാകുന്നു.

കുറിയാട്ടിൻതെരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. അൎശ്സ്സിനെ വലിപ്പിക്കും. വിശേഷാൽ കഫത്തെയും വാതത്തെയും കോപിപ്പിക്കും. കഫം, മേദസ്സു് മുതലായവയെ ദ്രവിപ്പിക്കും. ദോഹളമായിരിക്കും. രക്തപിത്തം, ഗുല്മം, കൃഷ്ണം, അൎശ്സ്സു് ഈ രോഗങ്ങളിൽ ഏറ്റവും വിശേഷമെന്നു ഹാരീതമതം. പിത്തകഫങ്ങളെ വർദ്ധിപ്പിക്കുകയും വാതത്തെ ശമിപ്പിക്കുമെന്നു ഹാരീതമതവും സുശ്രുതമതവും കാണുന്നു.

കുറിയാട്ടിൻനെയ്യു്.

ഇതു പേയവർഗ്ഗത്തിൽചേർന്നതാകുന്നു. വിശേഷാൽ വാതം, അശ്മരി, വീക്കം, മെലിവു്, യോനിദോഷം. വിഷം, വിരയൽ, കഫം ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കയില്ല. അസ്ഥികളെ വർദ്ധിപ്പിക്കും. അഗ്നിദ്യുതിയെ വർദ്ധിപ്പിക്കും. അഹൃദ്യങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നു സാഗ്രഹം. കണ്ണിനു നല്ലതു്.

കുറിയാട്ടിൻപാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫപിത്തങ്ങളേയും ധാതുക്കളേയും വർദ്ധിപ്പിക്കും. വായുമുട്ടൽ, ഇക്കിൾ, രക്തദോഷം ഇവയെ ഉണ്ടാക്കും. മുടിയെ നന്നാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കയും ചെയ്യും. അശ്മരിയേയും വാതാധികമായിരിക്കുന്ന ചുമയേയും ശമിപ്പിക്കും. കേവലവാതത്തിങ്കൽ ഹിതമായും അഹിതമായും ഇരിക്കും. രോമങ്ങളെ ജനിപ്പിക്കും. വാതശോണിതത്തിങ്കൽ ധാരചെയ്യുന്നതിനു നന്നു്.

കുറിയാട്ടിൻമൂത്രം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, വീക്കം, പ്രമേഹം, അൎശ്സ്സു്, മലബന്ധം, മഹോദരം, ശൂലം, വിഷം, ചുമ, വായുമുട്ടൽ, പ്ലീഹ ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കുകയില്ല.

കുറുകനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും.

കുറുക്കൻ.

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം മിക്കവാറും ഗുണങ്ങൾകൊണ്ടു സിംഹമാംസത്തോടൊത്തതാകുന്നു.

കുറുഞ്ഞി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പത്രശാകങ്ങളിൽ ചേർന്നതെന്നു സുശ്രുതമതം. ഇതു് വെളുപ്പും മഞ്ഞളിപ്പും പൂപൂപ്പുമതായി മറ്റും പലതരം കാണുന്നു. ചുട്ടനീറൽ, ജ്വരം, പിത്തം, മുഖപാകം, തണ്ണീർദാഹം, ഛർദ്ദി ഇവയെശമിപ്പിക്കും. ഇതിന്റെ ഇല:— കഫം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും.

കുറുന്തോട്ടി.

ഇതു പൃഷ്ഠ്യവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. ഇതു സംഗ്രഹണീയബല്യവാതഹരങ്ങളിൽ വെച്ചു ശ്രേഷ്ഠം. വാതം, പിത്തം, വാതരക്തം, ക്ഷതം, വായുമുട്ടൽ, ചുമ,

രക്തദോഷം ഇവയെ ശമിപ്പിക്കും. കഫത്തെ ശോഷിപ്പിക്കും. ശുക്ലത്തെയും, ബലത്തെയും, ഓജസ്സിനെയും വർദ്ധിപ്പിക്കും. രുചിയെ വരുത്തും. ദോഷത്തെ തടിപ്പിക്കും. മലത്തെ പിടിപ്പിക്കും. നിറത്തെ നന്നാക്കും.

കൂമുഴി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വെളുത്തും മഞ്ഞളിച്ചും നീലമായും കറുത്തും ഉള്ള പൂക്കളോടുകൂടി ഇതു നാലുതരമുണ്ടു്. അതിൽ മഞ്ഞക്കൂമുഴി കാഴ്ചയ്ക്കു മനോഹരവും സൌഭാഗ്യമേറിയതുമാകുന്നു. നാലിനും സാമാന്യേന കയ്പുരസം ഉണ്ടെന്നു പക്ഷം. ഹൃദ്യപ്രസാദത്തെ വരുത്തും. സുഗന്ധിയായിരിക്കും ബലത്തെ പിടിപ്പിക്കും. വാതത്തെയും കഫത്തെയും വർദ്ധിപ്പിക്കും. പലതരമുള്ള രക്തദോഷം, തണ്ണീർദാഹം, ചുട്ടനീറൽ, വിഷം, അശ്മരി, ശിരോരോഗം, നേത്രരോഗം, നവജ്വരം, ദന്തരോഗം, മുഖരോഗം, രക്തദോഷം, പിത്തം ഇവയെ ശമിപ്പിക്കും.

ക്ര

ക്രൂണ്.

ഇതു ശാകവർഗ്ഗത്തിൽചേർന്ന സംസ്പർജ്ജദ്രവ്യമാകുന്നു. ത്രിദോഷത്തെ വർദ്ധിപ്പിക്കും. അതിസാരം, ഛർദ്ദി, ജ്വരം കഫാധികമായിരിക്കുന്ന രോഗം ബലം ഇവയെ ഉണ്ടാക്കും. മലത്തിനു അയവുവരുത്തും. പിച്ഛിലമായിരിക്കും. സുശ്രുതത്തിൽ പ്രത്യേകം ഗുണം പറയുന്നു. എങ്ങനെയെന്നാൽ വയ്യാലിൽനിന്നു ഉണ്ടാകുന്നതു് ദോഷങ്ങളെ ശമിപ്പിക്കും. കരിമ്പിൽനിന്നു് ഉണ്ടാകുന്നതു ദോഷങ്ങളുമല്ല. ഉണങ്ങിയ ചാണകത്തിൽനിന്നു ഉണ്ടാകുന്നതും മുളയിൽനിന്നു ഉണ്ടാകുന്നതും വാതത്തെ കോപിപ്പിക്കും. ഭൂമിയിൽനിന്നും ഉണ്ടാകുന്നതു കറഞ്ഞതാനും വാതത്തെ വർദ്ധിപ്പിക്കും.

കുന്തൽമീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. ഇതു സാമുദ്രമത്സ്യമാകുന്നു. ഇതു രണ്ടുതരമുണ്ടു്.

കൂവന്തൂ്.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഉള്ളുവീയ്യുകാരുന്ന ധന്വന്തരിമതം. വാതം, പിത്തം, രക്തദോഷം, തണ്ണീർദാഹം, ചുമ, ജ്വരം, വായുമുട്ടൽ, ക്ഷയം, കാമല, കൃഷ്ണം, വ്രണം, പാണ്ഡു, സർവ്വാംഗസന്താപം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും. വാഴത്തണ്ടിനെയുടെ ഗുണമുള്ളതായും കൃത്രിമമായും വേറെ ഒരു വസ്തു ഉണ്ടു്. ഒരു പാലിൽനിന്നും യവത്തിൽനിന്നും എടുക്കുന്നു. അതുകളിൽവെച്ചു പാലിൽനിന്നെടുക്കുന്നതു ഗുണോത്കൃഷ്ടമാകുന്നു. ഇതു രണ്ടും കിട്ടാതെവന്നാൽ കോതമ്പു, നവരയരി, കടുക്കാതൊ, കാട്ടുപഞ്ഞിവിന്റെ പാലു ഇതുകളിൽനിന്നു എടുക്കാം. ഇതുകളിൽവെച്ചു കാട്ടുപഞ്ഞിവിൻപാലിൽനിന്നു എടുക്കുന്നതു ശ്രേഷ്ഠമാകുന്നു. വേറെ കൂവക്കിഴങ്ങു, വൻകൊട്ടക്കിഴങ്ങു മുതലായവയിൽനിന്നും എടുക്കാം. ഇങ്ങനെ പല വസ്തുക്കളിൽനിന്നും എടുക്കാ

മെന്നിരിക്കിലും അവ മിക്കതും ദുർല്ലഭങ്ങളും എടുത്താൽതന്നെയും തൽക്കാലം ഉപയോഗിക്കാമെന്നല്ലാതെ പഴകിയാൽ ദുഷിച്ചുപോകുന്നതുമാകയാൽ അതിനെ സാധാരണയായി ഉപയോഗിപ്പാൻ തരമില്ലാതെ വരുന്നു. കൂവക്കിഴങ്ങു ഈ ദേശത്തു വളരെ ഉണ്ടാകുന്നതും സുലഭങ്ങളും അതിൽനിന്നു എടുക്കുന്ന നവകഷീരം പഴകിയാൽ ദുഷിക്കാത്തതും ഗ്രണോൽകൃഷ്ടവും വംഗരോചനയോടു സമാനഗുണവും ആകയാൽ അതിനെ തന്നെ സാധാരണ എടുത്തുവരുന്നു.

കൂവളം.

ഇതു ഫലവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം, ഛർദ്ദി, വാതം, വായുമുട്ടൽ, ക്ഷയം, ഇക്കിൾ, ചുമ, ശൂലം, അതിസാരം, ജ്വരം ഇവയെ ശമിപ്പിക്കും. അഗ്നിയേയും കുറഞ്ഞൊന്നു പിത്തത്തെയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ത്രിദോഷങ്ങളെ ശമിപ്പിക്കുമെന്നു പക്ഷം. രക്തപിത്തശമനമെന്നു രാജവല്ലഭമതം. ഇളയകായ്:—ഗ്രാഹണി, ശൂലം, വാതം, ആമദോഷം, കഫം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. വേരിനെക്കാൾ ഗ്രാഹിയാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. സംഗ്രഹണീയദീപനീയ വാതകഫ പ്രശമനങ്ങളിൽവെച്ചു ശ്രേഷ്ഠമെന്ന സംഗ്രഹം. മൂത്ത കായ്:—വിശേഷാൽ പിത്തത്തെ വർദ്ധിപ്പിക്കും. പഴുത്ത കായ്:—സുഗന്ധിയായിരിക്കും. ത്രിദോഷങ്ങളെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. അഗ്നിയെ മന്ദീപ്പിക്കും. ജ്വരത്തെ വർദ്ധിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. അപാനവായുവിനെ ദുർഗ്ഗന്ധിയായി പുറപ്പെടുവിക്കും വിദാഹിയായും, ദുർജ്ജരമായും ഇരിക്കും. ഇല:—വാതം, കഫം, ആമശൂലം ഇവയെ ശമിപ്പിക്കും, രുചിയെ ഉണ്ടാക്കും. ഗ്രാഹിയായിരിക്കും. ഇതിന്റെ പൂവ്:—അതിസാരം, തണ്ണീർദാഹം, ഛർദ്ദി ഇവയെ ശമിപ്പിക്കും. ഇതിന്റെ വിത്തിൽനിന്നെടുക്കുന്ന തൈലം ഉഷ്ണമായും ഏറാവും വാതത്തെ ശമിപ്പിക്കുന്നതുമായിരിക്കും. പച്ച തന്നെയും ഇളയതുണങ്ങിയാൽ ഏറെ നല്ലതു്.

കൃ

കൃതമാലമൃഗം.

ഇതു് മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു ഇതിന്റെ മാംസം സാമാന്യം മാനിന്റെ മാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

കൃമിശംഖ്.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അന്തുപമാംസമെന്നും പക്ഷം. ഇതിന്റെ അസ്ഥിയും മാംസവും ഗുണങ്ങൾകൊണ്ടു ശംഖത്തോടൊത്തതാകുന്നു. ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നതെന്നു് നൃസിംഹമതം.

കൃമിരത്നം.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു മിക്കവാറും കുറാശാണിക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതും വിശേഷാൽ കൃമിയെ നശിപ്പിക്കുന്നതുമാകുന്നു.

കൃഷ്ണമൃഗം.

ഇതു് മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ജംഘാല വർഗ്ഗ

ത്തിൽചേന്ന ജാംഗലമാംസമെന്നും പക്ഷം. ഇതു് മാംസവർഗ്ഗങ്ങളിൽ പ്രധാനമാകുന്നു. ഇതിന്റെ മാംസം ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും. ഹൃദയപ്രസാദത്തെ ഉണ്ടാക്കും. രുചിയെ ഉണ്ടാക്കും. പഥ്യമായിരിക്കും. വായുമുട്ടൽ, അർശ്ശസ്സു്, ചുമ, രക്തദോഷം, പാണ്ഡു, ക്ഷയം, ജ്വരം, വാതം, പിത്തം കഫം ഇവയെ ശമിപ്പിക്കും

കുഞ്ഞാനദി.

ഇതു രൂപവർഗ്ഗത്തിൽ ചേന്നതാകുന്നു. ഇതിലെ വെള്ളം:—ജാരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ജാഡ്യത്തെച്ചെയ്യും. പൂതമായിരിക്കും. പിത്തരക്തങ്ങളെ കോപിപ്പിക്കും.

കേ

കേനാ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേന്നതാകുന്നു. രുചിയെ ഉണ്ടാക്കും. മലപ്പുലിനെ പെരുപ്പിക്കും.

കേമുകം.

ഇതു് ശാകവർഗ്ഗത്തിൽ ചേന്ന കന്ദശാകമാകുന്നു. വാതത്തെയും ജാരാഗ്നിയേയും വർദ്ധിപ്പിക്കും. പിത്തം, കഫം, രക്തദോഷം, വായുമുട്ടൽ, ജ്വരം, കൃഷ്ണാ. പ്രമേഹം, ചുമ, അരുചി ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

കേവികാ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേന്നതാകുന്നു. ചുട്ടനീറൽ, ഛർദ്ദി, ശ്രമം, പിത്തം, വാതം, കഫം ഇവയെ ശമിപ്പിക്കും.

കൈ

കൈപ്പൻകരിങ്ങാലി.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേന്ന സംഗ്രാഹിദ്രവ്യമാകുന്നു. വിശേഷാൽ രക്തദോഷത്തെയും പിത്തത്തെയും ശമിപ്പിക്കും. കരിങ്ങാലിപോലെ ഇലയും മുള്ളും ഉള്ളതാകുന്നു.

കൈപ്പൻകോവ.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേന്നതാകുന്നു. രക്തദോഷം, പിത്തം, കഫം, പാണ്ഡു, അരുചി, വിഷം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. പഥ്യമായിരിക്കും ഇതിന്റെ കായു്:—ഛർദ്ദിയെ ഉണ്ടാക്കും. ഇതിന്റെ ഇല മൂന്നു ലേങ്ങളുള്ളതും പൂവു് വെളുത്തതും കായു് പഴുക്കുമ്പോൾ ചുവപ്പു നിറമുള്ളതുമാകുന്നു.

കൈപ്പൻപടവലം.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേന്നതാകുന്നു. ശാകവർഗ്ഗത്തിൽചേന്ന ഫലശാകമെന്നും പക്ഷം. വാതം, പിത്തം, കഫം, വ്രണം, ചുമ, രക്തദോഷം, കൃമി, പൊറി, നേത്രരോഗം, കൃമി, ചുട്ടനീറൽ, കൂട്ടുവിഷം, വിസൂച്ചി, ജ്വരം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും വാതത്തെ വർദ്ധിപ്പിക്കയില്ല. മലശോധനയെ ഉണ്ടാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. അഗ്നിദീപ്തിയെച്ചെയ്യും. ഇതിന്റെ വേരു്:—സുഖവിരേകത്തെച്ചെയ്യും. വിശേഷാൽ ഉദരം, ആമവാതം, ജ്വരം, പാണ്ഡു. ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല:—ജാരാഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. വിശേഷാൽ ജ്വരം, പിത്തം, കൃമി, ചുമ ഇവയെ ശമിപ്പിക്കും. വള്ളി.—കഫത്തെ ശമിപ്പിക്കും. കായു്:—

മുന്നു ദോഷങ്ങളേയും ശമിപ്പിക്കും. ഇതിന്റെ ബീജതൈലം:--കഫത്തെയും വാതത്തെയും ശമിപ്പിക്കും.

കയ്പുകറഞ്ഞ പടവ്വലം.

ഇതു പീരുദ്വർഗ്ഗത്തിൽ ചേന്നതാകുന്നു. ശാകവർഗ്ഗത്തിൽ ചേന്ന ഫലശാകമെന്നും പക്ഷം. കൈപ്പുൻ പടവ്വലത്തിന്റെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ഇതിന്റെ കായ്:—കൈപ്പുൻപ-വലത്തെക്കാൾ അല്പം നീളവും വെളുപ്പും ഉള്ളതാകുന്നു. ഇതു പലതരം കാണുന്നു.

കൈപ്പുരസം.

രക്തദോഷം, വിഷം, മൂർഛ, പീനസം, കൃമി, ജ്വരം, ചുട്ടനീറൽ, തണ്ണീർദാഹം, കുഷ്ഠം, ചൊറി, കോഠം ഇവയെ ശമിപ്പിക്കും പിത്തം, കഫം മജ്ജ, മേദസ്സ്, വസാ, ക്ലേദം, മലം, മൂത്രം ഇവയെ വരട്ടും. വാതത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ആസ്വദിക്കുന്നതിൽ അഭിരുചിയെ വരുത്താത്തതും ആസ്വദിക്കുന്നവർക്ക് അരുചിയെത്തീർക്കുന്നതുമാകുന്നു. ആമത്തെ പചിപ്പിക്കും. അധ്രിമാംസം മുതലായവയെ മുറിച്ചുകളയും. കണ്ണാത്തികൾ തടഞ്ഞിരിക്കുന്ന കഫം മുതലായവയെ കളഞ്ഞു ശുദ്ധിവരുത്തും. മുലപ്പാലിന്റെ ദോഷത്തെത്തീർക്കും. ബുദ്ധിയെ നന്നാക്കും. യാതൊന്നു ആസ്വദിച്ചാൽ അണ്ണാക്കും വായും വെടിപ്പാകുകയും നാവിന്നു് അന്യരസത്തെ അറിയുവാൻ പാടില്ലാതെ ആക്കുകയും ചെയ്യുന്നുവോ അതു് കയ്പുള്ള വസ്തു എന്നറിയണം. ഇതു് മേല്പറഞ്ഞ ഗുണങ്ങളോടുകൂടിയതെങ്കിലും അധികം ഉപയോഗിച്ചാലുള്ള ദോഷത്തെ പറയുന്നു:—ഖരത്വവും, വൈശദ്യവും, രൂക്ഷവും ഹേതുവായിട്ടു് മൂർഛ, പരുപരുപ്പു്, വാട്ടം, തലനോവു്, കുത്തിനോവു്, പിളക്കുന്നുവോ എന്നു തോന്നുമാറുള്ള വേദന, വിറയൽ, തണ്ണീർദാഹം, അർദ്ദിതം, ആക്ഷേപം, മന്യാസ്തംഭം മുതലായ വാതരോഗം ഇവയെ ഉണ്ടാക്കും. ധാതുക്കളേയും, ബലത്തേയും, ശുക്ലത്തേയും ക്ഷയിപ്പിക്കും.

കൈകുത്തികാവള്ളി (വല്ലി).

ഇതു് പീരുദ്വർഗ്ഗത്തിൽ ചേന്നതാകുന്നു. കഫം, വായുമുട്ടൽ, അഗ്നിമാന്ദ്യം, ചുമ ഇവയെ ശമിപ്പിക്കും. ഇതു വസ്തൂത്തിനു ചായമിടുന്നതിനു് ഉപയോഗപ്പെടുന്നു.

കൊ

കൊക്കരണി.

ഇതു് രസവർഗ്ഗത്തിൽ ചേന്നതാകുന്നു. ഇതിലെ വെള്ളം മിക്കവാറും ഗുണങ്ങൾകൊണ്ടു് താമരപ്പൊയ്കയോടോത്തതാകുന്നു. രസാദികളും താമരപ്പൊയ്കയ്ക്കു പറഞ്ഞിട്ടുള്ളവ തന്നെ.

കൊക്കു്.

ഇതു് അപ്പചരവർഗ്ഗത്തിൽ ചേന്ന അനൂപമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം:—രക്തദോഷം, വാതം, പിത്തം, ഇവയെ ശമിപ്പിക്കും. ശുക്ലം, കഫം, ബലം, ഇവയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും.

കൊക്കുമന്താരം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേന്നതാകുന്നു. കുഷ്ഠം, ചുട്ടനീറൽ, വീക്കം, ശ്രമം, വായുമുട്ടൽ, അശ്മരി, തണ്ണീർദാഹം, ത്രികൃച്ഛ്രം, കഫം, പിത്തം, യോനിശൂലം, രക്തദോഷം, വിഷം ഇവയെ ശമിപ്പിക്കും.

അഗ്നിയെ വർദ്ധിപ്പിക്കും. മധുരരസംകൂടിയുണ്ടെന്നും പക്ഷം.

കൊടുവേലി.

ഇതു് പണ്ഡവർഗ്ഗത്തിൽ ചേർന്ന ലീപ.പാചനദ്രവ്യമാകുന്നു. കൃഷ്ണം, ഗ്രഹണി, അർശ്ശസ്സ്, കഫം, വാതം വീക്കം, കൃമി, ചൂമ, മഹോദരം, പ്ലീഹ, ചൊറി ഇവയെ ശമിപ്പിക്കും മലത്തെ പിടിപ്പിക്കും. ആമത്തെ പചിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇഷ്ടാശ്ര പ്രശമനങ്ങളിലും ദീപനീയ ഗുദശോഫത്തുല ഫരങ്ങളിലുംവെച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. അരച്ചുതേച്ചാൽ ശിത്രുത്തേയും കൃഷ്ണത്തേയും ശമിപ്പിക്കുകയും പൊള്ളിക്കുകയും വ്രണത്തെ ഉണ്ടാക്കുകയും ചെയ്യും. കയ്പുരസംകൂടെയുണ്ടെന്നു പക്ഷം.

കൊട്ടം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ചൊറി, ചിരങ്ങു്, തണ്ണീർദാഹം, വാതം, ഇക്കിൾ, കഫം, തന്ദ്ര, വായുമുട്ടൽ, വിഷം, ചൂമ, കൃഷ്ണം, വിസർപ്പം, വാതരക്തം, ജ്വരം ഇവയെ ശമിപ്പിക്കും. ശുക്ലത്തെവർദ്ധിപ്പിക്കും. കൃണിനുനന്നു്. സ്വരത്തെ നന്നാക്കും. ദേഹകാന്തിയെച്ചെയ്യും.

കൊത്തംപാലരി.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന വാതഘ്നധ്യേമാകുന്നു. രക്തദോഷം, ചൂടു്, മെലിവു്, കൃമി, തണ്ണീർദാഹം, ജ്വരം, വാതം, പിത്തം, കഫം, ചുട്ടനീറൽ, ചൊറി, അർശ്ശസ്സ്, ചൂമ, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. മൂത്രരോഗത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും കണ്ണിനുനന്നു്. കറുത്തോന്നു ശുക്ലത്തെ വർദ്ധിപ്പിക്കും. ഏദ യപ്രസാദത്തെ വരുത്തും. മലശോധനയെ ഉണ്ടാക്കും. രുചിയെ ഉണ്ടാക്കും. സ്രോതശ്ശുദ്ധിയെച്ചെയ്യും. ശീതവീര്യമെന്നും കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നും ധന്വന്തരിമതം. പച്ചയായിട്ടുള്ളതു്:—മിക്കവാറും മേൽപ്പറഞ്ഞ ഗുണങ്ങളോടുകൂടിയതും മധുരമേറിയതും ആകുന്നു. സ്വരത്തെ നന്നാക്കും. മൂത്രത്തെ പെരുപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. കുറി മുതലായവയിൽ ചേർന്നാൽ നല്ല ഗന്ധത്തേയും, രുചിയേയും ഉണ്ടാക്കും. ഇതിന്റെ ഇല:—കറിക്കുപയോഗിക്കുന്നതും ഹരിതശാകങ്ങളുടെ കൂട്ടത്തിൽ വിധിച്ചിട്ടുള്ളതുമാകുന്നു.

കൊമ്പൻമീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കഫത്തെ കോപിപ്പിക്കും. വിശേഷാൽ വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെത്തടിപ്പിക്കും.

കൊഴിഞ്ഞിൽ.

ഇതു് വൃക്ഷുപവർഗ്ഗത്തിൽചേർന്ന വിരേചനീയദ്രവ്യമാകുന്നു. രക്തദോഷം, കൃമി, ഹൃദ്രോഗം, യകൃത്തു്, കഫം, വാതം, ഉഷ്ണവ്രണം, പ്ലീഹ, ഗുല്മം ജ്വരം. വിഷം, ചൂമ, വായുമുട്ടൽ, വ്യംഗരോഗം ഇവയെ ശമിപ്പിക്കും.

കൊഴുപ്പ.

ഇതു് വൃക്ഷുപവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. ചൂമ, വായുമുട്ടൽ, നേത്രരോഗം, ജ്വരം, വ്രണം, കഫം, പിത്തം, മൂത്രകൃച്ഛ്രം, കൃഷ്ണം, രക്തദോഷം, പ്രമേഹം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ

പിടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. എല്ലാക്കടിവിഷത്തെയും നശിപ്പിക്കും.

കൊഴമീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്നതാദേയമത്സ്യമാകുന്നു. ഇതിന്റെ മാംസം:—വാതശ്രേഷ്മത്തെ ശമിപ്പിക്കും. പിത്തം, രക്തദോഷം, ശ്ലേഷ്മം ഇവയെ വർദ്ധിപ്പിക്കും. മലത്തെ കുറയ്ക്കും.

കോ

കോകഡമൃഗം.

ഇതു് വിലേശയവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം.—മെലിപ്പു്, വായുമുട്ടൽ, ചുമ, വാതം ഇവയെ ശമിപ്പിക്കും കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. മല മൂത്രങ്ങളെ തടുക്കും.

കോതമ്പു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശുകധാന്യമാകുന്നു. കറഞ്ഞോന്നു പിത്തത്തേയും വാതത്തേയും ശമിപ്പിക്കും. ബലത്തേയും ആയുസ്സിനേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തിനു അയവു വരുത്തും. മുറിവിനെക്കൂട്ടിപ്പിടിപ്പിക്കും. വ്രണത്തെ വരട്ടും. ദേഹത്തെ തടിപ്പിക്കും. ആമത്തെ വർദ്ധിപ്പിക്കും. ദേഹകാന്തിയേയും അംഗങ്ങൾക്കു ഉറപ്പിനേയും ഉണ്ടാക്കും. അല്പം ചുവപ്പുരസംകൂടെയുണ്ടെന്നും തൃദോഷാഹരമെന്നും ഹാരീതമതം.

കോതമ്പുകൊണ്ടുണ്ടാക്കിയ കറി

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും ഗുണങ്ങൾ കൊണ്ടു് യവം ഉമികളഞ്ഞതുകൊണ്ടുണ്ടാക്കിയ കഞ്ഞിയോടൊത്തതാകുന്നു.

കോലാട്ടിൻമൂത്രം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കഫം, മഹോദരം, പ്ലീഹ, വിഷം, വായുമുട്ടൽ, പാണ്ഡു, നാഡീവ്രണം, കാമല, ഗുല്മം, അർശ്ശസ്സു്, ചുമ, ശ്വാസം ഇവയെ ശമിപ്പിക്കും. കുറഞ്ഞോന്നു വാതത്തെ കോപിപ്പിക്കും. ചൂരണം ചെയ്താൽ ചൊവ്വിക്കുന്നതിനെ തീക്ഷ്ണം.

കോലുമീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗോമാംസം മത്സ്യത്തിനു പറഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു. ലഘു എന്നു തോന്നുന്നവയത്രെ.

കൊല്ലൂളി.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചുക്കായു്:—വാതത്തെ ശമിപ്പിക്കും. കഫത്തേയും രക്തത്തേയും പിത്തത്തേയും കോപിപ്പിക്കും. ചുട്ടനീറലിനെ ഉണ്ടാക്കും. മലത്തെ തടുക്കും. പഴുത്തകായു്.—അഗ്നിയെ വർദ്ധിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കും. വിഷ്ടംഭത്തെക്കളയും രുചിയെ ഉണ്ടാക്കും. വസ്തിശുദ്ധിയെച്ചെയ്യും. കുറഞ്ഞോന്നു കഫത്തെ വർദ്ധിപ്പിക്കുമെന്നു സുസിംഹമതം. പഴുത്തുണങ്ങിയതു:—ലഘുവായിരിക്കും. ശ്രമം, ഭ്രമം, വാതം, കഫം, തണ്ണീർദാഹം, കൃമി, കൃമം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. ആണ്ടുപഴകിയാൽ മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. പഥ്യമായിരിക്കും. ഇതിന്റെ പൂവു്:—വാതം, കഫം, പ്രമേഹം ഇവയെ ശമിപ്പിക്കും.

രുചിയേയും അഗ്നിയേയും ഉണ്ടാക്കും. വിശദമായിരിക്കും. ഇതിന്റെഗുണം:— കുത്തിനോവു്, വീക്കം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഈ വൃക്ഷത്തിന്റെ പുറത്തുള്ള അടരുന്ന തൊലി മുട്ടെടുക്കുന്ന ക്ഷാരം ശൂലത്തേയും അഗ്നിമാന്ദ്യത്തേയും ശമിപ്പിക്കും.

കോഴി.

ഇതു് വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു ഇതിന്റെ മാംസം:—ക്ഷയം, വാതം, ചർദ്ദി, നേത്രരോഗം, വിഷമജ്വരം ഇവയെ ശമിപ്പിക്കും. അഗ്നി, കഫം, ശുക്ലം, ബലം ഇവയെ വർദ്ധിപ്പിക്കും. ദോഷത്തെ തടുപ്പിക്കും വിയർപ്പിനേയും രുചിയേയും ഉണ്ടാക്കും. സ്വരത്തെ നന്നാക്കും. ബാല്യങ്ങളിൽ വെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. കുറഞ്ഞൊന്നു പിത്തത്തെ ശമിപ്പിക്കുമെന്നും പക്ഷം.

"കുക്കുടോ ബൃംഹണഃ സ്നിഗ്ധോ
വീര്യോഷ്ണോ/നിലജിദ് ഗുരുഃ;
ചക്ഷുഷ്യഃ ശുക്രകഫകൃത്
ബലോ ബൃദ്ധ്യാ കഫാന്തകഃ;
പാനീയകുക്കുടഃ സ്നിഗ്ധോ
ബൃംഹണഃ ശ്ലേഷ്മളോ ഗുരുഃ."

കോഴിമാംസം ശരീരത്തെ തടിപ്പിക്കുന്നതും സ്നിഗ്ധവും ഉഷ്ണവീര്യവും വാതഹരവും ഗുരുത്വമുള്ളതും നേത്രഹിതവും ശുക്രകഫങ്ങളെ വർദ്ധിപ്പിക്കുന്നതും ബലകരവും മുതിയ പ്രിയവും ദുഷിച്ച കഫത്തെ നിശ്ശേഷം നശിപ്പിക്കുന്നതുമാകുന്നു. കൂള കോഴിയുടെ മാംസം സ്നിഗ്ധവും ബൃംഹണവും ശുക്രത്തെ വർദ്ധിപ്പിക്കുന്നതും ഗുരുവുമായിരിക്കും.

കോഴിഅവര.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. അവരയുടെ ഗുണങ്ങളോടു കൂടിയതാകുന്നു.

കോഴിക്കുട്ടൻനെല്ലു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധ്യാന്യമാകുന്നു. മിക്കവാറും നവരയുടെ ഗുണങ്ങളോടുകൂടിയതും പുഴുക്കണ്ണി നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

കോർമുതല.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഗുണങ്ങൾ കൊണ്ടു ചീങ്കണ്ണിമാംസത്തോടൊത്തതാകുന്നു.

ഖ

ഖഡി.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ഇതു് ലേപനംചെയ്താൽ പിത്തം, രക്തദോഷം, നേത്രരോഗം, വ്രണം, ചുട്ടനീറൽ, വിഷംകൊണ്ടുള്ള വീക്കം, കഫം ഇവയെ ശമിപ്പിക്കും. ഭക്ഷിച്ചാൽ മണ്ണുപോലെ പാണ്ഡു മുതലായ രോഗങ്ങളെ ഉണ്ടാക്കും.

ഖലിശമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം ശൂലത്തെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. കുറഞ്ഞൊന്നു അഗ്നിയെ പചിപ്പിക്കും. മലത്തെ പിടിപ്പിക്കും.

ഗ

ഗംഗാനദി.

ഇതു് രസവർഗ്ഗത്തിൽ ചേർന്

താകുന്നു. ഇതിലെ വെള്ളം:—മേഥാം, കഫം, വ്യാതം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പാപത്തെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഭക്ഷിക്കുന്ന പദാർത്ഥങ്ങൾക്കു നല്ലവണ്ണം പാകത്തെ വരുത്തും. വളരെ തെളിഞ്ഞതും പരിശുദ്ധമായിട്ടുള്ളതും പഥ്യമായിട്ടുള്ളതും ആകുന്നു. കുറഞ്ഞൊന്നു പിത്തത്തെ വർദ്ധിപ്പിക്കുമെന്നു മദനപാലൻ.

ഗംഗാപത്രി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വ്രണത്തെ വരട്ടും. വ്യാത്തെ ശമിപ്പിക്കും.

ഗന്ധമത്സ്യം.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം വാതപിത്തങ്ങളേയും കുറഞ്ഞൊന്നു കഫത്തേയും ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും വിശേഷാൽ ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പഥ്യമായിരിക്കും. രൂക്ഷമെന്നും ശീതമെന്നും രാജവല്ലഭമതം

ഗണികാരി

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കൃഷ്ണം, രക്തദോഷം, വീക്കം, വ്രണം, ചുട്ടനീറൽ, ജ്വരം, മെലിവു്, കഫം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. ഏറ്റവും സൌരഭ്യമുള്ളതായിരിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു ധന്വന്തരിമതം.

ഗന്ധകം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ചൊറി, വ്യാതം, കഫം, കൃഷ്ണം, വിസർപ്പം, കൃമി, വിഷം, പ്ലീഹ, ഭഗന്ദരം. പല പ്രകാരത്തിലുള്ള തഗ്ദോഷം, ജരാവ്യാധി ഇവയെ ശമിപ്പിക്കും. പിത്തത്തെയും, ജംഘാഗ്നിയേയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തിനു ഘനവുവരുത്തും. രസായനവിധിപ്രകാരം സേവിച്ചാൽ മൃത്യുവിനെ ജയിക്കാം. ലോഹങ്ങൾക്കും രസത്തിനും മാരണമായിരിക്കും. മധുരരസംകൂടെ ഉണ്ടെന്നു രസരത്നസമുച്ചയം. ഇതു് ചുവന്നും മഞ്ഞളിച്ചും വെളുത്തും കറുത്തും ഇങ്ങനെ നാലുതരമുണ്ടു്. ഇതിൽ ചുവന്നതു് ധാതുവാദവേധിയിങ്കലും. മഞ്ഞളിച്ചതു രസായനത്തിങ്കലും, വെളുത്തതു കുഷ്ഠരോഗത്തിങ്കലും, വ്രണലേപനത്തിങ്കലും, ലോഹമാരണത്തിങ്കലും, കറുത്തതു എല്ലാ കായ്ങ്ങളിലും ശ്രേഷ്ഠവുമാകുന്നു. ഇവകളിൽവച്ചു കറുത്തതു ദുർല്ലഭവും വിശേഷാൽ ജരയേയും മൃത്യുവിനേയും തടുക്കുന്നതുമാകുന്നു.

"ചതുർധാ ഗന്ധകഃ പ്രോക്തോ-
രക്തഃ പീതഃ സിതോ/സിതഃ;
രക്തഃ ശ്രേഷ്ഠക്രിയാസൂക്തഃ
പീതശ്ചൈവ രസായനേ;
വ്രണാദിലേപനേ ശ്വേതഃ
ശ്രേഷ്ഠഃ കൃഷ്ണഃ സുദുർല്ലഭഃ."

ഗന്ധകം ചുവന്നതും, മഞ്ഞനിറമുള്ളതും, വെളുത്തതും, കറുത്തതും എന്ന ഭേദംനിമിത്തം നാലുതരമാകുന്നു. ഇതിൽ ചുവന്നതു സ്വർണ്ണാദിലോഹങ്ങൾ ജരിപ്പിച്ചെടുവാനുപയോഗിക്കുന്നതും, മഞ്ഞനിറമായതു ഔഷധമായി ശീലിക്കാവുന്നതും, വെളുത്ത ഗന്ധകം വ്രണാദികളിൽ പുരട്ടിയാനുപയോഗിക്കുന്നതും ആകുന്നു. കറുത്ത ഗന്ധകം ഈ പറഞ്ഞ മൂന്നുതരം ക്രിയകൾക്കും വളരെ

ദിക്കിൽ ശീലമണ്ണെചെയ്ത് അതു ഗന്ധ
പുടവിധിപ്രകാരം കഴിച്ചു കഴിയിൽ
വച്ചു മീതെ കാട്ടിചാണകവറളിയും
കൂട്ടികത്തിക്ക. ഇങ്ങനെ കത്തി
ച്ചാൽ ഗന്ധകം ഉരുകി ശീലയിൽ
കൂടെ ആ പാലിൽ വീഴും. അതു
ശുദ്ധിവന്നതായിരിക്കും. ഇതേ
വിധം ശുദ്ധിചെയ്ത ഗന്ധകം, ഗന്ധ
കം ഉപയോഗിക്കാൻ പറയുന്ന
എല്ലാ ഔഷധത്തിലും ചേർക്കുകയും
ചെയ്യാം. ഇങ്ങനെ ശുദ്ധിചെയ്ത
ഗന്ധകം ഉഴുന്നിൻമണിയുടെ വലി
പ്പത്തിൽ തമ്മിൽ കൂടിച്ചേരാതെ
യുള്ള ചെറുമണികളായി കാണുന്നതു
വരെ ശുദ്ധിചെയ്യണം. അപ്പോൾ
ഒരിക്കൽ ശുദ്ധി ചെയ്യുവാൻ ഉപ
യോഗിച്ചു പാൽ പിന്നെ ശുദ്ധി
ചെയ്യാൻ ഉപയോഗിക്കയുംഅരുത്. വസ്ത്രം മാറി മാറി കെട്ടുകയോ കഴുകി ഉഴുക്കുകളഞ്ഞു ഉണക്കുക യോ വേണം എന്നു ഭാവപ്രകാശത്തിലും പറയുന്നു.

"ഗന്ധകം കടുകസ്നിഗ്ധോ
വീര്യോഷ്ണസ്തുവരസ്സരഃ
പിത്തളം കടുകം പാകേ
കണ്ഡുരീസൃഷ്ടജന്തുജിൽ;
ഹന്തി കുഷ്ഠക്ഷയപ്ലീഹ
കൃമിവാതാൻ രസായനം;
അശോധിതോ ഗന്ധക ഏഷ
കുഷ്ഠം
കരോതി താപം വിഷമം ശരീ-
രേ;
ശോഷം ച രൂപം ച ബലം ത-
ഥോജഃ
ശുക്ലം നിഹന്ത്യേവ കരോതി
ചാസ്രം."

ശുദ്ധിചെയ്ത ഗന്ധകം എരുവും കൈ
പ്പും ചവർപ്പും ഉള്ളതും ഉഷ്ണവീര്യവും
മലശോധന വരുത്തുന്നതും വിപാക

വിശേഷമാണ്. എന്നാൽ അതു വള
രെ ദുർല്ലഭമാകുന്നു.

"സുധാരാണ്ഡസ്യ പടസ്ഥിതോ
യം
ശ്ലക്ഷ്ണാ ദൃഢൈഃ ക്ലിഷ്ടപുടേന
ഗന്ധഃ;
ഏവ്യാം കൃതഃ കുഞ്ജരികാന്തപാ
നൈഃ
സുധാനുകല്പീ [illegible] ഗന്ധകോത്രയം"

ഒരു പാത്രത്തിൽ പാലാക്കി അ
പാത്രം ശീലകൊണ്ടു വായ്കെട്ടി അ
ശീലയിൽ ഗന്ധകമിട്ടു ക്രമംപുടം
ചെയ്താൽ ഗന്ധകം ശുദ്ധിയാകും.
ഇതേവിധം ശുദ്ധിചെയ്ത ഗന്ധകവും
ശുദ്ധിചെയ്ത രസവുംകൂടെ ഒരുമി
ച്ചുയോജിപ്പിച്ചു് അതാഴ്ചതോറും ആനപാ
നദ്രവ്യം ചേർത്തു ശീലിച്ചാൽ സകല
വിധ രോഗവും ശമിക്കും.

"സ്ഥാല്യാം ദൃഢം വിനിക്ഷിപ്യ
മുഖേ വസ്ത്രം നിബദ്ധ്യ ച;
ഗന്ധകം തത്ര നിക്ഷിപ്യ
പൂർണ്ണിതം സികതാകൃതി —
ക്ഷാരായേൽ പൃഥുദീപേല്പേന
ഖല്പ്പരേണൈവ ഗന്ധകം;
ജ്വാലയേത് ഖല്പ്പരസ്യാഗ്ര്യം
യാവച്ഛാണ്ണസ്തോപലെ;
മൃദ്വഗ്നിപ്രതിതോ ഗന്ധോ
ഗാളിതഃ പരിശുദ്ധ്യതി
ഏതേന സപ്തകായ്യാണി
ഗന്ധകസ്യ വിധീയതേ."

ഒരു മയങ്ങിയ പാത്രത്തിൽ പഞ്ച
സിൻപാലാക്കി ആ പാത്രം ശീല
കൊണ്ടു വായ്കെട്ടി ആ ശീലയുടെ
മീതേ ഗന്ധകം പൊടിച്ചു മണൽ
പോലെയാക്കിവെച്ചു് ആ ശീല
കത്തിപ്പോകാതിരിക്കത്തക്ക വലി
പ്പമുള്ള മറ്റൊരുപാത്രംകൊണ്ടു് ആ
ഗന്ധകം അടച്ചു അടിവിട്ട പാത്ര
വും അടപ്പു പാത്രവും തമ്മിൽകൂട്ടുന്ന

ത്തിങ്കൽ കടുരസവും പിത്തത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഇതു ശീലിച്ചാൽ ചൊറി, വിസർപ്പം, കൃമിരോഗം, കുഷ്ഠം, ക്ഷയം, പ്ലീഹരോഗം, കഫകോപം, വാതകോപം എന്നിവകളെ നശിപ്പിക്കും. ഇതു് രസായനവുമാകുന്നു. ശുദ്ധിചെയ്യാത്ത ഗന്ധകം ശീലിച്ചാൽ കുഷ്ഠം, ശരീരത്തിൽ ചുട്ടനീറൽ, മെലിച്ചിൽ, സൌന്ദര്യഹാനി, ബലക്ഷയം, ഓജക്ഷയം, ശുക്ലഹാനി, രക്തപിത്തം എന്നിവകൾ സംഭവിക്കുകയും ചെയ്യും. ഗന്ധകത്തെക്കുറിച്ചു പല കഥകളും മാഹാത്മ്യങ്ങളും രസരത്നസമുച്ചയത്തിൽ വിസ്തരിച്ചു പറഞ്ഞിട്ടുണ്ടു്.

ഗന്ധകോകിലാ.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. നല്ല ഗന്ധമുള്ള ഒരുതരം വള്ളിയാകുന്നു. കഫത്തെ ശമിപ്പിക്കും.

ഗന്ധതൃണം.

ഇതു്: ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. തൃണത്തെക്കാൾ സൌരഭ്യമേറിയിരിക്കും. ജരാവ്യാധി, കഫം, ശ്രമം, പിത്തം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. നല്ല ഗന്ധമുള്ളതാകുന്നു. കൃതാന്നങ്ങളിലും പലപ്രകാരം ഉപയോഗിക്കാം. സുശ്രുതത്തിൽ എരിവും ചൂടും കഫവാതഹരത്വവും പറയുന്നു.

ഗന്ധമാലതി.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗന്ധകോകിലയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. ഇതു് സുഗന്ധമുള്ള ഒരുതരം വള്ളിയാകുന്നു.

ഗർഗ്ഗരമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം പിത്തത്തെ ശമിപ്പിക്കും. കഫത്തെയും കുറെഞ്ഞാനും വാതത്തെയും വർദ്ധിപ്പിക്കും.

ഗവാക്ഷി എന്ന മത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. വിശേഷാൽ കഫത്തെ കോപിപ്പിക്കും. അജീർണ്ണത്തെ ഉണ്ടാക്കും.

ഗ

ഗുഗ്ഗുലു.

ഇതു് ഗന്ധവർഗ്ഗത്തിൽചേർന്ന രസായനദ്രവ്യമാകുന്നു. കഫം, വാതം, അപചി, പ്രമേഹം, വ്രണം, കുഷ്ഠം, അശ്മരി, പിടക, ആമവാതം, മുഴ, വീക്കം, അർശസു്, നലവു, ഗണമാല, കൃമി, ഒച്ചയടപ്പു്, ചുമ, വാതരക്തം, മഹോദരം, പ്ലീഹ, ഗുല്മം, ഗ്രഹപീഡ ഇവയെ ശമിപ്പിക്കും. പിത്തത്തെയും ജ്വരാഗ്നിയേയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. മലത്തിനു അയവു വരുത്തും. മുറിവിനെ കൂട്ടിപിടിപ്പിക്കും. വണ്ണമായിരിക്കും. ഇരുവ്യാധിയെ നശിപ്പിക്കും. സൂക്ഷ്മനാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ തീക്കും. സ്പർശം ശീതളമായിരിക്കും. പൂവു ചെറുതും ചുവപ്പുനിറമുള്ളതും ആയിരിക്കും. കായു് ചെറിയ ലന്തക്കായുടെ അളവിൽ മൂന്നു വരിപ്പുള്ളതായിരിക്കും. ഇതു് വയറുനോവിനു് ഹിതമായിരിക്കും. ഈ മരത്തിന്റെ കറയെ ഗുഗ്ഗുലു എന്നു പറയപ്പെടുന്നു. മഹിഷാക്ഷം, മഹാനീലം, കുമുദം, പദ്മം, ഹിരണ്യം ഇങ്ങിനെ ഗുഗ്ഗുലു അഞ്ചുതരമുണ്ടു്. മഹിഷാക്ഷം പോത്തിൻ കണ്ണുപോലെ ധൂമ്രവർണ്ണമായും, മഹാനീലം നന്നാ കുറുത്തനിറമായും, കുമുദം

വെളുത്തനിറമായും പദ്മം, മാണിക്യം പോലെ ചുവന്നനിറമായും, ഹിരണ്യം സപ്ണ്ണനിറമായും ഇരിക്കും. മഹിഷാക്ഷവും മഹാനീലവും അനകഠിക്കും, കുമുദവും പദ്മവും കുതിരകഠിക്കും, ഹിരണ്യം മനുഷ്യർക്കും ഹിതങ്ങളാകുന്നു. ഹിരണ്യം കിട്ടാതെവന്നാൽ മഹിഷാക്ഷവും മനുഷ്യർക്ക് ഉപയോഗിക്കാം. മറ്റു മൂന്നും ഒരിക്കലും ഉപയോഗിക്കാൻ പാടില്ല.

ഗ്രച്ഛകന്ദം

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. ദേഹത്തെ തടിപ്പിക്കും. ശുക്ലത്തെ വഷ്ടിപ്പിക്കും. സന്താപത്തെ നശിപ്പിക്കും.

ഗ്രണ്ഡാലം.

ഇതു് വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു വെള്ളത്തിലുണ്ടാകുന്നതും വളരെ വേരുള്ളതും ആകുന്നു. കൃമി, വീക്കം, വ്രണം ഇവയെ ശമിപ്പിക്കും.

ഗ്രണ്ഡാസിനി.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതു് വെള്ളത്തിലുണ്ടാകുന്നതും പരന്ന ഇലയുള്ളതുമായ ഒരുതരം പുല്ലാകുന്നു. വ്രണം, ചുട്ടനീറൽ, പിത്തം, ശ്രമം ഇവയെ ശമിപ്പിക്കും.

ഗോ

ഗോദാവരിനദി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം—രക്തദോഷം, പിത്തം, വാതം, വിസർപ്പം, കുഷ്ഠം തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പാപത്തെ നശിപ്പിക്കും.

ഗോമൂത്രം.

ഇതു് പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, മന്ദോദരം, ഗുല്മം, ആനാഹം, ചൊറി, മലബന്ധം, നേത്രരോഗം മുഖരോഗം, വിഷം, ശ്വിത്രം, അമദോഷം, വസ്തിനോവു, വയറുനോവു, കൃഷ്ണം, അതിസാരം, ചുമ, വായുമുട്ടൽ, ജ്വരം, കണ്ണരോഗം, വീക്കം, കാമല പാണ്ഡു, അർശ്ശസ്സ്, അരുചി, മൂത്രത്തടവു്, കൃമി, വാതരോഗം, മേഹസ്സു് ഇവയെ ശമിപ്പിക്കും. സ്രോതസ്സുകളെ വെടിപ്പാക്കും. തടഞ്ഞിരിക്കുന്ന വായുവിനെ നേരെയാക്കും. വസ്തി മുതലായതുകളിൽ ഉപയോഗിക്കാം. ലേപനത്തിനുകളും സേചനത്തിനുകളും മറ്റുള്ള എല്ലാ മൂത്രങ്ങളിലും ഇതു നല്ലതു്. ഇതു് എല്ലാ മൂത്രങ്ങളിലുംവെച്ചു ശ്രേഷ്ഠമായിട്ടുള്ളതും പരിശുദ്ധവും ആകുന്നു.

"ഗോമൂത്രം കടുതിക്തോഷ്ണം
സക്ഷാരം ലവണം സരം;
ലഘ്വഗ്നിദീപനം മേധ്യം
പിത്തളം കഫവാതജിൽ,
ശൂലഗുല്മോദരാനാഹ
വികാരേ കൃഷ്ണരോഗിഷു;
മൂത്രപ്രയോഗസാരേഷു
ഗവ്യമൂത്രം പ്രയോജയേൽ."

ഗോമൂത്രം കടുതിക്തഉസങ്ങളോടുകൂടിയതും ഉഷ്ണവീര്യവും ക്ഷാരലവണാനുരസവും മലത്തെ ഇളക്കുന്നതും ലഘുവും ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതും ബുദ്ധിയെ നന്നാക്കുന്നതും പിത്തത്തെ വർദ്ധിപ്പിക്കുന്നതും കഫവാതജിത്തുമാകുന്നു. ശൂലവേദന, ഗുന്മൻ, മഹോദരം, മേൽവയർ വീർപ്പു, കൃഷ്ഠം എന്നിതുകളുള്ളവർക്കും മൂത്രം പതിവായി ശീലിപ്പിക്കുണ

മെന്നു വിധിക്കുന്ന മറ്റു രോഗികൾക്കും ഗോമൂത്രമാണു് പ്രയോഗിക്കേണ്ടതു്.

ഗോമൂത്രിക.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു ഇതു് ഒരുതരം ചുവന്ന വല്ലിയെ പുല്ലാകുന്നു. പശുക്കൾക്കു പാലിനെ വർദ്ധിപ്പിക്കും. ശുക്ലത്തെ പരിപ്പിക്കും.

ഗോമേദകം

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. പാണ്ഡു, കഫം, പിത്തം, ക്ഷയം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും രുചിയെ ഉണ്ടാക്കും. തോലിനു മിനുപ്പുവരുത്തും. ബുദ്ധിക്കു ഉണർച്ചയെ കൊടുക്കും. എല്ലാ വാതരോഗങ്ങളേയും ശമിപ്പിക്കും. മറ്റുള്ള രത്നങ്ങളുടെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം. ധരിച്ചാൽ പാപനാശമായിരിക്കും.

ഗോരക്ഷി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. വിസ്ഫോടം, പിത്തം, ചുട്ടനീറൽ, അതിസാരം, ഛർദ്ദി, ജ്വരം ഇവയെല്ലാം ശമിപ്പിക്കും. ഇതു് നീണ്ടുപടരുന്നതും അഞ്ചു ദളങ്ങളുള്ള ഇലകളോടുകൂടിയതും ഏറെ ഗന്ധമുള്ളതുമാകുന്നു.

ഗോരോചനാ.

ഇതു് ഗന്ധവർഗ്ഗത്തിൽചേർന്ന കണ്ഡൂല്പന്നദ്രവ്യമാകുന്നു. വിഷം, രക്തദോഷം, നേത്രരോഗം, ഉന്മാദം അലക്ഷ്മി, ക്ഷതം, ഗർഭസ്രാവം, കഫം, ഗ്രഹപീഡ, കൃമി, ഭൂതപീഡ ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും ബുദ്ധിയെ നന്നാക്കും. ആമത്തെ പചിപ്പിക്കും. മേധാകാന്തിയെയും. വശീകരത്തിങ്കൽ നല്ലതു്. ശൃംഗാരരസത്തെ കൊടുക്കും. മംഗലപ്രദമായും, പഥ്യമായും ഇരിക്കും.

ഗോലോമി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. രക്തദോഷം, കഫം, പിത്തം, വാതം, ജ്വരം, അർശ്സ്സു്, വ്രണം, അരുചി, വായുമുട്ടൽ, ചുമ, ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ആമത്തെ പചിപ്പിക്കും.

ഗോളിച്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. അർശ്സ്സു്, അഗ്നിമാന്ദ്യം ശ്വിഷ്ടം ഇവയെ ശമിപ്പിക്കും. വാതകഫങ്ങളെ വർദ്ധിപ്പിക്കും. പിത്തത്തെ അധികം വർദ്ധിപ്പിക്കയില്ല. വയറടപ്പിനെ ഉണ്ടാക്കും. മലത്തിനയവുവരുത്തും. രുചികരമായിരിക്കും. വയലിലോ തണുപ്പുള്ള ദേശങ്ങളിലോ മിക്കവാറും വേനൽക്കാലത്തിങ്കൽ ഉണ്ടാകുന്നു.

ഗൌ

ഗൌഡദേശത്തിലുള്ള ഏഴുത്തുകല്ലു്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ഖഡിയേക്കാൾ ഏറ്റവും വെളുത്തതായിരിക്കും. ഖഡിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

ഗൌഡമദ്യം.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതത്തെ ശമിപ്പിക്കും. പിത്തത്തേയും, അഗ്നിയേയും, ബലത്തേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. അധോവാ

യുവിനേറയും, മലമൂത്രങ്ങളുടേയും രൂടവിനെ തീക്കും. ശരീരത്തിനു നിറത്തെ കൊടുക്കും. പുഷ്ടിയേയും ഉച്ചിയേയും ചെയ്യും. പഥ്യമായും കാമോദീപനമായും ഇരിക്കും. ഇതു താതിരിപ്പുവും ശക്കരയും കൂടുതലായി ചേർത്തു് ഉണ്ടാക്കുന്ന മദ്യമാകുന്നു.

ഗൌരസുവർണ്ണം (ശാകഭേദം).

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. പഥ്യമായിരിക്കും രക്തദോഷം, കഫം, പിത്തം, ദാഹം, ശ്രമം, അരുചി, ജ്വരം, ചുഴൽവു ഇവയെ ശമിപ്പിക്കും.

ഗ്രീ

ഗ്രീഷ്മർതുവു്.

കഫത്തെ നശിപ്പിക്കും. വാത പിത്തങ്ങളെ വർദ്ധിപ്പിക്കും. അല്പബലത്തെ ചെയ്യും. ഗ്രീഷ്മർതു എന്നാൽ മേടം, ഇടവം ഈ രണ്ടു മാസങ്ങൾ കൂടുന്ന കാലമാകുന്നു. ഒരു ദിവസത്തേക്കു വിചാരിക്കുന്നതായാൽ പത്തുനാഴിക പകൽവരെ ഉള്ള കാലമാകുന്നു.

ഘ

ഘടഗാനദി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം:—ഗുണക്കേടുകൊണ്ടു മലാപഹാനദിയിലെ വെള്ളത്തോടൊത്തതാകുന്നു.

ഘണ്ടരനദം.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം:—രുചിയെ ഉണ്ടാക്കും. ബലത്തേയും, ജംരാഗ്നിയേയും വർദ്ധിപ്പിക്കും. മെലിവിനേയും ചുട്ടനീറലിനേയും തീക്കും. പുഷ്ടിയെച്ചെയ്യും. പഥ്യമായിരിക്കും.

ച

ചകോരപക്ഷി.

ഇതു് വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം മൂന്നു ദോഷങ്ങളേയും വിശേഷാൽ വാതത്തേയും ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ശീതവീര്യമെന്നും പക്ഷം.

ചക്കുലിമീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽചേർന്ന നാദേയമത്സ്യമാകുന്നു. സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ മലത്തെ പിടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

ചക്രവാകപക്ഷി.

ഇതു് ആപ്ചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു് കൊക്കിൻ മാംസത്തോടൊത്തതാകുന്നു. വിശേഷാൽ അഗ്നിയെ വർദ്ധിപ്പിക്കും. എല്ലാ ശൂലങ്ങളേയും ശമിപ്പിക്കും.

ചങ്കൻക്കുരി (തേഡ്) എന്ന മീൻ.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടൊത്ത

താകുന്നു. രുചിയെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. ഏറ്റവും പഥ്യമായിരിക്കും.

ചങ്ങലംപരണ്ട.

ഇതു് ത്രീരുദ്വർഗ്ഗത്തിൽ ചേർന്ന സന്ധാനീയ ദ്രവ്യമാകുന്നു. നേത്രരോഗം, ഗ്രഹകീലം, കഫം, കൃമി, വ്രണം, അർശ്ശസ്സ്, ഗുല്മം, ദുഷ്ടവ്രണം, മൂത്രാഘാതം, ലൂതാവിഷം, പ്ലീഹ, അഗ്നിമാന്ദ്യം, ശൂലം ഇവയെ ശമിപ്പിക്കും. പിത്തത്തെയും. ശുക്ലത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. മലത്തിനു് അയവുവരുത്തും. അസ്ഥിയെ കൂട്ടിപ്പിടിപ്പിക്കും. ശീതവീര്യമെന്നു മദനപാലൻ.

ചടച്ചി.

ഇതു് ത്രീരുദ്വർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. ഗുല്മം, ചുട്ടനീറൽ, പിത്തം, വീക്കം, മൂത്രാഘാതം, കൃമി, കുഷ്ഠം, ജ്വരം, വിഷം, കഫം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും.

ചടയൻകഞ്ഞാവു്.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽചേർന്ന സമുത്തേജനീയ ദ്രവ്യമാകുന്നു. ശൂലം, അസൃഗ്ദരം, അമ്ലപിത്തം, ബാഹ്യായാമമെന്ന വാതം, വിഷൂചിക, അന്തരയാമമെന്ന വാതം, മൂത്രാതിസാരം, മദാത്യയം, ആക്ഷേപവാതം ഇവയെ ശമിപ്പിക്കും. ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. കാമോദ്ദീപനത്തെയും, ഗർഭപാതനത്തെയും ചെയ്യും. ലഘുവിയെ ഉണ്ടാക്കും. പേപ്പട്ടി, കുക്കൻ മുതലായവ കടിച്ചുണ്ടാകുന്ന വികാരത്തെ ശമിപ്പിക്കും. സന്തോഷകരമായിരിക്കും. ഉറക്കത്തെ വരുത്തും. എല്ലാ നാഡികളിലും പ്രവേശിക്കും. കണ്ഡാവിനു പറഞ്ഞ എല്ലാ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

ചണ.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. വാതകഫങ്ങളെ ശമിപ്പിക്കും. മലത്തേയും, രക്തത്തേയും, ഗർഭത്തേയും ഇളക്കി പുറത്തുകളയും. അസഹ്യമായ ദേഹക്ഷീണിപ്പിനെത്തീർക്കും. ഛർദ്ദിയെ ഉണ്ടാക്കും. ഇതിന്റെ പൂവു്:—രക്തപിത്തത്തെയും, പ്രദരത്തെയും ശമിപ്പിക്കും. ഗ്രാഹിയായിരിക്കും. വിത്തു്:— വിശേഷാൽ ഗ്രാഹിയായിരിക്കും. ഇതു് വിശേഷവിധിക്കൂടാതെ ഉള്ളിൽ ഉപയോഗിച്ചുകൂടാ.

ചണംപുല്ലു്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. പശുക്കിടാങ്ങു് ഏറെ ബലത്തെയും പാലിനേയും വർദ്ധിപ്പിക്കും. ഇതിന്റെ വിത്തു്.—ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കുന്നതും മധുരമുള്ളതും ആകുന്നു.

ചണംപുളി.

ഇതു് ക്ഷാരവർഗ്ഗത്തിൽ ചേർന്നതാകുന്നു. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ശൂലം, അജീർണ്ണം, മലമൂത്രങ്ങളുടെ തടവു് ഇവയെ ശമിപ്പിക്കും. പല്ലുതരിപ്പിനെ ഉണ്ടാക്കും.

ചണവിത്തു്.

ഇതു് ധാന്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ഇതിന്റെ ഗുണങ്ങൾ ശണശബ്ദാർത്ഥത്തിങ്കൽ പറയപ്പെട്ടും.

ചണ്ടിപ്പുയ്.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഭോജ്യവർഗ്ഗത്തിൽ

ചേന്ന ശിംബിധാന്യമെന്നും കാണുന്നു. പിത്തം, സന്താപം, അരുചി ഇവയെ ശമിപ്പിക്കും. മലത്തെ തടുക്കും. വാതകഫങ്ങളേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. എരിവുള്ളതെന്നും പക്ഷം. പഴുത്തുണങ്ങിയവിത്തു്:—വാതത്തെ ശമിപ്പിക്കും. ശുക്ലം, പിത്തം, കഫം, ബലം ഇവയെ വർദ്ധിപ്പിക്കും. മലത്തിനു് അയവുവരുത്തും. സ്നിഗ്ദ്ധമായും, ചൂടുള്ളതായും ഇരിക്കും. ഉഴുന്നിനോടൊത്ത ഗുണമുള്ളതെന്നും പക്ഷം.

ചണ്ണമുള്ളങ്കി.

ഇതു് ശാകവർഗ്ഗത്തിൽ ചേന്ന മൂലശാകമാകുന്നു. സാമാന്യം മുള്ളങ്കിയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വാതം, ഗുല്മം, കഫം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

ചതുരക്കള്ളി.

ഇതു് ആരണ്യകവർഗ്ഗത്തിൽചേന്ന വിരേചനീയദ്രവ്യമാകുന്നു. ആധ്മാനം, ആമദോഷം, അശ്മരി, ഉന്മാദം, ബോധക്കേടു്, വ്രണം, ജ്വരം, പ്ലീഹ, പാണ്ഡു, ദൃഷ്ടീവിഷം, വിഷം, മേദസ്സു്, കഫം, വാതം, ഗുല്മം, അശ്ലീല, വീക്കം, അർശ്സ്സു്, കുഷ്ഠം, ശൂലം, മഹോദരം ഇവയെ ശമിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. ഇതിന്റെ പാലു്:—മേൽപ്പറഞ്ഞ ഗുണങ്ങളോടുകൂടിയതെങ്കിലും ഗുല്മം, ദീപ്തരോഗം, മഹോദരം, കുഷ്ഠം ഇതുകളിൽ വിരേചിപ്പിക്കുന്നതിനു് ഏറ്റവും നല്ലതാകുന്നു. തീപോലെ പൊള്ളിക്കുന്ന ഗുണമുള്ളതായിരിക്കും. ഉപവിഷങ്ങളിൽ ചേന്നതാകുന്നു.

ചന്ദനം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേന്നതാകുന്നു. രക്തദോഷം, കൃമി, ശ്രമം, പിത്തം, മെലിവു്. തണ്ണീർദാഹം, ഛർദ്ദി, വിഷം, ചൂടുനീരൽ, കൃമി, മൂർഛാ, ജ്വരം. വിസർപ്പം, മുഖരോഗം, മദം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. ആലേപനങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. എല്ലാ ചന്ദനവും കടുകുന്ന രസമെന്നും, ഗുരുവെന്നും പക്ഷം. അരച്ചുതേച്ചാൽ ശരീരത്തിനു നിറത്തെ കൊടുക്കും. കാമോദ്ദീപനമായിരിക്കും.

ചന്ദ്രകാന്തം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേന്ന ഉപരത്നമാകുന്നു. നേത്രരോഗം, പിത്തം. വിഷം, രക്തദോഷം സർവ്വാംഗസന്താപം, ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കി പുറത്തു കളയും. അധിമാംസം മുതലായവയെ ഉരച്ചുകളയും. ധരിച്ചാൽ ഗ്രഹപീഡ, അലക്ഷ്മി മുതലായവയെ ശമിപ്പിക്കും. ശിവപ്രീതിയെ വരുത്തും.

ചന്ദ്രഭാഗാനദി.

ഇതു് രസവർഗ്ഗത്തിൽ ചേന്ന താകുന്നു. ഇതിലെ വെള്ളം:—പിത്തത്തേയും സർവ്വാംഗസന്താപത്തെയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും.

ചമരിമാൻ.

ഇതു് മഹാമൃഗവർഗ്ഗത്തിൽ ചേന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാസം:—ചുമ, വാതം, പിത്തം ഇവയെ ശമിപ്പിക്കും. മൂത്രം, കഫം, ബലം, ശുക്ലം ഇവയെ വർദ്ധിപ്പിക്കും

ചമരിമാൻപേട.

ഇതു് മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു് ചമരിമാനിന്റെ മാംസത്തോടൊത്തതാകുന്നു.

ചമ്പകം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. ചുട്ടനീർൽ, കഫം, പിത്തം, രക്തദോഷം, കുഷ്ഠം, കൃമി, വിഷം, ജ്വരം, വ്രണം, ചൊറി, വാതരക്തം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. കുറഞ്ഞ ചൂടുള്ളതെന്നു് സുശ്രുതമതം.

ചമ്പകമൊട്ടു്.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. മൂത്രകൃച്ഛ്രം, കൃമി, വിഷം, കഫം, പിത്തം, വാതരക്തം ഇവയെ ശമിപ്പിക്കും.

ചരളം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കണ്ണുരോഗം, കണ്ഠരോഗം, കഫം, വാതം, നേത്രരോഗം, അലക്ഷ്മി, രാക്ഷസഗ്രഹപീഡ, ജ്വരം, ചുമ, ചുട്ടനീർൽ, ഒച്ചയടപ്പു്, മൂർഛ, വ്രണം, യുക, രക്തസ്രാവം, ത്വഗ്ദോഷം, സ്വേദം, വീക്കം, ചൊറി ഇവയെ ശമിപ്പിക്കും. കോഷ്ഠശുദ്ധിയെച്ചെയ്യും.

ചരളത്തിന്റെ എണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചൊറി, വാതരക്തം, അർശ്സ്സു്, കുഷ്ഠം, കൃമി, വിഷം, കഫം, വാതം ഇവയെ ശമിപ്പിക്കും. മേദസ്സിനേയും ശുക്ലത്തേയും ക്ഷയിപ്പിക്കും. പിത്തത്തെവർദ്ധിപ്പിക്കും. ദുഷ്ടവ്രണത്തെ വരട്ടും.

ചമ്മലന്ത.

ഇതു് പൃഥുക്ഷുവർഗ്ഗത്തിൽചേർന്ന വിരേചനീയദ്രവ്യമാകുന്നു. ഉദാവർത്തം, വീക്കം, വിസൂചി, കുഷ്ഠം, വിസ്ഫോടം, കുഷ്ഠം, വ്രണം, രക്തദോഷം, കഫം, പിത്തം, മഹോദരം, പ്ലീഹ, മൂത്രകൃച്ഛ്രം, കൃത്രിമവിഷം, മഹോദരം, ശൂലം, വിഷം, ഹൃദ്രോഗം ഇവയെ ശമിപ്പിക്കും. ശിരോവിരേചനമായിരിക്കും. വാതത്തെ വർദ്ധിപ്പിക്കും. ഇതിന്റെ ശാകം:— ജ്വരം, പ്രമേഹം, വായുമുട്ടൽ, ചുമ, അരുചി ഇവയെ ശമിപ്പിക്കും.

ചമ്മലന്തയെണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കൃമി, കുഷ്ഠം, കഫം, വാതം ഇവയെ ശമിപ്പിക്കും. ദുഷ്ടവ്രണത്തെ വെടിപ്പാക്കും. വിരേചനത്തെ ഉണ്ടാക്കും.

ചവക്കാരം.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന ക്ഷാരദ്രവ്യമാകുന്നു. ഗ്രഹണി, പാണ്ഡു, അർശ്സ്സു്, ശൂലം, ആനാഹം, പ്ലീഹ, മൂത്രകൃച്ഛ്രം, ഹൃദ്രോഗം, അശ്മരി, കൃത്രിമവിഷം, ചുമ, ആമദോഷം, കഫം, വാതം, വായുമുട്ടൽ, ശൂലം ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തത്തെയും ദുഷിപ്പിക്കും. മലശോധനയെ ഉണ്ടാക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. സൂക്ഷ്മനാഡികളിൽ പ്രവേശിച്ചു് ദോഷങ്ങളെ ശമിപ്പിക്കും. കണ്ണുശുദ്ധിയെച്ചെയ്യും.

ചവട്ടുരസം.

തോലിനു നല്ല നിറത്തെ ഉണ്ടാക്കും. ആമത്തെ സ്തംഭിപ്പിക്കും, രക്തദോഷം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. വാതത്തെ വർദ്ധിപ്പിക്കും. ക്ലേദത്തെയും

വ്രണത്തെയും വരട്ടും. പ്രീണനമായിരിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും.

ചാ

ചാണകം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വായുമൂട്ടലിനേയും ഇക്കിളിനേയും ശമിപ്പിക്കും.

ചാണപ്പുളി.

ഇതു ഫലവർഗ്ഗത്തിൽചേർന്ന ശാകമാകുന്നു. ദാഹത്തേയും, വാതത്തേയും ശമിപ്പിക്കും. പിത്തകഫങ്ങളെ വർദ്ധിപ്പിക്കും. മുട്ടുനീറലിനെ ഉണ്ടാക്കും. സമം പഞ്ചസാരചേർത്തുണ്ടാക്കിയതു കഫപിത്തങ്ങളെ വർദ്ധിപ്പിക്കുകയില്ല.

ചാമ.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ദേഹത്തെ മെലിയിക്കും. വിഷം, കഫം, പിത്തം ഇവയെശമിപ്പിക്കും.

ചായില്യം.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ഉപരസദ്രവ്യമാകുന്നു. നേത്രരോഗം, പിത്തം, കഫം, നെഞ്ചുകലിപ്പു്, ആമവാതം, ചൊറി, കാമല, പ്ലീഹ, കൃത്രിവിഷം, കൃഷ്ഠം, ദ്വിദോഷജജ്വരം, ത്രിദോഷജജ്വരം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു രസരത്നസമുച്ചയം.

"ദരദസ്രൂപ്യധഃ പ്രോക്ത-
ശ്ചമ്മാരഃ ശുകതുണ്ഡകഃ;
ഹംസപാദസ്തൃതീയസ്തു
ഗുണവാനുത്തരോത്തരം;
ചമ്മാരസ്ഫടിരക്തഃ സ്യാൽ
കിഞ്ചിൽ പീതശ്ശുകാസ്യകഃ;
ശ്വേതരോഷഃ പ്രവാളാഭോ
ഹംസപാദഃ സ കഥ്യതേ."

ചായില്യം ചമ്മാരമെന്നും, ശുകതുണ്ഡകമെന്നും, ഹംസപാദകമെന്നുമുള്ള ഭേദംനിമിത്തം മൂന്നുതരമാകുന്നു. അതുകളിൽ ഉത്തരോത്തരം—ചമ്മാരത്തെക്കാളും ശുകതുണ്ഡകം, അതിനേക്കാളും ഹംസപാദകം, അധികമായികം ഗുണമുള്ളതാകുന്നു. ഇതുകളിൽ ചമ്മാരമെന്നുള്ളതു് കടും ചുവപ്പുനിറമായിരിക്കും. ശുകതുണ്ഡകം എന്നതു് അല്പം വെള്ളപ്പുനിറംകൂടിയുള്ളതായിരിക്കും. പവിഴനിറവും വെളുത്ത രേഖകളുള്ളതുമായ ചായില്യം ഹംസപാദമെന്നു പേരുള്ളതാകുന്നുവെന്നും പറയുന്നു.

"സംശുകൃതചാർളകദ്രാവൈർ-
ല്ലകുചസ്യാംബുനാപി വാ;
ശോഷിതോ ഭാവയിതാ ച
നിർദ്ദോഷോ ജായതേ ഖലു."

ഇഞ്ചിനീറിലോ അയനിച്ചക്കനീറിലോ ചായില്യം ഇട്ടുവെയ്ക്കുക. പിറേദിവസം എടുത്തുണക്കുക. രാത്രി പിന്നെയും ആ രസത്തിൽ തന്നെ ഇട്ടുവയ്ക്കുക. ഇങ്ങനെ ഏഴു ദിവസം ചെയ്താൽ ചായില്യം ശുദ്ധമാകും.

"മേഷശൃക്ഷീരേണ ദരദ-
മർദ്ധയിത്വൈവ ഭാവിതം;
സപ്തധാരം പ്രയത്നേന
ശുദ്ധിമായാതി നിശ്ചിതം."

ചായില്യം ആട്ടിൻപാലിലിട്ടുവച്ചു പിറേദിവസം അതിൽനിന്നെടുത്തു വെയിലത്തുണക്കുക. രാത്രി അമ്ലദ്രവ്യരസത്തിലിട്ടു വെയ്ക്കുക. പിറേദിവസം ഉണക്കി ആട്ടിൻപാലിലിട്ടു വെയ്ക്കുക. ഇങ്ങനെ ഓരോന്നിൽ

ഏഴേഴുപ്രാവശ്യം ഭാവനചെയ്താൽ അതു ശുദ്ധമാകും. ഇവിടെ "പ്രയതേന" എന്നു പറയുകയാൽ ആട്ടിൻ പാലിലും അല്ലെങ്കിത്തത്തിലും ഭാവനാചെയ്യുന്നതിന്റെ ക്രമം തെറ്റിപ്പോകാതെ മനസ്സിരുത്തേണമെന്നു സാരം.

"അജ്ജലോ ഭരടേ കുത്ഥാ-
മോന്ധ്യം ക്ലൈന്ന്യം ക്ലമം ശ്രമം;
മോഹം മേഹം ച സംശോഷ്യ
ക്രമാദ്ദ്വൈത്യൈസ്തു ഹിംഗുളം."

ചായില്യം ശുദ്ധിചെയ്യാതെ ഉപയോഗിച്ചുപോയാൽ കണ്ണുകാണാതാവുക, ക്ഷീണം, ക്ലമം, ശ്രമം, മോഹാലസ്യം, പ്രമേഹം എന്നിവയുണ്ടാകും. അതിനാൽ വൈദ്യൻ മനസ്സിരുത്തി ശുദ്ധിവരുത്തുകയും വേണം.

"ഹിംഗുളം സർവ്വദോഷഘ്നം
ദീപനോഽതിരസായനം;
സർവ്വരോഗഹരം വൃഷ്യം
ജാരണായാതിശസ്യതേ."

ശുദ്ധിചെയ്ത ചായില്യം വിധിപ്രകാരം ശീലിച്ചാൽ ത്രിദോഷകോപം ശമിക്കുകയും ജാരാഗ്നി വർദ്ധിക്കുകയും ചെയ്യും. ഇതു് രസായനവും സകല രോഗത്തെയും നശിപ്പിക്കുന്നതും വൃഷ്യവുമാകുന്നു. ധാതുക്കളെ ദ്രവിപ്പിക്കുവാനുപയോഗിക്കുകയും ചെയ്യാം.

ഹിംഗുളമാരണവിധി:—

"വില്വമാത്രം താലപിണ്ഡം
ശരാവേ സ്ഥാപയേത്തതഃ;
തസ്മിൻ കൃഷ്ണസമം ദേയം
ശകലം ദിരദസ്യ ച;
പൂരയേദ്ദാർകരസം
ചിഞ്ചാനം തത്ര ബുദ്ധിമാൻ;
പുഷ്പാണിമാഷമാത്രാണി
പരിതഃ സ്ഥാപയേത്തതഃ;
ശരാവസംപുടം കൃത്വാ
മുല്യാം മദ്ധ്യാഗ്നിനാ പചേൽ;
ഘടികാത്രയപര്യന്തം
തത ഉത്ഥായ്യ പേഷയേൽ;
താംബൂലേ ഗുഞ്ജമാത്രം തു
ദേയം പുഷ്ടികരം മതം;
പാണ്ഡുക്ഷയേ ച ശൂലേ ച
സർവ്വരോഗേഷു യോജയേൽ."

ചായില്യം പുടംവയ്ക്കാനുള്ള വിധിയെ വിവരിക്കുന്നു. മുക്കാൽ പണത്തൂക്കം താലീസചൂർണ്ണം കഷായംവെച്ചതിൽ അരച്ചു വില്ലയാക്കി ശരാവത്തിൽവെച്ചു് അതിൽ ഒരു കഷ്ടപ്രമാണം ശുദ്ധിചെയ്ത രസവുംകൂട്ടി അതു രണ്ടും കൂടിയതിന്റെ ഇരട്ടി ഇഞ്ചിനീരും കുറെ ഉഴുന്നിൻപൂവും ആ ശരാവത്തിലാക്കി മറ്റൊരു ശരാവംകൊണ്ടടച്ചു് അടുപ്പുത്തുവച്ചു് മദ്ധ്യാഗ്നിയിൽ മൂന്നു നാഴികനേരം പാകംചെയ്തു വാങ്ങി കുണ്ണിപ്പെറ്റിലനീരിലരച്ചു് അതിൽനിന്നു് ഒരു കുന്നിക്കുരുപ്രമാണംവീതം സേവിക്കുക. ഇതു് സേവിച്ചാൽ ശരീരത്തിനു പുഷ്ടിവരികയും പാണ്ഡു, ക്ഷയം, ശൂലവേദന എന്നിവകൾ ശമിക്കുകയും ചെയ്യും. ഇതു സകല രോഗങ്ങൾക്കും ശീലിപ്പിക്കാവുന്നതാകുന്നു.

ചി

ചിങ്ങാമത്സ്യം.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം പിത്തദോഷത്തെയും, രക്തദോഷത്തെയും, മേദസ്സിനെയും ക്ഷയിപ്പിക്കും. കഫം, വാതം, ശുക്രം, ബലം ഇവയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ചിറ്റിലിക്കാ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. ജ്വരവ്യാധിയെ ശമിപ്പിക്കും. അജീർണ്ണം, ജ്വരം, അതിസാരം, ഛർദ്ദി ഇവയെ ശമിപ്പിക്കും.

ചിറക്കുഴി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം:—മൂന്നു ദോഷങ്ങളേയും കോപിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. കഫത്തെ ശമിപ്പിക്കും.

ചിറ്റമൃതു്.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, ത്രിദോഷം, ആമദോഷം, മേദസ്സു്, തണ്ണീർദാഹം, ചൊറി, പുട്ടനീർ, വിസർപ്പം, മുഴൽച, ചുമ, ഗുല്മം, പാണ്ഡു, കാമല, കൃമി, വാതരക്തം, ജ്വരം, കൃമി, ഛർദ്ദി, അർശ്ശസ്സു്, വായുമുട്ടൽ, പ്രമേഹം, മൂത്രകൃച്ഛ്രം, ഹൃദ്രോഗം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. രസായനമായിരിക്കും. അഗ്നിയേയും, ബുദ്ധിയേയും, ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. സംഗ്രഹണീയ ദീപനീയ വാതശ്ലേഷ്മ ശോണിത വിബന്ധ പ്രശമനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഇതിന്റെ ഇല:—ത്രിദോഷം, പുട്ടനീർ, ജ്വരം, പ്രമേഹം, കൃമി, കാമല, വാതരക്തം ഇവയെ ശമിപ്പിക്കും. ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രസായനമായിരിക്കും.

ചിറ്റരത്ത.

ഇതു കന്ദശാകവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. വ്രണം, കൃമി, ത്രിദോഷം, ജ്വരം, സപ്തവിഷം, തേൾവിഷം, ചിലന്തിവിഷം, എലിവിഷം ഇവയെ ശമിപ്പിക്കും.

ചിറ്റരയാലു്.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്ന അത്തിവസംഗ്രഹിദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, കഫം, കൃമിവിഷം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. പഴുത്ത കായു്:—പിത്തം, പുട്ടനീർ, രക്തദോഷം, വിഷം ഇവയെ ശമിപ്പിക്കും. ഗർഭിണികൾക്കു് ഏറെ നല്ലതു്. അരയാലിന്റെ ഗുണങ്ങളോടുകൂടിയതെന്നു മദനപാലൻ.

ചിറ്റാറനിനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. നവരയോടൊത്ത ഗുണമുള്ളതും വലനെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

ചിറ്റേലം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. കഫം, വാതം, പുമ, വായുമുട്ടൽ, തണ്ണീർദാഹം, ഛർദ്ദി, മൂത്രകൃച്ഛ്രം, അർശ്ശസ്സു്, അശ്മരി ഇവയെ ശമിപ്പിക്കും. പിത്തത്തെയും, അഗ്നിയേയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഗർഭിണികൾക്കു നന്നല്ല. ശീതവീര്യമെന്നും പക്ഷാന്തരമുണ്ടെന്നും പറയപ്പെടുന്നു.

ചീ

ചീങ്കണ്ണി.

ഇതു് മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പാടിവർഗ്ഗത്തിൽചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—പിത്തത്തെ വർദ്ധിപ്പിക്കയില്ല. മലത്തെ പിടിപ്പിക്കും. ദേഹത്തെ തട

പ്പിക്കും. വാതത്തെ ശമിപ്പിക്കും. ബലത്തേയും, ശുക്ലത്തേയും, കഫത്തെയും വർദ്ധിപ്പിക്കും. ശീതവീര്യമെന്നു സുശ്രുതമതം.

ചീഡാദേവതാരം.

ഇതു് ഗന്ധവർഗ്ഗത്തിൽചേർന്നതാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കുകുന്നു. അഗ്നിയെ കൃമിയേയും കഫത്തേയും ശമിപ്പിക്കും. അധികം സേവിച്ചാൽ പിത്തത്തെ കോപിപ്പിക്കും. ശുക്രത്തെ ഉണ്ടാക്കും. നല്ല ഗന്ധമുള്ള ഒരുതരം ദേവതാരമാകുന്നു.

ചീനക്കർപ്പൂരം.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ബുദ്ധിയെ നന്നാക്കും. അഗ്നിയെ പചിപ്പിക്കും. വിശേഷാൽ കൃമി, കഫം, കണ്ണുരോഗം, ചൊറി, കുഷ്ഠം, ചൊറി ഇവയെ ശമിപ്പിക്കും.

ചീനവെള്ളരി.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പിത്തത്തെ ശമിപ്പിക്കും. കഫവാതങ്ങളെ വർദ്ധിപ്പിക്കും. മൂട്ടനീരലിനേയും മെലിവിനേയും തീർക്കും. ഹൃദയപ്രസാദത്തെ വരുത്തും. രുചിയേയും വയറടപ്പിനേയും ഉണ്ടാക്കും. മലത്തെ ഇളക്കും. മൂത്രകരമായിരിക്കും. ഇതിന്റെ കായ് വളരെ വണ്ണംകുറഞ്ഞിരിക്കും.

ചീര (വാസ്തുച്ചീര).

ഇതു് ശാകവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. വാതം, പിത്തം, കൃമി, പ്ലീഹാ, രക്തപിത്തം, മൂത്രത്തടവു്, ജ്വരം ഇവയെ ശമിപ്പിക്കും. അഗ്നിയേയും, ശുക്ലത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. മലത്തെ ഇളക്കും. ബുദ്ധിയെ നന്നാക്കും. ഹൃദയപ്രസാദത്തെ വരുത്തും. വിശദമായിരിക്കും. ഇതു തേനിനോടൊ പാലിനോടൊ ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

"വാസ്തുകം ഗ്രഹണീകുഷ്ഠ-
ത്രിദോഷാശ്രോഹരം സരം;
തദ്വല്ലുങ്കളോ ചില്ലീ
കാകമാക്ഷീ ച മേധികാ."

വാസ്തുച്ചീര ഗ്രഹണി, കുഷ്ഠം, സന്നിപാതകോപം, മൂലക്കുരു എന്നിതുകളെ നശിപ്പിക്കുന്നതും വയറിളക്കുന്നതുമാകുന്നു. ചെറിയ ഇലയായ ചുവന്ന വാസ്തുച്ചീരയും മഞ്ഞത്തക്കാളിയും ഗുണങ്ങളെക്കൊണ്ടു വാസ്തുച്ചീരയോടു തുല്യങ്ങൾതന്നെയാണു്. അതിൽ കാകമാക്ഷി ബുദ്ധിയെ നന്നാക്കുന്നതുമാകുന്നു.

ചീരകച്ചെമ്പാവു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. മിക്കവാറും ചെന്നെല്ലിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ രക്തദോഷത്തെയും, സന്താപത്തേയും, പിത്തത്തെയും, കൂടെഞ്ഞാന്നു വാതത്തേയും ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മംഗല്യപ്രദമായിരിക്കും.

ചീവൽപക്ഷി.

ഇതു വിഷ്കിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—ത്രിദോഷം, കൂട്ടുവിഷം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതു പാണ്ഡുലമെന്നും ഗൌരികമെന്നും പൌണ്ഡ്രകമെന്നും ഭേദമെന്നും നാലുതരമുണ്ടു്. മേല്പറഞ്ഞ ഗുണങ്ങൾ നാലിനും ചേരുന്നവതന്നെ. വിശേഷാൽ പാണ്ഡുലം ഉഷ്ണവീര്യമായിരിക്കും. വാതത്തെ ശമിപ്പിക്കും.

കഫത്തെ വർദ്ധിപ്പിക്കും. ഗൌരികം ഏറ്റവും ലഘുവായും രൂക്ഷമായും ഇരിക്കും. ത്രിദോഷങ്ങളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കുമെന്നു ധന്വന്തരീയമതം. പൌണ്ഡ്രകം:—ലഘുവായിരിക്കും. കഫപിത്തങ്ങളെ ശമിപ്പിക്കും. കാഞ്ചനവർണ്ണത്തെ വർദ്ധിപ്പിക്കും. ദർദ്ദുരം:—കഫപിത്തനാശകമായിരിക്കും. രക്തപിത്തത്തെയും ഹൃദ്രോഗത്തെയും ശമിപ്പിക്കും. ഈ പക്ഷി പ്രകൃത്യാതന്നെ നാനാവർണ്ണമുള്ളതാകുന്നു. ഉപയോഗവിധി—ഇതു് ആവണക്കിൻ തിരകൊണ്ടു തീയെരിച്ചു വേവിച്ചോ ആവണക്കെണ്ണയിൽ വറുത്തോ ഭക്ഷിച്ചാൽ ഏറ്റവും വിശേഷമാം.

ഛ

ചുക്കു്.

ഇതു് വണ്യവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ക്ഷീണം, കഫം, വാതം, നെഞ്ചുകുലിപ്പു്, വായുഗുൽമം, ചുമ, വയറുവീർപ്പു്, വയറുനോവു്, വയറിളപ്പു്, പാണ്ഡു, അരുചി, ശ്ലീപദം, പീനസം, ഗ്രഹണി, അർശ്ശസ്സു്, ഇവയിവ, മഹോദരം ഇവയെ ശമിപ്പിക്കും. അഗ്നി, ഇതുകൊണ്ടു വർദ്ധിപ്പിക്കും. അന്നത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. സ്വരത്തെ നന്നാക്കും. ഹൃദ്രോഗത്തെ വരുത്തും. പിത്തത്തെ കോപിപ്പിക്കയില്ല.

ചുണ്ടും കാലും അല്പം വെളുത്തിരിക്കുന്ന താറാവു്.

ഇതു് അപ്പചരവർഗ്ഗത്തിൽപെട്ട അന്നുപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അന്നുപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു് അരയന്നത്തിന്റെ മാംസത്തോടൊത്തതാകുന്നു. ഉണ്ണുവീയ്പുമെന്നു ചരകമതം.

ചുണ്ടും കാലും കറുത്തിരിക്കുന്ന താറാവു്.

ഇതു് അപ്പചരവർഗ്ഗത്തിൽചേർന്ന അന്നുപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അന്നുപമാംസമെന്നും പക്ഷം. ഉണ്ണുവീയ്പുമെന്നു ചരകമതം. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു് അരയന്നത്തിന്റെ മാംസത്തോടൊത്തതാകുന്നു.

ചുണ്ടും കാലും ചുവന്നിരിക്കുന്ന താറാവു്.

ഇതു് അപ്പചരവർഗ്ഗത്തിൽചേർന്ന അന്നുപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അന്നുപമാംസമെന്നും പക്ഷം. ഉണ്ണുവീയ്പുമെന്നു ചരകമതം. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു് അരയന്നത്തിന്റെ മാംസത്തോടൊത്തതാകുന്നു.

ചുണ്ടെലി.

ഇതു് പ്രസഹ്യവർഗ്ഗത്തിൽചേർന്ന സാധാരണ മാംസമാകുന്നു. വിലേശയവർഗ്ഗത്തിൽചേർന്ന ജാംഗല മാംസമാകുന്നു എന്നും പക്ഷം. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു് ഏലിമാംസത്തോടൊത്തതാകുന്നു.

ചുണ്ണാമ്പു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, രക്തപിത്തം, മേദസ്സു്, പ്ലീഹ, ആനാഹം, മലമൂത്രങ്ങളുടെ തടവു്, ഗുല്മം, പീനസം, ഗ്രഹണി, അർശ്ശസ്സു്, കൃമി ഇവയെ ശമിപ്പിക്കും. ശുക്രത്തെ വർദ്ധിപ്പിക്കും. പിത്തത്തെയും, രക്തദോഷത്തെയും,

നലവിനേയും, പഴുപ്പിനേയും ഉണ്ടാക്കും. ദൃഷ്ടിയെ നശിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഗ്രന്ഥി മുതലായതിനെ പിളർക്കും. മലത്തെ ഇളക്കും. അഗ്നിപോലെ ദാഹകരമായിരിക്കും. ഇതു് എട്ടുതരമുണ്ടു്. എങ്ങനെയെന്നാൽ — മരുതുമരം, എരിക്കു്, കൂടകപ്പാല, മുത്തു്, കല്ലു്, ഉങ്ങുമരം, സ്ഫടികം, പലതരം ചിപ്പി ഇവ എട്ടിനേയും, ഇതുപോലെ ശംഖു് മുതലായ വേറെ വസ്തുക്കളേയും നീറി എടുക്കുന്നതാകുന്നു. മരുതുമരത്തിൽനിന്നു് എടുക്കുന്ന ചുണ്ണാമ്പു് കഫത്തേയും, എരിക്കിൽനിന്നു് എടുക്കുന്നതു് ഗുല്മത്തേയും, കൂടകപ്പാലയിൽനിന്നു് എടുക്കുന്നതു് ശോഷത്തേയും ശമിപ്പിക്കും. മുള്ളിൽനിന്നു് എടുക്കുന്നതു പിത്തത്തെ ശമിപ്പിക്കും. ബലത്തേയും, ജംരാഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കല്ലിൽനിന്നെടുക്കുന്നതു വാതകഫങ്ങളെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ഉങ്ങുമരത്തിൽനിന്നു് എടുക്കുന്നതു വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. സ്ഫടികത്തിൽനിന്നു് എടുക്കുന്നതു പല്ലിനു് ഉറപ്പുവരുത്തും. ചിപ്പിയിൽനിന്നു് എടുക്കുന്നതു കൃമിയെ നശിപ്പിക്കും. രൌക്ഷ്യത്തെ വരുത്തും. പ്ലാശു്, എള്ളിൻതണ്ടു്, ഞെരിഞ്ഞിൽ, കദളിക്കിഴങ്ങു്, വമിയ കടലാടി, ചതുരക്കള്ളി, മുഷ്കകവൃക്ഷം മുതലായവയിൽനിന്നു് എടുക്കാമെന്നും ആദിയിങ്കൽ പറഞ്ഞ സാമാന്യഗുണം ചേരുമെന്നും മദനപാലമതം. ചുണ്ണാമ്പു് വാതകഫങ്ങളേയും, കാത്തു് കഫപിത്തങ്ങളേയും ശമിപ്പിക്കും. രണ്ടുംകൂടി ചേർത്തു് ഉപയോഗിച്ചാൽ ത്രിദോഷങ്ങളെ നശിപ്പിക്കും. മനഃപ്രസാദത്തെ വരുത്തും. വായിൽ നല്ല വെടിപ്പും ഗന്ധവും നല്ല നിറവും വാക്കിനു വ്യക്തിയും ഉണ്ടാക്കും.

ചുത്തപ്പുളി.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫാധികമായ പാണ്ഡു, വാതം, കൃമി ഇവയെ ശമിപ്പിക്കും. കഫത്തേയും പിത്തത്തേയും രക്തത്തേയും ക്ലേദിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശിരോരോഗം, നേത്രരോഗം, തൈമർദ്ദ്യം ഇവയേയും ശമിപ്പിക്കും. മുഴ മുതലായവയെ ഛേദിക്കും. മൂത്രത്തെ പെരുപ്പിക്കും. ഭക്ഷിക്കുന്ന പദാർത്ഥത്തെ താമസിക്കാതെ ദഹിപ്പിക്കും. കണ്ണിനു നന്നല്ല. ഹൃദയപ്രസാദത്തെ വരുത്തും. വിദാഹിയായും സ്വൽപ്പം ശീതമായും ഇരിക്കും. മധുരാമ്ലരസമെന്നു സുസിംഹമതം. പിത്തത്തേയും രക്തദോഷത്തേയും വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം. കഫോൽക്ലേദി എന്നു വാഗ്ഭടമതം ഇരിക്കയാൽ പാകത്തിനുൽ പുളി എന്നു തോന്നുന്നു. ഇതു ശർക്കര, കരിമ്പിൻനീരു്, കള്ളു്, മുന്തിരിങ്ങ മുതലായവയെ ഉണ്ടാക്കുന്നതാകുന്നു. എന്നാൽ ശർക്കരകൊണ്ടു് ഉണ്ടാക്കുന്നതിനേക്കാൾ കരിമ്പിൻനീരുകൊണ്ടു് ഉണ്ടാക്കുന്നതു ലഘുവായിരിക്കും. അതിനെക്കാൾ മുന്തിരിങ്ങകൊണ്ടു് ഉണ്ടാക്കുന്നതു ലഘുവായിരിക്കും. ഇപ്രകാരം മുമ്പേമുമ്പേ പറഞ്ഞതു് അഭിഷ്യന്ദിയായിരിക്കും.

ചുരവിത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വ്രണത്തെ ശോധിപ്പിക്കും.

മലത്തെ ഇളക്കി പുറത്തുകളയും. കൃമി, വാതം, കഫം, കഫം ഇവയെ ശമിപ്പിക്കും.

ചുവന്ന അരളി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന കണ്ഡൂപ്പദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു കണവീരത്തിനോടൊത്തതാകുന്നു. വിശേഷാൽ മലത്തെ ഇളക്കും.

ചുവന്ന ആമ്പൽ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം ആമ്പലിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചുവന്നഉള്ളി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. വെള്ളുള്ളിയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ഗ്രഹണിയേയും, അർശ്ശസ്സിനേയും ശമിപ്പിക്കും. വെള്ളുള്ളിയെപ്പോലെ പിത്തത്തെ കോപിപ്പിക്കയില്ല. മലത്തെ പിടിപ്പിക്കും. വിയർപ്പിനെ ഉണ്ടാക്കും.

ചുവന്ന കടുകെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശ്ലേഷ്മത്തെ ക്ഷയിപ്പിക്കും. വാതത്തെ ശമിപ്പിക്കും. പലപ്രകാരമുള്ള തോലിന്റെ ദോഷത്തെ തീർക്കും. മൂത്രകൃച്ഛ്രത്തെ ഉണ്ടാക്കും. മറ്റുള്ള ഗുണങ്ങളും കടുകെണ്ണയ്ക്കു പറഞ്ഞതുതന്നെ. ശീതവീര്യമെന്നു സിംഹമതം.

ചുവന്ന കണ്ണൻചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. അഗ്നിയെ വർദ്ധിപ്പിക്കും. മറ്റുള്ള ചേമ്പുകൾപോലെ കഫവാതങ്ങളെ വർദ്ധിപ്പിക്കയില്ല. വെട്ടുചേമ്പിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

ചുവന്ന കുരിമ്പു്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം കുരിമ്പിന്റെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. രക്തദോഷം, പിത്തം, ചൂടുനീർ, മൂത്രകൃച്ഛ്രം, ഇവയെ ശമിപ്പിക്കും. മൃദുവായിരിക്കും.

ചുവന്നകുന്നി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്പദ്രവ്യമാകുന്നു. പിത്തം, ജ്വരം, വാതം, തലതിരിച്ചിൽ, വായുരോഗം, തണ്ണീർദാഹം, മദം, വായുമുട്ടൽ, നേത്രരോഗം, ചൊറി, കുഷ്ഠം, വ്രണം, കൃമി, തലനോവു്, രാക്ഷസഗ്രഹപീഡ ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മുടിയേയും തോലിനേയും നന്നാക്കും. ശീതവീര്യമെന്നുപക്ഷം. ഇതിന്റെ ബീജം:—ഛർദ്ദിയെ ഉണ്ടാക്കും. ഉപയിഷങ്ങളിൽ ചേർന്നതാകുന്നു. ഇതിന്റെ ഇല:—വിഷത്തെ ശമിപ്പിക്കും വേരു്:—വിശേഷാൽ ശൂലത്തെ ശമിപ്പിക്കും. അഞ്ജനലേപനാദികളിൽ ഉപയോഗിക്കേണ്ടതാകുന്നു.

ചുവന്ന കൊടുവേലി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. സാമാന്യം കൊടുവേലിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ദോഷത്തെ തടിപ്പിക്കും കുഷ്ഠത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ലോഹവേധത്തെയും രസബന്ധനത്തെയും ചെയ്യും. ഇതിന്റെ പൂവു് ചുവന്നതായിരിക്കും.

ചുവന്നചേമന്തി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്നതാകുന്നു. ഗുണങ്കൊണ്ടു ചേമന്തിയോടു ഒത്തതാകുന്നു. വിശേഷാൽ തേർപ്പുവിഷദത്തെയും രക്തദോഷത്തേയും ശമിപ്പിക്കും. ചേമന്തികൾ എല്ലാറ്റിനും ഗുണസാമ്യങ്കൾ ഉണ്ടെന്നു മദനപാലമതം. പൂവു ചുവന്നതായിരിക്കും.

ചുവന്ന ചെറിയയാകച്ചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. നെഞ്ചിൽ തടയുന്ന കഫത്തെ ശമിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. എണ്ണയിൽ വറുത്താൽ ഏറ്റവും രുചിയെ കൊടുക്കും. ഇതിന്റെ മുഖം നീണ്ടതും, നന്നാ ചുവന്നതും, ചൊറുതരവും ആകുന്നു.

ചുവന്ന ചെറിയ വാസ്തുച്ചീര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. ചീരയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ പിത്തം, കഫം, പ്രമേഹം, മൂത്രകൃച്ഛ്രം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. പഥ്യമായിരിക്കും. ചവയ്പ്പുസംകൂടെ ഉണ്ടെന്നും പക്ഷം.

"വാസ്തുകം ഗ്രഹണീകൃച്ഛ്-
ത്രിദോഷശ്ശോ ഹരംസ്മരം;
തദ്വല്ലഘുടളോ ചില്ലീ
കാകമാചീ ച മേധികാ."

വാസ്തുച്ചീര ഗ്രഹണി, കൃച്ഛ്രം, സന്നിപാതകോപം, മൂലക്കുരു എന്നിവകളെ ശമിപ്പിക്കും. മലമിളക്കുന്നതുമാകുന്നു. ചെറിയ ഇലയോടുകൂടിയ ചുവന്ന വാസ്തുച്ചീരയോടു തുല്യങ്ങൾതന്നെയാണു്. അതിൽ കാകമാചി ബുദ്ധിയെ നന്നാക്കുന്നതുമാകുന്നു.

ചുവന്ന ചൊറുപ്പയരു്.

ഇതു് ശൈത്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. സാമാന്യം ചൊറുപ്പയറിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചുവന്ന തഴുതാമ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഇതിന്റെ ഇലയും തണ്ടും പൂവും ചുവന്നതായിരിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതിന്റെ ഇല:—എരിയുള്ളതെന്നും വാതകഫങ്ങളെ ശമിപ്പിക്കുമെന്നും സുശ്രുതമതം. രക്തദോഷം, കഫം, പിത്തം, പാണ്ഡു, വീക്കം, അസ്രഗ്ദരം ഇവയെ ശമിപ്പിക്കും.

ചുവന്ന തുളസി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. സാമാന്യം തുളസിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. രസാദികളും തുല്യങ്ങൾതന്നെ.

ചുവന്ന പാച്ചോറ്റി.

ഇതു പണ്ടവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഗുണങ്കൊണ്ടു പാച്ചോറ്റിയോടൊത്തതാകുന്നു. പാച്ചോറ്റിയെക്കാൾ ഗുണമേറിയതെന്നു സുസിംഹമതം.

ചുവന്നപൂവുള്ള മുക്കുറിഞ്ഞി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്കൊണ്ടു മുക്കുറിഞ്ഞിയോടൊത്തതാകുന്നു.

ചുവന്നാവണക്കു്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. വെളുത്ത ആവണക്കിനു പറഞ്ഞ ഗുണങ്ങളോ

ഴിക്കൂടിയതാകുന്നു. വിശേഷാൽ വീക്കം, കഫം, പാണ്ഡു, രക്തദോഷം, വായുമുട്ടൽ, ജ്വരം, ഭ്രമം, അരോചകം ഇവയെ ശമിപ്പിക്കും. ആമത്തെപചിപ്പിക്കും. ഇതിന്റെ വിത്തു വെള്ളത്താവണക്കിന്റെ വിത്തിനേക്കാൾ ചെറുതായിരിക്കും.

ചുവപ്പും കറുപ്പും നിറമായ രോമമുള്ള മാൻ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—സാമാന്യം മാൻമാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചൂ

ചൂടുവെള്ളം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. തീയിൽവച്ചു എട്ടിലൊന്നോ നാലിലൊന്നോ പാതിയോ ശേഷിപ്പിച്ചിട്ടും അല്ലെങ്കിൽ തിളപ്പിച്ചോ എടുക്കുന്ന വെള്ളത്തെ ചൂടുവെള്ളമെന്നു പറയാം. വാതം, കഫം, ചുമ, വായുമുട്ടൽ, ജ്വരം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. ഇതു മിക്കവാറും രാത്രികാലങ്ങളിൽ ഉപയോഗിക്കേണ്ടതാകുന്നു. എപ്പോഴും ഹിതമെന്നു സുശ്രുതമതം.

ചൂണ്ടപ്പന.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. തണ്ണീർദോഷം, പിത്തം, ചൂട്ടുനീർ, ശ്രമം ഇവയെ ശമിപ്പിക്കും. കഫവാതങ്ങളെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ചൂരൽ.

ഇതു ശാകവർഗ്ഗത്തിൽചേർന്ന വൃക്ഷാകമാകുന്നു. ഇതിന്റെ ഗുണം:—പിത്തകഫങ്ങളെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദീപനമായിരിക്കും. കൃമിയെ നശിപ്പിക്കും. മലത്തെ ഇളക്കുമെന്നു ഭാഷാഗുണപാഠം. ഇതിന്റെ കായ്:—വാതത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. കഫോൽക്ലേശത്തെച്ചെയ്യും. ധരിച്ചാൽ ഭൂതപീഡയെ മാറ്റും. സുശ്രുതത്തിൽ അമ്ലഫലവർഗ്ഗത്തിൽചേർത്തു പറഞ്ഞിരിക്കുന്നു.

ചൂളപ്പാവ്.

ഇതിന്റെമാംസം പ്രതുദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. പച്ച നിറവും കഴുത്തിന്നു ചുവന്ന വരയും ഉള്ളതാകുന്നു. ഉപയോഗവിധി— ഇതു് മഞ്ഞപ്പൊടിയും ഉപ്പും കൂട്ടി പചിച്ചുഭക്ഷിച്ചാൽ വിശേഷം. ഇതിന്റെ മാംസം—കഫപിത്തങ്ങളെ ശമിപ്പിക്കും. കുറഞ്ഞൊന്നു: വാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ തടുക്കും. ഒച്ചയെ നന്നാക്കും. രുചിയേയും, വിയപ്പിനേയും ഉണ്ടാക്കും. ശീതവീര്യമെന്നു സംഗ്രഹം.

ചെ

ചെങ്കടുക്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. കഫം, വാതം, കൃമി, ഗുല്മം, പ്ലീഹ, വ്രണം, കുഷ്ഠം, ശൂലം, ശോഥം, ആടോപം, ചൊറി, കോഠം, രാക്ഷസപീഡ ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും കോപിപ്പിക്കും. രുചി

യെ ഉണ്ടാക്കും. ഇതിന്റെ ശാകം—കൃമിയെ നശിപ്പിക്കും. ദോഷത്തെ ക്ലേശത്തെ ചെയ്യും. ശുക്ലത്തെ ക്ഷയിപ്പിക്കും. മലത്തെ തടുക്കും. രുചിയെ ഉണ്ടാക്കും. ഭിഷ്ടിമ്പലത്തെ കുറക്കും. വിദാഹിയായിരിക്കും.

ചെങ്കരിങ്ങാലി.

ഇതുആരണ്യകവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. സാമാന്യം കരിങ്ങാലിയുടെ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽരക്തവാതം, ഉന്തരോഗം, ഭൂതപീഡ, ജ്വരം, വ്രണം, ഇവയെ ശമിപ്പിക്കും. ഇതിന്റെ കാതൽ നന്നാചുവന്നതായിരിക്കും.

ചെങ്കവരിമാൻ.

ഇതു മഹാമൃഗവർഗ്ഗത്തിൽചേർന്ന ജന്തുപമാംസം ആകുന്നു. ക്ഷുദ്രചതുഷ്പദവർഗ്ഗത്തിൽ ചേർന്ന ജന്തുപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം-വാതപിത്തങ്ങളെ ശമിപ്പിക്കും. ശുക്ലത്തേയും കഫത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

ചെങ്കവരിമീൻ.

ഇതു നാദേയവർഗ്ഗത്തിൽ ചേർന്ന ജന്തുപമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ ശിരോരോഗം, വാതം, അർദ്ദിതവാതം ഇവയെ ശമിപ്പിക്കും. പിത്തത്തെ ഏറെ വർദ്ധിപ്പിക്കയില്ല. ശുക്ലത്തെ വർദ്ധിപ്പിക്കും. ഇതിന്റെ തല—ശിരോരോഗത്തിങ്കൽ ഏറെ നല്ലതു്. എല്ലാ മത്സ്യങ്ങളിലുംവെച്ചു ശ്രേഷ്ഠമാകുന്നു.

ചെങ്കുക.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു മിക്കവാറും കുരിങ്കുകയോടൊത്തതാകുന്നു.

ചെങ്കറിഞ്ഞി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, രക്തദോഷം, പിത്തം, ജ്വരം, വീക്കം, വായുമുട്ടൽ, വയറുവീർപ്പു്, ശൂലം, കൃമി, വാതരോഗം ഇവയെശമിപ്പിക്കും. ഇതിന്റെ പൂവു് ചുവന്നതായിരിക്കും.

ചെങ്കൊടിത്തുവ.

ഇതു് വൃക്ഷുപവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു വെങ്കൊടിത്തുവയോടു തുല്യമാകുന്നു. വിശേഷാൽ പിത്തം, വാതം, വിഷമജ്വരം, പ്രമേഹം, മോഹം, ഗുല്മം ഇവയെ ശമിപ്പിക്കും. പിത്തശ്ലേഷ്മോപശോഷണങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. എരിയും, പുളിയും, ക്ഷാരരസവും, കുറഞ്ഞ ചൂടും ഉള്ളതെന്നു ധന്വന്തരിമതം.

ചെങ്ങഴിനീർ.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു സൈരീയകത്തോടൊത്തതാകുന്നു.

ചെഞ്ചല്യം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്ന സന്ധാനീയ ദ്രവ്യമാകുന്നു. കഫം, പിത്തം, വാതം, വിഷം, രക്തദോഷം, വ്രണം, ജ്വരം, ഗ്രഹപീഡ, മുറിവു്, വിഷം, പാമ്പു്കടി തീപൊള്ളിയവ്രണം ശൂലം, അതിസാരം, അർശസ് വിയർപ്പു് ഇവയെ ശമിപ്പിക്കും മലത്തെ പിടിപ്പിക്കും. തൈലസംസ്കാരത്തിങ്കൽ

നല്ലതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു രാജനിഘണ്ടുവിലും, കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു ധന്വന്തരിനിഘണ്ടുവിലും കാണുന്നു.

ചെഞ്ചല്യത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിസർപ്പരോഗം, കൃമി, വ്രണം, കുഷ്ഠം, ചൊറി, വാതം, കഫം ഇവയെ ശമിപ്പിക്കും.

ചെഞ്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പുരാകമാകുന്നു. കഫം, രക്തദോഷം, പിത്തം, മദം, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. മലത്തെയിളക്കും. വാതത്തെ വർദ്ധിപ്പിക്കും. സന്തുഷ്ടനമായിരിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. ദോഷങ്ങളെ കോപിപ്പിക്കയുമില്ല. ഇതു വാസ്തുച്ചീരയുടെ ആകൃതിയോടു കൂടിയതും ഏറ്റവും ചുവന്നതും ആകുന്നു.

ചെട്ടിവെള്ളരി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. അശ്മരി, പ്രമേഹം, മെലിവു്, ചുട്ടനീറൽ, മൂത്രകൃച്ഛ്രം, പിത്തം ഇവയെ ശമിപ്പിക്കും.

ചെന്താമര.

ഇതു ഉല്പലവർഗ്ഗത്തിൽചേർന്നതാകുന്നു. വെള്ളത്താമരയുടെ കുറഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു. എരിവിരുപ്പുകളോടുകൂടെ ഉണ്ടെന്നും മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നും ശുക്ലത്തെ വർദ്ധിപ്പിക്കുമെന്നും ധന്വന്തരിനിഘണ്ടുവിലും കാണുന്നു.

ചെന്നായു്.

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്നു സാധാരണമാംസമാകുന്നു. ഗ്രാമ്യയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം—പഴകിയ ങശ്സു്. പ്രമേഹം, ഗ്രഹണി, ക്ഷയം, ഗ്രന്ഥിരോഗം, മഹോദരം, വാതം, നേത്രരോഗം, ജാഡ്യം ഇവയെ ശമിപ്പിക്കും. കഫം, പിത്തം, ബലം, ശുക്ലം, മാംസം ഇവയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. ഒച്ചയെ നന്നാക്കും. നിത്യവും ഉപയോഗിക്കാം.

ചെന്നെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിധാന്യമാകുന്നു. ശാലികളിൽ വച്ചു ശ്രേഷ്ഠം. മൂന്നുദോഷം, തണ്ണീർദാഹം, ചുട്ടനീറൽ, ശ്രമം, രക്തദോഷം, ചുമ, മുഖരോഗം, വിഷം, വായുമുട്ടൽ, നേത്രരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും, അഗ്നിയേയും വിശേഷാൽ ബലത്തെയും വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. ഒച്ചയെ നന്നാക്കും. മേധാകാന്തിയേയും പുഷ്ടിയേയും ചെയ്യും. ഏടയപ്രസാദത്തെ വരുത്തും. എല്ലാ രോഗങ്ങളിലും പഥ്യമെന്നു ധന്വന്തരിനിഘണ്ടുവിലും കാണുന്നു.

ചെന്നെല്ല മുതലായവ.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. കുറഞ്ഞൊന്നു വാതത്തെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. മേധാത്തെ തടിപ്പിക്കും. സ്വരത്തെ നന്നാക്കും. മലത്തെ കുറയ്ക്കുകയും തടുക്കുകയും ചെയ്യും രുചിയെ ഉണ്ടാക്കും. ശുക്ലം, ബലം ഇവയെ വർദ്ധിപ്പിക്കും. പഥ്യങ്ങളായിരിക്കും. കുറഞ്ഞൊന്നു വാതകഫങ്ങളെ വർദ്ധിപ്പിക്കുമെന്നും വിശേഷാൽ പിത്തത്തെ ശമിപ്പിക്കുമെന്നും സുശ്രുതമതം.

വെട്ടിച്ചുട്ട നിലത്തിലുണ്ടാകുന്ന നെല്ല് — മലമൂത്രങ്ങളെ തടുക്കും. കഫത്തെ വലിപ്പിക്കും. താമസിയാതെ ദഹിക്കും.

നല്ലവണ്ണം ഉഴവുചെയ്യുന്ന നിലത്തിലുണ്ടാകുന്ന നെല്ല് — വാതപിത്തങ്ങളെ നശിപ്പിക്കും. ശുക്ലത്തെയും, കഫത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. മലത്തെ കുറയ്ക്കും. ബുദ്ധിപ്രസാദത്തെ ചെയ്യും.

ഉഴവുചെയ്യാത്ത നിലത്തിലുണ്ടാകുന്ന നെല്ല് — കഫപിത്തങ്ങളെ നശിപ്പിക്കും. കുറഞ്ഞതാന്നു ജംരാഗ്നിയേയും വാതത്തെയും വർദ്ധിപ്പിക്കും.

ഉഴവുചെയ്ത നിലത്തിലോ ഉഴവുചെയ്യാത്ത നിലത്തിലോ വിതച്ചു് ഇളക്കിനടാതെഉണ്ടാകുന്ന നെല്ല് — കഫത്തെയും. ശുക്ലത്തെയും. ബലത്തെയും വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. മലത്തെകുറയ്ക്കും

താനേ ഉണ്ടാകുന്ന നെല്ല—കുറഞ്ഞഗുണങ്ങളോടുകൂടിയതാകുന്നു.

ഇളക്കിനട്ടുണ്ടാക്കിയ നെല്ല് — പുതിയതായിരുന്നാൽ ശുക്ലത്തെ വർദ്ധിപ്പിക്കും. പഴകിയാൽ ലഘുവായിരിക്കും. താമസിയാതെ ദഹിക്കും.

രണ്ടുപ്രാവശ്യത്തിലധികം ഇളക്കി നട്ടുണ്ടാക്കിയനെല്ല് — മുമ്പിലത്തേതിൽഎട്ടിലൊന്നു ഗുണമേറിയതും ആകുന്നു. വിദാഹിയല്ല. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും.മൂത്രത്തെ പെരുപ്പിക്കും.

മുറിച്ചു നട്ടുണ്ടാക്കിയ നെല്ല് — കഫത്തെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. മലത്തെ തടുക്കും. പിത്തകഫങ്ങളെ ശമിപ്പിക്കുമെന്നും പക്ഷം. താമസിയാതെ ദഹിക്കും.

ചെന്നെല്ലുമുതലായവകൊണ്ടുണ്ടാക്കിയകാടി.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ക്ലമം, അരുചി, വസ്തിശൂലം, വാതരോഗം, ശ്രമം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. കഷായവസ്തിയിങ്കൽ നല്ലതാകുന്നു. ഒഴുക്കിയാൽ മുട്ടുനീരലിനെ തീർക്കും. കുടിച്ചാൽ തണ്ണീർദ്ദാഹം, വാതം, കഫം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. അമത്തെ പചിപ്പിക്കും. കുമിൾ കൊണ്ടാൽ വായിലെ ദുർഗ്ഗന്ധം, വൈരസ്യം, വരൾച്ച, മലം, അണ്ണാക്കിലുംമറ്റും തടഞ്ഞിരിക്കുന്ന കഫം ഇവയെ ശമിപ്പിക്കും. കാടിയുടെ ഗുണങ്ങളോടുകൂടിയതെന്നു ചരകമതം.

ചെമ്പരുത്തി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന ആർത്തവസംഗ്രാഹി ദ്രവ്യമാകുന്നു. പ്രദരത്തെയും, കൃച്ഛ്രിയേയും, പ്രമേഹത്തെയും ശമിപ്പിക്കും. പുഷ്പിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ഗർഭവൃദ്ധിയെ ചെയ്യും. കൃമിയെ ജനിപ്പിക്കും. അരച്ചുതേച്ചാൽ ഇന്ദ്രലുപ്തത്തെ നശിപ്പിക്കും. ഉണ്ണുവീഴ്ച്ചയെന്നു ഗുസിംഹമതം. ഇതിന്റെ പൂവു് മുഖ്യനേത്രായിരിക്കും.

ചെമ്പല്ലിമീൻ.

ഇതു നാദേയമത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

ചെമ്പു്

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ധാതുവാകുന്നു. പാണ്ഡുകുഷ്ഠം, പിത്തം, ജ്വരം, മദ്യോദരം, അർശ്സ്സു്, കൃഷ്ണം, ചുമ, വായുമുട്ടൽ, അമ്ലപിത്തം, ക്ഷയം, പീനസം, ശ്ലീപദം,

കുന്നു. ഇതുകൾ വിഷസദൃശങ്ങളും ആയിരിക്കും. ചെമ്പിൽ ഈ പറഞ്ഞ ദോഷങ്ങൾ എല്ലാം ഉണ്ടാകയാൽ അതിനെ ദോഷശാന്തിവരുത്തുവാനായി ശുദ്ധിചെയ്യുകയും വേണം. ചെമ്പു ശുദ്ധിചെയ്യുവാനുള്ളവിധി:—

"വജ്രീദുശ്ചുസ്സുലവണൈ-
സ്താമ്രപത്രം വിലേപിതം;
അഗ്നൌ സന്താപ്യ നിർഗ്ഗുണ്ഡീ-
രസൈശ്ച സംസേചയേത്ത്രിശഃ;
സ്നുഹ്യർക്കക്ഷീരസേകൈവം
ശുദ്ധ്യേച്ഛുദ്ധിമിഹ പ്രജായതേ."

ചതുരക്കള്ളിപ്പാലിൽ ഇരുമ്പു പൊടിച്ചുചേർത്തു അതു ചെമ്പുതകിടിന്മേൽ പുരട്ടി തീയിൽകാണിച്ചു പഴുപ്പിച്ചു അതിന്മേൽ കരിനൊച്ചി ഇല ഇടിച്ചുപിഴിഞ്ഞ നീരു ഒഴിക്കുക. ഇങ്ങനെ മൂന്നുപ്രാവശ്യം ചെയ്യുക. എന്നാൽ ചെമ്പു ശുദ്ധിയാകും. കരുനൊച്ചിനീരിന്റെ സ്ഥാനത്തു കള്ളിപ്പാലോ, എരുക്കിൻ പാലോ ഉപയോഗിക്കാം.

"പൂണ്ണം ശുദ്ധസ്യ താമ്രസ്യ
സമം സൂതം വിമർദ്ദയേൽ;
ഖല്വേ ജംബീരനീരേണ
തയോസ്തുല്യം തു ഗന്ധകം;
ദിനം ഗജപുടേ പാച്യം
താമ്രം ഭസ്മ പ്രജായതേ."

മുൻപറഞ്ഞ വിധിപ്രകാരം ശുദ്ധിചെയ്ത ചെമ്പു രാസ്നിപൊടിച്ചുപൊടിയും അതു തുക്കംരസവും അതുരണ്ടും കൂടിയിടത്തോളം ഗന്ധകവും കൂടി കഴിയക്കിയിൽ ചെറുനാരങ്ങാനീരു ചേർത്തരച്ചു യോജിപ്പിച്ചു ഗജപുടത്തിൽ ഒരു ദിവസം മുഴുവൻ പാകം ചെയ്താൽ ചെമ്പുഭസ്മമാകും.

"സൂക്ഷ്മാണി താമ്രപത്രാണി
കൃത്വാ സംസേചയേദ് ബുധഃ;

വീക്കം, കൃമി, സ്ഥൗല്യം, ശൂല ഇവയെ ശമിപ്പിക്കും. വിശപ്പിനെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. മലത്തെ ഇളക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. കണ്ണിനു നല്ലതു്. ശുക്ലാ ദോഹപുഷ്ടിയെച്ചെയ്യും. വ്രണത്തെ വരട്ടും. ഛർദ്ദിയെയും വിരേചനത്തെയും ഉണ്ടാക്കുമെന്നും, ഉണ്ണുവീര്യമെന്നും, പാകത്തിങ്കൽമധുരമെന്നും രസരത്നസമുച്ചയം. ചെമ്പു ഒത്തിപ്പൂവിന്റെ നിറമുള്ളതായും, സ്നിഗ്ദ്ധമായും, പതുപ്പുള്ളതായും, അടിച്ചുപരത്തിയാൽ പൊട്ടാത്തതായും, അന്യലോഹങ്ങൾ ചേരാത്തതായും ഇരിക്കുന്ന ചെമ്പു് നല്ലതാകുന്നു.

"ന വിഷം വിഷമിത്യാഹു-
സ്താമ്രം തു വിഷമുച്യതേ;
ഏകോ ദോഷോ വിഷേ താമ്രേ
തത്രപ്തേ ദോഷാഃ പ്രകീർത്തിതാഃ;
ഭ്രമോ മൂർച്ഛാ വിദാഹശ്ച
സേചനക്ലേദനവാന്തയഃ;
അരുചിശ്ചിത്തസന്താപ
ഏതേ ദോഷാ വിഷോപമാഃ;
തസ്മാൽ സംശോധയേത്താമ്രം
തദ്ദോഷവിനിവൃത്തയേ."

വിസനാഭി മുതലായ സ്ഥാവരവിഷവ്യത്യങ്ങളൊന്നുമല്ലവിഷം. വിഷമെന്നതു ശുദ്ധിചെയ്യാതെയുള്ള ചെമ്പുതന്നെയാണു്. വിഷഭക്ഷണത്തിൽ ഒരോരോ ദോഷം അതായതു അധികമിത്താ മരിച്ചുപോകാ എന്ന ദോഷമാത്രമേ ഉള്ളു. ചെമ്പിനാണു്, അതിൽ ഇവ പറയുന്ന എട്ടുദോഷങ്ങളും പരിപൂർണ്ണമായിട്ടുണ്ടു്. അവകളെന്തല്ലാമെന്നാൽ—രക്തതിരിപ്പു്, മോഹാലസ്യം, മൂർച്ഛകുത്തൽ, പിടിയ്പു്, നനവു, മരിപ്പു, രുചിക്ഷയം, ചിത്തസന്താപം എന്നിവകളാ

ദ്ധാസരത്രയമപ്യേന
തതഃ ഖലേ ച വിനിക്ഷിപേൽ;
പാദാംശം സൂതകം ഭേത്യാ
ദ്ധാമമപ്യേന മർദ്ദയേൽ;
തത ഉദ്ധ്യ പത്രാണി
ലേപയേദ് ദ്വിഗുണേനാ ച;
ഗന്ധകേനാപ്യപുഷ്പേണ
തസ്യ കൃത്വാച്ചഗോളകം;
തതഃ പിഷ്ട്വാച്ച മീനാക്ഷീം
ചാങ്ഗേരീം വാ പുനർന്നവാം;
തൽകല്പേന ബഹിർഗ്ലോളം
ലേപയേദംഗുലോന്മിതം;
ധൃത്വാ തദ്ഗോളകം ഭാണ്ഡേ
ശരാവേണ ച രോധയേൽ;
വാലുകാഭിഃ പ്രപൂര്യാഥ
വിന്യസേദ്വണാംബുഭിഃ;
ഭേത്വാ ഭാണ്ഡമുഖേ മുദ്രാം
തതശ്ചൂല്യാം വിപാചയേൽ;
ക്രമവൃദ്ധ്യാഗ്നിനാ സമ്യ-
ഗ്വ്യാവർത്യാമചതുഷ്ടയം;
സ്വാംഗശീതളമുദ്ധൃത്യ
മർദ്ദയേൽ സൂരണദ്രവൈഃ;
ദ്വിനൈകം ഗോളകം കൃത്വാ-
ഽർക്കഗന്ധേന ലേപയേൽ;
സപ്തധേന തതോ മൂഷാം
പൂടേ ഗജപുടേ പചേൽ;
സ്വാംഗശീതം സമുദ്ധൃത്യ
മൃതം താമ്രം ശുഭം ഭവേൽ;
വാന്തിം ക്ലാന്തിം ഭ്രമം മൂർച്ഛാം
ന കരോതി കദാചന."

ശുദ്ധിചെയ്ത ചെമ്പു കനംകുറഞ്ഞ തകിടാക്കി പരത്തി പുളികലക്കിയ വെള്ളത്തിലിട്ടു പൂടചിടിപ്പിച്ചുവെയ്ക്കുക. ഇങ്ങനെ മൂന്നു ദിവസം കഴിഞ്ഞാൽ ആ തകിടുകൾ അതിൽനിന്നും എടുത്തു കഴുകി അമ്മിയിലിട്ടു് എടുത്തു് ആ ചെമ്പുതകിടിന്റെ നാലിലൊരുഭാഗം തൂക്കം ശുദ്ധിചെയ്ത രസവും ജോനകനാരങ്ങാ നീരും ചേർത്തു ഒരു യാമം അരച്ചു പിന്നെ തകിടിന്റെ ഇരട്ടി തൂക്കം ഗന്ധകം അല്പരസത്തിൽ അരച്ചു് അതുകൊണ്ടു രസംപൂരട്ടി ഉണക്കിയ ചെമ്പുതകിടുകളെല്ലാം ഒരുമിച്ചുയച്ചു അതു നല്ലവണ്ണം പൊതിഞ്ഞു ഒരു ഉരുള ആക്കുക. പിന്നെ മീനാങ്ങാണിയോ പുളിയാരരിലയോ തമിഴാമയോ അരച്ചു ആ ഉരുളയുടെ മീതെ ഒരംഗുലം കനത്തിൽ തേച്ചു ഉണക്കുക. പിന്നെ ആ ഉരുള ഒരു ശരാവത്തിൽവെച്ചു മറൊരു ശരാവംകൊണ്ടു അടച്ചു ശീലമണ്ണചെയ്തു. പിന്നെ ഒരു കലത്തിൽ കുറെ മണലിട്ടു മൂൻപറഞ്ഞ ശരാവസംപുടം അതിൽവെച്ചതിനുശേഷം ഭസ്മവും ഉപ്പും വെള്ളവുംകൂട്ടി കുഴച്ചു സംപുടം മൂടത്തക്കവണ്ണം കലത്തിലിട്ടു കലം മറൊരു ശരാവംകൊണ്ടു കമുത്തി അടച്ചു അടുപ്പുത്തുവച്ചു ക്രമപ്രവൃദ്ധിയായി ഇടയിടാതെ നാലുയാമനേരം തീ കത്തിച്ചാൽ പിന്നെ കത്തിക്കേണ്ട. ആ തീ നല്ലവണ്ണം ആറി കലം കൈകൊണ്ടുഎടുക്കാറായാൽ വാങ്ങി കലംതുറന്ന ശരാവസംപുടമെടുത്തു് അതും തുറന്ന ആ ചെമ്പു പിന്നെ കാട്ടുചേനയുടെ നീരിൽ ഒരുദിവസം മുഴുവൻ അരച്ചു് ഉരുട്ടി അതിന്റെ തൂക്കത്തിൽ പകുതി തൂക്കം ഗന്ധകം നെയ്യിൽ അരച്ചു ആ ഉരുളയുടെമീതെ പൊതിഞ്ഞു മൂശയിൽവെച്ചു അടച്ചു ശീലമണ്ണചെയ്തു ഗജപുടംചെയ്തു് അതീയ്യു് നല്ലവണ്ണം ആറിയാൽ മൂശ കൈകൊണ്ടു് എടുത്തു മണ്ണകളഞ്ഞു തുറന്നുനോക്കിയാൽ ചെമ്പു നല്ല ഭസ്മമായിരിക്കും. അതു മൃതമാകുന്നു എന്നുവെച്ചാൽ ചെമ്പിലുള്ള ദുഷ്ടാംശം മുഴുവൻ തീരെ നശിക്കുന്നതാകുന്നു. ഇതു ചെമ്പു ശീലിപ്പിക്ക

വാൻ പറയുന്ന ഏതു തരക്കാർക്കും ഉപയോഗിക്കാവുന്നതാണു്. ഇതു നോവിച്ചാൽ ചെമ്പു ഞകത്തുചെന്നാൽ ഞതിന്റെ മലദോഷംനിമിത്തം സംഭവിക്കാവുന്ന ഛർദ്ദി, തളർച്ച, തലതിരിച്ചിൽ, മോഹാലസ്യം മുതലായ യാതൊരു ദോഷവും ഒരിക്കലും സംഭവിക്കയില്ല എന്നും ധരിക്കണം.

"ശുദ്ധതാമ്രസ്യ പത്രാണി
ശുക്തിദ്വയമിതാനി ച;
ത്രപുശുക്തിമിതഃ പ്രൈവ
വേഷ്ടയിത്വാ ച താനിതു;
യാമം പചേദ് ഘടീയന്ത്രേ
യദാ ത്രപുമയം തദാ;
തൽസപ്താംശമിതം നിഷ്കാസ്യ
ഭക്ഷായേദല്പസമ്മിതം;
ശൃംഗവേരയവക്ഷാര-
ശോഷണൈസ്തന്നിഹന്തി ച;
കഫാമയാരുചിപ്ലീഹാ-
ഗ്രഹൂപുതാമ്രമിദം സ്മൃതം."

ഇനി ത്രപുതാമ്രമെന്ന മറ്റൊരു തരം താമ്രവിധിയുണ്ടു്. ശുദ്ധിചെയ്ത ചെമ്പിൻതകിടു പലം ഒന്നു്, ശുദ്ധിചെയ്ത വെളുത്ത ഈയ്യം കഴഞ്ചു് അതു്. അല്പം പരത്തി തകിടാക്കി രണ്ടും ഇടകലത്തി കൂട്ടിക്കെട്ടി ഘടീയന്ത്രവിധിപ്രകാരം ഒരുയാമം പാകംചെയ്തു തീ കെട്ടു ആറിയാൽ എടുത്തുനോക്കിയാൽ അതു ഈയ്യത്തിന്റെ വണ്ണമായ ഭസ്മമായിരിക്കും. അതിൽനിന്നു ഒരു വല്ലപ്രമാണം എടുത്തു സമം ചുക്കുപൊടിയും ചവ്യക്ഷാരവും കാട്ടുതിപ്പലിയേരു അരച്ചു ഉണക്കിയ പൊടിയുംചേർത്തു സേവിച്ചാൽ കഫകോപജമായ രോഗം, പ്ലീഹരോഗം എന്നിതുകളെ ശമിപ്പിക്കും. വല്ലമെന്നതിന്റെ വിവരണം കലിംഗപദഭാഷയിൽ വിവരിച്ചിട്ടുണ്ടു്. ഇതിനു ത്രപുതാമ്രമെന്ന പേർ.

സോമനാഥതാത്പര്യം:—

"ശുല്വബദ്ധുല്യേന സുതേന
ബലിനാ തത്സമേ ന ച;
തദ്ദ്വാംശേന താലേന
ശിലയാ ച തദർദ്ധയാ;
വിധായ കജ്ജലീംശ്ലക്ഷ്ണാം
സൂക്ഷ്മകല്ക്കുലസന്നിഭാം;
കല്ക്കദ്വയാ താമ്രപത്രാണി
പയ്യായേണ വിലേപയേൽ;
യന്ത്രാല്പായവിനിർദ്ദിഷ്ട-
വാലുകായന്ത്രഗം പചേൽ;
പ്രപചേദ്യാമയുഗ്മം തു
സപ്താംശം തസ്യ സമുദ്ധരേൽ."

"തത്തദ്രോഗഹരാനുപാനസഹിതം
താമ്രാളിവല്ലോന്മിതം
തല്പീഡം പരിണാമശൂലമുദരം
ശൂലം ച പാണ്ഡുജ്വരം;
ഗുല്മപ്ലീഹക്ഷയാഗ്നിസാദസദനം
ശ്വാസം ച കാസം തഥാ
ദുഷ്ടാം ച ഗ്രഹണീം ഹരേദ്-
ധ്രുവമിദം
തത്സോമനാഥാഭിധം."

ശുദ്ധിചെയ്ത ചെമ്പിന്റെ തുക്കത്തോളം രസവും അതുയും തുക്കം ഗന്ധകവും രസത്തിന്റെ പകുതി ഭാഗം അരിതാരവും അതിൽപകുതി മനയോലയുംകൂടെ അരച്ചു ചെളിപോലെയാക്കി അതുകൊണ്ടു ചെമ്പു തകിടുകളിൽ നല്ലവണ്ണം മൂടി തേച്ചു വാലുകായന്ത്രത്തിൽ രണ്ടുയാമം പാകംചെയ്തു് ആറിയാൽഎടുത്തു അതതു രോഗത്തിനു പറഞ്ഞ അനുപാനദ്രവംചേർത്തു സേവിക്കുക. ഇതു് ഒരു വനു ഒരിക്കൽ സേവിക്കാവുന്ന പരമമാത്ര രണ്ടു വല്ലപ്രമാണവുമാകുന്നു. ഇതു ശീലിച്ചാൽ പരിണാമശൂലം, മഹോദരം, ശൂലവേദന,

പാണ്ഡുരോഗം, പനി ഗുല്മൻ, പ്ലീഹരോഗം, ക്ഷയം, അഗ്നിമാന്ദ്യം, തളർച്ച, ശ്വാസരോഗം, കൃമി, ഗുഹ്യരോഗം എന്നിവയുകളെല്ലാം ശമിക്കും. ഇതിനു സോമനാഥമെന്നു പേരാകുന്നു.

വാലുകാലക്ഷണം:—

"സമസാം ഗ്രന്ഥിവക്ത്രാം മു-
ടപ്രസ്സാംഗുലഷ്ടനാവൃതാം;
ശേഷിതാം കുചകലശീം
പൂരയേൽ ത്രിഷു ഭാഗയോഃ;
ഭാണ്ഡേ വിതസ്തി ഗംഭീരേ
വാലുകാസു പ്രതിഷ്ഠിതം;
ഭാഗസ്യ പൂരയേത്തുര്യ-
രന്ധ്രാഭിരവഗ്രഹണയേൽ;
ഭാണ്ഡവക്ത്രാം മാണികായാം
സന്ധിം ലിമ്പേന്മൃദാ പചേൽ;
ചുല്ല്യാം ഉണ്ണ്യാ വാതോഷ്മാ-
ണന്നികാ പുഷ്പവത്തിനഃ;
ഏതദ്ധി വായുകായന്ത്രം
തദ്യന്ത്രം ലവണാശ്രയം;
പഞ്ചാധ്യായ്യാ കരീഷ്ണ്യാ
ഭാണ്ഡേ നിക്ഷിപ്യ യത്നതഃ;
പച്യതേ രസഗോളാഢ്യം
വാലുകായന്ത്രമീരിതം."

എന്നിങ്ങനെ രസരത്നസമുച്ചയത്തിൽ പറയുന്നു.

"താമ്രം നീതം നിഹന്ത്യുദ്വ്രണ
കൃമിജ്വരാ-
നാഢ്യസംപ്ലീഹപാണ്ഡു-
ശ്വാസശ്ലീപദാസ്രാതക്ഷയ
പ്രദരഗദം
ശൂലഗുല്മം ച ഗുല്മം;
കുഷ്ഠാന്യഷ്ടൗശ്വപി സ്മരബല
രുചികൃ-
ത്കേതുമേദോമൃപിത്ത-
ച്ഛർദിപ്രോക്ഷം ത്വ ക്ഷ്യം കൃമി
മുദരഗദോ-
ദ്ധ്മാന കുഷ്ഠാദി കുര്യാൽ."

മുൻപറഞ്ഞവിധിപ്രകാരംശുദ്ധിചെയ്ത ചെമ്പു് അതാതു രോഗത്തിനുള്ള അനുപാനദ്രവ്യത്തോടുകൂടെ മാത്ര തെറ്റാതെ ശീലിച്ചാൽ വ്രണം, കൃമിരോഗം, മഹോദരം, മേൽവ്യയുവ്യീപ്പു്, പ്ലീഹാരോഗം, പാണ്ഡുരോഗം, ശ്വാസംമുട്ടൽ, കഫകോപം, രക്തവാതം, ക്ഷയം, വാതരോഗം, പരിണാമശൂലം, ശൂലരോഗം, ഗുല്മൻ, പത്തിനെട്ടു തരത്തിലുള്ള കുഷ്ഠം എന്നിവുകളെ നശിപ്പിക്കുകയും, സ്ത്രീസേവാസാമർത്ഥ്യം, ശരീരബലം, രുചി എന്നിവുകളെ ഉണ്ടാക്കുകയും രക്തദോഷം, മേദോദോഷം, അമ്ലപിത്തം എന്നിവുകളെ ഇല്ലാതെയാക്കുകയും ചെയ്യും. ഇതു വന്നിട്ടില്ലെങ്കിൽ കൃമിരോഗം, മഹോദരം, അധ്മാനം, കുഷ്ഠം മുതലായ അനേകം അസുഖങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും.

"ശ്രേഷ്ഠം നേപാളകം ചേതി
തതോഽന്യന്നേപാളമുത്തമം;
നേപാളാന്നൂഖനൂത്ഥം
ശ്ലക്ഷ്ണമിത്യുഭയീയതേ;
സിതകൃഷ്ണാതണച്ഛായ-
മതിവാമ്യകരോരുകം;
ക്ഷാളിതം ച പുനഃ കൃഷ്ണ-
മേതൽ ശ്ലക്ഷ്ണകതാമ്രകം;
സൂക്ഷ്മശുഭ്രം മൃദുഃ ശോണം
ഘനസ്നിഗ്ധാതക്ഷമം ഗുരു;
നിർവികാരം ഗുണശ്രേഷ്ഠം
താമ്രം നേപാളകം സ്മൃതം;
പാണ്ഡുരം കൃഷ്ണശോണം ച
ലഘുസ്ഫുടനസാന്വിതം;
രൂക്ഷാംഗം സലിലം താമ്രം
നേഷ്യതേ രസകർമണി."

ചെമ്പിന്റെ സ്വഭാവത്തെ രസരത്നസമുച്ചയത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:— ചെമ്പു ശ്ലക്ഷ്ണ

മെന്നും നേപാളമെന്നും രണ്ടുതരമാകുന്നു. അതിൽ നേപാളമാണു അധികാനല്ലതു്. നേപാളമെന്നാൽഹിമവൽപ്രാന്തദേശമാകുന്നു. ആ ദേശത്തിലല്ലാതെ മറു രാജ്യത്തുള്ള ഖനികളിൽനിന്നു എടുക്കുന്ന ചെമ്പു പ്രായേണ മിക്കതും ശ്ലേഷ്മമെന്നു പായപ്പെടുന്നു. ശ്ലേഷ്മനേപാളങ്ങൾക്കുള്ള ലക്ഷണഭേദമെന്തെന്നാൽ — വെട്ടുപ്പു്, കറുപ്പു്, അരുണം എന്ന നിറങ്ങളിൽ ഏതെങ്കിലും ഒരു നിറമായിരിക്കുക. അകത്തു ചെന്നാൽ കലശലായ ചൊട്ടിയുണ്ടാക്കുന്നതാവുക. പതമില്ലാതെ കാനമായിരിക്കുക. അമ്ലരസാദികൾകൊണ്ടു വിധിപ്രകാരം കഴുകിയാലും കറുപ്പുനിറം പോകാതെ ഇരിക്ക എന്ന ലക്ഷണങ്ങൾ കണ്ടാൽ അതു ശ്ലേഷ്മതാത്രമാണെന്നും സ്നിഗ്ദ്ധത, മാർദ്ദവം, ശോണവർണ്ണം, എത്ര വലിയ വെട്ടുകൊണ്ടാലും പൊട്ടിച്ചീന്തിപോകാതെയിരിക്കുക കട്ടിയുണ്ടായിരിക്കുക, വികാരമില്ലായ്മ എന്ന ലക്ഷണങ്ങൾ കണ്ടാൽ ആ ചെമ്പു നേപാളമാണെന്നും ഗുണാധിക്യമുള്ളതാണെന്നും ഗ്രഹിക്കണം. വെട്ടുപ്പു്, കറുപ്പു്, ശോണവർണ്ണമെന്ന നിറങ്ങളുള്ളതും കനം കുറഞ്ഞതും വേഗത്തിൽ പൊട്ടിത്തെറിച്ചുകൊണ്ടിരിക്കുന്നതും മിന്നിപ്പിച്ചാലും പരുപരുത്തിരിക്കുന്നതും ചെളുക്ക പൊന്തിക്കൊണ്ടിരിക്കുന്നതുമായ ചെമ്പു രസകർമ്മത്തിനു— ഉചിതപ്പെടുന്നതും ഭസ്മം ചെയ്യുവാനും കൊള്ളുകയില്ല എന്നുഗ്രഹിക്കണം.

ചെമ്പു നിറമുള്ളമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം— ത്രിദോഷത്തെയും രക്തദോഷത്തെയും ശമിപ്പിക്കും. ബലം ഉൽകൃഷ്ടാഗ്നി ഇതുകളെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും. രുചിയെ ഉണ്ടാക്കും. ജ്വരരോഗികൾക്കു പഥ്യമായും നല്ല ഗന്ധത്തോടു കൂടിയതായുംഇരിക്കും.

ചെമ്പോത്തു്.

ഇതു് പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം— നേത്രരോഗം, വാതം, അർശ്സു്, ഹൃദ്രോഗം, ഗ്രഹണി ഇവയെ ശമിപ്പിക്കും. മെലിഞ്ഞവർക്കു് ഏറ്റവും നല്ലതു്. ബലത്തെ വർദ്ധിപ്പിക്കും.

ചെമ്മരം.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന ഫലവൃക്ഷമാകുന്നു. പ്ലീഹ, വാതം, കഫം, കൃമി, യകൃത്തു്, ഗുല്മം, ആനാഹം, വ്രണം, മഹോദരം,കണ്ഠരോഗം, ശൂലം, നേത്രരോഗം, ഭൂതാവേശം, വിഷം ഇവയെ ശമിപ്പിക്കും. മലത്തിനായുപയോഗത്തും. രക്തപ്രസാദത്തെച്ചെയ്യും. മേദസ്സിനെ ക്ഷയിപ്പിക്കും. രുചിയെ ഉണ്ടാക്കും. കയ്പ്പുരസംകൂടെഉണ്ടെന്നും പക്ഷം. ഇതു മുള്ളുള്ള മരമാകുന്നു പൂവു തുളസിമാതളത്തിന്റെ പൂവുപോലെയിരിക്കും.

ചെമ്മീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം:— ത്രിദോഷത്തെ പ്രകോപിപ്പിക്കും മത്സ്യങ്ങളുടെ കൂട്ടത്തിൽ ചീത്തയായിട്ടുള്ളതാകുന്നു. വലുതും ചെറുതും പലതരമുണ്ടു്.

ചെമ്മരിങ്ങ.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദവൃക്ഷമാകുന്നു. മുരിങ്ങയുടെ ഗുണ

ങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വീക്കത്തെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തിനെയുമുണ്ടാക്കും. രസായനമായിരിക്കും. മറുള്ളമുരിങ്ങകളേപ്പോലെ പിത്തത്തെ കോപിപ്പിക്കയില്ല. വീര്യം ഏറിയിരിക്കും. ഇതിന്റെ പൂവു കഫത്തേയും വീക്കത്തേയും ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വാതത്തെവർദ്ധിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കുമെന്നും വാതത്തെശമിപ്പിക്കുമെന്നും സുശ്രുതമതം. ഇതിന്റെ പൂവു മുവന്നതായിരിക്കും.

ചെവിയം.

ഇതു പണ്ണവർഗ്ഗത്തിൽ ചേർന്ന കഫപ്രധാനദ്രവ്യമാകുന്നു. മുമ, വാതം, കഫം, കൃമി, വായുമുട്ടൽ, മഹോദരം, ശ്ലീപദം പ്ലീഹ ആനാഹം, ക്ഷയം, അർശ്ശസ്സ് ഗുല്മം, ജ്വരം ഇവയെ ശമിപ്പിക്കും. അഗ്നിയേയും പിത്തത്തെയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ ഗുണം—വായുമുട്ടൽ, കൃമി, വിഷം, ക്ഷയം, മുമ ഇവയെ നശിപ്പിക്കും.

ചെറിയ അയ്യാമണിയൻ.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. ഗുണങ്ങളാകൊണ്ടു അയ്യാമണിയനോടു തുല്യമാകുന്നു. വിശേഷാൽ വിഷത്തിനു നല്ലതു്. ഇതിന്റെ കായു് അരയാലിന്റെ കായുപോലെയും ഗന്ധം മത്സ്യത്തിന്റെ എന്നപോലെയും ഇരിക്കും.

ചെറിയ അവര.

ഇതു ശിമ്പവർഗ്ഗത്തിൽ ചേർന്ന അഗ്നിബിധാനമാകുന്നു. പിത്തത്തേയും രക്തദോഷത്തേയും വാതത്തേയും ഉണ്ടാക്കും. കഫത്തെ ശമിപ്പിക്കും. മലത്തിനു അയവു വരുത്തും. ശുക്ലത്തെ ക്ഷയിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. വിഷത്തേയും വീക്കത്തേയും നശിപ്പിക്കും. മൂത്രത്തേയും മുലപ്പാലിനേയും പെരുപ്പിക്കും. രുചിയെ ഉണ്ടാക്കും. നെഞ്ചു കഫലിനെ ഉണ്ടാക്കും. ദുഷ്ടിദുഷണത്തെ ചെയ്യും. വെളുത്തും കുറുത്തും, മഞ്ഞളിച്ചും, മുന്നാനവിത്തുള്ളതായും നാലുതരമുണ്ടു്. അതിൽ മുവന്നരി നെക്കാ മഞ്ഞളിച്ചതും മഞ്ഞളിച്ചതിനേക്കാൾ കുറുത്തതും കുറുത്തതിനേക്കാൾ വെളുത്തതും ശ്രേഷ്ഠമാകുന്നു. വെളുത്തതു് ഏറെ ദോഷമല്ലെന്നും കുറഞ്ഞാനപുഷ്ടിയേയുംബലത്തേയും ചെയ്യുമെന്നും ശീതവീര്യമെന്നും നൃസിംഹമതം. ഉപയോഗവിരുദ്ധത—ഇതു പാലിനോടു ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

ചെറിയ ഈത്ത.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായു്—സാമാന്യം ഈത്തപ്പഴത്തിന്റെ കുറഞ്ഞ ഗുണങ്ങളോടു കൂടിയതും പിത്തത്തിങ്കൽ വളരെ നല്ലതുമാകുന്നു.

ചെറിയ കടലാടി.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന കഫപ്രധാനദ്രവ്യമാകുന്നു. വലിയ കടലാടിയുടെ കുറഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ വിഷം വ്രണം, കഫം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. ഇതിന്റെ ബീജം:—വലുതിന്റെ ബീജത്തിനു പറഞ്ഞിട്ടുള്ള കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചെറിയ കണ്ടകാരിച്ചുണ്ട.

ഇതു വൃഷ്യോപവർഗ്ഗത്തിൽ ചേർന്നതാകുന്നു. പ്ലീഹ, കഫം, ഗുല്മം, വാതം ഇവയെ ശമിപ്പിക്കും. ഏദയപ്രസാദത്തെ വരുത്തും. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ചെറിയ കല്പൂർവഞ്ചി.

ഇതു ക്ഷുദ്രശ്വാസോപവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. കല്പൂർവഞ്ചിയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചെറിയ കാക്ക.

ഇതു പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണ മാംസമാകുന്നു. ഇതിന്റെ മാംസാ—സാമാന്യം കാക്കയുടെ മാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം.

ചെറിയ കാക്കത്തൊണ്ടി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന മനോപയോഗിദ്രവ്യമാകുന്നു. അശ്സ്സു്, കഫം, കൃഷ്ണം, പലിതം, വീക്കം, ശ്വിത്രം, വാതം ഇവയെ ശമിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. രുചിയെ ഉണ്ടാക്കും. രസായനത്തിങ്കൽ നല്ലതു്. ഇതു് ഒരുതരം കാട്ടുകോവയാകുന്നു.

ചെറിയ കാട്ടുവെള്ളരി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. പിത്തം, മൂത്രകൃച്ഛ്രം, കഫം, മഹോദരം, പ്ലീഹ, കാമല, കൃമി, വായുമുട്ടൽ, ചുമ, കൃഷ്ണം, ജ്വരം, പാണ്ഡു വ്രണം, മേഹം, ഗ്രന്ഥി, ഗുല്മം, വിഷം, കണ്ണുരോഗം, പ്രമേഹം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെയിളക്കും. മൂഢഗർഭത്തെ പുറത്തുകളയും.

ചെറിയ കിലുകിലുപ്പ.

ഇതു വൃഷ്യോപവർഗ്ഗത്തിൽചേർന്ന വമനോപയോഗിദ്രവ്യമാകുന്നു. കിലുകിലുപ്പയ്ക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ രസത്തെ ബന്ധിക്കും.

ചെറിയ കുമ്പളം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. രക്തദോഷത്തെയും പിത്തത്തെയും ശമിപ്പിക്കും. കഫത്തെയും കുറഞ്ഞൊന്നു വാതത്തെയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. വയറടപ്പിനെ ഉണ്ടാക്കും. പഴുത്തകായ്:—അല്പം ക്ഷാരവും കയ്പ്പും ചൂടും ഉള്ളതായിരിക്കും. ഇതു കഫവാതങ്ങളെ ശമിപ്പിക്കും. അഗ്നിയേയും പിത്തത്തെയും വർദ്ധിപ്പിക്കും. അധികം വിളവുചെന്നതു നന്നല്ല.

ചെറിയ കുമ്പളത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും ഗുണങ്ങൾകൊണ്ടു വെള്ളരിഎണ്ണയോടു തുല്യമാകുന്നു.

ചെറിയ കുരുവിക്കരിനു്.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ക്ഷയം, ചുട്ടനീറൽ, പിത്തം ഇവയെ ശമിപ്പിക്കും. കുരുവിക്കരിബിന്റെ ഗുണങ്ങളും വരുമെന്നതോന്നുന്നു. ഇതിന്റെ കാണ്ഡവും എടുക്കാം. രസാദികർമ്മം അതിനു ചേരും.

ചെറിയ കൊടിത്തുവ.

ഇതു വൃഷ്യോപവർഗ്ഗത്തിൽ ചേർന്നതാകുന്നു. യോനിരോഗം, രക്തകോപം, കൃഷ്ണം, ചുമ, വായുമുട്ടൽ,

ജ്വരം, പിത്തം, ചൂഴൽവ്യ ഇവയെ ശമിപ്പിക്കും. കോഷ്ഠത്തിങ്കൽ തടഞ്ഞിരിക്കുന്ന രക്തത്തെ പുറത്തുകളയും. രസത്തെ ശുദ്ധമാക്കും.

ചെറിയ കോതമ്പു

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശുകധാന്യമാകുന്നു. ഗുണധാന്യവർഗ്ഗത്തിൽ ചേർന്നതെന്നു സുശ്രുതമതം. ഇതു കോതമ്പിന്റെ ആകൃതിയോടു കൂടിയതും അല്പം ചെറുതും ആകുന്നു. പുഷ്ടിയെ ഉണ്ടാക്കും. വിശേഷാൽ പിത്തത്തെ ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. കോതമ്പുപോലെ കഫത്തെ വർദ്ധിപ്പിക്കയില്ല. വലിയകോതമ്പിനേക്കാൾ കുറഞ്ഞ ഗുണമുള്ളതെന്നു മദനപാലമതം. ഇതു ഗുരുതന്നെ.

ചെറിയ ഗോളിച്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ശീതവീര്യമെന്നും പക്ഷം. വലിയ ഗോളിച്ചീരയുടെ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ വിഷത്തേയും ജീർണ്ണജ്വരത്തേയും നശിപ്പിക്കും.

ചെറിയ ചിങ്കടമത്സ്യം.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. വൃദ്ധയപ്രസാദത്തെ വരുത്തും. വാതത്തെ നശിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും.

ചെറിയഞെരിഞ്ഞിൽ.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഗുണങ്ങളിൽ കൊണ്ടു വലിയ ഞെരിഞ്ഞിലിനോടൊത്തതാകുന്നു. ഇതിന്റെ ഫലം-മൂത്രവിരേചനീയമാകുന്നു.

ചെറിയ തൊഴുകണ്ണി.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. വാതരോഗം, കഫം, രക്തപിത്തം, വായുമുട്ടൽ, ജ്വരം, ചുമ, പ്രമേഹം, വിസ്ഫോടം, കുഷ്ഠം, അശ്മരി, അരുചി, യോനിശൂലം, ശൂലം, മൂത്രകൃച്ഛ്രം, പാണ്ഡു കൃമി ഇവയെ ശമിപ്പിക്കും. സ്വരത്തെ നന്നാക്കും. ജരാവ്യാധിയെ നശിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. ഇതു തൊഴുകണ്ണിപോലെ പടർന്നുള്ളതല്ല. പൂവു് വെളുത്തതായിരിക്കും. തൊഴുകണ്ണിയുടെ പൂവിനെക്കാൾ ചെറുതായിരിക്കും. ഇലയും ചെറുതായിരിക്കും.

ചെറിയഴന്തി.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. കോഷ്ഠത്തിങ്കൽ അകപ്പെട്ട ശല്യങ്ങളെ പുറത്തുകളയും. രക്തദോഷം, കഫം, പിത്തം, ശൂലം, കൃഷ്ഠം, വിദാഹം, വീക്കം, ചൊറി, ആമദോഷം, വ്രണം, മഹോദരം, കൃമി, പ്ലീഹ, പാണ്ഡു, അശ്മരി, ആനാഹം ഇവയെ ശമിപ്പിക്കും. മലത്തെയയിളക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇതിന്റെകായ് മലമൂത്രങ്ങളുടെ തടവിനെ തീർക്കും. കൂട്ടവിഷം, കഫം, വീക്കം ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല അത്തിയുടെ ഇലപോലെ ഇരിക്കും. ഫലവും ബീജവും ആവണക്കിന്റെ എന്നപോലെ ഇരിക്കും.

ചെറിയനറുവരി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു വാതത്തെ കോപിപ്പിക്കും. കൃമിയെ നശിപ്പിക്കും. സ്വർണ്ണം നിറുന്നതിനുപയോഗപ്പെടുന്നു. നറുവരിയുടെ ഗുണങ്ങളോടു കൂടിയതെന്നു സുശ്രുതമതം.

ചെറിയനീർപ്പീര.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. അഗ്നിയെ വർദ്ധി

പ്പിക്കും. മലബന്ധം, ഗുല്മം, അശ്സ്, ശൂലം ഇവയെ ശമിപ്പിക്കും.

ചെറിയ ബ്രഹ്മി.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽചേർന്ന രസായന ദ്രവ്യമാകുന്നു. ഉജ്ജയീനി എന്നു നൃസിംഹമതം.

ചെറിയ മറിക്കുന്നി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. ഗുണങ്ങൾ കൊണ്ടു മറിക്കുന്നിയോടു ഒത്തതാകുന്നു. വിശേഷാൽ ക്ഷയം, പാണ്ഡുരോഗം, ഉപദംശം ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല മറിക്കുന്നിയുടെ ഇലയേക്കാൾ ചെറുതായിരിക്കും. വീര്യം കുറഞ്ഞിരിക്കുമെന്നു നൃസിംഹമതം. സുശ്രുതത്തിൽ ഇതിനെ ആകവർഗ്ഗത്തിൽ വിധിച്ചിരിക്കുന്നു.

ചെറിയമീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ത്രിദോഷങ്ങളേ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും മലത്തെ പിടിപ്പിക്കും. എല്ലാക്കാലത്തിങ്കലു പഥ്യമായിരിക്കും. ഗ്രാഹണി ദോഷമുള്ളവർക്കു നല്ലതാകുന്നു. ഈ ചെറിയമീൻ വാതത്തേയും, കൃമിയേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും, പുംസ്ത്വത്തെ നശിപ്പിക്കും.

ചെറിയമുങ്ങാ.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗമാംസമെന്നും പക്ഷം. ഇതിന്റെ മാംസം മിക്കവാറും മുങ്ങയുടെ മാംസത്തിന്നു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചെറിയലന്ത.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ജ്വരാഗ്നിയെ വർദ്ധിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കും. കുറഞ്ഞൊന്നു രക്തത്തേയും പിത്തത്തെയും കോപിപ്പിക്കും. മലത്തിനെയും വരുത്തും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു സുശ്രുതമതം. പച്ചക്കായുടേയും മൂലാടികളുടേയും ഗുണങ്ങൾ സാമാന്യം ലന്തയ്ക്കു പറഞ്ഞവതന്നെ. ഇതിന്റെ കായ്—ലന്തയുടെ കായേക്കാൾ ചെറുതായിരിക്കും.

ചെറിയവൾശളച്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഗുണങ്ങൾകൊണ്ടു വലിയ വൾശളച്ചീരയോടു ഒത്തതാകുന്നു. കുറഞ്ഞൊന്നു കയ്പുരസംകൂടെ ഉണ്ടെന്നും പക്ഷം.

ചെറുകച്ചോലം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. പത്രശാകങ്ങളിൽ ചേർന്നതെന്നു സംഗ്രഹം. രക്തദോഷം, കഫം, വാതം, വ്രണം, വീക്കം, ചുമ, ഇക്കിൾ, വായുമുട്ടൽ, ശൂലം, സന്നിപാതജ്വരം, ഛർദ്ദി, ആമദോഷം, ഗ്രഹപീഡ, പൊറി ഇവയെ ശമിപ്പിക്കും. വായിലെ അഴുക്കിനെ കളയും. മലത്തെ പിടിപ്പിക്കും. രുചിയെഉണ്ടാക്കും. കുറഞ്ഞൊന്നു പിത്തത്തെകോപിപ്പിക്കുമെന്നും ശീതവീര്യമെന്നും പക്ഷം. ഇതു പലതരമുണ്ട്. ഇതിൽ നിന്നും തപക്ഷീരം എന്ന പദാർത്ഥം എടുത്തുവരുന്നു.

ചെറുകുമിഴ്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ജ്വരം,

ന്നതാകുന്നു. മഹോദരം കഫം, ശൂലം, വ്രണം, പ്രമേഹം, കൃമി, ഗുല്മം, വൃദ്ധി എന്നിവയെ ശമിപ്പിക്കും. ഇതിന്റെ പഴുത്തകായ്—മധുരരസവും തണുപ്പും ഉള്ളതാകുന്നു. അതു പിത്തം, രക്താതിസാരം, നെഞ്ചുകലിപ്പ്, യോനിരോഗം, ശ്വാസവികാരം, ചുട്ടനീറൽ, തണ്ണീർദാഹം, വിഷം ഇവയെ ശമിപ്പിക്കും.

ചെറുകൊന്ന.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. മഹോദരം കഫം, ശൂലം, വ്രണം, പ്രമേഹം, കൃമി, ഗുല്മം, വൃദ്ധി എന്നിവയെ ശമിപ്പിക്കും. ഇതിന്റെ പൂവ്—ലഘുവായിരിക്കും. വീക്കം, കഫം, രക്തദോഷം, കുഷ്ഠം, വ്രണം ഇവയെ ശമിപ്പിക്കും. രഞ്ജനമായും സുഖദമായും ഇരിക്കും. പുഷ്പവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം.

ചെറുക്കാവ്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു പെരുംക്കാവിനോടു തുല്യമാകുന്നു. വിശേഷാൽ പുളികൂടിയിരിക്കും.

ചെറുചീര.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. പിത്തം, കഫം, ജ്വരം, രക്തദോഷം, രക്താതിസാരം, മദം, ചുഴൽച്ച, സർവ്വാംഗസന്താപം, അസൃഗ്ദരം, മൂത്രതടവ്, സ്ഥാവരവിഷം, ജംഗമവിഷം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പുറത്തു കളയും. ഇതിന്റെ ഇല—വിശേഷാൽ ചൂട, അർശസ്, ബാഹ്യരോഗം ഇവയെ ശമിപ്പിക്കും.

ചെറുചെമ്പീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നപത്രശാകമാകുന്നു. കുറഞ്ഞൊന്നു കഫത്തെ വർദ്ധിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. മലത്തെ ഇളക്കും. വിഷമാഗ്നി, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഇതുതന്നെ വെളുത്തതു് ഒരു തരമുണ്ടു്. അതു ക്ഷാരമില്ലാത്തതും പാകത്തിങ്കൽ മധുരിച്ചതും ആകുന്നു. കഫവാതങ്ങളെ വർദ്ധിപ്പിക്കും. വിഷംഭത്തെ ഉണ്ടാക്കും. രണ്ടും ഹൃന്നും ദോഷങ്ങളെ ശമിപ്പിക്കുമെന്നും, തണ്ഡുലീയ ഭേദമെന്നും മദനപാലമതം

ചെറുതുളസി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ശീതവീര്യമെന്നും പക്ഷം. സുഖപ്രസവത്തെ ചെയ്യുന്നതും. പിത്തത്തെ വളരെ വർദ്ധിപ്പിക്കയില്ല. ജംരാഗ്നിയെവർദ്ധിപ്പിക്കും. രക്തദോഷം, ജ്വരം, അരുചി, വിഷം, കൃമി, കുഷ്ഠം, ഛർദ്ദി, കഫം, വാതം എന്നിവയെ ശമിപ്പിക്കും. വാരീതകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. പൂവു തുളസിയുടെ പോലെ ഇരിക്കും. ഇതു പലതരമുണ്ടു്.

ചെറുതേക്കു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ജംരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. ഗുരു എന്നു ധന്വന്തരിമതം. ക്ഷയം, ഇക്കിൾ, അർശസ്സു്, ചുട്ടനീരൽ, കൃമി, വ്രണം, രക്തവാതം, രക്തഗുല്മം,

വായുമുട്ടൽ, ചുമ, ജ്വരം, പീനസം, വാതം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല:—ചൂട്ടുനീറൽ, ത്രിദോഷകോപം, ജ്വരം. ഇക്കിട്ടംഇവയെശമിപ്പിക്കും.

ചെറുനെല്ലി.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. നെല്ലിക്കായുടെ ഗുണങ്ങളോടുകൂടിയതാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. അരുചി, പിത്തം, രക്തദോഷം, അഗ്നിമാന്ദ്യം എന്നിവയെ ശമിപ്പിക്കും.

ചെറുനെല്ലു്.

ഇതു് ഭോജ്യവർഗ്ഗത്തിൽചേർന്ന ധ്രീഡിയാകുന്നു. ഇതു നവരയേക്കാൾ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ചെറുപയറു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. രക്തദോഷം, പിത്തം, കഫം, നേത്രരോഗം, ജ്വരം ഇവയെ ശമിപ്പിക്കും. കുറഞ്ഞൊരു വാതത്തെ കോപിപ്പിക്കും. മലത്തെ പിടിപ്പിക്കും. ദേഹകാന്തിയെ വർദ്ധിപ്പിക്കും. കണ്ണിനു നല്ലതു്. ലോചനത്തിങ്കലും സുപത്തിങ്കലും ഉപയോഗപ്പെടുത്തുന്നു. ശിംബിധാന്യങ്ങളിൽവെച്ചു ശ്രേഷ്ഠമാകുന്നു.

ചെറുപയറു മുതലായവ.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന ശിംബിധാന്യമാകുന്നു. പിത്തം, കഫം, മേദസ്സു്, രക്തദോഷം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും. വാതത്തെ വർദ്ധിപ്പിക്കും. സൂപം, അലോചപം മുതലായവയിൽ ഉപയോഗിക്കാം.

ചെറുപുലി.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഗ്രാമശയവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു സിംഹമാംസത്തോടൊത്തതാകുന്നു.

ചെറുപുന്ന.

ഇതു് വീരുദ്വർഗ്ഗത്തിൽ ചേർന്ന വമനോപയോഗിദ്രവ്യമാകുന്നു. വിസൂചിപ്പു്, വാതം, വയറുനോവു്, കഫം, വിസ്ഫോടം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. ക്ഷുത്തിയെ ഉണ്ടാക്കും. മലത്തിനു് അയവുവരുത്തും. ബുദ്ധിയെ നന്നാക്കും. സ്മൃതിശക്തിയെ കൊടുക്കും. വ്രണത്തെ വരട്ടും. ഗന്ധാപത്തെ ജനിപ്പിക്കും. നാവിനും കണ്ണിനും ബുദ്ധിയെച്ചെയ്യും.

ചെറുപുന്നയരിയുടെ എണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മലത്തെ പുറത്തുകളയും. ക്ഷുത്തിയെ ഉണ്ടാക്കും. സ്മൃതിശക്തിയെക്കൊടുക്കും. സ്വരത്തെയും ബുദ്ധിയെയും നന്നാക്കും. മേദസ്സിനെയും ശുക്ലത്തെയും ക്ഷയിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ശിരോരോഗം, അർശസ്സു്, കൃമി, വാതം, പ്രമേഹം, വിഷം, കഫം, കുഷ്ഠം, വ്രണം ഇവയെ ശമിപ്പിക്കും.

ചെറുപ്പുള്ളടി.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന പിത്തശ്ലേഷ്മദ്രവ്യമാകുന്നു. രക്തദോഷം, ലൂതാദിവിഷം, തീപൊള്ളിയ വ്രണം, ഉന്മാദം, അപസ്മാരം, ഭ്രതാവേശം, അതിസാരം, വിസൂചിപ്പു്, വിഷം, വ്രണം, ചൂട്ടുനീറൽ ഇവയെ ശമിപ്പിക്കും. രസായനമായിരിക്കും. എരിവും ചൂടും ഉള്ളതെന്നു സുശ്രുതമതം. ഇതിന്റെ വേരു ചുവന്നതായിരിക്കും. ലജ്ജാലുഭേദമെന്നു രാജനിഘണ്ടുവിൽ പറയുന്നു.

ചെറുമുഞ്ഞ.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേന്ന കഫഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾ കൊണ്ടു മുഞ്ഞയോടു് ഒത്തതാകുന്നു. വിശേഷാൽ ലേഖനത്തിങ്കലും ഉപനഹത്തിങ്കലും നല്ലതാകുന്നു.

ചെറുവന്നി.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേന്ന കാസഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു വന്നിയോടു് ഒത്തതാകുന്നു. കായുടെ ഗുണങ്ങളും അപ്രകാരംതന്നെ. ഇതു മുള്ളുള്ള മരമാകുന്നു.

ചെറുവഴുതിന.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽ ചേന്ന കഫഘ്നദ്രവ്യമാകുന്നു. ശാകവർഗ്ഗത്തിൽചേർന്നതെന്നും പക്ഷം. പിത്തത്തെ വർദ്ധിപ്പിക്കയില്ലെന്നും പക്ഷം. ശുക്ലത്തേയും മലത്തേയും ഇളക്കും. ഏറ്റവും ഹൃദ്യമായിരിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. അഗ്നിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. ഇതിന്റെ കായു്:—ജ്വരം, ചുമ, വ്യാധം, കൃഷ്ണം, ചൊറി, കൃമി, കഫം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. മലത്തെ പിടിപ്പിക്കും. അരുചി, വായുമുട്ടൽ, ഹൃദ്രോഗം, ജ്വരം, കൃഷ്ണം, ശൂലം, അഗ്നിമാന്ദ്യം, ചുമ, കഫം, വാതം, ഛർദ്ദി ഇവയെ ശമിപ്പിക്കും.

ചെറുവേലം.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേന്നതാകുന്നു. വാതരോഗം, കഫം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ചൂടുനീരുമിനെ ഉണ്ടാക്കും.

ചേ

ചേന.

ഇതു ശാകവർഗ്ഗത്തിൽ ചേന്ന കന്ദശാകമാകുന്നു. കന്ദശാകങ്ങളിൽ വച്ചു ശ്രേഷ്ഠം. അർശ്ശസ്സു്, വായുമുട്ടൽ, ഗുല്മം, ചുമ, കൃമി, ശൂലം, കഫം, പ്ലീഹ ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വിഷ്ടംഭത്തേയും രുചിയേയും ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. വിശദമായിരിക്കും. ഗുരു എന്നും പിത്തത്തെ ശമിപ്പിക്കുമെന്നും കഫവാതങ്ങളെ ശമിപ്പിക്കുമെന്നും സുശ്രുതമതം. രക്തപിത്തം, കൃഷ്ണം, ചൊറി ഈ രോഗങ്ങൾ ഉള്ളവർക്കു നന്നല്ല. വിശിഷ്ടപദാർത്ഥങ്ങളോടുചേർന്നാൽ ഗുണമേറിയിരിക്കും. ഇതിന്റെ തണ്ടു്:—കഫവാതങ്ങളെ ശമിപ്പിക്കും. വിശേഷാൽ അർശ്ശസ്സിനു നല്ലതു്. രുചിയെ ഉണ്ടാക്കും. കാമത്തെ വർദ്ധിപ്പിക്കും.

"സുരണോ ദീപനോ രൂക്ഷഃ
കഫാർശഃ കൃമിജില്ലഘുഃ;
തദ്വദന്യോ വിശേഷേണ
കഫഘ്നോ രക്തപിത്തകൃൽ."

ചേന ജഠരാഗ്നിക്കു പചനശക്തിയെ ഉണ്ടാക്കുന്നതും സ്നിഗ്ധാതകുറഞ്ഞതും കഫകോപം, മൂലക്കുരു, കൃമിരോഗം ഇവകളെ ജയിക്കുന്നതും ലഘുവുമാകുന്നു. ഇവിടെ "രൂക്ഷഃ" എന്നോടത്തു "രൂച്യഃ" എന്നും പാഠം കാണുന്നു. കാട്ടുചേനയ്ക്കും ഗുണങ്ങളെല്ലാം ഇതുപോലെതന്നെയാകുന്നു. എന്നാൽ ഇതു നാട്ടുചേനയേക്കാൾ അധികം കഫാഹരമാകുന്നു. രക്തപിത്തത്തെ ഉണ്ടാക്കുന്നതിരിക്കുകയും ചെയ്യും.

ചേമന്തി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. നല്ല ഗന്ധമുള്ളതായിരിക്കും. ചുട്ടനീറൽ, കഫം, ജ്വരം, വായ്പുണ്ണു്, രക്തദോഷം, പിത്തം, വാതം ഇവയെ ശമിപ്പിക്കും. മലത്തിനയവുവരുത്തും. രുചിയെ ഉണ്ടാക്കും.

"ശതപത്രീ ഹിമാ ഹൃദ്യാ
ഗ്രാഹിണീ ശുക്രലാ ലഘുഃ
ദോഷത്രയാസൃജിദ്വണ്ണ്യാ
തിക്താ കടുപീ ച പാചനീ."

ചേമന്തിശീതവീര്യവും ഹൃദയപ്രിയവും മലബന്ധകാരിയും ശുക്ലവൃദ്ധികരവും ലഘുവും വാതപിത്ത കഫ കോപങ്ങളേയും രക്തദോഷത്തേയും ജയിക്കുന്നതും വർണ്ണപ്രസാദകരവും കൈപ്പും എരുവും കൂടിചേർന്ന രസമുള്ളതും പാചനവുമാകുന്നു.

ചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. കഫവാതങ്ങളേയും ബലത്തേയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. മുലപ്പാലിനെ പെരുപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. ദുർജ്ജരമായിരിക്കും. രക്തദോഷത്തേയും പിത്തത്തേയും ശമിപ്പിക്കും. ഇതിനോടും ഇതുപോലെയുള്ള മൂലശാകങ്ങളോടും ഒരുമിച്ചു വെണ്ണ ഭക്ഷിച്ചാൽ വിരുദ്ധം.

ചേരുമരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. പഴുത്തകായ്ശ്ചിത്രം, ജ്വരം, വാതം, വീക്കം, കൃമി, വയറുവീർപ്പു്, ഗുല്മം, വായുമുട്ടൽ, ഗ്രഹണി, ശൂലം, പ്രമേഹം, മഹോദരം, അർശ്ശസ്സു്, കുഷ്ഠം, വ്രണം, കഫം ഇവയെ ശമിപ്പിക്കും. ജംബീരാ ഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. പല്ലിനു ഉറപ്പുവരുത്തും. മലത്തെ ഇളക്കും. ഗ്രാഹി എന്നു രാജവല്ലഭമതം. അധിമാംസം മുതലായവയെ മുറിച്ചുകളയും. ബുദ്ധിയെ നന്നാക്കും. ക്ഷൗദ്രാദ്യഃ പ്രശമനങ്ങളിൽ വച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. വൃന്ദം—ഇതു വിശേഷാൽ പിത്തത്തേയും രക്തദോഷത്തേയും ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മുടിയെ നന്നാക്കും. ദേഹത്തെ തടിപ്പിക്കും. വിഷ്ടംഭി എന്നും ദുർജ്ജരമെന്നും സുശ്രുതമതം. അസ്ഥി—വിശേഷാൽ വാതകഫങ്ങളെ ശമിപ്പിക്കും. അഗ്നിയെപ്പോലെ പൊള്ളിക്കും. ബുദ്ധിയെ നന്നാക്കും. മജ്ജു—ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. വിശേഷാൽ വാതപിത്തങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. ഇതു ഭക്ഷിച്ചാൽ ചൂടുള്ള അന്നപാനാദി ഉപയോഗിച്ചാൽ വിരുദ്ധം.

ചേക്കുരുവിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, കൃമി, കുഷ്ഠം പ്രമേഹം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഛർദ്ദിയേയും വികാരത്തേയും ഉണ്ടാക്കും മേദസ്സിനെ ക്ഷയിപ്പിക്കും. ഇതു ചേക്കുരുവിന്റെ മജ്ജയിൽനിന്നു എടുക്കുന്നതാകുന്നു.

ചേലേയം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, കഫം, രക്തദോഷം, ഛർദ്ദി, സർവ്വാംഗസന്താപം, വ്രണം, വായുമുട്ടൽ, ചൊറി, തണ്ണീർദാഹം, കുഷ്ഠം, അശ്മരി, രക്താർശ്ശസ്സു്, വിഷം എന്നിവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രി

സാദ്ധ്യത്തെ വരുത്തും. ഗന്ധകരസാദി നത്തിങ്കൽ പറഞ്ഞിട്ടുള്ള ഉപരസങ്ങളുടെ സാധാരണശോധനവിധി ഇതിനും ചേരുന്നതാകുന്നു.

ചോ

ചോനകപ്പുല്ല്.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. സർവ്വാംഗസന്താപം, വിയർപ്പ്, ചൊറി, വിഷം, കൃമി, മൂത്രകൃച്ഛ്രം, ചുമ, പ്രമേഹം, അശ്മരി, രക്തത്തിന്റെ അതിപ്രവൃദ്ധി, അപചി, ജ്വരം, കുഷ്ഠം, ശൂലം, രക്തദോഷം, ത്രിദോഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ദൌർഗ്ഗന്ധ്യത്തെക്കളയും. ഉദരത്തനത്തികൽ നല്ലതു്. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നും പക്ഷം.

ചോളം.

ഇതു ഭോജ്യവർഗ്ഗത്തിങ്കൽ ചേർന്ന ധാന്യമാകുന്നു. രക്തദോഷം, കഫം, പിത്തം, ഇവയെ ശമിപ്പിക്കും. കറഞ്ഞാനും ശുക്ലത്തേയും, വാതത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ക്ലേദത്തെച്ചെയ്യും. ഗുരുവെന്നുംപക്ഷം. ഇതു വെളുത്ത ചോളം, കുത്തചോളം, ചുവന്നചോളം എന്നും മറും ഇങ്ങനെ പലതരമുണ്ടു്.

ചോളപഞ്ചസാര.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചുട്ടനീർ, പിത്തം, രക്തദോഷം ഇവയെ ഉണ്ടാക്കും. രുചികരമായും ഏറ്റവും പിച്ഛിലമായും ഇരിക്കും. മലത്തെ പുറത്തുകളയും വാതത്തെ ശമിപ്പിക്കും.

ഛാ

ഛാത്രുവെന്നുപേരുള്ള തേൻ

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ രക്തപിത്തം, ഭ്രമം, മോഹം, തണ്ണീർദാഹം, പ്രമേഹം, ശ്വിത്രം, കൃമി, വിഷം ഇവയെ ശമിപ്പിക്കും. ഗ്ലാനോൽക്കൃഷ്ടമായും പിച്ഛിലമായും ഇരിക്കും. ധാതുപുഷ്ടിയെ ചെയ്യും. ഈ തേൻ അല്പം ചുവപ്പും അധികം മഞ്ഞളിപ്പും കലർന്നനിറമുള്ളതായിരിക്കും. മഞ്ഞളിപ്പും ചുവപ്പും കലർന്നനിറമുള്ള ഒരുതരം ഈച്ചകൾ കൂടയുടെ ആകൃതിയിൽ തേൻകൂട്ടു ഉണ്ടാക്കുന്നു. അതിൽനിന്നു ഉണ്ടാകുന്ന തേനിനു ഛാത്രുമെന്നു പേരാകുന്നു.

ജ

ജരുഡി.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. മലത്തിനയവുവരുത്തും. ചുട്ടനീറലിനേയും രക്തദോഷത്തേയും ശമിപ്പിക്കും. പക്വക്കുക്കു വാലിനെ പെരുപ്പിക്കും. രുചിയെ ഉണ്ടാക്കും.

ജാ

ജാംഗലദേശം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈ ദേശത്തിലുള്ള വെള്ളം മിക്കവാറും നേർത്തതായിരിക്കും. അഗ്നിയുസ്സിനേയും ശുക്ലത്തേയും ബലത്തേയും അഗ്നിയേയുംവർദ്ധിപ്പിക്കും. ദോഷകാന്തിയെ വരുത്തും. രുചിയെ ഉണ്ടാക്കും. മൂന്നു ദോഷങ്ങളേയും വിശേഷാൽ കഫത്തേയും അനേകരോഗങ്ങളേയും ശമിപ്പിക്കും. പഥ്യമായും സ്നിഗ്ദ്ധമായും ഇരിക്കും.

ജാതിക്കാ.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കൃമി, വാതം, കഫം, വായുമുട്ടൽ, ചുമ, ഛർദ്ദി, പീനസം മെലിവു്,

സ്വരസാദം, തണ്ണീർദാഹം, ഛർദ്ദിരോഗം, ശൂലം, കണ്ണരോഗം, അരുചി, നേത്രരോഗം, പ്രമേഹം, കുഷ്ഠം, പ്രസേകം, പാണ്ഡു, മൂത്രാഘാതം, വൈരസ്യം, വായിലെ അഴുക്ക്, ദൌർഗ്ഗന്ധ്യം, കൃമിവാളിപ്പു ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. മലത്തെ പിടിപ്പിക്കും. അഗ്നിയേയും ബലത്തെയും ശുക്ലത്തേയും വർദ്ധിപ്പിക്കും. തേജസ്സിനേയും രുചിയേയും ഉണ്ടാക്കും. വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു രാജവല്ലഭമതം.

ജാതിപത്രിരി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, ഛർദ്ദി, ചുമ, വായുമുട്ടൽ, തലനോവു, തണ്ണീർദാഹം, ദൌർഗ്ഗന്ധ്യം, വിഷം, കൃമി, മുഖപാകം ഇവയെ ശമിപ്പിക്കും. ദേഹകാന്തിയെ വരുത്തും. രുചിയെ ഉണ്ടാക്കും. മുഖശുദ്ധിയേയും ഹൃദയപ്രസാദത്തേയും ചെയ്യും. നല്ല ഗന്ധമുള്ളതായിരിക്കും.

ജീ

ജീരകം.

ഇതു പണ്ടവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. വാതം, അതിസാരം, ഗ്രഹണി, കഫം, കൃമി, വയറടപ്പു, ജീർണ്ണജ്വരം, ശൂലം, വ്രണം, അരുചി, ഇവയെ ശമിപ്പിക്കും. അഗ്നിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. മൂത്രം എടുക്കുന്നതു നല്ലതാകുന്നു.

ജീവകം.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന വൃക്ഷ്യദ്രവ്യമാകുന്നു. മെലിവു, രാജയക്ഷ്മാവു, രക്തദോഷം, പിത്തം, സർവ്വാംഗസന്താപം, വാതം, ചുമ, ജ്വരം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും, കഫത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. മുഖശുദ്ധിയെ ചെയ്യും. അല്പം കയ്പുരസംകൂടെ ഉണ്ടെന്നും ഭാഷാഗ്രന്ഥപാഠം.

ജോനകനാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കൃമി, ഹൃദ്രോഗം, അരുചി, അഗ്നിമാന്ദ്യം, ആമദോഷം, കഫോൽക്ലേശം, തണ്ണീർദാഹം, വായുമുട്ടൽ, ഛർദ്ദി, കഫം, ചുമ, വാതം, ശൂലം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. പിത്തത്തെ വർദ്ധിപ്പിക്കും. സുഗന്ധിയായിരിക്കും. നിറത്തെ നന്നാക്കും നന്നാ പഴുത്ത കായ്:— ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും പുഷ്ടിയെ ചെയ്യും. പിത്തത്തെ വർദ്ധിപ്പിക്കയില്ലെന്നു സിംഹമതം. പെരുതായിട്ടും വേറെ രണ്ടു തരമുണ്ടു്. അതിനും മേല്പറഞ്ഞ ഗുണങ്ങൾതന്നെ. വിശേഷാൽ അതു തണ്ണീർദാഹത്തേയും ഛർദ്ദിയേയും ശമിപ്പിക്കും. മധുരനാരങ്ങയിൽ പുളിയുള്ള ഒരുതരമെന്നു സിംഹമതം. പഴുത്താൽ മഞ്ഞനിറമായിരിക്കും. ഉപയോഗവിരുദ്ധത :— ഇതിന്റെ കായു് പാലിനോടു ചേർത്തു ഭക്ഷിച്ചാൽ വിരുദ്ധം.

ഝ

ഝണ്ഡു.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഭ്രമാവേശം ജ്വരം, ഗ്രഹപീഡ ഇവയെ ശമിപ്പിക്കും.

ഝിംഝ്യരീടം.

ഇതു പൂഗക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. സന്തർപ്പണമായിരിക്കും.

ശുക്ലത്തേയും, മൂലപ്പാലിനേയും, ബലത്തേയും വർദ്ധിപ്പിക്കും. രക്താതിസാരത്തെ ശമിപ്പിക്കും. ഇതിന്റെ പൂവു് മഞ്ഞനിറമായും കായു് വൃത്തമായും ഇരിക്കും. കായുടെ പുറത്തു രോമങ്ങൾ ഉണ്ടായിരിക്കും.

ഞ

ഞണ്ടു്.

ഇതു മത്സ്യവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. പാദിയർഗ്ഗത്തിൽചേർന്ന അനുപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:— പിത്തം, അസ്രഗ്ദോഷം, വാതം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും, കഫത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. സന്തോഷത്തെ കൊടുക്കും. പുഷ്ടിയെച്ചെയ്യും. ശീതവീര്യമെന്നു മതമെ പാലമതം. ഞണ്ടുകൾ പലതരമുണ്ടു്.

"കക്കടോ ബ്രഹ്മണോ വൃഷ്യഃ
ശീതളോസ്രഗ്ദോഷഹഃ."

ഞണ്ടിൻമാംസം തൃപ്തിപ്പെടുത്തുന്നതും ശുക്ലവൃദ്ധികരവും ശീതവീര്യവും രക്തദുഷ്ട്യാംനിമിത്തമുണ്ടാകുന്ന രോഗങ്ങളെ നശിപ്പിക്കുന്നതുമാകുന്നു.

ഞമ.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന മൂത്രസംഗ്രഹണീയദ്രവ്യമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നു സംഗ്രഹം. രുചിയെഉണ്ടാക്കും. പ്രമേഹം, അർശ്സ്സു്, രക്തദോഷം, പാണ്ഡു, കഫം, പിത്തം ഇവയെ ശമിപ്പിക്കും. ജംഘാഗ്നിയെ വർദ്ധിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കുമെന്നും പിത്തത്തെ കോപിപ്പിക്കുമെന്നു സിംഹമതം. പഴുത്ത കായു്:—കഫപിത്തങ്ങളെ ശമിപ്പിക്കും. വയറുവീർപ്പിനെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടുക്കും. വാതത്തെ വർദ്ധിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. സ്നേഹനമായിരിക്കും. ഇതിന്റെ പശയും എടുക്കാം. തൊലി:— അസവവും സുരയും ഉണ്ടാക്കുന്നതിനു ഉപയോഗിക്കാം. കായു് ചെറുതായിരിക്കും. ഇല പല്ലുകടേശം താന്നിയിലപോലെയിരിക്കും.

ഞവങ്ങു.

ഇതു മത്സ്യമാംസത്തിൽ ചേർന്ന അനുപമാംസമാകുന്നു. കോശസ്ഥവർഗ്ഗത്തിൽചേർന്ന അനുപമാംസമെന്നും പക്ഷം ഇതിന്റെ അസ്ഥി വിസ്ഫോടം, ശൂലം, നേത്രരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇതിന്റെ മാംസം:— പിത്തത്തേയും, വാതത്തേയും, അർശ്സ്സിനേയും ശമിപ്പിക്കും. ബലത്തേയും. കഫത്തേയും. ശുക്ലത്തേയും വർദ്ധിപ്പിക്കും. ദോഷത്തെത്തടുപ്പിക്കും. ഗുരുതരമായിരിക്കും. മലത്തെത്തടുക്കും. ഉഷ്ണവീര്യമെന്നു വാഗ്ഭടമതം. രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നതെന്നു നിഘണ്ടുമതം. ജോനാരങ്ങാനീരിൽ രസപടനയുപ്പുകൊണ്ടു പചിച്ചു ചൂടുവെള്ളത്തിൽ കഴുകിളകിക്കിയാൽ ശുദ്ധമാകും.

ഞാ

ഞാവൽ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായു്:— കഫം, രക്തദോഷം, പിത്തം, മെലിവു്. ചൂടുനീർ, ശ്രമം, കൃമി, ചുമ, വായുമുട്ടൽ, വ്രണം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. കണ്ണിത്തിങ്കൽ തടവുവരുത്തും. രുചിയെ ഉണ്ടാക്കും. അഗ്നിയെ മന്ദിപ്പിക്കു

മെന്നു രാജവല്ലഭമതം. പുളിരസം കൂടെ ഉണ്ടെന്നു പക്ഷം. വാതജനനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നുസംഗ്രഹം. ഇതിന്റെ തൊലി:—രക്തദോഷം, കഫം, രക്താതിസാരം, പിത്തം, പക്വാതിസാരം ഇവയെ ശമിപ്പിക്കും. തളിര്:—യോഗവിശേഷംകൊണ്ടു രുച്യമായും പാചനമായും ഭവിക്കും. ഉപയോഗവിരുദ്ധത :— ഇതിന്റെ കായ് പാലിനോടൊരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

ഞാഴൽ.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിയ്യുമാകുന്നു. ഫലവർഗ്ഗത്തിൽചേർന്നതെന്നും പക്ഷം. ഗ്രഹരോഗം, വിഷം, ഗുല്മം, ബോധക്കേട്, തണ്ണീർദാഹം, മുഴൽച്ച, ജ്വരം, ഛർദ്ദി, അതിസാരം, സ്വേദം, രക്തദോഷം. മുട്ടുനീറൽ, ഔഷ്ണ്യം, പിത്തം, വാതം ഇവയെ ശമിപ്പിക്കും. അരച്ചു പുരിയാൽ മുഖത്തിനു ശോഭയുണ്ടാക്കും. വശീകരണത്തിനു നല്ലതു്. കഫപിത്തങ്ങളെ ശമിപ്പിക്കും. ബലത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. സ്തംഭനമായിരിക്കും. വയറടപ്പിനെ ഉണ്ടാക്കും. മിക്കവാറും ഫലം തന്നെ എടുക്കേണമെന്നും മേൽപ്പറഞ്ഞഎല്ലാഗുണങ്ങളും ഫലത്തിനുണ്ടായിരിക്കുമെന്നും ചിലരുടെ പക്ഷം. ഗന്ധമേറിയതും കുറഞ്ഞതും ഇങ്ങനെ രണ്ടുതരമുണ്ടു്. അതിൽ ഗന്ധമേറിയതു രക്തപിത്തപ്രശമനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

ഞെ

ഞെട്ടിക്കുഴിയന്മാവു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായു്:—ദോഷത്തെയും. രക്തദോഷത്തെയും, പിത്തത്തെയും ഉണ്ടാക്കും. മൂന്നു ദോഷങ്ങളേയും കോപിപ്പിക്കുമെന്നു പക്ഷം. പഴുത്ത കായു്:—വിദാഹം, അരുചി, തണ്ണീർദാഹം, വായുമുട്ടൽ, പിത്തം, ശ്രമം, കഫം ഇവയെ ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും, ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. വാതത്തെ കോപിപ്പിക്കും. മലത്തെ പിടിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു നൃസിംഹമതം. ഈ മാങ്ങ നല്ലവണ്ണം പഴുത്തതായിരുന്നാലും തൊലി ചവയ്പുള്ളതായിരിക്കും.

ഞെരിഞ്ഞാംപുളി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഫലമാകുന്നു. അജീർണ്ണം, ശ്രമം, ഛർദ്ദി, ആർസ്സു്, വായുമുട്ടൽ. ആനാഹം, ചുമ, ഇക്കിൾ, അരുചി, മൂത്രകൃച്ഛ്രം, ഉദാവൃത്തം, അശ്മരി, പ്ലീഹ, ഹൃദ്രോഗം, ഗുല്മം, വാതം, സ്ഥൂലം, കഫം ഇവയെ ശമിപ്പിക്കും. പിത്തത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ഭക്ഷിച്ചാൽ പുളിയുടെ കൂടുതൽകൊണ്ടു രോമാഞ്ചത്തെ ഉണ്ടാക്കും. മലത്തെയിളക്കും. ഇതു ചെത്തു സേവിച്ചാൽ ആട്ടിൻമാംസത്തിനു അലിവുവരും. ഭേദനീയ ദീപനീയാനുലോമിക വാതശ്ലേഷ്മഹരങ്ങളിൽ വച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. മധുരരസം കൂടെ ഉണ്ടെന്നും, എരിയും കയ്പും കൂടെ ഉണ്ടെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു. ഗ്രാഹിയെന്നു രാജവല്ലഭമതം. സ്നിഗ്ധമെന്നു ചക്രപാണിമതം. പഴുത്തതു കുരുകളഞ്ഞു് ഉണക്കി ഉപയോഗിച്ചുവരുന്നു. ഇതു ചെത്തും വലുതും രണ്ടുതരമുണ്ടു്.

"ഏതോഗശ്ശൂലഗുല്മഘ്നം
പിത്താസ്രകഫദൂഷണം;
സാരാമ്ലമമ്ലം വാതഘ്നം
ഗുരുപിത്തകഫപ്രദം."

ഞെരിഞ്ഞാൻപുളിയും പുളിയൻചീരയും അതിയായ പുളിരസമുള്ളതും മലശോധനയെ വരുത്തുന്നതും ഏതോഗം. ശൂലവേദന, ഗുല്മൻ എന്നിതുകളെ നശിപ്പിക്കുന്നതും പിത്തത്തെയും, രക്തത്തെയും, കഫത്തെയും ദൂഷിപ്പിക്കുന്നതുമാകുന്നു. സാരാമ്ലം അമ്ലരസവും, വാതഹരവും, ഗുരുതപമുള്ളതും പിത്തകഫങ്ങളേ വർദ്ധിപ്പിക്കുന്നതുമാകുന്നു. സാരാമ്ലം എന്നാൽ ചാണപ്പുളി അതായതു വാളൻപുളി കരുകളഞ്ഞു ഉപ്പുംകൂടി ഇടിച്ചുവയ്ക്കുന്നതാകുന്നു.

ടി

ടിട്ടിഭപക്ഷി.

ഇതു് അപ്പ്രചരവർഗ്ഗത്തിൽചേർന്ന അന്തപമാസ്മമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ കാലു് മഞ്ഞനിറമായും ശരീരം ചിത്രവർണ്ണമായും ഇരിക്കും. ഇതു് ഒരിക്കലും ഉറങ്ങുകയില്ല. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു മിക്കവാറും കൊക്കിൻമാംസത്തോടൊത്തതാകുന്നു.

ഡോ

ഡോഡി.

ഇതു വൃക്ഷുപവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതു വിഷമുഷ്ടിഭേദകമാകുന്നു. ഇതിന്റെ ഇല:—വിഷമുഷ്ടിയുടെ ഇലയേക്കാൾ ചെറുതും നീളമുള്ളതും അതിനേക്കാൾ വടപ്പുയുള്ളതുമാകുന്നു. ഗുണങ്ങൾകൊണ്ടു വിഷമുഷ്ടിയോടു ഒത്തതാകുന്നു.

ത

തകരം.

ഇതു വൃക്ഷുപവർഗ്ഗത്തിൽ ചേർന്ന കണ്ഡപുഷ്പദ്രവ്യമാകുന്നു. പത്രശാകങ്ങളിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ പൂവു് മഞ്ഞനിറമായിരിക്കും. പയറുപോലെ കീഴ്പോട്ടു തുങ്ങുന്ന നേത്രഫലങ്ങൾ വളരെ ഉണ്ടായിരിക്കും. കൃമി, ത്രിദോഷം, ശിരോരോഗം, കുഷ്ഠം, വായുമുട്ടൽ, ചൊറി, ചിരങ്ങു്, ദദ്രു, വ്രണം ഇവയെ നശിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. ഇതിന്റെ വിത്തു്:—വായുമുട്ടൽ, കൃമി, വാതരക്തം, ഉദർദ്ദം, അർശ്സ്സു്, വിഷം, ഗുല്മം, ഉദരം, ചൊറി, കുഷ്ഠം, കഫം, വാതം ഇവയെ നശിപ്പിക്കും. മലത്തെ പിടിപ്പിക്കുമെന്നു പക്ഷം. ഇതിന്റെ ഇല—മലമൂത്രങ്ങളെ പുറത്തുകളയും. വാതത്തേയും കഫത്തേയും വർദ്ധിപ്പിക്കും. പുളിയും ചൂടും ലഘുത്വവുമുള്ളതെന്നു പക്ഷം. വാതപിത്തങ്ങളെ കോപിപ്പിക്കയും കഫത്തെ ശമിപ്പിക്കയും ചെയ്യുമെന്നു സുശ്രുതമതം. വിഷംഭത്തോടുകൂടി ദഹിക്കുമെന്നും പക്ഷം. പൂവു്:—കയ്പ്പു്, ചവർപ്പു്, ലഘുത്വം ഇവകളോടുകൂടിയതാകുന്നു. അർശ്സ്സു്, കഫം, കൃമി, പിത്തം ഇവയെ ശമിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. [illegible] വിശേഷാൽ അല്പം കയ്പ്പുരസത്തോടുകൂടിയതാകുന്നു.

തകരം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന വാതഘ്നദ്രവ്യമാകുന്നു. ഗന്ധവർഗ്ഗത്തിൽ ചേർന്നതെന്നു മദനപാലമതം. ത്രിദോഷം, ശൂലം, വിഷം, നേത്രരോഗം, അപസ്മാരം, ശിരോ

രോഗം, രക്തദോഷം, ഉന്മാദം, ഭ്രമാവേശം, ഭയം ഇവയെ ശമിപ്പിക്കും. പഥ്യമായിരിക്കും. എരിവുസംകൂടെ ഉണ്ടെന്നും വാതകഫങ്ങളെ ശമിപ്പിക്കുമെന്നും ഗണനിഘണ്ടു. ചവർപ്പുരസംകൂടെ ഉണ്ടെന്നും ഗ്രന്ഥങ്ങളിൽ കാണുന്നു. മൂലം എടുക്കാമെന്നു പക്ഷം. ശീതവീര്യമെന്നു ധന്വന്തരിമതം.

തക്കാരിവഴുതിന.

ഇതു ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. ഇതിന്റെ പക്വതിമൂത്ത കായ്:— വാതം, കൃമി, കഫം, കുഷ്ഠം, ജ്വരം, പുമ ഇവയെ ശമിപ്പിക്കും. ഇക്കുത്തെയും ബലത്തെയും, അഗ്നിയേയും, കൂറഞ്ഞൊന്നു പിത്തത്തെയും വർദ്ധിപ്പിക്കും. കണ്ണിനു നന്നല്ല. പുഷ്ടിയെച്ചെയ്യും. രുചിയേയും ഉറക്കത്തെയും ഉണ്ടാക്കും. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു ചരകമതം. വാതത്തെ വർദ്ധിപ്പിക്കുമെന്നു ഹാരീതസംഹിതയിലും രാജനിഘണ്ടുവിലും കാണുന്നു. നന്നാ ഇളയതു് —കഫപിത്തങ്ങളെ ശമിപ്പിക്കും. മൂത്തതു്:—ക്ഷാരരസത്തോടുകൂടിയതും ഗുരുവായിട്ടുള്ളതും പിത്തത്തെ വർദ്ധിപ്പിക്കുന്നതുമാകുന്നു. ഇതിന്റെ കായ്:—നീലവർണ്ണമായും ചുവന്ന നിറമായും വെളുത്തനിറമായും മിശ്രവർണ്ണമായും ഇങ്ങനെ പലതരമുണ്ടു്. കൂറഞ്ഞൊന്നു വൃത്താകൃതിയായിരിക്കും. മേൽപ്പറഞ്ഞ വിപ്രതിപത്തിയും ഇങ്ങനെയുള്ള ഭേദംകൊണ്ടുണ്ടായിരിക്കാം. ഇതിൽതന്നെ കോഴിമുട്ടയുടെ മുഴുപ്പിൽ നന്നാ വെളുത്തനിറമായി ഒരുതരമുണ്ടു്. അതു മുൻപറഞ്ഞതിനേക്കാൾ ഗുണം കുറഞ്ഞതുമായ വിശേഷാൽ അർശ്സുകളിൽ നല്ലതുമാകുന്നു.

തക്കോലം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, കൃമി, ഹൃല്ലോഗം, അഗ്നിമാന്ദ്യം, വായുമുട്ടൽ, തണ്ണീർദാഹം, മൂത്രകൃച്ഛ്രം, വിഷം, വയറുപ്പു്, അർശ്സ്സു്, വീക്കം, കണ്ണുരോഗം, നേത്രരോഗം ഇവയെ ശമിപ്പിക്കും ആമത്തെ പചിപ്പിക്കും. വായിലെ ദുർഗ്ഗന്ധത്തെയും ജാഡ്യത്തെയും കളയും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും.

തക്രാഹ്വം.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. വ്രണം, കൃമി, പ്രമേഹം, പ്രദരം, പിത്തം ഇവയെ ശമിപ്പിക്കും.

തടാകം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം:— രക്തദോഷം പിത്തം, കഫം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങൾക്കു തടവുണ്ടാക്കുന്നതും. വാതത്തെ വർദ്ധിപ്പിക്കും. ഹേമന്തകാലത്തിങ്കൽ നല്ലതെന്നു സുശ്രുതത്തിലും, മദനപാലനിഘണ്ടുവിലും. ഹാരീതസംഹിതയിലും ഗ്രീഷ്മത്തിൽ നല്ലതെന്നു കാണുന്നു.

തണ്ടൻചീര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന നാളശാകമാകുന്നു. ദേഹത്തെ തടിപ്പിക്കും. ആമത്തെ പചിപ്പിക്കും. രക്തദോഷത്തെയും, പിത്തത്തെയും ശമിപ്പിക്കും. കൂറഞ്ഞൊന്നു വാതത്തെയും, ശുക്ലത്തെയും, ബലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. വിഷാംഭിയായിരിക്കും. ദോഷങ്ങളെ കോപിപ്പിക്കയില്ലെന്നു പക്ഷം. തണ്ടിനും ഇലയ്ക്കും ചുവപ്പുനിറമുള്ളതും വലിപ്പമു

ള്ളതുമാകുന്നു. ഇതു കോഴിമാംസവും തൈരും ഒരുമിച്ചു ഭക്ഷിച്ചാൽ വിരോധം.

തണ്ണിമത്ത.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ പാതിമൂത്ത കായ്:— പിത്തം, ചുട്ടനീറൽ, ശ്രമം ഇവയെ ശമിപ്പിക്കും. മൂലത്തേയും, കഫത്തേയും, വാതത്തേയും വർദ്ധിപ്പിക്കും. മലത്തെ തടുക്കും. പുഷ്ടിയെ വരുത്തും. ശുഷ്കിയെച്ചെയ്യും. ശുക്ലത്തെ ക്ഷയിപ്പിക്കും. ദുഷ്ടിദോഷണത്തെച്ചെയ്യും. ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കയും ചെയ്യുമെന്നു ഗുസിംഹമതം. പഴത്തകായ്:—അഷ്ടീല, ത്രിദോഷം, കഫം, വാതം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദ്രോഗത്തെ വരുത്തും. അഗ്നിയെയും പിത്തത്തെയുംവർദ്ധിപ്പിക്കും. ഇതിന്റെ ഇല:— അല്പം കയ്പ്പുരസത്തോടുകൂടിയതും രക്തധാതുവിനെ വർദ്ധിപ്പിക്കുന്നതുമാകുന്നു.

തത്ത.

ഇതു പ്രതുദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—കഫം, പിത്തം, രാജയക്ഷ്മാവു്, ചുമ, മെലിവു്, ക്ഷതം, ശൂലം ഇവയെ ശമിപ്പിക്കും. കുറഞ്ഞാനുള്ള വാതത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. മൂത്രത്തെ കുറക്കും. കുറഞ്ഞാനുള്ള ഗുരു എന്നും പക്ഷം.

തരുടി.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. കഫത്തെ ശമിപ്പിക്കും. ഇതു മൂള്ളുള്ളതും ചുവന്ന വിത്തുള്ളതുമാകുന്നു.

തലയിൽ മഞ്ഞനിറമുള്ള പരുന്തു്.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നുംപക്ഷം. ഇതിന്റെമാംസം:— ഗ്രഹണിരോഗംകൊണ്ടു പരുന്തിൻമാംസത്തോടൊത്തതാകുന്നു.

തവരാജോദ്ഭവഖണ്ഡം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കണ്ണിനു നല്ലതു്. ധാതുപുഷ്ടിയെച്ചെയ്യും. ഇന്ദ്രിയങ്ങൾക്കു ശക്തിയുണ്ടാക്കൊടുക്കും. വായുമുട്ടൽ, ചുമ, മൂർച്ഛ, മോഹം, അന്തർദ്ദാഹം, ചുട്ടനീറൽ, പിത്തം, വാതം ഇവയെ ശമിപ്പിക്കും.

തവള.

ഇതു വിലേശയവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. വാതത്തെ ശമിപ്പിക്കും. കഫത്തേയും, ബലത്തേയും ശുക്ലത്തേയും, കുറഞ്ഞാനുള്ള പിത്തത്തേയും വർദ്ധിപ്പിക്കും. മൂത്രത്തടവിനെ തീക്കും. ഈ ഗുണം വെള്ളത്തിലുള്ള തവളകൾക്കു ചേരുന്നതല്ല. വെള്ളത്തിലുണ്ടാകുന്നതെങ്കിലും കുറെ വളർന്നാൽ പിന്നെ കരയിൽതന്നെ മണ്ണുകൊണ്ടു ശരീരം മറച്ചിരിക്കുന്നതും ആഹാരമില്ലാതിരുന്നാലും പുഷ്ടിയോടുകൂടി ജീവിക്കുന്നതും നാവില്ലാത്തതും ആയ ഒരുതരം പെരുന്തവളയാകുന്നു. കല്ലിന്റെ പോടുകളിലും ഇരിക്കും.

താതിരി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ലഘുവിയെ

ഉണ്ടാക്കും. വ്രണം, രക്താർശ്സ്സ്, വിസർപ്പം, കൃമി, വിഷം, പ്രവാഹിക, അതിസാരം, തണ്ണീർദാഹം, രക്തദോഷം, പിത്തം ഇവയെ ശമിപ്പിക്കും. ഗർഭസന്ധാനത്തെച്ചെയ്യും. ഉണ്ണിവീര്യമെന്നു ന്യസിംഹമതം. ഇതു് അഗ്നിജ്വാലപോലെ മുഴുത്ത പൂവോടുകൂടിയതാകുന്നു.

താന്നി.

ഇതു ഫലവർഗ്ഗത്തിൽചേർന്ന കാസംഗ്രഹദ്രവ്യമാകുന്നു. ഇതിന്റെ പഴുത്ത കായു്:—ഇക്കിൾ, വായുമുട്ടൽ, ഒച്ചയുടപ്പു്, കൃമി. നേത്രരോഗം, ചുമ, പിത്തം, കഫം ഇവയെ ശമിപ്പിക്കും. രസം, രക്തം, മാംസം, മേദസ്സു് ഈ ധാതുക്കളിൽപ്പെട്ട ദോഷത്തെ തീർക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. മലത്തെയയിളക്കും. ജരാവ്യാധിയെ നശിപ്പിക്കും സ്നിഗ്ദ്ധത്തിങ്കൽ ശീതമായിരിക്കും. മുടിയെ നന്നാക്കും. വേറെ നെല്ലിക്കായുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ഉഷ്ണവീര്യമെന്നും പാകത്തിങ്കൽ മധുരമെന്നും സുശ്രുതമതം. തീക്ഷ്ണമെന്നു രാജവല്ലഭമതം. ഇതിന്റെ മജ്ജ—വായുമുട്ടൽ, ഇക്കിൾ, ഛർദ്ദി, തണ്ണീർദാഹം, കഫം, വാതം ഇവയെ ശമിപ്പിക്കും. ഗുരുവും ലഘുവും അകുന്നു. മേദസ്സിനെ വർദ്ധിപ്പിക്കും. വിശേഷാൽ മുടിയെ നന്നാക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ കായു് പഴുത്തു ഉണങ്ങിയാൽ വീര്യം കുറയുന്നതല്ല.

താന്നിഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തത്തെയും വാതത്തെയും ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. മുടിയെ നന്നാക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. അഗ്നി മാന്ദ്യത്തെച്ചെയ്യും. കഫത്തെ ശമിപ്പിക്കുമെന്നു സുശ്രുതമതം. ഇതു താന്നിക്കായുടെ ബീജത്തിൽനിന്നു യന്ത്രനിഷ്പീഡിതമായി എടുക്കുന്നതാകുന്നു.

താമര.

ഇതു ഉത്തംസവർഗ്ഗത്തിൽചേർന്ന പുഷ്പമാകുന്നു. ഇതിന്റെ പൂവു്.—അലക്ഷ്മി, നേത്രരോഗം, ഛർദ്ദി, വിസർപ്പം. വിഷം, വിസ്ഫോടം, തണ്ണീർദാഹം, സർവ്വാംഗസന്താപം, ഭ്രമം, ശ്രമം, രക്തദോഷം, കഫം. പിത്തം ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. സന്തർപ്പണമായും സുഗന്ധിയായുംഇരിക്കും തളിരു്—ചവർപ്പും, കയർപ്പും, തണുപ്പും ഉള്ളതാകുന്നു. രക്തദോഷം, പിത്താതിസാരം, അർശ്സ്സു്, മൂത്രകൃച്ഛ്രം, തണ്ണീർദാഹം, ചുട്ടുനീറൽ, പിത്തം ഇവയെ ശമിപ്പിക്കും. സ്തംഭനമായിരിക്കും.

താമരക്കിളി.

ഇതു പ്ലവവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെ മാംസം:—രക്തദോഷം, വാതം, പിത്തം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഈ പക്ഷി മിക്കവാറും താമരയിലയിൽ ശയിക്കശീലമായിട്ടുള്ളതാകുന്നു.

താമരക്കിഴങ്ങു്.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. ഗുണങ്ങൾ കൊണ്ടു താമരവളയത്തോടു ഒത്തതാകുന്നു. വിശേഷാൽ ചുമയെയും കഫത്തെയും ശമിപ്പിക്കും. വിഷ്ടംഭത്തെച്ചെയ്യും. എരിരസംകൂടാതെ ഉണ്ടെന്നു ന്യസിംഹമതം.

താമരക്കുരു.

ഇതു് ഉത്തംസ്വഭാവത്തിൽ ചേർന്ന സംഗ്രാഹിയ്യുമാകുന്നു. ഛർദ്ദി, രക്തദോഷം, പിത്തം ഇവയെ ശമിപ്പിക്കും. കഫവാതങ്ങളേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയേയും വിഷ്ടംഭത്തേയും ഉണ്ടാക്കും. ശുക്ലബലത്തേയും ഗർഭസ്ഥാപനത്തേയും ചെയ്യും. സ്തംഭനമായിരിക്കും. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നും വാതത്തെ വർദ്ധിപ്പിക്കുമെന്നും സംഗ്രഹം. എരിരസംകൂടെ ഉണ്ടെന്നും പാചനമെന്നും രാജനിഘണ്ടു. സ്നിഗ്ദ്ധമെന്നും വിദാഹി എന്നും ഭാഷാഗുണപാഠം.

താമരപ്പൂവു്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ളവെള്ളം:—മുഴൽമ, സർവ്വാംഗസന്താപം, മൂത്രകൃച്ഛ്രം, മെലിവു്, കൃമി, വിഷം, ഛർദ്ദി, രക്തദോഷം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. സ്തനദാർഢ്യത്തെയും വിഷ്ടംഭത്തെയും ചെയ്യും.

താമരയല്ലി.

ഇതു് ഉത്തംസ്വഭാവത്തിൽ ചേർന്നതാകുന്നു. മുഖപാകം, വീക്കം, വിഷം, രക്താർശ്ശസ്സു്, സർവ്വാംഗസന്താപം, തണ്ണീർദാഹം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. സംഗ്രഹണീയ രക്തപിത്തപ്രശമനങ്ങളിൽ വച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. എരിരസംകൂടെ ഉണ്ടെന്നു നൃസിംഹമതം.

താമരവളയം.

ഇതു് ഉത്തംസ്വഭാവത്തിൽ ചേർന്നതാകുന്നു. ഛർദ്ദി, നേത്രരോഗം, മൂത്രകൃച്ഛ്രം, സർവ്വാംഗസന്താപം, ജ്വരം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. വാതത്തേയും, കഫത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. മുലപ്പാലിനെ പെരുപ്പിക്കും. മുടിയെ നന്നാക്കും. ദുർഗ്ഗുരമായിരിക്കും. വിഷ്ടംഭി എന്നും പക്ഷം. ഇതു വിരേചകാരികളോടു ചേർത്തു ഭക്ഷിച്ചാൽ വിരേചകം.

താളിയല്ലി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. കണ്ണാരോഗം, മുഖരോഗം, കഫം ഇവയെ ശമിപ്പിക്കും. സ്രോതസ്സുകളിൽ തടഞ്ഞിരിക്കുന്ന കഫത്തെ പുറത്തുകളയും.

താലീസപത്രം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ഛർദ്ദി, ഇക്കിട്ടം, ആമദോഷം, അഗ്നിമാന്ദ്യം, ക്ഷയം, ശ്വാസം, അരുചി, വായുമുട്ടൽ, കൃമി, കഫം, വാതം ഇവയെ ശമിപ്പിക്കും. സ്വരത്തെ നന്നാക്കും.

താളിമാതളം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:—ഗ്രഹണി, ശ്വാസം, മുഖരോഗം, കണ്ണരോഗം, സ്വരസാദം, ക്ഷതം, ക്ഷയം, ഹൃദ്രോഗം, കൃമി, വായുമുട്ടൽ, ജ്വരം, ചുട്ടനീറൽ, തണ്ണീർദാഹം, പിത്തമേറിയ സന്നിപാതം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ബലത്തേയും, ജാഠരാഗ്നിയേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. തുവ്വർണമായും ഹൃദ്യമായും ഇരിക്കും. ബുദ്ധിയേയും രുചിയേയും ഉണ്ടാക്കും. ഇതു മധുരിച്ചതും, പുളിച്ചതും, മധുരവും പുളിയും കലർന്നതും ഇങ്ങനെ മൂന്നു

തരമുണ്ടു്. അതുകളിൽവച്ചു മധുരിച്ചതിന്റെ ഗുണം മേൽപ്പറഞ്ഞതാകുന്നു. പുളിച്ചതു്:—പിത്തത്തെ വഷ്ടിപ്പിക്കും. രൂക്ഷമെന്നു ചുരകമതം. വിശേഷാൽ വാതകഫങ്ങളേയും അഗ്നിതമെന്നു വാതരോഗത്തേയും ശമിപ്പിക്കും. പിത്തവിരോധിയെന്നു സംഗ്രഹം. പാകത്തിങ്കൽ എരിച്ചതെന്നു രാജയല്ലഭമതം. മധുരപുംപുളിയും കലന്നതു്:—കാഞ്ഞതാന്നു പിത്തത്തെ വർദ്ധിപ്പിക്കുന്നതും മധുരവും പുളിയും കലന്നതു പിത്തത്തിനു വിരോധിയല്ലെന്നും തോന്നുന്നു. കായുടെ തൊണ്ടു്—വിശേഷാൽ ഗ്രാഹിയുമായും, രക്തദോഷത്തേയും കൃമിയേയും ശമിപ്പിക്കുന്നതായും ഇരിക്കും. ഇളയകായു് ഉണങ്ങിയതു്—രുചൃമായും എട്ടൃമായും വായുവിനു ഭേദനലോമനമായും ഇരിക്കും. പൂവിന്റെ സ്വരസം നസ്യംചെയ്താൽ മൂക്കിൽക്കൂടി സ്രവിക്കുന്ന രക്തത്തെ നിറുത്തും. ഇതിന്റെ പഴുത്ത കായു് എടുത്തുവെച്ചു പഴകിയാൽ ഗുണമേറിയതായിരിക്കും. ഇതിന്റെ കായു് പാലിനോടൊരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

താർതാവൽ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ജരായ്വാധി, അജീർണ്ണം, വാതം, ശൂലം, പിത്തം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇതു വെളുത്തും ചുവന്നും രണ്ടുതരമുണ്ടു്. രണ്ടിന്റേയും ഗുണങ്ങൾ തുല്യങ്ങൾതന്നെ. എങ്കിലും വെളുത്തതു ഔഷധത്തിനുൽ ശ്രേഷ്ഠമാകുന്നു.

താറാവു്.

ഇതു ഔപ്പചരവർഗ്ഗത്തിൽ ചേർന്ന അന്നുപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അന്നുപമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം—മിക്കവാറും ഗുണങ്ങൾകൊണ്ടു വെള്ളിപ്പക്ഷിയുടെ മാംസത്തോടൊത്തതാകുന്നു. വിശേഷാൽ മലത്തെ പുറത്തുകളയും. ഉണ്ണുവീയ്പ്പുമെന്നു വാഗ്ഭടമതം. ഇതു പലതരമുണ്ടു്.

തിരുക്കമീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അന്നുപമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടടുക്കിടിയതാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. വിശേഷാൽ രുചിയെ ഉണ്ടാക്കും. കഫത്തെ വർദ്ധിപ്പിക്കയില്ല. സാമുദ്രമത്സ്യമെന്നു സുശ്രുതമതം. ഇതു പുത്തകൃതിയും ഇരുപുറവും മുള്ളുള്ളതുമായ ഒരുതരം മീനാകുന്നു.

തിത്തിരിപ്പുള്ളു്.

ഇതു വിഷ്കിരപക്ഷിവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—പിത്താംശമധുരമായും വാതം ഏറിയും കഫംകുറഞ്ഞും ഇരിക്കുന്നു. സന്നിപാതം, രക്തദോഷം, വായുമൂട്ടൽ, ചുമ, ഇക്കിൾ, ജ്വരം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും അഗ്നിയേയുംവർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. രുചിയെ ഉണ്ടാക്കും. നിറത്തെ കൊടുക്കും. ഇതു പ്രമാണംകൊണ്ടും നിറംകൊണ്ടും പലതരമുണ്ടു്. അതുകളിൽ വെച്ചു മഞ്ഞനിറമുള്ളതു ശ്രേഷ്ഠം. ഇതു ആവണക്കിൻ വിറകുകൊണ്ടു തീയെരിച്ചു വേവിച്ചോ ആവണക്കുഎണ്ണയിൽ വറുത്തോ ഭക്ഷിച്ചാൽ ഏറ്റവും വിരുദ്ധം.

തിന.

ഇതു ഭോജ്യവസ്തുത്തിൽ ചേന്ന ഗുണധാന്യമാകുന്നു. ചുട്ടനീറലിനേയും പിത്തത്തേയും വിശേഷാൽ കഫത്തേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. മുഖത്തിനെ കൂട്ടിപ്പിടിപ്പിക്കും ശുക്ലത്തേയും വാതത്തേയും വർദ്ധിപ്പിക്കും. കുതിരകൾക്കു ഏറ്റവും നല്ലതു്. ഇതു കൂത്തും ചുവന്നും വെള്ളും മഞ്ഞളിച്ചും നാലുതരമുണ്ടു്. അതുകളിൽവെച്ചു മഞ്ഞനിറമുള്ളതു് ഗുണമേറിയതാകുന്നു. ഇതു പാലിനോടു ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

തിന മുതലായതു്.

ഇതു ഭോജ്യവസ്തുത്തിൽ ചേന്ന ഗുണധാന്യമാകുന്നു. രക്തദോഷം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. ധാതുക്കൾക്കുള്ള ക്ലേദത്തെ വരട്ടും. മലമൂത്രങ്ങളെ തടുക്കും. ദേഹത്തെ മെലിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും, ലേഖനമായും ഇരിക്കും. ഉണ്ണുവീയ്യുമെന്നും വാതപിത്തങ്ങളെ വലിപ്പിക്കുമെന്നും പക്ഷം.

തിപ്പലി.

ഇതു പണ്യവസ്തുത്തിൽ ചേന്ന കാസഘ്നദ്രവ്യമാകുന്നു. ഉണങ്ങിയതു്:—മഹോദരം, ഗുമ, ജ്വരം, കഫം, വായുമുട്ടൽ, വാതം, അരുചി, കൃമി, പ്രമേഹം, ഗുല്മം, കുഷ്ഠം, ശൂലം, അജീർണ്ണം, ആമവാതം, അർശ്ശസ്സു്, ക്ഷയം, പ്ലീഹ ഇവയെ ശമിപ്പിക്കും. മലത്തിനയവു വരുത്തും. പിത്തത്തേയും, ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. രസായനത്തിങ്കൽ ശ്രേഷ്ഠമാകുന്നു. ഇന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നുംധന്വന്തരിമതം. പച്ചയായിട്ടുള്ളതു്. സാമാന്യവിധികൊണ്ടു കടുരസം ബാധിക്കുന്നതിനാൽ കടുരസംകൂടി ഉണ്ടെന്നു പക്ഷം. കഫത്തെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. ഇതിന്റെ ഫല:—രുചിയെ ഉണ്ടാക്കും. രക്തപിത്തത്തെ ശമിപ്പിക്കും. വളയപ്രസാദത്തെ വരുത്തുന്നു. ഉണങ്ങിയ തിപ്പലി പഴകിയാൽ ഏറ്റവും നല്ലതാകുന്നു. ഇതു മീൻ വറുത്തു ശേഷിച്ചിട്ടുള്ള എണ്ണയിലൊ നെയ്യിലൊ പാകംചെയ്തു ഭക്ഷിക്കുകയോ അരച്ചു തേയ്ക്കുകയോ ചെയ്താൽ വിരുദ്ധം.

തിപ്പലിമൂലം.

ഇതു പണ്യവസ്തുത്തിൽ ചേന്ന കഫഘ്നദ്രവ്യമാകുന്നു. ഗുല്മം, വയറുവീർപ്പു, വാതം, പ്ലീഹ, മഹോദരം, കഫം, വായുമുട്ടൽ, ശൂലം, കൃമി, ക്ഷയം, കണ്ണുരോഗം, ഗുമ, ചർദ്ദി, ഇക്കിൾ ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെയയിളക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. പാചനീയദീപനീയാനാം ഔഷധങ്ങളിൽ വച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഇതു ചെറുതിപ്പലിയുടെ വേരു ഉണങ്ങിയതാകുന്നു.

തിരുതാളി.

ഇതു ശാകവസ്തുത്തിൽ ചേന്ന ഔഷധസംഗ്രാഹിദ്രവ്യമാകുന്നു. ത്രിദോഷത്തേയും വ്രണത്തേയും ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കി പുറത്തുകളയും. ഗർഭസ്ഥാനത്തെ ശുദ്ധിചെയ്യും. ജരായ്വായിയെ നശിപ്പിക്കും. ഇതിന്റെ കിഴങ്ങു വെളുത്തതായിരിക്കും. രാജനിഘണ്ടുവിൽ

മഹാകന്ദങ്ങളുടെ കൂട്ടത്തിൽ വിധിച്ചിരിക്കുന്നു.

തിരുവട്ടപ്പശ.

ഇത് ഔഷധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, നേത്രരോഗം, ശിരോരോഗം, ക്ഷതപീഡ, സ്വരസ്വാദം, ദൌർഗ്ഗന്ധ്യം, വിയർപ്പ്, രാക്ഷസപീഡ, അലക്ഷ്മി, ആക്ഷേപമെന്ന വാതം, ജ്വരം, പല പ്രകാരത്തിലുള്ള വേദന, ആമവാതം, കൃമി, വ്രണം, ചൊറി, പീനസം, യോനിദോഷം, അജീർണ്ണം, വിയർപ്പ് ഇവയെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. ബലത്തേയും പിത്തത്തേയും വർദ്ധിപ്പിക്കും. മുറിവിൽ നിന്നു അതിയോഗത്തിൽ പ്രവർത്തിക്കുന്ന രക്തത്തെ നിറുത്തും. മലത്തിനു അയവു വരുത്തും. തൈലസംസ്കാരത്തിങ്കലും പുകയ്ക്കുന്നതിനും ഉപയോഗിക്കാം. ഏരിരസംകൂടെ ഉണ്ടെന്നും, പിത്തകഫങ്ങളെ ശമിപ്പിക്കുമെന്നും വൃസിദ്ധമതം.

ത

തുംഗഭദ്രാനദി.

ഇതു രസായനത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം—രക്തപിത്തത്തെയും ചൊറിയേയും ഉണ്ടാക്കും. പരിചയിച്ചാൽ പഥ്യമായിരിക്കും.

തുടരി.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്—ചവർപ്പും, കയ്പ്പും കൂടി ഉണ്ടെന്നു ഭാവപ്രകാശം. രുചിയെ ഉണ്ടാക്കും. മലത്തെയയിളക്കും. കഫത്തെ വർദ്ധിപ്പിക്കും. കൃമിയെ പെരുപ്പിക്കും. മുട്ടിനീരലിനേയും, വാതത്തേയും, പിത്തത്തേയും ശമിപ്പിക്കും. ഇതിന്റെ പച്ചക്കായുടെയും വേരു മുതലായതിന്റെയും ഗുണങ്ങളും സാമാന്യം ചന്ദനത്തിനു പറഞ്ഞതുതന്നെ. ഇതിന്റെ കായ് ചെറിയ ചന്ദനത്തിന്റെ കായെക്കാൾ ചെറിയതു് ആയിരിക്കും. രണ്ടും അന്യവൃക്ഷങ്ങളെ ആശ്രയിച്ചു പടരുന്നതും വളരെമുള്ളുള്ളതും ആകുന്നു.

തുത്ഥാഞ്ജനം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതു ആകുന്നു. കർപ്പൂരതുത്ഥം ഇതിന്റെ ഭേദമെന്നു വൃസിദ്ധമതം, രാജനിഘണ്ടുവിലും, മദനപാലാദിനിഘണ്ടുവിലും ഉണ്ടെന്നുവീണ്ടുമെന്നു കാണുന്നു. ഛർദ്ദിയെ ഉണ്ടാക്കും. ലേഖനമായിരിക്കും. മലത്തെയയിളക്കും. വിഷം, കൂട്ടുവിഷം, കൃമി, ചൊറി, അർശസ്, ഹൃദ്രോഗം, കഫം, അശ്മരി, മൂത്രകൃച്ഛം, നേത്രരോഗം, ശ്വിത്രം, കഫം ഇവയെശമിപ്പിക്കും.

തുമ്പ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. അഗ്നിമാന്ദ്യം, അർശസ്, ശൂലം, ഗുല്മം, വിഷം. കൃമി, പീക്കം, തമകശ്വാസം, കാമല, ആമദോഷം, കഫം, വാതം ഇവയെ ശമിപ്പിക്കും. മലത്തെയയിളക്കും. രുചിയെ ഉണ്ടാക്കും. പഥ്യമായിരിക്കും. വാതപിത്തങ്ങളെ വർദ്ധിപ്പിക്കുമെന്നു മദനപാലതം. ഇതിനുപറയുന്ന മധുരരസം പുഷ്പത്തിങ്കൽ ഇരിക്കുന്നു. അതു ശീതവുമാകുന്നു. വിശേഷാൽ സർവ്വാംഗസന്താപം, സന്നിപാതജ്വരം, നേത്രരോഗം ഇവയെ ശമിപ്പിക്കും.

ത്രിഫല തൈലം.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശുക്രത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കും. രക്തപിത്തത്തേ

ഉണ്ടാക്കും. ചൊറി, കുമി, പ്രമേഹം, കുഷ്ഠം, അൎശ്ശസ്സ്, കഫം, വാതം ഇവയെ ശമിപ്പിക്കും. ശുക്ലിയേയും വികാരത്തേയും ഉണ്ടാക്കും.

തുവരപ്പയറു്.

ഇതു ഭോജ്യവൎഗ്ഗത്തിൽ ചേൎന്ന ശിംബിധാന്യമാകുന്നു. മലത്തെ വിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ലഘുവെന്നു മനോപാലമതം. അതിസാരം, ജ്വരം, വിഷം, രക്തദോഷം കഫം, പിത്തം ഇവയെ ശമിപ്പിക്കും. വാതത്തെ വൎദ്ധിപ്പിക്കും. നെയ്യു ചേൎത്തു് ഉപയോഗിച്ചാൽ വാതത്തെ കോപിപ്പിക്കയില്ല. വെള്ളത്തും കുത്തും മുയന്നും ഇങ്ങനെ മൂന്നുതരമുണ്ടു്.

തുവരിമണ്ണു്.

ഇതു രസായനമണ്ഡനവൎഗ്ഗത്തിൽ ചേൎന്ന ഉപരസദ്രവ്യമാകുന്നു. അധിമാംസം മുതലായതിനെഉരച്ചുകളയും. മുടിയെ നന്നാക്കും. രസത്തെ ബന്ധിക്കും. യോനിസങ്കോചത്തെച്ചെയ്യും. പുട്ടനീരൽ, ഛൎദ്ദി, വിഷൂചി, കണ്ണുരോഗം, ഗ്രഹണി, നേത്രരോഗം, കുഷ്ഠം, വിഷം, വിസൎപ്പം, ശിരോരുഗ്, വ്രണം, കഫം, പിത്തം, വാതം, ഇവയെ ശമിപ്പിക്കും. സൌരാഷ്ട്രദേശത്തിങ്കലുള്ളൊരുതരം മണ്ണാകുന്നു.

തുവച്ചിലഉപ്പു്.

ഇതു പണ്യവൎഗ്ഗത്തിൽ ചേൎന്ന ലവണദ്രവ്യമാകുന്നു. സുഗന്ധിയായിരിക്കും. മറ്റുള്ള ഉപ്പുകളെപ്പോലെ പിത്തത്തെ വൎദ്ധിപ്പിക്കയില്ല. ഇന്ദ്രിയങ്ങൾക്കു പ്രസാദത്തെച്ചെയ്യും. ഹൃദയപ്രസാദത്തെ വരുത്തും. സൂക്ഷ്മനാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വൎദ്ധിപ്പിക്കും. ഊൎദ്ധ്വവാതം, മലബന്ധം, ആനാഹം, കൃമി, ഗുല്മം, ആമദോഷം, ശൂലം ഇവയെ ശമിപ്പിക്കും.

തുവച്ചിലക്ഷാരം.

ഇതു പണ്യവൎഗ്ഗത്തിൽ ചേൎന്ന ക്ഷാരദ്രവ്യമാകുന്നു. ചവുക്കാരത്തിന്റെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം. മേദസ്സിനെ ക്ഷയിപ്പിക്കും. കണ്ണിനു നന്നല്ല. ഉദരരോഗം, വ്രണം, കൃമി, ശൂലം, ഗുല്മം, വയറടപ്പു, വാതം, കഫം ഇവയെ ശമിപ്പിക്കും. ഇതു ക്ഷാരവൎണ്ണമായിട്ടും കൃഷ്ണവൎണ്ണമായിട്ടും രണ്ടുതരമുണ്ടു്. ഗുണങ്ങൾക്കു ഭേദമില്ല.

തുളസി.

ഇതു ഉത്തംസവൎഗ്ഗത്തിൽ ചേൎന്ന കഫഘ്നദ്രവ്യമാകുന്നു. ഹരിതകവൎഗ്ഗത്തിൽ ചേൎന്നതെന്നും പക്ഷം. ദുൎഗ്ഗന്ധത്തെ മാറ്റും. വായിൽ വെടിപ്പു വരുത്തും. കണ്ണിനു നന്നല്ല. മലത്തെ തടുക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. രുചിയേയും പുട്ടനീറലിനേയും ഉണ്ടാക്കും. ഭ്രതപീഡ, കൃമി, പാൎശ്വവേദന, ജ്വരം, ഛൎദ്ദി, വിഷം, ശൂലം, ഇക്കിളി, വായുമുട്ടൽ, മുമ, കുട്ടിവിഷം, മൂത്രകൃച്ഛ്രം, വീൎക്കം, കുഷ്ഠം, രക്തദോഷം ഇവയെ ശമിപ്പിക്കും. വിശേഷാൽ കഫത്തേയും വാതത്തേയും ശമിപ്പിക്കും. ജംരാഗ്നിയേയും പിത്തത്തേയും വൎദ്ധിപ്പിക്കും.

തു

തുണിയാങ്കം.

ഇതു ഗന്ധവൎഗ്ഗത്തിൽ ചേൎന്നതാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കുന്നതെന്നുംപക്ഷം. തോലിനു മിനുപ്പുവരുത്തും. പുഷ്ടിയേയും രുചിയേയും ഉണ്ടാക്കും. ബുദ്ധിയെനന്നാക്കും. ശുക്ലത്തേയും ബലത്തേയും വൎദ്ധി

പ്പിക്കും. തിലകാളകം, അലക്ഷ്മി, ഭൂതാവേശം, പൊറി, ജ്വരം, കുഷ്ഠം, കൃമി, ചുട്ടുനീറൽ, തണ്ണീർദാഹം, രക്തദോഷം, വാതം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. ക്ഷയിൽ ഒരുതരമാകുന്നു. കിഴങ്ങു മുറിച്ചാൽ പച്ചനിറമായിരിക്കും.

തുംപൂണി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. വൃക്തകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ പഴുത്ത കായ്—അപതന്ത്രമെന്നവാതം, ശിരോരോഗം, ഓഷ്ഠരോഗം, കണ്ണരോഗം, അനാഹം, മഹോദരം, ഗുല്മം, മൂത്രകൃച്ഛ്രം, പ്ലീഹ, വായുമുട്ടൽ, അരുചി, ശൂലം, കൃമി, കഫം, വാതം, കൃമി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ തടുക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും. കണ്ണിനു നന്നല്ല. കുറികളിലും മറ്റും ചേർന്നാൽ നല്ല ഗന്ധത്തെ വരുത്തും. രുചിയെ ഉണ്ടാക്കും. വിദാഹിയായിരിക്കും.

തുശിമുല്ല.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുഖരോഗം, കണ്ണരോഗം, വാതം, കഫം, പിത്തം, നേത്രരോഗം, ഇവയെ ശമിപ്പിക്കും. സുഗന്ധിയായിരിക്കും.

തൂ

തൂച്ചടം.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. രാക്ഷസപീഡ, ഹൃദ്രോഗം, വായുമട്ടൽ, ഭൂതപീഡ, ചുമ ഇവയെ ശമിപ്പിക്കും. ഇതു പിംഗലനിറവും, സൌരഭ്യവും, ചവടയും ഉള്ള ഒരു വള്ളിയാകുന്നു. ബീജവും ഏടുക്കും.

തെ

തെക്കൻകാറ്റു്.

വാതത്തെ കോപിപ്പിക്കയില്ല. രക്തദോഷത്തെ ശമിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും. ആയുസ്സിനേയും ബലത്തേയും വർദ്ധിപ്പിക്കും. കണ്ണിനു നല്ലതു്. പുഷ്ടിയെച്ചെയ്യും. കുറഞ്ഞൊരാനു വിദാഹിയായിരിക്കും. തിക്തരസംകൂടെ ഉണ്ടെന്നു പക്ഷം. എല്ലാവായുക്കളിലും ശ്രേഷ്ഠമാകുന്നു. സസ്യങ്ങളെ നശിപ്പിക്കും. ഗണ്ഡൂപദം മുതലായ കീടങ്ങളെ ജനിപ്പിക്കും.

തെങ്ങു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്—വാതം, ക്ഷയം, രക്തകോപം, ക്ഷതം, പിത്തം, സർവ്വാംഗസന്താപം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും, ബലത്തേയും മാംസത്തേയും വർദ്ധിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. മേഹത്തെ തടിപ്പിക്കും. ദുർജ്ജരമായിരിക്കും. വസ്തിശുദ്ധിയെച്ചെയ്യും. ഹൃദയപ്രസാദത്തെ വരുത്തും. ഇളംതേങ്ങ, ഇളനീരു്, പഴുത്തതേങ്ങ, വരണ്ടതേങ്ങ. കൊട്ടത്തേങ്ങാ, കരുത്തതേങ്ങ ഇങ്ങനെ ആറായി വിഭജിക്കാം. അതുകളിൽവെച്ചു ഇളംനീരു—ഹൃദയപ്രസാദത്തെ വരുത്തും. ജ്വരം, മൂത്രകൃച്ഛ്രം, രക്തദോഷം, തണ്ണീർദാഹം, പിത്തം, ഛർദ്ദി, ചുട്ടുനീറൽ, അസൃഗ്വിസ്രാവം, പിത്തജ്വരം ഇവയെ ശമിപ്പിക്കും. ഇളം തേങ്ങ—എരിരസത്തോടു കൂടിയതും ഗുരുവായിട്ടുള്ളതും ആകുന്നു. കഫവാതങ്ങളെ വർദ്ധിപ്പിക്കും. മെലിവിനെ തീർക്കും. കൃമിയേയും വയറടപ്പിനേയും ഉണ്ടാക്കും. വിദാഹിയായിരിക്കും. വരണ്ട

തേങ്ങാ—വാതത്തെ ശമിപ്പിക്കും. അതിന്റെ വെള്ളം മൂത്രത്തെ പുറത്തു കളയും. സ്തീകൾക്കു പ്രസവകാലത്തിങ്കൽ ഉപയോഗിക്കുന്നതിനു നല്ലതാകുന്നു. കൊട്ടത്തേങ്ങാ:—സ്നിഗ്ദ്ധമായും ഗുരുവായുമിരിക്കും. വയറുനോവു്, വാതം, ദന്തരോഗം, വാതരക്തം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും, ബലത്തേയും വൎദ്ധിപ്പിക്കും. മലത്തെ തടുക്കും. രുചിയെ ഉണ്ടാക്കും. ദുർജ്ജരമായിരിക്കും. കരുത്ത തേങ്ങാ:—എല്ലാത്തിലും മാധുൎയ്യവും, ഗുരുത്വമേറയിരും, എല്ലാ ദോഷങ്ങളേയും വൎദ്ധിപ്പിക്കുന്നതുമാകയാൽ അതിനെ ഉപേക്ഷിക്കണം. മണ്ടയിലെ മുള്ളാ:—വാതപിത്തങ്ങളെ ശമിപ്പിക്കും. ശുക്ലത്തേയും, ബലത്തേയും, കഫത്തേയും വൎദ്ധിപ്പിക്കും. താമസിച്ചു ദഹിക്കും. ഇരട്ടപ്പു, വയറുനോവു്, വിദാഹം, വിഷ്ടംഭം, എരിഞ്ഞുനോവു് മുതലായ ഉദരപീഡകളെ ചെയ്യുന്നതാകയാൽ ഉപയോഗിപ്പാൻ നന്നല്ല. അഗ്നിബലമില്ലാത്തവർ ഒരിക്കലും ഭക്ഷിക്കരുതു്. ഇളയചകിനീരു്:—അഗ്നിയെ വൎദ്ധിപ്പിക്കും. മുട്ടനീറലിനെ തീൎക്കും. ഗ്രഹണിദോഷമുള്ളവൎക്കു ഹിതമായിരിക്കും. നന്നാ ഇളംകായുടെ വെള്ളം—ലഘുവായും മധുരമായും ശീതമായും ഇരിക്കും. ഇതു പീനസം, പിത്തം, ജ്വരം, തണ്ണീർദാഹം, മുട്ടുനീറൽ, ശ്രമം, മൂർഛ, മെലിവു്, ഛൎദ്ദി ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വൎദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. വസ്തിശുദ്ധിയെ ചെയ്യും. പ്രായേണ വിരേകത്തെ ചെയ്യും. സുഖത്തെക്കൊടുക്കും. പഴുത്ത തേങ്ങായുടെ വെള്ളം—ഗുരുവായും, മധുരമായും, അഗ്നിയെയും പിത്തത്തേയും ബലത്തേയും വൎദ്ധിപ്പിക്കുന്നതുമായിരിക്കും. രുചിയെ ഉണ്ടാക്കും. വിഷ്ടംഭിയെന്ന രാജവ്യല്ലഭമതം. പഥ്യമായിരിക്കുമെന്നും പക്ഷം. തെങ്ങാപ്പാൽ—ശൂല, കൃമി, വാതം, ഗുല്മം ഇവയെ ശമിപ്പിക്കും. വിദാഹത്തേയും രുചിയേയും ഉണ്ടാക്കും. ശുക്ലത്തേയും ബലത്തേയും വൎദ്ധിപ്പിക്കും. ഇതിനെ മൺപാത്രത്തിലാക്കി തുണികൊണ്ടു മൂടിക്കെട്ടി രാത്രിയിൽ വീട്ടിനു പുറത്തുവച്ചു പ്രഭാതത്തിൽ കുടഞ്ഞു വെണ്ണയെടുക്കാം. അതു ഉരുക്കിയെടുക്കുന്നതിനെയു് തേങ്ങാനെയ്യു് എന്നു പറയുന്നു. അതു മധുരം. പാകത്തിങ്കൽ മധുരം. വാതപിത്തങ്ങളെ ശമിപ്പിക്കും. ബലത്തെ വൎദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. രുചിയെ ഉണ്ടാക്കും. മുടിയെ നന്നാക്കും. ഹൃദയപ്രസാദത്തെ വരുത്തും. പഴകിയാൽ ഗുരുവായും വാതത്തെ ശമിപ്പിക്കുന്നതുമായിരിക്കും. ഇളയപൂവു്—രക്തപിത്തം, രക്താതിസാരം, പ്രമേഹം ഇവയെ ശമിപ്പിക്കും. ശീതമായിരിക്കും. മലത്തെ തടുക്കും. ഇതിന്റെ കള്ളു്—ഏറ്റവും സ്നിഗ്ദ്ധമായും ഗുരുവായും ഇരിക്കും. കുടിച്ചാലുടനെ ലഹരിയെ ഉണ്ടാക്കും. ഇരുന്നപുളിച്ചാൽ കൃമിയേയും വാതത്തേയും ശമിപ്പിക്കും. കഫപിത്തങ്ങളെ വൎദ്ധിപ്പിക്കും. തെങ്ങാ ചെറുതായി നുറുക്കി പഞ്ചവിൻപാലിൽ ഇട്ടു നെയ്യും പഞ്ചസാരയും ചേൎത്തു കുറഞ്ഞ തീയിൽ പാകംചെയ്തു് ഏടുക്കുന്നതിനു "നാളീകേരക്ഷീരി" എന്നു പേർ പറയുന്നു. അതു പിത്തത്തേയും വാതത്തേയും രക്തദോഷത്തേയുംശമിപ്പിക്കും. ഏറ്റവുംപുഷ്ടി

യെപ്പെയ്യും. ഇക്കൂത്തെ വർദ്ധിപ്പിക്കും. ഇതിന്റെ ഇളയ കായ്—പാലിനോടു് ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

തെളിഞ്ഞ മദ്യം.

ഇതു രസധാതുവിൽ ചേർന്നതാകുന്നു. വയറിലെ കടുകടുപ്പു്, ശൂലം, കീഴ്വയുനോവുക, മലമൂത്രങ്ങളുടെ തടവു്, ഛർദ്ദി, വയറുവീർപ്പു്, അരോചകം, കഫം, ഗുല്മം, വാതം, അശ്മരി, പ്രമേഹം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഇതു ചെന്നെല്ലു നവര മുതലായ ധാന്യങ്ങൾകൊണ്ടുണ്ടാക്കുന്ന സുരയുടെ തെളിഞ്ഞ ഭാഗമാകുന്നു. ഇതിന്റെ കീഴ്ഭാഗത്തിനു "കാദംബരി" എന്നും അതിന്റെ കീഴേ ഭാഗത്തിനു "ജഗലം" എന്നും അതിന്റെ കീഴേഭാഗത്തിനു "മേദകം"മെന്നും അതിന്റെ കീഴേഭാഗത്തിനു, "ബക്കസ്" എന്നും അതിനു താഴെയുള്ള ഊറലിനു "കിണ്വ"മെന്നും പേരു പറയാമെന്നു മദനപാലമതം. കാദംബരി എന്നു പേരുള്ളതായി മറൊരുതരം മദ്യമുള്ളതിനെ യേറെ കരിടത്തു പറയപ്പെട്ടിരിക്കുന്നു. ഇവിടെ പറയുന്ന കാദംബരി സുരയിൽ അന്തർഭവിക്കുന്നതാകയാൽ അതിന്റെ ഗുണം താഴെ പറയുന്നു. അതു ഗുരുവായുമിരിക്കും. ഇക്കൂത്തെയും വാതത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. ജഗലം—വയറിലെ ഇരട്ടു, ശൂലം, തണ്ണീർദാഹം, അശ്മരി, കഫം, വീക്കം, വാതം, പ്രമേഹം, ഗ്രഹണി, മെലിവു് ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. മലത്തെ പിടിപ്പിക്കും. ഗുരുവായും രൂക്ഷമായും ഉഷ്ണമായും ഇരിക്കും. മേദകം—ദോഷങ്ങളെ സ്തംഭിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. ജഗലത്തിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം. ബക്കസം:—സാരമില്ലാത്തതാകയാൽ വാതത്തെ കോപിപ്പിക്കും. മൂന്നു ദോഷങ്ങളേയും കോപിപ്പിക്കുമെന്നു സംഗ്രഹം. വിഷ്ടംഭത്തെ ഉണ്ടാക്കും. കിണ്വം—ഗുരുവായിരിക്കും. ഭക്ഷിച്ചാൽ അഹൃദ്യമായും ദുർജ്ജരമായും ഇരിക്കും. ലേപനംചെയ്താൽ വാതത്തെ ശമിപ്പിക്കും. മേൽപ്രകാരം ഉണ്ടാക്കുന്ന സുര, യവംകൊണ്ടോ, ചെറിയ യവംകൊണ്ടോ, പച്ചനിറമുള്ള യവംകൊണ്ടോ ചെയ്തിരുന്നാൽ അതു് ഗുരുവായും രൂക്ഷമായും ഇരിക്കും. വാതത്തേയും പിത്തത്തേയും കഫത്തേയും കോപിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും.

തേക്കിട.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ദോഷം കഴപ്പു്, വായുമുട്ടൽ, മലബന്ധം, ചുമ, അരുചി, രക്തദോഷം, വാതം, പിത്തം, ജ്വരം, വിഷം, ഗുല്മം, നേത്രരോഗം ഇവയെ ശമിപ്പിക്കും. ശൂലത്തേയും, ജംരാഗ്നിയേയും വർദ്ധിപ്പിക്കും. മുഖത്തേയും ഹൃദയത്തേയും വെടിപ്പാക്കും. ഗണനിഘണ്ടുവിൽ ശീതവീര്യമെന്നു കാണുന്നു. ആട്ടിൻകൊട്ടപ്പാലയുടെ ഗുണങ്ങളോടുകൂടിയതെന്നു മദനപാലമതം. ഇതിന്റെ പൂവു് :— സുവർണ്ണനിറമായിരിക്കും. കായ്—മേഷശൃംഗാകൃതിയായും ഇരട്ടയായും ഇരിക്കും. ഇല—പാടയുടെ ഇലപോലെ രോമമുള്ളതും തൊട്ടാൽ നായിക്കൊരുണപോലെ ചെറിച്ചിലിനെയുണ്ടാക്കുന്നതും ആകുന്നു.

ഇതു മുള്ളുള്ള ചെറിയ വൃക്ഷമാകുന്നു.

തേക്കുമരം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫപിത്തഘ്നദ്രവ്യമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. മലത്തെയിളക്കും. ഗർഭാധാനത്തെച്ചെയ്യും. രുചിയെ ഉണ്ടാക്കും. വാതരക്തം, മോഹം, കൃമി, പിത്തം, ശ്രമം, ജ്വരം, വിസർപ്പം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവ്-പ്രമേഹം, പിത്തം, കഫം ഇവയെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. ഇതിന്റെ എല പരുപരുപ്പുള്ളതും പൂവുപൊള്ളത്തരവും ആകുന്നു.

തേജഃഫലം.

ഇതു ഫലവൃക്ഷത്തിൽ ചേർന്നതാകുന്നു. ഇതു മുള്ളുള്ള മരമാകുന്നു. ഇതിന്റെ പഴുത്ത കായ്—വാതം, കഫം, അരുചി ഇവയെ ശമിപ്പിക്കും. ഏറ്റവും അഗ്നിയെ വർദ്ധിപ്പിക്കും. ഇതു ധരിച്ചാൽ കുട്ടികൾക്കു ഗ്രഹപീഡ മുതലായവ ഉണ്ടാകയില്ല. നല്ല ഗന്ധമുള്ളതായിരിക്കും.

തേനീത്ത.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്—സാമാന്യം ഇരുത്തപ്പഴത്തിനു പറയുന്ന ഏറിയ ഗുണങ്ങളോടുകൂടിയതും വിശേഷാൽ ഹൃദ്യമായിട്ടുള്ളതും ആകുന്നു.

തേൻ.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, കഫം, കൃമി, പിത്തം, അശ്മരി, വായുമുട്ട്, കൃമി, പ്രമേഹം, തണ്ണീർദാഹം, കൃമി, ചർദ്ദി, കൃമി, ഇക്കിൾ, അതിസാരം, ക്ഷയം, വീക്കം, പുണ്ണ്, ഉരക്ഷതം, വയറടപ്പു, വിഷം, നേത്രരോഗം, മദം ഇവയെ ശമിപ്പിക്കും. ഇതു ക്ഷീണത്തെയും ബലത്തെയും ബുദ്ധിയേയും അഗ്നിയേയും കൂറഞ്ഞൊന്നു വർദ്ധിപ്പിക്കും. ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ഹൃദയപ്രസാദത്തേയും, മേധാകാന്തിയേയും, സൌന്ദര്യത്തേയും വരുത്തും. രുചിയെ ഉണ്ടാക്കും. സ്വരത്തെ നന്നാക്കും. സ്രോതസ്സുകളെ വെടിപ്പാക്കും. അധിമാംസം മുതലായവയെ മുറിച്ചുകളയും. വ്രണത്തെ വെടിപ്പാക്കുകയും കൂട്ടിപ്പിടിക്കുകയും വരട്ടുകയും ചെയ്യും. മലത്തെ പിടിപ്പിക്കും. വിശദമായിരിക്കും. ഇതു ഏതിനോടു ചേരുന്നുവോ അതിന്റെ ഗുണത്തെച്ചെയ്യും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നും ലഘുവെന്നും സുശ്രുതമതം. മൃദുവെന്നു രാജവല്ലഭമതം. പുതിയൻ തേൻ മേല്പറഞ്ഞ ഗുണങ്ങളോടു കൂടിയതെങ്കിലും വിശേഷാൽ പുഷ്ടിയെച്ചെയ്യും. മലത്തെയിളക്കും. കഫത്തെ നല്ലവണ്ണം ശമിപ്പിക്കയില്ല. സ്ത്രീശുക്രമെന്നു മദനപാലമതം. ആണ്ടു കഴിയുന്തോറും ഗുണമേറിയതാകുന്നു. വിശേഷാൽ മേദസ്സിനെ ക്ഷയിപ്പിക്കും. ഏറ്റവും ലേഖനമായിരിക്കും. മലത്തെ പിടിപ്പിക്കും. ഇതു എട്ടുതരമുണ്ട്. എട്ടിന്റേയും നാമങ്ങളും ഗുണങ്ങളും വൈദ്യന്റെ പറയപ്പെട്ടതു. ഇതു അന്യപമാംസത്തോടുകൂടിയോ സമം നെയ്യുചേർത്തോ ഭക്ഷിച്ചാലും ഏറെക്കുറവായി നെയ്യുചേർത്തു ഭക്ഷിച്ചു പിന്നാലെ മഴവെള്ളം കുടിച്ചാലും, നെയ്യോ വസയോ അല്ലെങ്കിൽ മാംസം വെന്തു എടുക്കുന്നതെയ്യോ എണ്ണയോ വെള്ളമോ ഇതരണ്ടോ മൂന്നുദിനമോ

എല്ലാംകൂടിയോ സമഭാഗം ചേർത്തോ കഴിച്ചാലും, താമരക്കുരുവോടു ഒരുമിച്ചു കഴിച്ചാലും വിരുദ്ധം.

"ത്രിദോഷഘ്നം മധു പ്രോക്ത-
മത്യന്തം കഫകോപജിൽ;
ഹിക്കാശ്വാസക്രിമിച്ഛർദ്ദി
മേഹതൃഷ്ണാവിഷാപഹം."

തേൻ സ്വതേ ത്രിദോഷകോപശമനമാകുന്നു. എന്നാൽ അതു കഫകോപത്തെ വിശേഷിച്ചു വർദ്ധിക്കുകയും ചെയ്യും. അതു ഇക്കിട്ടം, ശ്വാസരോഗം, ക്രിമിരോഗം, ഛർദ്ദി, പ്രമേഹം, ദാഹം, വിഷബാധ എന്നിതുകളെയും നശിപ്പിക്കും. തേനിൽ എട്ടു വിഭാഗങ്ങളുണ്ട്.

"മാക്ഷികം ഭ്രാമരം ക്ഷൗദ്രം
പൌത്തികം ഛാത്രമേവച;
ആർഘ്യമൌദ്ദാലകംതദ്വ-
ദിത്യഷ്ടൌ മധുജാതയഃ."

എന്നു എട്ടിനത്തിലാകുന്നു. അതു കഫം ഏതെല്ലാമെന്നാൽഒന്നു മാക്ഷികം-കാട്ടീച്ചുതേൻ. രണ്ടു ഭ്രാമരം-കടന്തലിൻ തേൻ. മൂന്നു ക്ഷൌദ്രം-ഇരുച്ചുതേൻ. നാലു പൌത്തികം-ചിറാട്ടീച്ചുതേൻ. അഞ്ചു ഛാത്രം. ആറു ആർഘ്യം. ഏഴു ഔദ്ദാലകം. എട്ടുതരം എന്നിവയാകുന്നു.

തല്ലക്ഷണം:—

"മാക്ഷികം തൈലസങ്കാശം
ഭ്രാമരം സ്ഫടികോജ്ജ്വലം;
ക്ഷൌദ്രം കപീശവർണ്ണം ച
പൌത്തികം തൈലസന്നിഭം;
ഛാത്രം തൽപീതകപിലം
മാർഘ്യം ശ്വേതപിശംഗകം;
ഔദ്ദാലം പീതകപിലം
നാനാവർണ്ണം തു ദാലകം"

ഇതിൽ മാക്ഷികം എണ്ണപോലെയും, ഭ്രാമരം സ്ഫടികംപോലെ പ്രകാശമുള്ളതും, ക്ഷൌദ്രം കപിശവർണ്ണവും (കറുപ്പും മഞ്ഞയും കൂടികലർന്നനിറത്തോടു കൂടിയതും) പൌത്തികം തൈലസദൃശവും, ഛാത്രമെന്നതു മഞ്ഞനിറവും കപിലവർണ്ണവും കൂടികലർന്നതും, ആർഘ്യം ശ്വേതപിശംഗവർണ്ണങ്ങളുള്ളതും, ഔദ്ദാലം പീതകപിലവർണ്ണവും, ദാലകം നാനാവർണ്ണവുമായിരിക്കും. ഇതാണു് ഇതുകളുടെ പ്രധാനലക്ഷണം.

തൽഫലം.—

"മാക്ഷികം മധുകം ശ്രേഷ്ഠം
നേത്രാമയഹരം ലഘു;
പൌത്തികം ലഘു സംഗ്രാഹി
കഫഘ്നം വാതപിത്തകൃൽ;
ക്ഷൌദ്രം മാക്ഷികവൽജ്ഞേയം
വിശേഷാന്മേഹനാശനം;
ഭ്രാമരം രക്തപിത്തഘ്നം
മൂത്രജാഡ്യകരം ഗുരു."

ഇതിൽ മാക്ഷികമെന്ന തേൻ മുൻപറഞ്ഞ എട്ടിതരം തേനിലുംവെച്ചു ശ്രേഷ്ഠവും നേത്രരോഗഹരവും ലഘുവുമാകുന്നു. പൌത്തികമെന്നതു ലഘുവും മലബന്ധകരവും, കഫഹരവും, വാതപിത്തകരവുമായിരിക്കും. ക്ഷൌദ്രമെന്നതു മാക്ഷികത്തിന്റെ ഗുണംപോലെയുള്ള ഗുണത്തോടുകൂടിയതും പ്രമേഹത്തെ നശിപ്പിക്കുന്നതും ആകുന്നു. ഭ്രാമരമെന്ന തേൻ രക്തപിത്തഹരവും മൂത്രത്തിന ജഡതയെ വരുത്തുന്നതും ഗുരുതമുള്ളതുമാകുന്നു.

"നവീനം മധുതദ്ദീപ്യന്ദി
സ്നിഗ്ധം ശ്ലേഷ്മഹരംസരം;
പുരാണം ഗ്രാഹി തദ്രൂക്ഷം
മേദോമ്ലമതിലേഖനം;
ത്രിദോഷശോഷജ്വരനാശനം ച
ശ്വാസം പ്രമേഹം വ്രണ-
ശോധനം ച;

പിത്തംച യുഷ്ണാം നയനേ ജലഞ്ച
രക്താ ച്ഛർദ്ദിംകുമിത്രുലകൃഷ്ണം;
ശസ്ത്രാഭിഘാതം ഹൃരസോഭിഘാതം
ക്ഷയംപ്രമേഹംഹൃദരംചഹന്തി
പിത്താതിസാരം ഗ്രഹണീഗദം ച
സർവ്വാംശ്ച രോഗാൻ വിനിഹന്തി
ചൈതൽ."

പുതിയ തേൻ അഭിഷ്യന്ദത്തെ ഉണ്ടാക്കുന്നതും സ്നിഗ്ദ്ധവും കഫഹരവും വയറിളക്കുന്നതുമാകുന്നു. പഴയ തേൻ മലബന്ധത്തെ വരുത്തുന്നതും രൂക്ഷവും മേദസ്സിനെ ഹനിക്കുന്നതും അത്യന്തം ലേഖനവും ത്രിദോഷകോപം, ശോഷം, പാണ്ഡു, ശ്വാസം, പ്രമേഹം എന്നിവയുകളെ നശിപ്പിക്കുന്നതും വ്രണത്തെ ശുദ്ധിവരുത്തുന്നതും പിത്തം, ദാഹം, കണ്ണിൽവെള്ളം നിറയുക, രക്തദൃഷ്ട്യം, ഗ്രന്ഥൻ, കൃമിരോഗം, ശൂലവേദന, കൃഷ്ണം, ശസ്ത്രംകൊണ്ടുണ്ടായ അഭിഘാതം, നെഞ്ചുചതവു്, ക്ഷയം, പ്രമേഹം, മഹോദരം, ഇക്കിൾ, പിത്താതിസാരം, ഗ്രഹണിരോഗം എന്ന രോഗങ്ങളെയെല്ലാം നശിപ്പിക്കുന്നതുമാകുന്നു.

"ക്ഷയേ മാക്ഷികമുദ്ദിഷ്ടം
ഭ്രാമരം രക്തപിത്തനുൽ;
കൈടഭം മേഹഹരം പ്രാഹുർ
വ്രണേ പൌത്തികമുത്തമം;
ഛർദ്ദിം സർവ്വത്രശസ്ത്രാഘാ-
തിംപ്ലീഹം ചക്ഷുഷ്യമുത്തമം;
ക്ഷൗദ്രം കഫാസ്രഹരം
രുചികൃല്ലാലമീരിതം;
ഏതേ വിശിഷ്ടാഃ കഥിതാ
മധുനാ മുനിപുംഗവാഃ."

ഈ പറഞ്ഞ മധുഭേദങ്ങളിൽ ഓരോന്നിന്റേയും വിശിഷ്ടഗുണങ്ങളെ പ്രത്യേകം വിവരിക്കുന്നു:— മാക്ഷികമെന്നതു് ക്ഷയരോഗത്തിനും, ഭ്രാമരം രക്തപിത്തത്തെ നശിപ്പിക്കുന്നതിലും, കൈടഭം പ്രമേഹത്തെ നശിപ്പിക്കുന്ന വിഷയത്തിലും, വ്രണരോപണത്തിങ്കൽ പൌത്തികമായ തേനും, ഛർദ്ദിമെന്നതു തേൻ ഉപയോഗിക്കുവാൻ വിധിക്കുന്ന എല്ലാ വിധികളിലും, അക്ഷികമെന്നതു നേത്രത്തിൽ ഉപയോഗിക്കുവാനും, ഔദ്ദാലകം കൃഷ്ണരോഗത്തിങ്കലും, ഭോലം അരോചകത്തിലും പ്രത്യേകംവിശിഷ്ടങ്ങളാണെന്നാണ് ആത്രേയസുശ്രുതാദി മഹർഷിമാർ പറയുന്നതു്.

"പ്രസ്ഥം ച മധുനഃ ക്ഷീരം
ഗവ്യാം ച കുഡുപദ്വയം;
നീരാഭയാരജോ ദ്ര്യോൽ
പ്രത്യേകം ച പലം പലം;
മദ്യാവസാനം വിപചേ-
ന്മധുപാകേ തുയം വിധിഃ"

തേൻ കൂടുക്കി മധുരശർക്കരയുണ്ടാക്കുവാൻ ഒരിടങ്ങഴി തേനിൽ ഇരുനാഴി പശുവിൻപാലും. വരട്ടിമഞ്ഞൾപ്പൊടിയും കടുക്കാപ്പൊടിയും ഓരോ പലവും ചേർത്തു കൂടുക്കി ഇരുനാഴിയാക്കുക. ഇതാണ് മധുപാകവിധി.

തേൻകൊണ്ടു ഉണ്ടാക്കുന്ന
പഞ്ചസാര.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, കഫം, ചുട്ടനീറൽ, രക്തദോഷം, അതിസാരം, തണ്ണീർദാഹം, ഛർദ്ദി, ഇവയെ ശമിപ്പിക്കും. ബലത്തേയും ഇന്ദ്രിയത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയേയും ഹൃദയപ്രസാദത്തേയും വരുത്തും. അധിരാഗത്തേയും മൂത്രാശയവ്യഥയെ മുറിച്ചുകളയും. തേനിന്റെ ഗുണങ്ങളോടുകൂടിയതെന്നു സാരം. ഏതുതേനിൽനിന്നു പഞ്ചസാര എടുക്കുന്നുവോ ആ തേനിന്റെ

ഗുണങ്ങളെ അനുസരിച്ചു പഞ്ചസാര യുടെ ഗുണങ്ങൾക്കും ഭേദംവരും.

തേന്തെങ്ങ്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്—പിത്തം, വാതം, ചൂടുനീർ, തണ്ണീർ ദാഹം, ശ്രമം, അതിസാരം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും, കഫത്തെയും, അഗ്നിയെയും, ബലത്തെയും വർദ്ധിപ്പിക്കും. കൃമിയെ പെരുപ്പിക്കും. കാമോദ്ദീപനത്തെയും, പുഷ്ടിയേയും, അഗ്നിമാന്ദ്യത്തെയും. ദേഹകാന്തിയേയും ചെയ്യും. രുചിയെ ഉണ്ടാക്കും. ദോഷത്തിനു ഉറപ്പു വരുത്തും. മറ്റുള്ള ഗുണങ്ങൾ സാമാന്യം തെങ്ങിനു പറഞ്ഞവതന്നെ. ഇതിന്റെ കായ് ചെറുതായിരിക്കും.

തേൻമാവ്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ ശുക്ലത്തെ വർദ്ധിപ്പിക്കും. ഞെട്ടിക്കുഴിയൻമാവിന്റെ ഗുണങ്ങളോടു കൂടിയതാകുന്നു.

രതൻമുതലായവകളെ കൊണ്ടുണ്ടാക്കുന്ന മദ്യം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കാമല, വാതം, കഫം, പിത്തം, പാണ്ഡു, പ്രമേഹം, ഗുല്മം, അർശ്സ്സ്, വീക്കം, പ്ലീഹ, പീനസം, വിഷം, ക്രിമ ഇവയെ ശമിപ്പിക്കും. ഉറച്ചിരിക്കുന്ന കഫം മുതലായവയെ മുറിച്ചുകളയും. ഹൃദയപ്രസാദത്തെ വരുത്തും. ഇതു പുഷ്പദ്രവവും തേനും കൂട്ടി ഉണ്ടാക്കുന്നതാകുന്നു.

തേറാപ്പട.

ഇതു വിഷ്കിരവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—ബലത്തെയും, ശുക്ലത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ഹൃദയപ്രസാദത്തെ വരുത്തും. വാതപിത്തങ്ങളെ ശമിപ്പിക്കും. ഈ പക്ഷി ആകൃതികൊണ്ടു ചക്രവാകപക്ഷിപോലെയും ശബ്ദംകൊണ്ടു ക്രൗഞ്ചം പോലെയും ഇരിക്കും. ചുണ്ടുചെറുതായിരിക്കും.

തേറാമരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ വേരു മുതലായതു—ശൂലം, കൃമി, കഫം, അരുചി, പിത്തം ഇവയെ ശമിപ്പിക്കും. വേരു് കഷായത്തിങ്കൽ നല്ലതു്. ലേഖനമായിരിക്കും. ഇളയകായ്—ബോധക്കേടു്, തണ്ണീർദാഹം, പിത്തം, വിഷം, രക്തദോഷം ഇവയെ ശമിപ്പിക്കും. കണ്ണിനു നല്ലതു്. വാതത്തെ വർദ്ധിപ്പിക്കും. മൂത്തകായ്—പിത്തകഫങ്ങളെ ശമിപ്പിക്കും. ദുർഗ്ഗുരമായിരിക്കും. രുചിയെ ഉണ്ടാക്കും. പഴുത്തകായ്—പീനസം, പാണ്ഡു, കാമല, വീക്കം, വിഷം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. വിയർപ്പിനേയും ഛർദ്ദിയേയും ഉണ്ടാക്കും. ഈ വൃക്ഷം ഫലം മുതലായതുകൊണ്ടു മിക്കവാറും കാഞ്ഞിരംപോലെയിരിക്കും.

തേറാമ്പരൽ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. അശ്മരി, പ്രമേഹം, വാതം, മൂത്രകൃച്ഛ്രം, കഫം, വിഷം, തണ്ണീർദാഹം, നേത്രരോഗം, രക്തപിത്തം, ശിരോരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വെള്ളത്തിലുള്ള അഴുക്കിനെ മാറ്റി തെളിയിക്കും.

തെ

തെരു°.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. അതിസാരം, മൂത്രകൃച്ഛ്രം, ചുമ, വിഷമജ്വരം, അരുചി, പീനസം, ശീതജ്വരം, വാതം, വായുമുട്ടൽ, ചുമ, മെലിവു് ഇവയെ ശമിപ്പിക്കും. രക്തദോഷം, ബലം, കഫം, ശുക്ലം, പിത്തം, അഗ്നി, മേദസ്സു് ഇവയെ വർദ്ധിപ്പിക്കും. രുചിയേയും, പുഷ്ടിയേയും, വീര്യത്തേയും ഹൃദയപ്രസാദത്തേയും ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും.

വെള്ളം നീക്കിയ കട്ടത്തെരു°—സ്നിഗ്ധതയും ഗുരുത്വവും ഏറിയതാകുന്നു. അതു പിത്തത്തെ ഏറെ വർദ്ധിപ്പിക്കയില്ല. പുഷ്ടിയെച്ചെയ്യും.

പാടനീക്കിയതെരു°— ശീതമായും രൂക്ഷമായും ലഘുവായുംഇരിക്കും. വിഷ്ടാഭി എന്നു പക്ഷം. ഗ്രഹണിയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും.

മന്ദമെന്നും, സ്വാദു എന്നും, സ്വാദുമ്ലമെന്നും, അമ്ലമെന്നും, അത്യമ്ലമെന്നും തെരു അഞ്ചുതരമാകുന്നു. കുറഞ്ഞൊന്നു തടിപ്പും അവ്യക്തരസമായും ഇരിക്കുന്ന തെരിനു "മന്ദ" മെന്നുപേർ. അതു മൂന്നു ദോഷങ്ങളേയും കോപിപ്പിക്കും. മലമൂത്രങ്ങളുടെ ത-വിനെ തീക്കും; വിഷ്ടംഭത്തെ ഉണ്ടാക്കും. അഭിഷ്യന്ദകരങ്ങളിൽ വെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. നല്ലവണ്ണം ഉറച്ചതായി വ്യക്തമായ മധുരരസത്തോടും അവ്യക്തമായ പുളിരസത്തോടും കൂടിയ തെരിനു "സ്വാദു" എന്നു പേർ. അതു പാകത്തിങ്കൽ മധുരമായിരിക്കും. പിത്തം, വാതം, രക്തദോഷം ഇവയെ ശമിപ്പിക്കും. മേദസ്സിനേയും ശ്ലേഷ്മത്തേയും വർദ്ധിപ്പിക്കും. കഫത്തെ ഏറ്റവും വർദ്ധിപ്പിക്കും. വ്യക്തമായ മധുരരസത്തോടും വ്യക്തമായ പുളിരസത്തോടും കുറഞ്ഞ ചവർപ്പോടും കൂടിയതായി നന്നാമുറിയ തെരിനു "സ്വാദ്വമ്ലം" എന്നു പേർ. അതു സാമാന്യം തെരിനു മുമ്പിൽ പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ഒട്ടും മധുരമില്ലാതെ അവ്യക്തമായ പുളിരസത്തോടുകൂടിയതായുംഇരിക്കുന്ന തെരിനു "അമ്ല"മെന്നു പേർ. അതു രക്തദോഷം, കഫം, അഗ്നി, പിത്തം ഇവയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. വായിൽ ധരിച്ചാൽ പല്ലുകൾക്കു തരിപ്പും രോമാഞ്ചവും അണ്ണാക്കിലും മറ്റു നീറലും ഉണ്ടാകുന്നതെരിനു "അത്യമ്ലം" എന്നു പേർ. അതു അഗ്നിയെ വർദ്ധിപ്പിക്കും. ഏറ്റവും രക്തദോഷത്തെയും പിത്തത്തെയും ഉണ്ടാക്കും. വിദാഹിയായിരിക്കും. വിധിപ്രകാരം കാച്ചിയ പാലിൽനിന്നു് ഉണ്ടാക്കുന്ന തെരു°—ഗുണമേറിതാകുന്നു. വിശേഷാൽ വാതത്തേയും കുറഞ്ഞൊന്നു പിത്തത്തേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. എല്ലാധാതുക്കളേയും അഗ്നിയേയും വർദ്ധിപ്പിക്കും. വസന്തകാലത്തിങ്കലും, ഗ്രീഷ്മകാലത്തിങ്കലും, ശരൽക്കാലത്തിങ്കലും രാത്രിയിലും ചൂടുപിടിപ്പിച്ചും പതിവായും ഭക്ഷിക്കരുതു്. മേൽപറഞ്ഞ മന്ദമെന്നപേരുള്ള തെരും ഭക്ഷിക്കരുതു്. ചെറുപയറിൻപരിപ്പു്, തേൻ, നെയ്യു്, പഞ്ചസാര, നെല്ലിക്ക ഇവ ഓരോന്നിനോടും കൂടാതെ ഭക്ഷിക്കരുതു്. ഈ വിധിപ്രകാരമല്ലാതെ തെരുക്കൂട്ടിയാൽ രക്തപിത്തം, ജ്വരം, വിസൂചിക, കാമല,

തൊ

തൊടുകാര.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഹരവൃക്ഷമാകുന്നു. ഈ വൃക്ഷം വളരെ വലുതും ഇല വന്നിയുടെ ഇല പോലെയുള്ളതും ആകുന്നു. ശീതവീര്യമെന്നും പക്ഷം. മേദസ്സിനെ കുറയ്പ്പിക്കും. മൂട്ടിനീര്, ശിരശ്ശൂലം, വാതരോഗം, രക്തദോഷം, കുമി, പാണ്ഡു, പ്രമേഹം, വ്രണം, രക്തദോഷം, പിത്തം, കഫം ഇവയെ ശമിപ്പിക്കും.

തൊട്ടാവാടി.

ഇതു ക്ഷുദ്രകുറ്റിച്ചെടിവർഗ്ഗത്തിൽ ചേർന്ന കഫഹരവൃക്ഷമാകുന്നു. ഇതു മുള്ളുള്ളതാകുന്നു. കുമി, കഫം, പിത്തം ഇവയെ ശമിപ്പിക്കും.

തൊഴുകണ്ണി.

ഇതു പുഷ്പസസ്യവർഗ്ഗത്തിൽ ചേർന്ന കഫഹരദ്രവ്യമാകുന്നു. പത്രശാകങ്ങളിൽ ചേർന്നതെന്നുപക്ഷം. മലത്തെ പുറപ്പെടുവിക്കുകയും. ജരാവ്യാധിയെ നശിപ്പിക്കും. സ്വരത്തെ നന്നാക്കും. പിത്തത്തെ വർദ്ധിപ്പിക്കയില്ല. കുമി, പ്രമേഹം, ശീതജ്വരം, ഗ്രഹാവേശം, ഭൂതപീഡ, വ്രണം, കുഷ്ഠം, ചൊറി, തൃദോഷം, വിഷ്ടംഭം, വാതം. കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ ശാകം:—വാതത്തെ വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം. മധുരമെന്നും കഫവാതങ്ങളെ വർദ്ധിപ്പിക്കുമെന്നും വിഷ്ടംഭത്തെ ഉണ്ടാക്കുമെന്നും സംഗ്രഹം. ഇതിന്റെ പച്ചിലയുള്ളതും ഇല ചെറുതും എരിക്കിലയുടെ-അകൃതിയുള്ളതും ആകുന്നു. പൂവു നീല നിറമായിരിക്കും പാണ്ഡു, കുഷ്ഠം, ഭ്രമം ഇവയെ ഉണ്ടാക്കും. ഇതു ഭക്ഷിച്ചാൽ ചൂടുള്ള അന്നപാനാദിവിരുദ്ധം.

തെറ്റിപ്പാട.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ബലത്തേയും കഫപിത്തങ്ങളെയും ഓജസ്സിനേയും ആയുസ്സിനേയും വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെ ചെയ്യും. വാതത്തെ ശമിപ്പിക്കും.

തെലകന്ദം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. വീക്കം, അപസ്മാരം, വാതം, വിഷം ഇവയെ ശമിപ്പിക്കും. ലോഹത്തെ ദ്രവിപ്പിക്കും. രസത്തെ ബന്ധിക്കും. കായാഗ്നിയെ ചെയ്യും.

തെർവെള്ളം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. മഹോദരം, കഫം, അർശസ്, തണ്ണീർദാഹം, വാതം, പ്ലീഹ, ശൂലം, വയറുവീർപ്പ്, വായുമുട്ടൽ, പാണ്ഡു, ഗുല്മം ഇവയെ ശമിപ്പിക്കും. ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ക്ലമത്തെ തീർക്കും. ഹൃദയപ്രസാദത്തെ വരുത്തും. രുചിയെ ഉണ്ടാക്കും. കെട്ടുപെട്ടിരിക്കുന്ന മലസഞ്ചയത്തെ താമസിയാതെ ഇളക്കും. സ്രോതസ്സുകൾക്കു ശുദ്ധിയെ ചെയ്യും. അല്പം മധുരരസംകൂടെ ഉള്ളതായിരുന്നാൽ കുറഞ്ഞൊന്നു ശുക്ലത്തെ വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം. തെരിന്റെ ഭേദംകൊണ്ടു് ഇതു ഏഴു പ്രകാരമുണ്ടെന്നും അതിൽ തൈരിനു തക്കഗുണങ്ങളിൽ വരുമേന്നു സുശ്രുതമതം. മോരിന്റെ ഗുണങ്ങളോടു കൂടിയതെന്നും പക്ഷം.

തൊഴുകണ്ണി എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. തൊഴുകണ്ണി എണ്ണ ഇതിന്റെ വിത്തിൽ നിന്നു എടുക്കുന്നതാകുന്നു. മലത്തെയിളക്കി പുറത്തുകളയും. ഉദരത്തെയും മേദസ്സിനേയും ക്ഷയിപ്പിക്കും. രക്തദോഷത്തെയും പിത്തത്തെയും വർദ്ധിപ്പിക്കും. വൈചിത്ര്യം, ശിരോരോഗം, പ്രമേഹം കുഷ്ഠം, കൃമി, അർശ്സ്സ്, കഫം, വാതം ഇവയെ ശമിപ്പിക്കും.

തോ

തോണിമീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

തോട്ടുവശുള.

ഇതു ശുകവർഗ്ഗത്തിൽ ചേർന്ന പക്ഷിയാകുന്നു. രുചിയെ ഉണ്ടാക്കും. [illegible]പ്പിക്കും. അഗ്നിയേയും, [illegible]ധാതുക്കളേയും, ബലത്തേയും വർദ്ധിപ്പിക്കും. ത്രിദോഷങ്ങളെ ശമിപ്പിക്കും.

തോൽക്കൊമ്പൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—ജാംഗലമാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

ത്രി

ത്രികോല്പക്കൊന്ന.

ഇതു പണ്ഡവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. സുഖവിരേചനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. വിരേകകാര്യത്തിങ്കൽ എല്ലാ മരുന്നുകളേക്കാൾ നല്ലതാകുന്നു. മലത്തെയിളക്കി പുറത്തുകളയും. വാതത്തെ വർദ്ധിപ്പിക്കും. പാണ്ഡു, വ്രണം, പൊറി, കുഷ്ഠം, വാതരക്തം, ഉദാവർത്തം, ഗുല്മരോഗം, കൃമി, മൂത്രാഘാതം, ഗുല്മം, വീക്കം, പ്ലീഹ, ജ്വരം, പിത്തം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവു വെളുത്തതായിരിക്കും. എല്ലാറ്റിലും ശ്രേഷ്ഠമാകുന്നതു വെളുത്തതും, കറുത്തതും, മുവന്നാം പൂവുള്ളതായി മൂന്നുതരമുണ്ടു്. മൂന്നാം വള്ളികളാകുന്നു.

ത്രിസന്ധി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ഔത്തമ സംഗ്രാഹി ദ്രവ്യമാകുന്നു. ത്രിദോഷങ്ങളെ ശമിപ്പിക്കുമെന്നു പക്ഷം. രുചിയെ ഉണ്ടാക്കും. അഗ്നിദോഷം, ചിരങ്ങൾ, വിഷം, കൃമി, കഫം, വാതം ഇവയെ ശമിപ്പിക്കും. ഇതു മുവന്നാം, വെളുത്തതും, കറുത്തതും പൂവുള്ളതായി മൂന്നു തരമുണ്ടു്. മൂന്നിനും ഗുണങ്ങൾ തുല്യമാകുന്നു. പൂവു കണികോലും ചെമ്പരത്തിപ്പൂവുപോലെ ഇരിക്കും. ഇലകൾ കറ

യായിരിക്കും സൌരഭ്യമില്ല. ചെടിയും മിക്കവാറും ചെമ്പരത്തിയോടൊത്തതാകുന്നു.

൪

ദശ്വാ.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതകഫങ്ങളെ ശമിപ്പിക്കും. പിത്തത്തേയും അഗ്നിയേയും വൎദ്ധിപ്പിക്കും.

ദന്തിഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇക്കൂത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കും. ദുഷ്ടവ്രണത്തെ വെടിപ്പാക്കും. ഏറ്റവും മലത്തെ യിളക്കും. രക്തപിത്തത്തെ ഉണ്ടാക്കും. ചുമ, വീക്കം, അർദ്ദിതവാതം, ആമവാതം, ധനുസ്തംഭമെന്ന വാതം, ശിരോരോഗം, സന്ന്യാസം, മയോരം, ആനാഹം, കൃമി, മൂർഛാ, പ്രമേഹം, കുഷ്ഠം, അർശ്സ്സ്, കഫം, വാതം ഇവയെ ശമിപ്പിക്കും.

൫

ദാലമെന്ന പേരുള്ള തേൻ.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ദേഹത്തെ തടിപ്പിക്കും. പിത്തത്തെ വൎദ്ധിപ്പിക്കും. അഗ്നിമാന്ദ്യം, പ്രമേഹം, അരുചി, ഛർദ്ദി, കഫം ഇവയെ ശമിപ്പിക്കും. ഈ തേൻ കറുത്തോന്നു മഞ്ഞനിറമുള്ളതും തുക്കത്തിൽ കനമേറിയതും, കാഴ്ചയ്ക്കു മിനുസമുള്ളതുമാകുന്നു. ഇന്ദ്രനീലക്കല്ലിന്റെ കഷണങ്ങൾപോലെയിരിക്കുന്നു. ഒരുതരം ചെറിയ ഈച്ചകൾ മരത്തിന്റെ പൊത്തുകളിൽ കൂടുണ്ടാക്കുന്നു. അതുകളാൽ ഉണ്ടാക്കുന്ന തേനിനു ദാലമെന്ന പേരാകുന്നു.

൬

ദുശ്ശ്വാഫേനി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. പ്രയോഗവിശേഷം കൊണ്ടുജരാപ്രാധിയെ നശിപ്പിക്കും. രുചിയെ ഉണ്ടാക്കും. വ്രണത്തെ വരട്ടും. വിഷത്തെ നശിപ്പിക്കും. ഈ ക്ഷുപം ഭൂമിയിൽനിന്നു ഒരുമുഴംവരെ ഉയരുന്നതും എരിക്കുപോലെ നീണ്ട ഇലയും വളരെ പാലും ഉള്ളതാകുന്നു. പൂവ് വൃത്തവും വളരെ ദൎശ്ശനീയമുള്ളതുമാകുന്നു.

൭

ദേവതാരം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. മന്ദരോഗം, ശിരോരോഗം, കൺരോഗം, അർശ്സ്സ്, ചൊറി, ചുമ, പീനസം, പ്രമേഹം, രക്തദോഷം, ജ്വരം, ഇക്കിൾ, അരുതായ്ക, ആമദോഷം, വീക്കം, വയറടപ്പ്, അലക്ഷ്മി, രാക്ഷസപീഡ, വയറുവീർപ്പ്, വാതം, കഫം, ഇവയെ ശമിപ്പിക്കും.

ദേവതാരത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈ എണ്ണ ദേവതാരത്തിൻ കാതലിൽനിന്നു എടുക്കുന്നതാകുന്നു. മേദസ്സിനെയും ഇക്കിളത്തെയും ക്ഷയിപ്പിക്കും. രക്തദോഷത്തേയും പിത്തത്തേയും ഉണ്ടാക്കും. ദുഷ്ടവ്രണം, ചൊറി, വിഷം, വാതരക്തം, കൃമി, കുഷ്ഠം, അർശ്സ്സ്, വാതം, കഫം ഇവയെ ശമിപ്പിക്കും.

ദേവതാളി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന ഔഷധോപയോഗിദ്രവ്യമാകുന്നു. ഇതിന്റെ വള്ളി വളരെ വലുതും ഇല

പീച്ചിലിന്റെ ഇലപോലെയും ഇരിക്കും. കായ് നീളംകുറഞ്ഞു പീച്ചിങ്ങയുടെ ആകൃതിയും മുഴുപ്പുംഉള്ളതും പുറത്തു വളരെ ചെറിയ മുള്ളുകളോടുകൂടിയതും ആകുന്നു. വെളുത്തും മഞ്ഞളിച്ചും ചുവന്നും പൂവുള്ളതായി മൂന്നുതരമുണ്ട്. മഞ്ഞപ്പൂവുള്ളതു പിത്തത്തിങ്കൽ ഏറെ നല്ലതു്. ഛർദ്ദിയെഉണ്ടാക്കും. ഭൂതപീഡയെ തീക്കും. ജ്വരം, കൃമി, കാമല, ഇക്കിട്ട്, ക്ഷയം, വിഷം, ചുമ, വായുമുട്ടൽ, പാണ്ഡു, അർശ്സ്, വീക്കം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ കായ് വാതം, കഫം, കൃമി, അർശ്സ്, ശൂലം, ഗുല്മം ഇവയെ ശമിപ്പിക്കും.

ദേവതാളി എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു ദേവതാളിയുടെ വിത്തിൽനിന്നു എടുക്കുന്നതാകുന്നു. മലത്തെ പുറത്തുകളയും. ശിരോരോഗം, പ്രമേഹം, കുഷ്ഠം, കൃമി, കഫം, വാതം ഇവയെ ശമിപ്പിക്കും.

ദേവസഷ്പകം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. രുചിയെ ഉണ്ടാക്കും. മുഖരോഗം, കൃമി, കഫം ഇവയെ ശമിപ്പിക്കും.

ദ്വി

ദ്വിതീയമാംസരോഹിണി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്ന പുഷ്യദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു മാംസരോഹിണിയോടൊത്തതാകുന്നു.

ദ്വീ

ദ്വീപാന്തരത്തിലുള്ള ഈത്തപ്പഴം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഹൃദയപ്രസാദത്തെ വരുത്തും. പുഷ്ടിയെച്ചെയ്യും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. മൂർഛ, തണ്ണീർദാഹം, ജ്വരം, വാതം ഇവയെ ശമിപ്പിക്കും. സംഗ്രഹത്തിൽ പുളി ഏറിയതായി ഒരുതരം പറയുന്നതു് ഇതിനെ കുറിച്ചായിരിക്കാം.

ധ

ധന്വന്തരം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന സന്ധാനീയദ്രവ്യമാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ചുമ, കണ്ണുരോഗം, മൂട്ടനീർ, പീനസം, രക്തദോഷം, കഫം, പിത്തം ഇവയെ ശമിപ്പിക്കും. ബലത്തെയുല്പിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മുറിഞ്ഞുപോയ സന്ധിയെ കൂട്ടിപ്പിടിപ്പിക്കയും ചെയ്യും. വ്രണത്തെ വരട്ടും. മലത്തെ പിടിപ്പിക്കും. ഇതിന്റെ പഴുത്ത കായ്:—കഫവാതങ്ങളെ ശമിപ്പിക്കും. മലത്തെത്ത

ടുക്കും. സ്തംഭനമായും ലേഖനമായും ഇരിക്കും.

ധാ

ധാന്യകാസീസം.

ഇതു രസായനമന്ധന വർഗ്ഗത്തിൽചേർന്ന ഉപരസദ്രവ്യമാകുന്നു. നേത്രരോഗം, കൃമി വാതം, വിഷം, ചൊറി, മൂത്രകൃച്ഛ്രം, ശ്വിത്രം, അശ്മരി, ജ്വരം, കുഷ്ഠം, പ്ലീഹ, കൃമി ഇവയെ ശമിപ്പിക്കും. ക്ഷയത്തെ ശമിപ്പിക്കുമെന്നും, ശ്ലൈഷ്മത്തെ ചെയ്യുമെന്നും പക്ഷം. മുടിയെ നന്നാക്കും. വ്രണത്തെ പരുട്ടും. ദേഹത്തിനുകാന്തിയെഉണ്ടാക്കും.ശീതവീര്യമെന്നു സുസിംഹാദിപ്രായം.

ധാന്യങ്ങളുടെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ത്രിദോഷം, കൃമി, ചൊറി ഇവയെ ശമിപ്പിക്കും. കണ്ണിനു നല്ലതു്.

ധൂ

ധൂമപത്രം.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. ചുമ, കൃമി, പീനസം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും.

ന

നച്ചെലി.

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. വിലേശയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെമാംസം ഗുണങ്ങൾകൊണ്ടു എലിമാംസത്തോടൊത്തതാകുന്നു.

നത്തു്.

ഇതു പ്രതുദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു, ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു നത്തയുടെ മാംസത്തോടൊത്തതാകുന്നു.

നദി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം തണ്ണീർദാഹം, കൃമം, പിത്തം ഇവയെ ശമിപ്പിക്കും. വാതത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. വേഗത്തിലൊഴുകുന്ന നദികളിലെ വെള്ളവും തെളിഞ്ഞ വെള്ളത്തിലുള്ള നദികളിലെ വെള്ളവും ഘനമില്ലാത്തതാകുന്നു. അതിനു മേല്പറഞ്ഞ ഗുണങ്ങൾ ഏറിയിരിക്കും. പയുക്കെ ഒഴുകുകയും പായലും മറവും കൊണ്ടു മൂടിയും കലങ്ങിയുമിരിക്കുന്ന നദികളിലെ വെള്ളം ഘനമുള്ളതും അല്പം ദോഷളമായിട്ടുള്ളതുമാകുന്നു. ഹിമവൽ പർവ്വതത്തിങ്കൽ നിന്നും മലയപർവ്വതത്തിങ്കൽ നിന്നും പുറപ്പെടുന്ന സകല നദികളിലെയും വെള്ളം ഘനമില്ലാത്തതും പഥ്യമായിട്ടുള്ളതുമാകുന്നു. കല്ലിൽ അലഞ്ഞൊഴുകുന്ന വെള്ളവും നല്ലതാകുന്നു. അതതുനദികൾ പുറപ്പെടുന്ന മലകളുടെയും ഒഴുകുന്ന ദേശങ്ങളുടേയും ഗുണങ്ങളെ അനുസരിച്ചു ഗുരുലാഘവാദിയെ നിശ്ചയിക്കണം. പടിഞ്ഞാറെ സമുദ്രത്തിൽ ഒഴുകിച്ചേരുന്ന നദികളിലെ വെള്ളം പഥ്യമാകുന്നു. കിഴക്കെ സമുദ്രത്തിൽ ഒഴുകിച്ചേരുന്ന നദികളിലെ വെള്ളം അപഥ്യമാകുന്നു. ഗുരുവായുമിരിക്കും. ഒഴുക്കില്ലാത്ത നദികളിലെ വെള്ളം ശീലിച്ചാൽ ശ്ലീപദം, പ്ലീഹരോഗം, കൃമി,ശിരോരോഗം, കണ്ണുരോഗം മുതലായവയെ ഉണ്ടാക്കും. ഔഡുദേശങ്ങളിലും, മാളവദേശങ്ങളിലും ഉള്ള നദികളിലെ

വെള്ളം ശീലിച്ചാൽ അർശ്സ് ഉണ്ടാകും. മഹേന്ദ്രപർവ്വതത്തിൽനിന്നുപുറപ്പെടുന്ന നദികളിലെ വെള്ളം ശീലിച്ചാൽ പെരുവയറു, ശ്ലീപദംമുതലായ രോഗങ്ങൾ ഉണ്ടാകും. സഹ്യപർവ്വതത്തിങ്കൽനിന്നും, വിന്ധ്യപർവ്വതത്തിങ്കൽ നിന്നും പുറപ്പെടുന്ന നദികളിലെ വെള്ളം ശീലിച്ചാൽ കുഷ്ഠം, ശിരോരോഗം, പാണ്ഡു മുതലായവയെ ഉണ്ടാക്കും. പാരിയാത്രപർവ്വത്തിങ്കൽ നിന്നും പുറപ്പെടുന്ന നദിയിലെ വെള്ളം ശീലിച്ചാൽ കഫം, പിത്തം, വാതംഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും.

നന്ദിവാരലകമെന്ന മത്സ്യം.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന സാമുദ്രമത്സ്യമാകുന്നു. വാതത്തെ ശമിപ്പിക്കും. മലത്തെ പെരുപ്പിക്കും. കഫത്തെയും ശുക്ലത്തെയുംഏറ്റവും പിത്തത്തെയും വർദ്ധപ്പിക്കും. മാംസാശിതം ഹേതുവായിട്ടു വിശേഷേണ ബലത്തെച്ചെയ്യും.

നന്നാ ചുവന്ന ചായില്യം.

ഇതു രസായനമണ്ഡന വർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു ചായില്യത്തോടൊത്തതും ശ്രേഷ്ഠമായിട്ടുള്ളതും അതുകുന്നു.

നന്നാ ചെറിയ മുന്തിരി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു മുന്തിരിയോടൊത്തതാകുന്നു.

നരിച്ചീർ.

ഇതു പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം ക്ഷയം, നേത്രരോഗം, ഗ്രഹ്യരോഗം, വാതം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും.

നക്രദംഷ്ട്രി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം എല്ലാരോഗങ്ങളേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. കുറഞ്ഞതാന്നു കഫപിത്തങ്ങളെ കോപിപ്പിക്കും. ത്രിദോഷം, രക്തദോഷം, ചൊറി ഇവയെ ശമിപ്പിക്കയും ബലത്തെ വർദ്ധിപ്പിക്കയും ചെയ്യുമെന്നു മദനപാലൻ.

നല്ലകരിമ്പു.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കരിമ്പിനു പറഞ്ഞ എല്ലാഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ മൃദുവായിരിക്കും. ദേഹകാന്തിയെ വരുത്തും. രുചിയെ ഉണ്ടാക്കും. പിത്തം, ചൂടുനീർ ഇവയെ ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും.

നല്ല ഇലയങ്ങം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. ഇലവങ്ങത്തിനു പറഞ്ഞ എല്ലാ ഗുണങ്ങളോടുകൂടിയതാകുന്നു. പിത്തം, തണ്ണീർദാഹം, വാതം, വാവരൾച്ച ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. നിറത്തെ നന്നാക്കും. ഗന്ധമുള്ളതാകുന്നു.

നല്ല കോവ.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. രക്തദോഷം, പിത്തം, കഫം, ചൂടുനീർ, ചുമ, ജ്വരം, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. ദോഷങ്ങളെസ്തംഭിപ്പിക്കും. മലത്തെത്തടുക്കും. അധിമാംസം മുതലായവയെഉരുക്കുകളയും. രുചിയെയും വയറടപ്പിനേയും ഉണ്ടാക്കും. ഇതിന്റെ പഴുത്തകായ്:-പിത്തം, കഫം, തണ്ണീർദാഹംഇവയെശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. മുലപ്പാലിനെ പെരുപ്പിക്കും. മെലിവിനെ തീർക്കും.

വയറാടപ്പിനെ ഉണ്ടാക്കും. കുറഞ്ഞതാ ന്നചവയ്പുരസത്തോടുകൂടിയതെന്നും പക്ഷം. ഇതിന്റെ കിഴങ്ങു മുതലാ യവ:—കേവലപിത്തം, രക്തപി ത്തം, കാമില, ഭ്രാന്തി, വീക്കം ഇ വയെ ശമിപ്പിക്കും. കഫത്തെ വർ ദ്ധിപ്പിക്കും. ഛർദ്ദിയെയുണ്ടാക്കും. ഇ തിന്റെ പൂവു വിശേഷാൽ കാമി ലയെ ശമിപ്പിക്കും.

നല്ലപിച്ചില.

ഇതു് രസായനമണ്ഡനവർഗ്ഗ ത്തിൽ ചേർന്നതാകുന്നു. ഇതു് പിച്ച ളയുടെ ഗുണങ്ങളോടു കൂടിയതാകുന്നു.

നല്ലെണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചേ ർന്നതാകുന്നു. കൂടിച്ചാൽ ചൊറി, കഫം, വാതം, വ്രണം, ചിരങ്ങു്, കൃമി, ഇവയെ ശമിപ്പിക്കും. പിത്ത ത്തെയും രക്തദോഷത്തെയും ഉണ്ടാ ക്കും. കണ്ണിനു നന്നല്ല. തൽക്ഷണം ത്തെ ചെയ്യും. ഏറ്റവും ചെറിയ നാഡികളിൽ പ്രവേശിച്ചു ദോഷ ങ്ങളെ ശമിപ്പിക്കും. മലത്തെയും മൂ ത്രത്തെയും തടുക്കും. മെലിഞ്ഞവരെ തടിപ്പിക്കുകയും, തടിച്ചവരെ മെലി യിപ്പിക്കുകയും ചെയ്യും. അംഗങ്ങൾക്കും ശുക്ലത്തിനും ഉറപ്പുവരുത്തും. ബലത്തെവർദ്ധിപ്പിക്കും. അധികമാം ണ മുതലായവയെ മുറിച്ചു കളയും. ഗർഭാശയശുദ്ധിയെച്ചെയ്യും. കഫ ത്തെ വർദ്ധിപ്പിക്കയില്ലെന്നു ചര കാരമതം. തേച്ചാൽ—പ്രമേഹം, കണ്ണുരോഗം, ശിരോരോഗം, യോനി രോഗം ഇവയെ ശമിപ്പിക്കും. അ ഗ്നിയെ വർദ്ധിപ്പിക്കും. ഓജസ്സിനെ കൊടുക്കും. വ്രണത്തെ വരട്ടും. പുഷ്ടി യേയും ലാഘവത്തെയുംചെയ്യും. രോ ഗിനു മിനുപ്പുവരുത്തും. മുടിയെ ന ന്നാക്കും. കണ്ണിനു നല്ലതാകുന്നു. ഒടി വു്, ചതവു്, മുറിവു്, പിളർപ്പു്, തീപ്പൊള്ളൽ ഇതുകളിൽ വിശേഷി ച്ചും ഉപയോഗിക്കാം. വസ്തിചെയ്യു ന്നതിനും കുടിക്കുന്നതിനും അന്നസം സ്കാരത്തിങ്കലും, നസ്യത്തിങ്കലും, ക ണ്ണപൂരണത്തിങ്കലും, കണ്ണിൽനിറുത്തു ന്നതിനും, ഒഴുക്കുന്നതിനും, തേയ്ക്കുന്ന തിനും, മുഴുകുന്നതിനും എല്ലാ എണ്ണ കളിലും വച്ചു് ഇതു ശ്രേഷ്ഠമാകുന്നു. ഇതിന്റെ ഗണ്ഡൂഷം നിത്യവും ശീ ലിച്ചാൽ പല്ലുകൾക്കുറപ്പിനേയും രു ചിയേയുംഉണ്ടാക്കും. വിധിപ്രകാരം ശീലിച്ചാൽ ജരാവ്യാധിയെ നശി പ്പിക്കും. വാതഹരദ്രവ്യങ്ങളിൽ ശ്രേ ഷ്ഠമെന്നു ചരകമതം. വാതശ്ലേഷ്മപ്ര ശമനങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. വേറെ ദ്രവ്യങ്ങൾചേർത്തു പാകംചെയ്താൽ എല്ലാ രോഗങ്ങളേ യും ശമിപ്പിക്കും.

നവരനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. കഫം, പിത്തം, വാതം, ജ്വരം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അംഗങ്ങൾക്കു റപ്പുവരുത്തും. മലത്തെ പിടിപ്പിക്കും.

നുഞ്ഞെനെല്ലു്.

ഇതു് ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. സാമാന്യം ശാലിയു ടെ ഗുണങ്ങളോടു കൂടിയതാകുന്നു. വെൾവാലിച്ചെന്നെല്ലിനേക്കാൾ ഗു ണം കുറഞ്ഞതുമാകുന്നു.

നറുനീണ്ടി കുഴത്തുള.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാ കുന്നു. ഗുണങ്ങൾകൊണ്ടു് വെളുത്ത തിനോടൊത്ത ഗുണങ്ങളോടു കൂടിയ താകുന്നു. വിശേഷാൽ സൌരഭ്യമേ റിയിരിക്കും. സംഗ്രഹണീയ രക്ത പിത്തപ്രശമനങ്ങളിൽവെച്ചു ശ്രേ ഷ്ഠമെന്നു സംഗ്രഹം.

നരുനീണ്ടി വെളുത്തുള്ളി.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, കഫം, രക്തദോഷം, വായുമുട്ടൽ, അരുചി, അഗ്നിമാന്ദ്യം, ചുമ, ആമദോഷം, രക്തപിത്തം, വിഷം, അസൃഗ്ദരം, ജ്വരം, ഉപദംശം, അതിസാരം, തൃക്കദോഷം, ആമവാതം, വാതരക്തം, സൂതികാരോഗം, ഛർദ്ദി, തണ്ണീർദാഹം, കൃമി, മേഹമൈഥുന്ദ്യം, ഭ്രതാവേശം, കൃമി, ചൂടുനീർവൽ ഇവയെ ശമിപ്പിക്കും.

നരുനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധ്രീഹിയാകുന്നു. നവരയോടടുത്ത ഗുണമുള്ളതും മോടൻനെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

നരുമഞ്ഞൾ.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചെറുകച്ചോലത്തിൽ ഒരുതരവും അതിന്റെ ഇലയേക്കാൾ ഇതിന്റെഇല ഗന്ധമേറിയതുമാകുന്നു. വാതം, കഫം, ചുമ, ഛർദ്ദി, ജ്വരം, ശ്വാസം, സിദ്ധ്മം, ശൂലം ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. മലത്തെ പുറത്തുകളയും. ചെറുകച്ചോലത്തിന്റെ ഗുണത്തോടു കൂടിയതെന്നും പക്ഷം. സ്വരത്തെ നന്നാക്കും.

നരുമാഞ്ചി.

ഇതു് ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. മാഞ്ചിയുടെ ഗുണത്തോടു കൂടിയതെന്നും പക്ഷമുണ്ടു്. മാഞ്ചിയെക്കാൾ ചെറുതും ഏറിയ ഗന്ധമുള്ളതുമാകുന്നു. കഫം, പിത്തം, രക്തദോഷം, കണ്ണരോഗം, ജ്വരം, വിഷം, ഭ്രതാവേശം ഇവയെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. മേഹകാന്തിയെ വരുത്തും.

നരുംപശ.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന സമുദ്രജനീയ ദ്രവ്യമാകുന്നു. ചുവന്നതും കുറുത്തതും രണ്ടുതരമുണ്ടു്. ചുവന്നതു് ഉഷ്ണവീര്യവും, കുറുത്തതു് ശീതവീര്യവുമാകുന്നു. കുറുത്തതിന്റെ നാമവും ഗുണവും:—കുണ്ണബോലം (ചെന്നിനായകം)

"വീരാസ്രാവസ്സുഗന്ധാസാരഃ
കുമാരീരസസംഭവഃ;
സുഗന്ധസാരോഗന്ധിജനനഃ
പിത്തനിർഹരണോ മതഃ;
ബലകൃച്ഛ്രേചനഃ പുഷ്ട-
ജനനോ ഗർഭപാതനഃ;
വിട്സംഗേ കൃമിരോഗേ ച
സന്ത്രാസേ/പസ്മൃതൌ തഥാ;
ലുപ്തേ രജസി നാരീണാം
ശീതപിത്തേ ശിരോരുജി;
ജ്വരശ്ലേഷ്മാർഭവേ പ്ലീഹി
മന്ദേ/ഗ്നൌ ച പ്രയുജ്യതെ;
അൾസസ്സന്ന സേവേത
നാന്തർവത്നീ ന പുഷ്പിണീ;
ന വാസൃഗ്ദരിണീ നാപി
യകൃച്ഛ്രക്കാദിരോഗവാൻ."

അന്യച്ചു:—

ഏലീയകഃ കുണ്ണബോലഃ
കുമാരീസാരസംഭവഃ;
കുണ്ണബോലഃ കടുശ്ശീതോ
ഭേദകോ രസരോധനഃ
ശൂലാധ്മാനകഫാൻ വാതം
കൃമിഗുല്മൌ ച നാശയേൽ".

ബോലം ഉപവിഷഗണത്തിൽ ചേർന്നതാകയാൽ ഉപവിഷങ്ങൾക്കുള്ള സാമാന്യശുദ്ധിചെയ്തു് ഉപയോഗിച്ചുകൊള്ളണം.

നരുംപാണ്ടിനെല്ലു്.

ഇതു് നവരയോടടുത്ത ഗുണമുള്ളതും നരുനെല്ലിനെക്കാൾ ഗുണം കുറ

ഞ്ഞതുമാകുന്നു. ഭോജ്യവസ്തുത്തിൽ ചേന്ന വ്രീഹിയാകുന്നു.

നൂഡയസ്സു്.

ഇതു് പണ്യവസ്തുത്തിൽ ചേന്ന കാസഫ്ലവ്യമാകുന്നു. നന്നെ തടിച്ചും അകന്നമുട്ടുകളോടു കൂടിയതായും ഒരു തരമുണ്ടു്. വാതം, കഫം, ചുമ, മുഖരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. നെഞ്ചിലുംകണ്ഠത്തിലുമുള്ളതടവിനെതീക്കും സ്വരത്തെ നന്നാക്കും. വായിലെ അഴുക്കിനെക്കളഞ്ഞു പെടിപ്പുവരുത്തും. രുചിയെയുണ്ടാക്കും.

നൂഡവരി.

ഇതു ഫലവസ്തുത്തിൽ ചേന്നതാകുന്നു. ഇതു ആവിയെന്നു പേരുപറഞ്ഞു് ഈ ദേശങ്ങളിൽ എടുത്തുപോരുന്നതും പിച്ചിലിഫലമായും ഇരിക്കുന്ന ഒരുതരം വൃക്ഷമാകുന്നു. ഇതിന്റെ തൊലികൊണ്ടു മൈസൂർ മുതലായ സ്ഥലങ്ങളിൽ കയറുണ്ടാക്കിവരുന്നു. ഇതിന്റെ തൊലിമുതലായവ:—കഫം, പിത്തം, രക്തദോഷം, വിഷം, വിസർപ്പം, കൃമി, വ്രണം, വിസ്ഫോടം, കൃമി, ശൂലം, മലബന്ധം ഇവയെ ശമിപ്പിക്കും. അഗ്നിയെ പചിപ്പിക്കും. മുടിയെ നന്നാക്കും. ഇതിന്റെ പഴുത്തകായു്:—വാതം, പിത്തം, രക്തദോഷം, ക്ഷതം, ക്ഷയം, സർവ്വാംഗസന്താപംഇവയെ ശമിപ്പിക്കും. കഫത്തെയും ശുക്രത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. പച്ചക്കായു്:—രൂക്ഷമായിരിക്കും. പിത്തത്തെയും, രക്തദോഷത്തെയും ശമിപ്പിക്കും. വിഷ്ടംഭത്തെയുണ്ടാക്കും. തളിരു്:—കഫം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തെപ്പിടിപ്പിക്കും.

നൂഡവരിഎണ്ണ.

ഇതു് തൈലവർഗ്ഗത്തിൽ ചെന്നതാകുന്നു. നൂഡവരിഎണ്ണ അതിന്റെ വിത്തിൽ നിന്നെടുക്കുന്ന എണ്ണയാകുന്നു. ഇതു വാതപിത്തങ്ങളേയും, മൂത്രത്തടവിനേയും ശമിപ്പിക്കയും, കഫത്തെ വർദ്ധിപ്പിക്കയും, അഗ്നിമാന്ദ്യത്തെ ഉണ്ടാക്കുകയും ചെയ്യും.

നാ

നാകം.

ഇതു് രസായനമണ്ഡനവർഗ്ഗത്തിൽ ചേന്ന ധാതുവാകുന്നു തകിടുനാകമെന്നും കട്ടിനാകമെന്നും രണ്ടു തരമുണ്ടു്. ഇതു മലയിൽ നിന്നുണ്ടാകുന്നു. ജസദമെന്നു മദനപാലനിഘണ്ടുവിലും, യശദമെന്നു ഭാവപ്രകാശത്തിലും മൂലം കാണുകയാൽ രണ്ടിനേയും സ്വീകരിച്ചിരിക്കുന്നു. കഫം, പിത്തം, പ്രമേഹം, പാണ്ഡു, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. കണ്ണിനു് ഏറ്റവും നല്ലതാകുന്നു. ഇതിന്റെ ദോഷങ്ങളും ശോധനമാരണങ്ങളും വെള്ളീയത്തിന്റെ എന്നപോലെയാണു്.

"യശദം ഗിരിജം തസ്യ
ദോഷാശ്ശോധനമാരണേ;
വംഗസ്യേവ ഹി ബോലാഢ്യം
ഗുണാംസ്തു ഗണയാമ്യഹം."

എന്നു ഭാവപ്രകാശത്തിൽ കാണുന്നു. ജ്വരിയും മാരണവും ശരിയാകാതെ ഇരിക്കുന്ന നാകം അറിയാതെ ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിനു് ഏഴുദിവസം പ്രഭാതത്തിങ്കൽ ത്രിഫലച്ചൂർണ്ണം സേവിക്കണം.

നാക(ഗ)പ്പൂവു്.

ഇതു പണ്യവസ്തുത്തിൽ ചേന്ന ഗന്ധദ്രവ്യമാകുന്നു. സ്വർണ്ണത്തിന്റെ പേരുകൾ എല്ലാം ഇതിന്റെ വയ്യും

യപദങ്ങളുടെയും സപ്ലു ത്തിന്റെയുംപേരുകളുംഇതിനുപയുക്തായമായി വരുമെന്നും പക്ഷമുണ്ട്. ഇതു പുന്നാഗവൃക്ഷത്തിന്റെ പുഷ്പമെന്നും, നാഗചമ്പകത്തിന്റെ പുഷ്പമെന്നും, കുവ്വായുടെ പുഷ്പമെന്നും മറും പല പക്ഷവും കാണുന്നുണ്ട്. രസാദ്യഭിന്നമായിരിക്കുന്ന വസ്തുവിനെ വൃദ്ധസമ്മതത്തെ അനുസരിച്ചു എടുക്കണം. കഫം, പിത്തം, ജ്വരം, തണ്ണീർദാഹം, ചൊറി, വിയർപ്പു, കരപ്പു, നെഞ്ചുകലിപ്പു, ദൌർഗന്ധ്യം, കൃമി, വിസർപ്പം, വിഷം, വസ്തിരോഗം, കണ്ണുരോഗം, ശിരോരോഗം, വാതരക്തം ഇവയെ ശമിപ്പിക്കും.

"അഭാവേ നാഗപുഷ്പസ്യ
പദ്മകേസരമിഷ്യതേ."

എന്ന ഭാവപ്രകാശത്തിലുള്ളതിനാൽ നാകപ്പൂവു കിട്ടാതെ വന്നാൽ പകരം താമരയല്ലി ചേർക്കാം.

നാഗതാളി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിഷത്തെ ശമിപ്പിക്കുകയും മുരങ്ങിയ മുലയെ തടിപ്പിക്കയും ചെയ്യും.

നാഗദന്തി

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. നിഘണ്ടുശേഷത്തിലും, സുശ്രുതടീകയിലും ഇന്ദ്രയാരുണീഭേദമെന്നു കാണുന്നു. ഇതിന്റെ പൂവു് വെളുത്തതായിരിക്കും. ത്രിദോഷം, വിശേഷാൽകഫം, വിഷം, ശൂലം, യോനിദോഷം, അശ്മരീലം, കരപ്പു, കൃമി, മഹോദരം, കണ്ണുദോഷം, വയറടപ്പു് ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെ ഇളക്കും ധാരണാശക്തിയെ കൊടുക്കും. മംഗല്യപ്രദമായിരിക്കും.

നാഗദമനി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. കിഴങ്ങുള്ള ചെറിയ പോളയാകുന്നു. ഇല നന്നാക്കുത്തയും വെളുത്തപുള്ളിയുള്ളതും പൂവു് ചുവന്നതും വൃത്തമായിട്ടുള്ളതുമാകുന്നു. ത്രിദോഷം, മൂത്രകൃച്ഛ്രം, വ്രണം മഹോദരം, ശൂലം, ഗുല്മം, ജലഗർഭമെന്ന രോഗം, വയറടപ്പു്, ഗ്രഹപീഡ, സ്ഥാവരവിഷം, ജംഗമവിഷം, വിശേഷാൽ സപ്ലുവിഷം ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. കോഷ്ടശുദ്ധിയേയും ബുദ്ധിപ്രസാദത്തേയും ധനാഗമത്തേയും, ജയത്തേയും ചെയ്യും.

നാഗ്രണം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു ലന്തയിലയുടെ ആകൃതിയിലുള്ളതെന്നു കൊലദലം, ബദരീപത്രം മുതലായ നാമങ്ങൾകൊണ്ടു സ്പഷ്ടമാകുന്നു.

"നഖീ പഞ്ചവിധം ജ്ഞേയം
ഗന്ധദ്രവ്യം ഗന്ധതൽപ്പൈഃ;
കാചിദ് ബദരപത്രാഭാ
തഥോൽപലദലാഭയതാ;
കാചിദശ്വഖുരാകാരാ
ഗജകർണ്ണസമാപരാ;
വരാഹകർണ്ണസംകാശാ
പഞ്ചമീ പരികീർത്തിതാ."

എന്ന ചന്ദ്രികാനിഘണ്ടുവിൽ കാണുന്നു. ഈ ദ്രവ്യം ഉള്ളിൽ കൊടുക്കുന്നതു നന്നല്ല.

"പഞ്ചപല്ലവതോയേന
ഗന്ധാനാം ക്ഷാളനം തഥാ;
ശോധനം ചാപി സംസ്കാര-
വിശേഷശ്ചാത്ര വക്ഷ്യതേ;

ചണ്ഡീഗോമയതോയേന
യദി വാ തിന്തിഡീജലൈഃ;
നഖം സംകഷ്യാഗ്രയേദ്ഭേദി
രലാഭേ മൃണ്മയേന തു;
പുനരുല്പൃത്യ പ്രക്ഷാല്യ
ഭക്ഷ്യയിത്വാ നിഷേചയേൽ;
ഗുഡപിഷ്ട്യാംബുനാഥ്യേവം
ഉല്പൃതേ നാത്ര സംശയഃ."

ഇതി ചന്ദ്രികാനിഘണ്ടു. വാതം, കഫം, രക്തദോഷം, രക്തപീഡ, കുഷ്ഠം, ചൊറി, വ്രണം, വിഷം അലക്ഷ്മി, മദം, വായിലെ ദുർഗ്ഗന്ധം ഇവയെ ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. ദീർഘകാന്തിയെ ഉണ്ടാക്കും. ഏറ്റവും ഹൃദ്യമായിരിക്കും. പുകയ്ക്കുന്നതിനും അരച്ചു പൂശുന്നതിനും ഉപയോഗപ്പെടുത്താം.

"ലവംഗകുസുമം ദേയം
നഖസ്യാഭോ യതഃ പുനഃ."

എന്നു ഭാവപ്രകാശത്തിൽ കാണുന്നതിനാൽ ഇതു കിട്ടാതെ വന്നാൽ പകരം കരയാംപൂവ് ചേർക്കാം.

നാട്ടുകോഴി.

ഇതു വീര്യവർദ്ധത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസത്തിനുള്ള രസാദികളും ഗുണങ്ങളും കുക്കുടശബ്ദാർത്ഥത്തിങ്കൽ പറയപ്പെട്ടിട്ടുണ്ട്.

"കുക്കുടസ്ത്വജിതനുരുഷ്ടാംഗുലി
സ്ഥാമ്രവക്ത്രനഖചൂലികസ്സിതഃ;
രൌതിസുസ്വരമുഷാത്ര്യയേ ച യോ
വ്യഖിദസ്സുഗപരാഷ്ടവാജിനാം;
യവ്യഗ്രീവോയോവ്യാ ബദരസദൃശോ
വ്യാപി യിഹാഗോ
ധൂമ്രാരുഷ്കോ വർണ്ണേയേതി ബഹ്വഭീ;
ഷ്ടശ്ചരുചിരഃ;
സ ശസ്തസ്സംഗ്രാമേ മധുമധുപ
വർണ്ണശ്ച ജയകൃ-
ന്ന ശസ്തോ യോ/തോ/ന്യഃ കുശതനു
ഖഞ്ജചരണഃ. [രവഃ
കുക്കുടീയമൃദുചാരുഭാഷിണീ
സ്നിഗ്ധരോമരുചിരാനനേക്ഷണാ;
സാ ദദാതി സുചിരം മഹീക്ഷിതാം
ശ്രീയശോ വിജയവീര്യസംപദഃ."
ഇതി ബൃഹത്സംഹിതാ.

നാട്ടുപന്നി.

ഇതു മഹാമൃഗവർഗ്ഗത്തിൽ ചേർന്ന ആരണ്യപശുമാംസമാകുന്നു. കുലേചരവർഗ്ഗത്തിൽചേർന്ന ആരണ്യമാംസമെന്നും പക്ഷമുണ്ട്. ഇതിന്റെ മാംസം പന്നിമാംസത്തിനു പറയപ്പെട്ടിട്ടുള്ള ഗുണങ്ങളോടുകൂടിയതാകുന്നു വിശേഷാൽ അതിനേക്കാൾ ഗുരുവും, കഫപിത്തങ്ങളെ വർദ്ധിപ്പിക്കുന്നതും, നിന്ദ്യവുമാകുന്നു.

നാന്മുകപ്പുല്ല്.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. വലുതും, ചെറുതും രണ്ടുതരമുണ്ട്. രണ്ടിനത്തിൽനിന്നും തൈലം എടുത്തുവരുന്നു. കഫം, പിത്തം, രക്തദോഷം, ഹൃദ്രോഗം, കണ്ണുരോഗം, ജ്വരം, ശൂലം, കൃമി, വായുമുട്ടൽ, കൃമി, അജീർണ്ണം, അരുചി, പ്ലീഹ, വിഷൂചിക, കോഠം, ബാലഗ്രഹം, ഗ്രഹപീഡ, വാതരക്തം, ആയുധംകൊണ്ടും ശല്യംകൊണ്ടുമുണ്ടാകുന്ന മുറിവു് ഇവയെ ശമിപ്പിക്കും. പ്രധാന രസം എരി എന്നും കഫവാതങ്ങളെ ശമിപ്പിക്കുമെന്നും ഗുസിംഹമതം. പാകത്തിങ്കൽ മധുരമെന്നും നല്ല ഗന്ധമുള്ളതെന്നും കഫപിത്തങ്ങളെ ശമിപ്പിക്കുന്നതെന്നും ഗണനിഘണ്ടുവിൽ കാണുന്നതിനാൽ അങ്ങനേയും ഒരുതരമുണ്ടെന്നു വിചാരിക്കാം.

നായ്.

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു.

"പാദോഃ പഞ്ചനഖാസ്ഥാഗ്രചരണ-
ഷ്ഷഡ്ഭിന്നൈർഭക്ഷിണ-
സ്ഥാത്രോഷ്ഠാഗ്രനസോ മൃഗേശ്വരഗ
ജ്ഞിഹ്വൻ ഭയം യാതിച; [തി-
ലാംഗ്ലം സ.സടം ദൃഗക്ഷസദൃശീ
കർണ്ണൗ ച ലംബൌ മുടി
യസ്യ സ്യാൽസകരോതി പോഷ്ടൃ
രചിരാൽ
പുഷ്ടാം ശ്രിയം ശ്വാ ഗ്രഹേ;
പാദേ പാദേ പഞ്ചനഖാഗ്രപാദേ
വാമേ യസ്യാഷ്ഷണ്ണഖാ മല്ലി
കാക്ഷാ;
യക്രം പുച്ഛം പിംഗലാലംബകർണ്ണാ-
യാസാരാഷ്ടംകുക്കുരീപാതിപോഷ്ടൃ"
ഇതി ബൃഹത്സംഹിതാ.

"ബഹ്വാശീ സല്പസന്തുഷ്ടഃ
സുനിദ്രശ്ശീഘ്രചേതനഃ;
പ്രഭുഭക്തശ്ച ശൂരശ്ച
ഷഡേതേ ച ശുനോ ഗുണാഃ."
ഇതി ചാണക്യഃ.

ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു ചെന്നായുടെ മാംസത്തോടൊത്തതാകുന്നു. പട്ടി കടിച്ചു മുറിപ്പെട്ടാൽ കോഴിക്കാഷ്ഠവും ശർക്കരയും, എണ്ണയും, ആവണക്കിൻപാലുംകൂട്ടി മർദ്ദിച്ചു ലേപനംചെയ്കു. പേപ്പട്ടി കടിച്ചുണ്ടാകുന്ന വികാരത്തിനു കാടുവാഴനീരിൽ ഇന്തുപ്പു ചെർത്തു മന്ദോഷ്ണമാക്കി മൂന്നു ദിവസം കുടിക്കുക. അല്ലെങ്കിൽ ചെറിയകമ്പളത്തിന്റെ വേരും മുളകുംകൂടി ചൂടുവെള്ളത്തിൽ അരച്ചുകലക്കി സേവിക്കുക. കടിപെട്ടാൽ ഉടൻതന്നെ കോലുവായ് ലോഹശലാകകൊണ്ടു ദഹിപ്പിക്കുന്നതു് ഏറെ നന്നു്.

നായിക്കൊരുണ.

ഇതു വീരുധവർഗ്ഗത്തിൽ ചേർന്ന വൃഷ്യൗഷധമാകുന്നു. വലുതും ചെറുതും രണ്ടുതരമുണ്ടു്. ചെറുതു് അധികം പടരുന്നതല്ല. വാതം, പിത്തം, കഫം, രക്തദോഷം, ക്ഷയം, വായുമുട്ടൽ, കൃമി ഇവയെ ശമിപ്പിക്കും. ബലത്തേയും ശുക്രത്തേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. വ്രണത്തെ വരട്ടും. ഇതിന്റെ വിത്തു് വാതത്തെ ശമിപ്പിക്കും. ഏറ്റവും ശുക്രത്തെ വർദ്ധിപ്പിക്കും. ഇതു് ഉഴുന്നിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷമുണ്ടു്.

നായിച്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ചൊറിയേയും, വ്രണത്തേയും ശമിപ്പിക്കും.

നാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മധുരമേറിയതും പുളിയേറിയതും രണ്ടുതരമുണ്ടു്. മധുരമേറിയതു്—വാതം, അർശ്ശസ്സു്, കൃമി, ശൂലം, ശ്രമം, ആമദോഷം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ബലത്തെച്ചെയ്യും. രുചിയെയുണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. താമസിച്ചു ദഹിക്കും. വിശദമായിരിക്കും. വൃഷ്യമെന്നു രാജവല്ലഭമതം. പുളി ഏറിയതു്:—വാതത്തെ ശമിപ്പിക്കും. കഫപിത്തങ്ങളെ കോപിപ്പിക്കും. രക്തദോഷത്തെയുണ്ടാക്കും. മലത്തിനു അയവുവരുത്തും. ദുർജ്ജരമായും, രുചികരമായും ഇരിക്കും. പഴുത്ത കായ്:—സിന്ദൂരംപോലെ മുഖപ്പുനിറമുള്ളതും സൌരഭ്യമുള്ളതുമാകുന്നു. ഏറെ വലുതും ഏറെ ചെറുതുമല്ലാത്തതും ഉരുണ്ടതും ആകുന്നു. പൂവു് വെളുത്തതും സൌരഭ്യമുള്ളതുമായിരിക്കും.

നാലൊന്നു വെള്ളംചേർന്ന മോരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം മോരിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

നാല്പാമല്ലകൊന്ന.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ഇതിന്റെ തണ്ടും, ഇലയും, പൂവും കറുത്തനിറമുള്ളതാകുന്നു. മുഴുത്ത പൂവുള്ളതായും ഒരുതരമുണ്ടു്. അതിനും ഗുണങ്ങൾ മിക്കവാറും മേൽപറഞ്ഞവതന്നെ. ഇതു തൃകോല്പക്കൊന്നയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ഏറ്റവും വിരേചനത്തെയും. മൂർച്ഛ, ചുട്ടുനീറൽ, മദം, ചുഴൽച്ച, കണ്ണോൽക്കഷ്ണം ഇവയേയും ചിലപ്പോൾ ഛർദ്ദിയേയും ഉണ്ടാക്കും. ഗ്രഹണിയെ ശമിപ്പിക്കും.

നാസാപാതി.

ഇതു ക്ലാവളക്കായുടെ ആകൃതിയുള്ളതും, ചെറിയ ചുരക്കായുടെ ആകൃതിയുള്ളതും ഇങ്ങനെ രണ്ടുതരമുണ്ടു്. ആദ്യം പറഞ്ഞതു് അല്പം പുളിയുള്ളതും രണ്ടാമതു പറഞ്ഞതു മധുരമുള്ളതും ആകുന്നു.

"ദേശേഷു മുദ്ഗലാനാം
ബഹുലം തല്പ്രഭൃതേ ലോകൈ"

ഇതി ഭാവപ്രകാശം.

ഇതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുകയും, ശുക്രത്തെ വർദ്ധിപ്പിക്കയും ചെയ്യുന്നു.

നി

നിവേശി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഏല മുതലായവ മുത്തങ്ങയുടെ എന്നപോലെയും, കിഴങ്ങു് അതിവിടയംപോലെയുമിരിക്കും. ഗ്രാഹ്യാംശവും കിഴങ്ങുതന്നെയാകുന്നു. അധികവും കാശ്മീരം മുതലായ ദേശങ്ങളിലുണ്ടാകുന്നു. വെളുത്ത കിഴങ്ങുള്ളതും കറുത്ത കിഴങ്ങുള്ളതും ഇങ്ങനെ രണ്ടുതരമുണ്ടെന്നും, വെളുത്തതിനെ പാൽനിവേശി എന്നും. കറുത്തതിനെ നീലിനിവേശി എന്നും വൃദ്ധന്മാർ പറയുന്നു. വാതം, കഫം, രക്തദോഷം, വ്രണം പലവിധമായ വിഷം ഇവയെ ശമിപ്പിക്കും.

നിലക്കടമ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്നതാകുന്നു. പൂവു് ചെറുതായിരിക്കും. വൃക്ഷവും ചെറുതായിരിക്കും. സാമാന്യം കടമ്പിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതായിരിക്കും. വിശേഷാൽ പ്രമേഹത്തിനു നന്നു്.

നിലക്കിഴങ്ങു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. അന്യപ്രദേശങ്ങളിലുള്ള കാടുകളിൽ ഉണ്ടാകുന്നു. കിഴങ്ങു വളരെ നീളമുള്ളതായിരിക്കും. കേടിക്കുന്നതിനു നാശം. കഫം, പിത്തം, ചൊറി, കുഷ്ഠം, വായിലെ രോഗം ഇവയെ ശമിപ്പിക്കും.

നിലച്ചുര.

ഇതു വയലിലും മറ്റും ഉണ്ടാകുന്നു. കായുടെ പുറത്തു ചെറിയ മഞ്ഞപ്പുള്ളികളും, തേളിൻവാലുപോലെയുള്ള മുള്ളുകളും ഉണ്ടായിരിക്കും. കായു്:—ചുരക്കാപോലെ ചെറുതായിരിക്കും. ഇതിനു വളരെ അത്ഭുതകരങ്ങളായ ഗുണങ്ങളും ഉണ്ടായിരിക്കും. സന്നിപാതം, ഒന്തോർഗ്ഗളം, ഒന്തരോഗം, ധനുസ്തംഭമെന്ന വാതം ഇവയെ ശമിപ്പിക്കും. ഇതു ശാക

വർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു

നിലഞാവൽ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു.ഇതിന്റെ കായ് എല്ലാറിലും ചെറുതായും വൃത്തമായുമിരിക്കും. ഗുണങ്ങൾകൊണ്ടു ഞാവലിനോടൊത്തതാകുന്നു. വിശേഷാൽ ഇക്കുത്തെ വർദ്ധിപ്പിക്കും. പുഷ്ടിയെയുണ്ടാക്കും.

നിലപ്പന.

ഇതു ശാകവർഗ്ഗത്തിൽചേർന്ന രസായനദ്രവ്യമാകുന്നു. വെളുത്തതും കുത്തതും രണ്ടുതരമുണ്ട്. വെളുത്തതു ഗുണം കുറഞ്ഞതും, കുത്തതു ഗുണമേറിയതും രസായനത്തിങ്കൽ ശ്രേഷ്ഠവുമാകുന്നു. ഇതിന്റെ പൂവ്:— മഞ്ഞനിറമായിരിക്കയാൽ വെളുത്തതെന്നും കുത്തതെന്നും പറയുന്ന നിറം കിഴങ്ങിനെയുദ്ദേശിച്ചാണു്.

"മുസലീ ദ്വിവിധാ പ്രോക്താ
ശ്വേതാ ചാപരസംജ്ഞകാ;
ശ്വേതാ സാല്പഗുണോപേതാ
തദ്വരാ ച രസായനീ."

ഇതി രാജനിഘണ്ടു.

ഇപ്രകാരം ഭാവപ്രകാശത്തിലും കാണുന്നു. ഇതു്:—വാതം, പിത്തം, രക്തദോഷം, സർവ്വാംഗസന്താപം, അർശ്ശസ്സു്, അസ്ഥിസ്രാവം, തളർച്ച ഇവയെ ശമിപ്പിക്കും. കഫത്തെയും, ശുക്രത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. പിച്ഛിലമായിരിക്കും. ഉണ്ണുവീർപ്പുമെന്നു മദനപാലമതം. മലത്തെ പിടിപ്പിക്കുമെന്നു രാജവല്ലഭമതം.

നീലംപാതിരി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതിന്റെ പൂവു് മുയ്ക്കു തുല്യമായിരിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. രസപാകത്തിങ്കൽ ഏറ്റവും ഉപയോഗപ്പെടുന്നു.

നിലയാവര.

ഇതു പുഷ്കുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ജ്വരം, കഫം, കൃമി, ശൂലം, ഗുല്മം, ചുമ, വിഷം, ആമദോഷം, സിധ്മം, ദൌർഗ്ഗന്ധ്യം ഇവയെ ശമിപ്പിക്കും. കൂടെക്കൂടെ മലത്തെ ഇളക്കും.

നിലവേപ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. ഭൂനിംബമെന്നുള്ള നാമത്തിനു നിലവേപ്പെന്നുള്ള ഭാഷ അനുചിതമാകയാലും, ചിരതിക്ത, അനാര്യതിക്ത മുതലായ തിക്തരസോൽക്കർഷത്തെ സൂചിപ്പിക്കുന്ന നാമാന്തരങ്ങൾകൊണ്ടും നിലവേപ്പെന്നോ കിരിയാത്തെന്നോ ഉള്ള ഭാഷതന്നെ യുക്തമെന്നു തോന്നുന്നു. ഉപയോഗിച്ചു നോക്കിയതിൽ മേൽപ്പറയപ്പെട്ട ഗുണങ്ങളും കിരിയാത്തെന്നു പറയപ്പെടുന്ന വസ്തുവിനു തന്നെയാണു് കാണുന്നതു്. ഇതിനു ചില ഗ്രന്ഥങ്ങളിൽ പുത്തരിച്ചുണ്ട എന്നും ഭാഷ കാണുന്നു.

"ഭൂനിംബോ ഹിമകസ്തിക്ത-
ശ്ചിരതിക്തശ്ച കണ്ടകീ;
കിരാതതിക്തകോ/നാര്യ-
തിക്തശ്ചേമേ സമർത്ഥകാഃ."

എന്നു ശബ്ദവ്യൂഹതരംഗിണിയിൽ പറയുന്ന കണ്ടകീ എന്നുള്ള പര്യായത്തിനു് മുള്ളുകളുള്ളതെന്നു ഞാൻ വിവക്ഷിച്ചാൽ മേൽപ്പറഞ്ഞ ഭാഷ ചേരുന്നതെന്നു വരാം. എങ്കിലും നാട്ടിൽ പുത്തരിച്ചുണ്ടയെന്നു പറഞ്ഞുവരുന്ന വസ്തുവിനു തിക്തരസോൽക്കർഷവും നിംബസാധർമ്മ്യ

രും കാണുന്നില്ല. അല്ലു് മൂഢതീരേ ളമെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ ചരകത്തിലും സംഗ്രഹത്തിലും അഷ്ടാംഗഹൃദയത്തിലും ഫലശാകങ്ങളുടെ കൂട്ടത്തിൽ പറയുന്ന വനതിക്തശബ്ദവും സുശ്രുതത്തിൽ ഫലശാകങ്ങളുടെ കൂട്ടത്തിൽ പറയുന്ന കിരാതതിക്തശബ്ദവും ഇതിനെയുദ്ദേശിച്ചായിരിക്കാം. അങ്ങനെ എങ്കിൽ വനതിക്തമെന്നും, കിരാതതിക്തമെന്നും ഉള്ള നാമപദങ്ങൾകൊണ്ടു കാട്ടുചുണ്ടയെന്നോ പുത്തരിച്ചുണ്ടയെന്നോ ഭാഷയും ചേരുന്നതാണു്. കിരിയാത്തുതന്നെ മുള്ളുള്ള തരവുമുണ്ടെന്നും ചില ഭാഷാന്തരംകൊണ്ടു തോന്നുന്നു. നിലവേപ്പു്:—കഫം, പിത്തം, രക്തദോഷം, മുട്ടുനീർ, തണ്ണീർദാഹം, ചുമ, വായുമുട്ടൽ, സന്നിപാതജ്വരം, വീക്കം, കൃഷ്ണം, കൃമി, വ്രണം, പ്രമേഹം. ചൊറി, ശൂലം, അസൃഗ്ദരം, ക്ഷയം, അർശ്ശസ്സു്, അരുചി ഇവയെ ശമിപ്പിക്കും. കൊറന്തോന്നു വാതത്തെ വർദ്ധിപ്പിക്കും. മലത്തിനു അയവുവരുത്തും. പഥ്യമായിരിക്കും.

നീ

നീരത്തി.

ഇതു ഫലവർഗ്ഗത്തിൽചേർന്ന മൂത്രസംഗ്രഹണീയദ്രവ്യമാകുന്നു. ഇലയും കായും അത്തിയേക്കാൾ ചെറുതായിരിക്കും. മിക്കവാറും ജലസമീപത്തിങ്കലുണ്ടാകുന്നു. ഇതു് അത്തിയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. പച്ചക്കായു് ചവർപ്പുരസമുള്ളതാകുന്നു.

നീരാമ.

ഇതു മത്സ്യവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു, ഇതിന്റെ മാംസം മിക്കവാറും സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതും നിന്ദിതവുമാകുന്നു.

നീരാരൽ.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ത്രിദോഷം, പ്രമേഹം, ജ്വരം, വായുമുട്ടൽ, ചൂഴൽവ, കൃമി, മൂർഛ, കൃഷ്ണം, മൂത്രകൃച്ഛ്രം, വസ്തിനോവു്, ഹൃദ്രോഗം, പ്ലീഹ, ഗുല്മം, അർശ്ശസ്സു്, സർവ്വാംഗസന്താപം ഇവയെ ശമിപ്പിക്കും. ദീപ്തിയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബുദ്ധിപ്രസാദത്തെച്ചെയ്യും. മറ്റുള്ള ശാകങ്ങളെപ്പോലെ വിദാഹിയല്ല. ജരാവ്യാധിയെ നശിപ്പിക്കും.

"സുനിഷണ്ണകബീജം തു
മൂത്രകൃച്ഛ്രനിവാരണം"

ഇതി.

"ചാംഗേരീസട്ടശൈഃ പക്ഥ്യേ
സുനിഷണ്ണശ്ചയുക്തുല്യഃ,
ശാകോ ജലാനുപാതേ ദേശേ
ചതുഷ്പത്രീതി ചോച്യതെ."

ഇതി ച ബ്രഹ്മദേവഃ.

നീരിരിപ്പു.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ ഇല ഇരിപ്പയുടെ ഇലയെക്കാൾ നീളമുള്ളതും പൂവും കായും ചെറുതായുമിരിക്കും. നദീതീരത്തിങ്കലും പർവ്വതത്തിങ്കലും ഉണ്ടാകുന്നു. ഇരിപ്പയുടെ ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ കൃമിയെ നശിപ്പിക്കും. രസായനമായിരിക്കും. വ്രണരോപണത്തിങ്കൽ നല്ലതു്.

നീക്കടമ്പു്.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തശ്ലേഷ്മദ്രവ്യമാകുന്നു. പിത്തശ്ലേഷ്മമെന്നു പറയുന്നതു് മനോപാ

ലമതത്തെ അനുസരിച്ചാണു്. കഫം, കഫ്ലം, വിഷം, ഭ്രതപീഡ, ഗ്രഹപീഡ, വീക്കം, മേദസ്സു്, മേഹം, ഉദരം, കൃമി, വാതരോഗം ഇവയെ ശമിപ്പിക്കും. മലത്തെപിടിപ്പിക്കും. മംഗല്യപ്രദമായിരിക്കും. ശീതവീര്യമെന്നും വാതത്തെ കോപിപ്പിക്കുമെന്നും മദനപാലമതം.

നീക്കാക്ക.

ഇതു് അപ്പചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം — പിത്തത്തെയും, വാതത്തെയും, രക്തദോഷത്തെയും ശമിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. ശുക്ലത്തെ വർദ്ധിപ്പിക്കും. ശീതവീര്യമെന്നു സുശ്രുതമതം.

നീക്കുരുവി.

ഇതു് അപ്പചരവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നു സുശ്രുതമതം. ഇതിന്റെ പുറം കറുത്തും വയറു വെളുത്തും വാലുവിശേഷാൽ കറുത്തും സംഘചാരിയായുമിരിക്കുന്ന ഒരുതരം ചെറിയ ജലപക്ഷിയാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു നീർക്കാക്കയുടെ മാംസത്തോടൊത്തതാകുന്നു. ഉഷ്ണവീര്യമെന്നു സംഗ്രഹം.

നീർക്കോഴി.

ഇതു് അപ്പചരവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം മിക്കവാറും കൊക്കിന്റെ മാംസത്തോടൊത്തതാകുന്നു. വിശേഷാൽ കഫത്തെ വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. ശീതവീര്യമെന്നു സുശ്രുതമതം.

നീറ്റുവിര.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. നീറ്റുവിരപലതരമുണ്ടു്. മിക്കവാറും ജലാശയസമീപത്തിൽ ഉണ്ടാകുന്നു. പൂവു് മഞ്ഞനിറമായിരിക്കും. ബീജം അധികമുള്ളതാകുന്നു. തിരോഷ്ഠം, പ്ലീഹം, ഗ്രഹണി, മഹോദരം, അർശസ് ഇവയെ ശമിപ്പിക്കും. ബലത്തെയും, അഗ്നിയെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ധാതുപുഷ്ടിയെ ചെയ്യും. ഓജശ്ശക്തിയെകൊടുക്കും. മലത്തെ പിടിപ്പിക്കും. മൂത്രത്തടവിനെ തീർക്കും. വ്രണമുള്ളവർക്കു നല്ലതാകുന്നു. മലത്തെ പുറത്തുകളയുമെന്നുംപക്ഷം. ഇതിന്റെ വിത്തു് പ്ലീഹം, ശൂലം, മഹോദരം, തൃഗ്ദോഷം, പൊറി, എലിവിഷം ഇവയെ ശമിപ്പിക്കും.

നീർപ്പൊടുചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. രണ്ടുലീയ ഭേദമാകുന്നു. വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കുകയും മലത്തെ പിടിപ്പിക്കയും ചെയ്യും.

നീലേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ഏറ്റവും പുഷ്ടിയെ ചെയ്യും. വെട്ടുചേമ്പിന്റെ ഗുണങ്ങളോടു കൂടിയതെന്നും പക്ഷമുണ്ടു്.

നീത്തിപ്പുളി.

ഇതു് പൃഥുക്ഷുപവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ഹരിതകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷമുണ്ടു്. കഫം, പിത്തം, രക്തദോഷം,

തണ്ണീർദോഷം, സർവ്വാംഗസന്താപം, വ്രണം, കൃമി, ജ്വരം, മുഴൽരോഗ ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു നല്ലതു്. ഹൃദയപ്രസാദത്തെ വരുത്തും. മുഖശുദ്ധിയെ ചെയ്യും. രസം സേവിച്ചുണ്ടാകുന്ന വികാരത്തെ നശിപ്പിക്കും. ശീതവീര്യമെന്നും പക്ഷമുണ്ടു്. ദൃഷ്ടിബലത്തെയും ശുക്ലത്തെയും ക്ഷയിപ്പിക്കുമെന്നും വിദാഹി എന്നും സംഗ്രഹം.

നീർപ്പൂച്ച.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പാടിയവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നും പക്ഷമുണ്ടു്. ഇതിന്റെ മാംസം സാമാന്യം മത്സ്യത്തിനു പറയപ്പെട്ട ഗുണങ്ങളോടു കൂടിയതാകുന്നു.

നീർപ്പൊന്മാൻ.

ഇതു് അപ്പ്ചരവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നും പക്ഷമുണ്ടു്. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു കൊക്കിൻമാംസത്തോടൊത്തതാകുന്നു.

നീലക്കയ്യോന്നി.

ഇതു പൃഥക്ക്ശുപവർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. ഇതിന്റെ പൂവു് നീലനിറമായിരിക്കും. ഗുണങ്ങൾ-കൊണ്ടു കയ്യോന്നിയോടു തുല്യമാകുന്നു. വിശേഷാൽ രസായനത്തിങ്കൽ ശ്രേഷ്ഠമാണു്.

നീലക്കരിമ്പു്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാനം കരിമ്പിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ദോഷത്തെ തടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. കുറഞ്ഞൊന്നുവിദാഹിയായിരിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു ന്യസിംഹമതം.

നീലത്തൊമര.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം താമരയുടെ ഗുണങ്ങളോടുകൂടിയതും ചെന്താമരയേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു. വിശേഷാൽ രസായനത്തിങ്കൽ ശ്രേഷ്ഠം. മുടിയെ നന്നാക്കും.

നീലപ്പൂവുള്ള അശോകം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന ആർത്തവസംഗ്രാഹിദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു് അശോകത്തിനോടൊത്തതാകുന്നു.

നീലാമ്പൽ.

ഇതു് പൃഥക്ശുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, ജ്വരം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും.

നീർനെല്ലി.

ഇതു് ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈവൃക്ഷം മല്ലുള്ളതും ജലാശയസമീപത്തിങ്കൽ ഉണ്ടാകുന്നതുമാകുന്നു. ഇതു നീണ്ടതും കായ് സാധാരണ ലന്തക്കായുടെ ആകൃതിയും പൂവപ്പുനിറവുമുള്ളതാകുന്നു. ഇതിന്റെ പഴുത്തകായ്— മൂന്നു ദോഷങ്ങളേയും ജ്വരത്തേയും ശമിപ്പിക്കും. മലത്തെ പുറത്തു കളയും. മുഖശുദ്ധിയെ ചെയ്യും. പാകത്തിങ്കൽ മധുരമെന്നതോന്നുന്നു. വാതത്തെ ശമിപ്പിക്കുമെന്നും കഫത്തെയും പിത്തത്തെയും കുറഞ്ഞതാക്കുന്നു വർദ്ധിപ്പിക്കുമെന്നും മദനപാലമതം. ഗ്രാഹി എന്നു രാജവല്ലഭമതം.

നീർമരുത്ത്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന സന്ധാനീയദ്രവ്യമാകുന്നു. ഇതു വനങ്ങളിൽ ഉണ്ടാകുന്ന ഒരു വലിയ വൃക്ഷമാകുന്നു. എല നീണ്ടതും അഗ്രം വൃത്തമായിട്ടുള്ളതും തൊലി വെളുത്തതും പാലുള്ളതുമാകുന്നു. കഫം, പിത്തം, രക്തദോഷം, ക്ഷതം, ക്ഷയം, കൃമി, വിഷം, പ്രമേഹം, വ്രണം, തണ്ണീർദാഹം, ശ്രമം ഇവയെ ശമിപ്പിക്കും. വാതരോഗത്തെ ഉണ്ടാക്കും. മൂറിവിനെ കൂട്ടിപ്പിടിക്കും. ദേഹകാന്തിയേയും ഹൃദയപ്രസാദത്തേയും വരുത്തും. ഉണ്ണുവീയ്യുമെന്നു നൃസിംഹമതം.

നീർമാതളം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. പത്രശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷമുണ്ട്. ഇതുഒരു വലിയ വൃക്ഷമാകുന്നു. എല കുവളത്തിലപോലെ മൂന്നിതളുള്ളതും, പൂവു വെളുത്തതും, കായ് കുവളക്കായുടെ മുഴുപ്പും, അസ്ഥിയുടെ ആകൃതിയും ഉള്ളതാകുന്നു. ഇതു വാതം, കഫം, രക്തദോഷം, മൂത്രകൃച്ഛ്രം, അശ്മരി, വിദ്രധി, വൃദ്ധി, ഗുല്മം, കൃമി, വാതരക്തം, യീക്കം, ഹൃദ്രോഗം, ശൂലം, ബാധിയ്പ്പം (ചെവികേൾക്കായ്ക), ചെവിക്കുത്തു്, യോനിദോഷം, അർശിതവാതം ഇവയെ ശമിപ്പിക്കും. പിത്തത്തെയും, അഗ്നിയെയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. സ്നിഗ്ദ്ധമെന്നു നൃസിംഹമതം. ഇതിന്റെഎല കഫവാതങ്ങളെ നശിപ്പിക്കും. പൂവു് പിത്തത്തെയും, ആമവാതത്തെയും. രക്തദോഷത്തെയും ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. കായ്, മധുരവും,ഗുരുവും, സ്നിഗ്ദ്ധവും, പാചനീയവുമാകുന്നു. അതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. മലത്തെയയിളക്കും.

നീർമുത്തങ്ങാ.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. കുറിയ വട്ടപ്പുല്ലിന്റെ കിഴങ്ങാകുന്നു. പിത്തം, രക്തദോഷം, ചൂടുനീറൽ, തണ്ണീർദാഹം, ശ്രമം, ഭ്രമം,പ്രമേഹം, നേത്രരോഗം ഇവയെ ശമിപ്പിക്കും. കഫവാതങ്ങളേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മുലപ്പാലിനേയും കൃമിയേയും പെരുപ്പിക്കും. മലത്തെപിടിപ്പിക്കും. വയറടപ്പിനേയുംരുചിയേയും ഉണ്ടാക്കും. ഇതിന്റെ പൂവു കാമിലയെ ശമിപ്പിക്കും.

നീറുശരക്കോലു്.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. ചെറിയ ചോളംപോലെയിരിക്കും. വെള്ളത്തിലോ വെള്ളത്തിന്റെ സമീപത്തോ ഉണ്ടാകും. ഇതിന്റെ തണ്ടിന്റെ പുറം നല്ലുറപ്പുള്ളതാകയാൽ എഴുത്തുകോലിനു പയോഗിക്കാം. ഇതു് പിത്തത്തേയും, തണ്ണീർദാഹത്തേയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ എല തിന്നാൽ പശുക്കൾക്കു ബലക്കുറവുണ്ടാകും.

ന

നൂറൻകിഴങ്ങു്.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. ഇതു വൃക്ഷത്തെ ആശ്രയിച്ചു അധികം പടരുന്നതും വള്ളിയിൽ മുള്ളുള്ളതും ഓരോ ഞെട്ടിയിൽമുന്നൂന്നിലയുള്ളതും ആകുന്നു. പിത്തം, ചുമ, വായുമുട്ടൽ, വിഷം, വ്രണം ഇവയെ ശമിപ്പിക്കും. വാതകഫങ്ങളെ വർദ്ധിപ്പിക്കും. മലാശ

ങ്ങളെ ചൂറത്തുകളയും. യഥാടപ്പോട്ട കൂടി ഭക്ഷിക്കുമെന്നും കുറഞ്ഞതാന്നു ഉപ്പുരസത്തോടുകൂടിയതെന്നും പക്ഷമുണ്ട്‌.

നെ

നെടുവാലിച്ചെന്നെല്ല്‌.

ഇതു ഭോജ്യവസ്തുത്തിൽ ചേർന്നശാലിയാകുന്നു. സാമാന്യം ശാലിയുടെ ഗുണങ്ങളോടുകൂടിയതും വെൺചെന്നെല്ലിനെക്കാൾ ഗുണം കൂടിയതുമാകുന്നു.

നെന്മേനിവാകം.

ഇതു മിക്കപ്പോഴും ജാംഗലത്തിങ്കലുണ്ടാകുന്നതുംനെല്ലിപോലെ ചെറിയ ഏലയുള്ളതും ഗ്രീഷ്മകാലത്തിങ്കൽ പൂക്കുന്നതുമാകുന്നു. പൂവ്‌, അല്പം മഞ്ഞനിറവും പച്ചനിറവുമുള്ള കേസരങ്ങളോടുകൂടിയതും മനോഹരമായിട്ടുള്ളതുമാകുന്നു. കായ്‌ നീണ്ടതും പരപ്പുള്ളതും എട്ടും പത്തും ബീജങ്ങളുള്ളതുമാകുന്നു. കഫം, പിത്തം, രക്തദോഷം, വിഷം, വിസൎപ്പം, കുഷ്ഠം, ചുമ, വായുമുട്ടൽ, വ്രണം ചൊറി, വീക്കം ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. വാതത്തെ ശമിപ്പിക്കുമെന്നു സുശ്രുതം ഇതിന്റെ പൂവ്‌ കയ്പുരസത്തോടുകൂടിയതാകുന്നു. അതു വിഷത്തെ നശിപ്പിക്കും. കഫത്തെ വൎദ്ധിപ്പിക്കും. മലത്തെ തടുക്കും., വിഷങ്ങളിൽവച്ചു ശ്രേഷ്ഠമെന്നുസംഗ്രഹം.

നെയ്യ്‌.

ഇതു പിത്തം, വാതം, നേത്രരോഗം. വിഷം, അപസ്മാരം, അലക്ഷ്മി, രാക്ഷസപീഡ, ഉദാവൎത്തം, പുരാണജ്വരം, ഉന്മാദം, ശൂലം, ആനാഹം. വ്രണം ഇവയെ ശമിപ്പിക്കും. കുറഞ്ഞതാന്നു കഫത്തെ ഉവിപ്പിക്കും. ജീക്കത്തെയും, ബലത്തെയും, ആയുസ്സിനെയും, അഗ്നിയെയും വൎദ്ധിപ്പിക്കും. മേധാകാന്തിയെയും, ഓജസ്സിനെയും, സൌന്ദൎയ്യത്തെയും, അംഗങ്ങൾക്കു മാൎദ്ദവത്തെയും, ബുദ്ധിയെയും, ഓൎമ്മശക്തിയെയുമുണ്ടാക്കും. ബീജബലമില്ലാത്ത പുരുഷന്മാൎക്കും, വന്ധ്യകളായ സ്ത്രീകൾക്കും, ബാലന്മാൎക്കും, യുവാക്കൾക്കും, വൃദ്ധന്മാൎക്കും, അടി മുതലായവ കൊണ്ടു മുറിവേറ്റവൎക്കും, തീപൊള്ളി വ്രണമുള്ളവൎക്കും നല്ലതാകുന്നു. സചരത്തെന്നാക്കും. വാതപിത്തപ്രശമനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നും, നിത്യപരിശീലനം രസായനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നും, എല്ലാ സ്നേഹങ്ങളിലുംവച്ചു ശ്രേഷ്ഠമെന്നും സംഗ്രഹം. ഏതേതു ഔഷധങ്ങളും ചേൎത്തു പാകം ചെയ്യുന്നവോ അതതിനതക്ക ഗുണങ്ങളോടും കൂടിയതാകുന്നു. ആണ്ടു പഴകിയാൽ കാച്ചിയ നെയ്യ്‌ ഗുണം കുറഞ്ഞതാകുന്നു.

"ഘൃതമബ്ദാൽ പരം പക്വം
ഹീനവീൎയ്യതമാപ്നുയാൽ."

ഇതി രാജവല്ലഭേ.

"വർഷാദൂൎദ്ധ്വം ഭവേദാജ്യം:
പുരാണം തത്ത്രിദോഷഘ്നൽ."

എന്നുഭാവപ്രകാശത്തിലുള്ളതിനാൽ കാച്ചാത്ത നെയ്യ്‌ ആണ്ടു പഴകിയാൽ പുരാണമാകുന്നു.

"യഥാ യഥാ ജരാം യാതി
ഗുണവത്സ്യാത്തഥാതഥാ."

എന്നുള്ളഹാരീതവചനംകൊണ്ടു ആണ്ടെന്നല്ല എത്രയും പഴകുന്നവോ അത്രയും ഗുണമേറിയതെന്നു അറിയണം.

"ഉദ്ഗന്ധം പുരാണം സ്യാ-
ദ്ഗുരുവഷ്സ്ഥിതം ഘൃതം

ക്ഷാരസന്നിഭം ശീതം
പ്രപൂരാണമതഃ പരം.”

എന്ന രാജവല്ലഭപക്ഷവുമുണ്ട്. ഏതായാലും ഒരാണ്ടു കഴിഞ്ഞാൽ പൂതിയതെന്നുള്ള ദോഷം നീങ്ങുന്നതും വിശേഷവിധിയുള്ളിടത്തു് ചേക്കാവുന്നതുമാണു്. അതു വിശേഷാൽ പാകത്തിങ്കലെരിച്ചതാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. അഗ്നിയെ വൎദ്ധിപ്പിക്കും. വ്രണത്തെ പെടിപ്പാക്കുകയും വരട്ടുകയും ചെയ്യും. വസ്തിക്രിയയിങ്കലും നസ്യത്തിങ്കലും അക്ഷിപൂരണത്തിങ്കലും ഏറെ നല്ലതാകുന്നു. ജ്വരം, മൂർഛ, കൃഷ്ണം, വിഷം, ഉന്മാദം, അപസ്മാരം, ഗ്രഹപീഡ, വീക്കം, ഇക്കിൾ, വായുമുട്ടൽ, അശ്മസ്സു്, ഗുല്മം, പീനസം, മദം, ശിരോരോഗം, കണ്ണരോഗം, നേത്രരോഗം, കണ്ണരോഗം, യോനിരോഗം, വിശേഷാൽ തിമിരം ഇവകളിൽ വിശേഷവിധിയില്ലെങ്കിലും പഴകിയ നെയ്യു ചേൎക്കുന്നതു് ഏറെ നല്ലതാകുന്നു.

“ഏകാദശശതം ചൈവ
ഖണ്ഡരാത്രുഷിതം ഘൃതം;
രക്ഷോഘ്നം കുംഭസർപ്പിഃ സ്യാൽ
പരതസ്തു മഹാഘൃതം;
പേയം മഹാഘൃതം ഭൂതൈഃ
കഫഘ്നം പാവനാധികൈഃ;
ബല്യം പവിത്രം മേധ്യം ച
വിശേഷാത്തിമിരാപഹം;
സർവ്വഭൂതഹരം ചൈവ
ഘൃതമേതൽ പ്രശസ്യതെ.”

ഇതി സുശ്രുതഃ.

“ശേഷാൽപരം സർപ്പിഃ
കൌംഭമിത്യഭിധീയതെ;
രക്ഷോഘ്നം ലഘു തന്മൂത്ര
ഗുണൈഃ ശ്രേഷ്ഠം മഹാഘൃതം”

ഇതി മദനപാലഃ.

നെയ്യുടെ തെളി, മിക്കവാറും നെയ്യുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ യോനിശൂലം, കണ്ഠശൂലം, നേത്രശൂലം, ശിരശ്ശൂലം, വീക്കം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. വസ്തി പിടിക്കുന്നതിനും, നസ്യത്തിനും, കണ്ണിൽ നിറുത്തുന്നതിനും ഏറെ നല്ലതാകുന്നു. പാലിൽനിന്നെടുക്കുന്ന നെയ്യു് ഏറ്റവും ശീതമായിരിക്കും. വാതം, പിത്തം, രക്തദോഷം, ചുട്ടനീർ, മൂർഛ, ഭ്രമം, മദം, നേത്രരോഗം ഇവയെ ശമിപ്പിക്കും. ധാതുക്കളെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രസാദികം ക്ഷീരവ്യതശബ്ദാൎത്ഥത്തിങ്കൽ നോക്കുക.

“വ്യതസ്യ ഗുണദോഷൌ തു
ക്ഷീരതുല്യൌ സമാദിശേൽ;
സർവ്വേഷു ഗുണകൃദ് ഗവ്യ-
മാവികം നിന്ദിതം പുനഃ.”

ഇതി മദനപാലഃ.

ഭോജനത്തിങ്കലും, തൎപ്പണത്തിങ്കലും, ശ്രമത്തിങ്കലും, ബലക്ഷയത്തിങ്കലും, പാണ്ഡുരോഗത്തിങ്കലും, കാമിലയിങ്കലും, നേത്രരോഗത്തിങ്കലും, പൂതിയ നെയ്യുതന്നെ ഉപയോഗിക്കണം.

“യോജയന്നവമേവാജ്യം
ഭോജനേ തൎപ്പണേ ശ്രമേ;
ബലക്ഷയേ പാണ്ഡുരോഗേ
കാമിലാനേത്രരോഗയോഃ.”

ഇതി ഭാവപ്രകാശഃ.

രാജയക്ഷ്മാവിങ്കലും, അതിബാലങ്കലും, അതിവൃദ്ധങ്കലും, കഫാധിക്യമായ രോഗത്തിങ്കലും, ആമത്തോടുകൂടിയിരിക്കുന്ന രോഗത്തിങ്കലും വിഷൂചികയിങ്കലും, വിബന്ധത്തിങ്കലും, മദാത്യയത്തിങ്കലും, ജ്വരത്തിങ്കലും, അഗ്നിമാന്ദ്യത്തിങ്കലും നെയ്യുടെ പ്രയോഗം ഏറെ നന്നല്ല.

"രാജയക്ഷ്മണി ബാലേ ച
വൃദ്ധശ്ലേഷ്മാല്പതേ ഗദേ;
രോഗ ഘാമേ വിഷൂചൃാം ച
വിബന്ധേ ച മദാത്യയേ;
ജ്വരേ ച ദഹനേ മന്ദേ
ന സർപ്പിർബ്രഹ്മനൃതെ."
ഇതി ച ഭാവപ്രകാശഃ.

ഇതു് പേയയ്ക്കുത്തിൽ ചേർന്നതാകുന്നു. ഓട്ടുപാത്രത്തിൽ പത്തു ദിവസം ഇരുന്നിട്ടുള്ള നെയ്യു് വിഷത്തോടു തുല്യമാകയാൽ ഭക്ഷിക്കരുതു്.

നെയ്പ്പാവൽ.

ഇതു ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. വാതകോപത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വ്രണത്തെ വരട്ടും. ഏറ്റവും രുചികരമായിരിക്കും. ഫലശാകങ്ങളിൽവച്ചു പഥ്യമായിട്ടുള്ളതാകുന്നു. ഇതിന്റെ കിഴങ്ങു്—അർശ്സു്, യോനിദോഷം, വിഷം, ഗർഭസ്രാവം ഇവയെ ശമിപ്പിക്കും. തടഞ്ഞിരിക്കുന്ന മലത്തെ പുറത്തു കളയിപ്പിക്കും.

നെല്ലി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു.

"യസ്സ്യാമലകൈഃ സ്നാനം
കരോതി സ വിനിശ്ചിതം;
യലീപലിതനിർമ്മുക്തോ
ജീവേദ്വർഷശതം നരഃ"
ഇതി വൈദ്യകേ.

"ശ്രീകാമസ്സുവ്രതാ സ്നാനം
കവ്വീതാമലകൈർന്നരഃ."
ഇതി ഗരുഡപുരാണം.

ഇതിന്റെ പഴുത്ത കായു്—വാതം, കഫം, വിശേഷാൽ പിത്തം, രക്തദോഷം, ചുട്ടനീറൽ, ശ്രമം, ഛർദ്ദി, ജ്വരം, കൃമി, ചുമ, വയറടപ്പു്, വയറുവീർപ്പു്, പ്രമേഹം, വീക്കം, ഒച്ചയടപ്പു് ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പുറത്തുകളയും. മൂടിനെ നന്നാക്കും. ഹൃദയപ്രസാദത്തെ വരുത്തും. കണ്ണാരോഗത്തിനുകളും നേത്രരോഗത്തിനുകളും ഏറ്റവും നല്ലതാകുന്നു. ജീക്കുത്തെ വർദ്ധിപ്പിക്കും. രസായനമായിരിക്കും. വയസ്സുസ്ഥാപനങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. ഏറ്റവും ഗുണങ്ങൾ കൂടുക്കായ്ക്കു് പറയപ്പെട്ടവതന്നെ. ഭൂരിപക്ഷം പാകത്തിനുൽ മധുരമെന്നാണു് അഭിപ്രായം. എങ്കിലും സംഗ്രഹത്തിനുൽ പാകത്തിനുൽ എരിയെന്നാകയാൽ അപ്രകാരം ചേർത്തിരിക്കുന്നു.

"ഹന്തി വാതം തഥൈവാമ്ലാൽ
പിത്തം മാധുര്യശൈത്യതഃ;
കഫം രൂക്ഷകഷായത്വാൽ
ഫലേഭ്യോഽപ്യധികം ഹ്യേതൽ."
ഇതി രാജവല്ലഭമതം.

പിഴുകാതെ ഉണക്കിയാൽ മേല്പറഞ്ഞ ഗുണങ്ങൾ ഏറിയിരിക്കും. അരച്ചുതേച്ചാൽ നിറത്തെ നന്നാക്കും. ഇതിന്റെ പരിപ്പു് മധുരത്തോടും ചവച്ചുപ്പോടും ക്ലേദിയതാകുന്നു. അതു് വാതം, പിത്തം, ചുട്ടനീറൽ, തണ്ണീർദാഹം, ശ്രമം, ഛർദ്ദി, ചുഴൽച ഇവയെ ശമിപ്പിക്കും. മൂട്ട എന്നു സുശ്രുതമതം. "ശിവാഭാവേ ശിവാമതാ" എന്നു ഭാവപ്രകാശത്തിൽ കാണുന്നതിനാൽ ഇതു കിട്ടുന്നില്ലെങ്കിൽ പകരം കടുക്കാ ചേർക്കാം. ഇതിന്റെ കായു് പാലിനോടു് ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

നെല്ലിമുള.

ഇതു ശാകവർഗ്ഗത്തിൽചേർന്ന മൂലവിരേചനീയദ്രവ്യമാകുന്നു. മിക്ക

യാഗം ഗ്രഹണങ്ങൾകൊണ്ടു് മുളയോടൊത്തതാകുന്നു. വിശേഷാൽ ഗുല്മം, ശൂലം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഹൃദയപ്രസാദത്തെ യരുത്തും. രുചിയെ ഉണ്ടാക്കും. ഇതിന്റെ പല്ലവം എടുത്തുപയോഗിക്കുന്നു.

നെ

നെവ്വാളം.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന തിരേചനീയദ്രവ്യമാകുന്നു.

"സ്നായുക്ലൈംഗുല്മീഹൃല്ലോ
ഹയാരിവിഷമുഷ്ടികാ;
ജ്വപാലോന്മത്താഹിഫേനം
നയോപവിഷജന്തയഃ."

"സചിന്നം ഗോമയതോയേ യാ
ദുശ്ചോ യാ ജയപാലകം;
ഖഷ്പരേ മൃദുഭ്രഷ്ടം ത-
ന്നിഃസ്സഹം ജ്വരിമൃച്ഛതി."

ഇതു് കഫം, പിത്തം, കൃമി, മഹോദരം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വിരേകത്തെയും ഛർദ്ദിയേയും ഉണ്ടാക്കും. ക്ലേദിയായിരിക്കും. വാതത്തെ ശമിപ്പിക്കുമെന്നു സിംഹമതം.

"പത്രാങ്കുരം പരിത്യജ്യ
പേഷയേൽ പയസാ തതഃ;
യോലകേ ഭജ്ജയിത്വാ തു
പുനഃസ്നേഹേന പീഡയേൽ;
മാതുലുംഗരസൈർഭ്രാഷ്ട്യം
വിശോഷ്യ ഗ്രാഹയേത്തതഃ;
ജ്വപാലം ശ്ലക്ഷ്ണമാപ്നോതി
ദോഷം ത്യജതി നിശ്ചിതം."

ഇതു ഭക്ഷിച്ചാലുണ്ടാകുന്ന വികാരത്തിങ്കൽ കൊത്തമ്പാലരി പൊടിച്ചു തൈരിൽ കലക്കി പഞ്ചസാരയും ചേർത്തുകൊടുക്കുക.

നൊ

നൊച്ചി.

ഇതു പൃഥക്ശുപയോഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. ശൂലം, കഫം, വീക്കം, ആമവാതം, കൃമി, കുഷ്ഠം, അരുചി, ജ്വരം, വ്രണം, ക്ഷയം, ചൊറി, ചുമ, ഗുല്മം, പ്ലീഹ, പീനസം, കണ്ണാത്തിലെ വീക്കം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മുടിയെ നന്നാക്കും. കണ്ണിന്നുനല്ലതു്. സ്മൃതിയെ കൊടുക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ഇതിന്റെ എല:—കഫം, വാതം, കൃമി ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവു്:—പിത്തകഫങ്ങളേയും വിഷത്തെയും ശമിപ്പിക്കും.

പ

പച്ച (രാമതുളസി)

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്താകുന്നു. വാതദോഷം, ചൂടുനീർ, ഗ്രഹപീഡ, തൃഗ്ദോഷം, വ്രണം, വിഷം, തണ്ണീർദാഹം, ഭൂതാവേശം ഇവയെ ശമിപ്പിക്കും. സംസ്കൃതത്തിൽ ഇതിനെ "പാചി" എന്നു പേർ പറയുന്നു.

പച്ചക്കല്ല്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരത്നമാകുന്നു. മലത്തിനു അയവുവരുത്തും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. ശൂലത്തെ ശമിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. കണ്ണിനു നല്ലതാകുന്നു. യോഗവിശേഷം കൊണ്ടു സ്ഥാവരമായും ജംഗമമായും ഇരിക്കുന്നവിഷത്തെ നശിപ്പിക്കും. ധരിച്ചാൽ, ഭൂതപീഡ, ഗ്രഹപീഡ, അലക്ഷ്മി, വിഷം മുതലായവയെത്തീർക്കും. മഞ്ഞനിറമായി

വേറൊന്നുണ്ടു്. അതിനും മേല്പറഞ്ഞ ഗുണങ്ങളും ഉണ്ടു്.

പച്ചനിറമുള്ള ഉള്ളി.

ശാകവർഗ്ഗത്തിൽ ചേർന്ന കന്ദപക്കമാകുന്നു. ഗുണങ്ങൾകൊണ്ടു വലിയ വെള്ളുള്ളിയോടൊത്തതാകുന്നു.

പച്ചനിറമുള്ളകുക്കരി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നഫലശാകമാകുന്നു. ചുട്ടുനീറൽ, പിത്തം, രക്തദോഷം, അശ്മരി, കൃമി, തണ്ണീർദാഹം, ഉന്മാദം ഇവയെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ മൂത്തകായ്:—കഫത്തെ വർദ്ധിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. മലത്തെ ഇളക്കുമെന്നു സംഗ്രഹം. പഴുത്തകായ്:—മധുരമേറിയതും ഭക്ഷിക്കുന്നതിനു വളരെ രുചിയുള്ളതുമാകുന്നു. നന്നാ പഴുത്ത കായ്:—പുളിയുള്ളതും, ക്ഷാരമുള്ളതും, ചൂടോടുകൂടിയതുമാകുന്നു. കഫവാതങ്ങളെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. ഇതിന്റെ വിത്തു്:—രൂക്ഷമായും ശീതമായും ഇരിക്കും. പിത്തം, മൂത്രകൃഛ്രം രക്തദോഷം ഇവയെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. കുക്കരിരണ്ടിനുംഗുണസാമ്യമുണ്ടെന്നു മദനപാലൻ.

പച്ചനിറമുള്ള ചെറുപയറു്.

ഇതു ശിംബിധാന്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചെറുപയറിനുള്ള എല്ലാ ഗുണങ്ങളോടും കൂടിയതാകുന്നു. വിശേഷാൽ രക്തദോഷത്തെയും മൂത്രദോഷത്തെയും ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. അരച്ചുതേച്ചാൽ മേദസ്സിനെ ക്ഷയിപ്പിക്കും. മഞ്ഞനിറമുള്ളതിനെക്കാൾ ലഘുവായിരിക്കും. ചെറുപയറിന്റെ കൂട്ടത്തിൽ ശ്രേഷ്ഠമെന്നു മദനപാലൻ.

പച്ചനിറമുള്ള ദർഭ.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു വെളുത്ത ദർഭയോടൊത്തതാകുന്നു.

പച്ചപ്പഴവു്.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചൊറി, കൃമി, കഫം, വാതം, സ്വേദദോഷം, ദൌർഗ്ഗന്ധ്യം, ശിരോരോഗം, വിഷം, ജ്വരം, അലക്ഷ്മി, രാക്ഷസപീഡ, വാതരക്തം, വ്രണം, ഉന്മാദം, കണ്രോഗം ഇവയെ ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. പുഷ്ടിയേയും ദേഹകാന്തിയേയും ചെയ്യും. സുഖത്തെ കൊടുക്കും. മുടിയെ നന്നാക്കും. കണ്ണിനു വളരെയും നല്ലതാകുന്നു. ഛർദ്ദിയെ ഉണ്ടാക്കും.

പച്ചയവം.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശുക്ലധാന്യമാകുന്നു. ഗുണങ്ങൾകൊണ്ടു യവത്തിനോടൊത്തതും പടുതോരെയേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

പച്ചിലമരം.

ഇതു് പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. വാതം, കഫം, അർശസ്, നെഞ്ചുകലിപ്പു്, പീനസം, ജ്വരം, അരുചി, വിഷം, കൃമി, ചൊറി, വസ്തിദോഷം ഇവയെ ശമിപ്പിക്കും. പിത്തത്തെയും, ജഠരാഗ്നിയേയും വർദ്ധിപ്പിക്കും. ശിരോവിരേചനത്തെച്ചെയ്യും. വായു് വെടിപ്പാക്കും. പിച്ചിലമായിരിക്കും.

പച്ചിലമരം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂല്പന്നദ്രവ്യമാകുന്നു. വീക്കം,

പീരുത്, കുഷ്ഠം, വിസ്ഫോടം, തണ്ണീർത്താഹം, ചൂട്ടുനീറൽ, മൂഴൽപ്പു ഇവയെ ശമിപ്പിക്കും. മേഹസ്വപ്നത്തെയും ധാതുബലത്തെയും ചെയ്യും. പെരുമ്പാമ്പിന്റെയോ ഗുണപ്രദമായ ഒക്കുടിയുടെയും വക്ഷം.

പഞ്ചസ്നേഹം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽപ്പെട്ട ഉപധാതു ആകുന്നു. ചൂട്ടുനീറൽ, പിത്തം, കഫം, പ്രമേഹം, കുമി ഇവയെ ശമിപ്പിക്കും. മലത്തെ പുറത്തുകളയും കണ്ണിനു നല്ലതാകുന്നു. തൊലിയെ നന്നാക്കും. എരിവുരസം ചേർന്നുള്ള രസരക്തവൃദ്ധിയും.

പഞ്ചവർണ്ണക്കിളി

ഇതു പ്രധാനവർഗ്ഗത്തിൽപ്പെട്ടതാകുന്നു. ഇതിന്റെ മാംസം:—തത്തയുടെ മാംസത്തിന്റെ ഗുണത്തോടൊക്കുന്നതാകുന്നു. ബുദ്ധിയെ നന്നാക്കും. സ്വരത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും.

പഞ്ചസാര.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു രക്തദോഷം, വാതം, സർവ്വാംഗസന്താപം, പിത്തം, ഭ്രമം, ദാഹം, ഛർദ്ദി, ജ്വരം, മൂർച്ഛ, മൂത്രദോഷം, ശൂലം, തണ്ണീർത്താഹം, മൂമ, കണ്ഠക്ഷയം, വിഷം ഇവയെശമിപ്പിക്കും ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയുണ്ടാക്കും.

പഞ്ചസ്സിപ്പുല്ല് (ക്ലുവരകു).

ഇതു രോഗ്യവർഗ്ഗത്തിൽ ചേർന്നു ധാന്യമാകുന്നു. ബലത്തെ വർദ്ധിപ്പിക്കും. രക്തദോഷത്തെയും പിത്തത്തെയും വർദ്ധിപ്പിക്കും.

പടികക്കാരം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നുവരുന്നു രസദ്രവ്യമാകുന്നു. വ്രണം, വാതം, കുഷ്ഠം, ശ്വിത്രം, പിത്തം, പ്രമേഹം, വിഷം, മൂത്രകൃച്ഛ്രം, ഛർദ്ദി, മെലിവു് ഇവയെ ശമിപ്പിക്കും. യോനിസങ്കോചത്തെ ചെയ്യും. കഫപിത്തഹരമെന്നു മലനപാലൻ.

പടിഞ്ഞാറൻകാറ്റു്.

ഇതു കഫം, പിത്തം, തണ്ണീർദാഹം മൂർച്ഛ, സർവ്വാംഗസന്താപം, വിഷം. മൂഴൽപ്പു വീക്കം ഇവയെ ശമിപ്പിക്കും. വാതത്തെയും ജ്വരാഗ്നിയെയും വർദ്ധിപ്പിക്കും. ബലത്തെയും രേതസ്സിനെയും ക്ഷയിപ്പിക്കും. ആരോഗ്യത്തെയും മേധാകാന്തിയെയും വരുത്തും. രുചിയുണ്ടാക്കും. സ്വരത്തെ നന്നാക്കും. തിമിരവരെ ഒലിയിപ്പിക്കും. ഖരമായും വിശദമായും ഇരിക്കും. വ്രണത്തെ വരുട്ടും. തൊലിനു മിനുപ്പുണ്ടാക്കും. കണ്ണിനെന്നു ഹിതമല്ല. ജലത്തിൽക്കലർന്നുവരുന്നു, വൈരൂപ്യവും, പരുത്തുവും, വൈമല്യവും വരുത്തും. എല്ലാ ദോഷങ്ങളും രസാന്തയും വീര്യത്തെയും പ്രഭാവത്തെയും ക്ഷയമാക്കിച്ചെയ്യും.

പടുകരണ.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നു സംഗ്രാഹിയുമാകുന്നു രക്തദോഷം, പിത്തം, കഫം, ശ്വിത്രം, ശിരോരോഗം, വിഷം, ചൂട്ടുനീറൽ, വ്രണം, കുഷ്ഠം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. പുഷ്ടിയെയുണ്ടാക്കും. ഹൃദ്യവും സൌരഭ്യത്തോടുകൂടിയതാകുന്നു.

പടതോര.

ഇതു രോഗ്യവർഗ്ഗത്തിൽ ചേർന്നു ശുക്രധാന്യമാകുന്നു യവത്തിന്റെ കണക്കിനുള്ള ഗുണങ്ങളോടുകൂടിയതാകുന്നു.

പണ്യസ്ഥാ.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. മലശോധനയെ ഉണ്ടാക്കും. ആയുധംകൊണ്ടുണ്ടായ സദ്യോവ്രണത്തെ വരട്ടും.

പതുമകം.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. രക്തദോഷം, പിത്തം, കൃമി, ചൂട്ടുനീറൽ, വിസർപ്പം, വ്രണം, വിസ്ഫോടം, കുഷ്ഠം, ഛർദ്ദി, വിഷം, തണ്ണീർദാഹം, ജ്വരം, മോഹം, ഭ്രമം, ചൊറി ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഗർഭസംസ്ഥാപനത്തെച്ചെയ്യും.

പത്തങ്ങം.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്ന അത്തിവസംഗ്രാഹിദ്രവ്യമാകുന്നു. രക്തദോഷം, പിത്തം, കൃമി, ചൂട്ടുനീറൽ, വിസ്ഫോടം, ഉന്മാദം, ഭ്രതപീഡ ഇവയെ ശമിപ്പിക്കും. പുളിരസംകൂടെയുണ്ടെന്നും, വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നും, ചന്ദനഭേദമെന്നും ധന്വന്തരിമതം.

പനച്ചി.

ഇതു ഫലവർഗ്ഗത്തിൽചേർന്ന സമുദ്രജനായദ്രവ്യമാകുന്നു. ഇതിന്റെ പച്ചക്കായു്—മലത്തെ പിടിപ്പിക്കും. ദോഷങ്ങളെ സ്തംഭിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. ഗുരുവെന്നു രാജവല്ലഭമതം. പഴുത്തതിനു പറഞ്ഞ മിക്ക ഗുണങ്ങളും ഉണ്ടായിരിക്കും. പഴുത്ത കായു്:—പിത്തം രക്തദോഷം, കഫം, പ്രമേഹം ഇവയെ ശമിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. ദുർജ്ജരമായിരിക്കും. തൊലി മുതലായവ:— കരിപിത്തം, വാതം, വ്രണം ഇവയെ ശമിപ്പിക്കും.

പനയാരകൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു് ആരൽമീനിന്റെ മാംസത്തോടൊത്തതാകുന്നു. വിശേഷാൽ ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. താമസിച്ചു ദഹിക്കും.

പനിനീരു്.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, ചൂട്ടുനീറൽ, പിത്തം, ശ്രമം, മോഹം, ഛർദ്ദി, തണ്ണീർദാഹം, മുഖരോഗം, അരുചി ഇവയെ ശമിപ്പിക്കും. സന്തർപ്പണമായിരിക്കും. മലത്തിനു് അയവുവരുത്തും. നല്ല ഗന്ധമുള്ളതാകുന്നു.

പന്നി.

ഇതു മഹാമൃഗവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം:—വാതത്തെ ശമിപ്പിക്കും. കഫത്തേയും, ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശ്രമത്തെത്തീർക്കും. പുഷ്ടിയേയും അംഗങ്ങൾക്കു ഉറപ്പിനേയും, ഉറക്കത്തേയും, വിയർപ്പിനേയും വരുത്തും. മൂത്രത്തെ പെരുപ്പിക്കും. ദുർജ്ജരമായും, സ്നേഹനമായുമിരിക്കും. ശീതവീര്യമെന്നു സുശ്രുതമതം.

പന്നിക്കിഴങ്ങു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. കുഷ്ഠം, പ്രമേഹം, വാതം, കഫം, മൂത്രകൃച്ഛ്രം, വിഷം, അർശ്ശസ്സു്. ഗുല്മം, കൃമി ഇവയെ ശമിപ്പിക്കും. പിത്തത്തേയും, ബലത്തേയും, ശുക്ലത്തേയും, ആയുസ്സിനേയും, അഗ്നിയേയും. വർദ്ധിപ്പിക്കും. രസായനമായിരിക്കും. സ്വരത്തെ നന്നാക്കും.

പന്നിക്കുട്ടൻനെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. മിക്കവാറും നവര യുടെ ഗുണങ്ങളോടുകൂടിയതും പ്രാപ്പുറത്തിനെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

പയിൻ.

ഇതു വന്യാവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. രക്തദോഷം, കഫം, തീപൊള്ളിയ വ്രണം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. എല്ലാ വ്രണത്തെയും പരുട്ടും.

പയോഷ്ണീനദി.

ഇതിലെ വെള്ളം രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം എല്ലാ രോഗങ്ങളേയും പാപത്തെയും ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. സുഖത്തെയും ശരീരത്തിനു നിറത്തെയും കൊടുക്കും. പഥ്യമുള്ളതായിരിക്കും.

പരൽ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. സാമാന്യം മത്സ്യത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതുമാകുന്നു. വിശേഷാൽ പിത്തത്തെയും, രക്തദോഷത്തെയും ശമിപ്പിക്കും. ഗ്രാഹ്യമായിരിക്കും. ഉരു എന്നും ശുക്ലമെന്നും രാജവല്ലഭമതം.

പരുന്ത്.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—ഗ്രാഹണി, പഴകിയ അർശ്ശസ്സ്. വാതം, ഉന്മാദം, ക്ഷയം, അജീർണ്ണം ഇവയെ ശമിപ്പിക്കും. കഫത്തെയും, പിത്തത്തെയും, ഇക്കുത്തെയും, ബല ത്തെയും, മൂത്രത്തെയും വർദ്ധിപ്പിക്കും. പുഷ്ടിയെ ഉണ്ടാക്കും. ലഘു എന്നും, ശീതമെന്നും, പാകത്തിങ്കൽ മധുര മെന്നും ഭോഷ്യാഗുണപാഠം. മിക്കവാറും ദോഷകരമെന്നു പക്ഷം.

പരൂഷകം.

ഇതു ഫലവർഗ്ഗത്തിൽചേർന്നതാകുന്നു. പഴുത്തതു്:—വാതം, പിത്തം, രക്തദോഷം, മൂട്ടനീറൽ, തണ്ണീർദാഹം, ജ്വരം, ക്ഷയം, ക്ഷതം, അതിസാരം ഇവയെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തിനു അയവു വരുത്തും. പുഷ്ടിയെച്ചെയ്യും. വിഷ്ടംഭിയായിരിക്കും. രുചിയെച്ചെയ്യും. തിന്നുന്നതിനു രുചിയുള്ളതാകുന്നു. പച്ചക്കായ്:—വിശേഷാൽ വാതത്തെ ശമിപ്പിക്കും. പിത്തത്തേയും, കുറഞ്ഞൊന്നു കഫത്തേയും വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. എരിവുരസംകൂടെ ഉണ്ടെന്നും കഫത്തെ ശമിപ്പിക്കുമെന്നും സുസിദ്ധമതം.

പാറ്റപിടം.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന കുതാന്നമാകുന്നു. ഭക്ഷണത്തെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഏറ്റവും രുചിയെ ഉണ്ടാക്കും. വേറെ ഏതിനും പറഞ്ഞിട്ടില്ലാത്ത ഗുണങ്ങളോടുകൂടിയതുമാകുന്നു. ഏതേതുവസ്തുവിനെക്കാണ്ടു ഉണ്ടാകുന്നുവോ അതാതു വസ്തുവിന്റെ ഗുണങ്ങളോടുകൂടിയതുമായിരിക്കും. ഈ ദോഷങ്ങളിൽ ഏറെയും ഉഴുന്നുകൊണ്ടുതന്നെ ഉണ്ടാക്കിവരികയാൽ പറഞ്ഞിട്ടില്ല രസാദികളും അതിനെ ഉദ്ദേശിച്ചും കുന്നു.

പാറ്റപിടകല്ലുല്ലി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന പിത്തശ്ലേഷ്മദ്രവ്യമാകുന്നു. രക്ത

ദോഷം, പിത്തം, രക്തം, സർവ്വാംഗ സന്താപം, രണ്ണീർഗ്രഹം, മുഴൽച്ച, പ്രമേഹം, ജ്വരം, കൃച്ഛ്രാതിസാരം, മദം, ഛർദ്ദി ഇവയെ ശമിപ്പിക്കും. ധാതുക്ഷയത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതു മുഖ്യമായ പൂവുള്ളതായി ഒരുതരമുണ്ട്. അതു പ്രകൃതിസാരത്തിനെയും ജ്വരത്തിനെയും ഏറ്റവും ഹിതമാകുന്നു.

പുഷ്പവൃക്ഷം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്നതാകുന്നു. രക്തധാതുസാരം, ജ്വരം, ദാഹം, കഫം, രക്തനിഷ്ഠീവനം കുഷ്ഠം, വിഷം ഇവയെ ശമിപ്പിക്കും.

പുഷ്പകുടജം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കഫപ്രധാനമാകുന്നു. ശ്വിത്രോഷ്ണം, വായു, വായുമൂലം, ആമവാതം, കൃച്ഛ്രം, തണ്ണീർഗ്രഹം, സന്നിപാതജ്വരം, കൃമി, മൂർച്ഛ, പിത്താതിസാരം, കഫാതിസാരം ഇവയെ ശമിപ്പിക്കും. അഗ്നിയെയും, ബലത്തെയും, ശുക്രത്തെയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. പുഷ്പഭേദങ്ങൾകൊണ്ടു പഴകിയ ഗുണത്തെ ശമിപ്പിക്കും ഇതിന്റെ ഇളയകായ്:— കഫം, വാതം, ആർശസ്സ്, ഗുല്മം, കൃമി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. അതിനെ വച്ചിപ്പിക്കും രുചിയെ ഉണ്ടാക്കും ഏതൊരു പദാർത്ഥത്തെ വഴങ്ങുന്നതാം. കല്ലുരുക്കിയുണ്ടാക്കുന്ന ദ്രവം, ഗുരുദ്രവ്യങ്ങളിൽവെച്ച് രക്ഷയെന്നുള്ള സംഗ്രഹം മൂന്നുകായ്—രുവായും വാതത്തെ കോപിപ്പിക്കുന്നതായും ഇരിക്കും.

പുഷ്പകമ്പിൽ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. സാമാന്യം മധുരത്തിനെ വിശേഷിച്ചു ഗുണങ്ങളോടുകൂടിയതുമാകുന്നു. വിശേഷാൽ ബലത്തെയും ജീർണ്ണതയും വർദ്ധിപ്പിക്കും.

പലാശി.

ഇതു പിത്തപ്രകൃത്തിൽ ചേർന്നതാകുന്നു മുഖരോഗത്തെയും അരുചിയെയും ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും വാതപ്രകൃതിയായിരിക്കും. ഇതിനെ പലാശിയെന്നു മലയാളത്തിൽ പറഞ്ഞുവരുന്നുണ്ട്.

പാവിഴം

ഇതു രസായനവർഗ്ഗത്തിൽചേർന്നതാകുന്നു. രക്തദോഷം, പിത്തം, കഫം, ശ്വാസം, ക്ഷയം, വിഷം ഇവയെ ശമിപ്പിക്കും. മേധയെയും, ശുക്രത്തെയും, അഗ്നിയെയും വർദ്ധിപ്പിക്കും മലത്തിനെ ദോഷരഹിതത്തോടെ അതതിനെ പിടിപ്പിക്കും. ബുദ്ധിമാന്ദ്യം മുതലായവയും ചുരുക്കങ്ങളും കണ്ണിനു നല്ലതാകുന്ന പുഷ്പിതത്തെയും ധരിച്ചാൽ ഗ്രഹപീഡ വാതം, അലക്ഷ്മി മുതലായവയെ ശമിപ്പിക്കും. കാന്തിയെയും, രതിയെയും വർദ്ധിപ്പിക്കും. സ്ത്രീകൾക്കു മംഗല്യപ്രദമായിരിക്കും. പാണികത്തിനെന്നു പേരുണ്ടുള്ളതിൽ ഒരുത്തനാണ് സംഗ്രഹം.

പാവിഴക്കൊടി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, ത്രിദോഷം, രണ്ണീർഗ്രഹം, മൂത്രകൃച്ഛ്രം, ഗുദരി, കൃമി, ചൊറി, കുമ്പ്, നേത്രരോഗം, വിഷം, വ്രണം, മഹോദരം, ആർശസ്സ് ഗുല്മം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കി പുറത്തുകളയും. രുചിയെ ഉണ്ടാക്കും.

പള്ള.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ

മാംസം—ഗുണങ്ങളിൽകൊണ്ടു കാള മാംസത്തോടൊത്തതാകുന്നു. വിശേഷിച്ചാൽ കാളമാംസത്തെക്കാൾകിഞ്ചിൽ ഗുരുവായിരിക്കുന്നതും, രുചിയുണ്ടാക്കുന്നതും പവിത്രമെന്നും, ആയുഷ്പ്രദമെന്നും അയല്ലുമേതം.

പഞ്ചവിൻതൈരു.

ഇതു പേയവർഗ്ഗത്തിൽ ചേർന്തതാകുന്നു. വാതത്തെ ശമിപ്പിക്കുന്നതും, രക്തത്തെ വർദ്ധിപ്പിക്കുന്നതും, ബുദ്ധിയെ വർദ്ധിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഗുദഭ്രംശത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും, മലത്തെ പിടിപ്പിക്കും. പുഷ്ടിയെയുണ്ടാക്കും. പരിശ്രമത്തെയും മംഗലപ്രദവും ഇരിക്കും. പാകത്തിനുൾ മധുരമെന്നു് സുശ്രുതാഭിപ്രായം. തൈരിന്റെ കൂട്ടത്തിൽ പ്രധാന്യമുള്ളതും സാമാന്യം തൈരിനെ പറഞ്ഞിട്ടുള്ളതും എല്ലാ ഗുണങ്ങളും തികഞ്ഞിട്ടുള്ളതുമാകയാൽവിശേഷവിധിയില്ലാത്തിടത്തു തൈരുതന്നെ എടുക്കണം.

"ഗവ്യം മേധ്യോത്തമം ബല്യാ
പാകേ സ്വാദു രുചിപ്രദം;
പവിത്രം ദീപനം സ്നിഗ്ധം
പുഷ്ടികൃൽ പവനാപഹം"

പഞ്ചവിൻ പാലുകൊണ്ടുണ്ടാക്കിയ തൈരു് എല്ലാത്തരം തൈരിലുംവച്ചു ഉത്തമമായിട്ടുള്ളതും ബലം വർദ്ധിപ്പിക്കുന്നതും വിപാകത്തിലും മധുരരസവും രുചിയെ ഉണ്ടാക്കുന്നതും പരിശ്രമവും— പഞ്ചഗവ്യാദിയോഗത്തിൽ ഉപയോഗിക്കാവുന്നതും ദീപനവും, സ്നിഗ്ധവും പുഷ്ടിയെ ചെയ്യുന്നതുംവാതനാശനവുമാകുന്നു. യാഹരാചാര്യൻ ധന്വന്തരിയെക്കുറിച്ചു പറയുന്നേടത്തു് "തന്ത്രപ്രധാനഗ്രന്ഥാ... എന്നും വാഗ്ഭടാചാര്യൻ അദ്ദേഹം ഇന്നതെന്നു പറഞ്ഞിട്ടുമില്ല. ഇവിടെ [illegible] തെപ്പറ്റി പ്രത്യേകം സ്മരിച്ചിട്ടുണ്ടു്" എന്നു പറയുകയും

"സ്വാദു പാകേ രസേ മധുരമാഹുർഗ്ഗുരു പാകേ ച്യവതേ രസഃ;
രുക്ഷാപ്യഭ്യംഗസംസ്കാരാൽ കഷായാണാം വിപാകഃ പ്രായശഃ കടുഃ."
(അഷ്ടാംഗഹൃദയം. സൂ. 9-21)

രസപ്രധാനമായുള്ള പദാർത്ഥം ഭക്ഷിച്ചാൽ മധുരമായിട്ടു വിപാകവും, തിക്താദ്യനുരസമായുള്ള പദാർത്ഥം രസാത്മകമായിട്ടു വിപാകം പ്രായേണ കടുവുമായിരിക്കുമെന്നും പറയുന്നു. അപ്രകാരം ഇതു പുളിരസമുള്ളതാണെങ്കിലും മധുരാനുരസമാണെന്നംഗീകരിക്കണം. അതാണു് "പാകേസ്വാദു" എന്നു പറഞ്ഞതിന്റെ ആശയം. ഇത്യാദിയുക്തി കൊണ്ടു പല സ്ഥലങ്ങളിലും ഭേദമാകുന്നു.

പഞ്ചവിൻനെയ്യു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്തതാകുന്നു. വാതം, പിത്തം, കഫം, ഇവയെ ശമിപ്പിക്കും, ബുദ്ധി, ശിഷ്ടം, ശുക്രം, ഓജസ്സു, പുഷ്ടി ഇവയെ വർദ്ധിപ്പിക്കും. ബലത്തെയും, സ്മൃതിയെയും, മേധയെയും, അഗ്നിയെയും, ഓജസ്സിനെയും, തേജസ്സിനെയും, സ്ത്രീരയെയും, കാന്തിയേയും, ബുദ്ധിയെയും, ചൈതന്യത്തെയും, വർദ്ധിപ്പിക്കും. പുഷ്ടിയെയുണ്ടാക്കും. അംഗങ്ങൾക്കു് ഉറപ്പുവരുത്തും. കണ്ണിനു നല്ലതാകുന്നു. വാതാദിയെ ക്ഷയിപ്പിക്കാതെ നിർത്തും രുചിയെ ഉണ്ടാക്കും. പരിശ്രമവും മംഗലപ്രദവും ഇരിക്കും. ത്രിദോഷവ്യാധിയെ ശമിപ്പിക്കും. കാഴ്ചയ്ക്കു നല്ലതും ഗുണമറിയുന്നതും, ശരീരത്തിനുള്ളിലുള്ള മാർഗ്ഗങ്ങളിലുള്ള മാലിന്യങ്ങളെ നീക്കുന്നതും, ശരീരത്തിനു ബലം വർദ്ധിപ്പിക്കുന്നതുമാകുന്നു. വിശേഷിച്ചു് വിധിപ്രകാരമുണ്ടാക്കുന്ന പഞ്ചവിൻനെയ്യു് തന്നെ ഉപയോഗിക്കണം.

"നവനീതം ഹിമം ഗവ്യം
വൃഷ്യം വർണ്ണബലാഗ്നികൃൽ
സംഗ്രാഹി വാതപിത്താസ്രക്-
ക്ഷയാശോർശിതകാസജിൽ.
തദ്ധിതം ബാലകേ വൃദ്ധേ
വിശേഷാദമൃതം ശിശോഃ."

പശുവിൻ തൈരു കടഞ്ഞെടുത്ത വെണ്ണനെയ്യും ശീതവീര്യവും വൃഷ്യവും ശരീരവർണ്ണത്തെയും ബലത്തെയും ഉണ്ടാക്കുന്നതും മലബന്ധത്തെ ചെയ്യുന്നതും വാതം, പിത്തം, രക്തദോഷം, അർശസ്, ക്ഷയം, അർശിതം, കൃമി എന്നിവകളെ ജയിക്കുന്നതും ബാലന്മാക്കും, വൃദ്ധന്മാക്കും, അത്യന്തം ഹിതവും ചെറിയ കുട്ടികൾക്കു് അമൃതിനോടു തുല്യവുമാകുന്നു.

പശുവിൻപാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിനു സാമാന്യം പാലിനു പറയുന്ന എല്ലാ ഗുണങ്ങളും കൂടുതലായിട്ടുണ്ടായിരിക്കും. വിശേഷാൽ വാതം, പിത്തം, തണ്ണീർദാഹം, രക്തദോഷം, ശ്രമം. ജീർണ്ണജ്വരം, മൂത്രകൃച്ഛ്രം, വിഷം, ഭ്രമം, ഛർദ്ദി, വായുമുട്ടൽ, മദം, വിശപ്പു്. അലക്ഷ്മി ഇവയെ ശമിപ്പിക്കും. മുലപ്പാലിനെ പെരുപ്പിക്കും. കഫദോഷത്തെ വർദ്ധിപ്പിക്കുകയില്ല. ശുക്ലത്തെ വർദ്ധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യും. രുചിയെ ഉണ്ടാക്കും. ബുദ്ധിയേയും ധാരണാശക്തിയേയുംകൊടുക്കും. ജരാവ്യാധിയെ നശിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ദോഷങ്ങളെക്കും, ധാതുക്കളെക്കും, മലങ്ങളെക്കും, സ്രോതസ്സുകളെക്കും അല്പം ദോഷത്തെച്ചെയ്യും. ക്ഷതക്ഷീണന്മാക്കു നല്ലതാകുന്നു. ജീവനമായും പഥ്യമായും ഇരിക്കും.

"ജീർണ്ണജ്വരേ മൂത്രകൃച്ഛ്രേ
രക്തപിത്തേ മദാത്യയേ
കാസേ ശ്വാസേ പ്രശംസന്തി
ഗവ്യം ക്ഷീരം ഭിഷഗ്വരാഃ."

പശുവിൻ പാൽ:—ജീർണ്ണജ്വരം, മൂത്രകൃച്ഛ്രം, രക്തപിത്തം, കൃമി, മദാത്യയം, ശ്വാസംമുട്ടൽ എന്ന രോഗമുള്ളവക്കു വളരെ നല്ലതാണെന്നാകുന്നു എന്നു വൈദ്യാചാര്യർ പറയുന്നതു്.

"ഗോക്ഷീരം മധുരം ശീതം
ഗുരു സ്നിഗ്ധം രസായനം
ജ്മംഭണം സ്തന്യകൃദ് ബല്യം
ജീവനം വാതപിത്തനുൽ."

പശുവിൻ പാൽ മധുരരസവും ശീതയീര്യവും ഗുരുത്വമുള്ളതും സ്നിഗ്ധവും രസായനവും—ജരാനരകളെ നശിപ്പിച്ചു് ദീർഘായുസ്സിനെ ഉണ്ടാക്കുന്നതും ശരീരത്തിനെ തടിപ്പിക്കുന്നതും മുലപ്പാലിനെ ഉണ്ടാക്കുന്നതും ബലത്തെ വർദ്ധിപ്പിക്കുന്നതും ജീവനേ നിലനിറുത്തുന്നതും വാതപിത്തഹരവും ആകുന്നു.

"കൃഷ്ണാഗവ്യം വരം ക്ഷീരം
വാതപിത്തകഫാപഹം;
പീതായാ വാതപിത്തഘ്നം
രക്തായാ വാതവൽ പരം;
ചിത്രായാസ്തദ്വദാഖ്യാതം
ശ്വേതായാശ്ച ശ്ലേഷ്മളം ഗുരു;
ബാലവത്സാവിവത്സായാ
ഗവാം ക്ഷീരം ത്രിദോഷകൃൽ;
ഭവേദ്ധ്രുവണ്യാസ്തദ്വിദോഷഘ്നം
തനൂണം ബലകൃൽ പയഃ;
പിണ്യാകാദ്യാശനാജ്ജാതം
ക്ഷീരം ഗുരു കഫാവഹം;
നിർദ്ദാരേതോ ബലസ്ഥൗല്യ-
വഹ്നിമാന്ദ്യകരം ഹിമം."

പശുക്കളുടെ നിറഭേദംകൊണ്ടും തീറ്റിയുടെ ഭേദംകൊണ്ടും പാലിനുണ്ടാകുന്ന ഗുണഭേദങ്ങളെ വിവരിക്കുന്നു:—കറുത്തപശുവിന്റെ പാൽ മറ്റുപശുക്കളുടെ പാലിനേക്കാൾ-

ണധികം നല്ലതും ത്രിദോഷകോപശമനവും ആകുന്നു. മഞ്ഞനിറത്തിലുള്ള പഴുവിന്റെപാൽ:—വാതപിത്തഹരവും, പുള്ളിപഴുവിന്റെപാൽ ചിത്രപ്പുലുവിന്റെ പാൽപോലെതന്നെയുള്ളതും, വെളുത്ത പഴുവിന്റെ പാൽ കഫത്തെ വളർപ്പിക്കുന്നതും ഗുരുവുമാകുന്നു. ബാല്യവത്സയായപ്രസവിച്ചു് പുലകഴിയാത്തതായപെറു പത്തുദിവസം കഴിയാത്തതായ—പുല്ലതിന്നു തുടങ്ങാത്തതായകുട്ടിയോടുകൂടിയ പഴുവിന്റെ പാലും, കുട്ടിചത്ത പഴുവിന്റെപാലും ത്രിദോഷകോപത്തെ ചെയ്യുന്നതാകുന്നു. കറവ വറ്റാറായ പഴുവിന്റെ പാൽ ത്രിദോഷകോപഹരവുംശരീരത്തെ പുഷ്ടിപ്പെടുത്തുന്നതും ബലത്തെ വർദ്ധിപ്പിക്കുന്നതുമായിരിക്കും. പിണ്ണാക്കു മുതലായതുകൊണ്ടു കൊടുത്തു വളർത്തുന്ന പഴുവിൻ പാൽ ഗുരുതപമുള്ളതും കഫത്തെ വർദ്ധിപ്പിക്കുന്നതും, ഉറക്കം, ശുക്ലം, ശരീരബലം, സ്ഥൗല്യം, അഗ്നിമാന്ദ്യം എന്നിവകളെ ഉണ്ടാക്കിത്തീർക്കുന്നതും ശീതവീര്യവുമാകുന്നു.

"കൃഷ്ണഗവ്യാശ പയഃ ഷേനോ
ഷ്ട്രാജാനാം ചാഭിശസ്യതേ;
മന്ദാഗ്നീനാം ദ്രുമാനാം ച
വിശേഷാകൃതിസാരിണാം."

കറുത്ത പഴുവിൻപാലിന്റെ നരയും ആട്ടിൻപാലിന്റെനരയും അഗ്നിമാന്ദ്യമുള്ളവർ, കാർശ്യമുള്ളവർ, അതിസാരമുള്ളവർ എന്നിവക്കു് അത്യന്തം ഹിതവും ഉത്സാഹത്തെയും ബലത്തേയും വർദ്ധിപ്പിക്കുന്നതും മധുരരസവും വാതഹരവും ആകുന്നു.

പഴുസ്തനംപോലെ നീണ്ട
ഇന്ദ്ര(ത്ത)പ്പഴം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം ഇന്ദ്രത്തപ്പഴത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതും ശ്രേഷ്ഠമായിട്ടുള്ളതുമാകുന്നു.

പഴമുൺപാല.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്:—വാതം, പിത്തം, കഫം, രക്തദോഷം, ഭ്രാന്തി, പ്രമേഹം, ക്ഷയം മൂർഛ, മദം, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. അല്പം പുളിയുള്ളതെന്നും ഇതു ക്ഷതക്ഷീണരക്തകോപനമെന്നും ധന്വന്തരീയമെന്നും രാജവല്ലഭമതം.

പറയൻകിഴങ്ങു്.

ഇതു ശാകവർഗ്ഗത്തിൽചേർന്ന മഹാകന്ദമാകുന്നു. രക്തദോഷം, പിത്തം, വിഷം, കഫം, ജരാവ്യാധി, ഭൂതാദിപീഡ ഇവയെ ശമിപ്പിക്കും.

പാ

പാച്ചോറി.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കഫം, പിത്തം, അസൃഗ്ദരം, രക്തദോഷം, വീക്കം, ജ്വരാതിസാരം, അരുചി, തണ്ണീർദാഹം, വിഷം ഇവയെ ശമിപ്പിക്കും. കണ്ണിനു നല്ലതാകുന്നു. മലത്തിനെ പിടിപ്പിക്കും; കയ്പ്പുരസംകൂടെയുണ്ടെന്നു ധന്വന്തരിമതം. മധുരവും കുറഞ്ഞ കയ്പ്പുരസവും കൂടെയുണ്ടെന്നു മദനപാലൻ. കഫവാതങ്ങളെ ശമിപ്പിക്കുമെന്നും ദ്രവ്യാന്തരസംയോഗംകൊണ്ടു വിരേകത്തെ ചെയ്യുമെന്നും പക്ഷം. ഇതിന്റെ പൂവു്:—കഫപിത്തങ്ങളെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും.

പാടം.

ഇതു പണ്യവർഗ്ഗത്തിൽചേർന്നസംഗ്രാഹിദ്രവ്യമാകുന്നു. പത്രശാകത്തിൽ ചേർന്നതാകുന്നു. ശ്ലേഷ്മം, പിത്തം, കൃമി, വ്രണം, ക്ഷതം, കുഷ്ഠം, ജ്വരം, ചൊറി ചൂട്ടുനീർ. ഹൃദ്രോഗം, കൃമി വിഷം, രക്തദോഷം, യോനിരോഗം, ക്ലേദം, ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂർദ്ധാവിനെ കുട്ടിപ്പിടിപ്പിക്കും. ഗുരുവെന്നു ധന്വന്തരിമതം.

പാടനീക്കാതെയും വെള്ളം ചേർക്കാതെയും ഉണ്ടാക്കിയ മോരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പഞ്ചദോഷത്തെയും കളയുന്നതും, ഗ്രഹണത്തെ കൊണ്ടുപോകുന്നതും, വിശേഷാൽ വാതപിത്തങ്ങളെ ശമിപ്പിക്കുന്നതും ഏറ്റവും ലഘുവാകുന്നു.

പാടനീക്കിയ വെള്ളംചേർക്കാത്ത മോരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കഫപിത്തങ്ങളെ ശമിപ്പിക്കും.

പാടാധരാഖ്യം.

ഇതുക്ഷുക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. പിത്തം, ശ്ലേഷ്മം, രക്തദോഷം, മൂത്രതൃഷ്ണ ഇവയെ ശമിപ്പിക്കും. ബലത്തെയും ഇന്ദ്രിയത്തെയും വർദ്ധിപ്പിക്കും

പാതാരഗന്ധകക്കാടി.

ഇതു വിഷഗർഭവർഗ്ഗത്തിൽചേർന്നു വൃക്ഷദ്രവ്യമാകുന്നു. ചൂട്ടുനീർ, വാതം, പിത്തം, വിഷം, രക്തദോഷം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെയും വർദ്ധിപ്പിക്കും. മൂത്രകൃച്ഛ്രം, കഫത്തെയും ശമിപ്പിക്കും. ഗുല്മത്തെയും ശമിപ്പിക്കുമെന്നു ധന്വന്തരിമതം.

പാതിരി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. രക്തദോഷം, അരുചി, വാതം, പിത്തം, കഫം, വായുമുട്ടൽ, ചുമ, വിക്കു, ഛർദ്ദി, ഇക്കിൾ, തണ്ണീർദാഹം, വയറുവീർപ്പു ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവു്:— പിത്തം, കഫം, രക്തദോഷം, വിഷം, അതിസാരം, കണ്ണുരോഗം, ചൂട്ടുനീർ ഇവയെ ശമിപ്പിക്കും. ഏലയ്ക്കാസാദൃത്തെ വരുത്തും. സുഗന്ധിയായും വിശദമായും ഇരിക്കും. ഇതിന്റെ കായു്:- രക്തദോഷം, പിത്തം, ഇക്കിൾ ഇവയെ ശമിപ്പിക്കും.

പാതിരിപ്പൂ നിറമുള്ളതല്ലു്.

ഇതു വ്രീഹികളിൽ ചേർന്ന ശുകധാന്യമാകുന്നു. വാതം, പിത്തം, കഫം, ഇവയെ ശമിപ്പിക്കും.

പാതിവെള്ളംചേർന്ന മോരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ആമത്തെ പചിപ്പിക്കും. ബലത്തെയും കഫത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

പാത്ത.

ഇതു് അപ്പചരവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. ഇതിന്റെമാംസം വാതത്തെയും രക്തദോഷത്തെയും ശമിപ്പിക്കും. കഫം, പിത്തം, ബലം, ശുക്ലം ഇവയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. പിത്തത്തെ ശമിപ്പിക്കുമെന്നു സുശ്രുതമതം.

പാനി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, ശ്ലേഷ്മം, മൂത്ര

ത്തടവു°, ഇവയെ ശമിപ്പിക്കും. ദേഹത്തെ തടിപ്പിക്കും കഫത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. ദോഷളമെന്നും കുറഞ്ഞാറുന്ന ശുക്ലത്തെ വർദ്ധിപ്പിക്കുമെന്നും ഭരദ്വാജി എന്നും പക്ഷം.

പാമ്പു°.

ഇതു വിലേശയവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം വാതം, അർശസ്°, വായു മുട്ടൽ, കൃമി, നേത്രരോഗം, ദുഷ്ടീവിഷം ഇവയെ ശമിപ്പിക്കും. കുറഞ്ഞാറുന്ന കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ബലത്തെയും, ശുക്ലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മലമൂത്രങ്ങളെ തടുക്കും.

പാംശുദേശത്തിങ്കൽ ഉണ്ടാകുന്ന കുറാശാണി.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. രുചിയെ ഉണ്ടാക്കും. മദകരമായിരിക്കും. ഇതു കുറാശാണിക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. ആമത്തെ പചിപ്പിക്കും. മലത്തെ പിടിപ്പിക്കും.

പാൽക്കുരമ്പ.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. മൂട്ടുനീർ, പിത്തം, കഫം തണ്ണീർദാഹം, ജ്വരം, അരുചി ഇവയെ ശമിപ്പിക്കും. ശുക്രത്തെയും, ബലത്തെയും വർദ്ധിപ്പിക്കും.

പാൽച്ചുര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പിത്തകഫങ്ങളെ ശമിപ്പി ം. വാതത്തെയും, ശുക്ലത്തെയും സ്വല്പത്തിൽ വർദ്ധിപ്പിക്കും. ഗർഭത്തെ പോഷിപ്പിക്കും. മലത്തെ ഇളക്കും. രുചിയെ ഉണ്ടാക്കും. ധാതുപുഷ്ടിയെച്ചെയ്യും. ഹൃദയത്തെ വരുത്തും. ഗ്രാഹി എന്നും കഫത്തെ വർദ്ധിപ്പിക്കുമെന്നും പക്ഷം. ഇതിന്റെ തണ്ടു°:—ജ്വരം, പിത്തം, മൂട്ടുനീർ ഇവയെ ശമിപ്പിക്കും. വാതകഫങ്ങളെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. രുചിയെ ഉണ്ടാക്കും. രസാദികൾകൊണ്ടു ഫലത്തോടൊത്തതാകുന്നു.

പാൽപ്പാട.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ധാതുക്കളേയും കഫത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കയും ഉറപ്പിക്കയും ചെയ്യും. മേൽപ്പുറഞ്ഞ ഗുണം ഏറയും പശുവിൻപാലിന്റെ പാടയെ സംബന്ധിക്കുന്നതാകുന്നു.

പാൽമുതക്കു°.

ഇതു ശാകവർഗ്ഗത്തിൽചേർന്ന വിഷദ്രവ്യമാകുന്നു. രക്തദോഷം, പിത്തം, വാതം, ശൂലം, പ്രമേഹം, മൂത്രകൃച്ഛ്രം, തണ്ണീർദാഹം, തളർച്ച, ഭ്രമം, മൂർഛ ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. പുളിപ്പു°, ചവർപ്പു° കൈപ്പു° കൂടിയുണ്ടെന്നുസിദ്ധാഭിപ്രായം മുതക്കിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

പാലു°.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, വാതം, ഉന്മാദം, പുരാണജ്വരം. അപസ്മാരം മുതലായ മാനസരോഗം, മൂഴൽച്ച, മൂർഛ, ഗ്രഹണി, പാണ്ഡുരോഗം, മൂട്ടുനീർ, തണ്ണീർദാഹം, ഹൃദ്രോഗം, ശൂലം, ഉദാവർത്തം, വസ്തിയിലെ രോഗം, ഗുദാങ്കുരം, വായുമുട്ടൽ, രക്ത

പിത്തം, ക്ഷയം, അതിസാരം, അശ്മസ്സു്, ഗുല്മം, യോനിരോഗം, മഹോദരം, ഗർഭസ്രാവം, ശ്രമം, ക്ലമം ഇവയെ ശമിപ്പിക്കും. തൽക്ഷണം ക്ഷീണത്തെ ഉറപ്പിക്കയുംചെയ്യും. കഫത്തെയും ബലത്തെയും ആയുസ്സിനെയും, ബുദ്ധിയേയും, ധാതുക്കളേയും, ഓജസ്സിനേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മലത്തിനു് അയവുവരുത്തും. യൌവനത്തെ നിലനിറുത്തും. മുറിവിനെ കൂട്ടിപ്പിടിക്കും, എല്ലാ ശരീരികഭിക്കും ചേരുന്നതും ജീവനമായിട്ടുള്ളതുമാകുന്നു. കൂട്ടികഭിക്കും, വൃദ്ധന്മാക്കും അടി, വെട്ടു് മുതലായവ ഏറ്റു ക്ഷീണിച്ചവക്കും, വിശപ്പുകൊണ്ടും, മൈഥുനംകൊണ്ടും ക്ഷീണിച്ചവക്കും വളരെ നല്ലതാകുന്നു. ജരാപലിതം മുതലായവയെ നശിപ്പിക്കും. വിരേചിപ്പിക്ക, വസ്തിപിടിപ്പിക്ക, ഇക്കാര്യങ്ങളിൽ ഒരുപോലെ ഉപയോഗിക്കാം. ജീവനീയങ്ങളിൽവച്ചു ശ്രേഷ്ഠമെന്നും നിത്യപരിശീലനം രസായനങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നും സംഗ്രഹം. പാൽ കറന്നു കാച്ചാതെ വച്ചിരുന്നാൽ അതുനാഴികയ്ക്കകം ഗുണം കുറഞ്ഞുപോകും.

"ശ്രുതോഷ്ണം കഫവാതഘ്നം
ശ്രുതശീതന്തു പിത്തനുൽ;
അദോഽദകം ക്ഷീരശിഷ്ട
മമാല്പഘ്നതരം പയഃ."

കാച്ചിചൂടാറാതെയുള്ള പാൽ കഫവാതഹരമാകുന്നു. കാച്ചി ആറിയ പാൽ പിത്തകോപത്തെ ശമിപ്പിക്കുകയുംചെയ്യും. പാലിൽ പകുതി വെള്ളമൊഴിച്ചുകുറുക്കി പാലോളമാക്കുന്നതാണു് സാധാരണയായ പാൽ കാച്ചുന്നതിന്റെ വിധി. അങ്ങനെ കാച്ചിയപാൽ പച്ചപ്പാലിനേക്കാൾ അത്യധികം ലഘുവായിത്തീരുകയുംചെയ്യും.

"അകപഥിതം ദശഘടികാഃ
കപഥിതം ദ്വിഗുണം ച താഃ
പയഃ പഥ്യം;
ഉഷ്ണാസി രസാഢ്യം യാവ-
ത്താവദ്ഗുരുചികുൽ പയഃ പ്രോക്തം."

പാൽ കറന്നെടുത്താൽ കാച്ചാതെ കഴിക്കുന്നതായാൽ പത്തു നാഴികവരെ സേവിക്കാം. അതിനുശേഷം പച്ചപ്പാൽ കുടിക്കരുതു്. കാച്ചിയാൽ പാൽ കാച്ചിയതിന്റെ ശേഷം ഇരുപതുനാഴിക കഴിയുന്നതിനുമുൻപെ അത്രനേരവും കഴിയുന്നതു പഥ്യമായിരിക്കും. അതിനുശേഷമായിരുന്നാൽ അപഥ്യവുമായിരിക്കും. രാവിലെ കറന്നു ചൂടോടുകൂടി കഴിക്കുന്നതായാൽ സ്വാദിനുവ്യത്യാസം വരുന്നതുമാത്രമേയും സേവിക്കുന്നതു രുചികരവുമായിരിക്കുമെന്നും ഗ്രഹിക്കണം.

"ജീർണ്ണജ്വരേ കുന്തു കഫേ വിലീനേ
സ്യാദുദ്ധൃപാനന്തു സുധാസമാനം;
തദേവ പീതം തരുണജ്വരേ തു
നിഹന്തി കാലാഗ്നിരിവാന്നമന്ത്യം."

ജീർണ്ണജ്വരമുള്ളവനു്—ജ്വരിതനു്, ജീർണ്ണജ്വരലക്ഷണം പൂർത്തിയായി കാണുകയും, കഫം നല്ലവണ്ണം ലയിച്ചതായി കാണുകയും ചെയ്താൽ അവനു പാൽ കൊടുക്കുന്നതു് അമൃതുകൊടുക്കുന്നതുപോലെ ഗുണപ്രദമായിരിക്കും. ജീർണ്ണജ്വരിതനു ഇതുയും ഗുണം ചെയ്യുന്ന പാൽതന്നെ തരുണജ്വരമുള്ളവനു് കൊടുത്താൽ അതു് കാലകൂടവിഷംപോലെ അവനെ നശിപ്പിക്കുകയും ചെയ്യും.

"ചതുർഥഭാഗം സലിലം നിധായ
യത്നാദ്യ ഭാവത്തിതമുത്തമം തൽ

സവ്യാമയഘ്നം ബലപുഷ്ടികാരി
ഓജഃ പ്രദം ക്ഷീരമതിപ്രശസ്തം."

പാലിൽ നാലിരട്ടി വെള്ളം ചേത്തു് പതഞ്ഞുപോകാതെ ഇളക്കി കുക്കിയ പാൽ അത്യുത്തമമാകുന്നു. അതു സകല രോഗങ്ങളേയും നശിപ്പിക്കുന്നതും ശരീരബലത്തേയും പുഷ്ടിയേയും ചെയ്യുന്നതും ഓജസ്സിനെ ഉണ്ടാക്കിത്തീർക്കുന്നതും അത്യന്തം പ്രശസ്തവും ആകുന്നു.—

"ബല്യം ബ്രാഹ്മണമഗ്നിവൃദ്ധിജനനം
പൂർവ്വാഹ്നകാലേ പയോ
മദ്ധ്യാഹ്നേ ബലദായകം രുചികരം
കൃത്സ്നാശ്മരീച്ഛേദനം.
ബാലേഷ്വഗ്നികരംക്ഷയേബലകരം
വൃദ്ധസ്യ രേതഃ പ്രദം
രാത്രൌ ക്ഷീരമനേകദോഷശമനം
സേവ്യം സദാപ്രാണിനാ."

പാൽ രാവിലെ സേവിച്ചാൽ ബലത്തെ വർദ്ധിപ്പിക്കയും ശരീരത്തെ തടിപ്പിക്കയും ജഠരാഗ്നിയെ വർദ്ധിപ്പിക്കുകയും ചെയ്യും. മദ്ധ്യാഹ്നത്തിൽ പാൽ സേവിച്ചാൽ ശരീരബലവും രുചിയും വർദ്ധിക്കയും, മൂത്രകൃഛ്രവും അശ്മരിയും നശിക്കുകയും ചെയ്യും. പാൽ കുട്ടികൾക്കു് ജഠരാഗ്നിബലത്തെ നൽകുകയും ക്ഷയരോഗികൾക്കു ബലത്തെ ഉണ്ടാക്കുകയും, വാർദ്ധക്യം വന്നവർക്കു ശുക്ലവൃദ്ധി വരികയും ചെയ്യും. രാത്രിയിൽ പാൽ സേവിച്ചാൽ അനേകതരത്തിലുള്ള ദോഷങ്ങളെ ശമിപ്പിക്കുകയും ചെയ്യും. ഈ പറഞ്ഞ കാരണങ്ങൾ നിമിത്തം ഏതു തരത്തിലുള്ളതും ഏതു പ്രകാരത്തിലും പാൽ ഉപയോഗിക്കുകയും വേണമെന്നഗ്രാഹ്യമാകുന്നു.

"നവജ്വരേ ച മന്ദാഗ്നൌ
ശ്യാമദോഷേഷു കുഷ്ഠിനാം;
ശൂലിനാം കഫദോഷേഷു
കാസിനാമതിസാരിണാം;
പയാപാനം ന കർവ്വീത
വിശേഷാൽ കൃമിദോഷദം."

നവജ്വരം, അഗ്നിമാന്ദ്യം, ആമദോഷം, കുരു, അതിസാരം എന്നീ രോഗമുള്ളവർക്കു് പാൽ കഴിക്കുന്നതു ഹിതമല്ല. അവർ പാൽ ഉപയോഗിച്ചാൽ അവർക്കു് കൃമിരോഗംകൂടെ സംഭവിക്കുകയും ചെയ്യും.

"ശർക്കരാസഹിതം ക്ഷീരം
കഫകൃൽ പവനാപഹം;
സിതാസിതോപലായുക്തം
പിത്തശ്ലേഷ്മഹരം തഥാ."

പാലിൽ പഞ്ചസാരചേത്തു കഴിച്ചാൽ കഫത്തെ വർദ്ധിപ്പിക്കുകയും വാതത്തെ നശിപ്പിക്കുകയും ചെയ്യും. കൽക്കണ്ടം ചേത്തു കഴിച്ചാൽ ശുക്ലം വർദ്ധിപ്പിക്കുകയും ദോഷകോപം നശിക്കുകയും ചെയ്യും. ശർക്കരചേത്തുശീലിച്ചാൽ മൂത്രകൃഛ്രം ശമിക്കുകയും പിത്തകഫകോപം ശമിക്കുകയുംചെയ്യും. പുളിയുള്ള എല്ലാ പദാർത്ഥങ്ങളോടും ഉപ്പിനോടുംകൂടി ഉപയോഗിച്ചാൽ വിരുദ്ധം എന്നു കാണുന്നു.

പാലുള്ളി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. പിത്തത്തെയും രക്തത്തേയും ശമിപ്പിക്കും. കഫത്തെയും ബലത്തേയും വർദ്ധിപ്പിക്കും. ധാതുക്കൾക്കു ഉറപ്പിനെ വരുത്തും. ഹൃദയപ്രസാദത്തെ വരുത്തും. പുഷ്ടിയെച്ചെയ്യും. രുചിയെ ഉണ്ടാക്കും. ബുദ്ധിയെ നന്നാക്കും. കുറഞ്ഞൊന്നു പിച്ചിലമായിരിക്കും.

പാവൽ വലുയ്°.

ഇയ്യ ശാകവഗ്ഗത്തിൽ ചേർന്ന ഫല ശാകമാകുന്നു. പിത്ത കഫം, രക്ത ദോഷം, പ്രമേഹം, [illegible] കൃമി ഇവയെ ശമിപ്പിക്കും. കറിവെച്ചുതിന്ന വാത ത്തെ കോപിപ്പി[illegible] അഗ്നിയെ വർദ്ധിപ്പിക്കും. മ[illegible] ളക്കും. കറഞ്ഞോന്ന [illegible] ത്തെയും. ഉണ്ണുവീയ്യുമെന്നു സുസിംഹമതം.

പി

പിച്ചുകം.

ഇയ്യ ഉത്തംസവഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, കഫം. ശിരോരോഗം, മുഖരോഗം, വിഷം, നേത്രരോഗം, കുഷ്ഠം, രക്തവികാരം, വ്രണം, വിസ്ഫോടം. കൃമി, ഉന്മാദരോഗം ഇവയെ ശമിപ്പിക്കും. പഥ്യമായിരിക്കും. ശീതവീര്യമെന്നു സുസിംഹമതം. വാതത്തെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. പിത്തത്തെ ശമിപ്പിക്കുമെന്നു സുശ്രുതം. ഇതിന്റെ ഇല:—കഫപിത്തങ്ങളെ ശമിപ്പിക്കും. മേൽപ്പറയപ്പെട്ട ഗുണങ്ങളുള്ളതുകൂടിയതാകുന്നു.

പിച്ചള.

ഇയ്യ രസായനമണ്ഡലവർഗ്ഗത്തിൽ ചേർന്ന ഉപധാതുവെ[illegible] രക്തദോഷം, പിത്തം, കഫം, കുഷ്ഠം, പാണ്ഡു, കൃമി, പൂയം ഇവയെ ശമിപ്പിക്കും. മലത്തെ [illegible] മൂത്രകളയും. കറുത്തതായ [illegible] യിരിക്കും. അരച്ചു [illegible] തെളിവുണ്ടാകും.

പിപ്പിലി.

ഇയ്യ മഹാമ്ലഗവർഗ്ഗ [illegible] അന്യുപമാംസമാകു[illegible] ഇ[illegible] മാംസം ഗുണങ്ങൾകൊണ്ടു° ആയ മാംസത്തെക്കാളധികതരമാകുന്നു.

പിണ്ഡാളൻചെമ്പു°.

ഇയ്യ ശാകവഗ്ഗത്തിൽ ചേർന്നതാകുന്നു. പ്രമേഹം, മൂത്രകൃച്ഛ്രം, മെഖിവു°, മൂട്ടുനീർ ഇവയെ ശമിപ്പിക്കും. വാതത്തെയും കറഞ്ഞതായ പിത്തത്തെയും കോപിപ്പിക്കും. കഫം മൂത്രാശയത്തെ ശുദ്ധിപ്പിക്കും. രുചിയെ വർദ്ധിപ്പിക്കും. ശീതവീര്യമെന്നു സുസിംഹമതം.

പിണ്ഡിതകരം.

ഇയ്യ° ഉത്തംസവഗ്ഗത്തിൽ ചേർന്ന യാതപ്ലവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു തകരത്തോടൊത്തതാകുന്നു.

പിണ്ഡിതരു.

ഇയ്യ വനവൃക്ഷവഗ്ഗത്തിൽ ചേർന്നതാകുന്നു. ശ്ലീപദോഷം, ത്വക്കുദോഷം വിശേഷാൽ രക്തദോഷം ഇവയെ ശമിപ്പിക്കും.

പാതിരിപ്പൂള്ളു°.

ഇയ്യ വിക്ഷുരിവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:— കഫം ഏറിയും, വാതം കുറഞ്ഞും, പിത്തം മദ്ധ്യമമായും ഇരിക്കുന്ന സന്നിപാതത്തെയും, രക്തദോഷത്തെയും ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും.

പീ

പീതചന്ദനം.

ഇയ്യ ഗന്ധവർഗ്ഗത്തിൽ ചേർന്ന അത്യുത്തമ സംഗ്രഹവ്യമാകുന്നു. കഫം, പിത്തം, ചൊറി, രക്തദോഷം, മിനുപ്പ്, കുഷ്ഠം, കൃമി, തണ്ണീർ ദോഷം, മൂട്ടുനീർ രോഗം, വ്രണം, ജ്വരം, വ്യഗ്രം വിഷം ഇവയെ ശമിപ്പിക്കും. ഇങ്ങനെ വർദ്ധി

പ്പിക്കാം. ഏറാവും രോഗകാരണത്തിനെ ഉണ്ടാക്കാം.

പീനാറി.

ഇതു് ആരണ്യകപർപ്പടത്തിൽ ചേർന്നതാകുന്നു. സധാരണ കരിഞ്ചാല്യുടെ ഗുണങ്ങളേ ഇതിനുമുള്ളതാകുന്നു വിശേഷാൽ രക്തദോഷം വ്രണം കണ്ഡൂ, ചൊറി, വിഷം, ജ്വരം, വിസ്പോടകം, ഗുഹ്യരോഗം ഇവയെ ശമിപ്പിക്കും.

പുഷ്പി

പുകന്തില.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന ശിരോവിരേചനീയ ഔഷധമാകുന്നു. വാതം, കഫം, ശ്വാസം, കൃമി, നേത്രരോഗം, ദന്തരോഗം, കോഷ്ഠവാതം, ഇക്കിട്ടൽ, മൂട്ടുവേദന, മൂത്രമിറങ്ങാതെയുള്ള വിഷമം, പേൻ, മൂത്രമായയുണ്ടാകുന്ന രോഗം, ശിരോരോഗം ഇവയെ ശമിപ്പിക്കും. രുചികരമായിരിക്കും. വിഷത്തെ കോപിപ്പിക്കും. വസൂരിയെ ശമിപ്പിക്കും. മലത്തെ ഇളക്കും. ഛർദ്ദിയെയും തുമ്മലിനേയും ഉണ്ടാക്കും. വിഷം പോലെ വർത്തിക്കുന്നതുകൊണ്ടു് എല്ലാ വിഷങ്ങളേയും ശമിപ്പിക്കുന്നതുമാകുന്നു. ഇതിന്റെ പുക വലിനിന്നാൽ വെടിപ്പും വരുത്തും. മുഖരോഗത്തെ ശമിപ്പിക്കും.

പുഷ്കരം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഛർദ്ദി, ഉദരവാതം, വിഷം, കൃമി ഇവയെ ശമിപ്പിക്കും.

പുണ്ഡരീകക്കരിമ്പു്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു സാമാന്യം കരിമ്പിനെപോലെ വാതത്തെ ശമിപ്പിക്കുന്നതും കഫത്തെയുണ്ടാക്കുന്നതുമാകുന്നു.

പുനർന്നവ.

ഇതു വർഷാഭൂവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, വിഷം, കൃമി, നേത്രരോഗം, ഗുല്മം, ശോഫം, പാണ്ഡു, കാമല, ഹൃദ്രോഗം, ഉദരരോഗം, മൂത്രാശയരോഗം, മൂത്രതടസ്സം, മൂത്രാശയത്തിലുള്ള കല്ല് ഇവയെ ശമിപ്പിക്കും. രുചികരമായിരിക്കും. ശരീരത്തിനു പുഷ്ടിയുണ്ടാക്കും. ശരീരത്തിനു നിറം വരുത്തും. ഇതിന്റെ വേരു് ഉപയോഗിച്ചാൽ ഗർഭിണിയുടെ ഗർഭം ഉറപ്പുള്ളതായിത്തീരും. ഗർഭിണിയുടെ ഗർഭത്തെ ശമിപ്പിക്കുന്നതുമാകുന്നു.

പുനർന്നവാദി.

ഇതു വർഷാഭൂവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതരക്തങ്ങളെ ശമിപ്പിക്കും. മുച്ചീ (മലടി) എന്നുള്ള ദോഷത്തെ തീർക്കും. എല്ലാക്കാലവും വഴുവഴുപ്പായിരിക്കും.

പൂന്ത.

ഇതു് ഉത്തമസുഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, പിത്തം, കഫം, നേത്രരോഗം, ഭ്രാന്തവേശം, പകർച്ചയിതിസാരം, ഛർദ്ദി, ശിരോരോഗം, വ്രണം, വിഷം ഇവയെ ശമിപ്പിക്കും. രക്തവാതപ്രസാദത്തെ വരുത്തും ശുക്ലത്തെ വർദ്ധിപ്പിക്കും. സൌരഭ്യമുള്ളതായിരിക്കും.

പുലി.

ഇതു പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഗ്രഹാശയവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു സിംഹമാംസത്തോടൊത്തതാകുന്നു.

പുലിച്ചുവടി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. നാഗ്രണത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ഗന്ധമേറിയതാകുന്നു. കയ്പ്പും, ചവർപ്പും കൂടെയുണ്ടെന്നു ഗുസിംഹമതം.

പുൽകുങ്കുമം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വീക്കം, ചൊറി, വാതം, കഫം, ചിരങ്ങു്, കൃഷ്ണം, ആമദോഷം ഇവയെ ശമിപ്പിക്കും. ദേഹകാന്തിയെ വരുത്തുന്നു.

പുഷ്കരമൂലം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. ജ്വരം, വീക്കം, കഫം, വാതം, പാർശ്വശൂലം, വായുമുട്ടൽ, അരുചി, പാണ്ഡു, ചുമ, വയർവീർപ്പു്, അട്ടിതവാതം, ഇക്കിൾ ഇവയെ ശമിപ്പിക്കും. ഹിധ്മാശ്വാസകാസപാർശ്വശൂല ഹരങ്ങളിൽവച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം. "പൌഷ്കരാഭാവതു കൃഷ്ണം" എന്ന ഉഭാവപ്രകാശവചനംകൊണ്ടു് ഇതു കിട്ടാതെ വന്നാൽ പകരം കൊട്ടം ചേർക്കാം:—

പുഷ്പകാസീസം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ധാതുകാസീസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ആർത്തവത്തെച്ചൊല്ലി:—ചൊറി, കൃഷ്ണം മുതലായ എല്ലാത്തരം ത്വഗ്ദോഷത്തേയും കളയും. ശീതമെന്നു ഗുസിംഹമതം.

പുഷ്പരാഗം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. വാതം, നേത്രരോഗം, വിഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. അധിമാംസം മുതലായവയെ ഉറച്ചുകളയും. ജരാവ്യാധിയെ നശിപ്പിക്കും. ധരിച്ചാൽ പാപം, വിഷം, അലക്ഷ്മി ഇവയെ ശമിപ്പിക്കും, ബുദ്ധിയെ നന്നാക്കും. ആയുസ്സിനേയും ഓജസ്സിനേയും വർദ്ധിപ്പിക്കും. കായ്ങ്ങളിൽ ഉത്സാഹത്തേയും സന്തോഷത്തേയും ഉണ്ടാക്കും. മംഗളപ്രദമായിരിക്കും.

പുഷ്പാഞ്ജനം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ഇക്കിൾ, ദാഹം, പിത്തം, കഫം, വിഷം, ചുമ, അരുചി, കാചം, പടലം മുതലായ നേത്രരോഗങ്ങൾ ഇവയെ ശമിപ്പിക്കും. ശീതവീര്യമെന്നു ഗുസിംഹമതവും ധന്വന്തരിമതവും കാണുന്നു.

പുളിഞ്ചി.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വീക്കം, വാതം ഇവയെ ശമിപ്പിക്കും. ഇതിന്റെ കായ്—ഏറ്റവും പുളിയുള്ളതും രുചിയെ ഉണ്ടാക്കുന്നതും അരച്ചു തെച്ചാൽ മൈക്കണക്കെ കളയുന്നതുമാകുന്നു.

പുളിപ്പൻകോരപ്പുല്ല്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കുതിരകഠിക്കു പുഷ്ടിയെചെയ്യും. പശുക്കഠിക്കു വാലിനെ കുറയ്ക്കും.

പുളിയൻചീര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന പതുശാകമാകുന്നു. ശ്രമം, ക്ഷീണം, ശ്ലേഷ്മം, വാതം ഇവയെ ശമിപ്പിക്കും. കഫത്തെയും കുറഞ്ഞൊന്നു പിത്തത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പഥ്യമായിരിക്കും. ഗുരുവെന്നും ദുർജ്ജരമെന്നും ചക്രപാണിമതം.

പുളിയാരൽ.

ഇതു് ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന ദീപനപാചനദ്രവ്യമാകുന്നു. അർശ്ശസ്സു്, ഗ്രഹണി, വാതം, കഫം, അതിസാരം, കൃമി ഇവയെ ശമിപ്പിക്കും. അഗ്നിയേയും കുറഞ്ഞൊന്നു പിത്തത്തേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. മുഖദുർഗ്ഗന്ധിയെച്ചെയ്യും. പാകത്തിങ്കൽ മധുരമെന്നു സുശ്രുതമതം.

പുളിരസം.

കഫത്തേയും, രക്തദോഷത്തേയും, പിത്തത്തേയും ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെ പുറത്തുകളയും. സന്തോഷത്തേയും ഉച്ഛ്വിയേയും കൊടുക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. വ്രണാദികൾക്കു നലത്തിനെ ഉണ്ടാക്കും. ശുക്ലത്തേയും ദൃഷ്ടിബലത്തേയും കുറയ്ക്കും. വയറടപ്പിനെ തീർക്കും. അധികമാംസം മുതലായവയെ ഉരച്ചുകളയും. തടഞ്ഞിട്ടോ വിമാർഗ്ഗകനായിട്ടോ ചരിക്കുന്ന വായുവിനേയും മലമൂത്രങ്ങളേയും നേരെ ആക്കും. കോഷ്ഠത്തിങ്കൽ വിദാഹത്തെ കൊടുക്കും. വ്യാപിയായിരിക്കും. ഹൃദ്രോഗത്തിനു വെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

പുള്ളിമാൻ

ഇതു് മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു മാന്താമാനിന്റെ മാംസത്തോടൊത്തതാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും കാണുന്നു.

പുള്ളിയും പിടരിയിൽ ചാരനിറവുമുള്ള മാൻ.

ഇതു വിലേശയവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം:— ചൂട, വായുമുട്ടൽ, വാതം, മെലിവു് ഇവയെ ശമിപ്പിക്കും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. മൂത്രത്തെ കുറയ്ക്കും. മലത്തെ പിടിപ്പിക്കും. ഇതു വിലേശയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം.

പുഴമുഞ്ഞ.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഹൃദ്രവ്യമാകുന്നു. കഫം, വിഷം, മൂത്രത്തടവു്, പിത്തം, ഗളഗണ്ഡം, കൃമി, വീക്കം, വാതരോഗം, ഭ്രമാവേശം ഇവയെ ശമിപ്പിക്കും. കണ്ണിന്നു ദൃഷ്ടിയെച്ചെയ്യും. ഇതു കുറുത്തതായി ഒരു തരമുണ്ടെന്നും, അതു ജരാവ്യാധിയെ ശമിപ്പിക്കുമെന്നും സുസിംഹമതം.

പുഴുക്കണ്ണിനെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. മിക്കവാറും നവരയുടെ ഗുണങ്ങളോടുകൂടിയതും കുരുനെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു. വിശേഷാൽ കുറഞ്ഞൊന്നു കഫത്തെ ശ്രമിപ്പിക്കും.

പൂ

പൂക്കയിത.

ഇതു് ഉത്തംസ്വഭാവത്തിൽ ചേന്നതാകുന്നു സന്താപം, കഫം, വിഷം ഇവയെ ശമിപ്പിക്കും മോഹകാന്തകരമായ വരുത്തും. വാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ ദുർഗ്ഗന്ധത്തെ കളയും. ഇതിന്റെ മൂല(മണ്ണിലിറങ്ങാത്തഭാഗം) പിത്തകഫങ്ങളെ ശമിപ്പിക്കും. ബലത്തെയും ഭാർഗ്ഗവത്തെയുണ്ടാക്കും. ജരാവ്യാധിയെ നശിപ്പിക്കും.

പൂവ്വ.

ഇതു പ്രസഹവർഗ്ഗത്തിൽ ചേന്ന സാധാരണമാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽചേന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ഉണങ്ങിയതുകൊണ്ടു കുതിരമാംസത്തോടൊത്തതാകുന്നു.

പൂതച്ചുടയൻ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേന്ന ശിരോവിരേചനീയ ഔഷധമാകുന്നു. ഇതിന്റെ നീര് നസ്യംചെയ്യുന്നതു് ദന്തരോഗം, കണ്ണുരോഗം, നേത്രരോഗം ഇവയെ ശമിപ്പിക്കും.

പൂതണക്കപ്പുല്ല്.

ഇതു് തൃണകവർഗ്ഗത്തിൽ ചേന്ന കഫാപഹവ്യമാകുന്നു. കൃമി, കഫം, വാതം, ഭൂതാവേശം, വിഷദോഷം, ശ്വാവിധ, ഉദർദ്ദം, ഛർദ്ദി, വായുമുട്ടൽ, ചൂട, കുഷ്ഠം, ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും ദൂരീകരിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണിനു നന്നല്ല. ശുക്ലത്തെ ക്ഷയിപ്പിക്കും. വിദാഹത്തെ ഉണ്ടാക്കും. വായുവെ വിരിപ്പാക്കും. മലത്തെ പൊരുപ്പിക്കയും പുറത്തു കളകയും ചെയ്യും.

പൂവിൽനിന്നെടുക്കുന്ന പഞ്ചസാര.

ഇതു രസവർഗ്ഗത്തിൽ ചേന്നതാകുന്നു. ഹൃദയപ്രീതികരമായ വരുത്തും. പിത്തരക്തങ്ങളെ ശമിപ്പിക്കും.

പെ

പെൺകുതിര.

ഇതു പ്രസഹവർഗ്ഗത്തിൽചേന്ന സാധാരണ മാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽചേന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ഉണങ്ങിയതുകൊണ്ടു കുതിരമാംസത്തോടൊത്തതാകുന്നു.

പെരിയ കലമാൻ.

ഇതു ഗ്രാമ്യവർഗ്ഗത്തിൽ ചേന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം — വാതപിത്തങ്ങളെ ശമിപ്പിക്കും ഹൃദയപ്രീതികരമായ വരുത്തും. വസ്തിശുദ്ധികരമാകുന്നു. ജംഘാലവവർഗ്ഗത്തിൽചേന്ന. ജാംഗലമാംസമെന്നും പക്ഷം.

പെരിയാവണക്ക്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേന്നതാകുന്നു. വെൺതാവണക്കിന്റെ ഗുണങ്ങളോടുകൂടിയതും അകുന്നു.

പൊരുകയൽമീൻ.

ഇതു മത്സ്യവർഗ്ഗത്തിൽചേന്ന നദീമുഖമത്സ്യമാകുന്നു. ഇതിന്റെ മാംസം സാമാന്യം മത്സ്യത്തിന്റെ ഗുണങ്ങളോടുകൂടിയതെങ്കിലും, വിശേഷാൽ വാതത്തെ ശമിപ്പിക്കും. കഫത്തെയും, ശുക്ലത്തെയും, ബലത്തെയും

വർദ്ധിപ്പിക്കും. ഗുരു എന്നും ഗ്രാഹി എന്നും രാജവല്ലഭമതം.

പെരുങ്കായം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. ശൂലം, അർശ്ശസ്സ്, കഫം, വാതം, ഗുല്മം, മഹോദരം, അഷ്ഠീല, വായുമുട്ടൽ, പ്ലീഹ, അന്നാഹം, ക്രിമി, കുഷ്ഠം, മൂർഛ, കൃമി, അപസ്മാരം, അജീർണ്ണം, ഗ്രഹപീഡ ഇവയെ ശമിപ്പിക്കും. പിത്തത്തെയും ബലത്തെയും വർദ്ധിപ്പിക്കും. അഗ്നിയെ പചിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ഹൃദയപ്രസാദത്തെ വരുത്തും. കണ്ണിന്നു നല്ലതാകുന്നു. നഷ്ടമായിരിക്കുന്ന രജസ്സിനെ ജനിപ്പിക്കും. രുചികരമായിരിക്കും. ഛേദനീയദീപനീയാനുലോമിക വാതകഫപ്രശമനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. കയ്പ്പുരസംകൂടെയുണ്ടെന്നുംപക്ഷം.

പെരുംകുരുമ്പ.

ഇതു ക്ഷീരുദവർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. രക്തദോഷം, കഫം, വാതം, തണ്ണീർദാഹം, പ്രമേഹം, ചൊറി, ഹൃദ്രോഗം, കുഷ്ഠം, വിഷമജ്വരം, ഛർദ്ദി, മുഖരോഗം ഇവയെ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. ബലത്തെയും പുഷ്ടിയേയും ചെയ്യും. മൂന്നു ദോഷങ്ങളേയും വിശേഷാൽ പിത്തത്തെയും ശമിപ്പിക്കുമെന്നു ഭാവപ്രകാശത്തിൽ കാണുന്നു.

പെരുങ്കുക്കൻ.

ഇതു പ്ലവസഹവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു കുക്കുടന്റെ മാംസത്തോടൊത്തതാകുന്നു. ഗുഹാശയവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം.

പെരുംക്കാവു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായു്:—തണ്ണീർദാഹത്തെയും വാതത്തെയും നശിപ്പിക്കും. വാതത്തെയും, രക്തദോഷത്തെയും, പിത്തത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. അന്തർദ്ദാഹത്തെയും, രുചിയേയും ഉണ്ടാക്കും. മലത്തിനു് അയവുവരുത്തും. ഇതിന്റെ പഴുത്ത കായു്:—പിത്തം, വിഷം, വാതം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു ഗുസിംഹമതം. പിത്തത്തെ വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം. പഴുത്തുണങ്ങിയാൽ ഏറെ പിത്തകരമല്ലെന്നു വാഗ്ഭടമതം.

പെരുച്ചാഴി.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. വിലേശയ വർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—ഗുണങ്ങൾകൊണ്ടു് എലിയുടെ മാംസത്തോടൊത്തതാകുന്നു. അതിനേക്കാൾ നിന്ദ്യവും അഭിഷ്യന്ദവും ആകുന്നു.

പെരുഞാവൽ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു ഞാവലിനോടൊത്തതാകുന്നു. വിശേഷാൽ ഞാവലിന്റെ കൂട്ടത്തിൽ ശ്രേഷ്ഠമായിട്ടുള്ളതും കണ്ഠദൂഷണമല്ലാത്തതും രുചിയെ ഉണ്ടാക്കുന്നതുമാകുന്നു. ഉഷ്ണവീര്യമെന്നു ഗുസിംഹമതം.

പെരുഞ്ചെണ്ടിപ്പയറ്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കും. വ്രണത്തെ വരട്ടും. രുചിയെ ഉണ്ടാക്കും.

പെരുഞ്ചവരിമാൻ.

ഇതു മഹാമൃഗവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. ക്ഷേത്രചരമാംസമെന്നും പക്ഷം. ഇതിന്റെമാംസം:—വാതപിത്തങ്ങളെ ശമിപ്പിക്കും. ബലത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും.

പെരുഞ്ചീരകം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. കഫം, ശുക്ലം, വാതം, ആമദോഷം. കൃമി, വയറടപ്പ്, അജീർണ്ണം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഒരുതരം ജീരകത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു എന്നും പക്ഷം.

പെരുഞ്ചീരകത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ത്രിദോഷം, കൃമി, വാതം, കഫം, ശിരോരോഗം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കി പുറപ്പെടുവിക്കും.

പെരുഞ്ചെന്നെല്ല്.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. ചെന്നെല്ലിന്റെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. രുചിയെ ഉണ്ടാക്കും. ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കുട്ടികൾക്കും യുവാക്കൾക്കും വൃദ്ധന്മാർക്കും എല്ലാ കാലത്തിങ്കലും ഒരുപോലെ പഥ്യമായിരിക്കും.

പെരുഞ്ചെവിമാൻ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ക്ഷുദ്രചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—വിശേഷാൽ വാതം, രക്തദോഷം, പിത്തം ഇവയെ ശമിപ്പിക്കും. ഹൃദ്രോഗത്തെ ഉണ്ടാക്കും. കഫത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. ലഘു എന്നും പക്ഷം.

പെരുത്തവയറും നീണ്ടവാലും ഉള്ള മാൻ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—സാമാന്യം മാനിന്റെ മാംസത്തിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു.

പെരുനെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിയാകുന്നു. നവരയുടെ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു സുശ്രുതമതം.

പെരുന്തെത്ത.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന ജാംഗലപുഷ്പമാകുന്നു. ഇതിന്റെ മാംസം:—തള്ളയുടെ മാംസത്തിനു പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതാകുന്നു.

പെരുന്തുമ്പ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. തുമ്പയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കഫം, അഗ്നിമാന്ദ്യം, ഭൂതാവേശം, വാതവികാരം ഇവയെ ശമിപ്പിക്കും. ബുദ്ധിയെ നന്നാക്കും. പ്രയോഗവിശേഷംകൊണ്ടു രസത്തെ ബന്ധിക്കും.

പെരുമരുത്ത്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഷ്ണദ്രവ്യമാകുന്നു. രക്തദോഷം, പിത്തം, കഫം, വിസ്ഫോടം, ചൊറി, വ്രണം, സ്വേദം, കൃമി, വിദ്രധി, വ്രണം, ബാധിര്യം, ശോഫം, നിദ്രാലസ്യം, കണ്ഠശ്ലേഷം, പാണ്ഡു, കുഷ്ഠം, ശിരോരോഗം ഇവയെ ശമിപ്പിക്കും. ദേഹകാന്തിയെ ചെയ്യും. ഇതിന്റെ പഴുത്ത കായ്:—കഫം, രക്തദോഷം, പിത്തം, തൃഷ്ണ, ദാഹം, ക്ഷതം, ക്ഷയം, ഛർദ്ദി, ഭ്രമം, ശ്രമം, ക്ഷീണം, മൂത്രകൃച്ഛ്രം, മൂത്രാഘാതം, വ്രണം, മുതലായവയെ ശമിപ്പിക്കും. മലത്തെ അധികമാക്കും. വീര്യത്തെ വർദ്ധിപ്പിക്കും. ബുദ്ധിമാന്ദ്യം, മുതലായവയെ ഉത്പാദിപ്പിക്കുകയും. വിഷനാശവിനാശത്തെയും, വ്രണരോഹണത്തെയും ഉണ്ടാക്കും. ദോഷങ്ങളെ സൃഷ്ടിപ്പിക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കും. ഗുരുത്വത്തെ ചെയ്യും.

പൊരാൽ എന്നുപേരിയ വടവൃക്ഷം.

ഇതു പേരാൽവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ തൊലിയുടെ കഷായം, കൊഴുപ്പ, രക്തപിത്തം, ദാഹം, ഛർദ്ദി, ഇവയെ ശമിപ്പിക്കും. ശരീരത്തെ ദൃഢപ്പെടുത്തും. ഇതിന്റെ തളിർ തൈരിൽ അരച്ചു കഴിച്ചാൽ രക്തപ്രദരത്തെ ശമിപ്പിക്കുന്നതാകുന്നു. ഇതിന്റെ ചുന്ന ഒരൗഷധമാകുന്നു. ഇതു മുറിവിനെ കൂടുന്നതാകുന്നു.

ഇടി

ഇതു വിഷവൃക്ഷവർഗ്ഗത്തിൽ ചേർന്ന ഔഷധമാകുന്നു. ഇതിന്റെ [illegible], ചുമ, പീനസം, [illegible], കൃമി, കുഷ്ഠം, മുറിവ്, [illegible] ഇവയെ ശമിപ്പിക്കും. ഇതിന്റെ [illegible] തെ ഇളക്കി. ഛർദ്ദിപ്പിക്കുന്നതിനെ ചെയ്യും. [illegible].

ചെറുൽ.

ഇതു വൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ തൊലി, ചുമ, പീനസം, കൃമി, വിഷം, ഇവയെ ശമിപ്പിക്കും. ഇതിന്റെ [illegible] ഇവയെ ഉണ്ടാക്കും.

പേരമ്പയ്യു.

ഇതു വീരുധ്വർഗ്ഗത്തിൽ ചേർന്ന ഔഷധമാകുന്നു. ഇതിന്റെ [illegible] ചിറകത്ത്കെ ഗുണത്തോടുകൂടിയതാകുന്നു. വിഷത്തെ [illegible]

താം, വിഷം ശ്വേതപീഡ, ജ്വരം, ജര, പലിതം ഇവയെ ശമിപ്പിക്കും. രസായനത്തിങ്കൽ ശ്രേഷ്ഠമാകുന്നു. എരിവൂരസം വിശേഷാൽ ഉണ്ടെന്നു സിംഹമതം.

പേരരത്ത.

ഇതു കന്ദശാകങ്ങളിൽചേർന്ന കൃമിഘ്നദ്രവ്യമാകുന്നു. ചിറ്റരത്തയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വിഷത്തിനു നല്ലതു്. ഗുണവും സൌരഭ്യവുമേറിയിരിക്കും.

പേരാലു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. പിത്തം; കഫം. വ്രണം, ചുട്ടനീറൽ, തണ്ണീർമോഹം, വിസൂചി, യോനിരോഗം, മൂർഛ, ജ്വരം, പ്രമേഹം; പ്രദരം ഇവയെ ശമിപ്പിക്കും. പഴുത്തകായു്:—കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. വയറടപ്പിനേയും, വയറുവീർപ്പിനേയും ഉണ്ടാക്കും. സ്തംഭനമായിരിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. തളിരു്:—മലത്തെ പിടിപ്പിക്കും.

പേരീത്ത.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം ഈത്തയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. വിഷത്തെ നശിപ്പിക്കും.

പേരുമ്മത്തു്.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന സമുത്തേജനീയദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു് ഉമ്മത്തോടൊത്തതാകുന്നു.

പേരേലം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു: രക്തദോഷം, കൃമി, പിത്തം, കഫം, ചൊറി, നെഞ്ചുകഫിപ്പു്, വായുമുട്ടൽ, തണ്ണീർമയ്ക്കം, വിഷം, ഛർദ്ദി, ശിരോരോഗം, വസ്തിയിലെ രോഗം, മുഖരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശീതവീര്യമെന്നും ചൊവ്വിനേക്കാൾ ഗുണം കുറിയതെന്നും സിംഹമതം. രണ്ടും പുംസ്ത്വത്തെ നശിപ്പിക്കുന്നതും ഗുണങ്ങൾക്കു ഭേദമില്ലെന്നും പക്ഷം.

പൊ

പൊങ്ങിക്കടമ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു വലിയകടമ്പിനോടൊത്തതാകുന്നു.

പൊടിച്ചെന്നെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. ഗുണങ്ങൾകൊണ്ടു യവച്ചെന്നെല്ലിനോടൊത്തതും. അണ്ടുവിളച്ചെന്നെല്ലിനേക്കാൾ ഗുണം കുറിയതുമാകുന്നു.

പൊടിയുപ്പു്.

ഇതു ലവണവർഗ്ഗത്തിൽ ചേർന്ന ലവണദ്രവ്യമാകുന്നു മൂത്രത്തടവു്, വാതം, പ്ലീഹ ഇവയെ ശമിപ്പിക്കും. കഫത്തെ കോപിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ചുട്ടനീറലിനെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ദേഹത്തെ മെലിയിക്കും. ഏറ്റവും ഉഷ്ണവീര്യമെന്നു സിംഹമതം.

പൊൻകാരം.

ഇതു പണ്ടവർഗ്ഗത്തിൽ ചേർന്ന ദ്രവ്യത്വപ്രവർത്തനയ്യോകുന്നു. വായുമുട്ടൽ, വ്രണം, ചുമ വിഷമം, കൃമി, അർശ്സ്സ്, ശോഷരി, ഉന്മാ, ജ്വരം ഇവയെ ശമിപ്പിക്കും. ശ്വാതപിത്തത്തെയും അഗ്നിയേയും ബലത്തെയും പിത്തത്തേയും വർദ്ധിപ്പിക്കും. കഫത്തെ ഇളക്കും. തടഞ്ഞിരിക്കുന്ന അത്തവത്തേയും മൂഢഗർഭത്തേയും പുറത്തുകളയും. സ്വർണ്ണം മുതലായതുക്കളെ ദ്രവിപ്പിക്കും.

പൊൺകാവി.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു കാവിമണ്ണിനോടൊത്തതാകുന്നു. വിശേഷാൽ ക്ഷയിയെ നശിപ്പിക്കും.

പൊൻകൈതെ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പൂങ്കൈതെയ്ക്കു പറഞ്ഞിട്ടുള്ള ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കണ്ണിനു നല്ലതു്. കാമോദ്ദീപനത്തെയും സൌഖ്യത്തെയും ചെയ്യും.

പൊൻവണ്ണത്തെന്നെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. വാതം, കഫം, അജീർണ്ണം രക്തദോഷം, വിഷൂചിക, ചുമ, വിശേഷാൽ പിത്തം, കൃമി, വിഷം, ഉൽക്ലേദം ഇവയെ ശമിപ്പിക്കും. അഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. കണ്ണിനുഹിതമെന്നുമല്ല. മലത്തെ പുറത്തുകളയും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. ഉഷ്ണവീര്യമെന്നു സിംഹമതം. ഗ്രാഹിയെന്നഭാവപ്രകാശം. എല്ലാമെല്ലപറഞ്ഞ എല്ലാഗുണങ്ങളോടുകൂടിയതും പിത്തത്തേയും കഫത്തേയും പിത്തത്തെ ശമിപ്പിച്ചുകൊണ്ടും സ്വരത്തെ നന്നാക്കുന്നതും ആകുന്നു. ഇതിന്റെ ചൂർണ്ണം:— വിശേഷാൽ ചുമയേയും വായുമുട്ടലിനേയും ശമിപ്പിക്കും.

പൊന്ന്.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ളം തണ്ണീർദാഹത്തെ തീർക്കും. രുചിയെ ഉണ്ടാക്കും. മലമൂത്രങ്ങളെ തടുക്കും. ബലത്തെ വർദ്ധിപ്പിക്കും.

പോ

പോത്തു്.

ഇതു മഹാമൃഗവർഗ്ഗത്തിൽ ചേർന്ന ഔരഭ്രപമാംസമാകുന്നു. ഇതിന്റെ മാംസം:— പിത്തത്തെ വർദ്ധിപ്പിക്കയില്ല. വാതത്തെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. കഫത്തേയും, മേദസ്സിനേയും, ബലത്തേയും, മൂലപ്പാലിനേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മാംസധാതുവിനു ഉറപ്പു വരുത്തും നിദ്രയെ ഉണ്ടാക്കും. മേന്ദ്രബലത്തെച്ചെയ്യും. ക്ലൈബ്യത്തിൽചേർന്ന അനുപമാംസമെന്നും വക്ഷം.

പോത്തുമുതലായവ.

മഹാമൃഗങ്ങളും അപ്പ്രചരങ്ങളും മത്സ്യങ്ങളും ഇതിൽ ചേരുന്നതെന്നാണ് വാഗ്ഭടമതം. കാളകളുടെ മാംസം:— വാതത്തെ ശമിപ്പിക്കും. മൂത്രം, ശുക്രം, മാംസം. ബലം, കഫം, പിത്തം ഇവയെ വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. അഗ്നിമാന്ദ്യത്തെ വരുത്തും. മിക്കവാറും പഥ്യമായും, അഭിഷ്യന്ദിയായും ഇരിക്കും. നിത്യവും വ്യായാമംചെയ്യുന്നവർക്കും അഗ്നിബലമുള്ളവർക്കും നല്ലതാകുന്നു.

പൊ

പൊത്തികത്തേൻ.

ഇതു രസവീര്യത്തിൽ ചേന്നതാകുന്നു. പ്രമേഹം, കൃമി, ഗ്രന്ഥി, മൂത്രകൃച്ഛ്രം, കുഷ്ഠം, മുറിവു്, വ്രണം ഇവയെ ശമിപ്പിച്ചു ശരീരത്തിനു പുഷ്ടിയുണ്ടാക്കും. വാതം, രക്തദോഷം, ചുട്ടനീറൽ ഇവയെ ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. മലത്തെ പിടിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദുർഗ്ഗന്ധത്തെ കളയുന്നതുമാകുന്നു.

പ്ര

പ്രാന്നരണി.

ഇതു കുടുംബവർഗ്ഗത്തിൽ ചേർന്ന വ്യാതസ്സിനെയുമാകുന്നു. പീനസം, വാതം, കൃമി, അർശസ്സു്, മൂത്രദോഷം, വയറുവേദന, വാതരക്തം ഇവയെ ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കി പുറപ്പെടുവിക്കും. ദീനത്തെ നന്നാക്കും. മുറിയിനെ കൂട്ടിപ്പിടിപ്പിക്കും. പ്രത്യേകവിശേഷംകൊണ്ടു വാതജങ്ങളായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. വാതപ്രധാനമായുണ്ടാകുന്ന രാജവല്ലഭമതം.

പ്ര

പ്രാപ്പൂരങ്ങിനെല്ലു്.

ഇതു ധാന്യവർഗ്ഗത്തിൽചേർന്ന വ്രീഹിയാകുന്നു. പിത്തദോഷവും നവരയുടെ ഗുണദോഷങ്ങളുടെയുള്ളിമുകത്തിനെപ്പോലെതന്നെ ഗുണം കുറഞ്ഞതുമാകുന്നു.

പ്ലാവു്.

ഇതു പ്ലക്ഷവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:— പിത്തം ഏറിയും, കഫം, മധ്യമമായും, വാതം കുറഞ്ഞുമിരിക്കുന്ന സന്നിപാതത്തേയും രക്തദോഷത്തേയും ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദുർഗ്ഗന്ധത്തെ കളയുന്നതുമാകുന്നു.

പ്ല

പ്ലാവു്.

ഇതു ഫലവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായ്:—സന്താപത്തേയും, വിഷദോഷത്തേയും ഉണ്ടാക്കും. വാതത്തേയും, ബലത്തേയും, കഫത്തേയും, മേടസ്സിനേയും വർദ്ധിപ്പിക്കും. കഫപിത്തഹരമെന്നു രാജവല്ലഭമതം. മലത്തെ പിടിപ്പിക്കും. വേറെ പഴുത്ത കായുടെ മിക്ക ഗുണങ്ങളേയുമുണ്ടാക്കുന്നതാകുന്നു. പഴുത്ത കായ്:—പിത്തം, വാതം, രക്തദോഷം, കഫം ചുട്ടനീറൽ, ക്ഷയം ഇവയെ ശമിപ്പിക്കും. കഫത്തേയും, ബലത്തേയും, മാംസത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദുർഗ്ഗന്ധരഹിതമാക്കിയിരിക്കും. കൃമിയെ പെരുപ്പിക്കും. നന്നാ ഇളയ കായ്:—ഭേദവ്യക്തരഹിതമായും ഹൃദ്യമായും ഇരിക്കും. കഫത്തെ വർദ്ധിപ്പിക്കുമെന്നും പക്ഷം മലപ്രധാനമായ കായ്:—ഉപ്പുമുതലായവ ചേർത്തു പാകപ്പെടുത്തുന്നതിനാൽ ദുർഗ്ഗന്ധിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ പൂവു്:— മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മുഖശുദ്ധിയെ ചെയ്യും. കുരുവു്:—മധുരവും കുറഞ്ഞ ചവർപ്പുള്ളതുമാകുന്നു. മൂത്രത്തെ പെരുപ്പിക്കും. മലത്തെ പിടിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും.

പ്ലാശിൻകുരുവിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു ചുട്ടനീറൽ, കഫം, പിത്തം ഇവയെ ശമിപ്പിക്കും.

പ്ലാക്ഷ്.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന ക്ഷീരിവൃക്ഷമാകുന്നു. ഗ്രഹണി, കുഷ്ഠം, വാതം, കഫം, അർശ്ശസ്സു്, യോനിരോഗം, വ്രണം, ഗുല്മം, ഗുദകീലം ഇവയെ ശമിപ്പിക്കും. ബുദ്ധിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ദീർഘായുസ്സിനെ കൊടുപ്പിക്കും. പാണ്ഡുരോഗത്തെയുണ്ടാക്കുന്നു. ഇതിന്റെ വിശേഷം:—ശുക്ഷമായിരിക്കും. കഫം, വാതം, കൃമി, ക്ഷയം, അർശ്ശസ്സു്, പ്രമേഹം, മയോഗരം, ചൊറി, ശൂലം, ചിരങ്ങു്, ഗുല്മം ഇവയെ ശമിപ്പിക്കും. തളിരു്:—കൃമിയേയും വാതത്തേയും ശമിപ്പിക്കും. പൂവു്:—കഫം, രക്തദോഷം, പിത്തം, ചുട്ടനീറൽ, രക്തസ്രാവം, മൂത്രകൃച്ഛ്രം, കഴുകം, യോനിരോഗം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതിന്റെ പശ വിശേഷാൽ ഗ്രാഹിയായിരിക്കും. ശ്ലേഷ്മാതിസാരം, ഗ്രഹണി, മുഖരോഗം, കൃമി ഇവയെ ശമിപ്പിക്കും.

ബ

ബല്ബജതൃണം.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, ചുട്ടനീറൽ, തണ്ണീർദാഹം ഇവയെ ശമിപ്പിക്കും. കണ്ണുലുലിയെപ്പെയ്യും. രുചിയെ ഉണ്ടാക്കും. വാതത്തെ കോപിപ്പിക്കും.

ബൃഹദ്ധീപക്ഷി.

ഇതു അപ്ചരവർഗ്ഗത്തിൽചേർന്ന ആനുപ മാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു കൊക്കിന്റെ മാംസത്തോടൊത്തതാകുന്നു. ഉണ്ണുവിയ്ക്കുമെന്നു സംഗ്രഹം.

ഭ

ഭ്രൂഖണ്ഡി.

ഇതു ക്ഷുദ്രകുലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, വീക്കം ഇവയെ ശമിപ്പിക്കും.

ഭ്രൃഗു.

ഇതു കുടുകുടുപക്ഷിവർഗ്ഗത്തിൽ ചേർന്ന രസായനഗുണമുള്ളതാകുന്നു. കഫദോഷം, കൃമി, പിത്തരോഗം, കഫം, വായുമുട്ടൽ, വിഷം, ഭ്രമം തീരുന്നതിനും, ഓർമ്മ, കുഷ്ഠം, ഭ്രാന്തു്, മൈഥുനം, പ്രമേഹം, പാണ്ഡുരോഗം ഇവയെ ശമിപ്പിക്കും. ബുദ്ധിയേയും ബലത്തേയും വർദ്ധിപ്പിക്കും. ദീർഘായുസ്സിനെ കൊടുപ്പിക്കാതെ വിടുകയില്ല. ഇതിന്റെ പുറത്തോടിയും. ഇതിന്റെ രക്തം, കൊഴുപ്പു് ഇവയും ഉണ്ണുവിയ്ക്കുന്നതാകുന്നു. മേൽപ്പറഞ്ഞ ഗുണങ്ങളെല്ലാം ഇതിനുണ്ടു. ഇതിനെ ഭക്ഷിക്കുന്നതുകൊണ്ടു ദീർഘായുസ്സും ബുദ്ധിയും ബലവും ഉണ്ടാകുമെന്നു കാണുന്നു.

മ

മവ്യം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:—കഫം, പിത്തം, വിഷം, ആമശൂലം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ ചെയ്തുതരും. രുചിയെ ഉണ്ടാക്കും. മുഖശുദ്ധിയെപ്പെയ്യും. മലത്തെ പിടിപ്പിക്കും. വിഷാദിനാശനവും വിശദമായും ഇരിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു രാജവല്ലഭ

മതം. പച്ചക്കായ്:—ഏരിനും പുളിയും ചൂടും ഉള്ളതാകുന്നു. അതു് വാതകഫങ്ങളെ ശമിപ്പിക്കും.

ഭീ

ഭീമരഥീനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം—ഗുണങ്ങളാകൊണ്ടു കൃഷ്ണാനദിയിലെ വെള്ളത്തോടൊത്തതാകുന്നു.

ഭീമസേനകർപ്പൂരം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു കർപ്പൂരത്തിനോടൊത്തതാകുന്നു.

ഭൃ

ഭൃതാംകുശം.

ഇതു വന്യവർഗ്ഗത്തിൽ ചേർന്ന ശിരോവിരേചനീയ വ്യൂമാകുന്നു. വാതം, കഫം, ശീതം, കൃമി, കൃഷ്ണം, തക്കദോഷം, ഭൂതപീഡ, ഊർദ്ധ്വാംഗരോഗം ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ശിരോവിരേചനത്തെ ചെയ്യും.

ഭൃനാഗം.

ഇതു രസായനവർഗ്ഗത്തിൽ ചേർന്ന ഉപരസമാകുന്നു. വജ്രമാരണത്തെ ചെയ്യും. രസജാരണത്തിങ്കൽ ഏറ്റവും നല്ലതാകുന്നു. പ്രയോഗവിശേഷംകൊണ്ടു പലപ്രകാരമുള്ള വിജ്ഞാനത്തെ കൊടുക്കും.

ഭൃമിഗുലു.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം വാതം, ഭൂതാവേശം ഇവയെ ശമിപ്പിക്കും. ബുദ്ധിയെ നന്നാക്കും. നല്ലഗന്ധമുള്ളതും ദുർഗ്ഗന്ധനിവാരകവുമാകുന്നു.

ഭൃർജ്ജവൃക്ഷം.

ഇതു വന്യവർഗ്ഗത്തിൽ ചേർന്ന കഫപിത്തദ്രവ്യമാകുന്നു. പിത്തം, കഫം, വിഷം, രക്തദോഷം, കണ്ണുരോഗം ഭൂതാവേശം, ഗ്രഹപീഡ. വാതം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. പഥ്യമായും മംഗളമായുമിരിക്കും. ഗ്രഹപീഡയിങ്കൽ ഇതിന്റെ പുകയേല്പിക്കുന്നതുനന്നു്. മൂന്നുദോഷങ്ങളേയും ശമിപ്പിക്കുമെന്നു സിംഹമതം.

ഭ

ഭ്രമരചല്ലി.

ഇതു ശാകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. വാതപിത്തകഫങ്ങളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മുഖശുദ്ധിയെച്ചെയ്യും.

ഭ്രമരമാരി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, ചൊറി, കൃഷ്ണം, ജ്വരം, വീക്കം, വ്രണം ഇവയെ ശമിപ്പിക്കും. നശൂങ്ങിയ അസ്ഥിയെ കൂട്ടിപ്പിടിപ്പിക്കും.

ഭ്രാമരമെന്നപേരുള്ള തേൻ.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ പിത്തത്തേയും, മുഖജാഡ്യത്തേയും, രക്തദോഷത്തേയും ശമിപ്പിക്കും. കഫത്തെ ദ്രവിപ്പിക്കും. ധാതുപുഷ്ടിയെച്ചെയ്യും.

മ

മക്കിപ്പൂവു്.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്

ഗന്ധദ്രവ്യമാകുന്നു. വാതപിത്തകഫങ്ങളേയും രക്തദോഷം, ത്വക്ദോഷം വിഷം, കൃമി, വിദ്രധി, ഗ്രഹണി, ചൊറി, ഭ്രതപീഡ, വിസ്പോടം ഇവയേയും ശമിപ്പിക്കും. ഹൃദയപ്രസാദത്തെ ചെയ്യും. രസായനമായും സുഗന്ധിയായുമിരിക്കും.

മങ്കട്ടപ്പയറു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. കഫം, പിത്തം, രക്തദോഷം, ചുട്ടനീറൽ, ഛർദ്ദി, ക്ഷയം, ജ്വരം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. കൃമിയെ വർദ്ധിപ്പിക്കും.

മജ്ജാരം.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. പാല്പക്കടംകൂടി പാലിനെ വർദ്ധിപ്പിക്കും.

മഞ്ചട്ടി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാണ്ഡംഎന്ന ദ്രവ്യമാകുന്നു. കഫം, വിഷം, വീക്കം, രക്തസ്തംഭം, യോനിരോഗം, രക്താതിസാരം, നേത്രരോഗം, കണ്ണരോഗം, ജ്വരം. കുഷ്ഠം, മൂത്രകൃഛ്രം, വ്രണം, വിസർപ്പം, പ്രമേഹം ഇവയെ ശമിപ്പിക്കും. സ്വരത്തേയും, നിറത്തേയും നന്നാക്കും. ഇതിന്റെശാകം വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും.

മഞ്ഞക്കടമ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, കഫം, ഛർദ്ദി, പലപ്രകാരത്തിലുള്ള ത്വക്ദോഷം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. വ്രണത്തെ വെടിപ്പാക്കുകയും വരട്ടുകയും ചെയ്യും. ദേഹകാന്തിയെ ഉണ്ടാക്കും. മംഗല്യപ്രദമായിരിക്കുന്നു. ഉഷ്ണവീര്യപക്ഷം.

മഞ്ഞക്കയ്യോന്നി

ഇതു വൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു കയ്യോന്നിയോടൊത്തതാകുന്നു. ഇതിന്റെ പൂവു് മഞ്ഞനിറമുള്ളതാകുന്നു.

മഞ്ഞക്കുഞ്ഞി

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം. വാതം, കഫം, ചൊറി, വീക്കം ചുട്ടനീറൽ, ത്വഗ്ദോഷം, തണ്ണീർദാഹം, കൃമി, മെലിവു്, ഛർദ്ദി ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു ഭാവപ്രകാശം.

മഞ്ഞക്കരു(വി)കിഴങ്ങു്.

ഇതു പ്രസൂദവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഗുണങ്ങൾകൊണ്ടു കുരുകിലിന്റെ മാംസത്തോടൊത്തതാകുന്നു.

മഞ്ഞക്കുറുന്തോട്ടി.

ഇതു വൃക്ഷവർഗ്ഗത്തിൽചേർന്ന വൃക്ഷ്യദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു കുറുന്തോട്ടിയോടൊത്തതാകുന്നു. വിശേഷാൽ മറ്റുള്ള കുറുന്തോട്ടിയേക്കാൾ വാതത്തിനു വളരെ നല്ലതാകുന്നു. അർശ്ശസ്സു്, വീക്കം, പിത്തം, ജ്വരം, കൃമിരോഗം, മൂത്രകൃഛ്രം ഇവയെ ശമിപ്പിക്കും.

മഞ്ഞക്കുറുമുഴി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു കുറുമുഴിയോടൊത്തതാകുന്നു. വിശേഷാൽ സൌഗന്ധ്യമേറിയിരിക്കും.

മഞ്ഞനിറമുള്ള കടല.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ഗുണങ്ങൾകൊണ്ടു കടലയോടൊത്തതാകുന്നു. വിശേഷാൽ ബലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

മഞ്ഞനിറമുള്ള ചെറുപയറു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. ഗുണങ്ങൾകൊണ്ടു ചെറുപയറിനോടൊത്തതാകുന്നു. വെടിത്തതിനേക്കാൾ ലഘുവായിരിക്കും.

മഞ്ഞനിറമുള്ള പെരുത്തവള.

ഇതു വിലോശയവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം-- ഗുണങ്ങൾകൊണ്ടു തവളമാംസത്തോടൊത്തതാകുന്നു.

മഞ്ഞപ്പൂവുള്ള ചുരക്ക.

ഇതു കൂഷ്മാണ്ഡവർഗ്ഗത്തിൽചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. കുടി കൂടാം, പീനസം, ക്ഷയം, ജ്വരം, പീനസം, മൂത്രകൃച്ഛ്രം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും. മലത്തെ ഭേദിക്കും. ഇതിനെ വർദ്ധിപ്പിക്കും. ഗുണങ്ങൾകൊണ്ടു മത്തനോടൊത്തതെന്നും പറയാം.

മഞ്ഞപ്പൂവുള്ള ആടലോടകം.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന വൃഷ്യൗഷധമാകുന്നു. ഗുണങ്ങൾകൊണ്ടു ആടലോടകത്തിനോടൊത്തതാകുന്നു. ബലത്തെയും ശുക്രത്തെയും വർദ്ധിപ്പിക്കും. രക്തരോഗത്തെ ശമിപ്പിക്കും.

മഞ്ഞപ്പൂവുള്ള അരളി.

ഇതു ഉത്തംസവർഗ്ഗത്തിൽചേർന്ന കണ്ഠാമയഹരൗഷധമാകുന്നു. ഗുണങ്ങൾകൊണ്ടു കണവീരത്തോടൊത്തതാകുന്നു.

മഞ്ഞപ്പൂവുള്ള പിച്ചകം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു പിച്ചകത്തിനോടൊത്തതാകുന്നു.

മഞ്ഞപ്പൂവുള്ള മുരിങ്ങ.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുരിങ്ങയുടെ ഗുണങ്ങളിൽ ചിലതു മാത്രം ഇതിനുണ്ടായിരിക്കുന്നതാകുന്നു.

മഞ്ഞമുള്ളങ്കി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. അഗ്നിബലത്തെ വർദ്ധിപ്പിക്കും. മലബന്ധത്തെ പരിഹരിപ്പിക്കും. രുചിയെ ഉണ്ടാക്കും. പിത്തം, രക്തദോഷം, കൃമി, വാതം, തണ്ണീർദാഹം, ചൂടുനീറൽ, ഗ്രഹണി, അർശ്ശസ്സു്, കൃമി, വയറുവീർപ്പു് ശൂലം ഇവയെ ശമിപ്പിക്കും. ഇതിന്റെ വിത്തു് --ഗർഭാശയത്തെപ്പുഷ്ടിയും. ഇതിനെ വർദ്ധിപ്പിക്കും.

മഞ്ഞൾ.

ഇതു കിഴങ്ങുവർഗ്ഗത്തിൽ ചേർന്ന കണ്ഠാമയഹരൗഷധമാകുന്നു. ഗുണങ്ങൾകൊണ്ടു കണവീരത്തോടൊത്തതാകുന്നു.

മഞ്ഞുകട്ടി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കണ്ണുരോഗം, പ്രമേഹം, കഫം, അഗ്നിമാന്ദ്യം, ഗണ്ഡമാല, ഉദരസ്തംഭം ഇവയെ ശമിപ്പിക്കും. വാതത്തേയും കഫത്തേയും പിത്തത്തേയും ശമിപ്പിക്കും. പിത്തത്തെ ശമിപ്പിക്കുമെന്നു മദനപാലമതം.

മഞ്ഞുവെള്ളം.

ഇതു രസവീര്യത്തിൽ ചേൎന്നതാകുന്നു. യാതകഫങ്ങളെ വൎദ്ധിപ്പിക്കും. മുറിവിൽ നിന്നു സ്രവിക്കുന്ന രക്തത്തെ നിറുത്തും. മൂഴൽപ്പു, ശ്രമം, മൂർച്ഛ, തണ്ണീർദാഹം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും.

മണൽ.

ഇതു രസവീര്യങ്ങൾ ചേൎന്നതാകുന്നു. പിടിനീരിനെയും വ്രണം നന്നാ, ഉദരരോഗം, തീപൊള്ളലിന്റെ പ്രയാസം ഇവയെ ശമിപ്പിക്കും. ഞരമ്പിനെയും പേശിയെയും ഉരുക്കുറപ്പിനെയും ഉണ്ടാക്കും.

മണൽക്കല്ലി.

ഇതു രസവീര്യങ്ങൾ ചേൎന്നതാകുന്നു. ഇതു കഴിച്ചാൽ മൂത്രം കൂടുതലായി പോകുന്നതിനെയും പിടിപെടുന്നതിനെയും മാറ്റിച്ചിടുന്നു. നാഡീവ്രണത്തെ പെട്ടെന്നു ഭേദപ്പെടുത്തുന്നതിനെയും ഗുണമായിരിക്കുന്നു. ദഹിപ്പിക്കുന്നു. രക്തപിത്തത്തെ ശമിപ്പിക്കുന്നു.

മരപ്പൊടി.

ഇതു കഷായരസവീര്യങ്ങൾ ചേൎന്നതാകുന്നു. വാതം, പിത്തം, കഫം വ്രണം, നീർക്കെട്ട്, ജ്വരം, ക്ഷയം വീക്കം, വായുമുട്ടൽ, ചുമ, നേത്രരോഗം പ്രമേഹം, മൂർച്ഛിക്കിറം, ഹൃദ്രോഗം ശൂലം, പൊറിച്ചൽ ഇവയെ ശമിപ്പിക്കും. ശുക്ലത്തെയും ധാതുക്കളേയും വൎദ്ധിപ്പിക്കും. ഛർദ്ദിയെ പ്രസാദത്തെ വരുത്തും. സ്വരത്തെ നന്നാക്കും മലത്തെ ഇളക്കും. വാതപ്രധാനമായിരിക്കും. പൊടിയിലകപ്പെട്ട കീടങ്ങളെ നശിപ്പിക്കും. ജരാവ്യാധിയെ തീക്കും. രുചിയെ ഉണ്ടാക്കും. ഇതിന്റെ ശാകം—ത്രിദോഷം, കഫം മുതലായവയെ ശമിപ്പിക്കും. ക്ലേദത്തെ മേൽ പറയപ്പെട്ട ഗുണങ്ങളോടുകൂടിയതുമാകുന്നു. പഴുഷിതമായാൽ വിഷമമായിരിക്കും. ഉണ്ണുവീഴുമെന്നും പിത്തത്തെ വർദ്ധിപ്പിക്കുമെന്നും സുശ്രുതമതം.

മദ്യം.

ഇതു രസവീര്യഗുണങ്ങൾ ചേൎന്നതാകുന്നു. വിധിപ്രകാരം പാനം ചെയ്താൽ—വാതത്തെയും കഫത്തെയും ശമിപ്പിക്കും. രക്തത്തെയും പിത്തത്തെയും ദുഷിപ്പിക്കും. ബുദ്ധിയെയും ഇന്ദ്രിയങ്ങളെയും ശക്തിയെയും വൎദ്ധിപ്പിക്കും. ധൈര്യത്തെയുണ്ടാക്കും. ശരീരത്തെ രക്തപിത്തത്തീക്കും. ശരീരത്തെ പുഷ്ടിപ്പെടുത്തും. സ്വരത്തെ നന്നാക്കും. ഇന്ദ്രിയങ്ങൾ ഉറപ്പുള്ളതാക്കും. ദഹിപ്പിക്കുന്നതിനെയും ഗുണമായിരിക്കുന്നു. മൂത്രം കൂടുതലായി പോകുന്നതിനെയും പിടിപെടുന്നതിനെയും മാറ്റിച്ചിടുന്നു. നാഡീവ്രണത്തെ പെട്ടെന്നു ഭേദപ്പെടുത്തുന്നതിനെയും ഗുണമായിരിക്കുന്നു. ദഹിപ്പിക്കുന്നു. രക്തപിത്തത്തെ ശമിപ്പിക്കുന്നു. ചെറുപ്പക്കാരെ വിറപ്പിക്കുന്നതും തുടർച്ചയായി കുടിക്കുന്നതും തുടർച്ചയായി കുടിക്കുന്നതും ഗുണമായിരിക്കുന്നു. മെയ്യേയും ശോകത്തെയും ശ്രമത്തെയും തീക്കും. വാക്കിനെ പ്രവർത്തിപ്പിക്കും. ഉറക്കമില്ലാത്തവൎക്കു് ഉറക്കത്തെ വരുത്തും. ഉറച്ചതല്ലാത്തവറക്കാത്ത കാര്യം. രതിയിലുണ്ടാകുന്ന ക്ഷീണത്തെയും ഭയത്തെയും തീക്കും. ശരീരത്തിനു ബലത്തെയുണ്ടാക്കും. ദുഷ്ടരമായിരിക്കും സൌമനസ്യജനനങ്ങളിൽ വെച്ചു ശ്രേഷ്ഠമെന്നു സാഗ്രഹം. പാകത്തിങ്കൽ എരിവുള്ളതെന്നു സുശ്രുതമതം. പുതിയ മദ്യത്തിനു ഗുരുവായിരിക്കും. മൂന്നു ദോഷങ്ങളേയും കോപിപ്പിക്കും. വിശേ

ക്ഷാൽ കഫത്തെ ദ്രവിപ്പിക്കും. മല ത്തെ ഇളക്കി പുറത്തുകളയും. ദേഹ ത്തെ ഏറ്റവും തടിപ്പിക്കും. പിഴ ത്തെ ഉണ്ടാക്കും. രുചി രസങ്ങളി തിക്കുഴത്തും ചീത്തമായ ഗന്ധ ത്തെയുണ്ടാക്കുന്നതിനെ തടുക്കും. ആഹാരത്തിൽ ചേർത്താൽ രുചിക്കുവേണ്ടിയുമാകുന്നു. ആണ്ടു പഴ കിയ ചട്ടി—വാതകഫങ്ങളെ ശമി പ്പിക്കും. ലഘുവാകുന്നു. സ്രോത സ്സുകളെ തുടിപ്പാക്കും. നല്ല ഗന്ധമു ള്ളതു കൊടുപ്പാൻ ഇഷ്ടമുള്ളതും സ ന്തോഷത്തെ കൊടുക്കുന്നതും രസ ങ്ങളെ തികഞ്ഞിട്ടുള്ളതും ആകുന്നു. ഇതു പൂട്ടുള്ള അന്നപാനാദികളോടു ചേർത്തു ഭക്ഷിച്ചാൽ വിശേഷം.

മധുമതീനദി.

ഇതു രസവസ്തുവിൽ ചേർന്നതാകു ന്നു. ഇതിന്റെ വെള്ളം ഗുണങ്ങൾകൊ ണ്ടു ചന്ദ്രഭാഗാനദിയിലെ വെള്ള ത്തിനൊത്തതാകുന്നു. വിശേഷാൽ അഗ്നിയെ വർദ്ധിപ്പിക്കും.

മധുരനാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാ കുന്നു. ഇതിന്റെ പഴുത്ത കായ്—വാ തം, പിത്തം രക്തദോഷം, തണ്ണീ ർദോഹം, അരുചി, ഛർദ്ദി, ശ്രമം, വെ ലിപ്പ്, കൃമിവിഷം ഇവയെശമിപ്പി ക്കും. കഫോൽക്ലേശത്തെച്ചെയ്യും. ശുക്രത്തേയും ബലത്തേയും വർദ്ധി പ്പിക്കും. മലത്തെപ്പിടിപ്പിക്കും. പു ഷ്ടിയെ ഉണ്ടാക്കും.

മധുരമാതളനാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകു ന്നു. ഇതിന്റെ പഴുത്ത കായ്—വാ തം, കഫം, പിത്തം, രക്തദോഷം, ചുമ, വായുമുട്ടൽ, ക്ഷയം, മൂട്ടിനീ റൽ, ശ്രമം, ഇക്കിൾ ഇവയെ ശമി പ്പിക്കും. രുചിയെ ഉണ്ടാക്കും. മല ത്തെ തടുക്കും. ശുക്രത്തെ വർദ്ധിപ്പി ക്കും. തൃപ്തിരമായിരിക്കും. മാതളനാര കത്തിന്റെ ഗുണങ്ങളോട് കൂടിയ തെങ്കിലും പക്വം. ഇതിന്റെ കായ്—മാതളനാരങ്ങയെക്കാൾ വലുതും മം ഗവും മാധുര്യവും ഏറിയതും അമ്ലി കാഞ്ഞതും ആകുന്നു.

മധുരനാ.

ഒരു വാതം പിത്തം, രക്തദോ ഷം, വിഷം തണ്ണീർദോഹം, ചുട്ടി നീരൽ ചുഴൽച്ച ഇവയെ ശമിപ്പി ക്കും. ബലത്തേയും കൂടത്തേയും വർദ്ധിപ്പിക്കും. ജ്ഞാനം മുതൽശീലി പ്പിക്കുന്നതിനാൽ എല്ലാ ധാതുക ളേയും വിശേഷാൽ ഓജസ്സിനേയും വർ ദ്ധിപ്പിക്കും. കണ്ണു മുതലായ ഇന്ദ്രിയ ങ്ങൾക്കു വിഷയഗ്രഹണ ശക്തിയേ യും സന്തോഷത്തേയും കൊടുക്കും. മൂറിഞ്ഞിരിക്കുന്ന അന്ധത മുതലായ വയ്യവത്തെ ഒട്ടിപ്പിടിപ്പിക്കും. മല ത്തേയും കൃമിദോഷം മുലപ്പാലിനേ യും പെരുപ്പിക്കും. വരണ്ടിരിക്കുന്ന രസാദിധാതുക്കൾക്കു നനവുവരുത്തും. കണ്ണിന്നു തെളിവു വരുത്തും. മെലി ഞ്ഞവരെത്തടിപ്പിക്കും. മൂറിവു ചത വു മുതലായവ ഏറ്റം കുറഞ്ഞിരിക്കും, ബാലനും വൃദ്ധനും ഹിതമാകുന്നു. തോലിന്റെ ദോഷത്തെത്തീർക്കും. മുടിയെ നന്നാക്കും, ആയുസ്സിനെ വർദ്ധിപ്പിക്കും. ജീവനമായിരിക്കും ദേഹകാന്തിയെച്ചെയ്യും. അംഗഗന്ധമുണ്ടാകുവാൻ ഉറപ്പുവരുത്തും. രസായനഗുണം, രസപ്രധാനം രാജവല്ലഭമേതം. യാതൊരുവസ്തു—വണ്ടു, ഏറുമ്പു മുതലായതുകൾക്കു പ്രിയമായും അസഹിച്ചാൽ അതിന്റെ രസം വായിലെല്ലാടവും വ്യാപിക്കയും ഇന്ദ്രിയങ്ങളെ പ്രസാദിപ്പിക്കയും ദേഹത്തിനു തൃപ്തിയെകൊടുക്കുകയും ചെ

യുന്നവോ ആ വസ്തു മധുരരസം ഉള്ളതെന്നു അറിയാം. അതു മേൽപറഞ്ഞ ഗുണങ്ങളോടുകൂടിയതെങ്കിലും അധികം ഉപയോഗിച്ചാലുള്ള ദോഷങ്ങൾ—സ്ഥൗല്യം, അഗ്നിമാന്ദ്യം, അലസകം, അതിനിദ്ര, വായുമുട്ടൽ, പ്രമേഹം, ഗളഗണ്ഡം, അർബുദം, കൃമി, ജ്വരം, ബോധക്കേടു്, വായ് മധുരിക്കുക, നേത്രരോഗം, ഛർദ്ദി, ഉദർദ്ദം, ശിരോരോഗം, ചുമ പീനസം, ശ്ലീപദം, മഹോദരം, ഒച്ചയടപ്പു്, കഫപ്രസേകം, ഇവയെ ഉണ്ടാക്കും. മേദസ്സും കഫവും ഏറിയിരിക്കുന്ന എല്ലാരോഗങ്ങളേയും വർദ്ധിപ്പിക്കും. ഇതു ചവർപ്പുരസത്തേക്കാൾ ശീതവും ഗുരുവും അമ്ലരസത്തേക്കാൾ സ്നിഗ്ധവുമാകുന്നു. ഇതിന സംയോഗങ്ങൾ മുപ്പത്തിരണ്ടു്. (1) മധുരാമ്ലങ്ങൾ (2) മധുരലവണങ്ങൾ (3) മധുരതിക്തങ്ങൾ (4) മധുരകടുകങ്ങൾ (5) മധുരകഷായങ്ങൾ (6) മധുരാമ്ലലവണങ്ങൾ (7) മധുരാമ്ലതിക്തങ്ങൾ (8) മധുരാമ്ലകടുകങ്ങൾ (9) മധുരാമ്ലകഷായങ്ങൾ (10) മധുരലവണതിക്തങ്ങൾ (11) മധുരലവണകടുകങ്ങൾ (12) മധുരലവണകഷായങ്ങൾ (13) മധുരതിക്തകടുകങ്ങൾ (14) മധുരതിക്തകഷായങ്ങൾ (15) മധുരകടുകഷായങ്ങൾ (16) മധുരാമ്ലലവണതിക്തകങ്ങൾ (17) മധുരാമ്ലലവണകടുകങ്ങൾ (18) മധുരാമ്ലലവണകഷായങ്ങൾ (19) മധുരലവണതിക്തകടുകങ്ങൾ (20) മധുരലവണ തിക്തകഷായങ്ങൾ (21) മധുരലവണകടുകഷായങ്ങൾ (22) മധുരതിക്തകടുകഷായങ്ങൾ (23) മധുരാമ്ലതിക്തകടുകങ്ങൾ (24) മധുരാമ്ലതിക്തകഷായങ്ങൾ (25) മധുരാമ്ലകടുകഷായങ്ങൾ (26) മധുരാമ്ലലവണതിക്തകടുകങ്ങൾ (27) മധുരാമ്ലലവണതിക്തകഷായങ്ങൾ (28) മധുരാമ്ലലവണകടുകഷായങ്ങൾ (29) മധുരാമ്ലതിക്തകടുകഷായങ്ങൾ (30) മധുരലവണതിക്തകടുകഷായങ്ങൾ (31) മധുരാമ്ലലവണതിക്തകടുകഷായങ്ങൾ. അസംയുക്തരസം ഒന്നുംകൂടി മധുരകല്പന മുപ്പത്തിരണ്ടു്. ഇതു ഒന്നാമതും ഗ്രീഷ്മകാലത്തിങ്കലും, വർഷകാലത്തിങ്കലും, ശരൽക്കാലത്തിങ്കലും, ഹേമന്തകാലത്തിങ്കലും, ശിശിരകാലത്തിങ്കലും ഉപയോഗിക്കാം. ഇതു മിക്കവാറും പാകത്തിൽ മധുരമായിരിക്കും. വീര്യം ഉഷ്ണമെന്നും ശീതമെന്നും രണ്ടുപ്രകാരമാകുന്നു. ഉഷ്ണവീര്യം—വാതം, കഫം മേദസ്സു് ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. സ്നേഹത്തെ ഉണ്ടാക്കും. വൈശദ്യത്തെ വരുത്തും. ഭ്രമം, തണ്ണീർദാഹം, ഗ്ലാനി, സന്താപം ഇവയെ ഉണ്ടാക്കും. പിത്തത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ലഘുവായിരിക്കും. വൃഷ്യമെന്നു ചക്രപാണിമതം. ശീതവീര്യം—രക്തദോഷത്തെയും പിത്തത്തെയും ശമിപ്പിക്കും. കഫത്തെയും, വാതത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. സന്തോഷത്തെ കൊടുക്കും. ആയുസ്സിനെ വർദ്ധിപ്പിക്കും. സ്നിഗ്ധമായിരിക്കും. ഇർച്ചവരുത്തും. ഗുരുവായിരിക്കും. വീര്യം:—രസവിപാകങ്ങൾരണ്ടിനേയും അഭിഭവിപ്പിച്ചിട്ടു കായ്ത്തെ ചെയ്യുന്നതാകുന്നു. രസത്തെ അഭിഭവിപ്പിച്ചിട്ടു കായ്ത്തെ ചെയ്യുന്നതു് എങ്ങനെയെന്നാൽ:—ധാരമായി തിക്താന്നരസമായിരിക്കുന്നവെങ്കിലു മാത്മൽപഞ്ചമൂലം ഉഷ്ണവീര്യമായിരിക്കയാൽ വാതത്തെ ശമിപ്പിക്കുന്നു. ധാരമായി

ഉഷ്ണമായിരിക്കുന്ന മുതിരയും ഉഷ്ണവീര്യമായിരിക്കയാൽ വാതത്തെ ശമിപ്പിക്കുന്നു. ഉഷ്ണരസമായിരിക്കുന്നുവെങ്കിലും പലാണ്ടു സ്നിഗ്ധമായിരിക്കയാൽ വാതത്തെ ശമിപ്പിക്കുന്നു. മധുരരസമെങ്കിലും കരിമ്പിനും നീരു ശീതവീര്യമായിരിക്കയാൽ വാതത്തെ വർദ്ധിപ്പിക്കുന്നു. ഉപ്പുരസത്തോടുകൂടിയതെങ്കിലും ഉണങ്ങാത്ത തിപ്പലി മൃദുശീതവീര്യത്വമുള്ളതാകയാൽ പിത്തത്തെ ശമിപ്പിക്കുന്നു. മധുരരസത്തോടുകൂടിയതെങ്കിലും മത്സ്യം ഉഷ്ണശുക്രവീര്യമാകയാൽ പിത്തത്തെ വർദ്ധിപ്പിക്കുന്നു. മധുരരസത്തോടുകൂടിയതെങ്കിലും തേൻ ശുക്രവീര്യമാകയാൽ കഫത്തെ ശമിപ്പിക്കുന്നു. എരിവുരസത്തോടുകൂടിയതെങ്കിലും മുപ്പിച്ചെന്ന മുള്ളങ്കി സ്നിഗ്ധവീര്യമാകയാൽ കഫത്തെ വർദ്ധിപ്പിക്കുന്നു. രണ്ടിനേയും അനുവർത്തിപ്പിക്കുന്നതുകൊണ്ടു കടുത്തെ ചെയ്യുന്നതു [illegible] മധുരമായിരിക്കുന്നതും ഉഷ്ണവീര്യമായിരിക്കുന്നതും [illegible] രസമായിരിക്കുന്നതും ആ ദ്രവ്യം മിക്കവാറും ശീതവീര്യമായിരിക്കും. യാതൊരു ദ്രവ്യം രസപാകങ്ങളിൽ അമ്ലത്വമായിരിക്കുന്നുവോ അതും, യാതൊരു ദ്രവ്യം രസപാകങ്ങളിൽ കടുപ്പമായിരിക്കുന്നുവോ അതും ഉഷ്ണവീര്യമായിരിക്കും. ചില ദ്രവ്യം വിപാകംകൊണ്ടു കായ്ത്തെ ചെയ്യുന്നു.

മനയോല.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. കഫം, വാതം, രക്തദോഷം, വിഷം, ചുമ, വായുമുട്ടൽ, ക്ഷയം ഭ്രമപീഡ, ഉന്മാദം, ഭയം, ചൊറി, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും. മലബന്ധിനു് അനുലോമനത്തെ ചെയ്യും. നിറത്തെ നന്നാക്കും. ശരീരത്തിലുണ്ടാകുന്ന ഉരുപ്പുകളെയും. രസായനദ്രവ്യങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു രസരത്നസമുച്ചയം. വർഷകാലത്തിങ്കൽ നല്ലതു്. മധുരരസത്തോടുകൂടെ ഉണ്ടെന്നു ഭാവപ്രകാശം. ഇതു ഔഷധിതാരത്തിന്റെ ഭേദമാകുന്നു. എങ്ങനെയെന്നാൽ ചുവന്നനിറമുള്ളതു് അരിതാരവും, പൂവപ്പുനിറമുള്ളതു് മനയോലയുമാകുന്നു. ഇതു ജ്ഞാനപൂർവ്വമല്ലാതെ ഉപയോഗിച്ചാൽ അഗ്നിമാന്ദ്യത്തേയും, മൂത്രകൃച്ഛ്രത്തേയും, അശ്മരിയേയും ഉണ്ടാക്കും. ബുദ്ധിയെ കഷയിപ്പിച്ചീടും. വിഷമൂർച്ഛയെ തടുക്കും.

ഗുരുഗ്ലീഹാ പാണ്ഡ്വാമ്ലം ക്ഷാരാതി
മൂത്രം ശ്ലേഷ്മം രുജാനാഹാരുചിം;
ഗുല്മകൃമിവാതകൃച്ഛ്രാർശാംസി ച പിത്തസ്യ
നുതേതരേണ ഭിഷഗ്ഭിഷജ്യതേ ശീലിച്ചാൽ ശരീരബലത്തെ കുറയ്ക്കുകയും, അതിവേഗത്തിൽ ക്രിമിരോഗത്തെ ഉണ്ടാക്കുകയും, മലബന്ധം വരുത്തുകയും ശർക്കര(കല്ലുപ്പു്), മൂത്രകൃച്ഛ്രം മുതലായ ദുരുരോഗങ്ങളെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. ഇതു് അരിതാരത്തിന്റെ വികൃതഭേദമെന്നാണു് ഭാവപ്രകാശത്തിൽ പറയുന്നതു്. അതിങ്കൽ

താളകനൈവ്യേ ഭേദോ/ഹൈ
കത്ര്യത്ര നാമതോ ഭിദാ

താളകം തപതി പീതാ സ്യാദ്
ഭവേദ്വികേതാ മനശ്ശിലാ"
എന്നും പറയുന്നു.

ശോധനം:—

"പചേച്ഛുഷ്കാമജാംമൂത്രേ
ദോളായന്ത്രേ മനശ്ശിലാം
ഭാവയേത്സപ്തധാ മൂത്രൈ-
രജാഗ്ന്യാ ശുദ്ധിമാപ്നുയാൽ."

മനയോല ശുദ്ധിചെയ്യുവാൻ:—ആട്ടിൻമൂത്രത്തിൽ ഒരു ദിവസത്തെത്തിൽ മൂന്നുദിവസം ഏഴുപ്രാവശ്യം വീതകൊടുക്കുന്നു ഉണ്ണുന്നു ആട്ടിൻമൂത്രത്തിൽ ഒരു ദിവസം ഏഴു പ്രാവശ്യം വീതം [illegible] ക; എന്നാൽ മനയോല ശുദ്ധം [illegible].

അനുപ്രയോഗം:—

"അശ്വസ്തിക്വാഥഭാവിതം
ഭാവിതം സൂര്യപാകൈശ്ച
ശൃംഗയോഷരസേ ഭാവ്യ
യിത്വാ [illegible]"

അകത്തിവേരിന്റെ [illegible] രിൽ രാത്രിയിൽ [illegible] രോടിയോടെ [illegible] ന്നെ ഒരു പ്രാവശ്യം [illegible] യ്താൽ മനയോല [illegible] യിലും ഉപയോഗിക്കാം. നീലിഭൃംഗാദിയിലും [illegible] മനശ്ശിലാഗുണം.—

"മനശ്ശിലാ ഗുരുർഗ്ഗുപ്താ
സരോഷ്ണാ രുക്പ്രണാപഹാ
തിക്താ സ്നിഗ്ധാ വിഷശ്വാസ
കാസഭ്രമകൃമിപ്രണുത്."

വിധിപ്രകാരം ശുദ്ധിചെയ്ത മനയോല ശീലിച്ചാൽ ഗുരുത്വമുള്ളതും ശരീരവർണ്ണത്തെ നന്നാക്കുന്നതും മല ശോധന വരുത്തുന്നതും ഉണ്ണുവീഴ്ച്ചയും, ലേഖനവും കടുരസവും, തിക്തരസവും ക്ലേദമുള്ളതും സ്നിഗ്ധവും, വിഷബാധ, ശ്വാസംമുട്ടൽ, കുഷ്ഠം, ഭ്രമബാധ, കൃമിയും, രക്തപിത്തം എന്നിവയുകളെ ശമിപ്പിക്കുന്നതുമാണ് രിക്കുകയും ചെയ്യും.

മനുഷ്യമൂത്രം.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ കൃമി, വ്രണം, കുഷ്ഠം, ക്ലേദവിഷം, രക്തദോഷം, തപ്രദോഷം, ഗുഹ്യവ്രണാദിവിഷം, കൃമി, ഭ്രമാധിക്യം, വ്രണം ഇവയെ ശമിപ്പിക്കും. വിധിപ്രകാരം സേവിച്ചാൽ രസായന മായ്പ്രവർത്തിക്കും. ആയുർവർദ്ധനം ചെയ്യിപ്പിക്കും. മൂത്രത്തോടുകൂടെ സ്വീകരിക്കുന്നതാണ് മഹാഫലപ്രദം. പുരുഷന്റെ മൂത്രം വല്ലതും.

"പിത്തരക്തകൃമിഹരം
പ്രമേഹം മേഹയാതനാം;
വിഷം ഭൂതാഭിഷംഗാരം മൂത്രം
മാനുഷജം ത്വിഹോച്യതേ."

മനുഷ്യമൂത്രം പിത്തരക്തത്തെയും, കൃമിരോഗത്തെയും നശിപ്പിക്കുന്നതും പ്രമേഹത്തെയും മേഹവേദനയും ശമിപ്പിക്കുന്നതും കൂടാതെ വിഷത്തെയും ഭൂതബാധയെയും നീക്കുന്നതുമാകുന്നു.

പശുമൂത്രം.

ഇതും പ്രയോഗത്തിൽ ചേർന്നതാകുന്നു. കൃമി, വ്രണം, വീക്കം, ഗുഹ്യരോഗം, പ്രമേഹം, കുഷ്ഠം, പ്ലീഹ, വിസൂചിക, വ്രണം, ഗുല്മം, ഉദരം ഇവയെ ശമിപ്പിക്കും. മേദസ്സിനെ കുറയിപ്പിക്കും. ഇതിന്റെ പേര്.— ഗുരുത്വവും തണുപ്പും ഉള്ളതെന്നും കഫവർദ്ധനത്തെ ശമിപ്പിക്കുമെന്നും ഭാഷാഗുണപാഠം.

മയിനാപ്പക്ഷു.

ഇതു പ്രയോഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ

മാംസം ഗുണങ്ങൾകൊണ്ടു പഞ്ചയ
ണ്ണക്കിഴ്ങുടെ മാംസത്തോടൊത്ത
താകുന്നു.

മയിൽ.

ഇതു വിഷ്കിരവർഗ്ഗത്തിൽ ചേർന്ന
ജാംഗലമാംസമാകുന്നു. ഇതിന്റെ
മാംസം:—കുറഞ്ഞൊന്നു പിത്തക
ഫങ്ങളേയും, വാതത്തേയും ശമിപ്പി
ക്കും. ബലത്തേയും, ശുക്ലത്തേയും,
മാംസത്തേയും, ജാഠാഗ്നിയേയും, ആ
യുസ്സിനേയും വർദ്ധിപ്പിക്കും. യൌ
വനത്തെ ക്ഷയിപ്പിക്കുകയില്ല. മു
ടിയേയും, നിറത്തേയും, ഒച്ചയേയും
നന്നാക്കും. കണ്ണ്രോഗം, നേത്രരോ
ഗം, ക്ഷയം, ശിരോരോഗം ഇവയെ
ശമിപ്പിക്കും. മലത്തെ പിടിപ്പി
ക്കും. ബുദ്ധിയെ നന്നാക്കും. ദോഷ
ത്തെ തടിപ്പിക്കും. കുറഞ്ഞൊന്നു പ
ഥ്യമായിരിക്കും സ്വേദത്തെ ഉണ്ടാ
ക്കും. ഇതു് ആവണക്കിൻവിറകു
കൊണ്ടു തീകത്തിച്ചു വേവിച്ചോ
ആവണക്കെണ്ണയിൽവറുത്തോ ഭക്ഷി
ച്ചാൽ ഏറ്റവും വിശദ്ധം.

മയിലെള്ളു്.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന
തായുന്നു. ഇതിന്റെ പൂവു്:—സ്നേഹ
ദീപനം, വാതം, വിഷം, പിത്തം,
ദ്രോഹരോഗം, കഫം, കൃമി, കഷ്ടം,
മുഖരോഗം, വസ്തിരോഗം ഇവയെ
ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ബ
ലത്തെ വർദ്ധിപ്പിക്കും. ഏടയെപ്ര
സാദത്തെ വരുത്തും. രസായനമായി
രിക്കും. മേദസ്സിനെ വർദ്ധിപ്പിക്ക
മെന്നു ന്യാസിംഹമതം. ഇതിന്റെ
തൊലി:—ചവർപ്പും, ചൂടും ഉള്ളതാ
കുന്നു. രക്തദോഷം, കൃമി, വ്രണം,
വീക്കം ഇവയെ ശമിപ്പിക്കും. പല്ലി
ലുള്ള എല്ലാ രോഗങ്ങളേയും ശമി
പ്പിക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും.
പൂവിനു പറഞ്ഞ ഗുണങ്ങൾ സാമാ
ന്യമായിട്ടും ഗ്രഹിക്കാം. തൊലി
യുടെ ക്ഷാരം.—ശ്ലീപദം, മഹോദരം,
ശ്വാസം ഇവയെ ശമിപ്പിക്കും.

മയിലോശിക.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന
സംഗ്രാഹിദ്രവ്യമാകുന്നു. പിത്തം,
കഫം, മൂത്രകൃച്ഛ്രം അതിസാരം,
ബാലഗ്രഹപീഡ, കൃമി ഇവയെ
ശമിപ്പിക്കും. ശുക്ലത്തെ ക്ഷയിപ്പി
ക്കും. ദോഷോത്ക്ലേശത്തെ ചെയ്യും.
കണ്ണിനു നന്നല്ല. വശീകരണത്തി
ങ്കൽ നല്ലതാകുന്നു. മധുരരസമുള്ളതെ
ന്നു ന്യാസിംഹമതം. ഹരിതകങ്ങളിൽ
ചേർന്നതെന്നു സംഗ്രഹം.

മരതകം.

ഇതു രസായനവർഗ്ഗത്തിൽചേർന്ന
മഹാരത്നമാകുന്നു. ത്രിദോഷം, വി
ഷം, വിശേഷാൽ പിത്തം, ആമ
ദോഷം, നേത്രരോഗം, ഭൂതപീഡ,
ജ്വരം, ഛർദ്ദി, വായുമുട്ടൽ, അർശ്ശസ്സു്,
പാണ്ഡു, വീക്കം, അഗ്നിമാന്ദ്യം ഇ
വയെ ശമിപ്പിക്കും. രുചിയെ ഉണ്ടാ
ക്കും. അധിമാംസം മുതലായവയെ
ഉരച്ചുകളയും. മലത്തിനു് അയവു
വരുത്തും. പുഷ്ടിയെച്ചെയ്യും. ധരി
ച്ചാൽ അലക്ഷ്മി, വിഷം, ഭൂതപീഡ
ഇവയെ ശമിപ്പിക്കും. സന്തോഷ
ത്തിനേയും, ഓജസ്സിനേയും, ഉത്സാ
ഹത്തിനേയും കൊടുക്കും. തൂക്ക
ത്തിൽ കനമേറിയതായും ഏറ്റവും
പ്രഭയുള്ളതായും, മിനുമിനുപ്പുള്ളതാ
യും, പളപളപ്പുള്ളതായും, പൊട്ടി
ല്ലാത്തതായും, നിറമേറിയതായുമിരി
ക്കുന്ന മരതകം നല്ലതാകുന്നു.

മരക്കലഉപ്പ്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ലവണദ്രവ്യമാകുന്നു. കഫം, വാതം, കൃമി, ശൂലം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെ ഇളക്കും. കുറഞ്ഞൊന്നു പിത്തത്തെയും ജ്വരാഗ്നിയേയും വർദ്ധിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചു കളയും.

മരക്കലനാവ.

ഇതു അപ്പചരവർഗ്ഗത്തിൽചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം ഗുണത്തിൽകൊണ്ടു താറാവിന്റെ മാംസത്തോടൊത്തതാകുന്നു. ഉണ്ണുവീയ്യുമെന്നു വാഗ്ഭടമതം.

മരങ്കൊത്തി.

ഇതു വിഷ്കിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം വേഴാമ്പൽ പക്ഷിയുടെ മാംസത്തിനു പറഞ്ഞ എല്ലാ ഗുണങ്ങളോടുംകൂടിയതാകുന്നു.

മരപ്പട്ടി.

ഇതു വിലേശയവർഗ്ഗത്തിൽചേർന്ന സാധാരണ മാംസമാകുന്നു. ഇതിന്റെ മാംസം:—ചുമ, വായുമുട്ടൽ, വാതം, രാജയക്ഷ്മാവ് ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. കണ്ണിനു നല്ലതാകുന്നു.

മരപ്പുളി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഫലമാകുന്നു. ഇതിന്റെ പച്ചക്കായ്—പിത്തത്തെ വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കും. കഫോൽക്ലേശത്തെച്ചെയ്യും. പഴുത്ത കായ്-തണ്ണീർദാഹം, കഫം, വാതം, ഗ്രഹണി, അർശ്സ്, ഗുന്മം, ശൂലം, മഹോദരം, കൃമി, ഹൃദ്രോഗം വ്രണം ഇവയെ ശമിപ്പിക്കും. ജാഠരാഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. പാകത്തിങ്കൽ പുളിയെന്നും പക്ഷം.

മർമ്മഞ്ഞാ.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന സോദരോപയോഗിദ്രവ്യമാകുന്നു. വീക്കം, പിത്തം, പ്രമേഹം, കഫം, വ്രണം, കുഷ്ഠം, ചൊറി, വിസർപ്പം, വിഷം ഇവയെ ശമിപ്പിക്കും. വിയർപ്പിനെ ഉണ്ടാക്കും. കണ്ണിലും വായിലും ചെവിയിലും ഉണ്ടാകുന്ന എല്ലാ വ്യാധികളേയും വിശേഷാൽ അഭിഷ്യന്ദത്തേയും ശമിപ്പിക്കും.

മരമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. ഹൃദ്രോഗത്തെ വരുത്തും. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ ശരീരം ചെമ്പുനിറവും വൃഷ്ണം മാത്രം കറുത്തുമിരിക്കുന്ന ഒരുതരം മാനാകുന്നു.

മരവാഴ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്—രക്തദോഷത്തേയും പിത്തത്തേയും ശമിപ്പിക്കും. രുചിയേയും അഗ്നിമാന്ദ്യത്തേയും ഉണ്ടാക്കും. ദുർജ്ജരമായിരിക്കും സാമാന്യം വാഴയുടെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷം.

മരുത്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂന്ദ്രവ്യമാകുന്നു. അതിസാരം, കുഷ്ഠം, രക്തദോഷം, പിത്തം, കഫം, വിസ്ഫോടം, പാണ്ഡു,

കണ്ണുരോഗം, പ്രമേഹം, വിഷം വ്രണം, സ്വേദം, കൃമി, ബാഹ്യമലം ഇവയെ ശമിപ്പിക്കും. നിറത്തെ നന്നാക്കും. വാതത്തെ ശമിപ്പിക്കുമെന്നും തീക്ഷ്ണാഗ്നിയെന്നും സുശ്രുതമതം. മരുത രണ്ടു തരമാകുന്നു. മരുത വളരെ വലിയ വൃക്ഷമാകുന്നു. ഏല വല്ലുതും അജകർണ്ണാകൃതിയുള്ളതുമാകുന്നു. ഇതിന്റെ നിര്യാസം ചെഞ്ചല്യമെന്നു പറയപ്പെടുന്നു.

മലഎരുമ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. കൃഷ്ണം, രക്തദോഷം, പിത്തം, ചൊറി, കഫം, കൃമി, വിഷം, ജ്വരം, വീക്കം, ചൂടുനീർ വാതരക്തം, കാമല, ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. ഉൽക്ലേശത്തെ ഉണ്ടാക്കും.

മലങ്കടല.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. രക്തദോഷം, ചൂടുനീർ, പിത്തം, കഫം ഇവയെ ശമിപ്പിക്കും. വാതത്തെ കോപിപ്പിക്കും. മലത്തെ പിടിക്കും. പുഷ്ടിയെയും രുചിയെയും ഉണ്ടാക്കും അമദോഷത്തെചെയ്യും. സൂപാദികളിൽ ഉപയോഗിക്കാം. പാകത്തിങ്കൽ ഏരിയെന്നു സുശ്രുതമതം. ഇതിന്റെ ശാകം ത്രിദോഷങ്ങളെ ശമിപ്പിക്കും. വിഷ്ടംഭിയെന്നു രാജവല്ലഭമതം.

മലങ്കാര.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്ന വമനോപയോഗിദ്രവ്യമാകുന്നു. വിദ്രധി, വാതം, കഫം, പീനസം, കൃഷ്ണം, ആനാഹം, ചുമ, ജ്വരം, അർശ്സ്, അധോഗതമായ രക്തപിത്തം, വീക്കം, ഗുല്മം ഇവയെ ശമിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. വമനാസ്ഥാപനാനുവാസനോപയോഗികളിൽ വച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഈ വൃക്ഷം മുള്ളുള്ളതും മദ്ധ്യമാകാരവുമാകുന്നു. ഇതിന്റെ ഏല വലിയ കടലാടിയുടെ ഏലപോലെയും പൂവു മെഴുതായും അഞ്ചു ദളവും വെളുത്ത നിറവും വൃത്തത്തിങ്കൽ അല്പം മഞ്ഞ നിറമുള്ളതായുമിരിക്കും.

മലന്തിപ്പലി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. കഫം, വായു മുട്ടൽ, കൃമി, വാതവികാരം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കോഷ്ഠശുദ്ധിയെയുണ്ടാക്കുന്നു.

മലമുള്ളു്.

ഇതു പ്രസഹവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം— ഉഴമന്റെ മാംസത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. ജാംഗല മാംസമെന്നും പക്ഷം.

മലയകത്തി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. ശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. കഫം, കൃമി, മൂത്രകൃച്ഛ്രം, വാതം, കൃഷ്ണം, ഹൃദ്രോഗം, ഗണ്ഡമാല ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. വ്രണത്തെ വരട്ടും. ഇതിന്റെപൂവു— വിശേഷാൽ പിത്തം, രക്തദോഷം, പ്രദരം, ക്ഷയം, ചുമ ഇവയെ ശമിപ്പിക്കും.

മലയമുക്കി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. ത്രിദോഷം, വിഷം, വീക്കം, കണ്ണുരോഗം, നേത്രരോഗം, ചുമ, കണ്ണുരോഗം, ശിരോരോഗം, പിത്തവികാരം, കൃഷ്ണം,

ശൂലം, ആമദോഷം, കൃമി, വ്രണം ഇവയെ ശമിപ്പിക്കും. മലത്തെയിളക്കും.

മലയുകംഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തേയും പിത്തത്തേയും ശമിപ്പിക്കും. മൂർച്ചയെന്നന്നാക്കും. കഫത്തെ വളർപ്പിക്കും. മലമൂത്രങ്ങളെ ഒഴിക്കും.

മലയുകമുരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്തകായ്— രക്തദോഷം, വാതം, ക്ഷതം, ക്ഷയം ഇവയെ ശമിപ്പിക്കും. കഫം, പിത്തം, ശുക്ലം, ബലം ഇവയെ വർദ്ധിപ്പിക്കും. ദാഹത്തെ തടുപ്പിക്കും. ഇതിന്റെ പഴുത്തകായ് പാലിനോടൊരുമിച്ചു ഭക്ഷിച്ചാൽ വിശേഷം.

മലരി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ളവെള്ളം തണ്ണീർദാഹം, പിത്തം, കഫം, ജ്വരം, ശ്രമം, വ്രണം, ശോഷംഇവയെശമിപ്പിക്കും. ബലത്തെയും കീഴ്ഞെരിയുന്ന വാതത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. അല്പം വിദാഹിയായിരിക്കും. ഇതിനു വർഷകാലത്തിങ്കൽ ഗുണമേറിയിരിക്കും.

മലശ്.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം ചുട്ടനീറൽ, അതിസാരം, ഛർദ്ദി തണ്ണീർദാഹം, പ്രമേഹം, ആമം, ചുമ, മേദസ്സ് ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെകുറയ്ക്കും. ബലത്തെ ഉണ്ടാക്കും ഛർദ്ദിപ്പിക്കുന്നതിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

മലാപഹാനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ളം— ഗുണങ്ങൾകൊണ്ടു കൃഷ്ണാനദിയുടെ വെള്ളത്തോടൊത്തതാകുന്നു. വിശേഷാൽ ദേഹകാന്തിയെ ഉണ്ടാക്കും. വിശദമായിരിക്കും.

മഹാമേദ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു മേദയോടു തുല്യമാകുന്നു. വിശേഷാൽ രുചിയെ ഉണ്ടാക്കും.

മഹാശ്രാവണി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു ശ്രാവണിയോടൊത്തതാകുന്നു. വിശേഷാൽ വാതത്തേയും പ്രമേഹത്തേയും ശമിപ്പിക്കും. സ്വരത്തെ നന്നാക്കും. രുചിയെ ഉണ്ടാക്കും. ജരാവ്യാധിയെ നശിപ്പിക്കും. രസായനത്തിങ്കൽ ശ്രേഷ്ഠമാകുന്നു.

മഴമുല്ല.

ഇതു ഉത്തംസവർഗ്ഗത്തിൽചേർന്നതാകുന്നു. ത്രിദോഷം, വിശേഷാൽ പിത്തം, കണ്ണ്രോഗം, നേത്രരോഗം, വിസ്ഫോടം, കൃമി, ആമദോഷം ഇവയെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും.

മഴവെള്ള.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും മൂന്നു ദോഷങ്ങളേയും രക്തദോഷത്തേയും വിഷത്തേയും ശമിപ്പിക്കും. ബലത്തേയും ഓജസ്സിനേയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബുദ്ധിപ്രസാദത്തെ ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. സാമാന്യം വെള്ളത്തിനു പറഞ്ഞ എല്ലാ ഗുണങ്ങളും കൂടുത

ലായിട്ടുള്ളതും ശ്രേഷ്ഠമായിട്ടുള്ളതും ആകുന്നു.

മറിക്കുന്നി.

ഇതു ദ്വീരുദവർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. വാതം, കഫം, രക്തദോഷം, വീക്കം, പ്രമേഹം, വായുമുട്ടൽ, ചുമ, ആമവാതം, ജ്വരം, കൃമി, മഹോദരം, ആമദോഷം ഇവയെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. മലത്തിനു അയവു വരുത്തും. വിച്ഛിലമായിരിക്കും.

മറിക്കുന്നി എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, കൃമി, കുഷ്ഠം, ഇവയെ ശമിപ്പിക്കും. ദുഷ്പ്രണത്തെ വെടിപ്പാക്കും. ഇതു മറിക്കുന്നിയുടെ വിത്തിൽനിന്നും എടുക്കുന്നതാകുന്നു.

മറിമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു സാമാന്യം മാനിന്റെ മാംസത്തോടൊത്തതാകുന്നു.

മറുകുടരി.

ഇതു ദ്വീരുദവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, ചുമ, ഹൃദ്രോഗം, ഗുല്മം, അരോചകം, മൂത്രകൃച്ഛ്രം, വിഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തിനു അയവുവരുത്തും. ധാതുക്കളെ വർദ്ധിപ്പിക്കും. ബീജബലത്തെയും ഗർഭസന്ധാനത്തെയും ചെയ്യും. വേലിപ്പരുത്തിയിൽ ഒരു തരമെന്നു ഋസിമതം.

മ

മാകന്ദി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. കുറഞ്ഞാനും വാതത്തെ കോപിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കുമെന്നും പക്ഷം. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പാണ്ഡു, വീക്കം, ഗുല്മം, ആനാഹം, ഉദരം, പ്ലീഹ, ഗുൽമ, ഗ്രഹണി ഇവയെ ശമിപ്പിക്കും. പാകത്തിങ്കൽ മധുരമെന്നും പക്ഷം.

മാക്കീരക്കല്ല്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതുവാകുന്നു. ത്രിദോഷം, കുഷ്ഠം, നേത്രരോഗം, പാണ്ഡു, പ്രമേഹം, വസ്തിനോവു, വിഷം, മഹോദരം, ഗുൽമ. വീക്കം. ക്ഷയം, ചുമ, വായുമുട്ടൽ, ചൊറി, ചുഴൽച്ച, നെഞ്ചുകലിപ്പു, മൂർച്ഛ, ഇക്കിൾ, വ്രണം, ആനാഹം ഇവയെ ശമിപ്പിക്കും. സ്വരത്തെ നന്നാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രസായനമായിരിക്കും. സ്വർണ്ണത്തിന്റെ ഉപധാതു ആകയാൽ കുറഞ്ഞൊന്നു സ്വർണ്ണത്തിന്റെ ഗുണങ്ങളുമുണ്ടായിരിക്കും. സ്വർണ്ണത്തിനു വികരം ഉപയോഗിക്കയും ചെയ്യാം. വൃവായി എന്നു മദനപാലമതം. ശീതവീര്യമെന്നു രസരത്നസമുച്ചയം. ഇതു സ്വർണ്ണമാക്ഷികമെന്നും താരമാക്ഷികമെന്നും രണ്ടു വിധമുണ്ടു്. രണ്ടിനും ഗുണഭേദവുമുണ്ടു്. ചികിത്സിതത്തിങ്കൽ സ്വർണ്ണമാക്ഷികം ശ്രേഷ്ഠമാകുന്നു.

"മാക്ഷികം തിക്തമധുരം
മേഹാർശഃക്ഷയകുഷ്ഠനുൽ;
കഫപിത്തഹരം ശീതം
യോഗവാഹീ രസായനം."

ക്കല്ല് സകല രോഗങ്ങളേയും ഹനിക്കുന്നതും രസത്തോടു തുല്യവും അത്യന്തം വൃഷ്യവും തമ്മിൽ കൂടിച്ചേരാത്തതായ സ്വർണ്ണരജതാദി ഏതു ലോഹങ്ങളേയും തമ്മിൽ കൂട്ടിവിളക്കുന്നതും-ലോഹങ്ങൾ വിളക്കുവാൻ പയോഗിക്കാവുന്നതും വലിയഗുണമുള്ളതും രസായനൌഷധങ്ങളിൽവെച്ചു ശ്രേഷ്ഠവുമാകുന്നു.

മാങ്ങാഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതകഫങ്ങളെ ശമിപ്പിക്കും. പിത്തത്തെ അധികം വർദ്ധിപ്പിക്കയില്ല. നല്ല രുചിയുള്ളതായും വിശദമായും ഇരിക്കും. ഈ എണ്ണ അതിന്റെ മണ്ണയിൽ നിന്നു എടുക്കുന്നതാകുന്നു.

മാങ്ങാനാറി.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന ഹരിതശാകമാകുന്നു. വാതം, കഫം, പുഴു, വായുമുട്ടൽ, വിഷം, ഒന്നിച്ചുണ്ടു ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂപ്പുള്ളതിനെപ്പറ്റിയും. ഏതു ഋതുവിനെന്നു വകയ്ക്കും. കറികളിൽ ചേർന്നാൽ നല്ല ഗന്ധത്തെ കൊടുക്കും. ഇതു സ്ഥലഭേദമനുസരിച്ചു ഭേദമായിട്ടും രണ്ടുതരമുണ്ട്. സ്ഥലഭേദമില്ലാതെയും ശരീരപ്രകൃതിയും ഭേദം ഔഷധോപയോഗിയും ആകുന്നു.

മാതളനാരകം.

ഇതു വന്യവർഗ്ഗത്തിൽ ചേർന്ന കണ്ഡംസ്സ്തംഭ്യാകുന്നു. പിത്തദോഷത്തെയും രക്തദോഷത്തെയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും.

മാഞ്ചി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. തിരോധം, രക്തദോഷം, പൂർവ്വനീർ, ദാഹം, കുഷ്ഠം,

"മാക്ഷികോരജതഹാടകപ്രഭോ
ശോധിതോ/ത്രഗുണമേസുസേവിതം;
മേഹകുഷ്ഠകൃമിശോഫപാണ്ഡുതാ-
പസ്മൃതീഹ്രതിസാ/ശ്മരീഹ
ജയേൽ;
മന്ദാഗ്നിലതപം ബലഹാനിമുഗ്രാം
വിഷ്ണുഭ്രതാമന്യഗദാംശ്ച ദുഷ്ടാൻ;
കരോതി മാലാം വ്രണപൂർവ്വികാം ച
മാക്ഷീകധാതുഃ സകലാമയാല്ലഃ
പ്രാണോഽസേന്ദ്രസ്യ പരാഹിവൃഷ്യഃ
ദുർമ്മേളലോഹദ്രവമേളകശ്ച
ഇത്യാദ്യുത്തരഃ സർവ്വരസായനാഗ്ര്യഃ."

മാക്ഷീരക്കല്ല് തിക്തമധുരരസങ്ങളോടുകൂടിയതും ശ്രമഹരം, മൂലക്കുരു, ക്ഷയം, കൃമി എന്ന രോഗങ്ങളെ നശിപ്പിക്കുന്നതും കഫപിത്തദോഷത്തെ ശമിപ്പിക്കുന്നതും, ശീതവീര്യവും ലഘുവും ആകുന്നു. ഏതൊരു ലോഹത്തോടു ചേരുന്നുവോ അതിന്റെ ഗുണത്തോടുകൂടിച്ചേരുന്നതും (സംഗ്രാഹിയായ ഔഷധത്തോടു കൂടുമ്പോൾ അത്യന്തം മലബന്ധകാരിയും വിരേചനൌഷധത്തോടു കൂടുമ്പോൾ വിരേചനകാരിയും രസായനവുമാകുന്നു. ഇതു പലതരത്തിലുള്ള സ്വർണ്ണദോഷങ്ങളേയും നീക്കുന്നതിനു വിധിച്ചപ്രകാരം ശോധിച്ചാൽ അത്യന്തം ഗുണപ്രദവും പ്രമേഹം, കുഷ്ഠം, കൃമി, ദോഷം, നീര, പാണ്ഡുരോഗം, അപസ്മാരം, അശ്മരി എന്നിവകളെ നശിപ്പിക്കുന്നതുമാകുന്നു. ഈവ ശോധിക്കാതെ ഉപയോഗിച്ചാൽ രോഗനിദാനം, അതിസാരം, നാഡീവ്രണം, ഏന്നിവകളെ ഉണ്ടാക്കിത്തീർക്കുകയും ഇന്ദ്രിയങ്ങളുടെ തേജസ്സിനെ കെടുത്തുകയും ചെയ്യും. മാക്ഷീര

വിഷം, വിസൂചി, അന്തർദ്ധാഹം, ഭൂതപീഡ, അലക്ഷ്മി, ജ്വരം, രാക്ഷസപീഡ ഇവയെ ശമിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ബലത്തെ വർദ്ധിപ്പിക്കും. ദേഹകാന്തിയെച്ചെയ്യും. അരുചിയേയും ചർമ്മകൃച്ഛ്രത്തേയും, ജ്വരത്തേയും ശമിപ്പിക്കും.

മാംസ്രാവിന്റെ നിറവും മുപ്പതംഗുലം ഉയരവുമുള്ള മാൻ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—സാമാന്യം മാനിന്റെ മാംസത്തിനുപറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു

മാടപ്രാവ്.

ഇതു പ്ലവഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം—കുറഞ്ഞൊന്നു വാതത്തേയും, വിശേഷാൽ പിത്തത്തേയും രക്തദോഷത്തേയും. മൂട്ടുനീറലിനേയും ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. മലത്തെ പിടിപ്പിക്കും. വിശദമായിരിക്കും.

മാണിക്യം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. വാതം, വ്രണം, പിത്തം, വിഷം ക്ഷയം, പലതരമായ നേത്രരോഗം ഇവയെ ശമിപ്പിക്കും. അഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. മലത്തെ പിടിപ്പിക്കും. അയിമാംസം മുതലായവയെ ഉരച്ചുകളയും. കഫവാതങ്ങളെ ശമിപ്പിക്കുമെന്നു രസരത്നസമുച്ചയം. വിധിപ്രകാരം ഉപയോഗിച്ചാൽ രസായനമായിരിക്കും. ധരിച്ചാൽഭൂതപീഡ ഗ്രഹപീഡ, അലക്ഷ്മി, പാപം ഇവയെ ശമിപ്പിക്കും. ഓജസ്സിനേയും ആയുസ്സിനേയുംസന്തോഷത്തേയും ഉത്സാഹത്തേയും വർദ്ധിപ്പിക്കും. മംഗലപ്രദമായിരിക്കും. പത്മരാഗം മുതലായ രത്നങ്ങൾക്കുള്ള ഗുണസാമ്യമുണ്ടെന്നു വാഗ്ഭടമതം.

മാതളനാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:—ചുമ, കഫം, വാതം, വായുമുട്ടൽ, അജീർണ്ണം, ശൂലം, വിഷം, അരുചി, വിബന്ധം, തണ്ണീർദ്ദാഹം, ഇക്കിൾ ഇവയെ ശമിപ്പിക്കും. പിത്തത്തേയും. രക്തദോഷത്തേയും ഉണ്ടാക്കും. ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. നെഞ്ചിനും. അണ്ണാക്കിനും, നാവിനും വെടിപ്പുവരുത്തും. നിറത്തെ നന്നാക്കും. പുഷ്ടിയെച്ചെയ്യും. ഹൃദയപ്രസാദത്തെ വരുത്തും. ഒജ്ജുരമായിരിക്കും. ഇതിന്റെ മാംസം:—പിത്തം, വാതം, അരുചി ശൂലം ഇവയെ ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ഉണ്ണുവീർപ്പുമെന്നു സുസിംഹമതം. ഇതിന്റെ അല്ലി:—മദ്യോദരം, ശൂലം, കഫം, വായുമുട്ടൽ, ചുമ, ഗുല്മം, ഇക്കിൾ, മദാത്യയം, വാന്തരോഗം, വാതവികാരം, മലമൂത്രങ്ങളുടെ തടവു്, അരുചി, അർശ്ശസ്സു്, വിഷം, കൃമി ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ഇതിന്റെ ബീജം:—അർശ്ശസ്സു്, വാതം, കഫം. വിഷം, കൃമി ഇവയെ ശമിപ്പിക്കും. ഗർഭസ്ഥാനത്തെച്ചെയ്യും: വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു സുശ്രുതമതം. കഫം വാതം, ചുമ അജീർണ്ണം, വായുമുട്ടൽ, മലബന്ധം, ശൂലം, അഗ്നിമാന്ദ്യം, അരുചി എന്നീരോഗങ്ങ

ളിൽ ഇതിന്റെ അല്ലി പിഴിഞ്ഞ നീരുപയോഗിക്കുന്നതു് ഏറ്റവും നല്ലതാകുന്നു. ഇതിന്റെ പൂവു്:— ശീതമായും ലഘുവായും ഇരിക്കും. രക്തപിത്തത്തെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. പാതിമുപ്പുവരെയുള്ള പച്ചക്കായു്:—പിത്തം, വാതം, കഫം, രക്തദോഷം ഇവയെ ഉണ്ടാക്കും. ഇതിന്റെ വേരു്:—വിഷൂചി, അർശ്സ്സു്, ചെവിയിലുണ്ടാകുന്ന നീരു്, മലബന്ധം, കൃമി, ശൂലം ഇവയെ ശമിപ്പിക്കും.

മാധവി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതു കുരുക്കുത്തിമുല്ലയിൽ ഒരുതരമാകുന്നു. മൂന്നു ദോഷങ്ങളേയും വിശേഷാൽ പിത്തം മുട്ടുനീർ, ശോകം, വ്രണം, ചുമ ഇവയെ ശമിപ്പിക്കും. മദഗന്ധമുള്ളതാകുന്നു.

മാനിന്റെ പാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. മിക്കവാറും ഗുണങ്ങൾകൊണ്ടു് ആട്ടിൻപാലിനോടൊത്തതാകുന്നു. ഈ ഗുണം ജാംഗലവർഗ്ഗത്തിൽ പറയപ്പെട്ട എല്ലാ മാൻകളുടെ പാലിനും ചേരും.

മാൻ.

ഇതു മഹാമൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു എന്നും പക്ഷം. ഇതിന്റെ മാംസം — വാതപിത്തങ്ങളെ ശമിപ്പിക്കും ബലത്തെ വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. വസ്തിശുദ്ധിയെ ചെയ്യും.

"ഏണമാം [illegible]
ഗുരു [illegible]ഷത്രയാപഹം;
ഷാഡ്ഗുണ്യം ബലദം വഥ്യം
ലഘു രൂക്ഷാ ജരാസ്രജിൽ."

മാൻമാംസം തണുപ്പുള്ളതും രുചിയെ ഉണ്ടാക്കുന്നതും മലബന്ധത്തെ ചെയ്യുന്നതും ത്രിദോഷകോപത്തെ ശമിപ്പിക്കുന്നതും, മധുരാദി എല്ലാ രസങ്ങളുള്ളതും ബലപ്രദവും, ലഘുവും, രൂക്ഷവും, സ്നിഗ്ദ്ധതയില്ലാത്തതും, പനി, രക്തദൂഷ്യം എന്നിവകളെ നശിപ്പിക്കുന്നതുമാകുന്നു.

മാന്താമാൻ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം— പിത്തം രക്തദോഷം, ജ്വരം, ചുമ, വായുമുട്ടൽ, ക്ഷയം ഇവയെ ശമിപ്പിക്കും.

മാൻ മുതലായവ.

ഇതുകളുടെ മാംസം—പിത്തം ഏറിയും വാതം മദ്ധ്യമമായും, കഫം കുറഞ്ഞുമിരിക്കുന്ന സന്നിപാതത്തിങ്കൽ പഥ്യമായിരിക്കും. മൂകതയേയും, കൊഞ്ഞ പറയുന്നതിനേയും, വിക്കിപ്പറയുന്നതിനേയും, അർദ്ദിതവാതത്തേയും, ബാധിര്യത്തേയും അരുചിയേയും, ഛർദ്ദിയേയും, പ്രമേഹത്തേയും, വായിൽ ഉണ്ടാകുന്ന എല്ലാ രോഗങ്ങളേയും, ശ്ലീപദത്തേയും, ഗളഗണ്ഡത്തേയും, എല്ലാ വാതരോഗങ്ങളേയും ശമിപ്പിക്കും. ബലത്തേയും അഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മേഹത്തെ തടുപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ തടുക്കും. രൂക്ഷമെന്നു പറയുന്നതു് അന്യപമാംസത്തെ ഉദ്ദേശിച്ചുകുന്നു. മൃഗങ്ങളും, വിഷ്കിരങ്ങളും, പ്രതുദങ്ങളും ഇതിൽ ചേരുന്നവയാണെന്നു വാഗ്ഭടമതം.

മാംസം.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തെ ശമിപ്പിക്കും. കഫത്തേയും ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. സന്തോഷത്തെ കൊടുക്കും. ഹൃദയപ്രസാദത്തെ വരുത്തും. ബ്രാഹ്മണീയങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. അപ്പോൾ കൊന്ന എട്ടത്തിട്ടുള്ളതും, യൌവനമുള്ളതിന്റേയും, നല്ല ഗന്ധമുള്ളതും, വാരിഎല്ല് അതിന്റെ ഇടയിലുള്ള മാംസം മുതലായവ നീക്കി വെടിപ്പാക്കീട്ടുള്ളതുമായ മാംസം നല്ലതാകുന്നു. നന്നാ പ്രായം കുറഞ്ഞതിന്റേയും, ഏറെ വയസ്സു ചെന്നതിന്റേയും മെലിഞ്ഞതിന്റേയും, പരിചയിച്ചിട്ടില്ലാത്ത ആഹാര വിഹാരാദികളോടു കൂടിയതിന്റേയും, രോഗമുള്ളതിന്റേയും, വിഷമേറ്റോ തീപ്പൊള്ളിയോ വെള്ളത്തിൽ വീണോ മരിച്ചതിന്റേയും, ചാകാൻ മരിച്ചതിന്റേയും, ജാംഗലദേശത്തിൽ സഞ്ചരിക്കുന്ന പോത്തു മുതലായവയുടേയും, അനൂപദേശത്തിൽ സഞ്ചരിക്കുന്ന മാൻ മുതലായതിന്റേയും മാംസം ഉപേക്ഷിക്കണം. എന്തുകൊണ്ടെന്നാൽ ഇതിന്റെ ചീറ്റം വിശദമായും, രൂക്ഷമായും, അപചാരമായും പരിത്യക്തമായും, അല്പമായും, അസാത്മ്യമായും ഭവിക്കും അതിനാൽ ത്രിദോഷങ്ങളെ കോപിപ്പിക്കും. കൊന്നിട്ടു വളരെ താമസിച്ചതും ദുർഗന്ധമുള്ളതും, പുഴുത്തതും, പാകപ്പെടുത്തീട്ട് ഒരു രാത്രി കഴിഞ്ഞതും, ഉണങ്ങിയതും, ഏറെ കൊഴുപ്പുള്ളമാംസവും നന്നല്ല. നന്നാ ഇളയതിന്റെ മാംസം ഹർഷിയെ ഉണ്ടാക്കും. നന്നാ മൃത്തതിന്റെ മാംസം ചുമയേയും വായുമുട്ടലിനേയും ഉണ്ടാക്കും. സർപ്പത്തിന്റെ വിഷംകൊണ്ടു മരിച്ചതിന്റെ മാംസം മൂന്നു ദോഷങ്ങളേയും കോപിപ്പിക്കും. ഉണങ്ങിയ മാംസം ഗുരുവായിരിക്കും. മൂന്നു ദോഷങ്ങളേയും കോപിപ്പിക്കും. അരുചിയേയും, പീനസത്തേയും, ശൂലത്തേയും ഉണ്ടാക്കും. കൂട്ടുവിഷംകൊണ്ടും രോഗംകൊണ്ടും മരിച്ചതിന്റെ മാംസം ത്രിദോഷകോപത്തേയോ മരണത്തേയോ ചെയ്യും. ചീത്തമാംസം ഉൾപ്പുഴുക്കിനെ ഉണ്ടാക്കും. മെലിഞ്ഞതിന്റെ മാംസം വാതത്തെ കോപിപ്പിക്കും. വെള്ളത്തിൽവീണു മരിച്ചതിന്റെ സിരകളിൽ വെള്ളംകേറി നിറഞ്ഞിരിക്കയാൽ അതിന്റെ മാംസം മൂന്നുദോഷങ്ങളേയും കോപിപ്പിക്കും. ഗർഭിണിയുടെ മാംസം ഗുരുവാകുന്നു. പക്ഷികളിൽ ആണിന്റെ മാംസവും, നാൽക്കാലികളിൽ പെണ്ണിന്റെ മാംസവും ലഘുവാകുന്നു. ആണിന്റെ പാതിക്കു കീഴ്പോട്ടുള്ള ഭാഗവും പെണ്ണിന്റെ പാതിക്കുമേലുള്ള ഭാഗവും വിശേഷാൽ ലഘുവുമാകുന്നു. എല്ലാപ്രാണികളുടേയും ശരീരത്തിന്റെ മദ്ധ്യഭാഗം മിക്കപ്പോഴും കനത്തതാകുന്നു. ചിറകുകൊണ്ടു പറക്കുന്നതിനാൽ പക്ഷികളുടെ മധ്യഭാഗം ലഘുവാകുന്നു മുട്ടകളെല്ലാം ഗുരുക്കളും വാജീകരണങ്ങളുമാകുന്നു. മനുഷ്യന്റെ മുട്ട കൂടി പാകത്തിനുൾ എരിച്ചുവയായിരിക്കും വിശേഷാൽ വാതപിത്തങ്ങളെ ശമിപ്പിക്കും. ഹൃദയപ്രസാദത്തെവരുത്തും. രുചിയെ ഉണ്ടാക്കും. പക്ഷികളുടെ മുട്ടകൾ മധുരം, ഗുരു, കിനുവിൽ സ്നിഗ്ധം പാകത്തിനുൾ മധുരം, വിശേഷാൽ വാതത്തെ

ശമിപ്പിക്കും. ഏറ്റവും ശുക്ലത്തെ വർദ്ധിപ്പിക്കും. പക്ഷികളുടെ കഴുത്തും ഗുരുവാകുന്നു. എല്ലാറ്റിന്റേയും മാറിടം, തോൾപ്പലക, വയറു്, കീഴ്വയറു, കാലുകൾ കൈകൾ, അരക്കെട്ടു, ആസനം, തോലു, യകൃത്തു്, കുടൽ, മജ്ജ, ശുക്ലം എന്നിങ്ങനെയുള്ള ധാതുക്കളും മേൽക്കുമേൽ കനമുള്ളതാകുന്നു. ഹംസത്തിന്റെ മുട്ട വാതത്തെ ശമിപ്പിക്കും. പുഷ്ടിയെ ചെയ്യും. ബലത്തെ വർദ്ധിപ്പിക്കും. എല്ലാ രോഗങ്ങളിലും പഥ്യമായിരിക്കും. വാകത്തിങ്കൽ എരിച്ചുതായിരിക്കും. എല്ലാ പ്രാണികളുടേയും നന്നാ ഇളയതല്ലാത്ത കുട്ടിയുടേയും മാംസം ലഘ്വായിരിക്കും. ബലത്തെ വർദ്ധിപ്പിക്കും. യൌവനം തികയാത്തതിന്റെ മാംസം മൂന്നു ദോഷങ്ങളേയും വർദ്ധിപ്പിക്കും. നെല്ലുമുതലായ ധാന്യങ്ങൾ തിന്നുന്ന പക്ഷികുടെ മാംസം ലഘുവായിരിക്കും. വാതത്തെ ശമിപ്പിക്കും. മീൻതിന്നുന്ന പക്ഷികളുടെ മാംസം ഗുരുവായിരിക്കും. വാതത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. മാംസം തിന്നുന്ന പക്ഷികളുടെ മാംസം ഗുരുവായിരിക്കും. വാതത്തെ ശമിപ്പിക്കും ദേഹത്തെ തടിപ്പിക്കും. പഴങ്ങൾതിന്നുന്ന പക്ഷികളുടെ മാംസം ലഘുവായും രൂക്ഷമായും ഇരിക്കും. കഫത്തെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. വലിയ ശരീരമുള്ള ജാതികളിൽ ചെറുതും, ചെറിയ ശരീരമുള്ള ജാതികളിൽ വലുതും നല്ലതാകുന്നു.

മാംസരോഹിണി.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. മൂന്നുദോഷങ്ങളേയും കൃമിയേയും ശമിപ്പിക്കും. ബലത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. തടിയെ ഉണ്ടാക്കും. മലത്തിനു അയവുവരുത്തും. കണ്ണുള്ള ചിമയും പുഷ്ടിയേയുംചെയ്യും. വാതത്തെ ശമിപ്പിക്കുമെന്നുസുസിംഹമതം. രക്തപിത്തത്തെ ശമിപ്പിക്കുമെന്നു ധന്വന്തരിമതം.

മായാക്കു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കഫം, പിത്തം, രക്തസ്രാവം, അസ്ഥിസ്രാവം, ജ്വരം, മുഖരോഗം, ദന്തരോഗം, അർശസ്സു്, യോനികന്ദം, അതിസാരം, ഗ്രഹണി പ്രവാഹിക ഇവയെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. നുറുങ്ങിയ അംഗങ്ങൾക്കു് ഉറപ്പുവരുത്തും. ബലത്തെ പുഷ്ടിപ്പിക്കും. ശീതമെന്നും പക്ഷം. മുടിയെ നന്നാക്കും. കുട്ടികൾക്കു് ഏറെ നല്ലതാകുന്നു.

മാർക്കണ്ഡികാ.

ഇതു ഗുഡൂച്യാദിവർഗ്ഗത്തിൽചേർന്ന വിരേചനീയദ്രവ്യമാകുന്നു കഫം, ശ്ലീപദം, ഉദരം, കൃമി, വിഷം, ഭൂതബാധ ഇവയെ ശമിപ്പിക്കും. മേദസ്സും കീഴ്പ്പോട്ടും ദോഷങ്ങളെ ഇളക്കി പുറന്തുകളയും. (ഛർദ്ദിയേയും വിരേചനത്തേയും ഉണ്ടാക്കിടും.)

മാലക്കിഴങ്ങു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. വാതം, കഫം, ശ്ലീപദം, ഗണ്ഡമാല ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും.

മാവു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പട്ടയ്ക്കു്—മൂന്നുദോഷങ്ങളേയും വർദ്ധിപ്പിക്കും. രക്തദോഷത്തെ ഉണ്ടാക്കും. പിത്ത

കഫങ്ങളെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. അതു തൊലികളഞ്ഞു് വെയിലിലുണക്കിയാൽ പുളിയും മധുരവും മവുപ്പും ഉള്ളതും കഫവാതങ്ങളെ ശമിപ്പിക്കുന്നതും മലത്തെയിളക്കുന്നതും ആകുന്നു. പഴുത്തകായ്— വാതത്തെ ശമിപ്പിക്കും. കഫത്തേയും ബലത്തേയും മാംസത്തേയും അഗ്നിയേയും കുറഞ്ഞോന്നു പിത്തത്തേയും വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തേയും സുഖത്തേയും കൊടുക്കും. ശുക്ലത്തെ വർദ്ധിപ്പിക്കയും ഉറപ്പിക്കയും ചെയ്യും. നിറത്തെ നന്നാക്കും. ശ്രമത്തേയും തണ്ണീർദാഹത്തേയും തീക്കും. മരത്തിൽവച്ചു പഴുത്തതായാൽ ഏറ്റവും വാതത്തെ ശമിപ്പിക്കുന്നതും കുറഞ്ഞോന്നു പിത്തത്തെ കോപിപ്പിക്കുന്നതും ആകുന്നു. നന്നാ മൂത്തമാങ്ങാ ഉടച്ചുവരാതെ പറിച്ചു വൈക്കോലിലോ മറ്റോവച്ചു പഴുപ്പിച്ചാൽ പുളിരസം കുറഞ്ഞിരിക്കും. അതിനെ ഉദ്ദേശിച്ചാണു് ആദിയിൽ പഴുത്തതെന്നു പറഞ്ഞിരിക്കുന്നതു്. മരത്തിൽവച്ചു പഴുത്തതിനു അതിനേക്കാൾ പുളിരസം ഏറിയിരിക്കും. നന്നാ പഴുത്തതു് ലഘുവായും ശീതമായുമിരിക്കും. അതു വാതപിത്തങ്ങളെ ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ഏറ്റവും രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. താമസിയാതെ ദഹിക്കും. കഷ്ണങ്ങളാക്കിവച്ചിരുന്നാൽ ഏറ്റവും ഗുരുവാകയാൽ താമസിച്ചു ദഹിക്കും. രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും.

"ആമ്രോ ഗ്രാഹീ പ്രമേഹാസ്രകഫപിത്തവ്രണാൻ ജയേൽ;
ബദ്ധാസ്ഥിതാളഗേവോക്തം
വാതഘ്നാരി ച പിത്തളം;
പക്വം തു മധുരം വൃഷ്യം
സ്നിഗ്ധാം ഹൃദ്യം ബലപ്രദം;
ഗുരു വാതഹരം രുച്യം
വണ്ണ്യം ശീതമപിത്തളം;
സന്തർപ്പണോ യസ്സകലേന്ദ്രിയാണാം
ബലപ്രദോ വൃഷ്യതമശ്ച ഹൃദ്യഃ;
സ്നിഗ്ധഃ പ്രഹർഷം പ്രചുരം ദദാതി
ഫലാധിരാജസ്സുഖകാര ഏവ;
രസസ്യ സാരഃ സ്നിഗ്ധോഽ
രോചനോ ബലവർണ്ണകൃൽ;
അമ്ലബീജം കഷായാഽ സ്യാ-
ച്ഛർദ്യതീസാരനാശകൃൽ;
അമ്ലപുഷ്പമതീസാര
കഫപിത്തപ്രമേഹനുൽ;
അസൃഗ്ദോഷഹരം ശീതം
രുചികൃദ്വാതനാശനം;
അമ്ലസ്യ പല്ലവം രുച്യം
കഫപിത്തവിനാശനം."

മാങ്ങ മലബന്ധത്തെ ഉണ്ടാക്കുന്നതും, പ്രമേഹം, രക്തപിത്തം, കഫകോപം, പിത്തകോപം, വ്രണം ഇവയെ നശിപ്പിക്കുന്നതുമാകുന്നു. ഇതു പറഞ്ഞ ഗുണം മാങ്ങയുടെ സാമാന്യഗുണമാകുന്നു. അതിന്റെ അതാതവസ്ഥകളിലുള്ള ഗുണദോഷത്തേയും വിവരിക്കാം.

കണ്ണിമാങ്ങ അതിയായ പുളിരസത്തോടുകൂടിയതും, രൂക്ഷവും, ത്രിദോഷകോപത്തേയും രക്തപിത്തത്തേയും ഉണ്ടാക്കുന്നതും ആകുന്നു.

അണ്ടി കൂടുകെട്ടിയ മാങ്ങയ്ക്കും ഗുണങ്ങളെല്ലാം അതേമാതിരിയാണു്. പക്ഷേ അതു വാതത്തെ ശമിപ്പിക്കുന്നതും, കണ്ണിമാങ്ങയേക്കാൾ അധികം പിത്തത്തെ വർദ്ധിപ്പിക്കുന്നതുമായിരിക്കും.

പഴുത്ത മാങ്ങ മധുരരസവും, ശുക്ലവൃദ്ധികരവും, സ്നിഗ്ധവും, ഹൃദയപ്രിയവും, ശരീരബലത്തെ ഉണ്ടാ

ക്കുന്നതും, ഗുരുത്വമുള്ളതും, വാത കോപഹരവും, രുചിപ്രദവും, ശരീരവർണ്ണത്തെ നന്നാക്കുന്നതും, ശീതവീര്യവും, പിത്തത്തെ കോപിപ്പിക്കുന്നതുമാകുന്നു.

തേൻമാമ്പഴം— സകല ഇന്ദ്രിയങ്ങൾക്കും ബലത്തെ ഉണ്ടാക്കുന്നതും, ശരീരബലത്തെ വർദ്ധിപ്പിക്കുന്നതും, വൃഷ്യങ്ങളായ പദാർത്ഥങ്ങളിൽവച്ചു ശ്രേഷ്ഠമായിട്ടുള്ളതും, ഹൃദയപ്രിയവും, സ്ത്രീസംഭോഗത്തിന്റെ അതിയായ സന്തോഷത്തെ ഉണ്ടാക്കിത്തീർക്കുന്നതുമാകയാൽ ഇതുതന്നെയാണു് ഫലാധിരാജൻ— കായ്കളിൽവച്ചു രാജാവു എന്നതന്നെയാണു് ആചാര്യന്മാർ പറയുന്നതു്.

പഴുത്തമാങ്ങയുടെ നീരു് (ചാറു്) മലരോധനത്തെ ഉണ്ടാക്കുന്നതും രുചിപ്രദവും, ബലത്തേയും വർണ്ണപ്രസാദത്തേയും ഉണ്ടാക്കുന്നതുമാകുന്നു. ഗുരുവായിരിക്കും. വാതത്തെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. അഗ്ന്യുദ്ദീപകമായിരിക്കും. മലത്തെ ഇളക്കും. ഇതു തുണിയിലോ പനമ്പിലോ ഒഴിച്ചുനിരത്തി നല്ല വെയിലിൽ ഉണക്കി എടുത്താൽ അതിനു അമ്ലാവർത്തം (മാന്തെര) എന്നു പേർ. അതു ലഘുവായിരിക്കും. വാതം, പിത്തം, തണ്ണീർദാഹം ഛർദ്ദി ഇവയെ ശമിപ്പിക്കും. മലത്തെയിളക്കും. രുചിയെയുണ്ടാക്കും.

മാങ്ങയണ്ടി ചവർപ്പുരസമുള്ളതും, ഛർദ്ദൃതിസാരങ്ങളെ നശിപ്പിക്കുന്നതുമായിരിക്കും.

ഇതിന്റെ തളിരു്:—കഫപിത്തങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

പൂവു്:—കഫം, പിത്തം, രക്തദോഷം. അതിസാരം, പ്രമേഹം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ശീതവീര്യമായിരിക്കും. അതിസാരം, കഫകോപം, പ്രമേഹം, രക്തദോഷം എന്നിവയെ നശിപ്പിക്കുന്നതും ശീതവീര്യവും, രുചിയെ ഉണ്ടാക്കുന്നതും വാതനാശവുമാകുന്നു.

ഇതിന്റെ തൊലി:—കഫം, പിത്തം, രക്തദോഷം, പ്രമേഹം ഇവയെ ശമിപ്പിക്കും. വ്രണത്തെ വരട്ടും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. യോനിശ്ലേഷ്മത്തെയുണ്ടാക്കും.

വേരിലെ തൊലി:—വിശേഷാൽ സൌരഭ്യമുള്ളതാകുന്നു.

പഴുത്ത മാങ്ങയുടെ പരിപ്പു മധുരവും ചവർപ്പും കുറഞ്ഞ പുളിയും ഉള്ളതാകുന്നു. പിത്തം, രക്തദോഷം, ജ്വരം, തണ്ണീർദാഹം, ചുട്ടുനീറൽ, വിഷൂചി ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഇതിന്റെ കായ് പാലിനോടു് ഒരുമിച്ചു ചേർത്താൽ വീര്യവർദ്ധകം.

മാക്ഷികമെന്ന തേൻ.

ഇതു രസവീര്യത്തിൽ ശ്രേഷ്ഠമാകുന്നു. വിശേഷാൽ നേത്രരോഗം, കാമല, അർശസ്, ഉരക്ഷതം, ക്ഷയം, ചുമ, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. വ്രണാലേപനത്തിങ്കൽ ഏറ്റവും നല്ലതാകുന്നു. തേനിന്റെ കൂട്ടത്തിൽ ഇതു ശ്രേഷ്ഠമാകുന്നു. നല്ലെണ്ണയുടെ നിറമായിരിക്കും.

"മാക്ഷികം മധുകം ശ്രേഷ്ഠം
നേത്രാമയഹരം ലഘു;
പൌത്തികം ലഘുസംഗ്രാഹി
കഫഘ്നം വാതപിത്തകൃൽ;

കഷായദ്രം മാക്ഷികവിജ്ഞേയം
വിശേഷാന്മേഹനാശനം
ഭ്രാമരം രക്തപിത്തഘ്നം
മൂത്രജാഡ്യകരം ഗുരു.''

മാക്ഷികമെന്ന തേൻ എട്ടിതരം തേനിലുംവെച്ചു ശ്രേഷ്ഠവും നേത്രരോഗഹരവും ലഘുവും ആകുന്നു.

പൌത്തികമെന്നതു ലഘുവും മലബന്ധകരവും കഫഹരവും വാതപിത്തകരവും ആയിരിക്കും.

ക്ഷൌദ്രമെന്നതു മാക്ഷികത്തിന്റെ ഗുണംപോലെയുള്ള ഗുണത്തോടുകൂടിയതും പ്രമേഹത്തെ നശിപ്പിക്കുന്നതുമാകുന്നു.

ഭ്രാമരമെന്ന തേൻ രക്തപിത്തഹരവും മൂത്രത്തിനു ജഡതയെ വരുത്തുന്നതും ഗുരുത്വമുള്ളതുമാകുന്നു

മാനുഷ്യം.

ഈ ശാഖാവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. കഫം, വാതം രക്തദോഷം, കൃമി, വിസർപ്പം, വിദ്രധി, തൊലിദോഷം, വ്രീക്കം, കൃമി, മഹോദരം, ഗുല്മം, ഗ്രഹണി, അർശസ്, വയറുവീർപ്പു്, പ്ലീഹ ഇവയെ ശമിപ്പിക്കും. ഈ കൂടത്തിനും ബലത്തിനും ബുദ്ധിശക്തിയും ബുദ്ധിയെയുംവർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും. സുശ്രുതത്തിലും മദനപാല നിഘണ്ടുവിലും പിത്തത്തെ ശമിപ്പിക്കുമെന്നും കഫവാതങ്ങളെ വർദ്ധിപ്പിക്കുമെന്നും കാണുന്നു. ഇതിന്റെ തന്റേടം—ഹീതജാതത്തെ ശമിപ്പിക്കും.

മീ

മീൻ.

ഈ ഭോജ്യവർഗ്ഗത്തിൽ ചേർന്ന ആനുപമാംസമാകുന്നു. ഇതിന്റെ മാംസം—വാതത്തെ ശമിപ്പിക്കും. കഫത്തെയും പിത്തത്തെയും ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. മലത്തെ പുറത്തു കളയും. രുചിയെ ഉണ്ടാക്കും. കഫം മുതലായവയെ ദ്രവിപ്പിക്കും. മദ്യപാനം ചെയ്യുന്നവക്കും വ്യായാമം കൊണ്ടും വഴിനടപ്പുകൊണ്ടും ക്ഷീണിച്ചവർക്കും, സ്ത്രീസംഭോഗന്മാർക്കും, ജാരാഗ്നി ബലമുള്ളവക്കും നല്ലതാകുന്നു. മേൽപ്പറഞ്ഞ ഗുണം ഉലചലമത്സ്യത്തിനും ചേരുന്നതാണു്. സ്ഥാനഭേദംകൊണ്ടു മത്സ്യങ്ങൾക്കു ഗുണഭേദം വരും. എങ്ങനെയെന്നാൽ —

ആറുകളിലുള്ളമത്സ്യം—വാതത്തെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും ഉണ്ടാക്കും. പുഴുവിയെച്ചെയ്യും. ബലത്തെയും കഫത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തെ കാണുകയും.

കിണറിലുള്ള മത്സ്യം—വിശേഷാൽകഫത്തെയും. ശുക്ലത്തെയും, മൂത്രത്തെയും വർദ്ധിപ്പിക്കും. ദുഷ്ടിലെ എന്ന രോഗത്തെയും, കുഷ്ഠരോഗത്തെയും, ചിന്തവൈഷമ്യത്തെയും ഉണ്ടാക്കും. നാടൻ മത്സ്യങ്ങളെ അപേക്ഷിച്ചു വാതശമനമെന്ന സൂശ്രുതമതം.

പൊയ്കയിലുള്ള മത്സ്യങ്ങൾ:— ഇതു കഫത്തെയും, മൂത്രത്തെയും, ബലത്തെയും വർദ്ധിപ്പിക്കും.

കുളങ്ങളിലുള്ള മത്സ്യങ്ങൾ കിണറിലുള്ള മത്സ്യങ്ങൾക്കാളും ഗുണമേറിയതാകുന്നു.

ഉറവുകഴിയിലുള്ള മത്സ്യങ്ങൾ:— തടാകമത്സ്യങ്ങളുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷിച്ചു് അയസ്സിനെയും, ബലത്തെയും ബുദ്ധിയേയും വർദ്ധിപ്പിക്കും. കണ്ണിനു നല്ലതാകുന്നു.

ഉവർവെള്ളത്തിലുള്ള മത്സ്യങ്ങൾം വിശേഷാൽ പിത്തത്തെയും. ചുട്ട നീറലിനേയും, വയറടപ്പിനേയും ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. കണ്ണിനു കേടുവരുത്തും.

കയത്തിലുള്ള മത്സ്യങ്ങൾ:-ബലത്തെ വർദ്ധിപ്പിക്കും. കുറഞ്ഞ വെള്ളത്തിലുള്ള മത്സ്യങ്ങളും, തോട്ടിലെ മത്സ്യങ്ങളും മേൽപ്രകാരം ബലത്തെ വർദ്ധിപ്പിക്കുകയില്ല.

കാലഭേദംകൊണ്ടു മത്സ്യങ്ങൾക്കു ഗുണഭേദം വരും. വർഷകാലത്തിങ്കൽ എല്ലാമത്സ്യങ്ങളും ചീത്തയാണെന്നു മദനപാലമതം. ഉണക്കാതെ വേവിച്ചു എല്ലാ മത്സ്യങ്ങളും നല്ലതാകുന്നു.

വരുത്തമത്സ്യം:-വിദാഹത്തെയും, അപബാഹുകമെന്ന വാതത്തെയും ഉണ്ടാക്കും.

ചുട്ടമീൻ:—ഗുണമേറിയതും പുഷ്ടിയേയും. ബലത്തേയും, ശുക്ലത്തേയും ചെയ്യുന്നതുമാകുന്നു.

ഉണങ്ങിയ മീൻ: — വളരെത്താമസിച്ചുദഹിക്കുന്നതും മലത്തെ തടുക്കുന്നതും അപഥ്യമായിട്ടുള്ളതുമാകുന്നു. ബലത്തെ വർദ്ധിപ്പിക്കുകയില്ല. മത്സ്യങ്ങളിൽവച്ചു രോഹിതവും, കച്ചപവും, വമ്മിമത്സ്യവും ശ്രേഷ്ഠമെന്നു സംഗ്രഹം. എല്ലാ മത്സ്യങ്ങളും, വിശേഷാൽ ചെമ്മീനും പാലിനോടുകൂടി ഒരുമിച്ചു ഭക്ഷിച്ചാലും, ശർക്കരമുതലായഇക്ഷുവികാരങ്ങളോടൊരുമിച്ചു ഭക്ഷിച്ചാലും കടുകെണ്ണയിൽവറുത്തു തേനിനോടുംപാലിനോടും ഒരുമിച്ചു ഭക്ഷിച്ചാലും വിരുദ്ധം.

മീൻകണ്ണിക്കുക.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. മലത്തെ പിടിപ്പിക്കും വാതത്തെ വർദ്ധിപ്പിക്കും. ലോഹത്തെ ദ്രവിപ്പിക്കും. പിത്തം, കഫം, തണ്ണീർദാഹം, രക്തദോഷം, കുഷ്ഠം, സന്താപം, ജ്വരം, ചുഴൽച്ച ഇവയെ ശമിപ്പിക്കും.

മീനങ്ങാണി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ലോഹത്തെ ദ്രവിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. വാതത്തെ വർദ്ധിപ്പിക്കും. ജ്വരം, തണ്ണീർദാഹം, കൃമി, ക്ഷയം, വ്രണം, കുഷ്ഠം പിത്തം, രക്തദോഷം, കഫം ഇവയെ ശമിപ്പിക്കും.

മു

മുക്കുറ്റി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. ക്ഷതാദികളിൽനിന്നു സ്രവിക്കുന്ന രക്തത്തെ തടുക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മുലപ്പാലിന്റെ ദോഷത്തെതീർക്കും. കഫം, കുഷ്ഠം, പിത്തം, വ്രണം, രക്തദോഷം, വായുമുട്ടൽ, ചുമ, അതിസാരം, ശ്രമം, വീക്കം, ചുട്ടുനീറൽ, യോനിരോഗം ഇവയെ ശമിപ്പിക്കും. ഇതു വൈപരീത്യം എന്നു വേറൊരു തരമുണ്ടു്. അതു വിശേഷാൽ അല്പം ചൂടും എരിവും ഉള്ളതാകുന്നു. ആമദോഷത്തേയും കഫത്തേയും ശമിപ്പിക്കും. രസബന്ധത്തെച്ചെയ്യും. പ്രയോഗവിശേഷം കൊണ്ടു പല പ്രകാരവും വിജ്ഞാനത്തെക്കൊടുക്കും. രണ്ടും ഗുണങ്ങൾ കൊണ്ടു തുല്യങ്ങളെന്നും മതക്ഷം.

മുചുകുന്ദം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, ചുമ, പിത്തം, ചിരങ്ങു്, രക്തദോഷം, വ്രണം, തലനോവു്, വിഷം, തഗ്ദോഷം,

കണ്ണരോഗം, വീക്കം ഇവയെ ശമിപ്പിക്കും.

മുഞ്ഞപ്പുല്ല്.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. ശുക്ലത്തെ വർദ്ധിപ്പിക്കും. കഫം, വിസർപ്പം, പിത്തം, മൂത്രകൃച്ഛ്രം, രക്തദോഷം, ശൂലം. നേത്രരോഗം, തണ്ണീർദാഹം, അസ്ഥിരോഗം, മൂട്ടിനീറൽ ഇവയെ ശമിപ്പിക്കും. ഗ്രഹപീഡ, രക്ഷസപീഡ, ഭൂതപീഡ, ദീക്ഷ ഇവകളിൽ ഹിതമായിരിക്കും. പരിശുദ്ധമായിട്ടുള്ളതാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു ഭാവപ്രകാശം. ഇതു് വലുതും ചെറുതും രണ്ടുതരമുണ്ടു്. ഗുണങ്ങൾകൊണ്ടു ഇവ രണ്ടും തുല്യങ്ങളാകുന്നു.

മൂടിയൻചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പുരാകമാകുന്നു. മലത്തെ ഇളക്കും. വാതത്തെ വർദ്ധിപ്പിക്കും. കുറഞ്ഞൊരു പിത്തത്തേയും വിശേഷാൽ കഫത്തേയും വായുമട്ടലിനേയും ചുമയേയും ശമിപ്പിക്കും.

മുതക്കു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. ജരാവ്യാധിയെ നശിപ്പിക്കും. സ്വരത്തെ നന്നാക്കും. ഗർഭസന്ധാനത്തെച്ചെയ്യും. ബലത്തേയും, ആയുസ്സിനേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. മൂത്രത്തിനേയും, മുലപ്പാലിനേയും പെരുപ്പിക്കും. പുഷ്ടിയെച്ചെയ്യും. മൂട്ടിനീറൽ, വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവു്:—കഫവാതങ്ങളെ വർദ്ധിപ്പിക്കും. പിത്തത്തെ ശമിപ്പിക്കും.

മുതല.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ഇതിന്റെ മാംസം:- ഗുണങ്ങൾകൊണ്ടു ചീങ്കണ്ണിയുടെ മാംസത്തോടൊത്തതാകുന്നു.

മുതിര.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. പ്രമേഹം, കുമ, വാതം, കഫം, വായുമുട്ടൽ, ഇക്കിട്ടു, മൂട്ടിനീറൽ, കല്ലടപ്പു്, വയറുവീർപ്പു്, പീനസം, ജ്വരം, വീക്കം, ഗുൽമം, ഗുന്മം, കുമി, അർശ്ശസ്സു് ഇവയെ ശമിപ്പിക്കും. പിത്തത്തേയും, രക്തദോഷത്തേയും ഉണ്ടാക്കും. മേദസ്സിനേയും, ശുക്ലത്തേയും കുറയിപ്പിക്കും. മലത്തെ പിടിപ്പിക്കും. വിയർപ്പിനെ തടുക്കും. കണ്ണിനു നന്നല്ല. വിദാഹിയായിരിക്കും. പുഷ്ടികരമെന്നു രാജവല്ലഭമതം. അല്പപിത്തജനകങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു് സംഗ്രഹം.

മുത്തങ്ങ.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. മലത്തെ പിടിപ്പിക്കും. ആമത്തെ പചിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പിക്കുമെന്നു രാജവല്ലഭമതം. പിത്തം, രക്തദോഷം, ഇക്കിട്ടം, ഛർദ്ദി, ജ്വരം. കഫം, ശ്രമം, അതിസാരം, മൂട്ടിനീറൽ, അരുചി തണ്ണീർദാഹം, കുമി ഇവയെ ശമിപ്പിക്കും. സംഗ്രഹണീയദീപനീയ പാചനീയങ്ങളിൽ വച്ചു് ശ്രേഷ്ഠമെന്നു സംഗ്രഹം.

മുത്തു്.

ഇതു രസായനബന്ധനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. കഫം, മൂട്ടിനീറൽ, പിത്തം, അഗ്ന

മാന്ദ്യം, ചുമ, വിഷം, രാജയക്ഷ്മാവു്, വായുമുട്ടൽ, നേത്രരോഗം, മുഖരോഗം, പംക്തിശൂലം ഇവയെ ശമിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. പുഷ്ടിയെച്ചെയ്യും. മലത്തിനു അയവുവരുത്തും. ലഘു എന്നു രസരത്നസമുച്ചയം. മാണിക്യത്തിന്റെ ഗുണങ്ങളോടുകൂടിയതെന്നു സംഗ്രഹം. ഒരു പാത്രത്തിൽ ഗോമൂത്രം ഒഴിച്ചു് ഉപ്പും കാരവും പൊടിച്ചിട്ടു് അതിൽ മുത്തിട്ടു് ഒരുദിവസം വെച്ചിരുന്നെടുത്തു് ഉമികൊണ്ടു തുടച്ചുനോക്കിയാൽ പൊട്ടിമുതലായ വികാരങ്ങളൊന്നുംകൂടാതെയിരുന്നാൽ ശ്രേഷ്ഠം.

മുത്തച്ചിപ്പി.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കോശസ്ഥവർഗ്ഗത്തിൽ ചേർന്ന അനുപമാ, സമെന്നു സുശ്രുതമതം രസായന മണ്ഡനവർഗ്ഗത്തിൽ ചേർന്നതെന്നു ഗുസിംഹമതം. ഇതിന്റെ അസ്ഥി — ജംരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. വായുമുട്ടൽ, ശൂലം, ഹൃദ്രോഗം, ചുമ ഇവയെ ശമിപ്പിക്കും. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു ശംഖമാംസത്തോടൊത്തതാകുന്നു. ഉഷ്ണവീര്യമെന്നു ചരകമതം. ജ്വരനാരങ്ങാനീരിൽ സേന്ധവയന്ത്രംകൊണ്ടു പചിച്ചു് ചൂടുവെള്ളത്തിൽ കഴുകി ഉണക്കിയാൽ ഗ്രഹ്യമാകും.

മുദ്ഗരം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തത്തെ ശമിപ്പിക്കും. സൌഖ്യത്തെ കൊടുക്കും. കാമവൃദ്ധിയെ ചെയ്യും.

മുന്തിരി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴത്തകായ്:—ശ്ലേഷ്മത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും. മലശോധനയെ ഉണ്ടാക്കും. ക്ഷയം, പിത്തം, തണ്ണീർദാഹം, ക്ഷതം, ഭ്രമം, മൂട്ടിനീറൽ, മൂത്രദോഷം ഇവയെ ശമിപ്പിക്കും. പച്ചക്കായ :— മലത്തിനു അയവുവരുത്തും. വാതത്തെ ശമിപ്പിക്കും. പിത്തത്തെയും കഫത്തെയും രക്തദോഷത്തെയും ഉണ്ടാക്കും.

"ദ്രാക്ഷാ ബാലഫലം കടുഷ്ണവിശദം
പിത്താസ്രദോഷപ്രദം
മദ്ധ്യം ചാമ്ലരസം രസാന്തരഗതം
രുച്യാദിവഹ്നിപ്രദം;
പക്വം ചേന്മധുരം തഥാമ്ലസഹിതം
ഉഷ്ണാസ്രപിത്താപഹം
പക്വം ശുഷ്കതമം ശ്രമാത്തിശമനം
സന്തർപ്പണം പുഷ്ടിദം"

"ദ്രാക്ഷാ പക്വാ സരാ ശീതാ
ചക്ഷുഷ്യാ ബൃംഹിണീ ഗുരുഃ;
ഹന്തി ഉഷ്ണാജ്വരശ്വാസ
വാന്തിവാതാസ്രകാമിലാഃ;
കുഷ്ഠാസ്രപിത്തസന്മോഹ-
ദാഹശ്രോഷമദാത്യയാൻ;
അമാ സച്ഛർദ്ദിഗുണാ ഗുർവ്വീ
സൈവാംശ്ലാ രക്തപിത്തജിൽ."

ഇളയമുന്തിരിങ്ങാ എരിവും, രസവും, ഉഷ്ണവീര്യവും വൈശദ്യഗുണയുക്തവും, പിത്തരക്തങ്ങളെ ദുഷിപ്പിക്കുന്നതുമാകുന്നു

പകുതിമൂപ്പായ മുന്തിരിങ്ങാ:— പുളിരസത്തോടുകൂടിയതായിരിക്കും. അധികമെന്നെ കുറെ പഴുക്കയായാൽ രുചിപ്രദംമുതലായ വിശിഷ്ടഗുണങ്ങളോടുകൂടിയതും ജംരാഗ്നിയെ വർദ്ധിപ്പിക്കുന്നതുമായിരിക്കും. പഴുത്താൽ പുളിരസവുംകൂടെയുള്ള മധുരരസത്തോടുകൂടിയതും, ദാഹത്തെയും രക്തപിത്തത്തെയും നശിപ്പി

മുയൽ.

ഇതു മൃഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം വാതം, കഫത്തിരിക്കുന്ന സന്നിപാതം, വായുമുട്ടൽ, രക്തദോഷം, ജ്വരം, മെലിവു്, ചുമ, രാജയക്ഷ്മാവു് ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. പാകത്തിങ്കൽ മധുരമെന്നു സുശ്രുതമതം.

മുരളെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. കഫത്തെ വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെ ഉണ്ടാക്കും. മുടിയെ നന്നാക്കും.

മുരിങ്ങമരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:— ചുട്ടനീറൽ, പിത്തം, വാതം, തണ്ണീർദാഹം, ജ്വരം, ക്ഷതം ഇവയെ ശമിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. മലത്തിനു അയവുവരുത്തും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കുമെന്നു ചരകമതം. കഫത്തെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. ഇതിന്റെ മജ്ജ:—ശുക്ലത്തെ വർദ്ധിപ്പിക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. ആമത്തെ ചെയ്യും. വളരെതാമസിച്ചു ദഹിക്കും. ഇതിന്റെ വേരു്:— ചവപ്പുരസത്തോടുകൂടിയതാകുന്നു. പിത്തം, കഫം, രക്തദോഷം, ഇവയെ ശമിപ്പിക്കും.

മുരാമാഞ്ചി.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. രക്തദോഷം, പിത്താ-

ക്കുന്നതുമായിരിക്കും. പഴുത്ത മുന്തിരിങ്ങ നല്ലവണ്ണം ഉണക്കിവച്ചാൽ ചൂടു തളർച്ചയേയും പീഡയേയും ശമിപ്പിക്കുന്നതും ധാതുവർദ്ധിപ്പിക്കുന്നതും ഹൃദയപ്രസാദത്തെ ചെയ്യുന്നതും, ശരീരത്തിനു പുഷ്ടിയെ വരുത്തുന്നതുമാകുന്നു. മുന്തിരിങ്ങാപ്പഴം മലത്തെ ഇളക്കുന്നതും, ശീതവീര്യവും, നേത്രത്തിനു ഹിതവും, ശരീരത്തിനെ തടിപ്പിക്കുന്നതും, ഗുരുത്വമുള്ളതും, ദാഹം, പനി, ശ്വാസംമുട്ടൽ ഛർദ്ദി, രക്തവാതം, കൃമിരോഗം, മൂത്രകൃഛ്രം, രക്തപിത്തം, മോഹാലസ്യം, ചുട്ടനീറൽ ക്ഷയം, മദാത്യയം എന്നിതുകളെ നശിപ്പിക്കുന്നതുമാകുന്നു. ഇതിന്റെ പച്ചക്കായ്ക്കു് മേല്പറഞ്ഞ ഗുണങ്ങളെല്ലാം കുറെ കുറഞ്ഞിരിക്കും. അതു ഗുരുത്വമുള്ളതുമാണു്. അതുതന്നെ പുളിയുള്ളതായിരുന്നാൽ രക്തപിത്തത്തെ ശമിപ്പിക്കുകയും ചെയ്യും.

മുന്തിരിങ്ങാമദ്യം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു ഹൃദയപ്രസാദത്തെ വരുത്തും. വിശേഷാൽ രക്തദോഷം, പ്രമേഹം, പാണ്ഡു, അർശ്സ്സു്, കൃമി, വിഷജ്വരം ഇവയെ ശമിപ്പിക്കും. കുറഞ്ഞൊരു വാതത്തേയും. പിത്തത്തേയും പ്രവർത്തിപ്പിക്കും. ബുദ്ധിയേയും പുഷ്ടിയേയുമുണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. അധികമാംസം മുതലായവയെ ഉരച്ചുകളയും. വിദാഹിയല്ല. രക്തപിത്തത്തിങ്കൽ വിരോധമില്ലെന്നു സുശ്രുതമതം,

മുപ്പരപ്പൻപുല്ലു്.

ഇതു ആരണ്യവർഗ്ഗത്തിൽചേർന്നതാകുന്നു. കഫം, പിത്തം, അതിസാരം, രക്തസ്രുതി ഇവയെ ശമിപ്പിക്കും.

വാതം, ജ്വരം, തണ്ണീർദാഹം, ചുട്ടനീറൽ, ഭ്രമം, മൂർഛ, വിഷം, ചൂമ, വായുമുട്ടൽ, കൃഷ്ണം, ഭ്രതബാധ, ഞാല ക്ഷ്മി, രാക്ഷസബാധ ഇവയെ ശമിപ്പിക്കും. ഇന്ദ്രിയപ്രസാദത്തെച്ചെയ്യും. കൃമിവിത്തങ്ങളെ ശമിപ്പിക്കുമെന്നു പക്ഷം.

മുരിക്കു്.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. വീക്കം, വാതം, കഫം, കൃമി, ശൂലം, ഗുല്മം, പ്രമേഹം, അരുചി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ദോഷങ്ങളെ കോപിപ്പിക്കയില്ലെന്നു സുസിദ്ധമതം. ഇതിന്റെ പൂവു്—കണ്ണുരോഗം, ചൂമ, അശ്മരി, പിത്തം ഇവയെ ശമിപ്പിക്കും.

മുരിങ്ങ.

ഇതു് ശാകവർഗ്ഗത്തിൽ ചേർന്ന കഫാന്വയ്യമാകുന്നു. വീക്കം, വിദ്രധി, കൃമി, വാതം, കഫം, അപചി, ഗുല്മം, ഗണ്ഡമാല, വിഷം, പ്ലീഹ, വ്രണം ഇവയെ ശമിപ്പിക്കും. പിത്തത്തെയും, രക്തദോഷത്തെയും ഉണ്ടാക്കും. ശുക്ലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും മേദസ്സിനെ ക്ഷയിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയേയും, വിവാഹത്തേയും ഉണ്ടാക്കും. കണ്ണിനു നല്ലതു്. ഹൃദയപ്രസാദത്തെ വരുത്തും. ആമത്തെ പചിപ്പിക്കും. ജിഹ്വാസ്തംഭം, ഹനുസ്തംഭംമുതലായ വാതവികാരങ്ങളിൽ വളരെ നല്ലതാകുന്നു. ഇതിന്റെ ഏല കൃമി, കൃഷ്ണം, വാതം, കഫം ഇവയെ ശമിപ്പിക്കും. പൂവു്:—കഫത്തെയും വീക്കത്തെയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. സ്നായുരോഗം, വിദ്രധി, പ്ലീഹ, ഗുല്മം ഈ രോഗമുള്ളവർക്കു നന്നു്. മലത്തെ പിടിപ്പിക്കും. ഇതിന്റെ കായു്:—കഫപിത്തങ്ങളെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ക്ഷയം, ശ്ലീപദം, കൃമി, ശ്വാസം, ഗുല്മം ഇവയെ ശമിപ്പിക്കും. ഇതിന്റെ ബീജം:—കഫം, വാതം, വിഷം ഇവയെ ശമിപ്പിക്കും. കണ്ണിനു നല്ലതു്. കറങ്ങുന്നതായ ശുക്ലത്തെ വർദ്ധിപ്പിക്കും. നസ്യം ചെയ്താൽ തലനോവിനെ ശമിപ്പിക്കും.

മുരിങ്ങയെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, പ്രഗ്ദോഷം, ശിരോരോഗം, ഞരമ്പുകൾ, വ്രണം, മോഹം, ചൊറി, വീക്കം, കൃമി ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും ഉണ്ടാക്കും. പിച്ചിലമായിരിക്കും.

മൂലപ്പാലു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, പിത്തം, രക്തദോഷം ഇവയെ ശമിപ്പിക്കും. ജംരാഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആമത്തെ പചിപ്പിക്കും. സാത്മ്യമാകയാൽ ധാതുക്കളെ വർദ്ധിപ്പിക്കും. സ്നേഹനമായും ജീവനമായും ഇരിക്കും. കണ്ണിൽ നിറുത്തുന്നതിനും ഒഴുക്കുന്നതിനും നസ്യത്തിനും വളരെ നല്ലതാകുന്നു. കഫവു്, മുറിവു്, നോവു് മുതലായ നേത്രദോഷങ്ങളെ ശമിപ്പിക്കും.

മൂലപ്പാലിൻതൈരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ബലത്തേയും, ധാതുക്കളേയും, അഗ്നിയേയും വർദ്ധി

പ്പിക്കും. ഗ്രഹപീഡയെ തീക്കും. കണ്ണിനു ഏറ്റവും നല്ലതാകുന്നു.

മുലപ്പാലിൻനെയ്യ്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ വാതം, പിത്തം, കഫം, രക്തദോഷം, പ്രമേഹം, കുഷ്ഠം, ഉന്മാദം, മൂർച്ഛ, ഗ്രഹപീഡ, യോനിരോഗം, അപസ്മാരം വിഷം ഇവയെ ശമിപ്പിക്കും. രുചിയേയും പുഷ്ടിയേയും ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കണ്ണിനു വളരെ നല്ലതു്. അമൃതംപോലെ ഹിതമായിരിക്കും.

മുല്ലപ്പൂനാറിയകിൽ.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. സാമാന്യം അകിലിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ കുഷ്ഠത്തെ ശമിപ്പിക്കും. യോഗവാഹിയായിരിക്കും. സൌരഭ്യം ഏറിയതാകുന്നു.

മുഷ്കകവൃക്ഷം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിഷം, വാതം. കഫം, ഗുല്മം, ചൊറി, ചൊവിക്കുത്തു്, വസ്തിനോവു്, കൃമി മഹോദരം, പ്ലീഹ ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെയും, മേദസ്സിനേയും ക്ഷയിപ്പിക്കും. ഇതിന്റെ പൂവു്:—പിത്തം, കഫം, കുഷ്ഠം ഇവയെ ശമിപ്പിക്കും. ഇതിന്റെ കായു്:—പുളിരസം ഉള്ളതാകുന്നു. ഗുല്മം, പ്രമേഹം, അർശ്സു്, പാണ്ഡു, മഹോദരം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ഇതിന്റെ പശ:—പിത്തം, വാതം, മെലിവു് ഇവയെ ശമിപ്പിക്കും. ശുക്ലത്തെ ഏറ്റവും വർദ്ധിപ്പിക്കും. ഇതു് വെളുത്ത പൂവുള്ളതും, കറുത്ത പൂവുള്ളതും എന്നു രണ്ടുതരമുണ്ടു്.

മൂർക്കുഞ്ഞി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്നതാകുന്നു. ശൂലം, ഉന്തരോഗം, വാതം, കഫം, കൃമി, വീക്കം, തണ്ണീർദാഹം, തൃഗ്ദോഷം, കുഷ്ഠം, ചൊറി, വിഷം, വാതരക്തം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയുംബലത്തെയും വർദ്ധിപ്പിക്കും. മുടിയെ നന്നാക്കും. ജരാവ്യാധിയെ നശിപ്പിക്കും.

മുള.

ഇതു ശാകവർഗ്ഗത്തിൽ ചേർന്നമൂത്രവിരേചനീയദ്രവ്യമാകുന്നു. രക്തദോഷം. പിത്തം, കഫം, വീക്കം, വ്രണം, കുഷ്ഠം, പ്രമേഹം, അർശ്സു്, ചുട്ടനീറൽ മൂത്രകൃച്ഛ്രം ഇവയെശമിപ്പിക്കും. മലത്തിനു അയവുവരുത്തും. ദുർമ്മാംസങ്ങളെ മുറിച്ചുകളയും. വസ്തിശുദ്ധിയെച്ചെയ്യും. ഇതിന്റെ തളിരു് കഫവാതങ്ങളെ ശമിപ്പിക്കും.

മുളകു്. (കുരുമുളകു്)

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കഫപ്രദ്രവ്യമാകുന്നു. കൃമി, വായുമുട്ടൽ, കഫം, വാതം, അർശ്സു്, ഹൃദ്രോഗം, ശൂലം, കൃമി ഇവയെ ശമിപ്പിക്കും. പിത്തത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ദേഹത്തെമെലിയിക്കും. അധിമാംസം മുതലായവയെ മുറിച്ചുകളയും. പച്ചയായിട്ടുള്ളതു പിത്തത്തെ വർദ്ധിപ്പിക്കുകയില്ല. യോഗവിശേഷംകൊണ്ടു കുറഞ്ഞാറ്റുന്ന ശുക്ലത്തെ വർദ്ധിപ്പിക്കും. കുതാന്നങ്ങളിൽ പല പ്രകാരം ഉപയോഗിക്കാം.

മുളംക്ലമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഉദ്ഭിദശാകമാകുന്നു. കഫത്തെയും

മൂത്രകൃച്ഛ്രത്തെയും ശമിപ്പിക്കും. വാതപിത്തങ്ങളെ വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. നെഞ്ചുകലിപ്പിനേയും രുചിയേയും ഉണ്ടാക്കും. പാകത്തിങ്കൽ മധുരമെന്നും കഫവാതങ്ങളെ വർദ്ധിപ്പിക്കുമെന്നും സുശ്രുതമതം.

മുളനെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. കഫം, വിഷം, പ്രമേഹം ഇവയെ ശമിപ്പിക്കും. വാതത്തേയും കൃമിയേയും പിത്തത്തേയും വർദ്ധിപ്പിക്കും. മൂത്രത്തെ തടുക്കും. മലത്തിനു അയവുവരുത്തും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ലേഖനമായിരിക്കും. ശുക്രകൃദാന്യമെന്നും പക്ഷം.

മുളംപ്ലാശ്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതകഫങ്ങളേയുംരക്തദോഷം, ചൂടുനീർ, തണ്ണീർദാഹം, ഗളഗണ്ഡം, ഗണ്ഡമാല, കണ്ഠരോഗം, ചൊറി, വ്രണം, വിഷമജ്വരം, വിഷം, പ്രമേഹം, നെഞ്ചുകലിപ്പു, ഭൂതപീഡ ഇവയേയും ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. പിത്തശ്ലേമനകരമെന്നു സുസിംഹമതം. ഇതിന്റെ പഴുത്ത കായ്—കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെകോപിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. അധികമാംസം മുതലാവയെ മുറിച്ചുകളയും. സ്തംഭനമായിരിക്കും.

മുള്ളങ്കി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. വാതം, അർശ്സ്, ഗുല്മം, ഹൃദ്രോഗം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. സ്വരത്തെ നന്നാക്കും. മലത്തെപിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഞെള്ളും കൈപ്പുരസംകൂടെ ഉണ്ടെന്നുംപക്ഷം. വാതത്തെ വർദ്ധിപ്പിക്കുമെന്നു മദനപാലമതം. സ്നിഗ്ദ്ധമെന്നും, കഫത്തെ വർദ്ധിപ്പിക്കുമെന്നും സുശ്രുതമതം. ഇതിന്റെ ഏല—ലഘുവായും ഉഷ്ണമായും ഭവിക്കും. കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. നെയ്യിൽ വഴുത്താൽ വാതപിത്തകഫങ്ങളെ ശമിപ്പിക്കും. പൂവ്:—കഫപിത്തങ്ങളെ ശമിപ്പിക്കും. കായ്—കഫവാതങ്ങളെ ശമിപ്പിക്കും.

മുള്ളങ്കിഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, അർശ്സ്, കൃമി, കുഷ്ഠം, പ്രമേഹം, വൈചിത്ര്യം, ശിരോരോഗം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും മേദസ്സിനേയും ക്ഷയിപ്പിക്കും പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. മലത്തെ അയിളക്കി പുറത്തുകളയും.

മുള്ളൻകൊഴിഞ്ഞിൽ.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന കുമിൾജന്യദ്രവ്യമാകുന്നു. ഉണങ്ങലരികൊണ്ടു കൊഴിഞ്ഞിലിനോടൊത്തതാകുന്നു. വിശേഷാൽ കൃമിയേയും ശൂലത്തേയും നശിപ്പിക്കും.

മുള്ളൻപന്നി.

ഇതു വിലേശയ വർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. വിലേശയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—മൂന്നു ദോഷങ്ങളേയും, രക്തദോഷം, ക്ഷയം, ഛർദ്ദി, വായുമുട്ടൽ ഇവയേയും ശമിപ്പിക്കും. ശുക്ലത്തേയും, ബലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. വാതത്തെ ശമിപ്പി

ക്കുമെന്നും, കുറഞ്ഞൊന്നു കഫപി ത്തങ്ങളെ വർദ്ധിപ്പിക്കുമെന്നും സംഗ്രഹം.

"ശല്യകഃ ശ്വാസകാസാഗ്നി
ശോഷദോഷത്രയാപഹഃ;
സേധാ തഥൈവ വിജ്ഞേയാ
വിശേഷാദ് ബലവർദ്ധനീ."

മുള്ളൻപന്നിമാംസം— ശ്വാസം മുട്ടൽ, കുര, രക്തപിത്തം, മെലിച്ചിൽ, ത്രിദോഷകോപം എന്നിതുകളെ നശിപ്പിക്കും. പെരുമുള്ളനും അതുപോലെതന്നെയത്രേ. പക്ഷേ അതു് അത്യന്തം ബലപ്രദമായിരിക്കയും ചെയ്യും.

മുള്ളുചേമന്തി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്നതാകുന്നു. ഇക്കൂട്ടത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. വാതപിത്തങ്ങളെ ശമിപ്പിക്കും. ചുട്ടുനീറലിനെ തീർക്കും. ദേഹകാന്തിയെചെയ്യും. ഏടയപ്രസാദത്തെ വരുത്തും. ഏറ്റവും സൌരഭ്യമുള്ളതാകുന്നു. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നും, മലത്തിനു അയവുവരുത്തുമെന്നും ഭാവപ്രകാശം. വേരുമുതലായവ:—പിത്തം, കഫം, രക്തദോഷം ഇവയെ ശമിപ്പിക്കും.

മുരുകിയപ്പാനി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, തണ്ണീർദാഹം, രക്തദോഷം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ക്ഷീണിച്ചവക്കും മുറിവേറ്റവക്കും നല്ലതാകുന്നു.

മൂ

മൂ(മു)ഞ്ഞ.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്നകഫഘ്നദ്രവ്യമാകുന്നു. ശൂലം, കൃമി, കുഷ്ഠം, ഗുല്മം, കഫം, മലബന്ധം, വിഷം, പീനസം, വാതം, രക്തദോഷം, പാണ്ഡു, മെലിച്ചിൽ, അർശസ്, വിഷം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. പത്രശാകങ്ങളിൽ ചേർന്നതെന്നും പക്ഷം.

മൂന്നടിലമുള്ള കടല.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. പൈത്തദിലങ്ങളിൽ ചേർന്നതെന്നു സുശ്രുതമതം. രുചിയെ ഉണ്ടാക്കും. കഫപിത്തങ്ങളെ ശമിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും. വാതത്തെ ഏറ്റവും കോപിപ്പിക്കും. കാളകൾക്കു നല്ലതാകുന്നു. ഏട്രോഗം, പ്ലീഹ, അർശസ് ഈ രോഗമുള്ളവക്ക് അപഥ്യമായിരിക്കും. കഞ്ജതാത്തേയും, പംഗുതാത്തേയും ചെയ്യും. ഇതിന്റെ ശാകം:—പിത്തകഫങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. വാതത്തെ കോപിപ്പിക്കും.

മൂന്നടിയസംകഴിഞ്ഞതരിക്കാടി.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. ധാതുക്കളേയും അഗ്നിയേയും വർദ്ധിപ്പിക്കും. ചുട്ടുനീറലിനെ തീർക്കും.

മൂന്നു വരിപ്പുള്ള കള്ളി.

ഇതു അരണ്യകവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു ചതുരക്കള്ളിയോടൊത്തതാകുന്നു. വിശേഷാൽ രസത്തെ ബന്ധിക്കും.

മൂവില.

ഇതു വൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. വൃഷ്യസ്രവ്യദോഷഹാരങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ജരാവ്യാധിയെ നശി

പ്പിക്കും. ദേഹത്തെ തടിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഗുല്മം, ത്രിദോഷം, വായുമൂട്ടൽ, വാതം, അതിസാരം, ചുട്ടനീറൽ, ക്ഷയം, തണ്ണീർദാഹം, ഉരക്ഷതം, കൂട്ടവിഷം. വിഷം, ഛർദ്ദി, പ്രമേഹം, ഇക്കിൾ, ക്രിമി, വിഷമജ്വരം, അർശ്സ്, ചുമ, ഗ്രഹണി, വീക്കം ഇവയെ ശമിപ്പിക്കും.

മെ

മെഴുക്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നതാകുന്നു. മുറിഞ്ഞുപോയ അസ്ഥിയെ കൂട്ടിപ്പിടിപ്പിക്കും. ലേപനം ചെയ്താൽ തൊലി പറഞ്ഞുകീറുന്നതിനെ തീർക്കും. വാതവികാരം, രക്തദോഷം, വിസർപ്പം, കുഷ്ഠം, വാതരക്തം, ഭൂതാവേശം, വ്രണം ഇവയെ ശമിപ്പിക്കും.

മേ

മേത്താന്നി.

ഇതു പൃഷ്ഠക്ഷുപവർഗ്ഗത്തിൽ ചേർന്ന ആത്മഗുപ്തകൗഷധമാകുന്നു. വായുമൂട്ടൽ കഫം, അർശ്സ്, വാതം, ശൂലം, കൃമി, ചൊറി, ആമദോഷം, കുഷ്ഠം, ചുട്ടനീറൽ, ദുഷ്ടവ്രണം, ചുമ, വീക്കം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും. വിഷത്തെ വലിപ്പിക്കും. ഉള്ളിലകപ്പെട്ട ശല്യത്തെ പുറത്തുകളയും ഗർഭത്തേയും ജരായുവിനേയും പതിപ്പിക്കും. ഇതു് ഉപയോഗിക്കുന്നവർ ഷണ്ഡിയാകാതെ ഉള്ളിൽ ഉപയോഗിക്കുന്നതു്.

"ലാംഗലീ ക്ഷുദ്രിമാരോഹിണീ
ദിനം ഗോമൂത്രസംസ്ഥിതാ;
കലികാരീ സരാ കൃഷ്ണ
ശ്രോഫാശ്രോവ്രണശൂലജിൽ;
തീക്ഷ്ണാഗ്നിം കൃമിനല്ലംഘ്യപീ
പിത്തഘ്നീ ഗർഭപാതിനീ"

മേത്താന്നിക്കിഴങ്ങു് ഒരു ദിവസം മുഴുവൻ ഗോമൂത്രത്തിലിട്ടുവെച്ചാൽ ക്ഷുദ്രമാകും. അതു കലയാപ്പിയത്തെ വർദ്ധിപ്പിക്കുന്നതും മലരോധനം വരുത്തുന്നതും കഫം, നീരു്, മൂലക്കുരു, വ്രണം, ശൂലവേദന എന്നിതുകളെ നശിപ്പിക്കുന്നതും തീക്ഷ്ണവും, ഉഷ്ണവീര്യവും, കൃമിഹരവും, ലഘുതരമുള്ളതും, പിത്തത്തെവർദ്ധിപ്പിക്കുന്നതും മൂഢഗർഭത്തെ പ്രസവിപ്പിക്കുന്നതുമാകുന്നു.

മേദ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന വൃഷ്യൗഷധമാകുന്നു. വാതം, പിത്തം, രക്തദോഷം, ചുട്ടനീറൽ, ജ്വരം, ചുമ, ക്ഷയം, ക്ഷതം, കൃമി, വാതരക്തം, ചൂഴൽച്ച ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും കഫത്തേയും വർദ്ധിപ്പിക്കും. മൂലപ്പുലിനെ പെരുപ്പിക്കും. ദേഹത്തെ തടിപ്പിക്കും.

മേരുപ്പു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, ആനാഹം, ശൂലം, അർശ്സ് ഇവയെ ശമിപ്പിക്കും. പിത്തത്തെ വലിപ്പിക്കും. കഫത്തെ ദ്രവിപ്പിക്കും. ശരീരം മുഴുവൻ വ്യാപിക്കും. സൂക്ഷ്മനാഡികളിൽ പ്രവേശിച്ചു ദോഷങ്ങളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കോഷ്ഠശുദ്ധിയെ വരുത്തും. മലത്തെയിളക്കും. മൂത്രത്തെ പെരുപ്പിക്കും.

മൈ

മൈരേയമദ്യം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ ഗുല്മം, വാതം,

കൃമി, കഫം, ജ്വരം ഇവയെ ശമിപ്പിക്കും. ബലത്തേയും. ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. ധാതുപുഷ്ടിയെച്ചെയ്യും. മേദസ്സിനെക്ഷയിപ്പിക്കും. ലഘുവിയെ ഉണ്ടാക്കും.

മോ

മോടൻനെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന വ്രീഹിധാന്യമാകുന്നു. നവരയോട് അടുത്ത ഗുണമുള്ളതും ചിറകനിനെല്ലിനെക്കാൾ ഗുണം കുറഞ്ഞതും ആകുന്നു.

മോരു്.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, ജ്വരം, പ്രമേഹം, വിഷം, മൂത്രകൃച്ഛ്രം, മഹോദരം, വീക്കം, അർശ്ശസ്സ്, അതിസാരം, ഗ്രഹണി അരുചി, തണ്ണീർദാഹം, പ്രസേകം ശൂലം, ഭഗന്ദരം, ശർദ്ദി, കൃമി, ക്ഷുദ്രവിഷം, പാണ്ഡു, കൃമി, ഇവയെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും കുറഞ്ഞതാകുന്നു. ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. വസ്തിശുദ്ധിയെച്ചെയ്യും. നെയ്യുസേവിച്ചു പഥ്യം പിഴച്ചാൽ ഉണ്ടാകുന്ന ദോഷത്തെ തീർക്കും. പുളിയുള്ളതെങ്കിലും പാകത്തിങ്കൽ മധുരമാകയാൽ പിത്തത്തെ കോപിപ്പിക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ജ്വരത്തിങ്കൽ ഇതിന്റെ ഉപയോഗം നന്നല്ല. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു സുസിംഹമതം. ചരകത്തിൽ ഇന്ന ദോഷത്തെ ശമിപ്പിക്കുമെന്നു പറഞ്ഞിട്ടില്ലാഴികയാൽ ത്രിദോഷഹരമെന്നായിരിക്കാം അഭിപ്രായം.

നെയ്യു മുഴുവനുമെടുത്ത മോരു്:— ഏറ്റവും ലഘുവായും പഥ്യമായും ഇരിക്കും.

കുറച്ചു നെയ്യു് എടുത്തമോരു്:— അതിനേക്കാൾ ഗുരുവായും കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കുന്നതും ആയിരിക്കും.

ഒട്ടും നെയ്യു് എടുക്കാത്ത മോരു് —അതിനേക്കാൾ ഗുരുവും, കൊഴുത്തതും. കഫത്തെ വർദ്ധിപ്പിക്കുന്നതും, പുഷ്ടിയെച്ചെയ്യുന്നതുമാകുന്നു.

മധുരിച്ചതും പുളിച്ചതും ഇങ്ങനെ മോരു രണ്ടു തരമാകുന്നു. മധുരിച്ച മോരു് വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. പുളിച്ച മോരു് വാതത്തിങ്കൽ ശ്രേഷ്ഠമാകുന്നു. നന്നാ പുളിച്ച മോരു പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും.

മ്ലാ

മ്ലാവു്.

ഇതുമൃഗവർഗ്ഗത്തിൽചേർന്നജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:— ഗുണങ്ങൾ കൊണ്ടു സാമാന്യം മാനിന്റെ മാംസത്തോടൊത്തതാകുന്നു. ജംഘാലവർഗ്ഗത്തിൽചേർന്ന ജാംഗല മാംസമെന്നും പക്ഷം.

യ

യമുനാനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലുള്ള വെള്ളം:—പിത്തം, സർവ്വാംഗസന്താപം, ഛർദ്ദി, ശ്രമം ഇവയെ ശമിപ്പിക്കും. വാതത്തേയും, ബലത്തേയും, അഗ്നിയേയും വർദ്ധി

പ്പിക്കും. രുചിയെ ഉണ്ടാക്കും. പരിണാമമായിരിക്കും.

യവച്ചെന്നെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും.

യവാസശർക്കര.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം രക്തദോഷം ചുട്ടുനീർ, തണ്ണീർദാഹം, ശ്രമം, ഭ്രമം, ജ്വരം, മൂർഛ, വിദാഹം, ഛർദ്ദി, അതിസാരം ഇവയെ ശമിപ്പിക്കും. വാതത്തെയും ശുക്ലത്തെയും വർദ്ധിപ്പിക്കും. മലത്തിനു അയവുവരുത്തും.

യവം.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന ശ്രേഷ്ഠധാന്യമാകുന്നു. പിത്തം, രക്തദോഷം, തൃഗ്ദോഷം, കണ്ണുരോഗം, പീനസം, ചുമ, വായുമുട്ടൽ, പ്രമേഹം, തണ്ണീർദാഹം, ഊരുസ്തംഭം ഇവയെ ശമിപ്പിക്കും. വാതത്തെയും, ബലത്തെയും ശുക്ലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. കഫത്തെ ശമിപ്പിക്കുമെന്നു രാജവല്ലഭമതം. കഫം മുതലായവയെ ദ്രവിപ്പിക്കയില്ല. അധിമാംസം മുതലായവയെ ഉരച്ചുകളയും. ഒച്ചയെ നന്നാക്കും. മലത്തെ പെരുപ്പിക്കും. മലത്തിനു അയവുവരുത്തും. മൂത്രത്തെ കുറയ്ക്കും. കാന്തിയേയും അംഗങ്ങൾക്കു ഉറപ്പിനേയും കൊടുക്കും. വ്രണങ്ങളിൽ എപ്പോഴും എള്ളുപോലെ പഥ്യമായിരിക്കും. പുരീഷജനനങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

ര

രക്തചന്ദനം.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്ന അത്തവസംഗ്രാഹിദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, തണ്ണീർദാഹം, ഛർദ്ദി, നേത്രരോഗം, ജ്വരം, വ്രണം, വിഷം, ചൂഴൽച, ചുമ, കൃമി, ഇവയെ ശമിപ്പിക്കും. ഇക്കൂട്ടത്തവർദ്ധിപ്പിക്കും. അരച്ചു പൂശിയാൽ ബലത്തെ വർദ്ധിപ്പിക്കും. ലഘുവെന്നു സംഗ്രഹം.

രണഗീതപക്ഷി.

ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. പ്രസഹവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു കങ്കപക്ഷിയുടെ മാംസത്തോടൊത്ത ഗുണമുള്ളതാകുന്നു.

രസം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ഉപധാതുവാകുന്നു. മൂന്നു ദോഷങ്ങളേയും കുഷ്ഠത്തെയും കൃമിയേയും ശമിപ്പിക്കും. ഏറ്റവും ശുക്ലവൃദ്ധിയേയും ദൃഷ്ടിബലത്തേയും ചെയ്യും. യോഗവാഹിയാകയാൽ എല്ലാരോഗങ്ങളേയും ശമിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. മേഹസിദ്ധിയേയും, ലോഹസിദ്ധിയേയും, പരസിദ്ധിയേയും ചെയ്യും. ഇതു വെളുത്തതും, ചുവന്നതും, കറുത്തതും, മഞ്ഞളിച്ചതും, ഇങ്ങനെ നാലുതരമുണ്ട്. വെളുത്തതു ബ്രാഹ്മണനെന്നും ചുവന്നതു ക്ഷത്രിയനെന്നും, മഞ്ഞനിറമുള്ളതു വൈശ്യനെന്നും, കറുത്തനിറമുള്ളതു ശൂദ്രനെന്നും ഇങ്ങനെ ജാതിയിൽ നാലാകുന്നു. വെളുത്തതു രോഗകാരിത്തിങ്കലും, ചുവന്നതു

രസായനത്തിങ്കലും, മഞ്ഞനിറമുള്ള ഇലോഹാവേധത്തിങ്കലും, കൂത്തായ ആകാശഗമനത്തിങ്കലും നല്ലതാകുന്നു.

"രസോ വിപ്രഃ സിതോ രക്തഃ
ക്ഷത്രിയഃ പീത ഊരുജഃ;
ശൂദ്രഃ കൃഷ്ണ ഇതി പ്രോക്തോ
വർണ്ണഭേദേഷ്വയം വിധഃ"

രസമെന്നത ധാതുവാണെന്നും ഉപധാതുവാണെന്നും വ്യവഹരിച്ചുവരുന്നു. ധാതുപധാതുക്കളേക്കാൾ അധികം പ്രാധാന്യം ഉള്ളതാണെന്നും പറയുന്നു. ഇത ഖനിയിൽനിന്നു് ഉണ്ടാകുന്നതും, സ്പർശനമാത്രത്തിൽതന്നെ ധാതുക്കളെ രൂപാന്തരപ്പെടുത്തുന്നതും, ഉരുക്കി കടകകുണ്ഡലാദിരൂപമാക്കുവാനും സാധിക്കാഞ്ഞതും ധാതുക്കൾക്കും ഉപധാതുക്കൾക്കും ഒരു വിധത്തിലും ചെയ്യുവാൻ സാധിക്കാത്തതായ അനേകം അത്ഭുതകർമ്മങ്ങളെ ചെയ്യുന്നതും ആകുന്നു. അതുണ്ടു് ഇതിനെ രസമെന്നു പറയുന്നതു്. ഇത നാലുതരത്തിലുണ്ടു്.

"അന്തസ്സ്നീലോ
ബഹിരുജ്ജ്വലാംഗോ
മദ്ധ്യാഹ്നചന്ദ്രപ്രതിമപ്രകാശഃ;
രസോത്ഥ ധൂമ്രഃ പരിപാണ്ഡുരശ്ച
ചിത്രോ ന യോജ്യോ
രസകർമ്മസിദ്ധ്യൈ."

ഉള്ളിൽ അല്പമായ നീലവർണ്ണത്തോടുകൂടിയതും, പുറമെ നല്ല ശോഭയുള്ളതും, ആകാശമദ്ധ്യസ്ഥിതനായ പൂർണ്ണചന്ദ്രതുല്യമായ ശോഭയുള്ളതുമായ രസം ഏറ്റവുതരം രസകർമ്മത്തിനും പ്രശസ്തമാകുന്നു. ധൂമ്രവർണ്ണമോ, പാണ്ഡുരവർണ്ണമോ, പലവെ വർണ്ണംകൂടി കലർന്നതോ ആയ രസം യാതൊരു രസകർമ്മത്തിലും യോജിപ്പിക്കരുതു്. അതു കൊണ്ടു രസകർമ്മം ചെയ്താൽ ചിന്തിതഫലം സിദ്ധിക്കയില്ല.

രസാഞ്ജനം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന സപ്തോപധയോഗദ്രവ്യമാകുന്നു. ത്രിദോഷം, രക്തദോഷം ഇക്കിട്ടം, അതിസാരം, ഛർദ്ദി, വ്രണം, നേത്രരോഗം, വിഷം, ചുമ, ക്ഷയം, മുഖരോഗം, വായുമുട്ടൽ, പ്രമേഹം ഇവയെ ശമിപ്പിക്കും. ദോഷകാന്തിയെ ചെയ്യും. അധിമാംസം മുതലായവയെ മുറിച്ചുകളയും. ജരാവ്യാധിയെ നശിപ്പിക്കും.

ര൦

രാജഗിരം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. പിത്തത്തെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തിനു അയവുവരുത്തും. നിദ്രയേയും ആലസ്യത്തേയും ഉണ്ടാക്കും. വയറടപ്പുണ്ടാടി ഭേദിക്കും. പഥ്യമായിരിക്കും.

രാജചെമ്പകം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്ന ജപരാജിദ്രവ്യമാകുന്നു. ഇതു ചെമ്പകത്തിന്റെ ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു.

രാജാവർത്തമണി,

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരത്നമാകുന്നു. ഉപരസമെന്ന ഭാവപ്രകാശം. പിത്തം, അശ്മരി, ക്ഷയം, പാണ്ഡു, പ്രമേഹം, ഇക്കിട്ടം, ഛർദ്ദി ഇവയെശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും ആമത്തെ പചിപ്പിക്കും. മുക്കുവുദ്ധിയെച്ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. കഫവാതങ്ങളെ ശമിപ്പിക്കുമെന്നു രസരത്നസമുച്ചയം. ധരിച്ചാൽ സൌഭാഗ്യത്തെക്കൊടുക്കും.

രാമച്ചം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയ ദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, ശ്രമം, ചൂടുനീറൽ, കഫം, ജ്വരം, ഛർദ്ദി, തണ്ണീർദാഹം, വിഷം, സ്വേദം, കുഷ്ഠം, ദൌർഗ്ഗന്ധ്യം, മൂത്രകൃഛ്രം, മദം, വിസർപ്പം, വ്രണം, ക്ഷതം, ക്ഷയം, അതിസാരം, രക്തപിത്തം ഇവയെ ശമിപ്പിക്കും. ദേഹകാന്തിയെ ഉണ്ടാക്കും. ദാഹതൃഗ്ദോഷസ്വേദഭാപനയനപ്രലേപനങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

രു

രുദ്രാക്ഷം.

ഇതു ഫലവർഗ്ഗത്തിൽചേർന്നതാകുന്നു. കഫം, വാതം, ഭൂതപീഡ, ഗ്രഹപീഡ, തലക്കുത്തു് ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ലു

ലതാകസ്തൂരിക.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. തണ്ണീർദാഹം, ഛർദ്ദി, മുഖരോഗം, കഫം, അലക്ഷ്മി, ദൌർഗ്ഗന്ധ്യം ഇവയെ ശമിപ്പിക്കും. ജ്ഞാനയെച്ചെയ്യും. വസ്തിജ്ഞാവിശുദ്ധത്തും. കണ്ണിനു നല്ലതാകുന്നു. ഹൃദയപ്രസാദത്തെ വരുത്തും. അധിമാംസം മുതലായവയെ മുറിച്ചുകളയും.

ലന്തയെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. മലയുകയെണ്ണയുടെ ഗുണങ്ങളോടു കൂടിയതാകുന്നു.

ലന്തമരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വേരുമുതലായവ:—കഫപിത്തങ്ങളെ ശമിപ്പിക്കും. എല അരച്ചു തേച്ചാൽ ജ്വരംകൊണ്ടുള്ള ചൂടുനീറലിനെ ശമിപ്പിക്കും. തൊലി വിസ്ഫോടത്തെ ശമിപ്പിക്കും. പച്ചക്കായ്:—വാതപിത്തങ്ങളേയും, രക്തദോഷം, ചൂടുനീറൽ, ശ്രമം, ക്ഷതം അതിസാരം, മെലിവു് ഇവയേയും ശമിപ്പിക്കും. കഫത്തേയും ശ്ലേഷ്മത്തേയും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. അല്പം പുളിരസംകൂടെ ഉണ്ടെന്നു സുസിംഹമതം. മലത്തിനു അയവുവരുത്തുമെന്നു സംഗ്രഹം. പച്ചക്കായ്:— കഫപിത്തങ്ങളെ വർദ്ധിപ്പിക്കും. എല്ലാലന്തകളുടേയും ഫലങ്ങടം ഉണക്കിയാൽ ലഘുവായിരിക്കും. അതു കഫം വാതം, രക്തദോഷം, തണ്ണീർദാഹം, ക്ലമം ഇവയെ ശമിപ്പിക്കും. ജ്ഞാനത്തേയും ബലത്തേയും വർദ്ധിപ്പിക്കും. പിത്തവിരോധിയല്ല. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തെയിളക്കും. ഇതിന്റെ മജ്ജ:—വാതം, പിത്തം, തണ്ണീർദാഹം, ഛർദ്ദി, നേത്രരോഗം, ചുമ ഇവയെ ശമിപ്പിക്കും.

ലവലി.

ഇതു ഫലവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്— കഫം, പിത്തം, അശ്മരി, കല്ലടപ്പു ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. വിശദമായും നല്ല ഗന്ധമുള്ളതായും ഭവിക്കും. ലഘുവെന്നു മദനപാലമതം. കഫവാതങ്ങളെ ശമിപ്പിക്കുമെന്നു രാജവല്ലഭമതം.

ലാ

ലാമജ്ജകം.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. രക്ത

ദോഷം, പിത്തം, ചൂട്ടുനീർ, തണ്ണീർദോഹം, ജ്വരം. മൂർച്ഛാ, ഭ്രമം, ശ്രമം, തൃഗ്ദോഷം, വിഷം, വിയർപ്പ്, മൂത്രകൃച്ഛ്രം, രക്തപിത്തം, വിസർപ്പം, വ്രണം ഇവയെ ശമിപ്പിക്കും, ശുക്ലത്തെ വർദ്ധിപ്പിക്കും. അഗ്നിയെ പചിപ്പിക്കും. സുഗന്ധിയായിരിക്കും. മോഹതൃഗ്ദോഷസേചനാപനയനപ്രലേപനങ്ങളിൽ വച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

വ

വജ്രക്ഷാരം.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന ക്ഷാരദ്രവ്യമാകുന്നു. പിത്തം, രക്തദോഷം, മഹോദരം, കൃമി, ശ്ലീപദം, യകൃൽപീഡ, വയറടപ്പ്, ജ്വരം, വാതരക്തം, ശൂലം പ്ലീഹ, സ്തനരോഗം. യോനിവ്യാപത്തു്, ശിരശ്ശൂലം. ക്ഷതം, അർബ്ബുദം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ഭുജിക്കപ്പെട്ട മാംസാദിയെ ജരിപ്പിക്കും. മലത്തെയയിളക്കും. രസജാരണത്തെച്ചെയ്യും. എല്ലായിടവും വ്യാപിപ്പിക്കും. ശോഹത്തെ ഭേദിപ്പിക്കും.

വഞ്ചി.

ഇതു വനവൃക്ഷവർഗ്ഗത്തിൽചേർന്ന പിത്തശ്ലേഷ്മദ്രവ്യമാകുന്നു. കഫം, വാതം, ചൂട്ടുനീർ, വീക്കം, അർശ്ശസ്സ്, യോനിരോഗം, വ്രണം, വിസർപ്പം, കൃമി, മൂത്രകൃച്ഛ്രം, അശ്മരി, രക്തപിത്തം, ഭൂതാവേശം ഇവയെ ശമിപ്പിക്കും. ഉഷ്ണവീര്യമെന്നു ഗുണനിഘണ്ടു.

വടക്കൻകാറു്.

ത്രിദോഷങ്ങളെയും കൂറഞ്ഞാനനേത്രകോപിപ്പിക്കും. ക്ലേദത്തെ വരുത്തും. സപ്തധാതുക്കൾക്കു ബലത്തെച്ചെയ്യും മെലിഞ്ഞവയ്ക്കും മുറിവു ഏറാവയ്ക്കും വിഷം ഏറാവയ്ക്കും വളരെ നല്ലതാകുന്നു. കഫത്തെ കോപിപ്പിക്കുമെന്നു ഹാരീതമതം. തണ്ണീർദ്ദാഹത്തെയും ചൂട്ടുനീറലിനെയും ശമിപ്പിക്കും.

വടുകപ്പുളിനാരകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കൃമി, ശ്ലീപദം, ഗുല്മി, വിഷൂചിക, നേത്രരോഗം, ആമവാതം വയറടപ്പു്, വിഷം, ബലഗ്രഹം, ശൂലം, കൃമി, കണ്ണാന്തികലെ തടവു് ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. സുരഭിയായും ഇരിക്കും. ഏറാവും രുചിയേയും ഹൃദയപ്രസാദത്തെയും ഉണ്ടാക്കും. മൂന്നു ദോഷങ്ങളെ ശമിപ്പിക്കുമെന്നു പക്ഷം.

വട്ടച്ചാവൽ.

ഇതു പ്രത്യഗവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:— കഫപിത്തങ്ങളെ ശമിപ്പിക്കും. കൂറഞ്ഞാനനേത്രവാതത്തെ വർദ്ധിപ്പിക്കും. മൂത്രത്തെ തടുക്കും. മലത്തെ കൂറയ്ക്കും. ത്രിദോഷങ്ങളെ ശമിപ്പിക്കുമെന്നു സംഗ്രഹം.

വട്ടച്ചൂര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. പിത്തത്തെ ശമിപ്പിക്കും ബലത്തേയും, ശുക്ലത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ധാതുപുഷ്ടിയേയും ഗർഭവൃദ്ധിയേയും ചെയ്യും പാൽച്ചൂരയുടെ ഭേദമാകയാൽ അതിനു പറഞ്ഞിട്ടുള്ള ഗുണങ്ങളും ചേരും.

വട്ടപ്പുല്ലു്.

ഇതു് അരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. മുപ്പിരുപ്പൻപുല്ലിന്റെ

ഗുണങ്ങളോടുകൂടിയതാകുന്നു. നീണ്ടതും, കുറിയതും രണ്ടുതരമുണ്ട്. അതിൽ നീണ്ടതു ഗുണമേറിയതാകുന്നു.

വട്ടമുള്ളകി.

ഇതു ശാകവർഗ്ഗത്തിൽചേർന്ന മൂലശാകമാകുന്നു. ഗുണങ്ങൾകൊണ്ടു മുള്ളകിയോടു ഒത്തതാകുന്നു.

വണ്ടാരങ്കോഴി.

ഇതു അപ്പചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം മിക്കവാറും ഗുണങ്ങൾകൊണ്ടു കൊക്കിൻമാംസത്തോടൊത്തതാകുന്നു. വിശേഷാൽ അർശ്ശസ്സ്, അതിസാരം, ഗ്രഹണി, പ്രമേഹം ഇവയെ നശിപ്പിക്കും. ഇതിനു പുളിനും ചവർപ്പും അനുരസങ്ങളായിട്ടുണ്ടെന്നു സുസിംഹമതം. ഭൂരിപക്ഷം ശീതവീര്യമെന്നാകുന്നു വാഗ്ഭടമതം.

വത്സനാഭം.

ഇതു പണ്ഡവർഗ്ഗത്തിൽചേർന്ന വിഷദ്രവ്യമാകുന്നു. വാതം, കഫം, കണ്ണരോഗം ഇവയെ ശമിപ്പിക്കും. പിത്തത്തെവർദ്ധിപ്പിക്കും. പ്രാണബലത്തെച്ചെയ്യും. ജന്തുവ്യാധിയെ നശിപ്പിക്കും. യോഗവാഹിയാകയാൽ മൂന്നുദോഷങ്ങളെ ശമിപ്പിക്കുമെന്നും പക്ഷം. പുഷ്ടിയേയും ശുക്ലവൃദ്ധിയേയും ചെയ്യും.

വദാമ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തെ ശമിപ്പിക്കും. കഫത്തേയും പിത്തത്തേയും ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. ദേഹത്തെ തടിപ്പിക്കും. ഇതിന്റെ മജ്ജ—വാതത്തെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. രക്തപിത്തമുള്ളവർക്കു നന്നല്ല.

വൻകുറിഞ്ഞി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിഷത്തെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. മലത്തെ തടുക്കും. സന്ധിഷ്ഠത്തെ കൊടുക്കും. ഹൃദയപ്രസാദത്തെ വരുത്തും. കണ്ണിനു നല്ലതാകുന്നു. വളരെ സൌരഭ്യമുള്ളതും ദേവപ്രീതിയെ ചെയ്യുന്നതും ആകുന്നു. മറ്റുള്ള ഗുണങ്ങൾകൂടി കുറിഞ്ഞിക്കു പറഞ്ഞതുതന്നെ.

വൻകൊട്ട.

ഇതു ശാകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. പിത്തം, രക്തദോഷം, ചുട്ടനീറൽ, വീക്കം ഇവയെ ശമിപ്പിക്കും. വാതത്തേയും കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. മുലപ്പാലിനെ പെരുപ്പിക്കും. ലിംഗത്തിനു ഏറ്റവും ബലത്തെച്ചെയ്യും. വിഷ്ടംഭത്തേയും രുചിയേയും ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ലഘുവെന്നും, മലത്തെ പുറത്തു കളയുമെന്നും സുസിംഹമതം.

വൻകൊന്ന.

ഇതു വനൃവൃക്ഷവർഗ്ഗത്തിൽചേർന്ന വിരേചനീയദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, ഹൃദ്രോഗം, ജ്വരം, ഉദാവർത്തം, ശൂലം, ചൊറി, കുഷ്ഠം, പ്രമേഹം, വിഷ്ടംഭം ഇവയെ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. മൂടുവിരേചനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഇതിന്റെ പഴുത്ത കായുടെ വശം—വാതം, പിത്തം ജ്വരം, കുഷ്ഠം, ഇവയെ ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തെയിളക്കും. രുചിയെ ഉണ്ടാക്കും. ഏറ്റവും കോഷ്ഠ

ളേലിയെച്ചെയ്യും. ബാലന്മാക്കും, യു വാക്കൾക്കും, വൃദ്ധന്മാക്കും വിരേചിപ്പിക്കുന്നതിനു നല്ലതാകുന്നു. വൃഷ്യമെന്നു രാജവല്ലഭമതം. ഇതിന്റെ ഇല—കഫത്തേയും മേദസ്സിനേയും ശമിപ്പിക്കും. മലത്തെ ഇളക്കും. ഇതിന്റെ പൂവ്—കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും.

യന്നി.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്ന കാസഘ്നദ്രവ്യമാകുന്നു. ബിലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. കഫം, പിത്തം, രക്തദോഷം, ചുമ, വായുമുട്ടൽ, കൃഷ്ണം, അർശ്സ്സ്, കൃമി, അതിസാരം, ചൂഴൽച്ച ഇവയെ ശമിപ്പിക്കും. മലത്തെയിളക്കും. ഇതിന്റെ പഴത്തകായ് — പിത്തത്തെ വർദ്ധിപ്പിക്കും. കഫത്തെ ശമിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മൂടിയെ നശിപ്പിക്കും.

യംശപത്രീയുണം.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. പിത്തത്തേയും രക്തദോഷത്തേയും ശമിപ്പിക്കും. പാലുക്കും പാലിനെ പെരുപ്പിക്കും. രുചിയെ ഉണ്ടാക്കും:

യയസു്.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. കഫം വാതം, ജ്വരം, അതിസാരം കൃമി, ശൂലം, വയറുവീർപ്പു്, അപസ്മാരം, ഉന്മാദം, ഭൂതപീഡ കണ്ണരോഗം, മന്തരോഗം, ഗ്രന്ഥി, വീക്കം, ആമദോഷം കൃഷ്ണം, തണ്ണീർദ്ദാഹം ഇവയെ ശമിപ്പിക്കും. അഗ്നിയേയും ആയുസ്സിനേയും വർദ്ധിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. മലമൂത്രങ്ങളെ പുറത്തുകളയും. ഓമ്മയെ വരുത്തും. സ്വരത്തെ നന്നാക്കും. വാക്കിന്റെ തടവിനെ തീർക്കും. കണ്ണിലെയിയെച്ചെയ്യും.

യയൽച്ചുള്ളി.

ഇതു് വൃക്ഷയവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. വാതം, കഫം, അതിസാരം, ആമദോഷം, പ്രമേഹം, അശ്മരി, വീക്കം, തണ്ണീർദാഹം, നേത്രരോഗം, വാതരക്തം ഇവയെ ശമിപ്പിക്കും. പിത്തത്തേയും ബലത്തേയും. ശ്ലേഷ്മത്തേയും വർദ്ധിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ഇതിന്റെ ഫലം—മധുരവും കയ്പും ഉള്ളതാകുന്നു. വാതം, വീക്കം, ശൂലം, വിഷം, ആനാഹം, പാണ്ഡു, മഹോദരം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെതീർക്കും. ഇതിന്റെ വിത്തു്-വിശേഷാൽ രക്തദോഷം, പിത്തം, ചുട്ടനീറൽ ഇവയെ ശമിപ്പിക്കും. വാതത്തേയും, ശ്ലേഷ്മത്തേയും കഫത്തേയും വർദ്ധിപ്പിക്കും. ഗർഭസ്ഥാപനത്തെച്ചെയ്യും.

യയിൽവെള്ളരി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പിത്തം, രക്തദോഷം, ശ്രമം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും മലത്തിനു അയവുവരുത്തും. പീനസത്തേയും ചുമയേയും ഉണ്ടാക്കും. പഴത്തകായ്— ലഘുവായും ഉഷ്ണമായും ഇരിക്കും. അഗ്നിയെ വർദ്ധിപ്പിക്കും.

യയ്യങ്കത.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്നതാകുന്നു. ഫലവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷം. ഇതിന്റെ യോരു തൊലി മുതലായവ കഫം, വീക്കം, ഗ്രഹണി, നേത്രരോഗം ഇവയെ ശമിപ്പിക്കും. സ്രവിക്കുന്ന രക്തത്തെ നിറുത്തും. ആമത്തെ പചിപ്പിക്കും. ഇതിന്റെ പഴത്തകായ്—

മൂന്നു ദോഷങ്ങളേയും, രക്തദോഷം, കൃമിവ, ഞർസ്സ്, കുട്ടവിഷം ഇവയെശമിപ്പിക്കും.

വരകു.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. കഫം, പിത്തം, വിഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. ക്ലേദത്തെ വരട്ടും. ഏറ്റവും മലത്തെ പിടിപ്പിക്കും. വ്രണമുള്ളവർക്കു പഥ്യമായും സ്വൽപ്പം ഗുരുവായും ഇരിക്കും. മോഹത്തെ ഉണ്ടാക്കും. ഗുരുവെന്നു വാഗ്ഭടാദിമതം.

വരണ്ട.

ഇതു് അപ്പചരവർഗ്ഗത്തിൽചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—മിക്കവാറും ഗുണങ്ങൾകൊണ്ടു കൊക്കിൻമാംസത്തോടൊത്തതാകുന്നു.

വരിനെല്ലു.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ധാന്യമാകുന്നു. പിത്തത്തെ ശമിപ്പിക്കും. കഫവ്യാധികളെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. വരിയുടെ ലഘുത്വമായും പഥ്യമായും ഇരിക്കും.

വരിപ്പീച്ചിൽ.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. പിത്തം, ജ്വരം, ചുമ, വായുമുട്ടൽ, കൃമി, കഷ്ടം, പ്രമേഹം ഇവയെ ശമിപ്പിക്കും. വാതത്തെയും, ബലത്തെയും, ശുക്ലത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കഫത്തെ ശമിപ്പിക്കുമെന്നു വാഗ്ഭടാദിമതം.

വരിമാൻ.

ഇതു മഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. കൂടാതെ ചരവർഗ്ഗത്തിൽ ചേർന്ന അനൂപ മാംസമെന്നും പക്ഷം. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു മെരുവരിമാനിന്റെ മാംസത്തോടു തുല്യമാകുന്നു.

വരിമീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അനൂപ മാംസമാകുന്നു. സാമുദ്രമത്സ്യമെന്നു സുശ്രുതമതം.

വരിയൻകക്കരി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പാതിമൂത്തകായ്—പിത്തത്തെയും, രക്തദോഷത്തെയും, മൂത്രകൃച്ഛ്രത്തെയും ഉണ്ടാക്കും. നന്നാ പഴുത്ത കായ്:—വാതം, പിത്തം, ചൂടുനീർ, ശ്രമം, ഉന്മാദം ഇവയെ ശമിപ്പിക്കും. കഫത്തെയും, ശുക്ലത്തെയും, ബലത്തെയും വർദ്ധിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. പുഷ്ടിയെ വരുത്തും. കോഷ്ഠശുദ്ധിയെച്ചെയ്യും. തൃപ്തികരമായിരിക്കും. അമൃതസമമെന്നു വാഗ്ഭടാദിമതം. പുഴുത്താൽ മധുരവും, പുളിയും, ക്ഷാരവും ഉള്ളതായി വേറെ ഒരുതരമുണ്ടു്. അതു രക്തപിത്തത്തെയും മൂത്രകൃച്ഛ്രത്തെയും ഉണ്ടാക്കും. ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമെന്നു വാഗ്ഭടാദിമതം.

വഷ്ളുള.

വാതത്തെ വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെയും, അല്പം ബലത്തെയും ചെയ്യും. വിദാഹിയായിരിക്കും. വഷ്ളുള എന്നാൽ ചിങ്ങം, കന്നി ഇതു മാസങ്ങൾ രണ്ടും കൂടുന്ന കാലമാകുന്നു. ഒരു ദിവസത്തെയും വിചാരിക്കുന്നതായാൽ സന്ധ്യ മുതൽ പത്തുനാഴിക രാത്രിവരെ ഉള്ള കാലമാകുന്നു. ഇതിനു മുമ്പായി മിഥുനം,

കക്കടകം ഈ മാസങ്ങൾ കൂടുന്നതിന "പ്രാവ്വട" എന്ന ഒരു ഔഷധമാണ്ടെ സുശ്രുതം മുതലായ ഗ്രന്ഥങ്ങളിൽ കാണുന്നു. അതിനെ ഒരു ദിവസത്തെയും വിചാരിക്കുന്നതായാൽ പത്തുനാഴിക പകൽമുതൽ സന്ധ്യവരെയുള്ള കാലം ആകുന്നു.

വലനെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ഔഷധിയാകുന്നു. കവുങ്ങിൻപൂത്താഴനെല്ലിനേക്കാൾ ഇതിന ഗുണം കുറവായിരിക്കും. നവരനെല്ലിനോടു ഗുണംകൊണ്ടു സമതുല്യമുള്ളതുമാകുന്നു.

വലിയ അടപതിയൻ.

ഇതു ഔഷധവർഗ്ഗത്തിൽ ചേർന്ന ശുക്ലവൃദ്ധികരമായ ഒരു ദ്രവ്യമാകുന്നു. ശരീരത്തെ തടിപ്പിക്കും. കണ്ണിന ശക്തിയെ ഉണ്ടാക്കും. ഗുരുതമുള്ളതാകുന്നു. ശുക്ലവൃദ്ധിയെ ഉണ്ടാക്കുന്നതും, കണ്ണിന ഹിതമായിട്ടുള്ളതും, സർവ്വദോഷങ്ങളേയും ശമിപ്പിക്കുന്നതും, മധുരരസത്തോടുകൂടിയതും ആകുന്നു. ഗുണങ്ങൾകൊണ്ടു അടപതിയനോടു തുല്യംതന്നെ.

വലിയ അമരി.

ഇതു ചായത്തിന വളരെ നന്നായിരിക്കും അമരിയുടെ എല്ലാ ഗുണങ്ങളും ഇതിനും ഉണ്ടു. വിരേചനത്തെ ഉണ്ടാക്കും. പൃഥക്കുപവർഗ്ഗത്തിൽ ചേർന്നതാകുന്നു.

വലിയ അമ്പൊട്ടൽ.

ഇതിന അമ്പൊട്ടലിന്റെ എല്ലാ ഗുണങ്ങളും ഉണ്ടു. മൂത്രത്തെ കളയും. ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു.

വലിയ ഉകമരം.

ഉകമരവും ഇതും ഗുണങ്ങൾകൊണ്ടു തുല്യങ്ങളാണു. ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു ഗുജരാത്തിയിലാണു അധികം ഉണ്ടാകുന്നതു. മൂന്നു ദോഷങ്ങളേയും, വിഷത്തേയും ശമിപ്പിക്കും. ശുക്ലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. ആമദോഷത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും.

വലിയ ഉഴുന്ന്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ഉൾപ്പെട്ടതും, കണ്ഡൂപ്പല്ലുമായ ഒരു ദ്രവ്യമാകുന്നു. ഇതിന്റെ ശാകം:— കഫത്തേയും, പിത്തത്തേയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. പ്രമേഹം, പാണ്ഡു, കൃമി, ചൊറി, വിഷം, ഛർദ്ദി, ജ്വരം, അർശ്സ്, വ്രണം, ചിരങ്ങു, കുഷ്ഠം ഇവയേയും കഫവാതങ്ങളേയും ശമിപ്പിക്കും. ഇതിന മരോട്ടി എന്നും പറയാറുണ്ടു.

വലിയ ഉഴുന്ന്.

ഇതു ഭോജ്യവർഗ്ഗത്തിൽ പെട്ടതും ശിംബിധാന്യവും ആകുന്നു. വെളുത്തും ചുവന്നും കറുത്തും ഇങ്ങനെ മൂന്നു നിറത്തിലുണ്ടു. അവയിൽവച്ചു വലിയതു അധികം ഗുണമുള്ളതാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കും. വാതത്തേയും, ബലത്തേയും, മുലപ്പാലിനേയും വർദ്ധിപ്പിക്കും. രുചിയേയും, വിഷ്ടംഭത്തേയും ഉണ്ടാക്കും. മലത്തെ വർദ്ധിപ്പിക്കയും, ഭേദിപ്പിക്കയും ചെയ്യും. അല്പമായ ഉപ്പുപുഴുക്കിനെ ഉണ്ടാക്കും. ശരീരത്തെ തടിപ്പിക്കും. ശുക്ലത്തെ പ്രായേണ വർദ്ധിപ്പിക്കും. വിശദമായിട്ടുള്ളതാകുന്നു. മഞ്ഞുംവന്നും കഫവാതങ്ങളെ വർദ്ധിപ്പിക്കുമെന്നും മരനപാലൻ പറയുന്നു.

"ശ്വേതോ രക്തസ്തഥാ കൃഷ്ണ-
സ്ത്രിവിധഃ സ പ്രകീർത്തിതഃ;
യോ മഹത്തമേഷു ഭവതി
സൈവാഹോപക്തോ ഗുണാധികഃ"

എന്ന ഭാവപ്രകാശത്തിൽകാണുന്നു.

വലിയ ഉഴരകം.

ഇതിനു കുറുന്തോട്ടിയുടെ എല്ലാ ഗുണങ്ങളും ഉണ്ടു്. വിശേഷിച്ചു കഫം, ചൊറി, വ്രണം ഇവയെ ശമിപ്പിക്കുന്നതുമാകുന്നു. ഇതു നിത്യമായി പരിശീലിച്ചാൽ ക്ഷയത്തെയും ക്ഷതത്തെയും ശമിപ്പിക്കുമെന്നു സംഗ്രഹസിദ്ധാന്തമാകുന്നു. ഉഷ്ണവീര്യമാകുന്നുഎന്നാണു് ന്യസിംഹമതം. ഇതിന്റെഗുണം:-പിത്തത്തെയും രക്തദോഷങ്ങളേയും ശമിപ്പിക്കും. മലമൂത്രങ്ങളെ തടുക്കും. വയറ്റിൽ വേദനയെ ഉണ്ടാക്കുകയും ചെയ്യും. അധിമാംസത്തെ ഉരച്ചുകളയും. പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശുക്ലവൃദ്ധിയെ ഉണ്ടാക്കും. ഇതിനു അനക്കുറുന്തോട്ടി, ആനഇത്തി, വലിയ ഇത്തി, നരിമരുട്ടി എന്നെല്ലാം പേരുകളും ഉണ്ടു്.

വലിയ കടമ്പു്.

ഇതിനു കടമ്പിന്റെ എല്ലാ ഗുണങ്ങളും ഉണ്ടു്. ഇതുഇടിച്ചുപിഴിഞ്ഞെടുത്ത രസം പ്ലീഹരോഗത്തെയും, ശോഫത്തെയും ശമിപ്പിക്കും. പഴത്തകായ്:—വാതത്തെയും, ക്ഷീണത്തെയും ശമിപ്പിക്കും. കഫത്തെ ഛർദ്ദിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കുന്നതാകുന്നു. ജ്വരത്തെ ശമിപ്പിക്കും. വഹ്നിവൃക്ഷത്തിൽപെട്ടതാകുന്നു. ഇതു പൂക്കുന്നതു മഴയുള്ള കാലത്താകുന്നു. അതിനാൽ ഇതിനെ മഴക്കമ്പു് എന്നും പേരു പറയാറുണ്ടു്.

വലിയ കടലാടി,

ഇതു ശിരോവിരേചനീയ വസ്തുക്കളിൽ ശ്രേഷ്ഠവും പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്നതുമായ ഒരു കഫഘ്ന ദ്രവ്യമാകുന്നു. വാതം, കഫം, ഛർദ്ദി, തണുകലിപ്പു്, ശൂലം, രക്തസ്രാവം, അപചി, സിദ്മകം, അരുചി, ഗുൽമ്മം, ചൊറി, മഹോദരം, വസ്തിയിങ്കലുണ്ടാകുന്ന രോഗം ഇവയെ ശമിപ്പിക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. മലത്തെ ഇളക്കിക്കളയും. ഇതിന്റെ ഏലയിൽ കുരങ്ങിന്റെ രോമങ്ങൾപോലെ രോമങ്ങൾ ഉണ്ടായിരിക്കും. ഇതിനു വെളുത്ത കടലാടി എന്നും പേരുണ്ടു്.

വലിയ കാക്കത്തൊണ്ടി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. ദേഹത്തിനു ഉറപ്പുവരുത്തും. പിത്തത്തെ ശമിപ്പിക്കും. ജരയേയും, പലിതത്തെയും ശമിപ്പിക്കും. എല പനിനീർച്ചുവിന്റെ ഏല പോലെ ചേറുതായിരിക്കും.

വലിയ കാട്ടുവെള്ളരി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. ചെറിയ കാട്ടുവെള്ളരിയുടെ ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ ശ്ലീപദത്തെയും കണ്ണരോഗത്തെയും ശമിപ്പിക്കും. ഇതിനെവലിയ പേരുക്കുമ്മട്ടി എന്നും പേർ പറയാറുണ്ടു്.

വലിയ കിലുകിലുപ്പ.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന വമനോപയോഗിദ്രവ്യമാകുന്നു. കിലുകിലുപ്പിലെ ഗുണങ്ങളോടുകൂടിയതാകുന്നു. ഇതിനു വെളുത്ത കിലുകിലുപ്പ എന്നും പറയാറുണ്ടു്. വിശേഷാൽ രസത്തെ ബന്ധിക്കും. മോഹനം, സ്തംഭനം, രസീകരണം മുതലായ കാര്യങ്ങളിൽ ഏറെ നല്ലതു്.

വലിയ കമ്പളം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതിന്റെ തന്നു്:- കഫം, സന്നിപാതജ്വരം, വാതം

സർവ്വാംഗസന്താപം, അശ്മരി ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. പാതി മൂത്ത കായ്:—പിത്തം, വാതം, മൂത്രാഘാതം, രക്തദോഷം, പ്രമേഹം, അശ്മരി, മൂത്രകൃച്ഛ്രം, മലബന്ധം, തണ്ണീർദാഹം, ചുട്ടുനീറൽ, അരുചി ഇവയെ ശമിപ്പിക്കും. കഫത്തെയും, ശുക്ലത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ഇളങ്കായ്:—പിശേഷാൽ പിത്തത്തെ ശമിപ്പിക്കും. മൂത്തകായ്:—മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും. ബുദ്ധിഭ്രമത്തെ തീർക്കും. അഗ്നിയെ വർദ്ധിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. കുമ്പളങ്ങാ എടുത്തുവെച്ചു പഴകിയതു് ഏറെ നല്ലതെന്നു ഭാഷാ ഗുണപാഠം.

വലിയകുമ്പളത്തിന്റെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ചെറിയ കുമ്പളയിത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു.

വലിയ കുമ്പോട്ടി.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന പുഷ്പമാകുന്നു. ഗുണങ്ങൾകൊണ്ടു കുമ്പോട്ടിയോടൊത്തതാകുന്നു. വിശേഷാൽ മൂത്രകൃച്ഛ്രം, ജ്വരം, മെലിവു് ഇവയേയും സന്താപത്തേയും തീർക്കും. ക്ഷതക്ഷീണന്മാർക്കു് ഏറെ നല്ലതു്. ഇതിനെ ആനക്കുമ്പോട്ടിയെന്നും, വൻകുമ്പോട്ടിയെന്നും വിളിക്കാറുണ്ടു്.

വലിയകൊമ്പുള്ള മുട്ടു്.

ഇതു ഗ്രാമ്യവർഗ്ഗത്തിൽ ചേർന്നജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം ഗുണങ്ങൾകൊണ്ടു കുറിയാട്ടിന്റെ മാംസത്തോടൊത്തതാകുന്നു.

വലിയ ഗോളിച്ചീര.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. കുമ, പിത്തം, കഫം, വായുമൂട്ടൽ, പ്രമേഹം, വീക്കം, വ്രണം, നേത്രരോഗം, ത്വഗ്ദോഷം ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തിനു അയവു വരുത്തും. ശീതവീര്യമെന്നു സുശ്രുതമതം.

വലിയ ചുവന്നുള്ളി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. വലിയ വെള്ളുള്ളിയേക്കാൾ കുറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ പിത്തത്തെ ശമിപ്പിക്കും. ഏറ്റവും ഉറക്കത്തെ വരുത്തും.

വലിയ ചേന.

ഇതു ശാകവർഗ്ഗത്തിൽചേർന്നകന്ദശാകമാകുന്നു. ഗുണങ്ങൾകൊണ്ടു ചേനയോടൊത്തതാകുന്നു. വിശേഷാൽ കഫത്തെ ശമിപ്പിക്കും. പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും.

വലിയ ഞെട്ടുകുഴിയൻ മാവു്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായും, പഴുത്തകായും ഞെട്ടുകുഴിയൻമാവിനെ പറഞ്ഞിട്ടുള്ള ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു.

വലിയ ഞെരിഞ്ഞിൽ.

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. വിശേഷാൽ വാതം, ത്രിദോഷം, പ്രമേഹം, അശ്മരി, കുമ, വായുമൂട്ടൽ, മൂത്രകൃച്ഛ്രം, അർശ്സ്സു്, വിദാഹം, ഹൃദ്രോഗം, രക്തദോഷം കൃമി, ശൂലം ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും, ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. വസ്തിശുദ്ധിയെച്ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. ഇതിന്റെ ബീജം—

മൂത്രകൃഛ്രം, ജ്വരമേഹം, വീക്കം ഇവയെ ശമിപ്പിക്കും. മൂത്രത്തെ പെരുപ്പിക്കും. ജ്വരബലത്തെച്ചെയ്യും. ആയുസ്സിനു നല്ലതാകുന്നു. ഇതിന്റെ ശാകം — കയ്പ്പുള്ളതായിരിക്കും. ജ്വരത്തെ വർദ്ധിപ്പിക്കും. സ്രോതസ്സുകൾക്കു ശുദ്ധിയെച്ചെയ്യും. മൂത്രവിരേചനീയമാകുന്നു.

വലിയദന്തി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന വിരേചനീയദ്രവ്യമാകുന്നു. മിക്കവാറും ഗുണങ്ങൾകൊണ്ടു ചെറിയദന്തിയോടൊത്തതാകുന്നു.

വലിയദന്തിയുടെ എണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു മിക്കവാറും ഗുണങ്ങൾകൊണ്ടു ദന്തിയെണ്ണയോടൊത്തതാകുന്നു.

വലിയ നാനുകപ്പുല്ല്.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു ഗുണങ്ങൾകൊണ്ടു നാനുകപ്പുല്ലിനോടു് ഒത്തതാകുന്നു. വിശേഷാൽ, വാതം, കഫം, ഭൂതാവേശം, വിഷം, വ്രണം, ശ്വാപീഡ, ക്ഷതം ഇവയെ ശമിപ്പിക്കും.

വലിയ നീലിനീര.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. അർശ്ശസ്സു്, ഗുല്മം, ശൂലം, വിഷം, മഹോദരം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. ജ്വരവ്യാധിയെ നശിപ്പിക്കും.

വലിയ നീർമുത്തങ്ങ.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന കന്ദശാകമാകുന്നു. ഗുണങ്ങൾകൊണ്ടു നീർമുത്തങ്ങയോടൊത്തതാകുന്നു.

വലിയ പടവലം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ഇതിനു കുറിപ്പടവലം, പാണ്ടിപ്പടവലം എന്നും പേരുകൾ ഉണ്ടു്. ജ്വരം, പിത്തം, വാതം, കൃമി ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. ബലത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും. ക്ഷയരോഗികൾക്കു് ഏറ്റവും നല്ലതാകുന്നു.

വലിയ പലകപ്പുഞ്ഞാനി.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കഷായദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു പലകപ്പുഞ്ഞാനിയോടൊത്തതാകുന്നു. ഇതിനു ആഴാന്ത എന്നും ഒരു പേരുണ്ടു്.

വലിയ മലങ്കാര.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന വമനോപയോഗിദ്രവ്യമാകുന്നു. കഫത്തേയും, ഹൃദ്രോഗത്തേയും ശമിപ്പിക്കും. ഛർദ്ദിയെ ഉണ്ടാക്കും. ആമാശയത്തിലും പക്വാശയത്തിലും ഉണ്ടാകുന്ന ദോഷങ്ങളെ പുറത്തുകളയും. പൊടിപ്പാക്കും. മലങ്കാരയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

വലിയ മലയകത്തി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്പല്ലദ്രവ്യമാകുന്നു. മലയകത്തിയുടെ ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു.

വലിയ മുന്തിരി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:— പിത്തം, വാതം, രക്തദോഷം, തണ്ണീർദാഹം, ജ്വരം, ചുമ, വായുമുട്ടൽ, ക്ഷയം, ക്ഷതം, ഛർദ്ദി, മൂത്രകൃഛ്രം, കാമല, വീക്കം, വാത

രക്തം, മൂർഛ, സർവ്വാംഗസന്താപം, മെലിവു്, മദാത്യയം, നെഞ്ചുകലിപ്പു്, വാകയ്പ്പു്, വായ്വരൾച്ച ഇവയെ ശമിപ്പിക്കും. കഫത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. മലത്തെയിളക്കും. കണ്ണിനു നല്ലതു്. സ്വരത്തെ നന്നാക്കും. ദേഹത്തെ തടിപ്പിക്കും. ധാതുപുഷ്ടിയെച്ചെയ്യും. രുചിയെ ഉണ്ടാക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ഹൃദയപ്രസാദത്തെ വരുത്തും. കോഷ്ഠത്തിങ്കൽ വായുവിനെ വർദ്ധിപ്പിക്കും. ഇതു തന്നെ ഉണങ്ങിയാൽ ഗുണമേറിയിരിക്കും. പുഷ്ടിയെച്ചെയ്യും. ക്ഷയിച്ചുപോയ ശുക്ലത്തെ ഏറ്റവും വർദ്ധിപ്പിക്കും. ഇതിന്റെ ഇളയകായ്:— പിത്തത്തേയും, രക്തത്തേയും ദൂഷിപ്പിക്കും. വിശദമായിരിക്കും. പകുതി മൂത്തതു്:—വിശേഷാൽ പിത്തത്തേയും രക്തദോഷത്തേയും ഉണ്ടാക്കും. അഗ്നിയെവർദ്ധിപ്പിക്കും. എല്ലാ ഫലങ്ങളിൽവച്ചു ശ്രേഷ്ഠമാകുന്നു. മലത്തെ ഇളക്കും. മലയിലുണ്ടാകുന്നതായി വേറെ ഒരുതരം മുന്തിരിയുണ്ടു്. പുളി ഏറിയതായിരിക്കും. മിക്കവാറും പെരുംകുമ്പിന്റെ കായുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

വലിയമുള്ളങ്കി.

ഗുണങ്ങൾകൊണ്ടു് മുള്ളങ്കിയോടൊത്തതാകുന്നു. ഇതു ശാകവർഗ്ഗത്തിൽചേർന്ന മൂലശാകമാകുന്നു. മലത്തെ പിടിപ്പിക്കും. പിത്തവ്യാധിയില്ല. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കൃമി, ശ്ലീപദം, കഫം, വാതം ഇവയെ ശമിപ്പിക്കും.

വലിയ രാജഗിരം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന പത്രശാകമാകുന്നു. ഗുണങ്ങൾകൊണ്ടു രാജഗിരയോടൊത്തതാകുന്നു.

വലിയ ലന്ത.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ്:— വാതം, പിത്തം, മുട്ടുനീർ, രക്തദോഷം, തണ്ണീർദാഹം, ക്ഷയം, ക്ഷതം, ശ്രമം ഇവയെ ശമിപ്പിക്കും. കഫത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. മലത്തെയിളക്കും. പച്ചക്കായ്:— അല്പം മധുരരസമുള്ളതും, ഗുണം കുറഞ്ഞതുമാകുന്നു.

വലിയവയറും കറുത്തമുൻകാലുകളുമുള്ള മാൻ.

ഇതു വിലേശയവർഗ്ഗത്തിൽചേർന്ന സാധാരണമാംസമാകുന്നു. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു കടളിമാംസത്തോടൊത്തതാകുന്നു.

വലിയ വശളച്ചീര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. കുറഞ്ഞ ക്ഷാരത്തോടുകൂടിയതെന്നു സുശ്രുതമതം. എരിവും ചൂടുമുള്ളതെന്നു ഹാസിംഹമതം. ഭക്ഷിച്ചാൽ തൊണ്ടയിൽ പറുന്നയുകൊണ്ടു വെറുപ്പുണ്ടാകുകയും ചെയ്യും. വിഷ്ടംഭിയായും, പിച്ചിലമായും ഇരിക്കും. രുചിയെ ഉണ്ടാക്കും. തൃപ്തിയെച്ചെയ്യും. ദേഹത്തെ തടിപ്പിക്കും. ഉറക്കത്തേയും ആലസ്യത്തേയും വരുത്തും. മലത്തെ ഇളക്കും. ലഘുവിയെ കളയും. ത്രിദോഷങ്ങളെ കോപിപ്പിക്കയില്ല. കഫത്തേയും, ശുക്ലത്തേയും, മുലപ്പാലിനേയും, ബലത്തേയും വർദ്ധിപ്പിക്കും. വിഷം, രക്തപിത്തം, തീപ്പുണ്ണു്, പ്രമേഹം, പിത്തം, വാതം ഇവയെ ശമിപ്പിക്കും. ഇതു എള്ളിൻ പിണ്ണാക്കുകൂട്ടി പാകംചെയ്തു ഭക്ഷിച്ചാലും, ഈത്തപ്പഴംകൊണ്ടുണ്ടാക്കുന്ന മദ്യത്തോടും, മുന്തിരിങ്ങാകൊ

ണ്ടുണ്ടാക്കുന്ന മദ്യത്തോടും ഒരുമിച്ചു ഭക്ഷിച്ചാലും വിരുദ്ധം.

വലിയ വാലുഴവം.

ഇതു വീരുദ്വർഗ്ഗത്തിൽചേർന്ന ദീപനപാചനദ്രവ്യമാകുന്നു. ചെറുപ്പുണ്ണയുടെ ഗുണങ്ങളോടുകൂടിയതെന്നു സുസിംഹമതം. കഫം, ചുമ, വാതം, വിഷം, അർശ്സ്സ്, വായുമുട്ടൽ, ശൂലം, ആമവാതം, മുഖരോഗം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമദോഷത്തെ പചിപ്പിക്കും.

വലിയ വേപ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കണ്ഡൂപ്പന്നദ്രവ്യമാകുന്നു. അമ്ലരസംകൂടെ ഉണ്ടെന്നു രാജവല്ലഭമതം. ഏറ്റവും മലത്തെപിടിപ്പിക്കും. കൃമി, വിഷം, വായുമുട്ടൽ, പിത്തം, അർശ്സ്സ്, ഗുല്മം, കുമി, പ്രമേഹം, ക്ഷീണി, നെഞ്ചുകലിപ്പു, കഷ്ടം, വിഷൂചി, വ്രണം, ചൂഴൽപ്പു, ചുട്ടനീറൽ, വിഷമജ്വരം, കഫം, രക്തദോഷം ഇവയെ ശമിപ്പിക്കും.

വലിയവെള്ളരി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. രക്തദോഷം, പിത്തം, മൂത്രകൃഛ്രം, ചുട്ടനീറൽ, മൂർഛ ഇവയെ ശമിപ്പിക്കും. ഗുരുപാകമായിരിക്കും. രുചിയെഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. കഫത്തെയും വാതത്തെയും വർദ്ധിപ്പിക്കും. പഴുത്തകായ്—അല്പം ക്ഷാരത്തോടുംചൂടോടും കൂടിയതായിരിക്കും. അഗ്നിയേയും പിത്തത്തെയും വർദ്ധിപ്പിക്കും. വാതകഫങ്ങളേയും കൃമിയേയും തണ്ണീർദാഹത്തെയും ചുട്ടനീറലിനേയും ശമിപ്പിക്കും. കഫവാതങ്ങളെ വർദ്ധിപ്പിക്കുമെന്നു സുശ്രുതമതം.

വലിയവെള്ളുള്ളി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മൂലശാകമാകുന്നു. മിക്കവാറും വെള്ളുള്ളിയുടെ ഗുണങ്ങളോടു കൂടിയതാകുന്നു. കുറഞ്ഞൊന്നു പിച്ചിലമായിരിക്കും. രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും. പിത്തത്തെ വർദ്ധിപ്പിക്കയില്ല. ബുദ്ധിയെ നന്നാക്കും. കഫത്തേയും, വാതത്തേയും, രക്തത്തേയും, അഗ്നിയേയുംവർദ്ധിപ്പിക്കും. വാതത്തേയും, രക്തദോഷത്തേയും, ക്ഷീണിയേയും ശമിപ്പിക്കും.

വലിയവേഴൽ.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. വേഴലിനെക്കാളും ഗുണംകൂടിയതും:രസപ്രയോഗത്തിങ്കൽ നല്ലതുമാകുന്നു. അഗ്നിയേയും, വാതത്തെയും വർദ്ധിപ്പിക്കും. യോനിരോഗം, വസ്തിയിങ്കലെനോവു്, മൂത്രത്തടവു്, വിസർപ്പം, ഹൃദ്രോഗം, ചുട്ടനീറൽ, രക്തദോഷം, പിത്തം, കഫം ഇവയെ ശമിപ്പിക്കും.

വലിയശതാവരി.

ഇതു പൃഥക്ശുപവർഗ്ഗത്തിൽ ചേർന്ന വൃഷ്യദ്രവ്യമാകുന്നു. രസായനത്തിങ്കൽ ശ്രേഷ്ഠമാകുന്നു. ബുദ്ധിയെ നന്നാക്കും. ഹൃദയപ്രസാദത്തെ വരുത്തും. ശുക്ലത്തെവർദ്ധിപ്പിക്കും. ഗുണങ്ങൾകൊണ്ടു ശതാവരിയോടു തുല്യമാകുന്നു. നേത്രരോഗം, ഗ്രഹണി, അർശ്സ് ഇവയെ ശമിപ്പിക്കും.

വസന്തഭൃതു.

കഫത്തെകോപിപ്പിക്കും. മദ്ധ്യബലത്തെ ചെയ്യും. വസന്തഭൃതു മീനം, മേടം (ചൈത്രവൈശാഖം) മാസങ്ങൾകൂടുന്ന കാലമാകുന്നു. ഒരുദിവസത്തെയ്യും വിചാരിക്കുന്നതായാൽ സൂര്യോദയം മുതൽ പത്തുനാഴിപുലർച്ചവരെയുള്ള കാലമാകുന്നു.

വള്ളരെക്കായുള്ള ചെറുവഴുതിന.

ഗുണങ്ങൾകൊണ്ടു ചെറുവഴുതിനയോടു തുല്യമാകുന്നു. വിശേഷാൽ ദ്രവ്യാന്തരസംയോഗംകൊണ്ടു ധാരാസ്രംഭത്തെചെയ്യും. ഇതു പൃഥുക്ഷുപയസ്സിൽ ചേർന്നു കണ്ഡൂഘ്നദ്രവ്യമാകുന്നു.

വള്ളിഎരട്ടിമധുരം.

ഇതു വന്യവർഗ്ഗത്തിൽ ചേർന്ന പുഷ്യദ്രവ്യമാകുന്നു. എരട്ടിമധുരത്തിന്റെ ഗുണങ്ങളോടു കൂടിയതാകുന്നു. ഇതു എരട്ടിമധുരത്തെക്കാൾ വണ്ണം കുറഞ്ഞതാണു്. അമ്ലപിത്തം, നേത്രരോഗം, വ്രണം ഇവയെ ശമിപ്പിക്കും. ശുക്ലത്തെയുംബലത്തെയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

വള്ളിക്കറുക.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. പിത്തം, കഫം, തണ്ണീർദാഹം, ഛർദ്ദി, ഇവയെ ശമിപ്പിക്കും.

വള്ളിമുല്ല.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, മുഖരോഗം, നേത്രരോഗം, കുഷ്ഠം, ഹൃദ്രോഗം, അരുചി, വിഷം, അർശസ്, വ്രണം, രക്തദോഷം, ചൊറി, വിസ്ഫോടം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. പിത്തകഫങ്ങളെ ശമിപ്പിക്കുമെന്നു ഭാഷ്യഗുണപാഠം.

വാ

വാകചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. വെട്ടിചേമ്പിന്റെ ഗുണങ്ങളോടു കൂടിയതെന്നു പക്ഷം. പുഷ്ടിയെച്ചെയ്യും. ശുക്ലത്തെയും, കഫവാതങ്ങളേയും, ബലത്തെയും വർദ്ധിപ്പിക്കും. പുണ്ടുനീറൽ, പിത്തം, ശ്രമം ഇവയെ ശമിപ്പിക്കും.

വാരുണീമദ്യം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വായുമുട്ടൽ, ചുമ, ശൂലം, പീനസം, അരുചി, വയറടപ്പു്, ഛർദ്ദി, ഹൃദ്രോഗം, മലമൂത്രങ്ങളുടെ തടവു് ഇവയെ ശമിപ്പിക്കും. അരിപ്പൊടികൊണ്ടുണ്ടാക്കുന്ന മദ്യത്തിന്റെ ഗുണങ്ങളോടും കൂടിയതാകുന്നു. അതിനെക്കാൾ തീക്ഷ്ണമായിരിക്കും.

വാലില്ലാത്തമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ജംഘാലവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നും പക്ഷം. ഇതിന്റെ മാംസം—ഗുണങ്ങൾകൊണ്ടു മാനിന്റെ മാംസത്തോടൊത്തതാകുന്നു.

വാലുതടിച്ച ആടു്.

ഇതു ഗ്രാമ്യവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. കുറിയാടിന്റെ മാംസത്തോടൊത്തതാകുന്നു എന്നു സുശ്രുതമതം. പ്ലീഹയുപ്രസാദത്തെവരുത്തും. ശ്രമത്തെതീർക്കും. കഫത്തെയും, ശുക്ലത്തെയും, പിത്തത്തെയും വർദ്ധിപ്പിക്കും. കുറഞ്ഞൊന്നു വാതത്തെ ശമിപ്പിക്കും.

വാൽഗോതമ്പു്.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശുകധാന്യമാകുന്നു. ഗുണധാന്യവർഗ്ഗത്തിൽ ചേർന്നതെന്നു സുശ്രുതമതം. ഗുണങ്ങൾകൊണ്ടു ചെറിയ ഗോതമ്പിനോടൊത്തതാകുന്നു. അതിനേക്കാൾ ലഘുവും പഥ്യവുമാകുന്നു.

വായൽ (വയ്യാൽ)

ഇതു പ്ലവഗവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം വാതത്തെവർദ്ധിപ്പിക്കും. മല

ത്തെക്കുറയ്ക്കും. പിത്തകഫങ്ങളെ ശമിപ്പിക്കും. മൂത്രത്തെത്തടുക്കും.

വാർമാൻ.

ഇതു മാഹാമൃഗവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. ക്ലേചരവർഗ്ഗത്തിൽ ചേർന്നാനുപമാംസമെന്നും പക്ഷം. ഇതിന്റെ മാംസം ശുക്ലത്തെയും ബലത്തെയും ആയുസ്സിനെയുംവർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. കുറഞ്ഞൊന്നു കഫത്തെയും വാതത്തെയും ശമിപ്പിക്കും. മൂത്രത്തെകുറയ്ക്കും. ഹൃദ്യമായും, പവിത്രമായും, ശ്രേഷ്ഠമായും ഇരിക്കുമെന്നു സുശ്രുതമതം.

വാള മീൻ.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന നാടേയമത്സ്യമാകുന്നു.

"നാതിസ്ഥൂലോ
വൃത്തവക്ത്രോ വിശല്ക്കോ
ധാത്തേദന്താൻ
ശുക്ലരേഖാ ലീഢ്കായഃ;
സന്ധ്യായാം വാ
രാത്രിശേഷേചരൻയഃ
പ്രാക്കോ ബാലഃ
പഥ്യബല്യഃ സുവൃഷ്യഃ."

ഇതി രാജനിഘണ്ടു.

സാമാന്യം മീനിനോടൊത്ത ഗുണങ്ങളോടു കൂടിയതാകുന്നു. വിശേഷാൽ ശുക്രത്തെയും ബലത്തെയും വർദ്ധിപ്പിക്കും. പഥ്യമായിരിക്കും.

വാഴ.

ഇതിന്റെ പഴുത്ത കായ് മന്ദാഗ്നികാരംക്കു അപഥ്യമായിരിക്കും. അഗ്നിബലമുള്ളവർക്കു സുഖത്തെ കൊടുക്കും. താമസിച്ചു ദഹിക്കും. ഭക്ഷിച്ചാലുടനെ ശുക്ലത്തിനു ഉറപ്പുവരുത്തും. ദേഹകാന്തിയെപ്പുഷ്ടിപ്പെടുത്തും. വിഷ്ടംഭത്തെയും രുചിയേയും ചെയ്യും. ഹൃദ്യമായിരിക്കും. ദേഹത്തെ തടിപ്പിക്കും. കഫത്തേയും, ബലത്തേയും മാംസത്തേയും, ശുക്ലത്തേയുംവർദ്ധിപ്പിക്കും. ക്ഷതം, ക്ഷയം, വിശപ്പു്, ക്ലമം, പ്രമേഹം, നേത്രരോഗം, തണ്ണീർദാഹം, ചുട്ടനീറൽ, രക്തദോഷം, പിത്തം, വാതം, ഇവയെ ശമിപ്പിക്കും. നന്നാ പഴുത്താൽ തീക്ഷ്ണതകൂടിയുണ്ടായിരിക്കും. പച്ചക്കായ് പഴുത്തതിനെക്കാൾ ഗുണം കൂടിയതാകുന്നു. ദുർജ്ജരമായിരിക്കും. വിഷ്ടംഭത്തെയുണ്ടാക്കും. വാതത്തെയും ബലത്തെയും വർദ്ധിപ്പിക്കും. നന്നാ ഇളയകായ് പിത്തത്തിങ്കലും ജ്വരത്തിങ്കലും നല്ലതാണ്. കിഴങ്ങ് വാതപിത്തഹരമെന്നു് രാജവല്ലഭമതം. രുചിയെയുണ്ടാക്കും. ബലത്തെയും വാതത്തെയും വർദ്ധിപ്പിക്കും. മൂടിയെ നന്നാക്കും. സന്താപം, അമ്ലപിത്തം, കൃമി, യോനിദോഷം, അശ്മരി, രക്തദോഷം, പിത്തം, കഫം ഇവയെ ശമിപ്പിക്കും. ഇതിന്റെ ഇല ശൂലത്തെ ശമിപ്പിക്കും. പൂവ് വൃദ്ധയുടെ പ്രസാദത്തെ വരുത്തും. ബലത്തെയും അഗ്നിയെയും ശുക്രത്തെയും വർദ്ധിപ്പിക്കും. കഫം, പിത്തം, രക്തദോഷം, ക്ഷയം, മൂത്രാതിസാരം ഇവയെ ശമിപ്പിക്കും. പിണ്ടി(തട) രുചിയെയുണ്ടാക്കും. ജഠരാഗ്നിയെ വർദ്ധിപ്പിക്കും. യോനിദോഷം, അസൃഗ്ദരം, രക്തദോഷം, പിത്തം ഇവയെ ശമിപ്പിക്കും.

വാർമാവിൻകായ്.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതു മാവിന്റെ ജാതിയിൽചേർന്നതല്ല. ഇതു് ഉത്തരദേശങ്ങളിൽ ഉണ്ടാകുന്നതും, വടാമിനേക്കാൾ ചെറുതുമാകുന്നു. വയറടപ്പിനെയുണ്ടാക്കും. മലത്തെ പുറത്താക്കുകയും. ദേഹ

ത്തെ തടിപ്പിക്കും. രക്തപ്രസാദത്തെ ചെയ്യും. ശുക്ലത്തെയും ബലത്തെയും കഫത്തെയും പിത്തത്തെയും വർദ്ധിപ്പിക്കും. ചുട്ടനീറൽ, ക്ഷതം, ക്ഷയം, വാതം ഇവയെ ശമിപ്പിക്കും.

വി

വികങ്കതകം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പഴുത്ത കായ് കഫത്തെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നു മദനപാലമതം. പച്ചക്കായ് വാതത്തെ വർദ്ധിപ്പിക്കും. തൊലിമുതലായതു പിത്തകഫങ്ങളെ ശമിപ്പിക്കും. ഇതു് തുണ്ടിയിൽ ചായമിടുന്നതിനു് ഉപയോഗപ്പെടുന്നു.

വിടത്തൽ.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നസംഗ്രാഹിദ്രവ്യമാകുന്നു. മലത്തെ പിടിപ്പിക്കും. അഗ്നിമാന്ദ്യം, യോനിരോഗം, സന്ധിശൂലം, അശ്മരി, മൂത്രത്തടവു്, തണ്ണീർദാഹം, കഫം, വാതം ഇവയെ ശമിപ്പിക്കും. വിത്തു കപ്പൂവിന്റെആകൃതിയിൽ വെളുത്തും കൂത്തും ചുവന്നും മഞ്ഞനിറവുമായിരിക്കുന്ന പൂയോടുകൂടിയതും വന്നിയുടെ എലപോലെയുള്ള എലയോടുകൂടിയതും മുള്ളുള്ളതും വെള്ളമില്ലാത്ത പ്രദേശത്തുണ്ടാകുന്നതുമാകുന്നു.

വിതസ്താനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈനദി കാശ്മീരദേശത്തിൽ ഉള്ളതാണു്. ഹിമവാന്തിൽനിന്നും ഉത്ഭവിച്ചു് പഞ്ചാബിൽക്കൂടി പ്രവഹിക്കുന്നു. ഇതിലെ വെള്ളം മൂന്നു ദോഷങ്ങളേയും, ജാഡ്യത്തെയും, സന്താപത്തെയും ശമിപ്പിക്കും. ഓമ്മയെ കൊടുക്കയും ബുദ്ധിയെ നന്നാക്കുകയും ചെയ്യും. പഥ്യമായിരിക്കും.

വിപാശാനദി.

ഇതു് രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പഞ്ചാബിലുള്ള അഞ്ചു നദികളിലൊന്നാണു്. ഇതിലെ വെള്ളം ഗുണങ്ങൾകൊണ്ടു സുശ്രുതനദിയിലെ വെള്ളത്തോടൊത്തതാകുന്നു.

വിഷ്വമുഷ്ടി.

ഇതു പുഷ്പവർഗ്ഗത്തിൽചേർന്ന ഫലശാകമാകുന്നു. കഫം, വിശേഷാൽ പിത്തം, ജ്വരം, കൃമി, അജീർണ്ണം, കണ്ണുരോഗം, വിഷം, ശൂലം, അശ്മസ്സു് ഇവയെ ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ശുക്ലത്തേയും, ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ചേരു മുതലായതു് ചൂടേറിയതും പാകത്തിങ്കൽ എരിച്ചുതുമാകുന്നു. അതു പിത്തത്തേയും, സർവ്വാംഗസന്താപത്തേയും, രക്തദോഷത്തേയും ഉണ്ടാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. എലിവിഷം, മൂർച്ഛ, മദം, വായുമുട്ടൽ, പ്രമേഹം, കുഷ്ഠം, വാതം, കഫം ഇവയെ ശമിപ്പിക്കും.

വിഷ്ണുകന്ദം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദശാകമാകുന്നു. വീക്കം, രക്തദോഷം, ചുട്ടനീറൽ, പിത്തം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. പുഷ്ടിയെച്ചെയ്യും.

വിഷ്ണുക്രാന്തി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, കൃമി, വിഷം, ജ്വരം ഇവയെ ശമിപ്പിക്കും. ആമത്തെ പചിപ്പിക്കും. ഓമ്മയെ കൊടുക്കുകയും, ബുദ്ധിയെ നന്നാക്കു

കയും, മംഗലപ്രദമായിരിക്കയുംചെയ്യും. ചവർപ്പുരസം കൂടെ ഉണ്ടെന്നും പക്ഷമുണ്ട്.

വിഴാൽ.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന കുമിൾപ്പെട്ടദ്രവ്യമാകുന്നു. കഫം, വാതം, കൃമി, വിഷം, ചിത്തഭ്രമം, ശൂലം, വയറുവീർപ്പു, മത്സോദരം, വ്രണം, ചുമ, വായുമുട്ടൽ, ഹൃദ്രോഗം, മലബന്ധം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. കുമിൾപ്പെട്ടങ്ങളിൽവെച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

വിഴാൽഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, കഫം, കൃമി, പ്രമേഹം, കൃഷ്ണം, ശിരോരോഗം ഇവയെ ശമിപ്പിക്കും. മലത്തെ പുറത്തുകളയും.

വിളയുപ്പ്.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന ലവണദ്രവ്യമാകുന്നു. ഗുല്മം, ശൂലം, അജീർണ്ണം, വയറുവീർപ്പ്, വയറടപ്പ്, നെഞ്ചുനോവു, നെഞ്ചിലെ ക്ലേദം, മലമൂത്രങ്ങളുടെ തടവു, ചൊറി, പ്രമേഹം, ജാഡ്യം ഇവയെശമിപ്പിക്കും. കീഴും മേലും തടഞ്ഞിരിക്കുന്ന വാതകഫങ്ങളെ നേരെയാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശരീരം മുഴുവൻ വ്യാപിക്കും.

വിളവൂനിലം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെവെള്ളം മൂന്നു ദോഷങ്ങളേയും വർദ്ധിപ്പിക്കും. വിശേഷാൽ കഫത്തെ ദ്രവിപ്പിക്കും. പാകത്തിങ്കൽ ഉഷ്ണമെന്നു രാജവല്ലഭമതം. ഇതുതന്നെ കെട്ടിനിറുത്തിയിട്ടുള്ളതായിരുന്നാൽ ഏറ്റവും ദോഷപ്രദമാകുന്നു.

വീ

വീരപുണ്ഡരി.

ഇതു ശാണ്ഡവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം, ചുട്ടനീറൽ, തണ്ണീർദാഹം, വ്രണം, ജ്വരം, വിഷം, മൂത്രകൃച്ഛ്രം, വായുമുട്ടൽ, നേത്രരോഗം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ദേഹകാന്തിയെ ഉണ്ടാക്കും.

വു

വുദ്ധി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന വൃഷ്യദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു ജീവന്തിയോടൊത്തതാകുന്നു. വിശേഷാൽ പിത്തം, രക്തദോഷം, ക്ഷതം, ക്ഷയം, ചുമ ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ഗർഭസന്ധാനത്തെ ചെയ്യും. രണ്ടിനും ഗുണങ്ങൾ തുല്യങ്ങളെന്നു ധന്വന്തരിമതം.

വൃശ്ചികാ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. അന്ത്രവൃദ്ധി മുതലായവയെ ശമിപ്പിക്കും.

വെ

വെങ്കടുകം.

ഇതു ഭോജ്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. വാതം, കഫം, വ്രണം, ചൊറി, കൃഷ്ണം, കോഠം, അർശസ്, കൃമി, ശോഫം, ഗ്രഹപീഡ, ഭൂതപീഡ ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും ഉണ്ടാക്കുകയും അഗ്നിയെ വർദ്ധിപ്പിക്കുകയും ചെയ്യും. രുചികരമായിരിക്കും. രൂക്ഷമെന്നു സുശ്രുതമതം.

വെങ്കരിങ്ങാലി.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കരിങ്ങാലിക്കു പറഞ്ഞിട്ടുള്ള ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ മുഖരോഗത്തേയും ഭ്രാന്തിയേയും ശമിപ്പിക്കും. നിറത്തെ നന്നാക്കും. പല്ലിനു് ഉറപ്പുവരുത്തും. ഉണ്ണുവീയ്യുമെന്നും കഫവാതങ്ങളെ ശമിപ്പിക്കുമെന്നും സുസിംഹമതം.

വെങ്കായ.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന പിത്തഘ്നദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, തണ്ണീർദാഹം, ചുട്ടുനീറൽ, വിസർപ്പം, ക്ഷീണം, ആമാതിസാരം, ചുമ ഇവയെ ശമിപ്പിക്കും. ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ആയുസ്സിനു നല്ലതാകുന്നു. കരിങ്കുകയുടെ ഗുണങ്ങളോടുകൂടിയതെന്നു മദനപാലമതം.

വെങ്കാരം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ആത്മവർഗ്ഗീയദ്രവ്യമാകുന്നു. കഫം, വാതം, ചുമ, വായുമുട്ടൽ, വിഷം, ആമദോഷം ഇവയെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും. തടഞ്ഞിരിക്കുന്ന മലമൂത്രാദികളെ പുറത്തുകളയും-

വെങ്കൊടിത്തുവ.

ഇതു പൂഗുക്ഷുപവർഗ്ഗത്തിൽചേർന്ന വിരേചനീയദ്രവ്യമാകുന്നു. മേദസ്സിനെ ക്ഷയിപ്പിക്കും. യോഗവാഹിയായിരിക്കും. ആമത്തെ പചിപ്പിക്കും. അഗ്നിയേയും ബലത്തേയും വർദ്ധിപ്പിക്കും. മലത്തിനു് അയവു വരുത്തും. അതിസാരം, വീക്കം, ജ്വരം, വാതരക്തം, കൃഷ്ണം, വിസർപ്പം, ഭ്രാന്തി, മദം, ചർദ്ദി, തണ്ണീർദാഹം, രക്തദോഷം, ചുട്ടുനീറൽ, പിത്തം, കഫം ഇവയെയശമിപ്പിക്കും.

വെട്ടിക്കുതിര.

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണമാംസമാകുന്നു. ഗ്രാമ്യവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമെന്നു സുശ്രുതമതം. ഇതിന്റെ മാംസം കുഴതമാംസത്തിന്റെ ഗുണങ്ങളോടുകൂടിയതാകുന്നു. പാകത്തിൽ മധുരമെന്നു സുശ്രുതമതം. കഫത്തേയും, പിത്തത്തേയും, ബലത്തേയും, ധാതുക്കളേയും വിശേഷാൽ ശുക്ലത്തേയും വർദ്ധിപ്പിക്കും. ഇതു തേൻ, ശർക്കര, എള്ളു്, പാലു്, ഉഴുന്നു്, മുള്ളങ്കി, താമരവള്ളയും, വിരുദ്ധമാകും ഇല ഓരോന്നിനോടു ഒരുമിച്ചു ഭക്ഷിച്ചാൽ വിരുദ്ധം.

വെട്ടിച്ചേമ്പു്.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. പിത്തം, രക്തദോഷം, ചുട്ടുനീറൽ, തണ്ണീർദാഹം, മെലിവു് ഇവയെ ശമിപ്പിക്കും. കഫത്തേയും, വാതത്തേയും, ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മൂലപ്പാലിനെ പെരുപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും. താമസിച്ചു ദഹിക്കും. വിഷ്ടംഭിയായിരിക്കും. പുഴുങ്ങി ഊറ്റി, എണ്ണചേർത്തു ഉപയോഗിച്ചാൽ വളരെ ദോഷമല്ല.

വെൺചന്ദനം.

ഇതു ഗന്ധവർഗ്ഗത്തിൽ ചേർന്നതാകുന്നു. വിശേഷാൽ ത്രിദോഷം, രക്തദോഷം, കൃഷ്ണം, ചൊറി, വ്രണം ഇവയെ ശമിപ്പിക്കും.

വെൺചെന്നെല്ല്.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന ശാലിയാകുന്നു. സാമാന്യം ശാലിയുടെ ഗുണങ്ങളോടുകൂടിയതും, കിളികാരിച്ചെന്നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

വെൺപാതിരി.

ഇതു് ഉത്തംസവർഗ്ഗത്തിൽചേർന്ന കഫാല്പദ്രവ്യമാകുന്നു. പാതിരിയുടെ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വാതത്തേയും, കഫത്തേയും, മെലിവിനേയും ശമിപ്പിക്കും.

വെൺമുരിങ്ങ.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കഫാല്പദ്രവ്യമാകുന്നു. വിശേഷാൽ എല്ലാ വാതരോഗങ്ങളേയും, പ്ലീഹയേയും, വിദ്രധിയേയും, വ്രണത്തെയും ശമിപ്പിക്കും. പിത്തത്തേയും, രക്തത്തേയും കോപിപ്പിക്കും. ചുട്ടനീറലിനെ ഉണ്ടാക്കും. എല്ലാ മുരിങ്ങകളിലുംവച്ചു ഗുണമേറിയതും ചികിത്സിതത്തിങ്കൽ ശ്രേഷ്ഠവുമാകുന്നു.

വെണ്ട.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. ശുക്ലത്തെ ഏറ്റവും വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഫലം:—വിശേഷാൽ കഫവാതങ്ങളേയും, ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. പിച്ചിലമായിരിക്കും. വാതരോഗം, ചുമ, അഗ്നിമാന്ദ്യം, പീനസം ഇവ രോഗങ്ങളിൽ നന്നല്ല.

വെണ്ണ.

ഇതു പേയവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, രക്തദോഷം, ചുട്ടനീറൽ, തണ്ണീർദാഹം, ക്ഷയം, അശ്മരി, ചുമ, വായുമുട്ടൽ, അർശസ്സ്, ശ്രമം, ശൂലം, വ്രണം ഇവയെ ശമിപ്പിക്കും. കഫാതിരേകവും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഓജസ്സിനെ കൊടുക്കും. മലത്തെ പിടിപ്പിക്കും. പുഷ്ടിയെച്ചെയ്യും. കുറഞ്ഞൊരു വിദാഹിയായിരിക്കും. കണ്ണിനു നല്ലതാകുന്നു. ഒരു രാത്രി കഴിഞ്ഞിട്ടുള്ള തൈരിൽ നിന്നെടുക്കുന്ന വെണ്ണ നല്ലതും, ഹയ്യംഗവീനമെന്നു പേരുള്ളതുമാകുന്നു. പഴകിയതു കഫത്തേയും, മേദസ്സിനേയും, ബലത്തേയും വർദ്ധിപ്പിക്കും. അശ്മരിയേയും, ഛർദ്ദിയേയും, കൃശത്തേയും ഉണ്ടാക്കും. ദേഹത്തെ തടിപ്പിക്കും. ഇതു് ഒരു ദിവസത്തിനുമേൽ ഓരോദിവസം ചെല്ലുന്തോറും ചീത്തയാകുന്നു.

"ഏകാഹാദ്ധൃഷിതം പ്രോക്ത-
മുത്തരോത്തരഗന്ധികം;
ആഹ്ലാദ്യം സർവ്വരോഗാഢ്യം
ദധിജം തദ്ധൃതം സ്മൃതം."

എന്നു രാജനിഘണ്ടു.

പാലിൽനിന്നു് അപ്പോൾ കടഞ്ഞെടുത്തിട്ടുള്ള വെണ്ണ മാധുര്യവും, സ്നിഗ്ധവും, ശൈത്യവും ഏറിയതാകുന്നു. അതു പിത്തം, രക്തദോഷം, നേത്രരോഗം ഇവയെ ശമിപ്പിക്കും. ബലത്തേയും ശുക്ലത്തേയും വർദ്ധിപ്പിക്കും. ജീവനമായും, ബൃംഹണമായുമിരിക്കും. സൌന്ദര്യത്തെച്ചെയ്യും. സന്തോഷത്തെ കൊടുക്കും. മലത്തെ പിടിപ്പിക്കും.

പശുവിൻ വെണ്ണ— വിശേഷാൽ ഭഗ്നം, മധുരം, വാതം, ചുമ, ശ്രമം, സർവ്വാംഗശൂലം ഇവയെ ശമിപ്പിക്കും. കഫത്തേയും, ശുക്ലത്തേയും, കാന്തിയേയും, ബലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. സുഖത്തെ കൊ

ടുക്കും. പുഷ്ടിയെച്ചെയ്യും. കണ്ണിനു നല്ലതു്. കേട്ടികഫംക്കും വൃദ്ധന്മാക്കും ഹിതമാകുന്നു.

എരുമവെണ്ണ—വിശേഷാൽ പിത്തത്തെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. മഹോദരത്തെ ഉണ്ടാക്കും. മധുരമായും, തുവരമായും, ശീതമായും ഇരിക്കും.

ആട്ടിൻവെണ്ണ:—ത്രിദോഷം, വിശേഷാൽ കഫം, ക്ഷയം, ചുമ, മൂത്രരോഗം ഇവയെ ശമിപ്പിക്കും. ബലത്തെയും, അഗ്നിയെയും വർദ്ധിപ്പിക്കും.

കറിയാട്ടിൻവെണ്ണ—കഫം, വാതം, അർശ്സ്, യോനിശൂലം ഇവയെ ശമിപ്പിക്കും. ബുദ്ധിയെ കെടുത്തും. അഗ്നിമാന്ദ്യത്തെ വരുത്തും. ദുർഗ്ഗന്ധമുള്ളതാകുന്നു.

ആനവെണ്ണ—പിത്തത്തെയും, കഫത്തെയും, കൃമിയേയും. ശമിപ്പിക്കും. വിഷ്ടംഭത്തെ ഉണ്ടാക്കും.

കുതിരവെണ്ണ—കഫം, വാതം, നേത്രരോഗം ഇവയെ ശമിപ്പിക്കും. കുറഞ്ഞൊരു വാതത്തെയും ശമിപ്പിക്കും.

കുഴുതവെണ്ണ—കഫം, വാതം, മൂത്രരോഗം ഇവയെ ശമിപ്പിക്കും. ബലത്തെയും, അഗ്നിയെയും വർദ്ധിപ്പിക്കും.

ഒട്ടകത്തിന്റെ വെണ്ണ—കഫം, വാതം, രക്തദോഷം, വിഷം, വ്രണം, കൃമി ഇവയെ ശമിപ്പിക്കും.

മലപ്പുലി വെണ്ണ—മൂന്നുദോഷങ്ങളേയും വിഷത്തെയും ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കണ്ണിനു നല്ലതാകുന്നു.

വെയിൽ.

ഇതു പിത്തം, രക്തദോഷം, തണ്ണീർദാഹം, മുഴൽച്ച, സർവ്വാംഗസന്താപം, വിയർപ്പു്, നിറപ്പിഴ, വൈചിത്ര്യം, തളർച്ച ഇവയെ ഉണ്ടാക്കും. നേത്രരോഗത്തെയും, അഗ്നിയേയും ഉണ്ടാക്കും.

വെരികു്.

ഇതു പുൽഗുവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം:—ഗുണങ്ങൾകൊണ്ടു് പൂച്ച മാംസത്തോടൊത്തതാകുന്നു. വിശേഷാൽ ക്ഷയരോഗികൾക്കു ഹിതമായും നിത്യോപയോഗിയായുമിരിക്കും. ഇതു പ്രസഹവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു.

വെൾവയമ്പു്.

ഇതു പണ്യവർഗ്ഗത്തിൽചേർന്ന കായസംഗ്രഹദ്രവ്യമാകുന്നു. വയമ്പിന്റെ ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ വാതം, ഭൂതദോഷം, കൃമി ഇവയെ ശമിപ്പിക്കും. ഉക്തത്തെയും, അഗ്നിയേയും, ആയുസ്സിനേയും വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ഓർമ്മയെ കൊടുക്കും. ശുക്ഷമെന്നു ധന്വന്തരിമതം.

വെൾവാലിച്ചെന്നെല്ലു്.

ഇതു ഭോജ്യവർഗ്ഗത്തിൽചേർന്ന ശാലിയാകുന്നു. സാമാന്യം ശാലിയുടെ ഗുണങ്ങളോടുകൂടിയതും നെടുവാലിച്ചെന്നെല്ലിനേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

വെൾവേലം.

ഇതു് ആരണ്യകവർഗ്ഗത്തിൽചേർന്ന സംഗ്രാഹിദ്രവ്യമാകുന്നു. കഫം, പിത്തം, മൂട്ടനീർ, ചുമ, അമാതിസാരം, രക്താതിസാരം, അർശ്സ്, കൃഷ്ടം, കൃമി ഇവയെ ശമിപ്പിക്കും.

ഇതിന്റെ പശ ശീതമായിരിക്കും. അതു വാതം, പിത്തം, രക്താതിസാരം, പ്രമേഹം, അസൃഗ്ദരം, രക്തപിത്തം ഇവയെ ശമിപ്പിക്കും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. ക്ഷതാദികളിൽനിന്നു സ്രവിക്കുന്ന രക്തത്തെ തടുക്കും. ഇതിന്റെ ഫലം:—എരിരസവും, ചൂടും ഉള്ളതാകുന്നു. അതു വാതം, കഫം, ചുമ, അർശ്ശസ് ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെ ക്ഷയിപ്പിക്കും.

വെളിച്ചെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, ചുമ, വായുമുട്ടൽ, ക്ഷയം, പ്രമേഹം ഇവയെ ശമിപ്പിക്കും. കഫത്തെയും, ക്ഷയിച്ചുപോയ ധാതുക്കളേയും, വിശേഷാൽ ശുക്ലത്തെയും വർദ്ധിപ്പിക്കും. ശുക്ലത്തിനു ഉറപ്പുവരുത്തും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. ബുദ്ധിപ്രസാദത്തെച്ചെയ്യും. മുടിയെ നന്നാക്കും. അഗ്നിമാന്ദ്യത്തെച്ചെയ്യും. മലമൂത്രങ്ങളെ പുറത്തുകളയും.

വെളുത്ത ആമ്പൽ.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, രക്തദോഷം, ചുട്ടുനീറൽ, ശ്രമം ഇവയെ ശമിപ്പിക്കും. വിശേഷാൽ ആമ്പലിനു പറഞ്ഞിട്ടില്ലാത്ത ഗുണങ്ങളുമുണ്ടായിരിക്കും. സംഗ്രഹണീയ രക്തപിത്തപ്രശമനങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. ഇതിന്റെ വിത്തു്:—പിത്തം, രക്തദോഷം, അതിസാരം, പ്രമേഹം, സർവ്വാംഗസന്താപം ഇവയെ ശമിപ്പിക്കും. വാതത്തെയും, കഫത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും.

വെളുത്ത ഇരുവ്വേലിമരം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. പിത്തത്തെയും, ചുട്ടുനീറ്റലിനേയും ശമിപ്പിക്കും. മറ്റുള്ള ഗുണങ്ങളും ഇരുവ്വേലിമരത്തിനു പറഞ്ഞിട്ടുള്ളതുതന്നെ.

"ശിംശപാത്രിതയം വർണ്ണ്യം
ഹിമം ശോഫവിസർപ്പജിത്;
പിത്തദാഹപ്രശമനം
ബല്യം രുചികരം പരം."

എന്നു് രാജനിഘണ്ടു.

വെളുത്ത കടഭി.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു കറുത്ത കടഭിയോടൊത്തതാകുന്നു. വിശേഷാൽ വെളുത്തതു ഗുണംകൊണ്ടു കൃഷ്ണമാകുന്നു.

വെളുത്ത കടല.

ഇതു ശിംബിധാന്യവർഗ്ഗത്തിൽ ചേർന്ന ശിംബിധാന്യമാകുന്നു. കടലയുടെ ഗുണങ്ങളോടുകൂടിയതാണു്. വിശേഷാൽ പിത്തത്തെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഗുരുവെന്നു സുസിദ്ധമതം.

വെളുത്ത കണ്ടകാരിച്ചുണ്ട.

ഇതു പുഷ്പവർഗ്ഗത്തിൽചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു കണ്ടകാരിച്ചുണ്ടയോടൊത്തതാകുന്നു. വിശേഷാൽ ഗർഭസ്ഥാനത്തെച്ചെയ്യും. രസത്തെ ബന്ധിക്കും. കണ്ണിനു നല്ലതാകുന്നു. ഇതിന്റെ കായ് വെളുത്ത ചെറുവഴുതിനയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

വെളുത്ത കല്ലൂർവഞ്ചി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. പിത്തം, പ്രമേഹം, മൂത്രകൃച്ഛ്രം,

മൂത്രാഘാതം, അശ്മരി, ശൂലം, ക്ഷയം ഇവയെ ശമിപ്പിക്കും. ഉഷ്ണവീര്യമെന്നും പക്ഷമുണ്ട്.

വെളുത്ത കുന്നി.

ഇതു വിരുദ്ധർഗ്ഗത്തിൽ ചേർന്ന കണ്ഡൂഘ്നദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു മുവന്ന കുന്നിയോടൊത്തതാകുന്നു. വിശേഷാൽ വാശ്യകർമ്മത്തിൽ നല്ലതാകുന്നു.

വെളുത്ത കൊഴിഞ്ഞിൽ.

ഇതു പൂഷ്ടുപവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. കൊഴിഞ്ഞിലിന്റെ ഏറിയ ഗുണങ്ങളോടുകൂടിയതും, രസായനത്തിങ്കൽ ശ്രേഷ്ഠമായിട്ടുള്ളതുമാകുന്നു.

വെളുത്ത ചെമ്പരുത്തിപ്പൂവ്.

ഇതു് ഉഷ്ണംസവർഗ്ഗത്തിൽ ചേർന്ന ആർത്തവസംഗ്രാഹി ദ്രവ്യമാകുന്നു. മിക്കവാറും ചെമ്പരുത്തിപ്പൂവിന്റെഗുണങ്ങളോടു കൂടിയതാകുന്നു.

വെളുത്ത ചെറിയകടലി.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന കഫപിത്തദ്രവ്യമാകുന്നു. ഗുണങ്ങൾകൊണ്ടു വെളുത്തകടലിയോടൊത്തതാണു്.

വെളുത്തചെറിയ മാന്തൽച്ചീര.

ഇതു ശാകവർഗ്ഗത്തിൽചേർന്ന പത്രശാകമാകുന്നു. മൂന്നു ദോഷങ്ങളേയും ജ്വരത്തേയും ശമിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെത്തീർക്കും. പഥ്യമായിരിക്കും. കുറഞ്ഞൊന്നു വാതകഫങ്ങളെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. ഇതിൽ തന്നെ ഏല തടിച്ചുതായിവേറെ ഒരു തരമുണ്ടു്. അതിനാണു് കഫവാതളതപമുള്ളതെന്നു ചിലരുടെ പക്ഷം. അതു വയരുടപ്പോട്ടുകൂടി ഒഴിക്കും.

വെളുത്തചെറിയവെള്ളരി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ഫലശാകമാകുന്നു. വാതം, കഫം, ആനാഹം, പീനസം, അംഷ്ണീല ഇവയെ ശമിപ്പിക്കും. പിത്തത്തെയും, അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ഹൃദയപ്രസാദത്തെ വരുത്തും. ഇതിനുചിലഗ്രന്ഥങ്ങളിൽ പറയുന്ന കയ്പും എരിയും നന്നാ ചെറുതായിരിക്കുന്നോക്കീം ഉള്ളതാകുന്നു.

വെളുത്തചെറുതുളസി.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. ഹരിതവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷമുണ്ടു്. ഗുണങ്ങൾകൊണ്ടു ചെറു തുളസിയോടൊത്തതാകുന്നു. വിശേഷാൽ കണ്ണുള്ളിയെ ചെയ്യും. മുടിയെ നശിപ്പിക്കും.

വെളുത്ത ചെറുവഴുതിന.

ഇതു പൂഷ്ടുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. ശാകവർഗ്ഗത്തിൽചേർന്നതെന്നും പക്ഷമുണ്ടു് ഗുണങ്ങൾകൊണ്ടു ചെറുവഴുതിനയോടൊത്തതാകുന്നു. വിശേഷാൽ അഞ്ജനയോഗംകൊണ്ടു് എല്ലാ നേത്രരോഗത്തെയും ശമിപ്പിക്കും. ഇതിന്റെ കായു് ചെറുവഴുതിനയുടെ കായെക്കാൾ രുചിയെ ചെയ്യും.

വെളുത്തചേന.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു. ഗുണങ്ങൾകൊണ്ടു ചേനയോടൊത്തതാകുന്നു. വിശേഷാൽ അർശ്ശസ്സിനു നല്ലതാണു്. ഔഷധകാര്യത്തിങ്കൽ ശ്രേഷ്ഠം.

വെളുത്തചോളം.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ഗുണധാന്യമാകുന്നു. ത്രിദോഷം,

അർശസ്, ശൂലം, വ്രണം ഇവയെശമിപ്പിക്കും. ബലത്തേയും, ശുക്ലത്തേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പത്ഥ്യമായിരിക്കും.

വെള്ളത്തഞ്ജീരകം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്ന ഗന്ധദ്രവ്യമാകുന്നു. മഞ്ഞനിറമായിട്ടും ഒരുതരമുണ്ട്. രണ്ടിനും ഗുണങ്ങൾ ഒന്നുതന്നെ. കഫം, വാതം, രക്തദോഷം, കൃമി, വിഷം, നേത്രരോഗം, വയറടപ്പ്, ക്ഷീ, കഷ്ടം, ജ്വരം ഇവയെ ശമിപ്പിക്കും. മറ്റുള്ളജീരകങ്ങൾപോലെ പിത്തത്തെ വർദ്ധിപ്പിക്കയില്ല. ബലത്തേയും, ശുക്ലത്തേയും, അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെപചിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ഗർഭാശയത്തിലെ ദോഷത്തെ തീർക്കും. ഏമ്പക്കത്തിനു ശമനമുണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. നല്ല ഗന്ധമുള്ളതാകുന്നു. ശീതവീര്യമെന്നും ഗുണമെന്നും മതം. ജീരകത്തിന്റെ ഗുണങ്ങളോടു കൂടിയതാകുന്നു. ഹരിതശാകങ്ങളുടെ കൂട്ടത്തിൽ വിധിച്ചിരിക്കുന്നതിനാൽ ഇതിന്റെ ഏല കറിക്കുപയോഗിക്കുന്നു. അതു ഇക്കിൾ, ചുമ, വായുമുട്ടൽ, വിഷം, ശൈത്ഥ്യം, കൃമി ഇവയെ ശമിപ്പിക്കും. അഗ്നിയെവർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും കണ്ണിനു നന്നല്ല. മലത്തെ തടുക്കും.

വെള്ളത്തഴുതാമ.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽ ചേർന്ന കഫഘ്നദ്രവ്യമാകുന്നു. കഫം, വാതം, രക്തദോഷം, ചുമ, വായുമുട്ടൽ, വീക്കം, കൂട്ടുവിഷം, വ്രണം, മഹോദരം, ഉരഃക്ഷതം, നെഞ്ചുനോവ്, അർശസ്, ശൂലം, പാണ്ഡു ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ ഇളക്കും. ജരാവ്യാധിയെ നശിപ്പിക്കും. ഇതിന്റെ ഏല-കഫം, വാതം, ശൂലം, പ്ലീഹ ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തിനു അയവുവരുത്തും. ചുവന്ന തഴുതാമയുടെ ഏലയ്ക്കുള്ള ഗുണങ്ങളോടു കൂടിയതെന്നും പക്ഷമുണ്ട്.

വെള്ളത്താമര.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്താകുന്നു. താമരയുടെ എല്ലാ ഗുണങ്ങളോടു കൂടിയതും പിത്തത്തെ ശമിപ്പിക്കുന്നതുമാകുന്നു.

വെള്ളത്തിന.

ഇതു ധാന്യവർഗ്ഗത്തിൽ ചേർന്ന ഭോജ്യധാന്യമാകുന്നു. തിനയുടെ ഗുണങ്ങളോടുകൂടിയതാണ്.

വെള്ളത്തുളസി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു തുളസിയോടൊത്തതാകുന്നു.

വെള്ളത്തകര.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. ത്രിദോഷം, വിശേഷാൽ പിത്തം, രക്തദോഷം, തണ്ണീർദാഹം, മൂട്ടിനീറൽ, മൂത്രത്തടവു, അശ്മരി, വസ്തിയിങ്കലെ നോവു, പ്രദരം, വിസർപ്പം, ഛർദ്ദി, കാമില, ജ്വരം, മൂർഛ, വായുമുട്ടൽ, ക്ഷയം ഇവയെ ശമിപ്പിക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

വെള്ളത്തനിറവും തടിച്ചുകുഴുത്തും ഉള്ളമാൻ

ഇതു മൃഗവർഗ്ഗത്തിൽ ചേർന്നജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യം മാനിന്റെ മാംസ

ത്തിനു പറഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു.

വെള്ളത്ത നൊച്ചി.

ഇതു പൃഥക്ക്പവർഗ്ഗത്തിൽ ചേന്ന ജപരാന്നദ്രവ്യമാകുന്നു. ഗുണങ്ങടം കൊണ്ടു് നൊച്ചിയോടൊത്തതാകുന്നു. വിശേഷാൽ സന്ധിവാതം, ഗുദവാതം മുതലായവയെ ശമിപ്പിക്കും

വെള്ളത്ത പാച്ചോറി.

ഇതു പണ്യവർഗ്ഗത്തിൽ ചേന്ന സാഗ്രാഹിദ്രവ്യമാകുന്നു. ഗുണങ്ങടം കൊണ്ടു പാച്ചോറിയോടൊത്തതാകുന്നു.

വെള്ളത്തപൂവുള്ളചെമ്മരം.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേന്ന ജപരാന്നദ്രവ്യമാകുന്നു. ഗുണങ്ങടം കൊണ്ടുചെമ്മരത്തോടൊത്തതാണു്.

വെള്ളത്തമന്താരം.

ഇതു ഉത്തംസവർഗ്ഗത്തിൽചേന്നതാകുന്നു. മന്താരത്തിന്റെ ഗുണങ്ങളോടു കൂടിയതാണു്. വിശേഷാൽ വ്രണം, മൂത്രത്തടവു്, കൃമി ഇവയെ ശമിപ്പിക്കും.

വെള്ളത്തമാക്കീരക്കല്ലു്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേന്ന ഉപധാതു ആകുന്നു. മിക്കവാറും മാക്കീരക്കല്ലിന്റെ ഗുണങ്ങളോടുകൂടിയതത്രെ. വെള്ളിയുടെ ഉപധാതു ആകയാൽ കുറഞ്ഞൊന്നു വെള്ളിയുടെ ഗുണങ്ങളോടു കൂടിയതാകുന്നു. ശീതവീര്യമെന്നും പാകുത്തികൽ എരിഎന്നുംരസരതനസമുച്ചയം.

വെള്ളത്തമുളകു്.

ഇതു പണ്യവർഗ്ഗത്തിൽ ചേന്ന കഫഹരദ്രവ്യമാകുന്നു. മുളകിനു പറഞ്ഞ എല്ലാഗുണങ്ങളും ഇതിനു ഏറിയിരിക്കും. വിശേഷാൽ നേത്രരോഗം വിഷം, ഭൂതാവേശം, സ്വരസാദം ഇവയെ ശമിപ്പിക്കും. ജ്ഞാനത്തെ വർദ്ധിപ്പിക്കും. മലത്തെ പുറത്തുകളയും. പ്രയോഗവിശേഷംകൊണ്ടു രസായനമായിരിക്കും. മൂന്നു ദോഷങ്ങളേയും ശമിപ്പിക്കുമെന്നും പക്ഷമുണ്ടു്.

വെള്ളത്ത രോമവും മുളകിൽ ചാര നിറവുമുള്ള വലിയമാൻ.

ഇതു മൃഗവർഗ്ഗത്തിൽ ചേന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം സാമാന്യം മാനിന്റെ മാംസത്തിനു പറഞ്ഞ ഗുണങ്ങളോടു കൂടിയതാകുന്നു.

വെള്ളത്തവലിയ പിച്ചകം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേന്നതാകുന്നു. ത്രിദോഷത്തേയും രക്തദോഷത്തേയും ശമിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. ശ്രമത്തെതീക്കും. നല്ല ഗന്ധത്തോടു കൂടിയതാകുന്നു. മുടിയിൽ ധരിച്ചാൽ നല്ല വാസനയെകൊടുക്കും. മദനഭ്രാന്തിയെ ഉണ്ടാക്കും.

വെള്ളത്തഴുള്ളരി.

ഇതു ശാകവർഗ്ഗത്തിൽ ചേന്ന ഫലശാകമാകുന്നു. പിത്തം, കഫം, മൂത്രകൃഛ്രം, അശ്മരി, പ്രമേഹം, ചുട്ടുനീറൽ, മെലിവു് ഇവയെശമിപ്പിക്കും. കഫധാതുക്കളെ വർദ്ധിപ്പിക്കുമെന്നു സംഗ്രഹം. മലത്തെ പിടിപ്പിക്കും. വയറടപ്പിനെ ഉണ്ടാക്കും. അരിഞ്ഞുണക്കിയതു് കഫധാതുക്കളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പഴുത്തതു മധുരമെങ്കിലും അല്പംപുളിയും, ചൂടും ഉള്ളതാകയാൽ പിത്തത്തെ വർദ്ധിപ്പിക്കും.

വെളുത്തരാവണക്ക്.

ഇതു അരണ്ടകുവർഗ്ഗത്തിൽ ചേർന്ന കഫഹരദ്രവ്യമാകുന്നു. കഫം, വീക്കം, ശൂലാ, മഹോദരം, ജ്വരം, വ്യഥി, വായുമുട്ടൽ, ചുമ, ആനാഹം, കൃമി, വാതരക്തം, ആമവാതം, ഉദാവർത്തം, അരക്കെട്ടിലും, വസ്തിയിങ്കലും, ശിരസ്സിങ്കലുമുള്ള വേദന ഇവയെ ശമിപ്പിക്കും. വൃഷ്യവാതഹരങ്ങളിൽ വച്ചു ശ്രേഷ്ഠമെന്ന സംഗ്രഹം

ഇതിന്റെ ഇല—വാതം, കഫം, കൃമി, മൂത്രകൃച്ഛ്രം, ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തത്തെയും കോപിപ്പിക്കും. വിയറ്റ്പിനെ ഉണ്ടാക്കും.

ഇതിന്റെ തളിര് ലഘു ആയിരിക്കും. കഫം, വാതം, കൃമി, വൃദ്ധി, ശൂലം, വസ്തിശൂലം ഇവയെ ശമിപ്പിക്കും. ഇതിന്റെ കായുടെ മജ്ജ വാതം, ശൂലം, യകൃത്ത്, പ്ലീഹ, മഹോദരം, അർശ്സ് ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും.

വെളുത്തീയം.

ഇതുരസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ധാതു ആകുന്നു. കഫം, വാതം, മൂട്ടനീർ, കൃഷ്ണം, പ്രമേഹം, കൃമി, പാണ്ഡു, വായുമുട്ടൽ, നേത്രരോഗം, ഇവയെ ശമിപ്പിക്കും. കുറഞ്ഞൊന്നു പിത്തത്തെ വർദ്ധിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. മലത്തെ ഇളക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. പുഷ്ടിയേയും ഇന്ദ്രിയബലത്തേയും ചെയ്യും. ദീർഘകാന്തിയെ ഉണ്ടാക്കും. ജരാവ്യാധിയെ നശിപ്പിക്കും. ശീതവീര്യമെന്നു ഋസീശ്വരമതം. കുറഞ്ഞൊന്നു വാതത്തെ കോപിപ്പിക്കുമെന്നു രസരത്നസമുച്ചയം.

വെള്ളക്കുരിന്നു്

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണംകൊണ്ടു സമാന്യം കുരിന്നിനോടു തുല്യമാകുന്നു. വിശേഷാൽ രുചിയെ ഉണ്ടാക്കും. അല്പം ചൂടുള്ളതെന്നും, അഗ്നിയെ വർദ്ധിപ്പിക്കുമെന്നും ഋസീശ്വരമതം.

വെള്ളരിഎണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. മുടിയെനന്നാക്കും. അഗ്നിമാന്ദ്യത്തെ വരുത്തും.

വെള്ളി.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ധാതുവാകുന്നു. വാതം, പിത്തം, പ്രമേഹം, ചുമ, ക്ഷയം ഇവയെ ശമിപ്പിക്കും. ബലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തിനുണ്ടായവൃദ്ധിയുരുത്തും. യൌവനത്തെക്ഷയിപ്പിക്കാതെ നിലനിറുത്തും. ധാതുപുഷ്ടിയെച്ചെയ്യും. രുചിയെ ഉണ്ടാക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. വലിയെയും പലിതത്തെയും നശിപ്പിക്കും. രസായനവിധിപ്രകാരം സേവിച്ചാൽ എല്ലാരോഗങ്ങളേയും ശമിപ്പിക്കും. വാതകഫങ്ങളെ ശമിപ്പിക്കുമെന്നു രസരത്നസമുച്ചയം ശ്ലോഷിക്കുന്നു.

വെള്ളിപ്പുക്ഷി.

ഇതു് അപ്പചരവർഗ്ഗത്തിൽ ചേർന്ന അനൂപമാംസമാകുന്നു. പ്ലവവർഗ്ഗത്തിൽചേർന്ന അനൂപമാംസമെന്നും പക്ഷമുണ്ടു്. ഇതിന്റെ മാംസഗുണങ്ങൾകൊണ്ടു കൊക്കിൻമാംസത്തോടൊത്തതാകുന്നു. ശീതവീര്യമെന്നു സുശ്രുതമതം.

വെള്ളുള്ളി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന കന്ദശാകമാകുന്നു, കഫം, വാതം, വായുമുട്ടൽ, ചുമ, പുരാണജ്വരം, ഹൃദ്രോഗം, വയറുനോവു്, പ്രമേഹം ഇവയെ പീനസം, ശ്വിത്രം, ഗുല്മം, പ്ലീഹ, അർശ്ശസ്സു്, കൃമി, അഗ്നിമാന്ദ്യം, കൃമി ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയുമുണ്ടാക്കും. ആമത്തെ പചിപ്പിക്കും. മലത്തിനു ദുർഗ്ഗന്ധത്തെയും ബലത്തെയും വർദ്ധിപ്പിക്കും. ദേഹത്തെ തടിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മുറിവിനെ കൂട്ടിപിടിപ്പിക്കും. ദേഹകാന്തിയേയും കണ്ണുജ്വലിയേയും ചെയ്യും. കണ്ണിനു നല്ലതാകുന്നു. ഭക്ഷിച്ചാൽ മുടിയെ നന്നാക്കും. വിധിപ്രകാരം ഉപയോഗിച്ചാൽ രസായനമായിരിക്കും. ഗുല്മാനിലരോഗങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. എല്ലാം ഉള്ളിയുടേയും കായുണങ്ങിയാൽ കഫവാതങ്ങളെ ശമിപ്പിക്കും.

വെള്ളരിക്കു്.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്ന വിരേചനീയ ദ്രവ്യമാകുന്നു. എരിക്കിനു പറഞ്ഞിട്ടുള്ള എല്ലാ ഗുണങ്ങളോടുംകൂടിയതാകുന്നു. വിശേഷാൽ അർശ്ശസ്സു്, ചുമ, വായുമുട്ടൽ, പ്ലീഹകം, മൂത്രകൃച്ഛ്രം, രക്തഗുല്മം, പ്ലീഹ, ഭ്രതാവേശം ഇവയെ ശമിപ്പിക്കും. ഇക്കൂത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. വിരേചകാദ്ധ്യത്തികൾ ശ്രേഷ്ഠമാണു്.

വെള്ളെരിങ്ങു്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപധാതുവാകുന്നു.

"ശ്വേതം ദീപ്തം ഗുരുജ്യോതി-
ർഗ്ലൗഢ്യം സ്നിഗ്ധനിർമ്മലം;
ഘനാഗ്നിസമമച്ഛാംഗം
കാംസ്യമുത്തമമീരിതം"

എന്നു രാജനിഘണ്ടു.

"ഉപധാതുർഭവേൽ കാംസ്യം
ദ്വയോസ്തരണിരംഗയോഃ;
കാംസ്യസ്യ തു ഗുണാ ജ്ഞേയാഃ
സ്വയോനിസദൃശാ ജനൈഃ;
സംയോഗജപ്രഭാവേണ
തസ്യന്യേഽപി ഗുണാഃ സ്മൃതാഃ"

ഇതി ദേവപ്രകാശഃ.

"അഷ്ടഭാഗേന താമ്രേണ
ദ്വിഭാഗകുടിലേന ച;
വിദ്ധതേന ഭവേൽ കാംസ്യം
തൽ സൌരാഷ്ട്രഭവം ശുഭം;
തീക്ഷ്ണശബ്ദം ഗുരുസ്നിഗ്ധ-
മീഷച്ഛ്യാമളശുഭ്രകം;
നിർമ്മലം ദാഹരക്തം ച
ഷോഢാ കാംസ്യം പ്രശസ്യതേ;
തൽപീതദോഷനേ താമ്രം
ഖരം രൂക്ഷം ഘനാസവം;
മൃന്നാഗതം ജ്യോതിസ്സ-
ച്ഛുദ്ധാ കാംസ്യമുൽസ്വജേൽ" എന്നു രസരത്നസമുച്ചയം. ഇതു കഫം, പിത്തം, കൃമി, കൃഷ്ണം, ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മലത്തിനു ദുർഗ്ഗന്ധവുരുത്തും. രുചിയെ ഉണ്ടാക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. കണ്ണിനു നല്ലതാകുന്നു. വിശദമായും പഥ്യമായുമിരിക്കും. ഗുരുവെന്നും പക്ഷമുണ്ടു്. വാതകഫങ്ങളെ ശമിപ്പിക്കുമെന്നു ന്യസിംഹമതം. വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നു് രസരത്നസമുച്ചയം.

വെള്ളം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തം, ശ്രമം, തണ്ണീർ-

ദോഷം, മൂർച്ഛ, ക്ഷീണം, മെലിവു്, അഗ്നിനാശം, മടി, ഛർദ്ദി, വയറടപ്പു്, അതിനിദ്ര, അജീർണ്ണം, വിഷം, മുട്ടുനീർ, മുഴൽച്ച, മദാത്യയം ഇവയെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ബലത്തെ വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. ധാതുപുഷ്ടിയെയ്പ്പെടുത്തും. ഹൃദയപ്രസാദത്തെ വരുത്തും. എപ്പോഴും ഹിതമാകുന്നു. അശ്വഗന്ധാസുന്നസ്സംഭരനെയ്യിൽവച്ചു ശ്ലേഷ്മമെന്ന സംജ്ഞാഹം. അവ്യക്തങ്ങളായ ആറു രസങ്ങളോടുകൂടിയതെങ്കിലും പ്രാധാന്യം ഹേതുവായിട്ടു മധുരരസത്തോടുകൂടിയതെന്നു പറഞ്ഞിരിക്കുന്നു.

"ഈഷൽ കഷായമധുരം
പാനീയം ക്ലേദി ശീതളം"

എന്നു രാജവല്ലഭനിഘണ്ടു. കോഷ്ഠത്തിങ്കൽ തടഞ്ഞിരിക്കുന്ന ദോഷങ്ങളോടുകൂടിയുള്ളതും, നവജ്വരം, ശ്വാസം, പീനസം, വയറുവീർപ്പു്, ഇക്കിൾ, ചുമ, വായുമുട്ടൽ, വിളർപ്പു, ഉള്ളം, പ്രമേഹം, അരുചി, പാണ്ഡു, വാതരോഗം, പാർശ്വശൂലം ഈ രോഗങ്ങളുള്ളവനും, എണ്ണയോ തൈയ്യോ സേവിച്ചിരിക്കുന്നവനും, ഛർദ്ദിപ്പിക്കയോ, വിരേചിപ്പിക്കയോ വസ്തി പിടിപ്പിക്കയോ ചെയ്തിരിക്കുന്നവനും തണ്ണീരെല്ലാം ഉപയോഗിച്ചുകൂടാ.

വെറ്റിലക്കൊടി.

ഇതു ഫലവർഗ്ഗത്തിൽചേർന്ന കഫപ്രധാനമാകുന്നു. കഫം, വായു, കൃമി, ചൊറി, ശ്ലേഷ്മം, ശ്വാസം, പീനസം, ചുമ, ഗളരോഗം ഇവയെ ശമിപ്പിക്കും. പിത്തത്തെയും രക്തദോഷത്തെയും ഉണ്ടാക്കും. നിറത്തെ നന്നാക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മലത്തിനു് അയവുവരുത്തും. വായുവിനെ ദൈർഗ്ഗന്ധ്യത്തെയും മലത്തെയും കളഞ്ഞു വെടിപ്പുവരുത്തും. രുചിയെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും. കാമോദ്ദീപനമായിരിക്കും. സ്വരത്തെ നന്നാക്കും. വശ്യീകരണത്തിൽ നന്നു്. സുഗന്ധിയായും വിശദമായുമിരിക്കും. ഇതിന്റെ തളിരു് മിക്കവാറും കഫത്തെ വർദ്ധിപ്പിക്കും. ഇതു ഒന്നുതന്നെയെങ്കിലും അന്തരുദേശങ്ങളിലെ മണ്ണിന്റെയും വളത്തിന്റെയും ഭേദംകൊണ്ടു നാമഭേദവും ഗുണഭേദവുമുണ്ടാകുന്നു. ഇതിന്റെ എല പറിച്ചെടുത്താൽ ഉടനെ തിന്നുന്നതു് അപ്രിയമായിരിക്കും.

"നാഗവല്ലീദലം ഹൃദ്യം.
സുഗന്ധി കഫവാതജിൽ"

എന്നു് ആത്രേയസംഹിത.

വെറ്റിലപ്പുളി.

ഇതു വീരുവർഗ്ഗത്തിൽ ചേർന്ന സംഗ്രാഹിയുമാകുന്നു. വാതം, കഫം, ശൂലം, പ്ലീഹ, അർശ്ശസ്സു്, ഗ്രണി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും.

വെ

വെങ്ങ.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന കണ്ഡൂപ്രദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, വിസർപ്പം, കൃമി, ശ്വിത്രം, കണ്ഠരോഗം, പ്രമേഹം, ജ്വരം, കൃമി, രക്തമണ്ഡലം, വാതവികാരം ഇവയെ ശമിപ്പിക്കും. മലത്തിനു അയവുവരുത്തും. തൊലിയേയും മുടിയേയും നന്നാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ഭരാഗ്നിയെ നശിപ്പിക്കും. ഇതിന്റെ പൂവു്

കഫം, പിത്തം, കൃമി ഇവയെ ശമിപ്പിക്കും.

വേനൽപച്ച.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന ചതുശാകമാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും.

വേപ്പു്.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽചേർന്ന ജ്വരഘ്നദ്രവ്യമാകുന്നു. ശാകവർഗ്ഗത്തിൽ ചേർന്നതെന്നും പക്ഷമുണ്ടു്. കഫം, പിത്തം, രക്തദോഷം, തണ്ണീർദാഹം, ശ്രമം, കൃമി, വായുമുട്ടൽ, ജ്വരം, അരുചി, കൃമി, ചൊറി, വ്രണം, ക്ഷർളി, കൃഷ്ണം, നെഞ്ചുകലിപ്പു്, പ്രമേഹം, വീക്കം, പ്രസേകം, വിഷം, ആമദോഷം ഇവയെ ശമിപ്പിക്കും. പകപാമായ വ്രണത്തെ വെടിപ്പാക്കും. വാതത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. അഗ്നിദീപ്തമായിരിക്കും. മലത്തെ പിടിപ്പിക്കുമെന്നു മദനപാലമതം. ഇതിന്റെ ഏല:—പിത്തം, വിഷം, കൃഷ്ണം, കൃമി, അരുചി ഇവയെ ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും. കണ്ണിനു നല്ലതാകുന്നു. പഴുത്ത ഏല:— വ്രണത്തിനു ഏറ്റവുംനല്ലതാകുന്നു. ഇതിന്റെ തളിർ:—മലത്തെ പിടിപ്പിക്കും. പൂവു്.—കഫപിത്തങ്ങളെ ശമിപ്പിക്കും. കായ്:—കൃഷ്ണം, ഗുല്മം, അർശ്സു്, കൃമി, പ്രമേഹം ഇവയെ ശമിപ്പിക്കും. മലത്തെ ഇളക്കും.

വേപ്പെണ്ണ.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, വിദ്രധി, കഫം, കൃഷ്ണം, വ്രണം, ജ്വരം, കൃമി, അർശ്സു്, പ്രമേഹം, ശിരോരോഗം, വീക്കം ഇവയെ ശമിപ്പിക്കും. പിത്തത്തേയും രക്തത്തേയും ദുഷിപ്പിക്കും. മേദസ്സിനേയും, ധാതുക്കളേയും, ശുക്ലത്തേയും ക്ഷയിപ്പിക്കും.

വേലിപ്പരുത്തി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, പിത്തം, ചുമ, വായുമുട്ടൽ, ജ്വരം, പ്രമേഹം, കൃഷ്ണം, പ്രമാപം, വാതരോഗം, മടി, ക്ഷയം, കാസം, മൂത്രകൃച്ഛ്രം, യോനിശൂലം, വീക്കം, ചിരങ്ങു് ഇവയെ ശമിപ്പിക്കും. വ്രണത്തെ വരുട്ടും. മലത്തിനു് അയവുവരുത്തും. കണ്ണിനു നല്ലതു്. സുഖപ്രസവത്തെച്ചെയ്യും. ശീതവീര്യമെന്നു ഗുസിംഹമതം. ഇതിന്റെ ഏല:—കഫം, വാതം, അർശ്സു്, കൃഷ്ണം, കൃമി ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. മുടിയെ നന്നാക്കും. ഇതിന്റെ കായ്:—വിഷത്തെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. മംഗലപ്രദമായിരിക്കും.

വേഴച്ചെന്നെല്ലു്.

ഇതു ശാല്യവർഗ്ഗത്തിൽ ചേർന്ന ശാലിയാകുന്നു. യവച്ചെന്നെല്ലിനു പറഞ്ഞ ഗുണങ്ങളോടുകൂടിയതും പൊടിച്ചെന്നെല്ലിനേക്കാളും ഗുണമേറിയതുമാകുന്നു:

വേഴൽ.

ഇതു് ആരണ്യകവർഗ്ഗത്തിൽ ചേർന്ന മൂത്രവിരേചനീയദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, മുട്ടുനീർ, വിസർപ്പം, തണ്ണീർദാഹം, മൂത്രകൃച്ഛ്രം, നെഞ്ചിലും വസ്തിയിലും യോനിയിലുമുള്ള കുത്തിനോവു് ഇവയെ ശമിപ്പിക്കും. ശുക്ലത്തേയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

വെഴാമ്പൽപക്ഷി.

ഇതു വിഷ്ണിരവർഗ്ഗത്തിൽചേർന്ന ജാംഗലമാംസമാകുന്നു. ഇതിന്റെ മാംസം ത്രിദോഷങ്ങളെ ശമിപ്പിക്കും. ബലത്തെയും, ശുക്ലത്തെയും വർദ്ധിപ്പിക്കും.

വൈക്രാന്തം.

ഇതു രസായനവർഗ്ഗത്തിൽചേർന്ന ഉപരത്നമാകുന്നു. ത്രിദോഷം, ജ്വരം, കുഷ്ഠം, ക്ഷയം, വിഷം ഇവയെ ശമിപ്പിക്കും. പുഷ്ടിയെച്ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. ആയുസ്സിനേയും, ബലത്തെയും, മേധാകാന്തിയേയും, അഗ്നിയേയും, ഏറാവും ശുക്ലത്തെയും വർദ്ധിപ്പിക്കും. യോഗവിശേഷംകൊണ്ടു് എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. വൈരത്തിന്റെ ഗുണങ്ങളോടുകൂടിയതെന്നും പക്ഷമുണ്ടു്.

വൈഡൂര്യം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. പിത്തം, രക്തദോഷം, ശ്ലീപദം, പ്ലീഹ, ശൂലം, നേത്രരോഗം, വിഷം ഇവയേയും, പിത്തപ്രധാനങ്ങളായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. മലത്തെ പുറത്താക്കുകയും. അഗ്നിയെ വർദ്ധിപ്പിക്കും. അധിമാംസം മുതലായവയെ ഉരുക്കുകയും. ഉണ്ണുന്നീയ്യുമെന്നും കൊഴുപ്പാതങ്ങളെ ശമിപ്പിക്കുമെന്നും നൃസിംഹമതം. ധരിച്ചാൽ പാപം, അലക്ഷ്മി ഇവയെ ശമിപ്പിക്കും. ആയുസ്സിനേയും, ഓജസ്സിനേയും വർദ്ധിപ്പിക്കും. സന്തോഷത്തെയും, ഉത്സാഹത്തെയും ചെയ്യും. ഏറാവും മംഗലപ്രദമായിരിക്കും.

വൈരം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന മഹാരത്നമാകുന്നു. മൂന്നു ദോഷങ്ങളേയും, എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. ബലത്തെയും, ശുക്ലത്തിനേയും, ആയുസ്സിനേയും, ഏറാവും അഗ്നിയേയും വർദ്ധിപ്പിക്കും. പുഷ്ടിയേയും, കാന്തിയേയും ഉണ്ടാക്കും. രസായനമായിരിക്കും. ധരിച്ചാൽ എല്ലാ പാപങ്ങളേയും, ജരാവ്യാധിയേയും നശിപ്പിക്കും. ഭക്ഷിച്ചാലും ധരിച്ചാലും മറ്റുള്ളരത്നങ്ങൾക്കു പറഞ്ഞ ഗുണങ്ങളോടുകൂടിയതെന്നും പക്ഷമുണ്ടു്.

വൈരപ്പുള്ളി.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതത്തെയും, കഫത്തെയും ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. മലത്തെ പിടിപ്പിക്കും. പുഷ്ടിയേയും, രുചിയേയും ഉണ്ടാക്കും. തീക്ഷ്ണമെന്നും, ഉഷ്ണമെന്നും, പാകത്തിങ്കൽ എരി എന്നും, അമ്ലപിത്തത്തെ ചെയ്യുമെന്നും രാജവല്ലഭമതം. പച്ചക്കായ്:—പുളിയും ചൂടും ഏറിയതാകുന്നു. അതു വാതത്തെ ശമിപ്പിക്കും. പിത്തത്തെ വർദ്ധിപ്പിക്കും.

വ്ള

വ്ളാങ്ക്.

ഇതു മത്സ്യവർഗ്ഗത്തിൽചേർന്ന അനൂപ മാംസമാകുന്നു. ഇതിന്റെ മാംസം:—ത്രിദോഷത്താൽ വാതത്തെ ശമിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. ഗുരുത്വമായിരിക്കും. പതിയായി ഉപയോഗിച്ചാൽ വ്രണം, ചൊറി, വീക്കം മുതലായവയെ ഉണ്ടാക്കും.

വ്ളാർമരം.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിന്റെ പച്ചക്കായ്:—കഫത്തെയും, പിത്തത്തെയും ശമിപ്പിക്കും. വാതത്തെ വർദ്ധിപ്പിക്കും.

അയിമാംസം മുതലായവയെ ഉരച്ചു കളയും. ഭക്ഷിച്ചാൽ കണ്ഠത്തിനു തടവുണ്ടാക്കും. നാവിനെ തടിപ്പിക്കും. മലത്തെ പിടിപ്പിക്കും. രുചിയെ ഉണ്ടാക്കും. അകണ്ഡൂങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം. മൂന്നു ദോഷങ്ങളേയും വർദ്ധിപ്പിക്കുമെന്നും പക്ഷമുണ്ട്. പഴുത്ത കായ്:—വാതം, കഫം, ചുമ, വായുമുട്ടൽ, തണ്ണീർദാഹം, ഇക്കിൾ, വിഷം, കൃമി, ശ്രമം, വാട്ടം ഇവയെ ശമിപ്പിക്കും. കണ്ണിന്നു ഹിതമെല്ലുകയും. താമസിച്ചുദഹിക്കും. സുഗന്ധമുള്ളതാകയാൽ ക്ഷീണത്തിങ്കൽ രുചിയെ ഉണ്ടാക്കും. ഖണ്ഡം, അരിഷ്ടം, രാഗം ഇവുകളിൽ ചേർക്കുന്നതിനും നല്ലതാകുന്നു. മലത്തെ പിടിപ്പിക്കും. മൂന്നു ദോഷങ്ങളെയും ശമിപ്പിക്കുമെന്നു സംഗ്രഹം. ഇതിന്റെ വിത്തു്:—ഹൃദ്രോഗം, ശിരോരോഗം, വിഷം, വിസൂചിപ്പു ഇവയെ ശമിപ്പിക്കും. ഇതിന്റെ എണ്ണ:—കഫം, പിത്തം, കൃമി, ഇക്കിൾ, എലിവിഷം ഇവയെ ശമിപ്പിക്കും. മലത്തെ പിടിപ്പിക്കും. എല:—അതിസാരം, ഇക്കിൾ, കൃമി ഇവയെശമിപ്പിക്കും. പൂവു:—വിശേഷാൽ വിഷത്തെ ശമിപ്പിക്കും.

ശ

ശംഖപുഷ്പി.

ഇതു് വീര്യപ്രധാനത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, കുഷ്ഠം, കൃമി, വിഷം, ഗ്രഹപീഡ, ഭൂതാവേശം, അപസ്മാരം ഇവയേയും എല്ലാ മനോവികാരങ്ങളേയും ശമിപ്പിക്കും. ബലത്തേയും, ബുദ്ധിയേയും, അഗ്നിയേയും, കാന്തിയേയും, സ്മൃതിയേയും വർദ്ധിപ്പിക്കും. മലത്തെ ഇളക്കും. സ്വരത്തെ നന്നാക്കും. ഓർമ്മയെകൊടുക്കും. വശീകരണത്തിങ്കൽ നല്ലതു്. ജരാവ്യാധിയെ നശിപ്പിക്കും. ശീതവീര്യമെന്നു ന്യസിംഹമതം. തീക്ഷ്ണമെന്നു രാജവല്ലഭമതം.

ശംഖ്.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്നതെന്നു ന്യസിംഹമതം. മത്സ്യവർഗ്ഗത്തിൽ ചേർന്ന അനുപമാംസമാകുന്നു. കോശവർഗ്ഗത്തിൽ ചേർന്ന അനുപമാംസമെന്നു സുശ്രുതമതം.

ശതകുപ്പ.

ഇതു പൃഥക്ശുപവർഗ്ഗത്തിൽ ചേർന്ന ദീപനപാചനദ്രവ്യമാകുന്നു. വാതം, കഫം, അതിസാരം, സർവ്വാംഗസന്താപം, ആമം, ഇട്ടു്, ഛർദ്ദി, വ്രണം, ശൂലം, നേത്രരോഗം, ജ്വരം, വായുമുട്ടൽ ഇവയെ ശമിപ്പിക്കും. പിത്തത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. വസ്തികർമ്മത്തിങ്കൽ നല്ലതാകുന്നു. ഇതിന്റെ എല വാതം, ശ്ലീപദം, ശൂലം ഇവയെ ശമിപ്പിക്കും. പിത്തത്തെയും അഗ്നിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. കറികൾക്കു സൌരഭ്യത്തെ കൊടുക്കുന്നതുംപത്തു മായിട്ടുള്ളതുമാകുന്നു. ഗുരു എന്നും വാതപിത്തങ്ങളെ ശമിപ്പിക്കുമെന്നും രാജവല്ലഭമതം.

ശതാവരി

ഇതു പൃഥക്ശുപവർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. വാതം, പിത്തം, രക്തദോഷം, ക്ഷയം, പ്രമേഹം, ഗുല്മം, അതിസാരം ഇവയെ ശമിപ്പിക്കും. ബലത്തേയും, ബുദ്ധിയേയും, അഗ്നിയേയും, മുലപ്പാലിനേയും വർദ്ധിപ്പിക്കും. ഓർമ്മയെ കൊടുക്കും. മലത്തെ പുറത്തുകളയുമെന്നതൊഴിച്ചു [illegible]

കണ്ണിനു നല്ലതാകുന്നു. ജരാവ്യാധിയെ നശിപ്പിക്കും. തൈലസംസ്കാരത്തിങ്കലും ഘൃതസംസ്കാരത്തിങ്കലും നല്ലതാകുന്നു. ഇതിന്റെ ക്വാഥം തിക്തമായും ലഘുവായുമിരിക്കും. അതു ത്രിദോഷം, അർശസ്, നേത്രരോഗം, ക്ഷയം ഇവയെ ശമിപ്പിക്കും. ശുക്ലബലത്തെ ചെയ്യും. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു ചക്രപാണിമതം.

ശരക്കോൽ.

ഇതു ആരണ്യകവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫവാതങ്ങളെ ശമിപ്പിക്കും. പിത്തത്തെവർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും.

ശരദൃതു.

ശരദൃതു എന്നാൽ തുലാം, വൃശ്ചികം ഇവ രണ്ടുമാസങ്ങളും കൂടുന്ന കാലമാകുന്നു. ഒരു ദിവസത്തെക്കു വിചാരിക്കുന്നതായാൽ പത്തുനാഴിക രാത്രിക്കുമേൽ പത്തുനാഴിക വെളുപ്പുവരെയുള്ള കാലമാകുന്നു. പിത്തത്തെ വർദ്ധിപ്പിക്കും. മനുഷ്യർക്കു മധ്യബലത്തെചെയ്യും.

ശർക്കര.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, പിത്തം, രക്തദോഷം, ചുട്ടനീറൽ, ശ്രമം ഇവയെ ശമിപ്പിക്കും. കഫത്തെ വർദ്ധിപ്പിക്കയില്ല. പുഷ്ടിയെചെയ്യും. ശുക്ലത്തെയും അഗ്നിയെയും വർദ്ധിപ്പിക്കും. ഹൃദയപ്രസാദത്തെ വരുത്തും. രുചിയെ ഉണ്ടാക്കും. പഥ്യമായിരിക്കും. വേറെ ഔഷധങ്ങളോടു ചേർന്നാൽ ത്രിദോഷം, ജ്വരം, പാണ്ഡു, പ്രമേഹം ഇവയെ ശമിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീർക്കും. ബലത്തെ വർദ്ധിപ്പിക്കും. പുതിയതു വീഞ്ഞിനെയും, കുറഞ്ഞതാണെങ്കിൽ പിത്തത്തെയും ശമിപ്പിക്കും. കഫത്തെയും, കുമിയെയും, ബലത്തെയും വർദ്ധിപ്പിക്കും. അഗ്നിമാന്ദ്യത്തെചെയ്യും. മലത്തെ ഇളക്കും. മൂത്രത്തെ പെരുപ്പിക്കും. രക്തദോഷത്തെചെയ്യും. കരിമ്പിന്റെ മുയട്ടും മുട്ടുകളും അഗ്രവും തൊലിയും ജന്തുക്കൾ കടിച്ചും മറ്റും ചീത്തയായിട്ടുള്ള ഭാഗവും കളഞ്ഞു വെടിപ്പാക്കി ആട്ടി ഉടൻതന്നെ കുക്കി ഉരുട്ടി എടുക്കുന്ന ശർക്കര മേൽപറഞ്ഞ ഗുണങ്ങളോടുകൂടിയതാകുന്നു. അപ്രകാരമല്ലാതിരുന്നാൽ കഫത്തെയും, രക്തദോഷത്തെയും, മേദസ്സിനെയും, മജ്ജയെയും, മാംസത്തെയും വർദ്ധിപ്പിക്കും.

ശാ

ശാകോടവൃക്ഷം.

ഇതു വന്യവൃക്ഷവർഗ്ഗത്തിൽ ചേർന്ന ആത്തവസംഗ്രാഹിയ്യുമാകുന്നു. കഫം, വാതം, അർശസ്, അതിസാരം, രക്തപിത്തം, വാതരക്തം ഇവയെ ശമിപ്പിക്കും. പിത്തത്തെ കോപിപ്പിക്കുമെന്നു ധന്വന്തരിമതം.

ശാല്മലീകന്ദം.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. പിത്തം, ചുട്ടനീറൽ, അരിഞ്ഞുനോവു്, സർവ്വാംഗസന്താപം, മെലിവു് ഇവയെ ശമിപ്പിക്കും. മലത്തെ പുറത്തുകളയും.

ശി

ശിഗ്രുഡി

ഇതു പുഷ്പവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതം, ശ്ലേഷ്മം, പുഷ്ടിത്വം ഇവയെ ശമിപ്പിക്കും. രസായനവിധിപ്രകാരം സേവിച്ചാൽ ശരീരത്തിനു ഉറപ്പുവരുത്തും.

മാംഷാദിമാസയുഗ്മൈഃ സ്യാ-
ദ്ധതയഃ ഷഡ് ക്രമാദമീ"

എന്നഭ്യുപ്രകാരം.

ശ്രാ

ശ്രാവണി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്ന കഫപ്രകൃതിയുമാകുന്നു. കഫം, പിത്തം, ചുമ, വായുമുട്ടൽ, ആമാതിസാരം, വിഷം, ഛർദ്ദി, ഗണ്ഡരോഗം, അപചി, മൂത്രകൃച്ഛ്രം, കൃമി, യോനിരോഗം, പാണ്ഡു, ശ്ലീപദം, അരുചി, അപസ്മാരം, പ്ലീഹ, അർശ്ശസ്, കുഷ്ഠം ഇവയെ ശമിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും. ബുദ്ധിയെ നന്നാക്കും. മേദസ്സിനെ ക്ഷയിപ്പിക്കും. ജരാവ്യാധിയെ നശിപ്പിക്കും. കയ്പുരസംകൂടെയുണ്ടെന്നു ധന്വന്തരിമതം.

ശ്വേ

ശ്വേതാമ്ലി.

ഇതു വൃക്ഷുപവർഗ്ഗത്തിൽ ചേർന്നതാകുന്നു. പിത്തത്തെ ശമിപ്പിക്കും. ശുക്ലത്തേയും ബലത്തേയും വർദ്ധിപ്പിക്കും.

സ

സമുദ്രേക്കാ.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ത്രിദോഷം, ഉന്മാദം, ഭ്രമാരോഗം, വാതരോഗം, കഫരോഗം, ശിരോരോഗം, ദാവാനലദോഷം, ഭ്രാന്തി ഇവയെ ശമിപ്പിക്കും. വെള്ളത്തിലരച്ചുകലക്കിക്കുടിച്ചാൽ കൃമിയെ നശിപ്പിക്കും.

സരയൂനദി

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലെ വെള്ളം എല്ലാ രോഗങ്ങളേയുംശമിപ്പിക്കും. അഗ്നിയേയും

ശിലിന്ദ്രമത്സ്യം.

ഇതു മത്സ്യവർഗ്ഗത്തിൽ ചേർന്ന അത്യുപമാംസമാകുന്നു. ഇതിന്റെ മാംസം വാതപിത്തങ്ങളെ ശമിപ്പിക്കും. കഫത്തേയും ബലത്തേയും വർദ്ധിപ്പിക്കും. ആമവാതത്തെ ഉണ്ടാക്കും. ഹൃദയപ്രസാദത്തെ വരുത്തും.

ശില്ലിക.

ഇതു ആരണ്യകവർഗ്ഗത്തിൽചേർന്നതാകുന്നു. ഇതിന്റെ വിത്തു ബലത്തേയുംശുക്ലത്തേയും വർദ്ധിപ്പിക്കും.

ശിശിരോത്ഥ.

ഇതു വാതത്തേയും, അഗ്നിയേയും ഏറ്റവും കഫത്തേയും വർദ്ധിപ്പിക്കും. പൂർണ്ണബലത്തെച്ചെയ്യും ഇതുത്ഥുവിന്റെ ലക്ഷണം ഏറ്റവും മകരമാസത്തിൽ കാണുന്നു. സുശ്രുതത്തിൽ ത്രുത്ഥുചയ്യാദ്ധ്യായത്തിങ്കൽ ശിശിരോത്ഥുയിന്റെഗ്രഹണം കാണുന്നില്ല. എങ്ങനെ എന്നാൽ —

"ഇഹ തു വഷ്ടാശരദ്ധേമന്തവസന്ത
ഗ്രീഷ്മപ്രാവൃഷ്ടഃ ഷഡ്ഋതവോ
ഭവന്തി."

ഇതിനെ അനുസരിച്ചു ചരകംവിമാനസ്ഥാനം രോഗഭിഷ്ഗ്ജാതീയമെന്ന അദ്ധ്യായത്തിലും പറയുന്നു.

"ശിശിരാദ്യാംസ്ത്രിഭിസ്ത്രൈസ്തു
ത്രിദ്വാദിയനമുത്തരം"

എന്നു വാഗ്ഭടമതവും കാണുന്നു. എന്നാൽ സുശ്രുതത്തിലെ വഷ്ടാദിഗ്രഹണം വർദ്ധിച്ചുനിൽക്കുന്ന ദോഷത്തെ പുറത്തുകളയുന്നതിനെ ഉദ്ദേശിച്ചും ശിശിരാദിഗ്രഹണം രസത്തേയും, ബലത്തേയും ഉദ്ദേശിച്ചും [illegible] താനുമാനു.

"ശിശിര പുഷ്പസമയോ
ഗ്രീഷ്മോ വഷ്ടാശരദ്ധിമാഃ;

ദേഹകാന്തിയേയും വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. പഥ്യമായും പരിണ്ഡ്മായുമിരിക്കും.

സവ്കക്ഷാരം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഉദാവർത്തം, കൃമി ഇവയെ ശമിപ്പിക്കും. മലത്തെ് ഇളക്കി പുറത്തുകളയും. വസ്തിശുദ്ധിയെപ്പ്യും. കണ്ണിനു നല്ലതാകുന്നു. വസ്രോത്തിലുള്ള അഴുക്കിനെ കളയും

സാ

സാകരുണ്ഡം.

ഇതു പണ്യവർഗ്ഗത്തിൽചേർന്നതാകുന്നു. കഫവാതങ്ങളെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. രുചിയെ ഉണ്ടാക്കും. മലത്തെ പിടിപ്പിക്കും. വസ്രോത്തിനു ചായം കൊടുക്കുന്നതിനു് ഉപയോഗപ്പെടും.

സാധാരണദേശം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഈ ദേശത്തിലുള്ള വെള്ളം മിക്കവാറും ത്രിദോഷം, തണ്ണീർദാഹം, ചൂട്ടുനീറൽ ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. രുചിയെ ഉണ്ടാക്കും. ശുക്ലത്തെ വർദ്ധിപ്പിക്കും. സന്തോഷത്തെ കൊടുക്കും. പുഷ്ടിയെപ്പ്യും. മേദസ്സിനെ ക്ഷയിപ്പിക്കും.

സി

സിന്ദൂരം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ഉപധാതുവാകുന്നു. രക്തദോഷം, കുഷ്ഠം, വിസർപ്പം, വിഷം, വ്രണം, പൊറി ഇവയെശമിപ്പിക്കും. മുറിവിനെ കൂട്ടിപ്പിടിപ്പിക്കും. സീസോപധാതുവാകയാൽ സീസത്തിന്റെ കുറഞ്ഞ ഗുണങ്ങളോടും കൂടിയതാകുന്നു.

സിന്ദൂരി.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, രക്തദോഷം, തണ്ണീർദാഹം, ചൂട്ടുനീറൽ, വിഷം, വാതരക്തം, ശിരോരോഗം, ഭ്രതാവേശം, ഛർദ്ദി ഇവയെ ശമിപ്പിക്കും. ചണ്ഡികാപൂജയിങ്കൽ നല്ലതാകുന്നു. കഫപിത്തങ്ങളെ ശമിപ്പിക്കുമെന്നു മദനപാലമതം.

സിന്ധുനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഇതിലേ വെള്ളം ഗുണങ്ങൾകൊണ്ടു് ഭദ്രനദിയിലെ വെള്ളത്തോടൊത്തതാകുന്നു-

സിംഹം

ഇതു പ്രസഹ്യവർഗ്ഗത്തിൽ ചേർന്ന സാധാരണ മാംസമാകുന്നു. ഉദരാശയവർഗ്ഗത്തിൽ ചേർന്ന ജാംഗലമാംസമെന്നു് സുശ്രുതമതം. ഇതിന്റെ മാംസം വാതം, നേത്രരോഗം, ഗ്രഹ്യരോഗം, പ്രമേഹം, മഹോദരം, ജാഡ്യം, ക്ഷയം, ഗ്രഹണി, പഴകിയ അർശ്സ്സു് ഇവയെ ശമിപ്പിക്കും. കഫത്തേയും പിത്തത്തേയും ശുക്ലത്തേയും ബലത്തേയും മാംസത്തേയും വർദ്ധിപ്പിക്കും. മലമൂത്രങ്ങളുടെ തടവിനെ തീക്കും. ഇതിന്റേറയും ഇതുപോലെ മാംസം ഭക്ഷിക്കുന്ന വേറെയുള്ള മൃഗപക്ഷികളുടേയും മാംസത്തിന്റെ നിത്യപരിശീലനം അർശ്സ്സു്, ശ്വയഥു, ഗ്രഹണീ, ഇവ ദോഷങ്ങളിൽവച്ചു ശ്രേഷ്ഠമെന്നു സംഗ്രഹം.

സു

സു(ശു)ഭദ്രിനദി.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു ഇതിലെ വെള്ളം എല്ലാരോഗ

ങ്ങളേയും ശമിപ്പിക്കും. അഗ്നിയേയും ബലത്തേയും ആയുസ്സിനേയും വർദ്ധിപ്പിക്കും. ആമത്തെ പചിപ്പിക്കും. ബുദ്ധിപ്രസാദത്തെ ചെയ്യും. ഓർമ്മയെ കൊടുക്കും. നിർമ്മലമായിരിക്കും.

സുദർശനാവള്ളി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന കാസഘ്നദ്രവ്യമാകുന്നു. കഫം, വാതം, രക്തദോഷം, വിഷം, യീക്കം ഇവയെ ശമിപ്പിക്കും.

സുരപർണ്ണം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. കഫം, വാതം, ജ്വരം, വായുമുട്ടൽ, കൃമി, അശ്മരി പ്രമേഹം വിഷം ഇവയെ ശമിപ്പിക്കും. അഗ്നിയെ വർദ്ധിപ്പിക്കും. ദേഹകാന്തിയെ വരുത്തും. കൂട്ടികൊടുക്കുന്നതിൽ ഏറെ നല്ലതും സൌരഭ്യമുള്ളതുമാകുന്നു.

സുരപുന്നാഗം.

ഇതു ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. ഗുണങ്ങൾകൊണ്ടു പുന്നയോടൊത്തതാകുന്നു.

സൂ

സൂര്യകാന്തം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽചേർന്ന ഉപരത്നമാകുന്നു. വാതം, കഫം, നേത്രരോഗം ഇവയെ ശമിപ്പിക്കും. മലത്തെ പുറത്തുകളയും. ബുദ്ധിയെ നന്നാക്കും. അധിമാംസം മുതലായവയെ ഉരുക്കുകളയും. ജരാവ്യാധിയെ നശിപ്പിക്കും. ശീതവീര്യമെന്നു മദനപാലമതം. ധരിച്ചാൽ ഗ്രഹപീഡ, വിഷം, അലക്ഷ്മി മുതലായവയെ തീർക്കും. മംഗലപ്രദമായിരിക്കും.

സൂര്യവല്ലീതൈലം.

ഇതു തൈലവർഗ്ഗത്തിൽ ചേർന്നതാകുന്നു. വാതപിത്തങ്ങളെ ശമിപ്പിക്കും. അഗ്നിമാന്ദ്യത്തെ ചെയ്യും. കഫത്തെ വർദ്ധിപ്പിക്കും. മലമൂത്രങ്ങളെ പുറത്തുകളയും.

സോ

സോമനാഡികായം.

ഇതു പണ്യവർഗ്ഗത്തിൽചേർന്നദിനപാചനദ്രവ്യമാകുന്നു. കഫം, വാതം, മലമൂത്രങ്ങളുടെ തടവു്, വായുവീപ്പു് ഇവയെ ശമിപ്പിക്കും. ഹിംഗുപത്രിയുടെ ഗുണങ്ങളോടുകൂടിയതെന്നു ഭാവപ്രകാശം.

സോമവള്ളി.

ഇതു വീരുദ്വർഗ്ഗത്തിൽ ചേർന്ന രസായനദ്രവ്യമാകുന്നു. ത്രിദോഷം, വിശേഷാൽ പിത്തം, ചുട്ടുനീറൽ, തണ്ണീർദാഹം, മെലിവു് ഇവയെ ശമിപ്പിക്കും. ജരാവ്യാധിയെ നാശിപ്പിക്കും. ഏറ്റവും പരിശുദ്ധമായിട്ടുള്ളതും യാഗത്തിനു ഉപയോഗപ്പെടുത്തുന്നതുമാകുന്നു.

സൌ

സൌഗന്ധികം.

ഇതു് ഉത്തംസവർഗ്ഗത്തിൽ ചേർന്നതാകുന്നു. മലത്തെ പിടിപ്പിക്കും. വിഷംഭത്തെ ഉണ്ടാക്കും. താമരയുടെ ഗുണങ്ങളോടുകൂടിയതാകുന്നു.

സൌഭാഗ്യരാജ്ഞനം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു. കഫം, പിത്തം, രക്തദോഷം, നേത്രരോഗം, വിഷം, ഛർദ്ദി, ഇക്കിൾ, ക്ഷയം, വായുമുട്ടൽ, രക്താതിസാരം ഇവയെ ശമിപ്പിക്കും. സ്രോതസ്സുകളിൽ തടഞ്ഞിരിക്കുന്ന മലത്തെയും,

കുഷ്ഠത്തെയും ദ്രവിപ്പിക്കും. വ്രണത്തെ വെടിപ്പാക്കുകയും, വരട്ടുകയും ചെയ്യും. ജരാവ്യാധിയെ നശിപ്പിക്കും. എരിരസംകൂടി ഉണ്ടെന്നും കഫവാതങ്ങളെ ശമിപ്പിക്കുമെന്നും യോഗിസിംഹമതം.

സ്ഫടികം

സ്ഫടികം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരത്നമാകുന്നു. പിത്തം, മൂട്ടിനീർ, നേത്രരോഗം, വിഷം, മെലിവ് ഇവയെ ശമിപ്പിക്കും. മലത്തിനെ അയവുവരുത്തും. അധിമാംസം മുതലായവയെ ഉരച്ചുകളയും. ധരിച്ചാൽ പാപം, അലക്ഷ്മി, ഗ്രഹപീഡ, വിഷം ഇവയെ നശിപ്പിക്കും.

"യദ്ഗംഗാതോയബിന്ദുച്ഛവിനി
നിസ്സൂക്ഷ്മം നേത്രഹൃദ്യം [മലതമം
സ്നിഗ്ധാം ശ്ലക്ഷ്ണാന്തരാളം മധുരമതി
പവിത്രമാംഗല്യസ്ഥാരി; [ഹിമം
പാഷാണേ യന്നിഷ്പന്നം സ്ഫടിതമ
സച്ഛതാംനൈവജഹ്യാ-[പിനിജ്ഞാം
ത്തജ്ജാത്യം ജായു ലഭ്യം ശ്രേഷ്ഠമുപ
ശൈവരത്നം വിചിത്രം; [ചിന്തതേ
തസ്യാക്ഷമാലാ ജപതാം
ദത്തേ കോടിഗുണംഫലം."

എന്നു രാജനിഘണ്ടു.

"ശുണാളശംഖധവളം
കിഞ്ചിദുച്ചാന്തരാനതം;
ന തത്തുല്യം ഹി രത്നാനാം-
മഥവാ പാപനാശനം;
സംസ്കൃതം ശില്പിനാ സദ്യോ
മൂല്യം കിഞ്ചില്ലഭേത്തത്."

എന്നു ഗരുഡപുരാണം.

"ഹിമാലയേ സിംഹളേ ച
വിന്ധ്യാടവീതടേ തഥാ;
സ്ഫടികം ജായതേ പ്രൈവ
നാനാരൂപസമപ്രഭം;
ഹിമാദ്യേ ചന്ദ്രസംകാശം
സ്ഫടികം തദ്വിധാ ഭവേൽ;
സൂര്യകാന്തം ച തത്തുല്യം
ചന്ദ്രകാന്തം തഥാ പരം;
സൂക്ഷ്മംശ്ലക്ഷ്ണമാത്രേണ
വഹ്നിം യമതി യൽ ക്ഷണാൽ;
സൂര്യകാന്തം തദിഖ്യാതം
ദുർല്ലഭം തൽ കലൌയുഗേ;
അശോകപല്ലവച്ഛായം
ദാഡിമീബീജസന്നിഭം;
വിന്ധ്യാടവീതടേ ദേശേ
ജായതേ മന്ദകാന്തികം;
സിംഹളേ ജായതേ കൃഷ്ണ-
മാകരേ ഗന്ധനീലകേ;
പദ്മരാഗഭവേത്സ്ഥാനേ
വിവിധം സ്ഫടികം ഭവേൽ;
അത്യന്തനിർമ്മലം സച്ഛം
സ്രവതീവ, ജലം ശുചി
ജ്യോതിർജ്വലനമാശ്ലിഷ്ടം
മുക്താജ്യോതീരസം ദ്വിജ!
തദേവ ലോഹിതാകാരം
രാജാവർത്തസമോദ്ഭവം;
അനീലം തത്തു പാഷാണം
പ്രോക്തം രാജമയം ശുഭം;
ബ്രഹ്മസൂത്രമയം യത്തു
പ്രോക്തം ബ്രഹ്മമയം ദ്വിജ!"

എന്നു യുക്തികല്പകതരു.

"മുക്താവിദ്രുമവജ്രേന്ദ്ര
വൈദൂര്യസ്ഫടികാദികം;
മണിരത്നം സരം ശീതം
കഷായം സ്വാദു ലേഖനം;
ചക്ഷുഷ്യം ധാരണാത്തച്ച.
പാപലക്ഷ്മീവിനാശനം."

എന്നു രാജവല്ലഭം.

സ്തോ

സ്തോതാഞ്ജനം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ഉപരസദ്രവ്യമാകുന്നു.

"തത്ര സ്രോതോഞ്ജനം കൃഷ്ണം
സൌവീരം ശ്വേതമീരിതം;
വല്ലീകശിഖരാകാരം
ഭിന്നമഞ്ജനസന്നിഭം;
ക്ലിഷ്ടം തു ഗൈരികാകാര-
മേതൽ സ്രോതോഞ്ജനം സ്മൃതം;
സ്രോതോഞ്ജന ഗുണാസ്സർവേ
സൌവീരേഽപി മതാ ബുധൈഃ;
കിന്തു ദ്വയോരഞ്ജനയോഃ
ശ്രേഷ്ഠം സ്രോതോഞ്ജനം സ്മൃതം"
എന്ന ഭാവപ്രകാശം.

ഇതു സൌവീരാഞ്ജനത്തിനു പറഞ്ഞിട്ടുള്ള ഏറിയ ഗുണങ്ങളോടുകൂടിയതാകുന്നു. വിശേഷാൽ രക്തദോഷം, നേത്രരോഗം, പിത്തം, ഛർദ്ദി, ഇക്കിൾ, കൃമി ഇവയെ ശമിപ്പിക്കും. മുലപ്പാലിനെ പെരുക്കും. അധിമാംസം മുതലായവയെ ഉരുക്കുകളയും. എരിരസംകൂടിയുണ്ടെന്നു് സുസിംഹമതം.

സാ

സച്ഛന്ദ്യാഴ.

ഇതു ഫലവർഗ്ഗത്തിൽ ചേർന്നതാകുന്നു. ആഴയുടെ ഏറിയ ഗുണങ്ങളോടുകൂടിയതാണു്. വിശേഷാൽ തണ്ണീർദാഹം, ചുട്ടനീറൽ ഇവയെ ശമിപ്പിക്കും. കഫത്തെയും, ശുക്ലത്തെയും, ബലത്തെയും, അന്നം ചെല്ലുന്നതിനുള്ള അഗ്നിയെയും വർദ്ധിപ്പിക്കും.

സച്ഛന്ദം.

ഇതു രസായനമണ്ഡനവർഗ്ഗത്തിൽ ചേർന്ന ധാതു:ആകുന്നു. ഉരുക്കിയാൽ ചുവന്നും, മുറിച്ചാൽ വെളുത്തും, ചാണയിൽ ഉരച്ചാൽ കുങ്കുമത്തിന്റെ നിറമായും, ചെമ്പും വെള്ളിയും കൂടാത്തതായും, സ്നിഗ്ധതയുള്ളതായും, പൂയപ്പുള്ളതായും, തൂക്കത്തിൽ കനമേറുന്നതായും, പുഷ്പം മഞ്ഞളിപ്പും ചേർന്ന നിറത്തോടുകൂടിയതായും ഇരിക്കുന്ന സച്ഛന്ദം നല്ലതാകുന്നു. ഇതു രസയേധജമെന്നും, ഭൂമിജമെന്നും, ബഹ്വലോഹസംഗ്രഹമെന്നും മൂന്നുതരം ഉണ്ടു്. രസവേധജമെന്നതു് രസംകൂടി പുടപാകം ചെയ്തെടുക്കുന്നതാകുന്നു. അതു് മഞ്ഞയും പുഷ്പം കലർന്നു നിറത്തോടുകൂടിയതായിരിക്കും. ഭൂമിജമെന്നതു് ഭൂമിയിൽ താനെ ഉണ്ടാകുന്നതാകുന്നു. അതു് ചുവന്ന നിറത്തോടുകൂടിയതായിരിക്കും. ബഹ്വലോഹസങ്കരമെന്നതു് തെള്ളി, ചെമ്പു മുതലായ അന്യലോഹങ്ങളോടു കലർന്നതാകുന്നു. അതു് മഞ്ഞനിറത്തോടുകൂടിയതായിരിക്കും. മേൽപ്പറഞ്ഞവ മൂന്നിൽ മുമ്പെ മുമ്പെ പറഞ്ഞവ ശ്രേഷ്ഠമാകുന്നു.

"ദാഹേഽതിരക്തമഥ യച്ച സിതം: ഹരിദ്രയാം
കാശ്മീരകാന്തി ച വിഭാതി നികാഷപട്ടേ;
സ്നിഗ്ധം ച ഗൌരവമുപൈതി ച യത്തുലായാം
ജാത്യം തദേവ കനകം മൃദുരക്തപീതം."

"തച്ചൈകം രസവേധജം തദപരം
ജാതം സ്വയം ഭൂമിജം:
കിഞ്ചാന്യദ് ബഹ്വലോഹസങ്കരഭവം
ചേതി ത്രിധാ കാഞ്ചനം;
തത്രാദ്യം കില പീതരക്തമപരം
രക്തം തതോഽന്യത്തഥാ
ഗൌരാഭം തദിതി ക്രമേണ തദിദം
സ്യാൽ പൂർവപൂർവോത്തമം."
എന്നു് രാജനിഘണ്ടു.

"ദാഹേ രക്തം സിതം ഛേദേ
നികഷേ കുങ്കുമപ്രഭം;
താരല്യേ ബോധിതം സ്നിഗ്ധം
മൃദു ഹേമഗുരുത്തമം;

തച്ചുതുല്യശ്വർണ്ണാഢ്യം
ഭക്ഷിതം സർവ്വരോഗഹൃത്;
രസേന്ദ്രവേധസംഭൂതം
തദ്വേധജമുദാഹൃതം;
രസായനം മഹാശ്രേഷ്ഠം
പവിത്രം വേധജം ഹി തൽ."

എന്ന രസരത്നസമുച്ചയം.

"സ്വർണ്ണം രൂപ്യം ച താമ്രം ച
രംഗം യശദമേവ ച;
സീസം ലൊഹം ച സപ്തൈതേ
ധാതവോ ഗിരിസംഭവാഃ"

ഇതി ഭാവപ്രകാശഃ.

സ്വർണ്ണലി.

ഇതു പൃഥുക്ഷുപവർഗ്ഗത്തിൽചേർന്ന യാതൊല്ലദ്രവ്യമാകുന്നു. ഇതിന്റെ ഏല വൃത്തമായിരിക്കും. കായ് ചുവന്നനിറമായിരിക്കും. മറ്റുള്ള എല്ലാ അംഗങ്ങളും വിശേഷാൽ പാലും സ്വർണ്ണനിറമായിരിക്കും. ഇതു ചമ്മല്വന്തയിൽ ചെറിയതരമാകുന്നു. അതുപോലെ മേല്പോട്ടു നില്ക്കുന്നതല്ല. കുറച്ചു പടർച്ചയുള്ളതാകുന്നു. ത്രിദോഷം, ചുമ, വായുമുട്ടൽ, തലനോവ് ഇവയെ ശമിപ്പിക്കും. വ്രണത്തെ വരട്ടും. മുലപ്പാലിനെ പെരുപ്പിക്കും.

ഹ

ഹരിചന്ദനം.

ഇതു ഗന്ധവർഗ്ഗത്തിൽചേർന്നതാകുന്നു. ദിവ്യവും ജനങ്ങൾക്കു ഭൂർല്ലഭവുമായിട്ടുള്ളതാകുന്നു. പിണ്ണാം, ശ്രമം, മെലിവ്, മന്ദത ഇവയെ ശമിപ്പിക്കും.

ഹസ്തജോഡി.

ഇതു ശാകവർഗ്ഗത്തിൽ ചേർന്ന മഹാകന്ദമാകുന്നു. ഇതിന്റെ രസാ

ടികറം നിംബങ്ങളിൽ കാണുന്നില്ല. ഇതു രസത്തെ ബന്ധിക്കും. യശ്യപ്രയോഗത്തിനും ഇന്ദ്രജാലത്തിനും നല്ലതാകുന്നു.

ഹസ്തിമദം.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. ആനയുടെ മദജലത്തിന്റെ ഗന്ധമുള്ള ഒരു വസ്തുവാകുന്നു. ഇതു ത്രിദോഷം, അപസ്മാരം, യിക്കം, കുഷ്ഠം, ചർമ്മകുഷ്ഠം, ഗ്രന്ഥി, വ്രണം, ചൊറി, യിസർപ്പം ഇവയെ ശമിപ്പിക്കും. മുടിയെ നന്നാക്കും.

ഹസ്തിമുണ്ഡി.

ഇതു ക്ഷുദ്രക്ഷുപവർഗ്ഗത്തിൽചേർന്നതാകുന്നു. സന്നിപാതജ്വരത്തെ ശമിപ്പിക്കും.

ഹി

ഹിതായവി.

ഇതു പണ്യവർഗ്ഗത്തിൽ ചേർന്നതാകുന്നു. അർശ്ശസ്സ്, കുഷ്ഠം, കൃമി, ഗുല്മം, മയോദരം, പ്ലീഹ, ചൊറി, ചിരങ്ങ് ഇവയെ ശമിപ്പിക്കും. മലത്തെ കളയും.

ഹേ

ഹേമന്തപ്പൂ.

ഹേമന്തപ്പൂ എന്നാൽ ധനു, മകരം ഈ മാസങ്ങൾ രണ്ടുംകൂടുന്ന കാലത്തിന്റെ പേരാകുന്നു. ഒരു ദിവസത്തെയ്ക്കു യിചാരിക്കുന്നതായാൽ പത്തുനാഴിക വെളുപ്പുമുതൽ സൂര്യോദയംവരെയുള്ള കാലമാകുന്നു. പിത്തത്തെ ശമിപ്പിക്കും. വാതത്തെയും യിശേഷാൽ കഫത്തെയും, ജംരാഗ്നിയെയും വർദ്ധിപ്പിക്കും. പുഷ്ടിബലത്തെച്ചെയ്യും.

ഹം

ഹംസോദകം.

ഇതു രസവർഗ്ഗത്തിൽ ചേർന്നതാകുന്നു.

"തപ്തം തപ്താംശുകിരണൈ-
ർഗ്ഗീതം ശീതാംശുരശ്മിഭിഃ;
സമന്താദ്വ്യേതിരാത്ര-
മഗസ്ത്യോദയനിർവ്വിഷം;
ശുചിർഹംസോദകം നാമ"-

എന്നു യാഗ്ഭടൻ.

"നാദേയം നവമൃദ്ഘടേഷു
നിഹിതം
സന്തപ്തമർക്കാംശുഭി-
ർയ്യാമിന്യാം ച നിവിഷ്ടമിന്ദു
കിരണൈ-
രുന്മാനിലാന്ദോളിതം;
ഏലാദ്യൈഃ പരിവാസിതം
ശ്രമഹരം
പിത്തോഷ്ണദോഷാപഹം
മൂർഛാരക്തമദാത്യയേഷു ച
ഹിതം
ശംസന്തി ഹംസോദകം"

എന്നു രാജനിഘണ്ടു.

ക്ഷീ

ക്ഷീരകാകോളി.

ഇതു യീരുദപ്പുത്തിൽ ചേർന്ന വൃഷ്യൗഷധമാകുന്നു. കാകോളിയെക്കാൾ വെളുത്തതായിരിക്കും. മറ്റുള്ള ലക്ഷണം മുതലായവ കാകോളിക്കു പറഞ്ഞതുതന്നെ. ഗുണങ്ങൾകൊണ്ടു കാകോളിയോടൊത്തതാകുന്നു. യിശേഷാൽ ഹൃദ്രോഗത്തെ ശമിപ്പിക്കും. മുലപ്പാലിനെ വർദ്ധിപ്പിക്കും. ഇതിന്റെ അഭാവത്തിങ്കൽ അമുക്കിരമോ ശതാവരിയോ ചേർക്കാം.

ക്ഷൗദ്ര

ക്ഷൗദ്രമെന്ന പേരുള്ള തേൻ.

ഇതു രസവീർയ്യത്തിൽ ചേന്നതാകുന്നു. ഇതു കപിലനിറമുള്ളതായിരിക്കും. ചെമുതായും പിംഗലനിറമായുമിരിക്കുന്ന ഈച്ചകളെ ക്ഷുദ്രകളെന്നു പറയുന്നു, അവകളാൽ ഉണ്ടാക്കപ്പെടുന്ന തേനിനു് ക്ഷൗദ്രമെന്ന പേരാകുന്നു. ഈ തേൻ വിശേഷാൽ വാതം, പിത്തം, പ്രമേഹം, നേത്രരോഗം ഇവയെ ശമിപ്പിക്കും. അധിമാംസം മുതലായവയെ ഉരച്ചുകളയും. മലത്തെ പുറത്തുകളയും. ഭ്രമരത്തേക്കാൾ അല്പം നേത്രത്തെ മാക്ഷികത്തേക്കാൾ ഗുണം കുറഞ്ഞതുമാകുന്നു.

ക്ഷു

ക്ഷുമിമുസ്സകം.

ഇതു ഗന്ധവീർയ്യത്തിൽ ചേന്ന സമുത്തേജനീയഗുണമാകുന്നു. ഷാംഭേരത്തിങ്കലുള്ള ഒരു വൃക്ഷത്തിന്റെ പശയാകുന്നു. കൃമി, പ്രമേഹം, അസൃഗ്ദരം, ഗന്ധകോഗം ഇവയെ നശിപ്പിക്കും. ബലത്തെ വർദ്ധിപ്പിക്കും.

ക്ഷേ.

Acc: 67385

ശ്രീ ആയൂര്‍വേദ
ഔഷധി നിഘണ്ടു

1 അക്ഷരം 'അ'

18 'ഇ'

20 'ഉ'

23 'ഏ'

23 'ട്ട'

24 'ക'

24 'ഓ'

49 'കൃ'

52 'കേ'

52 'ക്ക'

55 'ക്ര'

56 'ക്ഷ'

56 'ക്ക'

60 'ഖ'

63 'ഗ'

74 'ഗ്ര'

75 'ഘ'

77 'ച'

84 'ഛ'

86 'ജ'

92 'ഝ'

92 'ട'

93 'ണ'

93 'ഡ'

93 'ത'

105 'ദ'

115 'ധ'

119 'ന'

127 'പ'

143 'പ്ര'

146 'ഫ'

146 'പ്ല'

147 'ബ'

154 'ഭ'

160 'മ'

220 'യ'

223 'ര'

237 'ല'

243 'വ'

308 'ശ'

327 'സ'

327 'ഷ'

339 'ഹ'

343 'അ'

343
'ഗുണപ്രകാശിക'

373 'ഇ'

381 'ഉ'

385 'എ'

390 'ഒ'

392 'ക'

440 'ഗ'

440 'ഖ'

446 'ഘ'

446 'ച'

475 'ഛ'

475 'ജ'

476 'ഝ'

477 'ഞ'

479 'ട'

479 'ഡ'

479 'ത'

498 'ദ'

499 'ധ'

500 'ന'

517 'പ'

541 'ഭ'

541 'ബ'

542 'മ'

572 'യ'

573 'ര'

575 'ല'

576 'വ'

602 'ശ'

604 'സ'

609 'ഹ'

610 'ക്ഷ'

611 'റ'